സമീക്ഷ

ഓണം 1176 ചിങ്ങം

കേരളമോഡൽ
വിദ്യാഭ്യാസവും വികസനവും

സ്വയംഭരണാവകാശവും
ഇന്ത്യയിലെ രാഷ്ട്രീയ ഭരണഘടനയും

കേരളത്തിലെ സ്ത്രീ പുരുഷബന്ധങ്ങൾ
യാഥാസ്ഥിതികമോ, പുരോഗമനപരമോ?



ഓണാശംസകൾ

SADHYA

INSTANT

PAYASAM MIX

Manufactured by:
OSHIN FOODS
VII/940, Lourd Nagar
P.O.Anchery
Thrissur-680 006.

Marketed by:
SAKTHI COMBINES
Vaduthala, Kochi-23.

58
സമീക്ഷ
ദ്വൈവാരിക
ഓണം 1176 ചിങ്ങം
2000 സെപ്തംബർ 1-30
ജ് 116 വില 20 രൂപ

ഡിററർ
ം.വേണു
ഫ് സബ് എഡിററർ
ം.സി സെബാസ്ററിൻ
ബ് എഡിറ്റർ
ം.കെ ശ്രീനിവാസൻ

ചെയർമാൻ
കെ.വി അബ്ദുൾ അസീസ്
മാനേജർ
കെ.ആർ രാജേന്ദ്രബാബു
മീഡിയ എക്സിക്യൂട്ടീവ്
എം.സി തൈക്കാട്
സർക്കുലേഷൻ
ജോൺസൺ
ടൈപ്പ് സെററിങ്
കെ.സന്ധ്യ

കവർ ചിത്രം
കെ.പ്രഭാകരന്റെ
'ബ്ലീഡിങ്സൈലൻസ്'
എന്ന പെയിൻറിങ്
ഡിസൈൻ
കെ.സി.

വിലാസം
സമീക്ഷ
തൃശൂർ – 680 004
ഫോൺ : 0487 – 386125

ed, Printed and Published by
K.Venu for Janajagratha
Publications Ltd.
nted at Ayodhya Printers for
tabhedam Printers, Thrissur.
Ph:386125

മുഖക്കുറിപ്പ്

സമകാലീന പ്രസക്തിയുള്ള മൂന്ന് വിഷയങ്ങളാണ് ഈ ഓണപ്പതിപ്പിന്റെ സവിശേഷത. സമീപകാലത്ത് കേരളാന്തരീക്ഷത്തെ ചൂട്പിടിപ്പിച്ച പ്ലസ്ടു വിവാദത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ശോച്യാവസ്ഥയെകുറിച്ചും അതിന്റെ പരിഹാരമാർഗങ്ങളെ കുറിച്ചുമുള്ള ഒരന്വേഷണമാണ് ഒന്ന്. ഈ വിഷയത്തിൽ കൂടുതൽ സമ്പന്നമായ ചർച്ചയും അന്വേഷണവും സാധ്യമാണെന്ന് തന്നെയാണ് ഞങ്ങൾ കരുതുന്നത്. എങ്കിലും, പ്രശ്നത്തിന്റെ ചില പ്രധാനവശങ്ങൾ ചർച്ചാവിധേയമാക്കാൻ ഇവിടെ കഴിഞ്ഞിട്ടുണ്ട്.

താരതമ്യേന പുരോഗമനസ്വഭാവങ്ങളുള്ളതെന്ന് കരുതപ്പെടുന്ന കേരളീയ സമൂഹത്തിൽ സ്ത്രീ-പുരുഷ ബന്ധങ്ങൾ വളരെ യാഥാസ്ഥിതികവും വൈകൃതങ്ങൾ നിറഞ്ഞതുമാണെന്ന് തുറന്ന് കാട്ടുന്ന ഒരു ചർച്ചയാണ് ഈ പതിപ്പിലെ മറ്റൊരു പ്രധാനവിഷയം. കേരളീയർ ഇപ്പോഴും തുറന്ന് ചർച്ചചെയ്യാൻ മടിക്കുന്ന ഈ വിഷയത്തെക്കുറിച്ച് ഗൗരവപൂർവ്വമുള്ള ഒരന്വേഷണത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് തന്നെയാണ് ഞങ്ങളുടെ വിശ്വാസം.

കാശ്മീർ സ്വയംഭരണപ്രമേയത്തിന്റെ പശ്ചാത്തലത്തിൽ അഖിലേന്ത്യാതലത്തിൽ സജീവമായിട്ടുള്ള ഇന്ത്യൻ ഫെഡറലിസത്തെകുറിച്ചുള്ള രണ്ട് പഠനലേഖനങ്ങളാണ് മൂന്നാമത്തെ വിഭവം.

ജൈവവൈവിദ്ധ്യ സംരക്ഷണബില്ലിനെയും പുതിയ ക്രിമിനൽ ഭേദഗതിബില്ലിനെയും കുറിച്ചുള്ള വിമർശനാത്മക പരിശോധനകളും മറ്റു ഏതാനും ലേഖനങ്ങളും കൂടി ഈ ഓണപ്പതിപ്പിനെ സമ്പന്നമാക്കുന്നു.

സമീക്ഷയുടെ പ്രത്യേക പതിപ്പുകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സജീവ സ്വീകരണം ഈ ഓണപ്പതിപ്പിനും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഓണാശംസകളോടെ

പത്രാധിപർ

ഉള്ളടക്കം

കേരളമോഡൽ വിദ്യാഭ്യാസവും വികസനവും

കേരളവിദ്യാഭ്യാസത്തിൻെറ മുരടിപ്പും പുരോഗതിയും ചർച്ച ചെയ്യുന്നു

കേരളമോഡൽ വിദ്യാഭ്യാസം വികസനവിരുദ്ധം	*ഡോ. കെ. കെ. ജോർജ്ജ്*	7
സാമൂഹ്യ ലക്ഷ്യബോധമുള്ള വിദ്യാഭ്യാസമാണാവശ്യം	*ആർ. വി. ജി. മേനോൻ*	11
മനുഷ്യവിഭവശേഷിയെ പൂർണമായി ഉപയോഗിക്കണം	*ഡോ. ബി. ഇക്ബാൽ*	15
രാഷ്ട്രീയനേതൃത്വത്തിൻെറ ഭാവനാരാഹിത്യം	*ഡോ. കെ. എൻ. കരീം*	17
വികസനോന്മുഖ വിദ്യാഭ്യാസം കേരളത്തിൽ ഉണ്ടായിട്ടില്ല	*ടി. എൻ. ജയചന്ദ്രൻ*	19
ആധുനികോത്തര കോളനീകരണം	*എം. എൻ. കാരശ്ശേരി*	21
കേരളത്തിലെ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ തകരാറെന്താണ്?		23

അനുബന്ധലേഖനങ്ങൾ

പ്ലസ്ടു പ്രശ്നംഒരു രോഗലക്ഷണം	*ജോൺസൺ*	25
വിദ്യാഭ്യാസം ജീവിതാഭ്യാസമാണ്		31
കൂട്ടായ്മയുടെ കനവ്	*കെ. സി. സെബാസ്റ്റിൻ*	34

സ്വയംഭരണാവകാശവും ഇന്ത്യൻ രാഷ്ട്രീയഘടനയും

കാശ്മീർ സ്വയംഭരണപ്രമേയത്തിൻെറ പശ്ചാത്തലത്തിൽ രണ്ടു വ്യത്യസ്തപഠനങ്ങൾ

ചരിത്രപശ്ചാത്തലത്തിൽ ഒരു പരിശോധന	*കെ. വേണു*	91
അർദ്ധ ഫെഡറൽ ഇന്ത്യ		
പഴയ സങ്കല്പങ്ങളും പുതിയ യാഥാർത്ഥ്യങ്ങളും	*സി. കെ. അബ്ദുൽഅസീസ്*	97

കേരളത്തിലെ സ്ത്രീ പുരുഷ ബന്ധങ്ങൾ യാഥാസ്ഥിതികമോ, പുരോഗമനപരമോ?

കേരളത്തിൽ സ്ത്രീ പുരുഷ ബന്ധങ്ങൾ എവിടെ എത്തിനിൽക്കുന്നു എന്ന പരിശോധനയിൽ ഇതുവരെ ഇവിടെ പൊതുചർച്ചയ്ക്ക് വിധേയമായിട്ടില്ലാത്ത ഗൗരവമുള്ള പ്രശ്നങ്ങൾ ഉന്നയിക്കുന്നു

പുരോഗമനപ്രസ്ഥാനങ്ങൾ പൊളിച്ചെഴുതിയില്ല	*സുഗതകുമാരി*	39
സാക്ഷരകേരളത്തിന്റെ അശ്ലീലതകൾ	*പി. വത്സല*	42
പ്രബുദ്ധമാണെങ്കിലും യാഥാസ്ഥിതികം	*പ്രൊഫ. മീനാക്ഷിതമ്പാൻ*	43
മരവിപ്പും തുടിപ്പും	*ഡോ. എം. ഗംഗാധരൻ*	45
സ്ത്രീവാദത്തിന്റെ നില	*സി. ആർ. പരമേശ്വരൻ*	49
കേരളത്തിലെ സ്ത്രീ പുരുഷ ബന്ധങ്ങൾ	*ഗീത*	51
സ്ത്രീ പുരുഷ ബന്ധങ്ങൾ കേരളത്തിൽ	*സുജാതാദേവി*	55
ലൈംഗികതയുടെ സ്വയംനിർണയാവകാശം	*ജെ. രഘു*	59
യാഥാസ്ഥിതികം തന്നെ	*വി. പി. സുഹ്റ*	65
കേരളത്തിലെ സ്ത്രീ പുരുഷ ബന്ധങ്ങൾ തികച്ചും യാഥാസ്ഥിതികം	*ജാനറ്റ് ഫരീദ*	67
വിമോചനം – തടവുകാരന്റെയും സൂക്ഷിപ്പുകാരന്റെയും	*മഡോണ*	70

പൊതുലേഖനങ്ങൾ

ജാതി ശരീരത്തിൽ നിന്ന് ലിംഗശരീരത്തിലേക്ക്	*ബി. രാജീവൻ*	71
ഇത് സ്വാതന്ത്ര്യത്തിന് നൽകുന്ന വിലയാണ്	*ഭാസുരേന്ദ്രബാബു*	79
സ്വജീവിതംകൊണ്ട് മാതൃക കാട്ടുക എന്നിട്ടാകാം ബാക്കി	*ഡി. പ്രദീപ്കുമാർ*	83
സ്ത്രീയും പുരുഷനും പിന്നെ മലയാളിയും	*ഒ. കെ. സുദേഷ്*	85

മറ്റുലേഖനങ്ങൾ

പുതിയ ക്രിമിനൽ നിയമഭേദഗതി ബില്ല്		
ജനവിരുദ്ധ ഗൂഢാലോചനയുടെ പരിണതി	*ടി. ജി. ജേക്കബ്*	103
ജൈവവൈവിധ്യ സംരക്ഷണം കരടുരേഖയിൽ കരട്	*സെബാസ്റ്റ്യൻ. സി. ചിറ്റിലപ്പിള്ളി*	106
ഈ നൂറ്റാണ്ടിന്റെ ഭയം	*കെ. എൽ. മോഹനവർമ്മ*	109
മതലഹരിയിൽ നിന്ന് മോചനം	*പി. രാജൻ*	113

An invitation to experience the royal ambience of a glorious era.

THE RIVER RETREAT

(A Unit of Nila resorts)

PALACE ROAD, CHERUTHURUTHY - 679531
THRISSUR DIST, KERALA

Fully Air-conditioned Luxurious Suits and Deluxe Rooms
Attached A/C Resturant on the Banks of Bharathapuzha

A Leena Group Venture

കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം വികസനത്തെ മുരടിപ്പിക്കുന്നതായിരിക്കുന്നു എന്ന വിലയിരുത്തലും, അല്ല അത് പുരോഗമനദിശയിൽ തന്നെയാണെന്ന വാദവും ഈ ചർച്ചയിൽ ഉയർന്നുനില്ക്കുന്നു.

കേരളമോഡൽ
വിദ്യാഭ്യാസവും വികസനവും



പ്രതികരിക്കുന്നവർ

ഡോ. കെ. കെ ജോർജ്ജ്
ഡോ. ആർ.വി.ജി മേനോൻ
ഡോ. ഇക്ബാൽ
ഡോ. എൻ.എ കരിം
ടി.എൻ ജയചന്ദ്രൻ
ഡോ.എം.എൻ കാരശ്ശേരി

അനുബന്ധ ലേഖനങ്ങൾ

ജോൺസൺ
കെ.സി സെബാസ്ററിൻ

കേരളമോഡൽ വിദ്യാഭ്യാസവും വികസനവും

1. കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം സമ്പൂർണ സാക്ഷരത നേടുന്നതിൽ മാത്രം ഊന്നുകയും വികസനോന്മുഖമായ ഒരു സമൂഹത്തെ വളർത്തിയെടുക്കുന്നതിൽ അമ്പേ പരാജയപ്പെടുകയും ചെയ്തു എന്ന വിലയിരുത്തലിനോട് യോജിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിൻെറ കാരണവും ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വിശദീകരിക്കാമോ?

2. ശാസ്ത്രസാങ്കേതികവിദ്യാ പഠനത്തിനുള്ള സൗകര്യങ്ങൾ നൽകുന്ന കാര്യത്തിൽ കേരളം ഇന്ന് ഏറെ പിന്നിലായിരിക്കുന്നു എന്ന വിലയിരുത്തൽ ശരിയാണോ?

3. തതയ! തതമത്സ! തതന തുടങ്ങിയ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ വളരെക്കാലമായി ലോക നിലവാരത്തിലുള്ള വിദഗ്ദ്ധരെ സൃഷ്ടിച്ചുകൊണ്ടിരുന്നപ്പോൾ വളരെ വൈകി നാമമാത്രമായ ഒരു തതന മാത്രമാണ് കേരളത്തിന് ലഭിച്ചത്. കേരളത്തിലെ രാഷ്ട്രീയ നേതാക്കൻമാരും സാമൂഹ്യ പ്രവർത്തകരും ഇത്തരം സ്ഥാപനങ്ങൾ കേരളത്തിൽ സ്ഥാപിക്കാൻ വേണ്ടി പ്രയത്നിച്ചതായി കാണുന്നില്ല. എന്താണ് കാരണം?

4. പരമ്പരാഗത വ്യവസായങ്ങളും കൃഷിയും ആധുനികവൽകരിക്കാതിരിക്കുകയും അങ്ങനെ ഉല്പാദന ക്ഷമമായ വികാസം അസാധ്യമാവുകയും ചെയ്തിട്ടുള്ള കേരളത്തിലെ സമ്പദ് വ്യവസ്ഥയെ കരകയറ്റുന്നതിന് ഇപ്പോൾ കേരളത്തിൽ ലഭ്യമായ മനുഷ്യവിഭവശേഷിയെ വിവരസാങ്കേതിക വിദ്യ, ജൈവവിജ്ഞാന സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ ഉൾപ്പെടെ ആധുനികവൽകരിക്കുന്നതിലാണ് ഊന്നൽ നൽകേണ്ടത് എന്ന അഭിപ്രായത്തോട് താങ്കളുടെ പ്രതികരണം എന്താണ്?

5. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ച പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ വല്ലതുമുണ്ടോ?

6. വിദ്യാഭ്യാസമേഖലയിൽ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നേരിടാൻ പൊതുമേഖലാ സമ്പ്രദായത്തിന് കഴിയാതെ വരുന്ന സാഹചര്യത്തിൽ സ്വകാര്യവൽകരണം അനിവാര്യമാണെന്ന വാദം സാധുവാണോ?

7. കേരളത്തിൻെറ ചരിത്ര സാമൂഹ്യപശ്ചാത്തലത്തിന് അനുസൃതമായ വിദ്യാഭ്യാസം എന്ന സങ്കല്പം സാക്ഷാൽകരിക്കാൻ കഴിയുമോ? എങ്ങനെ?

ഈ ചോദ്യങ്ങളോടോ ഏതെങ്കിലും പ്രത്യേക ചോദ്യങ്ങളോടോ ഉള്ള പ്രതികരണം.

കേരളമോഡൽ വിദ്യാഭ്യാസം വികസനവിരുദ്ധം

ഡോ. കെ.കെ.ജോർജ്

1. കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം സാർവത്രിക സാക്ഷരത തേടുന്നതിൽ മാത്രമല്ല, സാർവ്വത്രിക സ്കൂൾപ്രവേശവും സാധിക്കുന്നതിൽ വിജയിക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസത്തിലും ശാസ്ത്ര, മാനവിക വിഷയങ്ങൾക്കു വേണ്ടിയുള്ള പ്രാഥമിക ഘടന നിർമ്മിക്കുന്നതിലും അത് വിജയിക്കുകയുണ്ടായി. പക്ഷേ, സാമ്പത്തിക വികാസമുണ്ടാക്കുന്ന കാര്യത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം പരാജയപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ പറയുന്നത് ശരിയാണ്. ഇതിന് നാലു കാരണങ്ങളുണ്ട്. 1. നീണ്ട സ്കൂൾ വർഷങ്ങൾ നിമിത്തം കൃഷിയിലും കൈത്തൊഴിലുകളിലും ആവശ്യമായ നീണ്ട പരിശീലന പ്രക്രിയയുടെ അഭാവത്തിൽ പരമ്പരാഗത വൈദഗ്ദ്ധ്യങ്ങൾ നഷ്ടമാവുന്നു. 2 കായികാദ്ധ്വാനത്തോടു ഇവിടത്തെ വ്യാപകമായ തൊഴിലില്ലായ്മയുടെ നടുക്ക് തമിഴ് തൊഴിലാളികളുടെ വൻതോതിലുള്ള കുടിയേറ്റവുമെന്ന വിരോധാഭാസവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. 3. വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഉള്ളടക്കം എല്ലായ്പ്പോഴും ഉല്പാദന പ്രക്രിയയിൽ നിന്ന് വേർപെടുത്തപ്പെട്ടിരുന്നു. 4. കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം സാമ്പത്തിക വികാസത്തെ സഹായിച്ച ഒരു കാലമുണ്ടായിരുന്നു. കൃഷിയുടെ വ്യാപാരവൽകരണത്തിന്റെ ഫലമായി രാജ്യത്തിനകത്തും പുറത്തും നടന്നിരുന്ന വ്യാപാരത്തിന് ആവശ്യമായ ഗണിതവും സാക്ഷരതയും അത് നൽകി. പക്ഷേ, ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാന വിസ്ഫോടനത്തിനും അതിനനുസൃതമായി രാജ്യത്തിനകത്തും പുറത്തും മാറികൊണ്ടിരിക്കുന്ന തൊഴിൽ വിപണികളുടെ ആവശ്യത്തിനും അനുസൃതമായി സ്വയം ആധുനികവൽകരിക്കുന്ന കാര്യത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം പരാജയപ്പെട്ടിരിക്കുന്നു.

2. ശരിയാണ്. ഞങ്ങളുടെ പഠനം കാണിക്കുന്നത്, സെക്കൻഡറി/ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥികളിൽ നിന്ന് ഉന്നത വിദ്യാഭ്യാസത്തിന് പോകുന്ന വിദ്യാർത്ഥികളുടെ അനുപാതം രാജ്യത്ത് 22.9 ശതമാനം ആയിരിക്കുമ്പോൾ കേരളത്തിലേത് 13.8 ശതമാനം മാത്രമായിരുന്നു എന്നാണ്. പ്ലസ്ടു ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്ന് ഡിഗ്രി ക്ലാസുകളിലേക്ക് പോകുന്നവരുടെ തോത് രാജ്യത്ത് മൊത്തത്തിൽ 49.2 ശതമാനം ആയിരിക്കുമ്പോൾ ഇവിടത്തേത് 26 ശതമാനമാണ്. ഈ രണ്ട് രംഗത്തും മൊത്തം സംസ്ഥാനങ്ങളിൽ കേരളത്തിന്റെ പദവി 24-ാംമതാണ്. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, ഫസ്റ്റ്ക്ലാസുള്ള ആയിരം പ്ലസ്ടു വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിങ് കോളേജിലെ സീറ്റുകൾ രാജ്യത്ത് 27.1 ആയിരിക്കുമ്പോൾ ഇവിടത്തേത് 23 മാത്രമാണ്. ഇക്കാര്യത്തിൽ കേരളം കർണാടകത്തിന്റെയും തമിഴ്നാടിന്റെയും ആന്ധ്രാപ്രദേശിന്റെയും മഹാരാഷ്ട്രയുടെയും ഗുജറാത്തിന്റെയും പഞ്ചാബിന്റെയും പിന്നിലാണ്. ഏഴ് അപേക്ഷകരിൽ ഒരാളെ മാത്രമാണ് എഞ്ചിനീയറിങ് കോളേജുകളിൽ പ്രവേശിപ്പിക്കുന്നത്. പോളിടെക്നിക്കുകളിൽ 10 വിദ്യാർത്ഥികളിൽ ഒരാളെയാണ് ചേർക്കുന്നത്. എം.ബി.ബി.എസിന് 30 അപേക്ഷകരിൽ ഒരാളെയും.



3. ശരിയാണ്. കാരണങ്ങൾ ഏറെയാണ്. ഒന്നാമതായി സംസ്ഥാനത്തിലെ വിദ്യാഭ്യാസ സമ്പ്രദായം വിജ്ഞാനം വ്യാപരിക്കുന്നതിലാണ്, ഗവേഷണത്തിലൂടെ വിജ്ഞാനം ഉല്പാദിപ്പിക്കുന്നതിലല്ല ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇപ്പോൾ കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല പരിണമിച്ചു കൊണ്ടിരിക്കുന്നത് ഒന്നുനോക്കുക. സർവ്വകലാശാലയുടെ ആരംഭകാല ചുമതല ബിരുദാനന്തര പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു. പക്ഷേ, സമീപ വർഷങ്ങളിൽ അത് സാധാരണ ബിരുദപഠനം നടത്തുന്ന എഞ്ചിനീയറിങ് കോളേജുകൾ അഫിലിയേറ്റു ചെയ്യാനുള്ള ഒരു സർവ്വകലാശാലയായി മാറികൊണ്ടിരിക്കുകയാണ്. പ്രതിഭകളെ വളർത്തുന്ന ഗവേഷണ കേന്ദ്രങ്ങളും ചുറ്റും കാണുന്ന സാധാരണ വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിൽ ഉണ്ടാവേണ്ട ബന്ധത്തെകുറിച്ച് നമ്മൾ കേരളത്തിലുള്ളവർക്ക് വേണ്ടത്ര ധാരണയില്ല. അത്തരം കേന്ദ്രങ്ങളും ചുറ്റുമുള്ള സമ്പദ് വ്യവസ്ഥയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും നമ്മൾ ഗൗനി

ക്കാറില്ല. പ്രതിഭാകേന്ദ്രങ്ങൾ സമത്വവ്യവസ്ഥക്ക് വിരുദ്ധമാണെന്ന തെറ്റിദ്ധാരണയും പ്രബലമാണ്.

4. ശരി തന്നെ. ഇത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ശരിയാണ്. ധാതുക്കൾ, ലോഹങ്ങൾ, കൽക്കരി, പെട്രോളിയം എന്നീ വിഭവങ്ങളുടെ ഏറെക്കുറെ പൂർണമായ അഭാവം ഇത്തരം വസ്തുക്കളെയും ഇന്ധനത്തെയും ആശ്രയിച്ചുള്ള വ്യവസായങ്ങൾ ഇവിടെ അസാധ്യമാക്കി തീർത്തിട്ടുണ്ട്. സംസ്ഥാനത്തെ ഉയർന്ന ജനസംഖ്യാ നിരക്ക് മൂലം പരിസര മലിനീകരണം സൃഷ്ടിക്കുന്ന രാസവ്യവസായങ്ങളും മേലിൽ ആരംഭിക്കാൻ കഴിയില്ല. ഇതേ കാരണം കൊണ്ട് ഭൂമി ലഭ്യമല്ലാതായിരിക്കുന്നു; ഉള്ള ഭൂമിയുടെ വില കുതിച്ചുകയറിയിരിക്കുന്നു; അധികം ഭൂമി ആവശ്യമുള്ള വ്യവസായങ്ങൾ അസാധ്യമാവുകയും ചെയ്തിരിക്കുന്നു. തൻമൂലം വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലും സേവനങ്ങളിലും സംസ്ഥാനം ശ്രദ്ധയൂന്നേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത്തരമൊരു വികസനതന്ത്രത്തിന് ആദ്യമായി വേണ്ടത് ആധുനികവും വൈവിധ്യമാർന്നതുമായ ഒരു വിദ്യാഭ്യാസ മേഖലയെ വളർത്തിയെടുക്കലാണ്.

കേരളത്തിൽ ഇപ്പോൾ പൊതുമേഖല തന്നെ വ്യാപാരവൽകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിൽ മുൻകയ്യിലാണെന്ന് കാണാം. ഇത് ദരിദ്ര വിഭാഗങ്ങൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള സാധ്യതതന്നെ അടച്ചുകളയുന്നു.

5. നിലവാരത്തകർച്ചക്ക് പ്രധാനമായും മൂന്ന് കാരണങ്ങളുണ്ട്. ഒന്നാമതായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അമിതമായ രാഷ്ട്രീയവൽകരണമാണ്. രണ്ടാമതായി അമിതമായ ഉദ്യോഗസ്ഥ മേധാവിവൽകരണം. മൂന്നാമതായി നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം ആരോടും ഉത്തരവാദപ്പെട്ടിരിക്കുന്നില്ല. ജോലിയെടുക്കുന്നതിന് പ്രചോദനമോ, ചെയ്യാതിരുന്നാൽ ദോഷമോ ഇല്ല. ഈ ജീർണിക്കൽ അവസാനിപ്പിക്കണമെങ്കിൽ മുഴുവൻ സമ്പ്രദായവും പാടെ അഴിച്ചുപണിയണം. രാഷ്ട്രീയ പ്രക്രിയയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാകാത്തിടത്തോളം ഇത് എളുപ്പമുള്ള കാര്യമല്ല.

6. വിദ്യാഭ്യാസ മേഖലയിലെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നേരിടാൻ സംസ്ഥാനത്തിലെ പൊതുമേഖല തികച്ചും അപര്യാപ്തമാണെന്ന് പറഞ്ഞാൽ അത് ശരിയായിരിക്കുകയില്ല. ഈ മേഖലയിൽ നിന്ന് പിൻവാങ്ങാനുള്ള ആ പ്രവണത സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നിട്ടുണ്ട്. രണ്ടാമതായി, വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽകരണം എന്ന് പറയുന്നത് ഇപ്പോൾ സ്വാശ്രിത കോളേജുകളുടെ പേരിൽ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന വ്യാപാരവൽകരണം അല്ല എന്ന് മനസിലാക്കണം. കേരളത്തിൽ ഇപ്പോൾ പൊതുമേഖല തന്നെ വ്യാപാരവൽകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിൽ മുൻകയ്യിലാണെന്ന് കാണാം. ഇത് ദരിദ്രവിഭാഗങ്ങൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സാധ്യതതന്നെ അടച്ചുകളയുന്നു.

ഗ്രാമ നഗര വികസന പദ്ധതികളിലൂടെ കുറഞ്ഞ മുതൽ മുടക്കിൽ നിങ്ങളുടെ പ്രദേശത്തിനും കയർ ഭൂവസ്ത്ര (Coir Geotextiles) സംരക്ഷണം നൽകാം.

ഇന്ന് സ്വദേശത്തും വിദേശത്തും മണ്ണൊലിപ്പ് തടയുന്നതിന്വേണ്ടി വിജയകരമായി ഉപയോഗിക്കുന്ന, പ്രകൃതിയ്ക്കനുയോജ്യമായ കവചമാണ് കയർ ഭൂവസ്ത്രം (Coir Geotextiles). കയർ കാലക്രമേണ മണ്ണിലേക്ക് ദ്രവിച്ചുചേരുന്നതുമൂലം പ്ലാസ്റ്റിക്-സിന്തറ്റിക് ഉത്പന്നങ്ങൾ ഉയർത്തുന്ന ആശങ്കകൾ ഒഴിവാകുന്നു. അമേരിക്കയിലും ഓസ്ട്രേലിയയിലും ഒട്ടുമിക്ക യൂറോപ്യൻ, ദക്ഷിണേഷ്യൻ രാജ്യങ്ങളിലും മണ്ണൊലിപ്പ് തടയുന്നതിനായി കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു. ഏറ്റവും കുറഞ്ഞ മുതൽ മുടക്കിൽ നിങ്ങളുടെ പ്രദേശത്തും കയർ ഭൂവസ്ത്രം ഉപയോഗിച്ച് വിനാശകരമായ മണ്ണൊലിപ്പ് തടയാം. അതോടൊപ്പം ഭൂവസ്ത്രനിർമ്മാണത്തിലൂടെ കൂടുതൽ പേർക്ക് തൊഴിലും നൽകാം. നിർമ്മാണ, ഉപയോഗപ്രവർത്തനങ്ങൾക്ക് കയർ ബോർഡിന്റെ സാങ്കേതിക സഹായവും ലഭ്യമായിരിക്കും. നിങ്ങളുടെ പ്രത്യേക ആവശ്യത്തിനനുസരിച്ച് തയ്യാറാക്കി ലഭിക്കുന്ന കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ അനന്തമാണ്. കുറഞ്ഞ ചിലവിൽ മണ്ണൊലിപ്പു തടയുന്നതിനും, റോഡുകൾ, കനാലുകൾ, തോടുകൾ, കുളങ്ങൾ, ബണ്ടുകൾ, വരമ്പുകൾ തുടങ്ങിയവ ഇടിഞ്ഞു വീഴാതെ സൂക്ഷിക്കുന്നതിനും, മനോഹരങ്ങളായ കായലോരങ്ങളും പുഴയോരങ്ങളും സംരക്ഷിക്കുന്നതിനും, വനഭൂമി സംരക്ഷണത്തിനും, കയർ ഭൂവസ്ത്രം സഹായിക്കുന്നു. വിവിധ തലത്തിലുള്ള ഗ്രാമ നഗര പദ്ധതികളിലൂടെ നടപ്പിലാക്കുന്ന വികസന നിർമ്മാണ പ്രവർത്തനങ്ങൾക്കും കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്താവുന്നതാണ്. മണ്ണു സംരക്ഷണം, ജീവ സംരക്ഷണത്തിനുതുല്ല്യമാണ്. മണ്ണൊലിപ്പു തടയൂ, പ്രകൃതിക്കനുയോജ്യമായ കയർ ഭൂവസ്ത്രം ഉപയോഗിക്കൂ.

കൂടുതൽ വിവരങ്ങൾക്ക് :

Natural Indian Coir Fibre Coir Board

കയർ ബോർഡ് ഓഫ് ഇൻഡ്യ, (മിനിസ്ട്രി ഓഫ് ഇൻഡസ്ട്രി),
കയർ ഹൗസ്, പി.ബി. നമ്പർ 1752, എം.ജി. റോഡ്,
കൊച്ചി - 682 016, കേരള, ഇൻഡ്യ.
ഫോൺ: 0484 - 351807, 351788, 351954, 354397. ഫാക്സ് : 0484-370034.
E-mail : coir@md2.vsnl.net.in. Web : http://www.coirindia.com

MAC/CHN 99

മണ്ണു സംരക്ഷിക്കൂ ഭൂമിയെ രക്ഷിക്കൂ

സാമൂഹ്യ ലക്ഷ്യബോധമുള്ള വിദ്യാഭ്യാസമാണാവശ്യം

ഡോ. ആർ.വി.ജി.മേനോൻ

വ്യക്തിപരമായിട്ട് സ്വഭാവ വികസനത്തിനും കൂടുതൽ നല്ല പൗരൻമാരാക്കുന്നതിനും അതോടൊപ്പം തന്നെ സമൂഹത്തിന്റെ ഉല്പാദനവ്യൂഹങ്ങളിൽ സമർത്ഥമായ പ്രവർത്തനത്തിനും വിദ്യാഭ്യാസം നമ്മെ പ്രാപ്തരാക്കേണ്ടതുണ്ട്. എന്നാൽ ഇവിടെ ആദ്യം മുതലേ സർക്കാർ ഉദ്യോഗം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസ സമ്പ്രദായമാണുള്ളത്. അതുപോലെ കായികാധ്വാനത്തിൽനിന്നും രക്ഷനേടുന്നതിനും വേണ്ടിയാണ് വിദ്യാഭ്യാസത്തെ ആശ്രയിക്കുക എന്നൊരു രീതിയും വന്നിട്ടുണ്ട്.

1. കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം സമ്പൂർണ്ണ സാക്ഷരത നേടുന്നതിലാണ് ഊന്നുന്നത് എന്ന് തോന്നുന്നില്ല. പ്രാഥമിക വിദ്യാഭ്യാസം എന്നത് കേരളത്തിന്റെ ലക്ഷ്യമായിട്ടുണ്ട്. എല്ലാ വിഭാഗത്തിലേക്കും വിദ്യാഭ്യാസം എത്തിക്കുന്നതിന് ആദ്യകാലത്തു തന്നെ കൊച്ചിയും തിരുവിതാംകൂറും പിന്നീട് കേരളവും പ്രാധാന്യം കൊടുത്തിട്ടുണ്ട്. അത് വളരെ പ്രധാനപ്പെട്ട കാര്യവുമാണ്. അതേസമയം വികസനോന്മുഖമായ സമൂഹത്തെ വളർത്തിയെടുക്കുന്നതിൽ അമ്പേ പരാജയപ്പെട്ടു. വിദ്യാഭ്യാസം കൊണ്ട് സമൂഹം നേടേണ്ട സാമൂഹ്യമായ ലക്ഷ്യങ്ങളെ നാം വേണ്ടവിധം ഗൗനിക്കാതിരുന്നതാണ് ഈ പരാജയത്തിനു കാരണം.

ഏതു മേഖലയിലായാലും വിദ്യാഭ്യാസം നമ്മളെ കഴിവുള്ള പ്രവർത്തകരാക്കി മാറ്റണം. വ്യക്തിപരമായി സ്വഭാവ വികസനത്തിനും കൂടുതൽ നല്ല പൗരൻമാരാക്കുന്നതിനും അതോടൊപ്പം തന്നെ സമൂഹത്തിന്റെ ഉല്പാദനവ്യൂഹങ്ങളിൽ സമർത്ഥമായ പ്രവർത്തനത്തിനും വിദ്യാഭ്യാസം നമ്മെ പ്രാപ്തരാക്കേണ്ടതുണ്ട്. എന്നാൽ ഇവിടെ ആദ്യം മുതലേ സർക്കാർ ഉദ്യോഗം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസ സമ്പ്രദായമാണുള്ളത്. അതുപോലെ കായികാധ്വാനത്തിൽനിന്നും രക്ഷനേടുന്നതിനും വേണ്ടി വിദ്യാഭ്യാസത്തെ ആശ്രയിക്കുക എന്നൊരു രീതിയും നടപ്പിൽ വന്നിട്ടുണ്ട്. അതു കൊണ്ടാണ് 10-ാം ക്ലാസ് പാസായി കഴിഞ്ഞാൽ ഉദ്യോഗം അല്ലാതെ മറ്റൊന്നും ചെയ്യാൻ പറ്റില്ല എന്ന നില. ഇത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിന് ഘടകവിരുദ്ധമാണ്. ഇത്തരം തെറ്റായ ദിശാബോധം ഇപ്പോഴും മാറിയിട്ടില്ല. നമ്മൾ ഇപ്പോഴും തുടർന്നുവരുന്നത് കൊളോണിയലും ഫ്യൂഡലുമായ വിദ്യാഭ്യാസമാണ്.

2. ശാസ്ത്ര സാങ്കേതിക വിദ്യാപഠനത്തിനുള്ള സൗകര്യങ്ങൾ നൽകുന്ന കാര്യത്തിൽ കേരളം ഏറെ പിന്നിലാണെന്ന് എനിക്കു തോന്നുന്നില്ല. കേരളത്തിന്റെ വികസനാവശ്യത്തിന് വേണ്ടത്ര ശാസ്ത്ര സാങ്കേതികവിദ്യാ വിദഗ്ദ്ധൻമാരെ നമ്മളുണ്ടാക്കുന്നുണ്ട്. എന്നാൽ അവിടെയും ലക്ഷ്യബോധത്തിന്റെ കുറവുണ്ട്.

ശാസ്ത്ര സാങ്കേതിക വിഭാഗത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള ഒരാളുടെ പ്രവർത്തനത്തിന്റെ ഫലമായിട്ട് കേരളത്തിന്റെ വിഭവങ്ങൾ സംസ്കരിക്കപ്പെടുകയും ആ പ്രക്രിയയിലൂടെ വിദഗ്ദ്ധ തൊഴിലാളികൾക്കും ടെക്നീഷ്യൻമാർക്കും സേവന മേഖലക്കും കൂടുതൽ പ്രവർത്തന അവസരമുണ്ടാക്കുകയുമാണ് വേണ്ടത്. അങ്ങനെയാണ് വികസനം നടക്കേണ്ടത്. കേരളത്തിന്റെ സമ്പത്ത് എന്നു പറയുന്നത് പ്രകൃതിവിഭവവും മനുഷ്യവിഭവവുമാണ്. ഈ മനുഷ്യവിഭവം പ്രകൃതിവിഭവങ്ങളുടെ മേലുള്ള പ്രവർത്തനത്തിലൂടെയാണ് ഇവിടെ സാമ്പത്തിക വികസനമുണ്ടാകേണ്ടത്. ആ ഒരു ലക്ഷ്യം നമ്മുടെ സാങ്കേതികവിദ്യാഭ്യാസത്തിന് ഉണ്ടായിട്ടില്ല. അവിടെയും നമ്മൾ കുറെ കുട്ടികളെ പരിശീലിപ്പിച്ച് ബിരുദവും നൽകി കയറ്റി അയക്കുക എന്നതിലേക്കാണ് വഴി തെറ്റിപ്പോയത്. അവിടെയും ലക്ഷ്യബോധത്തിന്റെ കാര്യത്തിലാണ് പാളിച്ചയുണ്ടായിരിക്കുന്നത്.

പുറത്തേക്കു കയറിപോകുന്നവർ ഏറ്റവും മിടുക്കൻമാരല്ലെങ്കിലും ഡൈനാമിക്കുകളും റിസ്ക് എടുക്കുന്നവരും മുൻ കൈ ഉള്ളവരുമാണ്. ഇങ്ങനെയുള്ളവരാണ് ഇവിടെ പ്രവർത്തിക്കേണ്ടത്. ഇത്തരക്കാർ കേരളത്തിനു പുറത്തുപോകുകയും ഇത്തരം കഴിവു കുറഞ്ഞവർ ഇവിടെ അടിഞ്ഞുകൂടുകയും ചെയ്യുന്ന അവസ്ഥയിലേക്ക് നാം നീങ്ങികൊണ്ടിരിക്കുകയാണ്. സ്വന്തമായി ഒരിടം സൃഷ്ടിക്കാൻ ഇവർക്കു കഴിവില്ലാത്തതിനാൽ അവരും ഉദ്യോഗം കാത്തിരിക്കുന്നവരാണ്. സാങ്കേതിക വിദഗ്ദ്ധരുടെ പ്രവർത്തനം കൊണ്ട് ബാക്കിയുള്ളവർക്കു കൂടി തൊഴിലവസരമുണ്ടാകണം. ഒരു ഗ്രാജുവേറ്റ് എഞ്ചിനീയരുടെ പ്രവർത്തനം കൊണ്ട് ഡിപ്ലോമക്കാരനും ടെക്നീഷ്യനും സ്കിൽഡ്‌വർക്കർക്കും അൺസ്കിൽഡ്‌വർക്കർക്കും തൊഴിൽ അവസരം ഉണ്ടാക്കാനുള്ള ബാധ്യതയാണ് ഉന്നത സാങ്കേതിക വിദ്യാഭ്യാസം കൊണ്ട് ഒരാൾക്കുണ്ടാകുന്നത്. അതു മറന്ന് അയാൾ സ്വന്തം ഉദ്യോഗം മാത്രമാണ് ലക്ഷ്യമാക്കുന്നത്. സമൂഹവും അങ്ങനെ തന്നെയാണ് കാണുന്നത്.

ലഭ്യമായ അവസരത്തിലേക്കു കയറി ഇരിക്കുക എന്നത് ഒരു തലത്തിലുള്ള പ്രവർത്തനമാണ്. പക്ഷെ അവസരം ഉണ്ടാക്കണം. ഉദാഹരണത്തിന് ഒരു സോഫ്റ്റ്‌വെയർ എഞ്ചിനീയറോ ഒരു മെക്കാനിക്കൽ എഞ്ചിനീയറോ ആണെങ്കിൽ കേരളത്തിലെ സാഹചര്യത്തിൽ പ്രൊഡക്ഷൻ സിസ്റ്റം ഉണ്ടാക്കാനുള്ള ബാധ്യത കൂടി അയാൾക്കുണ്ട്. അവിടെ സാങ്കേതിക വിദഗ്ദ്ധൻ മാത്രം പോര. ഒരു വ്യവസായ സംരംഭകനും വേണം. ഇവരുടെ യോജിച്ച

ള്ള പ്രവർത്തനത്തിലൂടെയാണ് ഒരു പുതിയ തൊഴിലവസരം ഉണ്ടാകുന്നത്. ഇതിനു വേണ്ട സാഹചര്യം ഒരുക്കേണ്ടത് സമൂഹത്തിൻെറ കടമയാണ്. ഈ കടമ നിർവഹിക്കേണ്ടത് സമൂഹത്തിൻെറ അടിസ്ഥാന സംവിധാനമായ രാഷ്ട്രീയവ്യവസ്ഥയാണ്.

ഇവിടെ തൊഴിലവസരം സൃഷ്ടിക്കുക എന്ന ധർമ്മം സാങ്കേതിക വിദഗ്ദ്ധരിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നില്ല. സമൂഹം 10000 എഞ്ചിനീയർമാരെ ഉണ്ടാക്കുന്നത് കയറ്റി അയക്കാനായിട്ടാണ്. അല്ലാതെ ഇവർ ഇവിടെ പ്രവർത്തിച്ച് ഒരുലക്ഷം പേർക്ക് തൊഴിലവസരം ഉണ്ടാക്കുകയെന്നതല്ല ലക്ഷ്യം. ആ അർത്ഥത്തിൽ തെറ്റായ കാഴ്ചപ്പാട് ഇവിടെ നിലനില്ക്കുന്നുണ്ട്.

3. ഐ.ഐ.ടി, ഐ.ഐ.എസ്.സി, ഐ.ഐ.എം തുടങ്ങിയ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ കേരളത്തിൽ ഇല്ലെന്നുള്ളത് ശരിയാണ്. ഐ.ഐ.എം വന്നിട്ടുണ്ട്. പക്ഷെ അതാണ് നമ്മുടെ ഉന്നത വിദ്യാഭ്യാസത്തിൻെറ ഗുണമേൻമ കുറയാൻ കാരണമെന്ന് എനിക്കു തോന്നുന്നില്ല. ഇത്തരം സ്ഥാപനങ്ങൾ ഉള്ള സ്ഥലങ്ങളിൽ പോലും ഇവ ഒറ്റപ്പെട്ട തുരുത്തുകളായിട്ടാണ് കാണുന്നത്. ഉദാഹരണമായിട്ട് കാൺപൂരിലെ ഐ.ഐ.ടി. കാൺപൂരിൽ ഐ.ഐ.ടി ഉള്ളതുകൊണ്ട് അവിടെയുള്ള വ്യവസായമൊന്നും നന്നായിട്ടുണ്ടെന്ന് എനിക്കു തോന്നുന്നില്ല. അവിടെ ഇന്ത്യയിൽ നിന്നുള്ള ഏറ്റവും മിടുക്കൻമാരായ കുട്ടികൾ വളരുന്നു. ഏറ്റവും കഴിവുള്ള അദ്ധ്യാപകരെ കൊണ്ടു വരുന്നു. ഏറ്റവും മികച്ച പ്രവർത്തന സാഹചര്യമൊരുക്കി കൊടുക്കുന്നു. അവർ അവിടത്തെ പരിശീലനം നേടി അമേരിക്കയിലേക്കു പോകുന്നു. ഇങ്ങനെ ഒരു സംവിധാനംകൊണ്ട് കാൺപൂരിനോ, ഉത്തർപ്രദേശിനോ ഒരു ഗുണവുമുണ്ടായിട്ടില്ല. മദ്രാസ്, മുംബൈ ഐ.ഐ.ടികൾക്ക് പ്രാദേശിക വ്യവസായങ്ങളുമായി കുറച്ചുകൂടി ഇൻററാക്ഷൻ ഉണ്ട്. ഐ.ഐ.ടികൾ ഉള്ളതു കൊണ്ടാണ് വ്യവസായം വരുന്നതെന്ന് എനിക്കു തോന്നുന്നില്ല.

ഞങ്ങൾക്കൊരു ഐ.ഐ.ടി ഉണ്ടെന്നത് അഭിമാനത്തിൻെറ പ്രശ്നമല്ല. ഇത്തരം സ്ഥാപനം കൊണ്ട് ആ സ്റ്റേറ്റിന് പ്രയോജനമുണ്ടാകണം. അല്ലെങ്കിൽ അതൊരു ദ്വീപായി നിലനിൽക്കും.

ഇനി ഐ.ഐ.ടി വരുകയാണെങ്കിൽ ഒന്നുകിൽ നമ്മുടെ എഞ്ചിനീയറിങ് കോളേജുകളുടെയോ ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുടേയോ നിലവാരം ഉയർത്താൻ കഴിയണം. അതോടൊപ്പം വ്യവസായ വികാസത്തെ സഹായിക്കണം. അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തു നിന്ന് കൂടുതൽ കുട്ടികൾക്ക് അഡ്മിഷൻ കിട്ടാനുള്ള സാധ്യതയുണ്ടാകണം. അതുമില്ല. ഐ.ഐ.ടി ആൾ ഇന്ത്യ സെലക്ഷനാണ്. ഐ.ഐ.ടി നിൽക്കുന്ന സംസ്ഥാനത്തിന് ക്വാട്ടയും

റിസർവേഷനുമില്ല. ആ രീതിയിൽ നോക്കുമ്പോൾ ഒരു അഭിമാനിക്കാവുന്ന സ്ഥാപനം ഉണ്ടാകുമെന്നല്ലാതെ കാര്യമില്ല. പിന്നെ ശ്രമിച്ചിരുന്നു എങ്കിലും നമ്മൾക്ക് കിട്ടണമെന്നില്ല. കാരണം ആദ്യം നാല് ഐ.ഐ.ടികൾ ഉണ്ടായി. പിന്നെ അസമിലാണ് ആകെ കൂടി പുതിയൊരു ഐ.ഐ.ടി തുടങ്ങുന്നത്. അത് അസമിലെ പ്രത്യേക സാഹചര്യം കൊണ്ട് വന്നതാണ്. അതേ സമയം കൊച്ചിൻ യൂണിവേഴ്സിറ്റിയെ സെൻട്രൽ യൂണിവേഴ്സിറ്റി പോലെ ഉയർത്തികൊണ്ടുവരാൻ സാധിക്കും. നമ്മൾ തന്നെയാണ് അത് കളഞ്ഞത്.

ഒരു മികവ് വളർത്തുവാനുള്ള പരിതസ്ഥിതി നമ്മൾ ഉണ്ടാക്കുന്നില്ലെന്നതാണ് യഥാർത്ഥ പ്രശ്നം. ഐ.ഐ.ടി വരുകയാണെങ്കിൽ ഒരു മാതൃക എന്ന നിലയിൽ കാണാനുണ്ടാകും. പക്ഷെ, നമ്മൾ, നമ്മളുടെ മുഖ്യസ്ഥാപനങ്ങളെ മികവിൻെറ കേന്ദ്രങ്ങളായി വളർത്തി കൊണ്ടുവരുന്നതിന് എന്താണ് തടസം എന്നു മനസിലാക്കി ആ തടസങ്ങൾ മാറ്റുന്നതിലൂടെ നമുക്ക് ഉയരാൻ സാധിക്കും. അല്ലാതെ ഒരു ഐ.ഐ.ടി ഉണ്ടെങ്കിൽ രക്ഷപ്പെട്ടു പോയേനെ എന്നു ചിന്തിക്കുന്നത് കുറുക്കുവഴിയാണ്.

മികവിനുള്ള മാതൃകയായിട്ടാണ് ഐ.ഐ.ടിയെ നമുക്ക് കാണാവുത്. ഇതിനേക്കാളെല്ലാം നമ്മളെ സഹായിച്ചത് അച്യുതമേനോൻ മന്ത്രിസഭയുടെ കാലത്ത് കേരളത്തിൽ സ്ഥാപിച്ച ആർ ആൻറ് ഡി (റിസർച്ച് ആൻറ് ഡവലപ്പ്മെൻറ്) ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. ഇത് ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിലുമില്ല. ഏത് ഐ.ഐ.ടിയെ കൊണ്ടുണ്ടായ നേട്ടത്തേക്കാൾ കൂടുതലായി നമുക്ക് ഈ ഗവേഷണ സ്ഥാപനങ്ങൾ കൊണ്ടുണ്ടായിട്ടുണ്ട്. ശ്രീചിത്ര സെൻറർ, കെ.എഫ്.ആർ.ഐ, ടി.വി.ജി.ആർ.ഐ, സി.ഡബ്ലിയു.ആർ.ഡി.എം പോലുള്ള സെൻററുകൾ സ്ഥാപിച്ചത് പുരോഗമനപരമായ നടപടികളാണ്. ഇത് കേരളത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നമ്മുടെ ശാസ്ത്രജ്ഞൻമാർക്ക് പ്രവർത്തിക്കാനുള്ള സാഹചര്യമൊരുക്കുന്നതിന് വളരെ സഹായിച്ചിട്ടുണ്ട്.

യൂണിവേഴ്സിറ്റികളിൽ രാഷ്ട്രീയ ഇടപെടലുകൾ പ്രശ്നമാണ്. മികവ് വളർത്തുന്നതിലും നിയമനത്തിലും ഉദ്യോഗകയറ്റത്തിലുമെല്ലാം രാഷ്ട്രീയ ഇടപെടലുകൾ പ്രശ്നമാണ്. പിന്നെ യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേഷനിലും നമ്മൾ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. അവിടെ അക്കാദമീഷൻസിന് സ്വതന്ത്രമായിട്ടും ക്ലേശരഹിതമായും പ്രവർത്തിക്കുന്നതിനുള്ള സാഹചര്യവും സ്വാതന്ത്ര്യവും കൊടുക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. മിക്കവാറും യൂണിവേഴ്സിറ്റികളിൽ അക്കാദമീഷൻസ് അഡ്മിനിസ്ട്രേഷന് കീഴ്പ്പെട്ടാണ് ജീവിക്കുന്നത്.

പിന്നെ മികവ് വിലമതിക്കുന്ന സംവിധാനം നമുക്കില്ല. മെരിറ്റ് അനുസരിച്ചുള്ള പ്രമോഷൻ ഇവിടെ കൊടുക്കുന്നില്ല. സീനിയോരിറ്റി അടിസ്ഥാനത്തിലാണ് പ്രമോഷൻ. വിദേശങ്ങളിൽ ഇങ്ങനെയല്ല. മികവ് വളരുന്നതിനു വേണ്ടി ചില മുൻഉപാധികൾ നമ്മൾ പാലിച്ചേ മതിയാകൂ. പിന്നെ വിദ്യാർത്ഥികളുടെ കാര്യത്തിലുമുണ്ട് പ്രശ്നം. ഇവിടെ മികവ് നേടുന്നതിനാണ് ഉന്നതവിദ്യാഭ്യാസം എന്ന മൂല്യബോധമുണ്ടായിട്ടില്ല. പലപ്പോഴും എഞ്ചിനീയറിങ്ങിനും മെഡിസിനും അഡ്മിഷൻ കിട്ടാത്തതുകൊണ്ട് നൈരാശ്യം കൊണ്ട് സയൻസ് എടുക്കുന്നവരാണ് വിദ്യാർത്ഥികൾ. അപ്പോൾ അങ്ങനെയുള്ളവരിൽ നിന്നെങ്ങനെയാണ് ശാസ്ത്രജ്ഞൻമാരുണ്ടാകുക? അങ്ങനെയുള്ളവരാണ് നാളെ അധ്യാപകരായി വരാൻ പോകുന്നത്. ഇത് വളരെ സങ്കീർണമായ പ്രശ്നമാണ്. ഐ.ഐ.ടി എന്ന എളുപ്പ വാക്യത്തിൽ ഇതൊതുക്കാനാകില്ല.

4. ഈ ചോദ്യം എനിക്ക് ബോധ്യപ്പെടുന്നില്ല. പരമ്പരാഗത വ്യവസായങ്ങളെ എഴുതി തള്ളുന്നതിൽ കാര്യമില്ല. വിവരസാങ്കേതികവിദ്യയും ജൈവ വിജ്ഞാന സാങ്കേതികവിദ്യയും കേരളത്തിലെ കൃഷിയും പരമ്പരാഗത വ്യവസായങ്ങളും മെച്ചപ്പെടുത്തുന്നതിനാണ് ഉപയോഗിക്കേണ്ടത്. അതുപോലെ ഈ വ്യവസായങ്ങളുടെ മൂല്യവർദ്ധനവിനും ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാവുന്നതാണ്.

വിവരസാങ്കേതികവിദ്യക്ക് അതിൻേറതായ ഒരു നിലനില്പുണ്ട്. വിനിമയരംഗത്ത് ധാരാളം സാധ്യതകളുണ്ട്. പക്ഷെ, ഈ

പരമ്പരാഗത വ്യവസായങ്ങളും കൃഷിയും നന്നാകാത്തതുകൊണ്ട് മറ്റതു നോക്കാം എന്നു പറയരുത്. ഇപ്പോഴും യഥാർത്ഥ സമ്പത്ത് എന്നുപറയുന്നത് കൃഷിയും പ്രാഥമിക ഉല്പാദനവുംആണ്. സേവന മേഖലയും വികസിക്കുന്നുണ്ട്. ഇതിന് ഒരു പരിധിയിൽ കൂടുതൽ വികസിക്കാനാകില്ല.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം നമ്മുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെട്ടിട്ടില്ല. ഇതിന് നമ്മുടെ കൃഷിയുടെയും വ്യവസായങ്ങളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയല്ലാതെ വഴിയില്ല.

വിവരസാങ്കേതിക വിദ്യക്ക് അതിൻേറതായ ലക്ഷ്യമുണ്ടാകണം. ആ വ്യവസായത്തിലും ഒരുപാട് തൊഴിൽ അവസരങ്ങളുണ്ട്. അതിന കത്തും കൊടുക്കൽ വാങ്ങലുണ്ട്. ഞാൻ വിലകൊടുത്തു ഉല്പന്നങ്ങൾ വാങ്ങാൻ തയ്യാറാണ്. അപ്പോൾ എനിക്കാവശ്യമുള്ള ഒരു ചരക്കു തന്നെയാണ് വിവരസാങ്കേതിക വിദ്യയുടെ ഉല്പന്നം. അങ്ങനെ വാങ്ങാൻ തയ്യാറായതുകൊണ്ട് അതിൻേറതായ ഒരു വ്യവസായത്തിന് സാധ്യതയുണ്ട്. പക്ഷെ അതുമാത്രമായി നിലനിൽക്കില്ല.

കേരളം മാത്രമെടുത്താൽ അഞ്ചു ലക്ഷം കുട്ടികളാണ് പത്താംക്ലാസ് പരീക്ഷയെഴുതുന്നത്. ഇതിൻെറയകത്ത് എത്ര പേരെയാണ് നമ്മൾ വിവരസാങ്കേതികവിദ്യയിലേക്കു കയറ്റിവിടാൻ പോകുന്നത്?

പ്രിൻറിങ് ആൻറ് ടെക്നോളജിയിൽ ഒരു വിപ്ലവം തന്നെ വന്നു കഴിഞ്ഞു. അവിടെ വലിയൊരളവിൽ തൊഴിൽ സാധ്യതയുണ്ട്. ഡി.ടി.പി മേഖലയിലാണിത്. ഓഫീസ് കാര്യങ്ങളിൽ ടൈപ്റൈറ്റർ എങ്ങനെയായിരുന്നവോ അതുപോലെയാണ് കംപ്യൂട്ടറുകൾ. ഫയലിങ്ങിൽ ഇപ്പോഴുള്ള ആളുകൾക്ക് അഡീഷണൽ സ്കിൽ ആണ്. ഓഫീസ് ഓട്ടോമേഷൻെറ ഭാഗമായി കംപ്യൂട്ടറുകൾ അറിയില്ലെങ്കിൽ നിലനിൽക്കാൻ കഴിയില്ലെന്നു വരുമ്പോൾ ആളുകൾ പഠിക്കും. ഇപ്പോൾ ഇവരെ പഠിപ്പിക്കുക എന്നതിൻെറ പേരിലാണ് ഒരുപാട് പേർക്ക് തൊഴിൽ കണ്ടെത്തിയിരിക്കുന്നത്. അല്ലാതെ എം.സി.എ കഴിഞ്ഞിട്ട് നമ്മുടെ നാട്ടിലെ വ്യവസായത്തിനോ വാണിജ്യത്തിനോ ആവശ്യമായ സോഫ്റ്റ്വെയർ വികസിപ്പിക്കുക എന്ന ജോലി ചെയ്യുന്നവർ വളരെ കുറവാണ്. എന്നാലും വളരെയധികം സാധ്യതയുണ്ട്. ഒരു ലക്ഷം പേർക്ക് സാധ്യതയുണ്ടെന്നു വിചാരിക്കുക. അപ്പോഴും നമ്മുടെ ഒരു വർഷത്തെ ഉല്പാദനത്തിൻെറ 20 ശതമാനമേ ആകുന്നുള്ളൂ.

ഞാൻ വിദ്യാഭ്യാസത്തെ കാണുന്നത് സമൂഹത്തിൻെറ പ്രശ്നമായിട്ടാണ്. ഇപ്പോൾ എൻെറ മക്കൾക്ക് ജോലി കിട്ടാനായിട്ട് കംപ്യൂട്ടർ സഹായിക്കുമെങ്കിൽ അവർ പോയി പഠിക്കും. പക്ഷെ കേരളത്തിൻെറ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തീർച്ചയായും ഇതിനൊരു പങ്കുണ്ട്.

5. എൻെറ അഭിപ്രായത്തിൽ ഉന്നത വിദ്യാഭ്യാസത്തിൽ നിന്ന് സമൂഹം എന്തു പ്രതീക്ഷിക്കണമെന്ന് നമുക്ക് കാഴ്ചപാടുണ്ടായിരിക്കണം. ഉദ്യോഗത്തിനു വേണ്ടിയുള്ള ഒരു യോഗ്യത എന്നതിൽ നിന്ന് ഭിന്നമായി നമ്മുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും നമ്മുടെ ഉല്പാദനവ്യൂഹങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സഹായിക്കുന്ന ഒരു ധർമ്മം ഉന്നത വിദ്യാഭ്യാസത്തിന് ഉണ്ട്. ഇപ്പോൾ നമ്മൾ ഉന്നത വിദ്യാഭ്യാസത്തിൽ നിന്ന് ഒന്നും പ്രതീക്ഷിക്കുന്നില്ല. സമയത്ത് പരീക്ഷ നടത്തി ഡിഗ്രി കൊടുക്കുന്നതല്ലാതെ എന്തു പഠിപ്പിക്കുന്നു എന്നതിനെ കുറിച്ച് ഇവിടെ ആർക്കും ഒരു പരാതിയുമില്ല. പരീക്ഷ സമയത്തിനു നടത്തുന്നില്ല അല്ലെങ്കിൽ റിസൽറ്റു വരുന്നില്ല എന്നതിനെ പറ്റിയാണ് ഇവിടത്തെ ആരോപണങ്ങളെല്ലാം. അങ്ങനത്തെ ഒരു ഉന്നത വിദ്യാഭ്യാസത്തിൻേറത് പാരസൈറ്റിക് എക്സിസ്റ്റൻസ് ആണ്. അതു സമൂഹത്തിൻെറ ആവശ്യമല്ല. അത് കുറെ ജോലി കിട്ടുന്നവരുടെ ആവശ്യമാണ്. അപ്പോൾ അതിനു പകരം സമൂഹത്തിൻെറ ആവശ്യം എന്താണെന്നു നാം കണ്ടറിയുകയും അത് നിർവഹിക്കാൻ നമ്മൾ ഉന്നത വിദ്യാഭ്യാസ മേഖലയെ നിർബന്ധിക്കുകയും വേണം. ഇവിടെയാണ് ഉത്തരവാദിത്വം വേണ്ടത്. അപ്പോൾ തീർച്ചയായിട്ടും വിദ്യാഭ്യാസത്തെ രണ്ടു തലങ്ങളായിട്ടുതന്നെ കാണണം. ഒന്ന് അറിവിൻെറ വികാസം അതുപോലെ അറിവിൻെറ പ്രയോഗം എന്ന വളരെ ഉന്നതമായ തലത്തിൽ യൂണിവേഴ്സിറ്റികൾ നിർവ്വഹിക്കേണ്ട ധർമ്മമാണ്. അതേസമയം യൂണിവേഴ്സിറ്റിക്കും സ്കൂളിനുമിടക്കുള്ള ഘട്ടമുണ്ട്. അവിടെയാണ് വൊക്കേഷനൽ ട്രെയിനിങ്. എല്ലാ രാജ്യങ്ങളിലും അതിനുള്ള സംവിധാനമുണ്ട്. കേരളത്തിൽ നമ്മൾ ഇതിനെ വളരെയധികം അവഗണിച്ചിട്ടുണ്ട്. ഹയർസെക്കണ്ടറി എന്നതിനെ നമ്മൾ അപഹാസ്യമാക്കി. അതിനെ അർത്ഥപൂർണമാക്കിയാൽ നമ്മുടെ വലിയ ഒരു തൊഴിൽസേനക്കുള്ള പരിശീലനം അവിടെ കൊടുക്കാൻ സാധി ക്കും. അവരിലൂടെയാണ് നമ്മൾ ഉല്പാദനപ്രവർത്തനം നടത്തേണ്ടത്. അവിടെ വളരെയധികം വൈവിദ്ധ്യവൽക്കരണം ആവശ്യമുണ്ട്. ഇപ്പോൾ നമ്മൾ പരമ്പരാഗത മേഖലയിൽ ചെയ്യുന്ന മിക്ക കാര്യങ്ങളും സംഘടിതവും ആധുനികവുമായ വിഭാഗത്തിലേക്കു മാറ്റണം. സമൂഹത്തിനാവശ്യമുള്ള എല്ലാ സേവനങ്ങളും കാർഷികസേവനങ്ങൾ ഉൾപ്പെടെ ഈ വൊക്കേഷണൽ ട്രെയിനിങ്ങിലൂടെ ആധുനികവൽകരിക്കുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക. എന്നാൽ മാത്രമേ കൂടുതൽ വേതനം കൊടുക്കാൻ സാധിക്കുകയുള്ളൂ. ആ തരത്തിൽ ഹയർസെക്കണ്ടറി എന്ന ഘട്ടത്തിൽ അതിനു തുടർച്ചയായി വരുന്നതിന് വിദേശത്തെല്ലാം കമ്യൂണിറ്റി കോളേജ് എന്നാണ് പറയുക. അവർ അതിന് ഡിഗ്രി കൊടുക്കുന്നുണ്ട്. എന്നാൽ യൂണിവേഴ്സിറ്റി ബിരുദം പോലെയല്ല. ഉദാഹരണത്തിന് ടൂറിസം ആൻറ് ട്രാവൽസ്, നഴ്സിങ് പോലെ ഡിപ്ലോമതലത്തിലുള്ളതാണ്. കേരളത്തിലെ സാഹചര്യത്തിൽ ഇവർക്ക് ഡിഗ്രി കൊടുക്കുന്നതുകൊണ്ട് പ്രശ്നമില്ല. നമ്മുടെ നല്ലൊരു ശതമാനം കുട്ടികളും പോകേണ്ടത് ഇത്തരം കോഴ്സിലേക്കാണ്. ഉന്നത വിദ്യാഭ്യാസത്തിനു വേണ്ട ധൈഷണിക യോഗ്യതയും അഞ്ചാറുവർഷം അതിനുവേണ്ടി മെനക്കെടാനുള്ള തയ്യാറെടുപ്പും ഉള്ളവർ മാത്രമേ യൂണിവേഴ്സിറ്റിയിൽ വിദ്യാഭ്യാസത്തിനു പോകേണ്ടതുള്ളൂ. മറ്റവർക്ക് വൊക്കേഷണൽ പഠനം കഴിഞ്ഞാൽ ഒന്നുകിൽ സ്വന്തമായിട്ട് തൊഴിലിൽ ഏർപ്പെടാനുള്ള ആത്മവിശ്വാസവും അവസരവും ഉണ്ടാക്കികൊടുക്കണം. അതല്ലെങ്കിൽ അവർക്ക് നേരിട്ട് പ്രവേശിക്കാനുള്ള തൊഴിൽ മേഖലകളുണ്ടാക്കണം. ഇങ്ങനെ സമഗ്രമായിട്ടുള്ള ഒരു വ്യൂഹത്തിൻെറ ഭാഗമായിട്ടേ വിദ്യാഭ്യാസത്തെ നന്നാക്കാനാകൂ. അല്ലാതെ വിദ്യാഭ്യാസത്തെ മാത്രമായിട്ട് നമുക്ക് നന്നാക്കാൻ സാധിക്കില്ല.

6. ഞാനതിനോട് യോജിക്കുന്നില്ല. വിദ്യാഭ്യാസം നൽകുക എന്നത് സമൂഹത്തിൻെറ പ്രധാനപ്പെട്ട ധർമ്മങ്ങളിൽ ഒന്നാണ്. അതിന് സ്വകാര്യമേഖല വരുന്നത് രണ്ടു രീതിയിലാകാം. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖല

കുട്ടികളിൽ നിന്ന് കോളേജ് തുടങ്ങുവാൻ ഫീസ് വാങ്ങികൊണ്ടുള്ള സ്വാശ്രിത വിദ്യാഭ്യാസം ലോകത്തിൽ ഒരിടത്തുമില്ല. അത് ഉദാരവൽക്കരത്തിൻെറയും ആഗോളവൽകരണത്തിൻെറയും ഭാഗമാണെന്നുള്ളത് ശുദ്ധ കള്ളത്തരമാണ്. ഇവിടെ സ്വാശ്രിതകോളേജുകൾ ചിട്ടികമ്പനി നടത്തുന്നതുപോലെയാണ്.

ഒരു വലിയ പങ്കുവഹിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഒരു സാമൂഹ്യയജ്ഞത്തിന്റെ ഭാഗമായിട്ടാണ് സ്കൂളുകളും കോളേജുകളും അന്ന് സ്വകാര്യമേഖലയിൽ സ്ഥാപിച്ചിട്ടുള്ളത്. ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂഷനും എൻ.എസ്.എസും എസ്.എൻ.ഡി.പിയുമെല്ലാം ജനങ്ങളുടെ സഹായത്തോടെയാണ് വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയത്. അടുത്ത കാലത്താണ് ഈ സ്വഭാവം മാറുന്നത്. ആദ്യമൊക്കെ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട കുട്ടികൾക്കു വേണ്ടിയാണ് സ്കൂളുകളൊക്കെ ഉണ്ടായത്. ഇപ്പോഴാണ് ഈ വരേണ്യവർഗ സന്തതികൾക്കായുള്ള കച്ചവട വിദ്യാഭ്യാസ സ്ഥാപനങ്ങളായിട്ടുള്ളത്. സ്വകാര്യമേഖലക്ക് പങ്കുണ്ടെന്നു സമ്മതിക്കുമ്പോൾ തന്നെ സ്വകാര്യമേഖല ഇത്തരത്തിൽ കച്ചവടാടിസ്ഥാനത്തിൽ കുട്ടികളിൽ നിന്ന് പണം പിരിച്ച് അവർക്ക് വിദ്യാഭ്യാസം കൊടുക്കുക. അല്ലാതെ അവർക്ക് സ്വന്തമായിട്ട് ഫണ്ടൊന്നുമില്ല. ഇത്തരത്തിലുള്ള ഒരു പങ്കാളിത്തത്തിന് ഞാൻ എതിരാണ്.

ഇതിന് ഒന്നാമത്തെ കാരണം നല്ല ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകുന്നതിന് ഇത്തരം സ്ഥാപനങ്ങൾക്ക് കുട്ടികളിൽ അമിതമായ ഭാരം ചുമത്തേണ്ടി വരും. അല്ലെങ്കിൽ കച്ചവടം നോക്കി താരതമ്യേന കുറഞ്ഞ ഫീസും മൂല്യംകുറഞ്ഞ വിദ്യാഭ്യാസവും നൽകും. അമിതമായ ഫീസു പിരിക്കാതെ ഒരു എഞ്ചിനീയറിങ് കോളേജോ മെഡിക്കൽ കോളേജോ നടത്താൻ കഴിയില്ല. അമിതമായി ഫീസു പിരിച്ചിട്ട് ഇത്തരം കോളേജുകൾ നടത്തുമ്പോൾ സമൂഹത്തിലെ ചെറിയൊരു വിഭാഗത്തിന് പ്രയോജനം കിട്ടുന്ന സ്ഥാപനമായി മാറും. വിദ്യാഭ്യാസം ഇങ്ങനെ ഓരോ ഇൻസ്റ്റിറ്റ്യൂഷൻ തലത്തിൽ സ്വാശ്രയമാക്കുകയെന്നത് അനഭിലഷണീയമാണ്. ലോകത്ത് ഒരു രാജ്യവും അങ്ങനെ ചെയ്തിട്ടില്ല. ജീവിതത്തിന്റെ സകലമേഖലകളും കച്ചവടവൽക്കരിച്ചിട്ടുള്ള അമേരിക്കയിൽ പോലും സ്വകാര്യ യൂണിവേഴ്സിറ്റികളിൽ വിദ്യാർത്ഥികളുടെ ഫീസെന്നത് അവരുടെ വാർഷിക ചെലവിന്റെ മുപ്പത് നാല്പതു ശതമാനമേ വരൂ. ബാക്കി സ്ഥാപനങ്ങൾ തന്നെയാണ് എടുക്കുന്നത്. ഇവർക്ക് ഇവരുടേതായ ഉറവിടങ്ങളുണ്ട്. അത് പരോപകാരികളായ ആരെങ്കിലും സംഭാവന നൽകി ഉണ്ടാക്കിയിട്ടുള്ളതാകാം. സ്വകാര്യ സർവ്വകലാശാലകളിൽ വലിയ ഫീസാണ്. പക്ഷെ ആ ഫീസിന്റെ ഇരട്ടിയിൽ കൂടുതൽ അവർ ആ കുട്ടികൾക്കു വേണ്ടി ചെലവാക്കുന്നുണ്ട്. നമ്മൾ നേരെ മറിച്ചാണ്. കുട്ടികളിൽ നിന്ന് ഫീസു പിരിച്ചിട്ടാണ് സ്ഥലവും കെട്ടിടവും വാങ്ങുക. അത്തരത്തിൽ ഒരു സ്വാശ്രിത വിദ്യാഭ്യാസം ലോകത്തിൽ ഒരിടത്തുമില്ല. അത് ഉദാരവൽക്കരണത്തിന്റെയും ആഗോളവൽകരണത്തിന്റെയും ഭാഗമാണെന്നുള്ളത് ശുദ്ധ കള്ളത്തരമാണ്. ഇവിടെ സ്വാശ്രിതകോളേജുകൾ ചിട്ടികമ്പനി നടത്തുന്നതുപോലെയാണ്. അതേസമയം സാമൂഹികനീതി പുലർത്തികൊണ്ട് സ്വകാര്യസംരംഭകർക്ക് തീർച്ചയായും അവസരം കൊടുക്കാവുന്നതാണ്.

7. ഞാൻ കാണുന്ന ചിത്രമിതാണ്. കേരളത്തിന്റെ വിദ്യാഭ്യാസത്തിന്റെ സാമൂഹിക ലക്ഷ്യം ആദ്യം സമൂഹം തന്നെ അംഗീകരിക്കണം. പൊതുവെ കേരളത്തിലെ വിദ്യാഭ്യാസം വ്യക്തിഗതമായ ഭാഗ്യന്വേഷണമായിട്ടാണ് കാണുന്നത്. വിദ്യാർത്ഥിയുടെയും വിദ്യാർത്ഥിയുടെ രക്ഷകർത്താവിന്റെയും അല്ലെങ്കിൽ ഗുണഭോക്താക്കളുടെയും ബാധ്യതയായിട്ടാണ് കാണുന്നത്. ഇപ്പോൾ നമ്മൾക്ക് ഏറ്റവും മികച്ച എഞ്ചിനീയർമാരെ അല്ലെങ്കിൽ ഡോക്ടർമാരെ, സിവിൽസർവൻസിനെ, പണ്ഡിതൻമാരെ, ശാസ്ത്രജ്ഞൻമാരെ ആവശ്യമുണ്ട്. എങ്കിൽ ഏറ്റവും പറ്റിയ കുട്ടികളെ നമ്മൾ കണ്ടെത്തുന്നു. എന്നിട്ട് ഈ കുട്ടികൾക്ക് ഏറ്റവും മികച്ച അവസരം കിട്ടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് നമ്മുടെ ബാധ്യതയാണ്.

നമ്മൾക്ക് ഒളിംപിക്സിൽ മെഡൽ കിട്ടണമെങ്കിൽ ഏറ്റവും നല്ല അത്‌ലറ്റുകളെ അയക്കുകയാണ് വേണ്ടത്. അല്ലാതെ യാത്രക്കു വലിയ ചെലവാണ്. അതുകൊണ്ട് ചെലവു വഹിക്കാൻ കഴിവുള്ളവർ പോകുക എന്നു പറഞ്ഞാൽ ശരിയാകില്ല. അല്ലെങ്കിൽ പകുതി മെറിറ്റനുസരിച്ച് പകുതി ചെലവു വഹിക്കാൻ കഴിവുള്ളവരെ എന്നു പറഞ്ഞാലും ശരിയാകില്ല. അതുപോലെ വിദ്യാഭ്യാസത്തിൽ നിന്നും സമൂഹം ചിലത് പ്രതീക്ഷിക്കുന്നുണ്ട്. ആ പ്രതീക്ഷ നിറവേറ്റാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തുക. അവർക്ക് നമ്മൾക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും നല്ല വിദ്യാഭ്യാസം കൊടുക്കുക. അവരിൽ നിന്ന് ആ കടം സമൂഹം തിരിച്ചുപിടിക്കയും ചെയ്യുക. ഈ രീതിയിൽ വിദ്യാഭ്യാസത്തെ കണ്ടാൽ മാത്രമേ ഉത്തരവാദിത്വം ഉണ്ടാകുകയുള്ളൂ. ഉത്തരവാദിത്വം വന്നാൽ മാത്രമേ മികവുണ്ടാക്കുവാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഉന്നത വിദ്യാഭ്യാസം എന്നാൽ കുറെപേരെ തീറ്റിപോറ്റുകയാണ്. അതൊരു ബാധ്യതയാണ്. അതല്ലാതെ അതുകൊണ്ട് എന്തുകിട്ടുന്നു എന്നു ചോദിച്ചാൽ കുറെപേർക്ക് ജോലി കിട്ടുന്നുവെന്നല്ലാതെ നമുക്കുത്തരമില്ല. ലക്ഷ്യബോധമെന്നതാണ് അടിസ്ഥാനമായിട്ട് ഉണ്ടാകേണ്ടത്. ഇപ്പോൾ വിദ്യ നേടി രക്ഷപ്പെടുക എന്നുപറഞ്ഞാൽ വിദ്യയും നേടി നാട്ടിൽ നിന്ന് രക്ഷപ്പെടുക എന്നാകരുത്. സമൂഹത്തിനെ രക്ഷപ്പെടുത്തുക എന്നതായിരിക്കണം വിദ്യയുടെ ലക്ഷ്യം.

തയ്യാറാക്കിയത്

കെ.സി സെബാസ്ററിൻ

കേരളത്തിന്റെ മലയോര ഗ്രാമങ്ങളിൽ
നിന്നും സംഭരിക്കുന്ന
ശുദ്ധമായ പശുവിൻ പാൽ

NVDCS

നിർമ്മൽ മിൽക്ക്

Nirmalgram
Vanita Dairy Central society
H.O.Kothamangalam
Ph: (0485) 826992
Plant 570981, 570984

മനുഷ്യവിഭവശേഷിയെ പൂർണമായി ഉപയോഗിക്കണം

ഡോ. ബി ഇക്ബാൽ

സമ്പൂർണ സാക്ഷരത നേടുന്നതിൽ മാത്രമേ കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം ശ്രദ്ധിച്ചിട്ടുള്ളൂ എന്നൊരു ധ്വനി ചോദ്യത്തിലുണ്ട്. അതിനോട് യോജിക്കാൻ കഴിയില്ല. ഇത് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം കൈവരിച്ച നേട്ടങ്ങളെ നിഷേധാത്മകമായി കാണുന്ന രീതിയാണ്. കേരളത്തിൻെറ ഏറ്റവും വലിയ സമ്പത്ത് എന്നു പറയാവുന്ന മനുഷ്യവിഭവശേഷിയെ പൂർണമായി ഉപയോഗിക്കാൻ കഴിഞ്ഞില്ല എന്നതാണ് നമ്മുടെ പരാജയം. വിദ്യാഭ്യാസരംഗം ഗുണപരമായ നിലവാരത്തകർച്ചയെ നേരിടുകയാണ് എന്ന വിമർശനം ശരിയാണ്. വിദ്യാഭ്യാസത്തിൻെറ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലുണ്ടായ ശുഷ്കാന്തി പക്ഷെ, ഉന്നതവിദ്യാഭ്യാസത്തിൻെറ രംഗത്ത് വേണ്ടത്ര പ്രകടിപ്പിച്ചിട്ടില്ല. അതുകൊണ്ടാണ്, ഈ നിലവാരത്തകർച്ച. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ അടിസ്ഥാനപരമായ 'പ്ലാറ്റ്ഫോം' ശരിയായ ദിശയിലുള്ളതാണ്. അത് നിലനിർത്തികൊണ്ടു വേണം. ഭാവി പദ്ധതികൾ ആവിഷ്കരിക്കേണ്ടത്.

വിദ്യാഭ്യാസത്തിൻെറ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ ഉണ്ടായ ശുഷ്കാന്തി പക്ഷെ, ഉന്നതവിദ്യാഭ്യാസത്തിൻെറ രംഗത്ത് വേണ്ടത്ര പ്രകടിപ്പിച്ചിട്ടില്ല. അതുകൊണ്ടാണ്, ഈ നിലവാരത്തകർച്ച

2. അത് പൂർണമായും ശരിയല്ല. ഇന്ത്യയിലെ യൂണിവേഴ്സിറ്റികളുടെ അക്കാദമിക് നിലവാരത്തെകുറിച്ച് ദില്ലിയിലെ Centre for Policy Research എന്ന സ്ഥാപനം നടത്തിയ ഒരു പഠനം തെളിയിക്കുന്നത്. ശാസ്ത്രവിഷയങ്ങളിലെ മത്സരപരീക്ഷകളിൽ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ആദ്യത്തെ അഞ്ച് റാങ്കുകൾ നേടുന്നത് കേരളത്തിലെ യൂണിവേഴ്സിറ്റികളാണെന്നാണ്.

അഖിലേന്ത്യാ നിലവാരമുള്ള അനവധി ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ശ്രീചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ, റീജിയണൽ റിസർച്ച് ലബോറട്ടറി, രാജീവ്ഗാന്ധി സെൻറർ ഫോർ ബയോ-ടെക്നോളജി തുടങ്ങിയവ അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ വളരെ പ്രശസ്തമായ സ്ഥാപനങ്ങളാണ്. കേരള യൂണിവേഴ്സിറ്റിയിലെ തന്നെ ലെക്സിക്കൺ, ഓറിയൻറൽ സ്റ്റഡീസ് സെൻറർ തുടങ്ങിയ ഡിപ്പാർട്ടുമെൻറുകൾ വളരെ പ്രശസ്തമാണ്. എങ്കിലും ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലുണ്ടായികൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളുടെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ, വേണ്ടത്ര നിലവാരം ആർജിക്കാൻ കഴിഞ്ഞിട്ടില്ല.

3. ഐ.ഐ.ടി, ഐ.ഐ.എസ്.സി, ഐ.ഐ.എം തുടങ്ങിയ സ്ഥാപനങ്ങൾ കേരളത്തിൽ വരുന്നതിനെക്കാൾ പ്രധാനം കേരളത്തിൽ നിന്നുള്ള കൂടുതൽ കുട്ടികൾക്ക് അവിടെ പ്രവേശനം ലഭിക്കുകയെന്നതാണ്. എന്നാൽ, ഇത്തരം സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനാവശ്യമായ പരിശീലന സൗകര്യങ്ങളുടെ കാര്യത്തിൽ നാം വളരെ പിന്നോക്കമാണ്.

ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വലിയ മുതൽമുടക്ക് ആവശ്യമാണ്. അതിന് തക്ക സാമ്പത്തികശേഷി സംസ്ഥാനത്തിനില്ല. അതിനാൽ, കൂടുതൽ കുട്ടികൾക്ക് ഈ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാനുതകുന്ന ശാസ്ത്രീയ പരിശീലന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലാണ് അടിയന്തിരമായി ശ്രദ്ധിക്കേണ്ടത്. ഇത്തരം സ്ഥാപനങ്ങൾ ഇവിടെ കൂടുതലായി ആരംഭിച്ചാൽ, Role Model കളായി പ്രവർത്തിച്ച് മറ്റു സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ചാലകശക്തിയായി വർത്തിക്കാം. എന്നാൽ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിൽ തന്നെ പ്രവർത്തിക്കുന്ന ശ്രീ ചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൻെറ മാതൃകയിൽ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനും അക്കാദമിക്ക്-ഗവേഷണ രംഗത്ത് മികവു കാട്ടുന്നതിനും പകരം അതിനെ ഇകഴ്ത്തികാട്ടുന്ന പ്രവണതയാണ് മെഡിക്കൽ കോളേജിൽ കാണുന്നത് എന്ന വസ്തുതയും വിസ്മരിക്കരുത്.

4. കേരളത്തിൻെറ സമ്പദ്വ്യവസ്ഥ നേരിടുന്ന മുഖ്യപ്രശ്നം ഉല്പാദനമേഖലയുടെ മുരടിപ്പാണ്. ഊർജാധിഷ്ഠിത വ്യവസായങ്ങൾ, രാസവ്യവസായങ്ങൾ, വനവിഭവാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്കു കേരളത്തിൽ സാധ്യതയില്ല. ഇവിടെ ലഭ്യമായ മുഖ്യവിഭവം മനുഷ്യവിഭവമാണ്. അതിനാൽ, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു വ്യവസായവൽക്കരണ സമീപനമാണ് കേരളത്തിന് ഏറ്റവും അനുയോജ്യം. വിവരസാങ്കേതിക വിദ്യയേയും ജൈവ-വിവരസാങ്കേതികവിദ്യയേയും അടിസ്ഥാനമാക്കിയുള്ള

വിദ്യാഭ്യാസ രംഗത്തെ ആധുനീകരണത്തിന് ഒരു പ്രധാന തടസം നമ്മുടെ ബ്യൂറോക്രസിയാണ്. കേരളത്തിലെ ഐ.എ.എസ് ഉദ്യോഗസ്ഥരിൽ മഹാഭൂരിപക്ഷവും വെറും 'മീഡിയോക്കർ' ആ ണ്. ഒന്നോ രണ്ടോ പേർ മാത്രമാണ് ഇതിനൊരപവാദമായിട്ടുള്ളത്.

വ്യവസായങ്ങൾക്ക് കേരളത്തിൽ വളരെയേറെ സാധ്യതയുണ്ട്.

എന്നാൽ, ഈ ദിശയിലുള്ള പുതിയ വിദ്യാഭ്യാസ നയം ആവിഷ്കരിക്കുമ്പോൾ മാനവിക വിഷയങ്ങൾ അവഗണിക്കപ്പെടാൻ പാടില്ല. വിവിധ വിഷയങ്ങൾ സമന്വയിപ്പിച്ചു കൊണ്ടുള്ള Integrated Interdisciplinary Course ആണ് ആവശ്യം. ഉദാഹരണത്തിന്, 'ന്യൂറോ-സയൻസ്', 'കംപ്യൂട്ടർ സയൻസ്', 'സൈക്കോളജി', 'ഫിലോസഫി', 'ലിംഗ്വിസ്റ്റിക്സ്' എന്നീ അഞ്ചുവിഷയങ്ങൾ സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു ബഹുവിഷയവൈജ്ഞാനിക ശാഖയാണ് 'കൊഗ്നൈറ്റീവ് ന്യൂറോ സയൻസ്' എന്നത്.

എന്നാൽ, നമ്മുടെ യൂണിവേഴ്സിറ്റികൾ `Vertical' ആയ രീതിയാണ് പിന്തുടരുന്നത്. `Horrizondal' ആയ രീതിയാണ് നമുക്കാവശ്യം. എങ്കിൽ മാത്രമെ, ബഹുവിഷയ വൈജ്ഞാനിക ശാഖകൾ വികസിക്കുകയുള്ളു.

5,6,7. കേരളത്തിന്റെ വിദ്യാഭ്യാസ വളർച്ചയുടെ ആദ്യഘട്ടം 1950-കളോടെ പൂർത്തിയായി എന്നു പറയാം. പാശ്ചാത്യനാടുകളിലെ പ്രശസ്തമായ യൂണിവേഴ്സിറ്റികൾ മിക്കതും സ്വകാര്യമേഖലയുടെ മാത്രം സംഭാവനയാണെന്നാണ് പൊതുവെ കരുതപ്പെടുന്നത്. എന്നാൽ, വാസ്തവം അതല്ല. യൂണിവേഴ്സിറ്റികളുടെ പ്രവർത്തന ചെലവിന്റെ അറുപതു ശതമാനത്തോളം വഹിക്കുന്നത് ആ നാടുകളിലെ സർക്കാരുകളാണ്. മാത്രമല്ല വിദേശത്ത് പ്രവർത്തിക്കുന്ന സ്വതന്ത്ര ഗവേഷണ സ്ഥാപനങ്ങൾ നമ്മുടെ പരമ്പരാഗത നിർവചന പ്രകാരം സ്വകാര്യമേഖലയിലോ സർക്കാർ മേഖലയിലോ ഉൾപ്പെടുത്താൻ പറ്റില്ല.

ഉന്നതവിദ്യാഭ്യാസ രംഗത്ത്, സർക്കാർ സബ്സിഡി അനിവാര്യമാണ്. മാത്രവുമല്ല, പാശ്ചാത്യനാടുകളിലെപ്പോലെ ധനികരായ Philantrpist കൾ ഇവിടെയില്ല എന്നതും വിസ്മരിക്കരുത്. അമേരിക്കയിലെ ഒരു ധനികൻ, തന്റെ അന്തരിച്ച മകന്റെ പേരിൽ തുടങ്ങിയതാണ്. സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി ലോകത്തിലെ ഒന്നാംകിട യൂണിവേഴ്സിറ്റികളിലൊന്നാണിത്.

കേരളത്തിൽ, വിദ്യാഭ്യാസ രംഗത്തെ സ്വകാര്യമേഖല എന്നു പറയുമ്പോൾ ഫലത്തിൽ ജാതി-മത സ്ഥാപനങ്ങൾ തന്നെയാണ്. അതിനാൽ, വിദ്യാഭ്യാസമേഖലയിൽ ആരോഗ്യകരമായ സ്വകാര്യവൽകരണം നടപ്പാക്കണമെങ്കിൽ 'സ്വകാര്യവൽകരണം' എന്നത് വ്യക്തമായി നിർവചിക്കപ്പെടണം. അല്ലെങ്കിൽ, വിദ്യാഭ്യാസ മേഖല ജാതിമത ശക്തികളുടെ നിയന്ത്രണത്തിലാവുകയായിരിക്കും ഫലം. കേരളത്തിലെ മിക്ക `Self financing' കോളേജുകളും ഗുണനിലവാരത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്കമാണ്. അക്കാദമിക് നിലവാരത്തിന്റെ കാര്യത്തിൽ താല്പര്യവും നിഷ്കർഷയുമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ ഉണ്ടെങ്കിൽ, 'ഓട്ടോണമസ് കോളേജുകൾ' തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

വാസ്തവത്തിൽ, ജാതി-മത ശക്തികൾ വിദ്യാഭ്യാസ മേഖലയിൽ നിന്ന് പിൻവാങ്ങുകയാണ് വേണ്ടത്. ഒരു `Common Educational Fund ലേക്ക് അവരും സംഭാവന നൽകട്ടെ.

`Brain gain എന്നതാണ്` ഇന്നത്തെ മുദ്രാവാക്യം. വിവരസാങ്കേതിക വിദ്യയുടെയും മറ്റും രംഗത്ത് ലോകനിലവാരമുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കേണ്ടതാണ്. സർക്കാരും സ്വകാര്യ മേഖലയിലെ ഏജൻസികളും വ്യക്തികളുമായി ഈ രംഗത്ത് സഹകരിച്ചു പ്രവർത്തിക്കാവുന്നതാണ്. പാശ്ചാത്യനാടുകളിൽ നിന്നുപോലും വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയുന്ന സ്ഥാപനങ്ങളായി അവയെ മാറ്റണം.

വിദ്യാഭ്യാസ രംഗത്തെ ആധുനീകരണത്തിന് ഒരു പ്രധാന തടസം നമ്മുടെ ബ്യൂറോക്രസിയാണ്. കേരളത്തിലെ ഐ.എ.എസ് ഉദ്യോഗസ്ഥരിൽ മഹാഭൂരിപക്ഷവും വെറും 'മീഡിയോക്കർ' ആണ്. ഒന്നോ രണ്ടോ പേർ മാത്രമാണ് ഇതിനൊരപവാദമായിട്ടുള്ളത്. ധൈഷണികമായ യാതൊരു 'Sensibility' യുമില്ലാത്ത ഐ.എ.എസ് സംവിധാനത്തെ പൂർണമായി ഒഴിവാക്കിയാലും ഒരു കുഴപ്പവുമില്ല. `Sensibility'യുടെയും പുതിയ ആശയങ്ങളോടുള്ള തുറന്ന സമീപനത്തിന്റെയും കാര്യത്തിൽ ഇവിടത്തെ 'വിശാല ഇടതുപക്ഷ പ്രസ്ഥാനം' തന്നെയാണ് ഭേദം. ധൈഷണിക രംഗത്തു പ്രവർത്തിക്കുന്നവർ മൂർത്തമായ പദ്ധതികളുമായി സമീപിച്ചാൽ, സ്വീകരിക്കാനും പരീക്ഷിക്കാനുമുള്ള സന്നദ്ധത ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ നേതൃത്വത്തിനുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

40
വർഷത്തെ
വിശ്വസ്ത സേവനം

നെന്മിനി ലോഡ്ജ്

നെന്മിനി ബിൽഡിംഗ്
കിഴക്കെനട, ഗുരുവായൂർ - 680101
ഫോൺ - 0487 556275

മാനേജിംഗ് പാർട്ണർ
എൻ. വാസുദേവൻ ഭട്ടതിരിപ്പാട്

രാഷ്ട്രീയനേതൃത്വത്തിൻെറ ഭാവനാരാഹിത്യം

ഡോ.എൻ.എ.കരീം

കേരളത്തിലെ വിദ്യാഭ്യാസ വികസനം പ്രത്യേകിച്ച് ആരുടെയെങ്കിലും ബോധപൂർവ്വമായ നയപരിപാടികളുടെ ഫലമായി ഉണ്ടായതല്ല. ചില സവിശേഷമായ ചരിത്ര സാഹചര്യങ്ങളും സാമൂഹിക ശക്തികളും പ്രാഥമിക വിദ്യാഭ്യാസം വ്യാപകമാക്കുന്നതിനുള്ള അടിത്തറ കേരളത്തിൽ സൃഷ്ടിക്കുകയുണ്ടായി. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഉണ്ടായ വിദ്യാഭ്യാസവികസന ശ്രമങ്ങൾ അതിൻെറ അടിത്തറ വിപുലമാക്കിയെന്നു മാത്രം.

തിരുവിതാംകൂർ, കൊച്ചി നാട്ടുരാജാക്കൻമാരുടെ വിദ്യാഭ്യാസ താല്പര്യവും ക്രിസ്ത്യൻ മിഷണറിമാരുടെ മതപ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമാണ് കേരളത്തിൻെറ വിദ്യാഭ്യാസ വളർച്ചക്ക് ആദ്യമായി അടിത്തറയിട്ടത്. അതോടൊപ്പം വളർന്നുവന്ന പലതരം സാമുദായിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ആ വളർച്ചക്കു ആക്കം കൂട്ടി. സ്വാതന്ത്ര്യാനന്തരമുള്ള രാഷ്ട്രീയഭിനിവേശങ്ങളുടെ ഫലമായി സമൂഹത്തിലെ താഴ്ന്നതലങ്ങളിലുള്ളവരിൽ പോലും വിദ്യാഭ്യാസ വാഞ്ഛ വളർന്നു. വിദ്യഭ്യാസം തന്നെയാണ് വികസനം എന്നു ധരിച്ചുവശായ തൊണ്ണൂറുകളിൽ കേവലം സാങ്കേതികമായ സാക്ഷരത സമ്പൂർണമാക്കുന്നതിനുവേണ്ടി അന്നു നിരക്ഷരരായി അവശേഷിച്ചിരുന്ന പതിനെട്ടോ ഇരുപതോ ലക്ഷം പേരെ സാക്ഷരരാക്കുവാൻ ഒരു സംഘടിത ശ്രമം നടത്തുകയുണ്ടായി. അതു ഭാഗികമായി വിജയിക്കുകയും ചെയ്തു.

സാമ്പത്തിക പരിപാടിയുടെ അഭാവം

ഇതിനു സമാന്തരമായി അർത്ഥപൂർണമായ സാമ്പത്തിക വികസന പരിപാടികൾ ഉണ്ടായില്ല. സമ്പൂർണ സാങ്കേതിക സാക്ഷരതാലക്ഷ്യത്തിനപ്പുറം നമ്മുടെ സമ്പദ്ഘടനയെ കൂടുതൽ ഉല്പാദനക്ഷമമാക്കുന്ന ഉന്നത സാങ്കേതിക-പ്രൊഫഷണൽ വിദ്യാഭ്യാസ വളർച്ചയെപ്പറ്റി ചിന്തിക്കുകയുമുണ്ടായില്ല. സാർവ്വത്രികമായ എലിമെൻററി വിദ്യാഭ്യാസത്തിൻേറയും സമ്പൂർണ സാക്ഷരതയുടേയും സംതൃപ്തി അയവിറക്കികൊണ്ടിരിക്കുമ്പോൾ അയൽസംസ്ഥാനങ്ങൾ സാങ്കേതികവിദ്യയുടേയും തൊഴിൽ വിദ്യാഭ്യാസത്തിൻേറയും വളരുന്ന മേഖലകളിൽ മുന്നേറുകയായിരുന്നു. കമ്പ്യൂട്ടർ, മാനേജ്മെൻറ് തുടങ്ങിയ പുത്തൻമേഖലകളുടെ നേർക്കു പുറംതിരിഞ്ഞുനിൽക്കുകയായിരുന്നു അന്നൊക്കെ നമ്മുടെ സർവ്വകലാശാലകൾ. പിന്നീട് ഈ രംഗത്തു സ്വകാര്യ ഏജൻസികൾ മുൻകൈ എടുത്തു. ഇതു സംബന്ധമായി വർദ്ധിച്ചുവന്ന ആവശ്യങ്ങൾ നേരിടാൻ തുടങ്ങിയപ്പോഴാണ് സർവ്വകലാശാലകൾക്കു ക്രമേണ ബോധോദയമുണ്ടായത്. ശാസ്ത്രസാങ്കേതിക വിദ്യാപഠനരംഗത്തു കേരളത്തിൻെറ ഇന്നത്തെ പ്രകടമായ പിന്നോക്കാവസ്ഥയ്ക്കു പ്രധാനമായ കാരണം ദീർഘകാലത്തെ ഈ ഉദാസീനതയും നിഷ്ക്രിയത്വവുമായിരുന്നു.

ശാസ്ത്രം, സാങ്കേതികവിദ്യ, മാനേജ്മെൻറ് എന്നീ മേഖലകളിൽ ലോകനിലവാരമുള്ള അപൂർവ്വം സ്ഥാപനങ്ങളെ ഇന്നു രാജ്യത്തുതന്നെയുള്ളൂ. അതിൽ വളരെ വൈകി അനുവദിച്ചു കിട്ടിയ ഒരു മാനേജ്മെൻറ് ഇൻസ്റ്റിട്യൂട്ട് മാത്രമാണ് കേരളത്തിൻെറ വിഹിതം. സ്ഥാപനങ്ങൾ ഉണ്ടായതു കൊണ്ടു മാത്രമായില്ല. അവയിൽ നിന്നു പുറത്തുവരുന്ന വിദഗ്ദ്ധ പരിശീലനം സിദ്ധിച്ചവരെ സംസ്ഥാനത്തിൻെറ വികസനത്തിനു പൂർണമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ആസൂത്രിതമായ വികസന പരിപാടിയും അതോടൊപ്പം ഉണ്ടാകേണ്ടിയിരുന്നു. ഇതു രണ്ടുമുണ്ടായില്ല. നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിൻേറയും ഭരണനേതൃത്വത്തിൻേറയും ഭാവനയില്ലായ്മയുടേയും സങ്കുചിതമായ വിഭാഗീയ ചിന്താഗതിയുടേയും ഫലമായിട്ടാണ് ഇതു സംഭവിച്ചതെങ്കിലും മാറിമാറി വന്ന കേന്ദ്രസർക്കാരുകളുടെ വികലമായ വികസന നയ സമീപനങ്ങളും സംസ്ഥാനത്തോടുള്ള വിവേചനപരമായ മനോഭാവവും ഈ ദീർഘകാല നിശ്ചലതക്കു വലിയൊരളവുവരെ കാരണമായിട്ടുണ്ട്. ഒന്നുകിൽ കേന്ദ്ര ഭരണാധികാരകേന്ദ്രങ്ങളോടു ദാസ്യമനോഭാവം പുലർത്തുന്നവരോ അല്ലെങ്കിൽ അവരുമായി രാഷ്ട്രീയമായി പിണങ്ങികഴിയുന്നവരോ കേരളത്തിൻെറ ഭരണത്തലപ്പത്തു മാറിമാറി വന്നു. തൻമൂലം അവർക്കിരുവർക്കും സംസ്ഥാന

സമ്പൂർണ സാങ്കേതിക സാക്ഷരതാലക്ഷ്യത്തിനപ്പുറം നമ്മുടെ സമ്പദ്ഘടനയെ കൂടുതൽ ഉല്പാദനക്ഷമമാക്കുന്ന ഉന്നത സാങ്കേതിക-പ്രൊഫഷണൽ വിദ്യാഭ്യാസ വളർച്ചയെപ്പറ്റി ചിന്തിക്കുകയുമുണ്ടായില്ല. സാർവ്വത്രികമായ എലിമെൻററി വിദ്യാഭ്യാസത്തിൻേറയും സമ്പൂർണ്ണ സാക്ഷരതയുടേയും സംതൃപ്തി അയവിറക്കി കൊണ്ടിരിക്കുമ്പോൾ അയൽസംസ്ഥാനങ്ങൾ സാങ്കേതികവിദ്യയുടേയും തൊഴിൽ വിദ്യാഭ്യാസത്തിൻേറയും വളരുന്ന മേഖലകളിൽ മുന്നേറുകയായിരുന്നു.

ത്തിൻെറ വികസനത്തിനു വേണ്ടി ധീരമായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.

പ്രതിബദ്ധതയുള്ള രാഷ്ട്രീയനേതൃത്വത്തിൻെറ ആവശ്യകത

ലോകനിലവാരമുള്ള ഒരു ഐ.ഐ.ടിയോ ഐ.ഐ.എമ്മോ ലഭിക്കലല്ല സംസ്ഥാനത്തിൻെറ സമഗ്രമായ വികസനത്തിനാവശ്യമായിരുന്നത്. എന്തുകൊണ്ടെന്നാൽ അവയിൽ നിന്നു പുറത്തുവരുന്ന വിദഗ്ദ്ധർ കൂടുതൽ ആകർഷകമായ ശമ്പളവും മറ്റു ജീവിത സൗകര്യങ്ങളും തേടി അമേരിക്ക തുടങ്ങിയ വികസിത വിദേശ രാജ്യങ്ങളിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു. ഇടത്തരം, താഴ്ന്ന തലങ്ങളിൽ പോലും പരിശീലനം സിദ്ധിച്ച മലയാളികൾ ഗൾഫ് രാജ്യങ്ങളിലേക്കും മറ്റുമാണ് ഇന്ന് പോകുന്നത്. നാട്ടിലെ സാമ്പത്തിക വികസനരംഗം നിർജ്ജീവമായതാണ് മനുഷ്യമൂലധനത്തിൻെറ പുറത്തേക്കുള്ള ഈ ഒഴുക്കിനു കാരണം. അവർ അവിടങ്ങളിൽ ജോലി ചെയ്തു ഇങ്ങോട്ടയക്കുന്ന പണം ഉല്പാദനക്ഷമമായ മൂലധനമായി മാറുന്നുമില്ല. സ്റ്റേറ്റിൻെറ അഭ്യന്തരോല്പാദനത്തിൻെറ (എസ് ഡി പി) പതിനഞ്ചോ ഇരുപതോ ശതമാനം വരുന്ന ഈ പണമത്രയും ഒരു ഉപഭോഗ ജീവിതസംസ്കാരം വളർത്തിയെടുക്കുവാൻ മാത്രമേ സഹായിച്ചിട്ടുള്ളു.

കേരളത്തിൻെറ മനുഷ്യവിഭവം വളരെ വേഗം അനുയോജ്യമായി വികസിപ്പിച്ചെടുക്കുവാൻ കഴിയുന്നവിധം സ്വാഭാവികമായ ബുദ്ധിവൈഭവവും കർമ്മകുശലതയും ഉള്ളതാണ്. ഐ.ടി ആയാലും ബയോടെക്നോളജിയായാലും അവർ അനായാസമായി വൈദഗ്ദ്ധ്യം നേടും. അതിനുള്ള സ്ഥാപനങ്ങളും പഠിച്ചു പുറത്തുവരുമ്പോൾ മാന്യമായ തൊഴിൽ സൗകര്യങ്ങളും പ്രവർത്തന മേഖലകളും ഉറപ്പു നൽകിയാൽ മാത്രം മതി. അതിനു ആദ്യമായി വേണ്ടതു സങ്കുചിതമായ രാഷ്ട്രീയ വീക്ഷണത്തിൽ നിന്നു വിമുക്തമായതും സംസ്ഥാനത്തിൻെറ വികസനത്തിൽ തീവ്രമായ പ്രതിബദ്ധതയുള്ളതുമായ ഭരണനേതൃത്വമാണ്. ഇവിടെ ഒരു വിഷമവൃത്തമുണ്ട്. ജനങ്ങളുടെ മനോഘടന ഇന്നു സാമാന്യേന ഒന്നും ചെയ്യാതെ രാഷ്ട്രീയ വായ്ത്താരി മാത്രം കൈമുതലാക്കി അധികാരത്തിലെത്തുകയും ഭരണപരമായി ജനങ്ങൾക്കു വേണ്ടതൊന്നും ചെയ്യാതെ തനിക്കു വേണ്ടതെല്ലാം അവിഹിതമായി ചെയ്തു പരിക്കുകളൊന്നും കൂടാതെ ഇറങ്ങിപ്പോരുകയും ചെയ്യുന്ന രാഷ്ട്രീയ ഭരണ നപുംസകങ്ങൾക്കു വളരെ സഹായകരമാണ്. ഇതു മാറണം. കേരളത്തിൻെറ രാഷ്ട്രീയ സംസ്കാരം വളർത്തിയെടുത്ത നിസ്സംഗതയുടെയും നിരുത്തരവാദത്തിൻേറയും ആധിപത്യമുള്ള മലയാളികളുടെ ഇന്നത്തെ മനോഘടന മാറ്റിയില്ലെങ്കിൽ അവരുടെ ബുദ്ധിസാമർത്ഥ്യവും കർമ്മോത്സുകതയും ഇന്നത്തെപ്പോലെ വിഫലവും വിനാശകരവുമായ ചാലുകളിലേക്കു ധാരാളമായി ഒഴുകിപ്പോകും.

നിലവാരമില്ലായ്മ

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ച എന്നു പറയുമ്പോൾ നേരത്തെ അതിനു ഒരു നല്ല നിലവാരമുണ്ടായിരുന്നു എന്ന ധ്വനിയുണ്ട്. അതു ശരിയല്ല. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തിനു ഒരു കാലത്തും നല്ല നിലവാരമില്ലായിരുന്നു. ഈ നിലവാരമില്ലായ്മ നമ്മുടെ നാടിൻെറ എല്ലാ ജീവിതവ്യാപാര മണ്ഡലങ്ങളിലേയും പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. അതുകൊണ്ട് അതു ഗണ്യമായി ഉയർത്തിയില്ലെങ്കിൽ സംസ്ഥാനത്തെ മാത്രമല്ല നാടിൻെറ മുഴുവൻ പ്രവർത്തന മണ്ഡലങ്ങളിലേയും ഗുണനിലവാരം മെച്ചപ്പെടുകയില്ല. അതു മെച്ചപ്പെടുത്തുന്നതിനു പല കമ്മീഷനുകളും കമ്മറ്റികളും നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അവ നടപ്പാക്കുവാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉണ്ടായാൽ മാത്രം മതി. പക്ഷെ അതനുസരിച്ചുള്ള പുനഃസംഘടന ചെലവേറിയതും ഇന്നത്തെ ഈ രംഗത്തെ നിക്ഷിപ്ത താല്പര്യങ്ങൾക്കു ഹാനികരവുമാണ്. അതുകൊണ്ട് നല്ല നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും ആവശ്യപ്പെടുന്ന ഒരു പ്രക്രിയയാണത്.

വിദ്യാഭ്യാസരംഗത്തെ ഇന്നത്തെ സ്വകാര്യവല്കരണവാദവും ആദ്യം മുതൽക്കുതന്നെയുണ്ടായിരുന്ന സ്വകാര്യപങ്കാളിത്തവും രണ്ടും രണ്ടാണ്. 'ഭരണകൂടത്തിൽ നിന്ന് കമ്പോളത്തിലേക്ക്' എന്ന ഇന്നത്തെ സ്വകാര്യവല്കരണ മുദ്രാവാക്യത്തിൽ അപകടങ്ങളുണ്ട്. ഭരണകൂടത്തിൻെറ രൂപം ചെറുതാക്കുന്നതിനു വേണ്ടി (downsize the government) അവരെ എല്ലാ ഉല്പാദനരംഗങ്ങളിൽ നിന്നും പറഞ്ഞയച്ചു. അവിടമെല്ലാം കമ്പോളശക്തികളുടെ സ്വതന്ത്രമായ പ്രവർത്തനത്തിനു വിട്ടുകൊടുക്കുകയെന്ന പുതിയ മുതലാളിത്ത മുദ്രാവാക്യം വിദ്യാഭ്യാസമേഖലയിൽ മാത്രമല്ല മറ്റു പല മേഖലകളിലും വിനാശകരമാണ്. സ്റ്റേറ്റിൻെറ വിഭവങ്ങളും ഭരണനിർവഹണ കഴിവുകളും അപരിമിതങ്ങളല്ല. തൻമൂലം ആവശ്യമായ പണവും മാനേജ്മെൻറ് വൈഭവവും ഉള്ള സ്വകാര്യ വിദ്യാഭ്യാസ സംരംഭകൻമാരെ ഉന്നത വിദ്യാഭ്യാസമടക്കം എല്ലാ സാമൂഹ്യ സേവന തുറകളിലേക്കും കൊണ്ടുവരാവുന്നതും കൊണ്ടുവരേണ്ടതുമാണ്. സമൂഹം നിശ്ചയിക്കുന്ന നിലവാരമുള്ള വിദ്യാഭ്യാസമായിരിക്കണം അവർ വ്യാപനം ചെയ്യേണ്ടത് എന്നു മാത്രം.

വിദ്യാഭ്യാസത്തെ ചെറിയ പ്രദേശങ്ങളുടെ ചരിത്ര-സാമൂഹ്യ പശ്ചാത്തലത്തിൽ ഒതുക്കിനിർത്തുവാൻ ശ്രമിക്കുന്നതിനു പകരം അവയെ അതിലംഘിക്കുന്ന വിധത്തിൽ വളർത്തിയെടുക്കുവാനാണ് ശ്രമിക്കേണ്ടത്. എങ്കിൽ മാത്രമേ വിദ്യാസമ്പന്നരുടെ മാനസിക ചക്രവാളവും അറിവിനോടൊപ്പം വികസിക്കുകയുള്ളു. എങ്കിലും വളരുന്ന മൂല്യങ്ങൾക്കനുസരിച്ചു നിലനിൽക്കുവാനും വളരുവാനും കഴിവുള്ള പ്രാദേശിക സാമൂഹ്യ-സാംസ്കാരിക മൂല്യങ്ങൾ ഉപേക്ഷിക്കേണ്ടതില്ല. കേരളീയമായ വിദ്യാഭ്യാസമെന്ന സങ്കല്പം ഇന്നത്തെ സാഹചര്യത്തിൽ ഒരു ആദർശമായി പുലരുകയില്ല. പക്ഷെ ഒരു മലയാളിയുടെ വിദ്യാഭ്യാസത്തിൻെറ തുടക്കം മാതൃഭാഷയായ മലയാളത്തിലൂടെ ആയിരിക്കും; ആയിരിക്കുകയും വേണം. അതിനപ്പുറം അതിൻെറ വളർച്ചക്കു കേരളീയമായ അതിർവരമ്പുകൾ ഇടുന്നതു ബുദ്ധിശൂന്യതയാണ്.



വികസനോന്മുഖ വിദ്യാഭ്യാസം കേരളത്തിൽ ഉണ്ടായിട്ടില്ല

ടി.എൻ.ജയചന്ദ്രൻ

'കേരള മോഡൽ വിദ്യാഭ്യാസം' എന്നു വിശേഷിപ്പിക്കത്തക്ക ഒരു പ്രത്യേക സമ്പ്രദായം നമുക്കുണ്ടായിരുന്നതായി തോന്നുന്നില്ല. ഇപ്പോഴുമില്ല. ക്രിസ്ത്യൻ മിഷനറിമാരിലൂടെ, ഈസ്റ്റിന്ത്യാ കമ്പനിയിലൂടെ, ബ്രിട്ടീഷുഭരണാധികാരികളിലൂടെ കടന്നുവന്ന വിദ്യാഭ്യാസം തിരുവിതാംകൂർ -കൊച്ചി നാടുവാഴികളുടെ ഒത്താശയോടെ വളർന്നു വികസിച്ചു. അതൊരു 'മാതൃക' യായിരുന്നില്ല, മാതൃകാപരവുമായിരുന്നില്ല.

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഊന്നൽ സാക്ഷരതയിൽ മാത്രമായിരുന്നില്ല. ആദ്യം കമ്പനിയുടേയും പിന്നീടു ബ്രിട്ടീഷുഭരണാധികാരികളുടെയും ആവശ്യത്തിനു വേണ്ടി ഇംഗ്ലീഷ് പഠിച്ച കുറെപേരുടെ സേവനം അവർക്കാവശ്യമായിരുന്നു. ഇന്ത്യാക്കാരാകുമ്പോൾ കുറഞ്ഞ വേതനം മതിയല്ലോ. സമ്പൂർണസാക്ഷരതയൊന്നും ഭരണാധികാരികളുടെ ലക്ഷ്യമായിരുന്നില്ല. അതൊരു സ്വാതന്ത്ര്യാനന്തരകാല പ്രതിഭാസമാണ്. വികസനോന്മുഖമായ ഒരു സമൂഹത്തെ വളർത്തിയെടുക്കുക ഒരു കാലത്തും നമ്മുടെ ലക്ഷ്യമായിരുന്നില്ല. 'ദേശീയ വിദ്യാഭ്യാസനയ'ത്തിൽ അതിനെക്കുറിച്ചൊക്കെ പറയുന്നുണ്ടെങ്കിലും ഇപ്പോൾ പറച്ചിൽപോലുമില്ലാത്ത അവസ്ഥയാണ്. സമ്പൂർണസാക്ഷരത നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഒരു ഉപോല്പന്നമാണ്, ബോധപൂർവമായ പ്രവർത്തനത്തിന്റെ പ്രധാനഫലമല്ല.

ശാസ്ത്രസാങ്കേതികവിദ്യാ പഠനത്തിനുള്ള സൗകര്യങ്ങൾ ഇന്നും കേരളത്തിൽ വേണ്ടത്രയില്ല. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്നും നമുക്കു വ്യക്തമായ നയമോ പരിപാടികളോ ഇല്ല. ഒറ്റയടിക്കു കുറെ എഞ്ചിനീയറിങ് കോളേജുകൾ സ്ഥാപിച്ചതുകൊണ്ടൊന്നും ശാസ്ത്രമോ സാങ്കേതികവിദ്യകളോ അഭ്യസിപ്പിക്കാൻ കഴിയില്ല. വ്യക്തമായ നയം, വിശദമായ പരിപാടി, അതിന്റെ കാര്യക്ഷമമായ നിർവഹണം-ഇതൊന്നുമില്ലെങ്കിൽ പിന്നെ എങ്ങനെ കാര്യം ശരിയാകും? എങ്കിലും ഇപ്പോഴത്തെ പ്രവർത്തനം കൊണ്ട് ചില സദ്ഫലങ്ങൾ ഉളവായേക്കാം. അതു കുറേക്കൂടി ദീർഘവീക്ഷണവും കാര്യപ്രാപ്തിയും ഉണ്ടെങ്കിൽ മാത്രം.

കേരളത്തിന്റെ ഇന്നത്തെ സാഹചര്യങ്ങളിൽ ഒരു ദേശീയ രാഷ്ട്രീയകക്ഷിയാണ് വിദ്യാഭ്യാസം കൈകാര്യം ചെയ്യേണ്ടത്. വിദ്യാഭ്യാസ താല്പര്യങ്ങൾക്ക് മുൻഗണന നൽകികൊണ്ടു വേണം ആ രംഗത്തെ പരിഷ്കരണശ്രമങ്ങൾ.

കേരളത്തിൽ ഐ.ഐ.ടി, ഐ.ഐ.എം തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ടായതുകൊണ്ടു മാത്രം കാര്യമില്ല. കേരളത്തിൽ ഒരു ഐ.ഐ.ടി തുടങ്ങിയാൽ കേരളീയർക്കു പ്രത്യേകിച്ചു സൗകര്യങ്ങളോ പരിഗണനയോ ഒന്നും അവിടെ ലഭിക്കില്ല. അത്തരം ഒരഖിലേന്ത്യാ സ്ഥാപനത്തിന്റെ സാമീപ്യം ചില്ലറ ഗുണം ചെയ്താലായി എന്നു മാത്രം. കേരളത്തിൽ ഒരു ഐ.ഐ.എം സ്ഥാപിച്ചതു തന്നെ മറ്റാർക്കും ബാധകമാക്കാത്തത്ര കടുത്ത വ്യവസ്ഥകളിലാണ്. താരതമ്യേന കൂടുതൽ സാമ്പത്തിക ബാധ്യതകളാണ് ഇക്കാര്യത്തിൽ കേരളത്തിനുണ്ടായത്. അതിന്റെ സ്ഥാനമാകട്ടെ, രാഷ്ട്രീയമായി നിശ്ചയിക്കപ്പെട്ടതാണ്. കൊച്ചിയിലായിരുന്നെങ്കിൽ അതിന്റെ മികവ് കുറച്ചുകൂടി വർധിക്കുമായിരുന്നു.

കേരളത്തിലെ വിദ്യാഭ്യാസസമ്പ്രദായം വികസനോന്മുഖമായി പരിഷ്കരിക്കണം. പ്രാഥമിക വിദ്യാഭ്യാസം മുതൽ സാമൂഹിക പുരോഗതിയുമായി ബന്ധപ്പെടുത്തികൊണ്ടുള്ള വീക്ഷണവും പാഠ്യപദ്ധതിയും പഠനരീതികളും നമുക്കവലംബിക്കാൻ കഴിയണം. അതിന് തലപ്പത്ത് അറിവും കഴിവും തന്റേടവും താല്പര്യവും ഇച്ഛാശക്തിയുമുള്ളവർ വേണം. തുടക്കം വിദ്യാഭ്യാസമന്ത്രിയിൽ നിന്നാവുകയും വേണം.

'കേരളത്തിലെ ഉന്നത വിദ്യാഭ്യാസം നല്ല കച്ചവടവും ചീത്ത വിദ്യാഭ്യാസവുമാണ്' എന്ന് 1984ൽ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പഠനസമിതി അഭിപ്രായപ്പെട്ടതാണ്. ഇന്നത് കൂടുതൽ നല്ല കച്ചവടവും കൂടുതൽ മോശമായ വിദ്യാഭ്യാസവുമായി മാറിയിട്ടുണ്ട്. അത് മാറ്റുക എളുപ്പമല്ല. എന്നാൽ അസാധ്യവുമല്ല. സർക്കാരിന് താല്പര്യവും ഇച്ഛാശക്തിയുമുണ്ടാവുകയാണാദ്യം വേണ്ടത്. എങ്കിൽ അഞ്ചുകൊല്ലം കൊണ്ട് നിലവാരത്തകർച്ച പരിഹരിക്കുന്നതിനു തുടക്കമിടാൻ കഴിയും.

വിദ്യാഭ്യാസരംഗത്തെ എല്ലാ ആവശ്യങ്ങളും പൊതുമേഖലാസമ്പ്രദായത്തിനു നിർവഹിക്കുവാൻ കഴിയുകയില്ല. വിദ്യാഭ്യാസ കാര്യങ്ങളിൽ പണ്ടു മുതൽ ഇവിടെ സ്വകാര്യമേഖലക്ക് വലിയ സ്ഥാനം നൽകിപോന്നിട്ടുണ്ട്. പക്ഷെ, അവർക്ക് അനിയന്ത്രിതമായ സ്ഥാനം നൽകുന്നതു ശരിയല്ല. സർക്കാരിന്റെ നിയന്ത്രണത്തിനു വിധേയമായി, വിദ്യാഭ്യാസ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടു പ്രവർത്തിക്കാൻ സ്വകാര്യമേഖലയെ അനുവദിക്കുന്നതിലൊരു തെറ്റുമില്ല. അവരെ പ്രോത്സാഹിപ്പിക്കുകയാണ് നല്ലതും.

കേരളത്തിന്റെ ചരിത്ര സാമൂഹിക പശ്ചാത്തലത്തിനനുസൃതമായ വിദ്യാഭ്യാസം എന്ന സങ്കല്പം തീർച്ചയായും സാക്ഷാത്കരിക്കാൻ കഴിയും. കേരളത്തിന്റെ ഇന്നത്തെ സാഹചര്യങ്ങളിൽ ഒരു ദേശീയ രാഷ്ട്രീയകക്ഷിയാണ് വിദ്യാഭ്യാസം കൈകാര്യം ചെയ്യേണ്ടത്. വിദ്യാഭ്യാസ താല്പര്യങ്ങൾക്ക് മുൻഗണന നൽകികൊണ്ടു വേണം ആ രംഗത്തെ പരിഷ്കരണശ്രമങ്ങൾ. രാഷ്ട്രീയ ലക്ഷ്യങ്ങളും കച്ചവട-വർഗീയ താല്പര്യങ്ങളും മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ വിദ്യാഭ്യാസരംഗത്തെ അട്ടിമറിച്ചിരിക്കുന്നത്. ഭരണവും അധികാരവും നിലനിർത്തുന്നതിനാവശ്യമായ ധനാഗമ മാർഗങ്ങളിലൊന്നായി വിദ്യാഭ്യാസം കണക്കാക്കപ്പെടുന്ന ഒരവസ്ഥയിൽ ഭാവിയെകുറിച്ചുള്ള നമ്മുടെ പ്രതീക്ഷകൾ സഫലമാകുക പ്രയാസമാണ്. പക്ഷെ, അസാധ്യമല്ല എന്നു മാത്രം. വിദ്യാഭ്യാസം സാമൂഹിക പരിവർത്തനത്തിനുള്ള ഏറ്റവും നല്ല ഉപകരണമാണെന്ന തിരിച്ചറിവ് ഭരണാധികാരികൾക്കും ജനനേതാക്കൾക്കും ഉണ്ടാകുന്നതോടെ മാത്രമേ ഈ രാജ്യത്ത് വിദ്യാഭ്യാസപരിഷ്കരണത്തിനു തുടക്കം കുറിക്കാൻ കഴിയൂ.

കറൻറ് ബുക്സ് തൃശൂർ

അച്ചടിയിൽ

പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തെ കേരളീയ പശ്ചാത്തലത്തിൽ സമഗ്രതയിൽ ഈ കൃതി കണ്ടെത്തുന്നു.

കഥയും പരിസ്ഥിതിയും

ജി.മധുസൂദനൻ

പലവിധ ഭാവുകത്വ പരിണാമങ്ങൾക്കും വിധേയമായ ഒരു മലയാളകഥയിലെ പുതിയ സംവേദനത്തിൻെറ ഒരു പരിച്ഛേദം അവതരിപ്പിക്കുന്ന കൃതി

ഡിസംബറിൽ പ്രസിദ്ധീകരിക്കുന്നു

വൈലോപ്പിള്ളിയുടെ മുഴുവൻ കൃതികളുടെയും സമ്പൂർണസമാഹാരം ആദ്യമായി പ്രസിദ്ധീകരിക്കുന്നു.

വൈലോപ്പിള്ളിയുടെ സമ്പൂർണകൃതികൾ

സയൻസ് പ്ലസ്

പുസ്തകം ഒന്ന്

ദൈവം, മനുഷ്യൻ, യന്ത്രം

മേതിൽരാധാകൃഷ്ണൻ

ഒരു എൻസൈക്ലോപീഡിയയും നിങ്ങളോട് പറയാത്തത് ആകാശത്തിലും ഭൂമിയിലും ഭൂമിക്കടിയിലുമുള്ളതെല്ലാം സ്പർശിക്കുന്ന വ്യത്യസ്തമായ ഒരു സയൻസ് പരമ്പര ദൈവം തൻെറ സ്വന്തം രൂപത്തിൽ മനുഷ്യനെ സൃഷ്ടിക്കുന്നു.

സംഭാഷണങ്ങൾ

പുതിയ കാലത്തോടും ചരിത്രത്തോടും എഴുത്തുകാർ നടത്തുന്ന സർഗ്ഗാത്മക സംവാദം.

ദേശം, ഭാഷ, ചരിത്രം, സൗന്ദര്യശാസ്ത്രം, കാഴ്ച, കൃതി തുടങ്ങി എഴുത്തിൻെറയും ജീവിതത്തിൻെറയും സമഗ്രമേഖലകളിലൂടെ സഞ്ചരിക്കുന്നു. സംഭാഷണങ്ങളുടെ പാഠപുസ്തകം. ഓരോന്നും 100 പേജിലധികം വരുന്ന ഒറ്റ പുസ്തകങ്ങൾ.

ആനന്ദ്, എം.ടി., മാധവിക്കുട്ടി, സാറാ ജോസഫ്, ആറ്റൂർരവിവർമ്മ, സച്ചിദാനന്ദൻ, കെ.ജി.ശങ്കരപ്പിള്ള, എം.മുകുന്ദൻ, ഡോ.കെ.എൻ.പണിക്കർ, ബാലചന്ദ്രൻചുള്ളിക്കാട്, സി.ആർ.പരമേശരൻ, എം.എൻ. വിജയൻ.

മതം – രാഷ്ട്രീയം – മൗലികവാദം

സക്കറിയ

കേരളീയ സമൂഹത്തെയും സംസ്കാരത്തെയും ഒരു പുനർചിന്തയ്ക്ക് വിധേയമാക്കുന്ന കൃതി. മലയാളി ബോധത്തെ നിർണയിക്കുന്ന ചിന്തകളും ആശയങ്ങളും വിശകലനം ചെയ്യുന്ന പഠനം.

സ്പോർട്സ് എൻസൈക്ലോപീഡിയ

കളികളുടെ വിജ്ഞാനകോശം

സ്പോർട്സുമായി ബന്ധപ്പെട്ട ഒട്ടനവധി ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം നൽകുന്ന ഗ്രന്ഥം.

മലയാളത്തിലെ ആദ്യത്തെ സമഗ്ര കായിക വിജ്ഞാനകോശം

തയ്യാറാക്കിയത്: പി.കെ.ശിവദാസ്

ജനറൽ എഡിറ്റർ: എം.വേലായുധൻകുട്ടി എം.എ., എം.പിഎഡ്

ഡമ്മി 1/4-ൽ 300ലധികം പേജുകൾ 750ലധികം ചിത്രങ്ങൾ (കളർചിത്രങ്ങളടക്കം)

ഡി.റ്റി.പി ഓഫ്സെറ്റ് മുദ്രണം. കാലിക്കൊ ബൈൻഡിങ്.

മുഖവില 250 രൂപ

പ്രീ പബ്ലിക്കേഷൻ ഒന്നിച്ചടച്ചാൽ 150 രൂപ

തവണകളായി 70 +100 =170 രൂപ.

പ്രസിദ്ധീകരണം സെപ്റ്റംബർ 10

കറൻറ് ബുക്സ് തൃശൂർ

റൗണ്ട് വെസ്റ്റ്, തൃശൂർ – 680 001

ഫോൺ: 335660

സ്ഥാപിതം: 1952

സ്ഥാപകൻ: തോമസ് മുണ്ടശ്ശേരി

സഹോദരസ്ഥാപനം

കോസ്മോ ബുക്സ്

റൗണ്ട്‌വെസ്റ്റ്, തൃശൂർ, ഫോൺ: 335292

ശാഖകൾ പ്രസ്ക്ലബ്ബ് റോഡ്, കൊച്ചി ഫോൺ-353818, റെയിൽവേ സ്റ്റേഷൻ റോഡ്, കോഴിക്കോട്.ഫോൺ-70348711

Email: cosmoboo@md3vsnl.net.in

Fax: 0487-335642

ആധുനികോത്തര കോളനീകരണം

എം.എൻ.കാരശ്ശേരി

കേരളത്തിലെ സമ്പൂർണ സാക്ഷരത എന്നത് കൃത്യമായ അർത്ഥത്തിൽ സങ്കല്പമാണ്, യാഥാർത്ഥ്യമല്ല. എങ്കിലും ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തേക്കാളും സാക്ഷരത കാര്യത്തിൽ കേരളം ബഹുദൂരം മുന്നിലാണ്. ഇതൊരു വലിയ നേട്ടം തന്നെ. അക്ഷരം ചൂഷണത്തിന്റെയും മർദ്ദനത്തിന്റെയും ഉപാധിയായി തീർന്ന ഇന്നത്തെ കാലത്ത് ഏത് ജനസമൂഹവും അത് ആർജ്ജിച്ചുവെച്ചില്ലെങ്കിൽ ആപത്താണ് എന്ന നിലയ്ക്കാണ് ഞാനിതു പറയുന്നത്.

1. 'വികസനോന്മുഖം' എന്ന വിശേഷണം സത്യത്തിൽ തർക്കവിഷയമല്ലേ? ഇന്ത്യക്കകത്തും പുറത്തും 'വികസനം' എന്ന പേരിൽ നടന്ന ചിലതെങ്കിലും വികസനവിരുദ്ധമല്ലയോ? പരിസ്ഥിതിയെയും സംസ്കാരത്തെയും പ്രതികൂലമായി ബാധിക്കാത്ത വിധം 'വികസന'ത്തെ നിർവചിക്കുകയും അതു പ്രയോഗവത്കരിക്കുകയും ചെയ്യുക എന്നതല്ലേ, ആദ്യം വേണ്ടത്? ഇത്തരം നിർവചനങ്ങളുണ്ടായാലും കേരളം ഇക്കാര്യത്തിൽ പിന്നിലാവും എന്നാണെന്റെ വിചാരം. വർത്തമാനക്കാലത്തെ അറിയാനും ദൂരക്കാഴ്ചയോടു കൂടി കാര്യങ്ങൾ ആസൂത്രണം ചെയ്യാനും പ്രാപ്തിയില്ലാത്ത രാഷ്ട്രീയ നേതൃത്വവും അക്കാദമിക് നേതൃത്വവും ആണ് നമുക്കുള്ളത്. പത്രം, ടി.വി, സിനിമ തുടങ്ങിയ മാധ്യമങ്ങളെപ്പറ്റി മര്യാദക്കു വല്ലതും പഠിക്കണമെങ്കിൽ കേരളത്തിനു പുറത്തുപോകണം എന്നതാണ് ഇന്നും നില. ഈ മാധ്യമങ്ങൾക്കാണെങ്കിൽ, ഏറ്റവുമധികം ഉപഭോക്താക്കളുള്ളത് ഈ സംസ്ഥാനത്തിലാണ് താനും! ഈ വൈരുദ്ധ്യം ഉദാഹരണമായി കണ്ടാൽ ഞാനിപ്പറഞ്ഞത് വിശദമാവും.



2 ഇക്കാര്യത്തിലും കേരളം പിന്നിലാണ് എന്നാണ് ഇതേപറ്റി അറിവുള്ള സഹപ്രവർത്തകരും സുഹൃത്തുക്കളും പറഞ്ഞ് ഞാൻ മനസിലാക്കിയിട്ടുള്ളത്.

3. ശാസ്ത്രം, വിവരസാങ്കേതികത തുടങ്ങിയ സംഗതികളുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയാത്ത ഭരണാധിപൻമാരാണ് നമുക്കുള്ളത്. ഭാവനയോ, അർപ്പണബോധമോ ഇല്ലാത്ത ഉദ്യോഗസ്ഥൻമാരും അക്കാദമികൻമാരും കൂടിയാവുമ്പോൾ ചിത്രം പൂർത്തിയാകുന്നു.

4. നമ്മുടെ മനുഷ്യവിഭവശേഷി അമേരിക്ക, ജർമ്മനി, ഗൾഫ്നാടുകൾ, ഇന്ത്യയിലെ തന്നെ മറുനാടൻ നഗരങ്ങൾ തുടങ്ങിയവ വലിച്ചൂറ്റികുടിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത്തരം ആലോചനകൾകൊണ്ട് കാര്യമായ ഉപകാരം വല്ലതുമുണ്ടോ? ബുദ്ധിയും അറിവും ഓർമ്മയും പ്രാപ്തിയുമുള്ള യുവാക്കളെല്ലാം കേരളത്തിൽ നിന്ന് 'രക്ഷപ്പെട്ടു' കൊണ്ടിരിക്കുന്ന ഒരവസ്ഥാവിശേഷമാണ് ഇന്നുള്ളത്. ഉയർന്ന ശമ്പളവും അത്യാധുനികമായ ജീവിത സൗകര്യങ്ങളും ആയി അന്യനാടുകൾ അവരെ വിളിക്കുന്നു. അവർ ഏതോ യക്ഷിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായിട്ടെന്നവണ്ണം പാഞ്ഞുചെല്ലുന്നു. അവരെ കുറ്റം പറയാമോ? അവർക്ക് പറ്റിയ പണിയും കൂലിയും കൊടുക്കാൻ ഇവിടെ പാങ്ങുണ്ടോ? അവരെ മടക്കികൊണ്ടുവരിക സാധ്യമാണോ? പോട്ടെ, ഇനിയുള്ളവർ പോകാതെ നോക്കാനെങ്കിലും പറ്റുമോ?

പോയവരും പോകുന്നവരും പോകട്ടെ, ബാക്കിയുള്ളവരുടെ കാര്യം നോക്കാം എന്നാണെങ്കിൽ, ആ ബാക്കിയിൽ മിക്കതിനെകൊണ്ടും വലിയ പ്രയോജനം ഉണ്ടാകാനിടയില്ല.

പണ്ട് പുറത്തുള്ളവർ ഇങ്ങോട്ടുവന്നാണ് നമ്മെ കീഴ്പെടുത്തിയത്. ഇപ്പോൾ നാം പുറത്തേക്കു പോയി കീഴ്പെടുകയാണ്. ഇതായിരിക്കാം, ആധുനികോത്തര കോളനീകരണം. നമ്മുടെ എന്നല്ല, ഏതു ദേശത്തിന്റെയും ഏറ്റവും വലിയ സമ്പത്തായ യൗവനത്തിലാണിപ്പോൾ കോളനീകരണം നടക്കുന്നത്.

ഞാൻ മലബാറിലെ മാത്രം ഉദാഹരണം കാണിക്കാം. ഇടക്കാലത്ത് ആധുനിക വിദ്യാഭ്യാസത്തോട് മലബാറിൽ കമ്പം വർദ്ധിച്ചിരുന്നു. ഇപ്പോൾ ഗ്രാഫ് താഴോട്ടാണ്. കാര്യം: 'ഓ, പഠിച്ച് നേരം കളയുന്നതെന്തിനാ; ദുബായിൽ പോയാൽ പണി കിട്ടില്ലേ? പൈസ കിട്ടില്ലേ?' എന്ന മനോഭാവം തന്നെ.

ഇനി, നമ്മൾ ഈ രംഗത്ത് ശ്രദ്ധ

പണ്ട് പുറത്തുള്ളവർ ഇങ്ങോട്ടുവന്നാണ് നമ്മെ കീഴ്പെടുത്തിയത്. ഇപ്പോൾ നാം പുറത്തേക്കു പോയി കീഴ്പെടുകയാണ്. ഇതായിരിക്കാം, ആധുനികോത്തര കോളനീകരണം.

ചെലുത്തിയാൽ തന്നെ അതിൻെറ പ്രയോജനം കേരളത്തിനാവില്ല; വേറെ വല്ല ദേശത്തിനും ആവും എന്നാണ് ഇന്നത്തെ നിലവച്ച് പറയാവുന്നത്.

5. സന്താന നിയന്ത്രണം വളരെ എളുപ്പം കേരളീയർ ഉൾക്കൊണ്ടു. ഇതുപോലെ ഉന്നതവിദ്യാഭ്യാസരംഗത്ത് ഒരുതരം 'ക്വാളിറ്റി കൺട്രോൾ' ആണ് ഇന്നത്തെ അത്യാവശ്യം. 210 മാർക്ക് കിട്ടി എസ്.എസ്.എൽ.സി പാസായവരൊക്കെ +2വിനും പ്രീഡിഗ്രിക്കും പോകുന്നു. കഷ്ടിച്ച് ഇതു കടക്കുന്നവരൊക്കെ ഡിഗ്രിക്ക് ചെല്ലുന്നു, അതും പേരിന് കടന്നവർ പി.ജിക്ക് എത്തുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രണ്ടായിരം പേർ, വീതമാണ് ഇപ്പോൾ വർഷത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും അറബിയിലും ചരിത്രത്തിലും എം.എ എടുക്കുന്നത്! മര്യാദക്ക് ഉത്തരക്കടലാസ് നോക്കാനോ, പരീക്ഷാഫലം സമയത്ത് പ്രസിദ്ധപ്പെടുത്താനോ പാങ്ങില്ലാത്തവിധം സംഗതി സങ്കീർണമായിരിക്കുന്നു. സാർവലൗകിക വിദ്യാഭ്യാസത്തിൻെറ കെടുതി! ചുരുങ്ങിയത് ഡിഗ്രിക്ക് ഫസ്റ്റ് ക്ലാസെങ്കിലും ഇല്ലാത്ത ആർക്കും പി.ജിക്കെഴുതാൻ സൗകര്യം ഉണ്ടാവരുത്. ഈ മട്ടിൽ അവിടത്തെ ജനപ്പെരുപ്പം തടയുക തന്നെ വേണം. പഠിക്കാൻ കൊള്ളുന്നവൻ മാത്രം പഠിച്ചാൽ മതി. ഒരു പേരിന് പി.ജിയെടുക്കാൻ നാടിൻെറ സമ്പത്തും ഊർജ്ജവും അവരുടെ യൗവനവും പാഴാക്കണോ? ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസം കൊണ്ടല്ലേ, പ്രയോജനമുള്ളൂ?

ഇടക്കാലത്ത് ആധുനിക വിദ്യാഭ്യാസത്തോട് മലബാറിൽ കമ്പം വർദ്ധിച്ചിരുന്നു. ഇപ്പോൾ ഗ്രാഫ് താഴോട്ടാണ്. കാര്യം; 'ഓ, പഠിച്ച് നേരം കളയുന്നതെന്തിനാ: ദുബായിൽ പോയാൽ പണി കിട്ടില്ലേ? പൈസ കിട്ടില്ലേ?' എന്ന മനോ ഭാവം തന്നെ.

6. ഇന്നത്തെ അവസ്ഥയിൽ ചെറിയൊരളവിൽ സ്വകാര്യമേഖല വിദ്യാഭ്യാസരംഗത്ത് വേണ്ടിവരും. സിദ്ധാന്തമല്ല, അനുഭവമാണ് പ്രമാണം.

7. നമുക്ക് മാത്രമായി ചരിത്രമുണ്ട്. പക്ഷേ ഇപ്പോൾ നമുക്ക് മാത്രമായി ഒരു സാമൂഹ്യപശ്ചാത്തലമുണ്ടോ? ശാസ്ത്രവും വിവരസാങ്കേതികവിദ്യയും കൂടി ലോകത്തെ മുഴുവൻ ഒരു 'ഗ്ലോബൽ വില്ലേജ്' ആക്കിക്കഴിഞ്ഞ ഈ സാഹചര്യത്തിൽ അങ്ങനെയൊന്നുണ്ടാവാൻ സാധ്യതയുണ്ടോ? ആലോചിക്കേണ്ട വിഷയമാണ്.

ഔഷധി

ആയുരാരോഗ്യവും സൗന്ദര്യവും നൽകുന്ന ആയുർവേദ രഹസ്യങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു

ആയുർവേദം ആയുസിൻെറ ശാസ്ത്രം - പൗരാണിക കാലം മുതൽ ഭാരതജനത അവലംബിച്ചു വരുന്ന ആരോഗ്യകരമായ ജീവിതരീതി. ഇപ്പോൾ ഔഷധി ഈ പ്രാചീന ശാസ്ത്രത്തിൻെറ ഗുണങ്ങൾ കാലോചിതമായി പരിഷ്കരിച്ച് എന്നാൽ തനിമ ചോർന്നുപോകാതെ ജനങ്ങളിലെത്തിക്കുന്നു. അംഗീകൃത ഭിഷഗ്വരൻമാർ ശാസ്ത്രീയമായി തയ്യാറാക്കുന്ന സ്പെഷ്യൽ ച്യവനപ്രാശം, സാരസ്വതാരിഷ്ടം (സ്വർണം ചേർത്തത്), പ്രമേഹൗഷധി, ഡയബറ്റിക് ഡ്രിങ്ക്സ്, റുമാജിത്ത് ഓയിൻറ്മെൻറ്, ബേൾക്യൂർ, ഹെയർടോൺ, തെങ്ങിൻ പൂക്കുലാമൃതം, അശ്വഗന്ധാദി ലേഹ്യം, അഷ്ടചൂർണം സസ്പെൻഷൻ, പഞ്ചജീരകഗുഡം, ദാഹശമനി, ടൂത്ത് പൗഡർ തുടങ്ങി നാനൂറിൽപരം ഔഷധങ്ങൾ പുറമെ, സൗന്ദര്യ സംരക്ഷണത്തിനും ചർമ്മ പരിപാലനത്തിനും 'ഔഷധി' സോപ്പ്.

കേരളത്തിലെവിടെയുമുള്ള അംഗീകൃത ഏജൻസികളിൽ നിന്നും തിരുവനന്തപുരത്തുള്ള ഔഷധി ആരോഗ്യഭവൻ സെയിൽസ് ഷോറൂമിൽ നിന്നും ലഭിക്കുന്നു.

ഔഷധി, ഫാർമസ്യൂട്ടിക്കൽ കോർപറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ്

തൃശൂർ – 680 001 ഫോൺ; 334403, 334818, 334694. ഫാക്സ് ; 0487–333533

e-mail-Oushadhi @md 3. Vsnl. net. in

ആറു പതിറ്റാണ്ടുകളായി ആയുർവേദ ഔഷധ നിർമ്മാണ വിതരണരംഗത്ത് സർക്കാരിൻെറ മികവുറ്റ പങ്കാളിത്തം.

ചെയർമാൻ
അഡ്വ. കരകുളം കൃഷ്ണപിള്ള

മാനേജിങ് ഡയറക്ടർ
ഡോ. വി.എം.ഗോപാലമേനോൻ ഐ.എ.എസ്

കേരളത്തിലെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ തകരാറെന്താണ്?

സാമൂഹ്യ-സാമ്പത്തിക-പാരിസ്ഥിതിക പഠനങ്ങൾക്കു വേണ്ടിയുള്ള കേന്ദ്ര (സി.എസ്.ഇ.എസ്, പാലാരിവട്ടം)ത്തിന് വേണ്ടി ഡോ.കെ.കെ.ജോർജ്ജും എൻ.അജിത്കുമാറും കൂടി തയ്യാറാക്കിയ പഠനത്തിൽ നിന്നുള്ള പ്രസക്തഭാഗങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്.

കേരളത്തിലെ വിദ്യാഭ്യാസവ്യവസ്ഥ സംസ്ഥാനത്തിലെ ഏറ്റവും വലിയ ഏക സാമ്പത്തികപ്രവർത്തനമായി തീർന്നിട്ടുണ്ട്. വിദ്യാഭ്യാസത്തിനായുള്ള സർക്കാർ ചെലവിന്റെ സംസ്ഥാനാഭ്യന്തരോല്പാദനവുമായുള്ള അനുപാതം രാജ്യത്തിലെ ഏറ്റവും ഉയർന്ന ഒന്നാണ്. സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ ചെലവിന്റെ മൂന്നിലൊന്നിലധികം വിദ്യാഭ്യാസത്തിനാണ് ചെലവിടുന്നത്. വിദ്യാഭ്യാസത്തിനായുള്ള പ്രതിശീർഷ ചെലവിന്റെ കാര്യത്തിൽ ഏറ്റവും ഉയർന്ന രണ്ടാമത്തെ ഇന്ത്യൻ സംസ്ഥാനമാണ് കേരളം.

ജനസംഖ്യയിൽ അഞ്ചിലൊന്ന് വിദ്യാർത്ഥികളാണ്. വിദ്യാഭ്യാസമേഖല സംസ്ഥാനത്തിലെ ഏറ്റവും വലിയ തൊഴിൽദാതാക്കളിലൊന്നാണ്. രജിസ്റ്റർ ചെയ്ത ഫാക്ടറികളിലെ തൊഴിലാളികളുടെ മൊത്തം എണ്ണത്തിന്റെ 50 ശതമാനത്തിലധികം വരും അദ്ധ്യാപകരുടെ എണ്ണം. സംഘടിതമേഖലയിലെ മൊത്തം തൊഴിലിന്റെ 18 ശതമാനം വരും അദ്ധ്യാപകർ. മൊത്തം തൊഴിലാളികളും അദ്ധ്യാപകരുമായിട്ടുള്ള അനുപാതം നോക്കിയാൽ കേരളമാണ് ഏറ്റവും ഉയരത്തിൽ. ഇത്രയും വലിയ നിക്ഷേപത്തിന് അനുസൃതമായ ഫലം സാമ്പത്തിക വികാസത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന ചോദ്യം ഉന്നയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്; ഇല്ലെങ്കിൽ, ഉല്പാദനക്ഷമമല്ലാത്ത അവസ്ഥക്ക് കാരണമെന്തെന്നും............

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പരിമിതമായ വെള്ളക്കോളർ തൊഴിൽമേഖലകൾക്ക് വേണ്ടി ആളെ കൊടുക്കുന്ന പ്രക്രിയയിൽ, കേരളത്തിലെ വിദ്യാഭ്യാസം 'നിർജീവമായ അക്കാദമിക വ്യായാമമായി മരവിച്ചുനിന്നു'. വിദ്യാഭ്യാസ സമ്പ്രദായം സംസ്ഥാനത്തിലെ ഉല്പാദനപ്രക്രിയയിൽ നിന്ന് വേറിട്ട് നിന്നു. തത്ഫലമായി ഇത് കായികാദ്ധ്വാനത്തെ മാനസികാദ്ധ്വാനത്തിൽ നിന്ന് വേർപെടുത്തുന്നതിലേക്കെത്തിച്ചു. ഈ വേർതിരിവ് കേരളത്തിൽ വളരെ പ്രകടമാണ്. വെള്ളക്കോളർ ജോലിക്കായുള്ള ഭ്രമവും കായികാദ്ധ്വാനത്തോടുള്ള പൊതുവായ വിമുഖതയും ഒപ്പത്തിനൊപ്പം നിലനിൽക്കുന്നത് കാണാം....

ഉന്നതവിദ്യാഭ്യാസ സമ്പ്രദായം കേരള സമ്പദ്‌വ്യവസ്ഥയിലും സമൂഹത്തിലും വേരൂന്നിയല്ല നിൽക്കുന്നത്. കരിക്കുലം ഒരിക്കലും കേരള സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങൾക്ക് ചേരുന്നതായിരുന്നിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായവും തമ്മിൽ പ്രതിപ്രവർത്തനമില്ല. മാത്രമല്ല, ഈ സ്ഥാപനങ്ങൾ മാനവിക, ശാസ്ത്രവിഷയങ്ങളിലെ പരമ്പരാഗതപാഠ്യങ്ങളിലാണ് ഊന്നൽ നൽകുന്നതും. ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും മാനേജ്മെന്റിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിജ്ഞാനവിസ്ഫോടനവും സവിശേഷവല്കരണത്തിന്റെ വർദ്ധിച്ചുവരുന്ന പ്രവണതയും പ്രകടമായ വിധത്തിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തെ സ്വാധീനിച്ചിട്ടേയില്ല. മുൻകാലങ്ങളിൽ, കേരളത്തിലെ വിദ്യാഭ്യാസവ്യവസ്ഥ ബോധപൂർവമല്ലെങ്കിലും സംസ്ഥാനത്തിനു പുറത്തുള്ള തൊഴിൽവിപണിയുടെ മാറിവരുന്ന ആവശ്യങ്ങളുമായി ഒത്തുപോകാറുണ്ട്. പക്ഷേ, ഇപ്പോൾ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള തൊഴിൽ വിപണികളിൽ സംഭവിക്കുന്ന ഗുണപരമായ മാറ്റങ്ങളോട് പ്രതികരിക്കാനുള്ള കേരളത്തിന്റെ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ശേഷി കീഴ്പോട്ട് പോന്നിരിക്കുന്നു. നിലവിലുള്ള പാഠ്യപദ്ധതികളിൽ പുതിയവ ചേർക്കുന്നതിലും പുതിയ മേഖലകളിൽ പുതിയ പാഠ്യപദ്ധതികൾ തുടങ്ങുന്നതിലും പൊതു വിദ്യാഭ്യാസ വ്യവസ്ഥക്ക് സംഭവിച്ച പരാജയം നിമിത്തം വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിലേക്ക് കുടിയേറുകയാണ്. സംസ്ഥാനത്തിനുള്ളിൽ, സർവ്വകലാശാലകളും കോളേജുകളുമായി ബന്ധപ്പെടാത്ത സ്ഥാപനങ്ങളാണ്, കംപ്യൂട്ടർ വിദ്യാഭ്യാസം, യാത്രയും ടൂറിസവും, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങിയ മേഖലകളിലെ വർദ്ധിച്ചു വരുന്ന ആവശ്യം നിറവേറ്റുന്നത്. മറ്റു പല രാജ്യങ്ങളിലും ഇത്തരം പാഠ്യപദ്ധതികൾ കമ്യൂണിറ്റി കോളേജുകളും പോളിടെക്നിക്കുകളുമാണ് നടത്തുന്നത്.

കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം പിന്തുടരുന്ന പ്രബോധനപരമായ രീതി കാലഹരണം വന്നതാണ്. അത് കേരളത്തിലെ സാമൂഹ്യവും ഭൗതികവുമായ യാഥാർത്ഥ്യങ്ങൾ കണക്കിലെടുക്കുന്നതേയില്ല. തികച്ചും അദ്ധ്യാപകകേന്ദ്രീകൃതവും പങ്കാളിത്ത നിഷേധിയുമാണത്. അത് കരണ്ടുപഠിക്കുന്നതിനെ മാത്രമാണ് പ്രോത്സാഹിപ്പിക്കുന്നത്. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും അന്വേഷണത്വര, സർഗാത്മകത, മുൻകൈ എന്നിവയെ തകർക്കുകയാണ് അത് ചെയ്യുന്നത്.......

ഗവേഷണം

ഗവേഷണത്തിനുള്ള അവസരങ്ങളുടെ ദൗർലഭ്യത്തിനു പുറമെ, നടക്കുന്ന ഗവേഷണത്തിന്റെ താഴ്ന്ന നിലവാരവും പ്രസക്തിയില്ലായ്മയും ഗൗരവമായിട്ടെടുക്കേണ്ട കാര്യങ്ങളാണ്. ഗവേഷണത്തിൽ അധികവും ആവർത്തനങ്ങളാണ്; നിലവിലുള്ള വിജ്ഞാനത്തിലേക്ക് അതൊന്നും കൂട്ടിച്ചേർക്കുന്നില്ല. ഗവേഷണത്തിന് സൗകര്യമില്ലാതെ ചിതറികിടക്കുന്ന കോളേജുകളിൽ ബിരുദാന്തര പഠനം നടത്തുന്നതുകൊണ്ട് അതും ഗവേഷണവും വേറിട്ടുനിൽക്കുന്നു. ആവശ്യത്തിന് ഫണ്ടില്ലാത്തതും ഉദ്യോഗസ്ഥമേധാവിത്തത്തിന്റെ പിടിയലമർന്നതും അമിതമായി രാഷ്ട്രീയവൽകരിച്ചതുമായ സർവകലാശാലാസമ്പ്രദായം ഗവേ

ഷണത്തിന് അനുഗുണമായ അന്തരീക്ഷം നൽകുന്നതേയില്ല.......

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെൻറ് സമ്പ്രദായത്തിൻെറ ഒരു ന്യൂനത അത് അങ്ങേയറ്റം കേന്ദ്രീകൃതവും ശ്രേണീബദ്ധവുമാണെന്നതാണ്. വിദ്യാഭ്യാസമേഖല ആവശ്യത്തിലധികം ചിട്ടപ്പെടുത്തിയതാണ്. വ്യവസ്ഥ അങ്ങേയറ്റം അയവില്ലാത്തതും അതിൻെറ മുഖമുദ്ര ചുവപ്പുനാടയുമാണ്. കാലഹരണം വന്ന ഏറെക്കുറെ എല്ലാ സർക്കാർ ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും നടപടിക്രമങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ബാധകമായിരിക്കുന്നു. ആരെങ്കിലും ഏതെങ്കിലും തരത്തിലുള്ള പരീക്ഷണങ്ങൾ നടത്തുന്നതിനെ ഈ വ്യവസ്ഥ തടയുന്നു. ഏതെങ്കിലും തരത്തിലുള്ള സ്വയംഭരണമോ സ്ഥാപനങ്ങളുടെ വ്യതിരിക്തതയോ ഈ വ്യവസ്ഥ അനുവദിക്കുന്നില്ല. സർക്കാർ ഉണ്ടാക്കിയ കട്ടിലിനനുസരിച്ച് കാല്‌മുറിക്കാൻ ഓരോ സ്ഥാപനവും നിർബന്ധിതമായിരിക്കുന്നു. ഈ വ്യവസ്ഥയിലെ പങ്കാളികളായ കോളേജുകൾ, സർവകലാശാല ഡിപ്പാർട്ട്മെൻറുകൾ, ഫാക്കൽട്ടികൾ എന്നിവയ്ക്ക് അല്പംപോലും സ്വയംഭരണാവകാശമില്ല. സർവകലാശാലയുടെ സ്വയംഭരണം ഒരു കെട്ടുകഥയായിരിക്കുന്നു. സാമ്പത്തിക പ്രേരണകളുണ്ടായിട്ടുപോലും യു.ജി.സി പദ്ധതിയനുസരിച്ചുള്ള സ്വയംഭരണ കോളേജുകളുടെ പദ്ധതി, പിടിമുറുക്കിയിട്ടുള്ള തല്പരകക്ഷികളുടെ ചെറുത്തുനില്പു കാരണം നടപ്പിലാക്കുക പോലുമുണ്ടായില്ല.

പുനർഘടനയുടെ പ്രശ്നങ്ങൾ

ഭീമാകാരമായ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം സംസ്ഥാന സമ്പദ് വ്യവസ്ഥക്ക് ഒരു പ്രാരാബ്ധം ആകാതിരിക്കണമെങ്കിൽ കാലോചിതമായ മാറ്റങ്ങളും ഉള്ളടക്കത്തിൻെറ ആധുനികവൽകരണവും അത്യാവശ്യമാണ്. വിദ്യാഭ്യാസത്തിൻെറ എല്ലാ മേഖലകളെയും ഉൾകൊള്ളുന്ന വമ്പിച്ചൊരു പുനഃസംഘടന ആവശ്യമാണ്. വിദ്യാഭ്യാസ സമ്പ്രദായം പുനഃസംഘടിപ്പിക്കുകയും ആധുനികവൽകരിക്കുകയും ചെയ്യണമെങ്കിൽ വൻതോതിൽ നിക്ഷേപം ആവശ്യമുണ്ട്. പക്ഷേ, പണം മാത്രമല്ല പ്രശ്നം. വർഷങ്ങളായി നിക്ഷിപ്ത താല്പര്യങ്ങളുള്ള ഒട്ടേറെ തല്പരഗ്രൂപ്പുകൾ ഈ വ്യവസ്ഥയിൽ അള്ളിപ്പിടിച്ചിട്ടുണ്ട്. നിലവിലുള്ള ഈ വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റമുണ്ടായാൽ രാഷ്ട്രീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതും രാഷ്ട്രീയ നേതൃത്വവുമായി നേരിട്ട് ബന്ധമുള്ളവരുമായ വിദ്യാർത്ഥികൾ, അധ്യാപകർ, ജീവനക്കാർ, മാനേജ്മെൻറ് തുടങ്ങിയ ഈ ഗ്രൂപ്പുകളുടെയെല്ലാം പദ്ധതികൾ തകിടം മറിയും. സ്വകാര്യകോളേജ് സ്കൂൾ മാനേജ്മെൻറുകൾക്ക് വർഗീയവും മതപരവുമായ കൂറിനെ കുത്തിപ്പൊക്കി, ന്യൂനപക്ഷാവകാശങ്ങളുടെയും പിന്നോക്ക വർഗതാല്പര്യങ്ങളുടെയും സംരക്ഷകരെന്ന് ചമഞ്ഞ് ഏതൊരു മാറ്റത്തെയും എളുപ്പം തടയാനാകും. വിദ്യാഭ്യാസം ഒരു അക്കാദമിക പ്രവർത്തനമല്ലാതായിരിക്കുന്നു; അധികാരത്തിൻെറയും മേധാവിത്തത്തിൻെറയും ഒരു ഉപകരണമായിരിക്കുന്നു. ഈ സാമൂഹ്യ, രാഷ്ട്രീയഗ്രൂപ്പുകളുടെ തടവിലായ, താരതമ്യേന ദുർബലമായ കേരളത്തിലെ ഭരണകൂടത്തിന് പരസ്പരവിരുദ്ധങ്ങളും പിന്നോട്ട് പിടിച്ചുവലിക്കുന്നതുമായ ഈ സമ്മർദ്ദങ്ങളെ ചെറുക്കാനുള്ള ശേഷിയില്ല. ഭരണകൂടത്തിന് ഈ കഴിവ് നേടാനാകുന്നില്ലെങ്കിൽ വിദ്യാഭ്യാസ സമ്പ്രദായം പ്രവർത്തനക്ഷമമല്ലാത്ത ഒരു വ്യവസ്ഥയായി തുടരുകയേ ഉള്ളൂ.

enhancing the natural
A.L.I.Y.A S.I.L.K.S
ROUND SOUTH, TRICHUR - 680 001
✆ 425222, 426245
A Complete Family Cloth Shop



പ്ലസ്ടു പ്രശ്നം ഒരു രോഗലക്ഷണം മാത്രം

ജോൺസൺ

കേരളത്തിലെ വിദ്യാഭ്യാസമണ്ഡലം പ്രായേണ എന്നും ഒരു സംഘർഷഭൂമിയാണ്. പ്ലസ്ടു പ്രശ്നമാണ് ഇപ്പോൾ സമൂഹത്തെയാകെ അസ്വസ്ഥമാക്കിയിരിക്കുന്നത്. ഈ പ്രശ്നം വിലയിരുത്തുന്നവർ ഉപരിപ്ലവങ്ങളും കാലികങ്ങളുമായ കാരണങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്. വിദ്യാഭ്യാസമേഖലയിൽ ഇന്നു നിലവിലുള്ള പ്രശ്നങ്ങളെക്കുറിച്ച് ആഴമായി ചിന്തിക്കുന്നതിന് സംഘട്ടനത്തിലേർപ്പെട്ടിരിക്കുന്ന രാഷ്ട്രീയ പാർട്ടികൾക്ക് ഇന്നും കഴിഞ്ഞിട്ടില്ലയെന്നതാണ് ദുഃഖകരമായ അവസ്ഥ.

അല്പം ചരിത്രം

വിദ്യാഭ്യാസമേഖലയെ ഒരു രാഷ്ട്രീയായുധമാക്കുന്നതിന്റെ തിരശ്ശീല ഉയർന്നത് സർ സി.പി.രാമസ്വാമി അയ്യരുടെ കാലത്തായിരുന്നു. കൊച്ചി, മലബാർ പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു ഘടനാരീതിയായിരുന്ന തിരുവിതാംകൂറിലെ വിദ്യാഭ്യാസ മേഖലയ്ക്കുണ്ടായിരുന്നത്. തിരുവിതാംകൂറിൽ സർക്കാർ വിദ്യാലയം ആദ്യമായി സ്ഥാപിച്ചത്, 1834-ലാണ്. വിശാഖം തിരുനാൾ മഹാരാജാവിന്റെ കാലം മുതൽ പ്രൈമറി വിദ്യാഭ്യാസരംഗത്ത് സ്വകാര്യ മാനേജുമെന്റുകൾക്ക് പ്രോത്സാഹനം നൽകിപ്പോന്നു. വിദേശ മിഷനറിമാർ ആരംഭിച്ച ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തെ തിരുവിതാംകൂർ സർക്കാർ അകമഴിഞ്ഞു സഹായിച്ചു. അങ്ങനെയാണ് ഗ്രാന്റ് ഇൻ എയ്ഡ് സ്കൂളുകൾ തിരുവിതാംകൂറിലുണ്ടായത്.

പ്രോട്ടസ്റ്റന്റ് മിഷനറിമാരാണ് ആദ്യം ഇംഗ്ലീഷ് വിദ്യാഭ്യാസം തിരുവിതാംകൂറിൽ ആരംഭിച്ചത്. പ്രോട്ടസ്റ്റന്റ് സഭയോട് വിശ്വാസപരമായി എതിർപ്പുണ്ടായിരുന്ന കത്തോലിക്കാ സഭ തങ്ങളുടെ വിദ്യാർത്ഥികൾ പ്രോട്ടസ്റ്റന്റ് വിദ്യാലയങ്ങളിൽ ചേരുന്നതിനെ നിരോധിച്ചിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ഉദ്യോഗ സാധ്യതകൾ കണ്ടെത്തിയ കത്തോലിക്കാ സമുദായവും ഈ രംഗത്ത് പിന്നീട് പ്രവേശിക്കുകയും സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. ഈ രണ്ടു ക്രൈസ്തവ സമൂഹങ്ങളും സുസംഘടിതമായിരുന്നു. സ്കൂളുകൾക്കാവശ്യമായ കെട്ടിടങ്ങൾ നിർമിക്കുന്നതിനുള്ള സാമ്പത്തികശക്തിയും അവർക്കുണ്ടായിരുന്നു.

തുടർന്ന് ഈ രംഗത്തേക്ക് എൻ.എസ്.എസ് പ്രവേശിച്ചു. അയ്യങ്കാളി 1906-ൽ വെങ്ങാനൂരിൽ സ്ഥാപിച്ച സ്കൂളിന്റെ ലക്ഷ്യവും പുലയ സമുദായത്തിന്റെ വിദ്യാഭ്യാസ സൗകര്യം വർധിപ്പിക്കുക എന്നതായിരുന്നു. 'വിദ്യകൊണ്ട് ശക്തരാകുക' എന്ന ശ്രീനാരായണഗുരുവിന്റെ ആഹ്വാനം എസ്.എൻ.ഡി.പിയെയും വിദ്യാഭ്യാസ രംഗത്തിറക്കി. എന്നാൽ, സ്കൂളുകളുടെ എണ്ണത്തിൽ സംഘടിത ക്രൈസ്തവ സമുദായം എന്നും മുൻപന്തിയിലായിരുന്നു. സമുദായ സംഘടനകൾ മത്സരിച്ച് വിദ്യാഭ്യാസരംഗത്ത് പ്രവേശിച്ചപ്പോൾ അതിന്റെ പിന്നിൽ സ്വസമുദായാംഗങ്ങളുടെ വിദ്യാഭ്യാസ ഉൽക്കർഷമാണ് ലക്ഷ്യമാക്കിയിരുന്നത്. സമുദായാംഗങ്ങളുടെ സമ്പത്ത് വിനിയോഗിച്ചു സ്ഥാപിക്കപ്പെട്ടവയായിരുന്നു സ്കൂളുകൾ. സമുദായങ്ങൾ തമ്മിലുള്ള ഈ മത്സരം അക്കാലത്ത് പൊതുവേ ആരോഗ്യകരവും പൊതുവിദ്യാഭ്യാസത്തിന് ഗുണകരവുമായിരുന്നു.

വിദ്യാഭ്യാസ മേഖലയിലേക്ക് ആദ്യം രാഷ്ട്രീയം കടന്നെത്തിയത് സർ സി.പി.രാമസ്വാമി അയ്യരുടെ വിദ്യാഭ്യാസ പരിഷ്കരണ പരിശ്രമത്തിനെതിരെയുള്ള സമരത്തിലായിരുന്നു. പ്രൈമറി വിദ്യാഭ്യാസത്തിന്റെ ചുമതല സർക്കാരിൽ നിക്ഷിപ്തമായിരിക്കണമെന്ന, വളരെ പുരോഗമനപരമായ, നയമായിരുന്നു അന്ന് സർ. സി.പി സ്വീകരിച്ചത്. എൻ.എസ്.എസും എസ്.എൻ.ഡി.പിയും ഈ നിലപാടിനെ അംഗീകരിച്ചു. എന്നാൽ, ക്രിസ്ത്യൻ മാനേജ്മെന്റുകൾ സംഘടിതമായി സി.പിയുടെ

വിദ്യാഭ്യാസനയത്തെ എതിർത്തു. ഉത്തരവാദപ്രക്ഷോഭണത്തിന് നേതൃത്വം കൊടുത്തിരുന്ന കോൺഗ്രസിനുള്ളിലെ പുരോഗമന ചിന്തയുള്ള ചെറുപ്പക്കാരുടെ അഭിപ്രായങ്ങൾക്കു വിരുദ്ധമായി, ക്രിസ്ത്യൻ മാനേജുമെൻറുകളുടെ വിദ്യാഭ്യാസപ്രക്ഷോഭണത്തിലേക്ക് കോൺഗ്രസ് എടുത്തുചാടി. സർ സി.പി.രാമസ്വാമി അയ്യർക്കെതിരെ ഉയരുന്ന ഏതു പ്രക്ഷോഭണത്തെയും രാഷ്ട്രീയമായി മുതലെടുക്കുക എന്നത് കോൺഗ്രസിൻെറ നയമായിരുന്നു. അങ്ങനെ വിദ്യാഭ്യാസപ്രക്ഷോഭണം ഒരു സി.പി വിരുദ്ധ പ്രക്ഷോഭണമായിത്തീർന്നു. അവസാനം സി.പിയുടെ വിദ്യാഭ്യാസനയത്തെ പിന്തുണച്ചിരുന്ന മന്നത്തു പത്മനാഭനും എസ്.എൻ.ഡി.പിയും ഈ സി.പി വിരുദ്ധ തരംഗത്തിൽ ചേരുകയുണ്ടായി. സർ സി.പിക്കെതിരെയുള്ള രാഷ്ട്രീയ സമരം വിജയിച്ചപ്പോൾ അത് സാമുദായികശക്തികളുടെ ഇണചേരലിൻെറ വിജയമായി കണക്കാക്കപ്പെട്ടു.

> **വിദ്യാഭ്യാസ മേഖലയിലേക്ക് ആദ്യം രാഷ്ട്രീയം കടന്നെത്തിയത് സർ സി.പി.രാമസ്വാമി അയ്യരുടെ വിദ്യാഭ്യാസ പരിഷ്കരണ പരിശ്രമത്തിനെതിരെയുള്ള സമരത്തിലായിരുന്നു. പ്രൈമറി വിദ്യാഭ്യാസത്തിൻെറ ചുമതല സർക്കാരിൽ നിക്ഷിപ്തമായിരിക്കണമെന്ന, വളരെ പുരോഗമനപരമായ, നയമായിരുന്നു അന്ന് സർ. സി.പി.സ്വീകരിച്ചത്. എൻ.എസ്.എസും എസ്.എൻ.ഡി.പിയും ഈ നിലപാടിനെ അംഗീകരിച്ചു. എന്നാൽ, ക്രിസ്ത്യൻ മാനേജ്മെൻറുകൾ സംഘടിതമായി സി.പിയുടെ വിദ്യാഭ്യാസ നയത്തെ എതിർത്തു.**

വിദ്യാഭ്യാസ മേഖലയെ രാഷ്ട്രീയ രംഗത്തേക്ക് ഉൾപ്രവേശിപ്പിക്കുകയും സാമുദായിക-വിദ്യാഭ്യാസ മേഖലകളെ രാഷ്ട്രീയ കക്ഷികൾ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്ത കേരളത്തിലെ ആദ്യത്തെ സംഭവം സി.പി ക്കെതിരെയുള്ള വിദ്യാഭ്യാസ പ്രക്ഷോഭണമായിരുന്നു. അന്നുമുതൽ ഇങ്ങോട്ട് വിദ്യാഭ്യാസമേഖല എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും കൈപൊള്ളിക്കുന്ന ഒരു മേഖലയായിത്തീർന്നു.

വിദ്യാഭ്യാസമേഖലയിൽ നാലു ഭിന്ന ഘടകങ്ങളുണ്ട്. 1. സർക്കാർ 2. സ്കൂൾ മാനേജർമാർ 3. അധ്യാപകർ 4. വിദ്യാർത്ഥികൾ

ആദ്യഘട്ടത്തിൽ കേരളത്തിൽ വിദ്യാഭ്യാസമേഖലയിലെ ഏറ്റവും ശക്തമായ ഘടകം മാനേജരായിരുന്നു. അന്ന് പ്രൈമറി വിദ്യാഭ്യാസം സൗജന്യമായിരുന്നു. സെക്കൻഡറി വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികൾക്ക് ഫീസുണ്ടായിരുന്നു. ഈ ഫീസ് പിരിച്ചിരുന്നത് മാനേജർമാരായിരുന്നു. അധ്യാപകർക്ക് സർക്കാരിൽ നിന്നും ശമ്പളം വകയിൽ ഗ്രാൻറ് നൽകിയിരുന്നെങ്കിലും ശമ്പളം തുച്ഛമായിരുന്നു. അധ്യാപകരെ നിയമിക്കാനും പിരിച്ചുവിടാനും സർവതന്ത്ര സ്വാതന്ത്ര്യം മാനേജർമാർക്കുണ്ടായിരുന്നു. ഫീസ് വരുമാനത്തിൻെറ ഒരു ചെറിയ അംശം മാത്രമാണ് അന്ന് അധ്യാപകർക്ക് ശമ്പളമായി നൽകിയിരുന്നത്. ഈ അവസ്ഥയ്ക്ക് ഒരു വിരാമമിടാൻ തിരുക്കൊച്ചി മന്ത്രിസഭയിലെ പനമ്പള്ളി ഗോവിന്ദമേനോൻ സെക്കൻഡറി വിദ്യാഭ്യാസപദ്ധതി ആവിഷ്ക്കരിച്ചു. അധ്യാപകർക്ക് ഗ്രേയ്ഡ്, ഇൻക്രിമെൻറ്, സർവ്വീസ്, ലീവ് എന്നിങ്ങനെ എല്ലാറ്റിനും വ്യവസ്ഥകളുണ്ടാക്കുകയും ഫീസിൻെറ 80 ശതമാനം സർക്കാരിൽ അടച്ചാൽ സ്വകാര്യ വിദ്യാലയങ്ങളിൽ അധ്യാപകർക്ക് നേരിട്ട് ശമ്പളം കൊടുക്കുകയും ചെയ്യുക എന്നതായിരുന്നു ഈ പരിഷ്കാരം. മാനേജർമാർ രംഗത്തിറങ്ങി പ്രക്ഷോഭണം ആരംഭിക്കുകയും പനമ്പള്ളി പദ്ധതിയും മന്ത്രിസഭയും അതോടെ നിലംപതിക്കുകയും ചെയ്തു.

പിന്നീട് വിദ്യാഭ്യാസമേഖലയിൽ സമഗ്ര പരിഷ്കാരത്തിന്നായി മുന്നിട്ടിറങ്ങിയത് 1957ലെ കമ്യൂണിസ്റ്റ് മന്ത്രിസഭയായിരുന്നു. മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യാസബില്ലിൽ അധ്യാപകർക്ക് നൈയാമികമായ സേവനവ്യവസ്ഥയും സർക്കാരിൽ നിന്ന് നേരിട്ട് ശമ്പളവും വാഗ്ദാനം ചെയ്തു. മാനേജർമാർക്ക് 'മൂക്കുകയറിടാൻ' തയ്യാറാക്കിയ മുണ്ടശ്ശേരിയുടെ ഈ ബില്ലാണ് വിമോചനസമരത്തിൻെറ തീപ്പൊരിയായത്. മാനേജർമാരും അവരുടെ സമുദായങ്ങളും ഭീഷണമാംവിധത്തിൽ രാഷ്ട്രീയരംഗത്ത് പ്രവേശിച്ചു. സദുദ്ദേശ്യത്തോടു കൂടി പ്രൊഫ.മുണ്ടശ്ശേരി ആവിഷ്ക്കരിച്ച, അധ്യാപകർക്കു സർക്കാർ നേരിട്ടു ശമ്പളം നൽകുന്ന വ്യവസ്ഥ മറ്റൊരു സാമൂഹ്യ ദുരവസ്ഥക്കു കാരണമാകുമെന്ന് അദ്ദേഹം സ്വപ്നത്തിൽ പോലും കണ്ടിരുന്നില്ല.

അധ്യാപക നിയമനത്തിന് അർഹരായവരുടെ ലിസ്റ്റ് സർക്കാർ പ്രസിദ്ധീകരിക്കുമെന്നും അതിൽനിന്നും അധ്യാപകരെ നിയമിക്കണം എന്നുമുള്ള മുണ്ടശ്ശേരിയുടെ ബില്ലിലെ വ്യവസ്ഥ പിന്നീട് എടുത്തുകളഞ്ഞു. അധ്യാപകരുടെ ശമ്പളം സർക്കാർ കൊടുക്കുമെന്നും അധ്യാപക നിയമനം മാനേജർമാരുടെ സ്വാതന്ത്ര്യമാണെന്നും വന്നതോടു കൂടി വിദ്യാഭ്യാസ മേഖലക്ക് വേറെയും അപകടങ്ങൾ വന്നു ഭവിച്ചു.

1. മുൻകാലത്ത് അധ്യാപകർക്കുള്ള സവിശേഷ യോഗ്യത മാനേജർമാരുടെ പ്രീതിഭാജനമാകുക എന്നതായിരുന്നു. എന്നാൽ, ഇന്ന് നിയമനത്തിന് പണവുംകൂടി ആവശ്യമാണെന്നുള്ള പുതിയ സാമൂഹ്യ വ്യവസ്ഥ നിലവിൽ വന്നു.

2. അധ്യാപക നിയമനത്തിന് വൻതുക കള്ളപ്പണമായി ലഭിച്ചപ്പോൾ വിദ്യാഭ്യാസം ഒരു വ്യവസായമായി മാറി. ഇതിനെത്തുടർന്ന് ഒരു സ്കൂൾ അനുവദിച്ചു കിട്ടിയാൽ അധ്യാപകരിൽ നിന്നുതന്നെ വൻതുക കൈകൂലിയായി വാങ്ങി സ്കൂളുകൾ പണിയാമെന്ന അവസ്ഥ വന്നുചേർന്നു. അധ്യാപകരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർധിച്ചതോടൊപ്പം സ്കൂളുകൾക്കു വേണ്ടിയുള്ള പരക്കംപാച്ചിലും രാഷ്ട്രീയ സ്വാധീനവും കൂടുതൽ ശക്തമായി.

3. വിമോചന സമരത്തിൻെറ മറ്റൊരു ദോഷകരമായ പാർശ്വഫലം വിദ്യാർത്ഥിസംഘടനകളുടെ സമരാഭിമുഖ്യമാണ്. വിദ്യാലയങ്ങളടച്ചിട്ട് മാനേജ്മെൻറും അധ്യാപകരും സമരം ചെയ്തപ്പോൾ കാമ്പസുകളിൽ രാഷ്ട്രീയം പ്രവേശിച്ചു. ന്യായമായും അത് വിദ്യാർത്ഥികളെയും ബാധിച്ചു. തങ്ങളുടെ സ്ഥാപിത ലക്ഷ്യങ്ങൾക്കായി മാനേജുമെൻറും അധ്യാപകസംഘടനകളും വിദ്യാർത്ഥികളെ ഉപയോഗിക്കാനാരംഭിച്ചു.

4. 'മുണ്ടശ്ശേരി ബില്ലി'നു മുമ്പ് ഓരോ സ്കൂളും സ്വതന്ത്ര നൈയാമിക സ്ഥാപനങ്ങളായിരുന്നെങ്കിൽ പിന്നീട് കോർപറേറ്റ് മാനേജ്മെൻറ് വ്യവസ്ഥ നിലവിൽ വന്നു. ഓരോ സമുദായവും ആ സമുദായത്തിൻെറ സ്കൂളുകളെ കോർപറേറ്റ് മാനേജ്മെൻറുകളുടെ കീഴിലാക്കി. തിരുക്കൊച്ചി ഭാഗത്ത് വ്യക്തിമാനേജുമെൻറ് സ്കൂളുകൾ ഉണ്ടായിരുന്നെങ്കിലും മലബാറിലാണ് വ്യക്തിമാനേജ്മെൻറ് സ്കൂളുകൾ വിപുലമായി ഉണ്ടായിരുന്നത്. കോർപറേറ്റ് മാനേജർമാർ സമൂഹത്തിലെ ഏറ്റവും ശക്തമായ ഘടകമായിത്തീർന്നു. സ്കൂളുകൾക്കു വേണ്ടിയുള്ള രാഷ്ട്രീയ വിലപേശലിന്, ഈ വ്യവസ്ഥ ഇവരെ കൂടുതൽ ശക്തരാക്കി.

5. മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിനു മുമ്പ് അധ്യാപകർ അവകാശങ്ങൾക്കു വേണ്ടി പോരാടിയിരുന്നു. മാനേജ്മെൻറ് എന്നും എതിർചേരിയിലായിരുന്നു. കൂടാതെ, അധ്യാപകർക്ക് അന്ന് സാമൂഹിക പ്രതിബദ്ധത തെല്ലെങ്കിലുമുണ്ടായിരുന്നു. അധ്യാപകവൃത്തി കേവലം ജീവനോപായം മാത്രമായിരുന്നില്ല. മറിച്ച്, സാമൂഹിക കടപ്പാടിൻെറ ഭാഗം കൂടിയായിരുന്നു. സേവനസുരക്ഷിതത്വവും ശമ്പളവർദ്ധനയും നേടിയെടുത്തതോടു കൂടി അധ്യാപകവൃത്തിയുടെ ആധാരലക്ഷ്യം ജീവനോപായമായി മാറി. അധ്യാപകൻെറ ധാർമിക നിലവാരവും നഷ്ടപ്പെട്ടു. ഇത് വിദ്യാഭ്യാസമേഖലയുടെ വിശുദ്ധിയെ സാരമായി ബാധിച്ചു.

'മുണ്ടശ്ശേരിബില്ലി'നുമുമ്പ്, സ്കൂൾ അനുവദിക്കുന്നതിന് മൂലധനമിറക്കിയിള്ള ചില അടിസ്ഥാന സൗകര്യങ്ങൾ മാനേജുമെൻറ് ഏർപ്പെടുത്തേണ്ടിയിരുന്നു. എന്നാൽ, പിന്നീടങ്ങോട്ട് സ്കൂൾ അനുവദിപ്പിക്കുക, അധ്യാപക നിയമനത്തിലൂടെ സ്കൂൾ കെട്ടിടം പണിയാനുള്ള വിഭവം സമാഹരിക്കുക എന്നത് നാട്ടുനടപ്പായി. കെട്ടിടഫണ്ടിലേക്ക് വിദ്യാർത്ഥികളിൽ നിന്നും നിർബന്ധമായും പണം പിരിക്കുവാനാരംഭിച്ചു. രാഷ്ട്രീയ സ്വാധീനത്തിനപ്പുറം, സാമ്പത്തിക മൂലധനമുടക്കമില്ലാത്ത ഒരു വ്യവസായമായി വിദ്യാഭ്യാസം മാറി.

6. അന്നുവരെ വിദ്യാഭ്യാസത്തിൻെറ സമുദായവൽക്കരണം തിരശ്ശീലക്കു പിന്നിലായിരുന്നു. എന്നാൽ, വിദ്യാലയങ്ങൾ അനുവദിച്ചു കിട്ടുന്നതിന് രാഷ്ട്രീയസമ്മർദ്ദം ഒരു അനിവാര്യഘടകമായതോടു കൂടി സമുദായാടിസ്ഥാനത്തിൽ വിദ്യാലയങ്ങൾക്കു വേണ്ടിയുള്ള വിലപേശൽ ആരംഭിച്ചു. അങ്ങനെ വിദ്യാലയങ്ങൾ ഒരു സാമുദായിക വ്യവസായമായി തീർന്നു.

7. വിദ്യാലയങ്ങൾ അനുവദിക്കുന്നതിനുള്ള പ്രാദേശിക ആവശ്യങ്ങളെക്കുറിച്ച് ഒരു പഠനം നടത്താൻപോലും സർക്കാർ മുന്നോട്ടുവന്നില്ല. വിദ്യാഭ്യാസരംഗത്ത് പ്ലാനിങ് പൂർണമായും ഇല്ലാതായി. വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് എന്നതിനേക്കാൾ സമുദായ പ്രീണനത്തിന് എന്ന കാഴ്ചപ്പാട് സർക്കാരിനുണ്ടായി.

8. വിദ്യാഭ്യാസം ഒരു സാമുദായിക വ്യവസായമായി മാറിയതോടെ വിദ്യാഭ്യാസരംഗത്ത് മറ്റൊരു ദൂഷിതഫലം കൂടി ഉണ്ടായി. സാമുദായിക സമ്മർദ്ദത്തെ തുടർന്ന് സർക്കാർ വിദ്യാലയങ്ങളുടെ സമീപത്തു തന്നെ സ്വകാര്യ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. തൽഫലമായി സർക്കാർ സ്കൂളുകളിലുള്ള വിദ്യാർത്ഥികളുടെ എണ്ണം സാരമായി കുറഞ്ഞു. പല സർക്കാർ വിദ്യാലയങ്ങളും അടച്ചുപൂട്ടേണ്ടി വന്നു. ഇപ്പോഴും ഇരുപതു വിദ്യാർത്ഥികൾ മാത്രമുള്ള പ്രൈമറി സ്കൂളുകൾ സർക്കാരിനു നിലനിർത്തേണ്ടി വരുന്നു. ഇതിനായി വമ്പിച്ച സാമ്പത്തികഭാരം ഇന്ന് സർക്കാരിന് പേറേണ്ടിവരുന്നു.

9. സ്വകാര്യ വിദ്യാലയങ്ങളിലെ അധ്യാപകർക്കു ശമ്പളം കൊടുക്കേണ്ട കടമ സർക്കാരിനു വന്നുഭവിച്ചതോടെ വിദ്യാഭ്യാസമേഖലയിലുള്ള സാമ്പത്തികഭാരം സർക്കാരിന് ഗണ്യമായി വർധിച്ചു. വിദ്യാഭ്യാസത്തിൻെറ സമുദായവൽക്കരണവും സ്കൂളുകളിലെ സാമൂഹിക പരിസ്ഥിതിയെ സാരമായി ബാധിച്ചു. മുൻകാലങ്ങളിൽ സ്കൂളുകളിൽ വിവിധ ജാതിമതസ്ഥരായ അധ്യാപകരുണ്ടായിരുന്നു. എന്നാൽ, വിദ്യാലയങ്ങൾ സമുദായവൽക്കരിക്കപ്പെട്ടതോടെ നായർ വിദ്യാലയങ്ങളിൽ നായൻമാർക്കും കത്തോലിക്കാ വിദ്യാലയങ്ങളിൽ കത്തോലിക്കർക്കും ഓർത്തഡോക്സ് വിദ്യാലയങ്ങളിൽ ഓർത്തഡോക്സ്കാർക്കും ഈഴവ വിദ്യാലയങ്ങളിൽ ഈഴവർക്കും മുസ്ലീം വിദ്യാലയങ്ങളിൽ മുസ്ലീങ്ങൾക്കും മാത്രം ജോലി ലഭിക്കുന്ന ഒരു അവസ്ഥ വന്നുചേർന്നു. ഇതിൻെറ ഫലമായി സ്കൂളുകളില്ലാത്ത സമുദായങ്ങൾക്ക് - എന്തിന്, പിന്നോക്ക സമുദായങ്ങൾക്കുപോലും അധ്യാപകജോലി അലഭ്യമായിത്തീർന്നു. അവർക്ക്, സർക്കാർ ജോലികൾ മാത്രമാണ് ആശ്രയമായിത്തീർന്നത്. സർക്കാർ സ്കൂളുകൾ ഒന്നൊന്നായി അടച്ചുപൂട്ടുന്ന സാഹചര്യത്തിൽ ആ രംഗത്തും ജോലി സാധ്യത കുറഞ്ഞുവന്നു.

10. സമുദായം വക വിദ്യാലയങ്ങളിൽ അതതു സമുദായത്തിലുള്ള അധ്യാപകരെ മാത്രം നിയമിക്കാൻ തുടങ്ങിയതോടെ വിദ്യാലയാന്തരീക്ഷത്തിൽ മതം സ്വാധീനം ചെലുത്താനാരംഭിച്ചു. വിദ്യാലയത്തിനു പുറത്ത് മതനിരപേക്ഷ സമൂഹാന്തരീക്ഷത്തിൽ വിദ്യാർത്ഥികൾ ജീവിക്കുമ്പോൾ ആ അന്തരീക്ഷത്തിൻെറ ആസ്വാദ്യത സ്കൂളുകളിൽ നഷ്ടപ്പെട്ടു.

നല്ല ഉദ്ദേശ്യത്തോടെ പ്രൊഫ. മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസ ബിൽ വിദ്യാഭ്യാസമേഖലയെ പൂർണമായും താറുമാറാക്കി. 'മുണ്ടശ്ശേരിബില്ലി'ൻെറ ഗുണപരമായ നിർദ്ദേശങ്ങളെല്ലാം കാലാന്തരത്തിൽ പൂർണമായും അപ്രത്യക്ഷമാവുകയും ദൂഷിതഫലം നിലനിൽക്കുകയും വർധമാനമാവുകയും ചെയ്തു.

വിദ്യാഭ്യാസമേഖലയിൽ സമഗ്രപരിഷ്കാരത്തിന്നായി മുന്നിട്ടിറങ്ങിയത് 1957ലെ കമ്യൂണിസ്റ്റ് മന്ത്രിസഭയായിരുന്നു. മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യാസബില്ലിൽ അധ്യാപകർക്ക് നൈയാമികമായ സേവനവ്യവസ്ഥയും സർക്കാരിൽ നിന്ന് നേരിട്ട് ശമ്പളവും വാഗ്ദാനം ചെയ്തു. മാനേജർമാർക്ക് 'മൂക്കുകയറിടാൻ' തയ്യാറാക്കിയ മുണ്ടശ്ശേരിയുടെ ഈ ബില്ലാണ് വിമോചനസമരത്തിൻെറ തീപ്പൊരിയായത്.

11. അറുപതുകളിൽ ആരംഭിച്ചതും തുടർന്നു വർധമാനമായിത്തീർന്നതുമായ ഒരു വിദ്യാഭ്യാസ മേഖലയാണ് അൺ എയ്ഡഡ് സ്കൂളുകൾ. ഇംഗ്ലീഷ് മീഡിയം സ്കൂളുകളായി അംഗീകരിക്കപ്പെട്ട ഈ വിദ്യാലയങ്ങൾ ഒരു വമ്പിച്ച വ്യവസായമായി മാറിക്കഴിഞ്ഞു. സി.ബി.എസ്.ഇ സിലബസ് അനുസരിച്ചുള്ള മറ്റൊരുതരം പുതിയ സ്കൂളുകളും വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിച്ചു. ഈ രണ്ടു മേഖലകളിൽ പരീക്ഷകൾ നടത്തുകയെന്ന ഉത്തരവാദിത്വം മാത്രമേ ഇന്ന് സർക്കാരിനുള്ളു.

കോളേജ് പൂർവ വിദ്യാഭ്യാസത്തിന് ഇന്ന് നാലു ഘടകങ്ങളുണ്ട്.

1. സർക്കാർ സ്കൂളുകൾ-അധ്യാപകർക്ക് നേരിട്ട് ശമ്പളം കൊടുക്കുന്നു. വിദ്യാർത്ഥികളുടെ എണ്ണം കാണെക്കാണെ കുറഞ്ഞുവരുന്നു.

2. സർക്കാർ നേരിട്ട് ശമ്പളം കൊടുക്കുന്ന സ്വകാര്യ വിദ്യാലയങ്ങൾ - വിദ്യാർത്ഥികളോട് ഫീസ് പിരിക്കാൻ പാടില്ല എന്നാണ് അംഗീകൃത നിയമമെങ്കിലും മിക്ക സ്കൂളുകളിലും മാനേജുമെൻറ് പി.ടി.എയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളിൽ നിന്നും പണം പിരിക്കുന്നു. അധ്യാപക നിയമനം മാനേജരുടെ സ്വാതന്ത്ര്യമനുസരിച്ചാണ് നടത്തുന്നത്. അധ്യാപക

നിയമനത്തിന് ലക്ഷങ്ങൾ പകിടി വാങ്ങുന്ന സമ്പ്രദായം ഈ മേഖലയിൽ നിലനിൽക്കുന്നു.

3. അൺ എയ്ഡഡ് സ്കൂളുകൾ - ഇത് തികച്ചും വ്യവസായികാടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. അധ്യാപകരെ നിയമിക്കാനും പിരിച്ചുവിടാനും ശമ്പളം നിശ്ചയിക്കാനുമുള്ള അവകാശം വിദ്യാഭ്യാസ വ്യവസായിയുടേതാണ്. ഫീസ് നിശ്ചയിക്കുന്നതും അവർ തന്നെ. ഈ വ്യവസായം കിൻറർ ഗാർട്ടൻ തലം മുതൽ ആരംഭിക്കുന്നു. ഇരുപത്തിഅയ്യായിരം രൂപ വരെ വിദ്യാർത്ഥിപ്രവേശനത്തിന് ഈ മേഖലയിൽ വാങ്ങുന്നു. ഈ വിദ്യാഭ്യാസ വ്യവസായം സാമൂഹിക സർക്കാർ നിയന്ത്രണങ്ങൾക്കും അതീതമാണ്.

4. സി.ബി.എസ്.ഇ സ്കൂളുകൾ ഇവിടെയും മൂന്നാം മേഖലയിലെ സമ്പ്രദായങ്ങൾത്തന്നെ നിലനിൽക്കുന്നു.

5. ഇന്നിപ്പോൾ ഓപ്പൺ സ്കൂൾ സമ്പ്രദായം കൂടി ആരംഭിച്ചതോടു കൂടി വിദ്യാഭ്യാസ മേഖലയിൽ മറ്റൊരു വ്യവസായവൽക്കരണ മേഖല കൂടി തുറക്കപ്പെട്ടിരിക്കുകയാണ്.

കോളേജ് തലത്തിൽ

കോളേജ് വിദ്യാഭ്യാസവും സ്കൂൾ വിദ്യാഭ്യാസത്തിൻെറ തന്നെ ചുവടുപിടിച്ചാണ് നടക്കുന്നത്. യൂണിവേഴ്സിറ്റിതല വിദ്യാഭ്യാസത്തിലും സമുദായവൽക്കരണവും വ്യവസായവൽക്കരണവും തീവ്രമായി കടന്നുചെന്നുകഴിഞ്ഞു. 1960 മുതൽ തന്നെ ഡിഗ്രികോഴ്സ് പ്രവേശനത്തിനു മുമ്പുള്ള രണ്ടുകൊല്ലത്തെ പ്രീഡിഗ്രി പഠനം ഡിഗ്രികോളേജുകളിൽ നിന്നും വേർപെടുത്തുന്നതിനുള്ള പരിശ്രമം ആരംഭിച്ചു. അങ്ങനെയാണ് അറുപതുകളിൽ പ്രീഡിഗ്രി (ജൂനിയർ) കോളേജുകൾ സ്ഥാപിച്ചത്.

ഈ ജൂനിയർ കോളേജുകൾ രണ്ടു കൊല്ലത്തെ പ്രീഡിഗ്രി പഠനത്തിനുവേണ്ടി മാത്രം സ്ഥാപിക്കപ്പെട്ടവയായിരുന്നു. എന്നാൽ, സാമുദായികവും വ്യവസായികവുമായ താല്പര്യങ്ങൾ സർക്കാരിൻെറമേൽ സമ്മർദ്ദം ചെലുത്തിയതിൻെറ ഫലമായി 60-കളിൽ സ്ഥാപിക്കപ്പെട്ട എല്ലാ ജൂനിയർ കോളേജുകളും കാലാന്തരത്തിൽ ഡിഗ്രി കോളേജുകളായി രൂപാന്തരപ്പെട്ടു. 1972-ൽ അധ്യാപകർക്ക് നേരിട്ട് സർക്കാർ ശമ്പളം കൊടുക്കാൻ ആരംഭിച്ചതോടു കൂടി കോളേജുകൾ തികച്ചും വ്യാവസായികാടിസ്ഥാനത്തിൽ സംവിധാനം ചെയ്യപ്പെട്ടു. അധ്യാപകനിയമനത്തിൻെറ പകിടി ലക്ഷങ്ങളായി ഉയർന്നു. വിദ്യാർത്ഥി പ്രവേശനത്തിനും ബിൽഡിങ് ഫണ്ടു നിർബന്ധമാക്കി. ഉന്നത വിദ്യാഭ്യാസമേഖല കള്ളപ്പണം കൊണ്ട് നടത്തപ്പെടുന്ന വ്യവസായമായി ത്തീർന്നു.

1. കേരളത്തിലെ വിദ്യാഭ്യാസരംഗം

ഇന്നു കേരളത്തിലെ വിദ്യാഭ്യാസരംഗം ഏറ്റവും കൂടുതൽ സ്വകാര്യ മൂലധനം നിക്ഷേപിക്കപ്പെട്ടിട്ടുള്ള മേഖലയാണ്. ഏറ്റവും കൂടുതൽ കള്ളപ്പണവും ഈ മേഖലയിൽ തന്നെയാണ് പ്രവേശിക്കുന്നത്. കാരണം, കുറെ കൊല്ലങ്ങളായി അവിഹിതമാർഗത്തിലൂടെ-അധ്യാപക നിയമനത്തിലൂടെയും വിദ്യാർത്ഥി പ്രവേശനത്തിലൂടെയും വിവിധതരം നിർബന്ധ പിരിവുകളിലൂടെ - സമ്പാദിച്ച മൂലധനമാണ് വിദ്യാഭ്യാസ വ്യവസായികൾ ഈ രംഗത്ത് മുതലിറക്കുന്നത്. ഇവർക്ക് ആരോടും കണക്കു പറയേണ്ടതില്ല.

2. സമുദായവൽക്കരണം

വിദ്യാഭ്യാസമേഖലയെ ഇന്ന് പൂർണമായിത്തന്നെ നിയന്ത്രിക്കുന്നത് പ്രമുഖ സമുദായങ്ങളാണ്. ഒരു സംഘടിത സമുദായ വ്യവസായമെന്ന നിലയിൽ ഏതു സർക്കാരിൻെറ മുമ്പിലും വിദ്യാഭ്യാസ വ്യവസായം ഭീഷണമായ ഒരു മുഖമാണ് ഉയർത്തുക. കോളേജുകൾക്കും സ്കൂളുകൾക്കും വേണ്ടി ഇവർ സർക്കാരിൻെറ മുമ്പിൽ ഭീഷണി മുഴക്കുമ്പോഴും വിലപേശുമ്പോഴും വ്യവസായികളെന്ന നിലയിൽ ഇവർക്ക് പൊതുതാല്പര്യങ്ങളുണ്ട്. വിഭാഗീയ താല്പര്യങ്ങളെ സംരക്ഷിക്കാൻ പോരാടുമ്പോൾ തന്നെ അവരുടെ സ്വകാര്യ പൊതുതാല്പര്യത്തിന് ഇവർ ഒന്നിച്ചുനിൽക്കുന്നു.

പ്ലസ്ടു

ഇന്ന് പ്ലസ്ടു പ്രശ്നമാണല്ലോ കേരളത്തെ ഇളക്കിമറിച്ച് വിദ്യാഭ്യാസ മണ്ഡലത്തെ താറുമാറാക്കിയിരിക്കുന്നത്. പ്ലസ്ടു കോഴ്സുകൾ നൽകിയതിൽ അഴിമതിയുണ്ട് എന്നതാണ് പ്രതിപക്ഷങ്ങളുടെ മുഖ്യമായ ആരോപണം. പ്രതിപക്ഷങ്ങളും ഭരണകക്ഷിയും പത്ര-വാരികകളും ബോധപൂർവം മറച്ചുവയ്ക്കുന്ന ഒരു സത്യമുണ്ട്. പ്ലസ്ടു ലഭിക്കുന്നതിനുവേണ്ടി അപേക്ഷിച്ചവരിൽ 99 ശതമാനം പേരും സ്കൂൾ സ്ഥാപനത്തിനു വേണ്ടിയുള്ള സമ്പത്തു സമാഹരിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളത് അധ്യാപക നിയമനവും വിദ്യാർത്ഥി പ്രവേശനവുമാണ്. പ്ലസ്ടു ലഭിക്കുകയെന്നാൽ ലോട്ടറി കിട്ടിയതുപോലെയാണ്. അതു പണമായി മാറ്റാം. ഈ വമ്പിച്ച വ്യവസായത്തെകുറിച്ച് ഭരണകക്ഷിക്കും പ്രതിപക്ഷങ്ങൾക്കും പത്രമാധ്യമങ്ങൾക്കും നന്നായി അറിയാം. പ്ലസ്ടു അനുവദിച്ചു കിട്ടുക എന്ന കടമ്പ കടന്നുകഴിഞ്ഞാൽ എല്ലാം ഭദ്രമാണെന്നു വിദ്യാഭ്യാസ വ്യവസായികൾക്കും നന്നായി അറിയാം. സർക്കാരിൻെറ മുമ്പിൽ പ്ലസ്ടുവിനു വേണ്ടി സാമുദായികാടിസ്ഥാനത്തിൽ വാദിക്കുന്നവർക്ക് വിദ്യാർത്ഥികളുടെ താല്പര്യത്തേക്കാളേറെ വ്യാവസായിക താല്പര്യമാണുള്ളതെന്ന് അറിയാത്തവരല്ല ഭരണപക്ഷവും പ്രതിപക്ഷവും പത്രങ്ങളും. പക്ഷേ, ഈ സത്യം തുറന്നു പറയാൻ ആർക്കും ധൈര്യമില്ലായെന്നതാണ് സത്യം.

പ്ലസ്ടു അനുവദിച്ചു കിട്ടിയാലുള്ള വമ്പിച്ച സാമ്പത്തിക സാധ്യതകൾ മാനേജുമെൻറിൻെറ കൺമുമ്പിലുണ്ട്. പ്ലസ്ടു അനു

വദിച്ചു കിട്ടുന്നതിന് ലക്ഷങ്ങൾ മുടക്കാൻ തയ്യാറാവുന്നതിനു പിന്നിൽ ഈ സാമ്പത്തിക സാധ്യതയാണുള്ളത്. അതുകൊണ്ടാണ് പ്ലസ്ടു ലഭിക്കുന്നതിന് കൈകൂലി കൊടുക്കാനുള്ള സാധ്യത തെളിവുകളില്ലെങ്കിലും മുമ്പോട്ടുവയ്ക്കുന്നത്. വിദ്യാഭ്യാസ വ്യവസായത്തിൻെറ ഒരു പ്രത്യേകത അവിടെ 'അഴിമതി' ഇല്ലാ എന്നുള്ളതാണ്. അല്ലെങ്കിൽ അവിടെ നടക്കുന്ന ലക്ഷക്കണക്കിന് രൂപയുടെ കൈമാറ്റങ്ങൾ 'അഴിമതി'യായി സർക്കാരോ ജനങ്ങളോ കാണുന്നില്ല എന്നതാണ്. ഇവിടെ ഒരു ഉദാഹരണം ചൂണ്ടികാണിക്കാം.

കോതമംഗലം രൂപതയുടെ എജ്യുക്കേഷൻ സെക്രട്ടറി റവ. ഫാ.ജോസഫ് പുത്തൻകുളം പ്രസിദ്ധീകരിച്ച 'കോതമംഗലം രൂപത - പുരോഗതിയും വിലങ്ങുതടികളും' എന്ന പ്രസ്താവനയിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

'പ്ലസ്ടു അധ്യാപകരിൽ നിന്നു സ്വീകരിച്ച ലോൺ'

കിട്ടുന്ന ലോണിൻെറ (ഈ തുക കൂടിയും കുറഞ്ഞുമിരിക്കും. രണ്ടുലക്ഷത്തിൽ കവിയില്ല) 25 ശതമാനം അപ്പോൾത്തന്നെ എഫ്ഡിയായി ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. ആ തുക വട്ടമെത്തിയാലെ മുതൽ തിരികെ കൊടുക്കുവാൻ കഴിയുകയുള്ളു.

ആകെ 102 പേരെയേ ഇതുവരെ ഒമ്പത് പ്ലസ്ടു സ്കൂളുകളിലായി നിയമിച്ചിട്ടുള്ളൂ. (200 പേരെന്നാണ് അവരുടെ കണക്കുകൂട്ടൽ) ഈ ലോൺ മൂലം ഒരു സ്കൂളിൽ കിട്ടാവുന്ന പരമാവധി തുക 13 ലക്ഷം രൂപയാണ്.'

അതായത് ഒരു സ്കൂളിന് 13 ലക്ഷം രൂപ വച്ച് ഒരുകോടി പതിനേഴുലക്ഷം രൂപ! കോർപറേറ്റ് മാനേജുമെൻറ് പ്ലസ്ടു അധ്യാപകരിൽ നിന്നും പണം പിരിച്ചതായി അദ്ദേഹം സമ്മതിക്കുന്നുണ്ട്. ഇതിനു പുറമേയാണ് മാനേജുമെൻറ് അധ്യാപകരിൽ നിന്നും പ്രവേശനം കിട്ടിയ കുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്നുമുള്ള വിഹിതം. (കോതമംഗലം രൂപത ഇവയെല്ലാം പുറത്തുപറയാൻ തയ്യാറായതിൽ കോർപറേറ്റ് മാനേജുമെൻറിനെ അഭിനന്ദിക്കുന്നു)

കോതമംഗലം രൂപതയിൽ അധ്യാപകർക്കു കൊടുക്കേണ്ട തുക രണ്ടുലക്ഷമാണെങ്കിലും മറ്റു പല മാനേജുമെൻറുകളും ഒരധ്യാപകനിൽ നിന്ന് 10 ലക്ഷം രൂപവരെ 'കടം' ആയി അല്ലെങ്കിൽ 'ഡൊണേഷ'നായി പിരിക്കുന്നുണ്ട് എന്നത് കേവലം സത്യമാണ്. ഇതെല്ലാം സർക്കാരിനറിയാം. അഴിമതി നിരോധനകമ്മീഷനും ഹൈക്കോടതിക്കും പൊലീസിനുമറിയാം. പക്ഷേ, സാമുദായികശക്തിയെ ഭയന്ന് എല്ലാവരും മിണ്ടടക്കം പാലിക്കുന്നു. ഭാവിതലമുറയെ ധാർമികബോധത്തിലും സത്യസന്ധതയിലും സ്വഭാവരൂപവൽക്കരണം നടത്താൻ ബാധ്യസ്ഥമായ വിദ്യാഭ്യാസ മണ്ഡലത്തിലാണ് ഈ അഴിമതി കൊടികുത്തി വാഴുന്നത്. അഴിമതിയിൽ അടിമുടി മുങ്ങിനിൽക്കുന്ന വിദ്യാഭ്യാസമേഖലയിൽ നിന്നും ആരെല്ലാമോ കൈക്കൂലി വാങ്ങി എന്നാണ് പ്രതിപക്ഷത്തിൻെറ ആരോപണം. എന്നാൽ, കൈകൂലി വാങ്ങാൻ പാകത്തിൽ വിദ്യാഭ്യാസമേഖലയെ തള്ളിവിട്ട ഭരണപരവും നയപരവുമായ പശ്ചാത്തലത്തെകുറിച്ച് ഇന്ന് ആരും സംസാരിക്കുന്നില്ല. ഇവിടെ, പ്രതിപക്ഷവും ഭരണകക്ഷിയും ഒരുപോലെ, കണ്ണടച്ച് ഇരുട്ടാക്കുകയാണ്.

സർക്കാരിൻെറ കനത്ത പിഴവ്

ജൂൺ മാസത്തിലെങ്കിലും പ്ലസ്ടു ആരംഭിക്കണമെന്ന് സർക്കാരിന് അറിയാമായിരുന്നു. ന്യായമായും ഇതനായി ഒരു മുൻകൂർ പദ്ധതി സർക്കാർ ഉണ്ടാക്കേണ്ടതായിരുന്നു. കെട്ടിടം പണിയുന്നതിനും ലബോറട്ടറി മുതലായ സൗകര്യങ്ങൾ സംവിധാനം ചെയ്യുന്നതിനും അഞ്ചുമാസമെങ്കിലും ആവശ്യമാണെന്ന് സർക്കാരിന് അറിയാമായിരുന്നു. ജനുവരിയിലെങ്കിലും സ്കൂൾ ലിസ്റ്റ് പ്രസിദ്ധീകരിച്ചെങ്കിൽ മാത്രമേ ഈ സംവിധാനങ്ങളുണ്ടാക്കാൻ മാനേജുമെൻറിനു കഴിയുകയുള്ളൂ എന്നും സർക്കാരിന് അറിയാമെന്നിരിക്കേ, വിദ്യാർത്ഥി പ്രവേശനം ആരംഭിക്കേണ്ട സമയത്താണ് സ്കൂൾ ലിസ്റ്റ് പുറത്തുവിട്ടത് എന്ന മഹാപാപത്തിൻെറ നേരെ വിമർശിക്കാൻ ആരും തയ്യാറായില്ല.

സമൂഹത്തിന് ബൗദ്ധികനേതൃത്വം നൽകേണ്ട ബുദ്ധിജീവികളും സാംസ്കാരിക നായകൻമാരും പത്രങ്ങളും കാര്യങ്ങളുടെ ആഴത്തിലേക്ക് കടക്കാൻ തയ്യാറാകാതെ ഉപരിപ്ലവ പ്രശ്നങ്ങളിൽ രമിക്കുകയാണ്. സാമുദായികാടിസ്ഥാനത്തിൽ വ്യവസായവൽക്കരിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസമേഖലയെ അതിൽ നിന്നും മോചിതമാക്കാൻ ഇന്ന് മാർഗങ്ങളില്ലേ?

അഴിമതിയല്ല വിദ്യാർത്ഥികളുടേതാണ് പ്രശ്നം

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ അഴിമതിയുണ്ട് എന്നു പറയുന്നത്, കടൽവെള്ളത്തിന് ഉപ്പുരസമുണ്ട് എന്നു പറയുന്നതുപോലെ ഒരു തമാശയാണ്. ഭരണപക്ഷവും പ്രതിപക്ഷവും ഈ അഴിമതിയെ അംഗീകരിക്കുന്നതിനാൽ യഥാർത്ഥത്തിൽ ഇവിടത്തെ പ്രശ്നം വിദ്യാർത്ഥികളുടേതാണ്; രക്ഷാകർത്താവിൻേറതാണ്. ലക്ഷക്കണക്കിന് കുട്ടികൾ എന്തു ചെയ്യേണ്ടു എന്നറിയാതെ ഇന്ന് പരക്കം പായുകയാണ്. അവരുടെ ഭാവി അന്ധകാരത്തിലായിരിക്കുന്നു. ഈ അവസ്ഥ മുതലെടുത്തുകൊണ്ട് കമ്യൂണിറ്റി ക്വോട്ടായിലും ഇന്ന് സീറ്റുകൾ വിൽക്കുകയാണ്. രാഷ്ട്രീയപാർട്ടികളെ പ്രകോപിതരാക്കാതിരിക്കാൻ മാനേജുമെൻറുകൾ ഇന്ന് എം.എൽ.എ ക്വോട്ടായിലും എം.പി ക്വോട്ടായിലും സീറ്റുകൾ നൽകുന്നു. ബാക്കി സീറ്റുകൾ വിറ്റു കാശാക്കുന്നു. സ്വാധീനമില്ലാത്തവരും പണമില്ലാത്തവരുമായ വിദ്യാർത്ഥികളും രക്ഷകർത്താക്കളും വിധിയെപ്പഴിച്ച് നെട്ടോട്ടമോടുന്നു. സമൂഹത്തിന് ബൗദ്ധികനേതൃത്വം നൽകേണ്ട ബുദ്ധിജീവികളും സാംസ്കാരിക നായകൻമാരും പത്രങ്ങളും കാര്യങ്ങളുടെ ആഴത്തിലേക്ക് കടക്കാൻ തയ്യാറാകാതെ ഉപരിപ്ലവ പ്രശ്നങ്ങളിൽ രമിക്കുകയാണ്. സാമുദായികാടിസ്ഥാനത്തിൽ വ്യവസായവൽക്കരിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസമേഖലയെ അതിൽ നിന്നും മോചിതമാക്കാൻ ഇന്ന് മാർഗങ്ങളില്ലേ?

VASTUKAM
THE ORGANIC ARCHITECTS

You only think of us
when
A dream of a
Cost effective
Strong
and
Aesthetic
Shelter haunts you

We are here - **VASTUKAM**

Revathi Complex, Civil Lane Road,
Thrissur - 680004. Ph: 382490



വാണിജ്യത്തിൻേറയും അഴിമതിയുടേയും അഴുക്കുചാലിൽ നിപതിക്കുന്ന നമ്മുടെ വിദ്യാഭ്യാസത്തിൻെറ മൂല്യനിരാസത്തിന് സമാന്തരമായി നൻമയുടെ പച്ചപ്പുകളിൽ 'സാരംഗും' 'കനവും' നെയ്തെടുക്കുന്ന വിദ്യാഭ്യാസ പരീക്ഷണങ്ങളെ കുറിച്ച്

വിദ്യാഭ്യാസം ജീവിതാഭ്യാസമാണ്

കെ.സി സെബാസ്ററിൻ

18 വർഷങ്ങൾക്കു മുമ്പ് അട്ടപ്പാടിയിലെ ഊഷരഭൂമിയിലേക്കു കുടിയേറിയ രണ്ടദ്ധ്യാപകരാണ് ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും. ചടങ്ങുകളൊന്നുമില്ലാതെ ജീവിതപങ്കാളികളാവുമ്പോൾ ഇവർക്ക് മനസിൽ ഒരു ലക്ഷ്യമുണ്ടായിരുന്നു, നിലവിലുള്ള വിദ്യാഭ്യാസത്തിൻെറ പോരായ്മകൾ പരിഹരിക്കാവുന്ന മൂല്യബോധത്തിലൂന്നുന്ന ഒരു സ്കൂൾ. ഈ ഹരിതസ്വപ്നത്തിൻെറ സാക്ഷാത്കാരമാണ് അട്ടപ്പാടിയിലെ മൊട്ടകുന്നിനു മുകളിൽ നട്ടുമുളപ്പിച്ച 'സാരംഗ്' എന്ന അനൗപചാരിക വിദ്യാലയം.

സാരംഗിന് ഇന്നുള്ള ദാർശനിക കാഴ്ചപ്പാട് അന്നുണ്ടായിരുന്നില്ല. സർക്കാർ പാഠ്യപദ്ധതി ശരിയാണെന്നും അത് നടപ്പിലാക്കുന്നതിലാണ് കുഴപ്പമെന്നുമായിരുന്നു ഈ ദമ്പതികളുടെ ധാരണ. തങ്ങൾ പഠിച്ച സ്കൂളും പഠിപ്പിക്കുന്ന സ്കൂളും ഇവർ പഠിക്കുന്ന സ്കൂളും തമ്മിലുള്ള പൊരുത്തുകേടുകളെകുറിച്ചുള്ള ആലോചനകളും പ്രായോഗിക രംഗത്തെ അനുഭവ പരിജ്ഞാനങ്ങളുമാണ് സാരംഗിനെ ദാർശനിക മാനങ്ങളിലേക്കുയർത്തിയത്.

നക്കുപതിയിലെ ഒരു വാടക വീട്ടിലാണ് ആദ്യമായി സാരംഗ് ബേസിക് സ്കൂൾ ആരംഭിക്കുന്നത്. ഈ സമയത്ത് ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും അഗളി സർക്കാർ എൽ.പി സ്കൂളിൽ പഠിപ്പിക്കുന്നുണ്ടായിരുന്നു. ഷിഫ്റ്റ് സമ്പ്രദായം ഉണ്ടായിരുന്നതിനാൽ സാരംഗ് നടത്തി കൊണ്ടുപോകുന്നതിന് കാര്യമായ തടസങ്ങളുണ്ടായിരുന്നില്ല. '85ൽ ഗോപാലകൃഷ്ണനും '90ൽ വിജയലക്ഷ്മിയും ഉദ്യോഗം രാജിവെച്ച് സാംരംഗിൽ പൂർണമായും മുഴുകുകയായിരുന്നു. നാലു വൃക്ഷങ്ങൾ മാത്രമുണ്ടായിരുന്ന ശിരുവാണി പുഴയുടെ സമീപത്തുള്ള കുന്നിനു മുകളിലെ 14 ഏക്കർ സ്ഥലത്തേക്ക് സാരംഗ് പറിച്ചുനടപ്പെട്ടപ്പോഴാണ് 'വിദ്യാഭ്യാസം ജീവിതാഭ്യാസ'മാണെന്ന ഇവരുടെ ദർശനത്തിന് മൂർത്തത ലഭ്യമായത്.

ഇതോടെ പഠനത്തോടൊപ്പം ജീവിക്കാനനാവശ്യമായ എല്ലാ കാര്യങ്ങളും അഭ്യസിക്കാൻ സാരംഗ് സജ്ജമായി. അങ്ങനെ പ്രകൃതി കൃഷിയും പരിസ്ഥിതി സംരക്ഷണവും വെള്ളംകൃഷിയും പഠനത്തിൻെറ ഭാഗമായി. ഇന്ന് സാരംഗ് ആ പഴയ മൊട്ടക്കുന്നിലെ ചൂടിൽ വെന്തുരുകുന്നില്ല,



സാരംഗിൽ കുട്ടികൾ പഠിക്കുന്നു

വൃക്ഷസാന്ദ്രമായ കാടിൻെറയും കാർഷികോല്പന്നങ്ങളുടെയും ഹരിതാഭശീതളതയിൽ കുളിരണിഞ്ഞു നിൽക്കുകയാണ്. അക്കാദമിക് പഠനങ്ങളൊന്നുമില്ലാതെ വർഷങ്ങൾ നീണ്ട നിരീക്ഷണങ്ങളുടെയും കഠിനാദ്ധ്വാനത്തിൻെറയും ഫലമായി വെള്ളം കൃഷിയിലൂടെ ഈ കുന്നിനു മുകളിൽ ഉറവ സൃഷ്ടിക്കാനും സാരംഗിനു കഴിഞ്ഞു. പ്രത്യക്ഷത്തിൽ അസാധ്യമെന്നു തോന്നുന്ന കാര്യങ്ങൾ സാധ്യമാക്കുന്നതിനുള്ള ഇച്ഛാശക്തി കുട്ടികളിലും മുതിർന്നവരിലും സൃഷ്ടിക്കാൻ ഈ പ്രവർത്തനങ്ങളിലൂടെ സാരംഗിനു കഴിഞ്ഞിട്ടുണ്ട്.

മനുഷ്യൻെറ വിദ്യാഭ്യാസത്തിന് രണ്ട് തലങ്ങളുണ്ടെന്നാണ് സാരംഗിൻെറ ഭാഷ്യം. ജൻമനാ ലഭിക്കുന്നതും കൃത്രിമമായിട്ടുള്ളതും. കാക്ക കൂടുവെക്കുന്നതും പൂച്ച എലിയെ പിടിക്കുന്നതും ജൻമനാ ലഭിക്കുന്ന വിദ്യാഭ്യാസമാകുന്നു. ഒരു സംസ്കാരത്തിൻെറ ഭാഗമായിട്ടുള്ളതാണ് കൃത്രിമം. ആ സംസ്കാരം പഠിപ്പിക്കലാണ് കൃത്രിമ വിദ്യാഭ്യാസം. ഒരു സമൂഹം നൂറുശതമാനവും സാംസ്കാരികമായിരിക്കുന്നതിനാൽ കൃത്രിമ വിദ്യാഭ്യാസം വേണം. ഏതു ജനസംസ്കാരം പഠിപ്പിക്കണമെന്നത് അതതു പ്രദേശവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ അറിവും നെറിവും ഉണ്ട്. സാരംഗിൽ നെറിവിനാണ് പ്രാധാന്യം. അറിവു നേടുന്നവന് നെറിവില്ലെങ്കിൽ അഹങ്കാരിയാകും. അതുകൊണ്ട് ഇന്നത്തെ വിദ്യാഭ്യാസം അറിവുള്ള കുറെ തെമ്മാടികളെയാണ് വളർത്തിയെടുക്കുന്നത്. നെറിവു നേടുന്നതിൽ നിന്നുണ്ടാകുന്ന ആവശ്യമാണ് അറിവ്. വിപരീത ദിശയിലേക്കു നീങ്ങിയ ഇവിടത്തെ വിദ്യാഭ്യാസത്തിൽ എനിക്കു ജീവിക്കണമെന്നും മറ്റവൻ ജീവിക്കണമെന്നത് എൻെറ പ്രശ്നമല്ലെന്നുമാണ്.

പ്രീപ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി, സെക്കൻററി എന്നിങ്ങനെ വിദ്യാഭ്യാസകാലത്തെ വിഭജിക്കുന്നതിനു പകരം ശൈശവം, ബാല്യം, കൗമാരം എന്ന് മൂന്നുഘട്ടങ്ങളാക്കുകയും ബാക്കിയുള്ള കാലത്തെ സ്വയം പഠനഘട്ടമാക്കുകയുമാണ് സാരംഗിൽ ചെയ്തിരിക്കുന്നത്. മേൽ പറഞ്ഞ ഘട്ടങ്ങളിലെല്ലാം വ്യക്തിവികാസത്തിനും വിജ്ഞാന സമ്പാദനത്തിനും സ്വീകരിക്കേണ്ട രീതികൾ വ്യത്യസ്തമാണ്. ഓരോ ഘട്ടത്തിലും അതിനിണങ്ങുന്നതും അനിവാര്യമായതുമായ അറിവാണ് കിട്ടേ

ണ്ടത്. ശൈശവത്തിൽ ജൻമവാസനകളെ കാര്യമായി നിയന്ത്രിക്കാൻ പാടില്ല. കളികൾക്കാണ് പ്രാധാന്യം. ബാല്യ കൗമാരത്തിൽ ജൻമവാസനകൾക്ക് അതിശക്തമായ കടിഞ്ഞാണിടാൻ വ്യക്തികളെ പ്രാപ്തരാക്കുകയാണ് വേണ്ടത്. കൗമാരത്തിൽ കാമത്തിന് വളരെ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. കാരണം തൊട്ടടുത്തു വരുന്ന യൗവനത്തിൽ ഭാര്യാഭർത്താക്കൻമാരാകേണ്ടവരാണവർ.

ശൈശവം മാത്രമാണ് ജൻമവാസനകൾ അതേപടി പ്രകടിപ്പിക്കാൻ മനുഷ്യനു കിട്ടുന്ന ഏകകാലം. തോന്നുന്നതെല്ലാം തോന്നുമ്പോലെ ചെയ്യാം. ബാല്യത്തിൽ നിന്ന് കൗമാരത്തിലെത്തുന്നതോടെ ജൻമവാസനകൾ മുഴുവൻ നിയന്ത്രിച്ചു നിർത്തി സമയവും സന്ദർഭവും നോക്കി പ്രവർത്തിക്കാൻ ശീലിച്ചിരിക്കണം. ശൈശവത്തിലും ബാല്യത്തിലും നടുറോഡിൽ നിന്നുപോലും മൂത്രമൊഴിക്കാം. പക്ഷെ, കൗമാരത്തിലോ? കഴിയില്ല. അത്തരം നൂറുനൂറു വിലക്കുകളാണ് സംസ്കാരമെന്ന ചട്ടകൂടിനുള്ളിൽ നമുക്ക് പാലിക്കാനുള്ളത്. സംസ്കാരമെന്നത് നൂറുശതമാനവും കൃത്രിമമാണ്. പ്രകൃതിവിരുദ്ധമാണ്. ജൻമവാസനക്കെതിരുമാണ്. അതുകൊണ്ടുതന്നെ അത് പ്രത്യേകം ശീലിക്കേണ്ടതുണ്ട്. ഈ പരിശീലനം അർത്ഥമറിഞ്ഞു ചെയ്യുന്നില്ലെങ്കിൽ മനഃസംഘർഷമുണ്ടാവും. അതുകൊണ്ട് ചെയ്യുന്ന പ്രവൃത്തിയുടെ അർത്ഥമറിയാനുള്ള പ്രായമെത്തും വരെയെങ്കിലും കുഞ്ഞുങ്ങളെ നിയന്ത്രിക്കാതിരിക്കുകയാണ് നല്ലത്. ശൈശവ പ്രായം അനുകരണത്തിലൂടെ പഠിക്കാനുള്ള പ്രായമാണ്. ജൻമവാസനകൾ ശിശുക്കളുടെ ഉള്ളിൽ നിന്നുന്തുന്നതു കൊണ്ടാണ് അവർ ഓരോ പ്രവൃത്തിയും ചെയ്യുന്നത്. അവർക്കു തോന്നുന്നതെന്തും ചെയ്യാനനുവദിക്കുക, തീരെ നിർവാഹമില്ലെങ്കിൽ മാത്രം തടയുക. ശൈശവകാലത്തെ കളികളിലൂടെ ജീവിതത്തിന്റെ ബാലപാഠങ്ങൾ ഉൾപ്പെടെ ധാരാളം കാര്യങ്ങൾ അവർ പരിശീലിക്കുകയാണ്. അതായത് ചുറ്റുപാടുകളെ വളരെ കൃത്യമായി നിരീക്ഷിച്ച് തങ്ങളുടേതായ വ്യാഖ്യാനം കൊടുത്ത് താനുൾകൊണ്ടതിനെ പുനരാവിഷ്കരിക്കുകയാണവർ. ഇല്ലാത്ത ഒരാളോട് കുഞ്ഞുങ്ങൾ സംസാരിക്കുകയും ശകാരിക്കുകയും ചെയ്യും. മൂന്നുകല്ലുകൾ കൂട്ടിവെച്ച് അതിനു മുകളിൽ ഒരു ചിരട്ടവച്ചാൽ അവർക്കതിൽ തിളക്കുന്ന കഞ്ഞിയും എരിയുന്ന വിറകും കാണാനാകും. ഇതവരുടെ ഭാവന. കളിവീടുണ്ടാക്കുന്നതും കഞ്ഞിയും കറിയും വച്ചു കളിക്കുന്നതും അച്ഛനുമമ്മയും കളിക്കുന്നതുമെല്ലാം നാളെ അവർക്കു ചെയ്യാനുള്ള ജീവിത പാഠങ്ങളുടെ പരിശീലനങ്ങളാണ്. ഇത് ഇവരുടെ നിരീക്ഷണവും അനുകരണവും. ഇങ്ങനെ കളിച്ചു വളരേണ്ട കുട്ടികൾ പ്രീ പ്രൈമറിയിൽ പോയി കാണാപാഠം പഠിച്ചും കഷ്ടപ്പെട്ടെഴുതിയും മനസിനിണങ്ങാത്ത പ്രവൃത്തികൾ ചെയ്തും ഭാവനയുടെ കൂമ്പടയുന്നു, തനിയെ അന്വേഷിച്ചു കണ്ടുപിടിക്കാനുള്ള കഴിവും നഷ്ടമാകുന്നു.

കളിവീടുണ്ടാക്കുന്നതും കഞ്ഞിയും കറിയും വച്ചു കളിക്കുന്നതും അച്ഛനുമമ്മയും കളിക്കുന്നതുമെല്ലാം നാളെ അവർക്കു ചെയ്യാനുള്ള ജീവിത പാഠങ്ങളുടെ പരിശീലനങ്ങളാണ്. ഇത് ഇവരുടെ നിരീക്ഷണവും അനുകരണവും.

കുട്ടികളുടെ കളികൾ തൻമയത്തമായിത്തീരുന്നതിനു കാരണം നിരന്തരമായ നിരീക്ഷണമാണ്. തന്റെ ചുറ്റുപാടുകളെ ഇരുത്തമായി നിരീക്ഷിക്കുകയും ഉൾക്കൊള്ളുകയും പുനരാവിഷ്കരിക്കുകയും ചെയ്യുന്ന കുട്ടി, ജീവിതത്തിന്റെ വിലപ്പെട്ട പാഠങ്ങൾ അഭ്യസിപ്പിച്ചുറപ്പിക്കുകയാണിവിടെ. ഈ നിരീക്ഷണ പാടവം വളർന്നു ശീലമാവുകയും എന്തുകണ്ടാലും അവയെ കുറിച്ച് അന്വേഷിച്ച് തനിയെ പഠിക്കാനുമുള്ളൊരു കഴിവ് കുട്ടിയിൽ വളർന്നു വരികയും ചെയ്യുന്നു.

സാരംഗിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള രണ്ടു വഴികളാണ് സമഗ്രമായ വ്യക്തിവികാസവും സമഗ്രവും വ്യക്തവുമായ വിജ്ഞാനസമ്പാദനവും. ഇതിൽ സമഗ്രമായ വ്യക്തിവികാസത്തിന് കുട്ടികളിലെ ഭാവനയും നിരീക്ഷണപാടവും പ്രാധാന്യമേറിയതാണ്. അതുകൊണ്ട് ശൈശവ വിദ്യാഭ്യാസത്തിൽ ഈ കാര്യങ്ങൾക്ക് തങ്ങൾ ഊന്നൽ കൊടുക്കുന്നുവെന്ന് ഗോപാലകൃഷ്ണൻ പറയുന്നു.

ശൈശവകാലത്ത് സ്വയം നിരീക്ഷിച്ചറിഞ്ഞ പാഠങ്ങളിലൂടെ വളരുന്ന കുട്ടിയെ സംസ്കാരത്തിന്റെ കൃത്രിമ ലോകത്തേക്കു വളച്ചുകൊണ്ടുവരലാണ് സാരംഗിന്റെ ബാല്യകാല വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. വിപരീത വിദ്യാഭ്യാസത്തിൽ നിന്നും വരുംതലമുറയെ രക്ഷിക്കാനുള്ള കരുതൽ നടപടികളും ബാല്യവിദ്യാഭ്യാസത്തിൽ തുടങ്ങിവെക്കുന്നു.

തങ്ങൾ ജീവിക്കുന്ന ഗ്രാമം മുഴുവൻ അല്ലെങ്കിൽ പട്ടണം മുഴുവനുമാണ് ബാല്യകാല വിദ്യാലയം. അവിടത്തെ മുതിർന്നവരെ അധ്യാപകരും അവിടത്തെ സ്ഥാവരജംഗമങ്ങളായ സകലതും ചേർന്ന് പഠന സാഹചര്യങ്ങളുമായി കണക്കാക്കുന്നു. പലചരക്കുകടകൾ, ഹോട്ടലുകൾ, സിനിമാശാലകൾ, കൃഷിസ്ഥലങ്ങൾ, തോടുകൾ, പുഴകൾ, കുളങ്ങൾ, ആരാധനാലയങ്ങൾ എന്നു വേണ്ട ആ ഭാഗത്തു വരുന്നതെന്തും ബാല്യവിദ്യാലയത്തിന്റെ പഠന സാഹചര്യങ്ങളാണ്. രാവിലെ മുതൽ വൈകീട്ടുവരെ ഒരേ കൂരയ്ക്കു കീഴിൽ ഒരേ അദ്ധ്യാപകനെയും ഒരേ ബോർഡും കണ്ട് ഉറക്കം തൂങ്ങിയിരിക്കാനായി ശിക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ അവസ്ഥ ഇവിടെയില്ല. വിദ്യാഭ്യാസത്തിന്റെ ചെറിയൊരംശം മാത്രമായ സാക്ഷരത (ഭാഷാപഠനം, ഗണിതശാസ്ത്രം)ക്കു വേണ്ടി മാത്രമേ ക്ലാസ്മുറി ഉപയോഗിക്കുന്നുള്ളൂ. ബാക്കിയെല്ലാ പാഠങ്ങൾക്കും പുറംലോകത്തെയാണ് ആശ്രയിക്കുന്നത്.

82-ൽ ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും ഇതിനുവേണ്ടി നടത്തിയ പരീക്ഷണത്തിന്റെ വിജയമാണ് ഇപ്പോഴത്തെ ഇവരുടെ വിദ്യാഭ്യാസ പരീക്ഷണത്തിന്റെ അടിത്തറ. അന്ന് അഗളിയിലെ സർക്കാർ സ്കൂളിൽ നാലാം ക്ലാസിൽ പ

ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക, ഇതിനാവശ്യമായ പരിസരത്തെ നിലനിർത്തുക എന്നതാണ് സാരംഗ് ലക്ഷ്യമാക്കുന്നത്. ആഹാരം, വസ്ത്രം, പാർപ്പിടം എന്നതാണ് പാഠ്യപദ്ധതി. ഇതിന്റെ സ്വഭാവം ഓരോ പ്രദേശത്തിന്റെയും പ്രത്യേകതയനുസരിച്ച് മാറും.

റിച്ചിരുന്ന എല്ലാ കുട്ടികളും ഈ പരീക്ഷണത്തിൽ ഭാഗഭാക്കായി. ഇന്നത്തെ ഡി.പി.ഇ.പിയുടെ ആദ്യ പരീക്ഷണങ്ങളാകാം ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും ആ കുട്ടികളിലൂടെ ആദ്യമായി തുടങ്ങിവെച്ചത്.

സൈലൻറ്വാലിയുടെ ഉൾക്കാടുകൾ, 5000 അടിയിലേറെ ഉയരമുള്ള അവിടത്തെ പൂച്ചിപ്പാറമല, അഗളി പൊലീസ്സ്റ്റേഷൻ, പോസ്റ്റോഫീസുകൾ, ടെലഫോൺ എക്സ്ചേഞ്ച്, ആശുപത്രി എന്നിവയെല്ലാം അവർ അന്ന് വിദ്യാലയത്തിൻെറ ഭാഗമാക്കി. അഗളി പൊലീസ്സ്റ്റേഷനിലെ സബ്ഇൻസ്പെക്ടർ പൊലീസ്സ്റ്റേഷനെ കുറിച്ച് കുട്ടികൾക്ക് ക്ലാസെടുത്തതും ടെലഫോൺ എക്സ്ചേഞ്ചിലെ ക്ലാസും കുട്ടികൾ ആദ്യമായി ഫോണിൽ സംസാരിച്ചതുമെല്ലാം അന്നത്തെ കുട്ടികളും ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും മനസിൽ പച്ചയായി സൂക്ഷിക്കുന്നു.

വേനൽക്കാലം വേനലിനെകുറിച്ചും വർഷക്കാലം മഴയെകുറിച്ചും പഠിക്കാനായി പ്രയോജനപ്പെടുത്തി. പൊരിവെയിലിൽ വരണ്ട സ്ഥലങ്ങളിലൂടെ ഇവർ കുട്ടികളുമായി നടന്നു. കുറഞ്ഞ കുടിവെള്ളമുപയോഗിച്ച് വേനലിൽ യാത്ര ചെയ്യാനും അല്പം വെള്ളംകൊണ്ടു തുണികഴുകാനും പാത്രം കഴുകാനും പാചകം ചെയ്യാനും ഇവർ കുട്ടികളെ ശീലിപ്പിച്ചു. കോരിച്ചൊരിയുന്ന മഴയത്ത് കുട്ടികളുമായി നടന്ന് ഭൂമിയിൽ വീഴുന്ന മഴവെള്ളത്തിന് എന്തു സംഭവിക്കുന്നെന്നു കാട്ടികൊടുത്തു. ഉറവുകൾ ജനിക്കുന്നത്, വരളുന്നത്, മഴവെള്ളത്തെ ഉറവാക്കി മാറ്റുന്നത്, വന്ധ്യമായ കൃഷിഭൂമിയെ കന്നിമണ്ണാക്കി മാറ്റുന്നത്, വീടുകെട്ടുന്നത്, വിറകു വളർത്തുന്നത് തുടങ്ങി നക്ഷത്രങ്ങളും ഗ്രഹങ്ങളും ആകാശത്തു കാണുന്നത്, അവയുടെ രാശികൾ തുടങ്ങി ജീവിതത്തോടു ബന്ധപ്പെട്ട എത്രയെത്ര കാര്യങ്ങൾ സാരംഗ് ബദൽ വിദ്യാപീഠത്തിൽ പരീക്ഷിച്ചു വിജയം കണ്ടിരിക്കുന്നു.

ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക, ഇതിനാവശ്യമായ പരിസരത്തെ നിലനിർത്തുക എന്നതാണ് സാരംഗ് ലക്ഷ്യമാക്കുന്നത്. ആഹാരം, വസ്ത്രം, പാർപ്പിടം എന്നതാണ് പാഠ്യപദ്ധതി. ഇതിൻെറ സ്വഭാവം ഓരോ പ്രദേശത്തിൻെറയും പ്രത്യേകതയനുസരിച്ച് മാറും. അട്ടപ്പാടിയെ സംബന്ധിച്ചിടത്തോളം കൃഷിയാണ് പ്രധാനം. എന്നാൽ ആഹാരത്തിന് കൃഷിയിടങ്ങളെ മാത്രമല്ല, വനത്തെയും വെള്ളത്തെയും ആശ്രയിക്കാം. വനവും പുഴയും തോടും നഷ്ടമാകുമ്പോൾ ആഹാരത്തിന് കൃഷിയിടങ്ങളെ മാത്രം ആശ്രയിക്കുന്ന ഒരവസ്ഥ വരുന്നു. ഇതൊഴിവാക്കാൻ വനം വച്ചുപിടിപ്പിക്കാനും വെള്ളം കൃഷി ചെയ്യാനും സാരംഗിൽ പഠിപ്പിക്കുന്നു. അട്ടപ്പാടിയിൽ കൃഷി ചെയ്യുന്ന പരുത്തിയിൽ നിന്ന് വസ്ത്രമുണ്ടാക്കാം. സാരംഗിൽ പണിതിരിക്കുന്ന കുടിലുകളും സ്കൂളും ഇവർ തന്നെ നിർമ്മിച്ചതാണ്. സാരംഗിലെ കുട്ടികൾ എല്ലാം ആദിവാസികളാണ്. പഠനം സൗജന്യമാണ്. മൂന്നു പ്രാവശ്യം പല സാങ്കേതിക കാരണങ്ങളാൽ സാരംഗ് അടച്ചിടേണ്ടി വന്നിട്ടുണ്ട്. ഇവിടെ ഓരോ ബാച്ചുകളായിട്ടാണ് കുട്ടികളെ പഠിപ്പിക്കുന്നത്. കുട്ടികളുടെ താല്പര്യവും കഴിവും കണക്കിലെടുത്ത് അവർക്കിഷ്ടമുള്ള കാര്യങ്ങൾ പഠിക്കുവാൻ വേണ്ട സൗകര്യം ചെയ്തു കൊടുക്കുന്നു.

ഇൻഫർമേഷൻ ടെക്നോളജിയിലാണ് ആർക്കെങ്കിലും താല്പര്യമെന്നു കണ്ടാൽ ആ കുട്ടിയെ അതു പഠിപ്പിക്കാനും ഇവർ തയ്യാറാണ്. സാരംഗിലെ ഒഴിവുകാലം കുട്ടികളുടെ മാതാപിതാക്കൾക്ക് കൃഷിക്കും മറ്റുമായി അവരെ ആവശ്യമായി വരുന്നതിനെ ആശ്രയിച്ചാണ്. ഇവിടെ രാഷ്ട്രീയവും പഠനവിഷയമാണ്. ചുറ്റുപാടുമുള്ള പ്രശ്നങ്ങളോട് പ്രതികരിക്കാനും നീതിക്കുവേണ്ടി സമരം ചെയ്യാനും സാരംഗിലെ കുട്ടികൾക്ക് വിമുഖതയില്ല. നേതൃത്വ വാസന വളർത്തുന്നതിനുള്ള ക്യാമ്പുകളും പാഠ്യപദ്ധതിയിലുണ്ട്. നാലേക്കർ ഭൂമിയിൽ ഇവർ നടത്തുന്ന കൃഷിയിൽനിന്നും സന്ദർശകരായെത്തുന്നവരിൽ നിന്നുമുള്ള സംഭാവനയുമാണ് സാരംഗിൻെറ സാമ്പത്തിക ഉറവിടം. ഇപ്പോൾ കാർഷികോല്പന്നങ്ങൾ വിൽക്കുന്ന ഒരു കടയും ഇവിടെ നടത്തുന്നുണ്ട്. നേരത്തെ ഒരു കാൻറീൻ ഉണ്ടായിരുന്നു. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ രണ്ട് ലക്ഷം രൂപ 'ശ്രുതി ഫെല്ലോഷിപ്പ്' ലഭിച്ചിട്ടുണ്ട്. കൂടാതെ ഒരുലക്ഷം രൂപ കടമായും. ഉപാധികളൊന്നുമില്ലാത്തതിനാലാണ് ഈ ഫെല്ലോഷിപ്പ് വാങ്ങിയതെന്ന് ഗോപാലകൃഷ്ണൻ പറയുന്നു.

വിജയലക്ഷ്മി – ഗോപാലകൃഷ്ണൻ ദമ്പതികൾ

കഴിഞ്ഞ 18 വർഷമായി സമാന്തര വിദ്യാഭ്യാസ പരീക്ഷണങ്ങളുമായി കഴിയുന്ന ഗോപാലകൃഷ്ണനോടും വിജയലക്ഷ്മിയോടും തങ്ങളുടെ ശ്രമങ്ങൾക്ക് ഉദ്ദേശിച്ച ഫലമുണ്ടായോ എന്നു ചോദിച്ചാൽ ഉടനെയുള്ള മറുപടി ഗൗതം എന്നാണ്. ഗൗതം ഇവരുടെ മകനാണ്. ഇപ്പോൾ 17 വയസുള്ള ഗൗതമിന് ഔപചാരികമായ വിദ്യാഭ്യാസമൊന്നുമില്ല. എന്നാൽ ഗൗതം പല ഭാഷകൾ കൈകാര്യം ചെയ്യുന്ന ഒരു സവിശേഷ വ്യക്തിത്വത്തിൻെറ ഉടമയാണ്. സാരംഗിൻെറ പ്രിയപ്പെട്ട ഈ പുത്രനെ പോലെ തങ്ങളുടെ മക്കളും ആയിത്തീരണമെന്ന് പല മാതാപിതാക്കളും ഇന്നാഗ്രഹിക്കുന്നു. എന്നാൽ ഇത്തരം ഒരു വിദ്യാഭ്യാസ രീതിയിലൂടെ വ്യക്തിത്വ വികാസവും ജ്ഞാനവും നേടുന്നയാൾക്ക് പൊതുസമൂഹത്തിലെ തൊഴിൽ മേഖലകളിൽ പ്രവേശിക്കാൻ കഴിയുന്ന അവസ്ഥ ഇവിടെയില്ല.

ഇപ്പോഴും തങ്ങളുടെ പദ്ധതിക്ക് പക്വത കൈവന്നിട്ടില്ലെന്ന് ഗോപാലകൃഷ്ണൻ പറയുന്നു. എന്നാൽ മറ്റു പല ഭാഗങ്ങളിൽ നിന്നും സമാനശബ്ദങ്ങൾ കേട്ടു തുടങ്ങിയിരിക്കുന്നു. രൂക്ഷമായ സാമ്പത്തിക പരാധീനതകളിലും ചുവടുറപ്പിച്ചു നിൽക്കാൻ ഇതവർക്ക് പ്രചോദനമേകുന്നു. ഇന്നല്ലെങ്കിൽ നാളെ ഒരു ജനകീയ വിദ്യാഭ്യാസ പദ്ധതി ഇവിടെ വളരുമെന്ന പ്രതീക്ഷയോടെ സാരംഗ് പ്രയാണം തുടരുകയാണ്.

കൂട്ടായ്മയുടെ കനവ്

കെ.സി സെബാസ്ററിൻ

കുട്ടികളുടെ സർഗാത്മകതയെ ഉണർത്തുന്നതാണ് 'കനവ്' എന്ന ബദൽ വിദ്യാലയം.

എഴുപതുകളുടെ ഒടുവിൽ പ്രക്ഷുബ്ധമായ കേരളത്തിലെ നക്സലൈറ്റ് രാഷ്ട്രീയ കാലാവസ്ഥയിൽ ചരിത്രം തിരുത്തികുറിച്ച 'നാടുഗദ്ദിക' എന്ന ജനകീയ നാടകത്തിന്റെ ശില്പിയും വയനാട്ടിലെ ആദിവാസികളുടെ എഴുതപ്പെടാത്ത ചരിത്രത്തെയും അറിയപ്പെടാത്ത ജീവിതത്തെയും പശ്ചാത്തലമാക്കി രചിച്ച, കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച 'മാവേലിമൻറം' എന്ന നോവലിന്റെ സൃഷ്ടാവും സാമൂഹ്യപ്രവർത്തകനുമായ കെ.ജെ.ബേബിയാണ് 'കനവി'ന്റെ സൂത്രധാരൻ.

കനവിന്റെ പിറവി

1992ൽ മഞ്ഞുമലൈ മക്കൾ എന്ന ട്രൂപ്പിന്റെ ആഭിമുഖ്യത്തിൽ 'നാടുഗദ്ദിക' രണ്ടാമത് സജ്ജമാക്കാനുള്ള ശ്രമം തുടങ്ങി. ഇതിന്റെ ഭാഗമായി വീടിന്റെ പുറകിൽ ഒരു ഷെഡ്ഡ് വച്ചുകെട്ടി, നാടക പഠനത്തിന്. അഭിനേതാക്കളോടൊപ്പം അവരുടെ കുട്ടികളും മരുമക്കളും അവിടെ വന്നിരുന്നു. മിക്കവരും സ്കൂളിൽ പോകുന്നു എന്നു പേരുള്ളവരാണ്. കാർണോൻമാർ പണിക്കു പോയി കഴിഞ്ഞാൽ കാട്ടിലൂടെയും വയലിലൂടെയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഇവർക്ക് സ്കൂളിൽ പോകുന്നതിഷ്ടമല്ലായിരുന്നു. അതേസമയം ഇവർക്ക് പാട്ടും കളികളും ഇഷ്ടമായിരുന്നു, നാടകം കളിക്കാനും.

തല്ലിയാലും കൊട്ടിയാലും സ്കൂളിൽ പോകാത്ത കുട്ടികളെ എങ്ങനെയെങ്കിലും ഉഷാറാക്കണമെന്ന് കാർണോൻമാർ പറഞ്ഞപ്പോൾ കുട്ടികൾ പുസ്തകങ്ങളുമായി വരട്ടെ. ഞങ്ങൾ സഹായിക്കാമെന്ന് ബേബി പറഞ്ഞു. പഠിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് ഉയർന്ന ക്ലാസുകളിൽ പോലും പഠിക്കുന്ന ഇവർ നിരക്ഷരരാണെന്നറിയുന്നത്. ഈ വിവരം കാർണോൻമാരെ അറിയിച്ചപ്പോൾ അവർക്ക് ആദ്യം വിശ്വസിക്കാൻ ആയില്ല. കാരണം, പെൻസിലും പേനയും നോട്ടുബുക്കും മുറപോലെ അവർ വാങ്ങിച്ചുകൊടുക്കുന്നുണ്ടായിരുന്നു.

എന്തു പറഞ്ഞാലും തലേകേറില്ലെന്നു പറഞ്ഞ് ടീച്ചർമാർ കയ്യൊഴിഞ്ഞ ഈ കുട്ടികൾക്ക് കളീംപാട്ടും ആട്ടവുമായി ആദ്യാക്ഷരങ്ങൾ വീണ്ടും തുടങ്ങാനായി വീടിനു പിന്നിലെ ഷെഡ്ഡിൽ ഇടം കണ്ടെ



കെ.ജെ ബേബി

ത്തിയ ബേബി ഇവിടം മുതലാണ് 'കനവ്' മെനയാൻ തുടങ്ങുന്നത്. ഇതിനെ പലരും കണ്ടത് പഴയ നക്സൽ ഗ്രൂപ്പ് വീണ്ടും ഉണ്ടാക്കാനുള്ള ശ്രമമായിട്ടാണ്. കുട്ടികളെ ബേബിയുടെ അടുത്തു വിടുന്നതിൽ ആദിവാസികൾക്കു വേണ്ടി പ്രസംഗിക്കുന്ന ഒരു നേതാവ് കാർണോൻമാരെ ശകാരിക്കുകയും ചെയ്തു. ശകാരങ്ങളെയും വിലക്കുകളെയും ലംഘിക്കാൻ കുട്ടികൾ തയ്യാറായതോടെ ബേബി കാര്യങ്ങളുമായി മുമ്പോട്ടു നീങ്ങി.

നല്ല കഴിവുള്ള കുട്ടികളാണിവർ, ചിത്രം വരയ്ക്കാൻ, പാട്ടുപാടാൻ, ആട്ടമാടാൻ, കഥപറയാൻ കഴിയുന്നവർ. ഇവർ ഇവരുടെ കഴിവു തെളിയിക്കാൻ തയ്യാറാണെന്നു ബേബിക്കു വാക്കും കൊടുത്തു.

മാനന്തവാടിയിലുള്ള ഒരു സ്കൂളിൽ ഒരാഴ്ചത്തെ നാടക ക്യാമ്പും ചിത്രകലയിലും മൺപണികളിലും സുഹൃത്തുക്കൾ നടത്തിയ വർക്ക്ഷോപ്പും കഴിഞ്ഞതോടെ കുട്ടികൾ ഉഷാറായി. അവർക്കു വീട്ടിൽ പോകേണ്ടെന്നായി. വീടുകളിലെയും അയൽപക്കത്തെയും മദ്യം വിതയ്ക്കുന്ന അശാന്തിയായിരുന്നു കാരണം. അങ്ങനെ അവർ ദൂരത്തേക്കു പോകേണ്ട ആവശ്യകത ബേബിയുടെ മുന്നിൽ അവതരിപ്പിച്ചു.

ഓടിച്ചാടി നടക്കാനും സന്തോഷത്തോടെ ജീവിക്കാനും അവരുടെ സ്വപ്നങ്ങളിൽ അവർക്ക് 'ഒരിട'മാണ് വേണ്ടതെന്ന് അങ്ങനെ ബേബി തിരിച്ചറിഞ്ഞു. നരസിപ്പുഴയുടെ തീരത്തു നിന്നുള്ള ഈ കുട്ടികളിൽ മിക്കവർക്കും അന്തിയുറങ്ങാൻ ഒരു കൂര പോലുമില്ലായിരുന്നു. ഇവരുടെ സ്വപ്നങ്ങളിലെ 'ഒരിടം' സൃഷ്ടിക്കാനായി കുറച്ചു സ്ഥലം സംഘടിപ്പിക്കാൻ ബേബി പല സർക്കാർ ഓഫീസുകളും കയറിയിറങ്ങി. ഒന്നാലോചിക്ക പോലും ചെയ്യാതെ സാധ്യതയില്ലെന്നു പറഞ്ഞ് അവർ ബേബിയെ മടക്കി. അന്നന്നത്തെ അപ്പത്തിനു വേണ്ടി പാഞ്ഞുനടക്കുന്ന സുഹൃത്തുക്കൾക്കും ബേബിയെ സഹായിക്കാനായില്ല.

ഒടുവിൽ മുമ്പ് 'നാടുഗദ്ദിക' കണ്ടിരുന്ന ഒരു പുരോഹിതനോട് ബേബി കനവിനെ കുറിച്ച് പറഞ്ഞു. അങ്ങനെ അദ്ദേഹം 'വിസ്താർ' എന്ന ഒരു ചാരിറ്റബിൾ ട്രസ്റ്റുമായി ബേബിയെ പരിചയപ്പെടുത്തി.

വെറും സ്കൂളല്ല, വെറും വീടല്ല, കൃത്യമായി ഒരു സിലബസില്ല (സ്കൂൾ സിലബസല്ല) കുട്ടികളുടെ എണ്ണം കൂടാനും കുറയാനും സാധ്യതയുണ്ട്. ഫലമെന്തെന്നു പറയാനാവില്ല. ചിലപ്പൊ വട്ടപൂജ്യം, ചിലപ്പൊ പരസ്പരം ഐക്യത്തിലും സ്നേഹത്തിലും ജീവിക്കുന്ന ഒരു ഗ്രൂപ്പ്. കനവിനെകുറിച്ച് വിസ്താർ ട്രസ്റ്റിനോട് ബേബി പറഞ്ഞതിങ്ങനെയാണ്.

ഇവരുടെ വീടുകളിൽ നിന്നും രണ്ടു നാഴിക ദൂരെ ചീങ്ങോടെന്ന സ്ഥലത്ത് പുഴയുടെയും കാടിന്റെയും അടുത്ത് ഇവർ കനവിന് ഭൂമി കണ്ടെത്തി. കുട്ടികൾക്ക് വല്ലാതെ ഇഷ്ടപ്പെട്ട ഈ ഭൂമി, 'വിസ്താർ' ഇവരുടെ പേരിൽ വാങ്ങികൊടുത്തു. ഇവിടെ ഇവർ കനവു നട്ടുവളർത്തി, 1993ൽ.

കനവിന്റെ ഉൾത്തളം

ബേബിയുടെ രണ്ടു കുട്ടികൾ ഒഴിച്ച് ബാക്കിയുള്ളവരെല്ലാം ആദിവാസികളാണ്. 1 ഇവർക്ക് ഇവരുടേതായ മാതൃഭാഷയുണ്ട്. അതുകൊണ്ട് മലയാളത്തോടുള്ള അറപ്പും വെറുപ്പും അകറ്റി അതിനോടടുപ്പിക്കുകയാണ് ആദ്യം ചെയ്തത്. മലയാളം ഇവരെ സംബന്ധിച്ചിടത്തോളം ആജ്ഞാപനത്തിന്റെ ഭാഷയാണല്ലോ കുടിയേറ്റക്കാരുടെ വരവോടെ അനുനയത്തിന്റേതായെങ്കിലും.

പാഠ്യപദ്ധതിയിൽ ആദ്യം ചരിത്രമാണ് ഇവർ തെരഞ്ഞെടുത്തത്. ചരിത്രത്തിന് ഇത്ര പ്രാധാന്യം കൊടുക്കാനുള്ള കാര്യം ഇവരുടെ ചരിത്രം മുഖ്യധാരക്കാർ അംഗീകരിക്കാത്തതാണ്. ഇവരുടെ പൂർവിക

രുടെ ചരിത്രം എഴുതപ്പെടാത്തതാണ്. പണിയരെ വെന്ത ഭക്ഷണം കാണിച്ച് അടുപ്പിച്ചടുപ്പിച്ച് വലയിൽ പിടിച്ചുകുടുക്കുകയാണ് ഉടമകൾ അന്ന് ചെയ്തിരുന്നത്. മാവേലിയുമായി ഏറ്റവും ബന്ധപ്പെട്ടു കിടക്കുന്ന ആദിവാസികൾ അടിയോരാണ്. ഈ അലിഖിത ചരിത്രം ഇപ്പോഴുള്ള കുട്ടികൾക്കറിയില്ല. അങ്ങനെ വാമൊഴി ചരിത്രത്തിൽ നിന്ന് എഴുതപ്പെട്ട ചരിത്രത്തിലേക്ക് ഇവരുടെ പഠനം വളരുന്നു.

സയൻസിൽ കുട്ടികൾക്ക് കൗതുകമുള്ള വിഷയങ്ങളായ നെൽച്ചെടിയിലെ ചെറിയ ചെറിയ ജീവികൾ, തവള കുഞ്ഞുങ്ങൾ, പക്ഷികൾ, മരങ്ങൾ, നക്ഷത്രങ്ങൾ അങ്ങനെ പോകുന്നു. പക്ഷികളെ എറിഞ്ഞിട്ട് അവയുടെ മുട്ട എടുത്തിരുന്ന ഈ കുട്ടികൾ അവയെ വിരിയിച്ച് പറത്തി വിടുന്ന അവസ്ഥയിലേക്കാണ് പഠനത്തിലൂടെ വളരുന്നത്. ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രവും സയൻസ് കാപ്യൂട്ടറായി വികസിച്ചതുമെല്ലാം ഇവർ മനസിലാക്കുന്നു. കണക്കും, മലയാളം - ഇംഗ്ലീഷ് ഭാഷാപഠനവും കനവിലുണ്ട്.

28 കുട്ടികളുമായിട്ടാണ് കനവ് തുടങ്ങിയത്. ഇപ്പോൾ 44 പേരുണ്ട്. ഇവയെ ഒമ്പത് ഗ്രൂപ്പായി തിരിച്ചിരിക്കുന്നു. ഇവർക്ക് ക്ലാസ് സമയമില്ല. രാവിലെ ആറ് മുതൽ രാത്രി പത്ത് വരെ ഇവർ സജീവമാണ്. ഇതിനിടയിൽ ചെറിയ ചെറിയ പണികൾ, പഠനങ്ങൾ, ഭക്ഷണം പാകംചെയ്യൽ, ശുദ്ധീകരണം, കളികൾ, പാട്ടുകൾ, നൃത്തം, നാടകം എന്നിവയെല്ലാമുണ്ടാകും. രാവിലെ ആറ് മുതൽ എട്ട് വരെ കളരി അഭ്യാസമാണ്. ഇതു കഴിഞ്ഞാണ് മറ്റു കാര്യങ്ങൾ. ഗ്രൂപ്പുകളാണ് ഓരോരോ കാര്യങ്ങൾ ചെയ്യുന്നത്.

സംഗീതമാണ് ഈ വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാകുന്നത്. 40ൽപരം രാഗങ്ങൾ തന്നെ ഇവരെ പഠിപ്പിച്ചിട്ടുണ്ട്. സംഗീതം ഇവരുടെ ഉപജീവനമാർഗത്തിൽ പെടുന്നു. സ്കൂളുകളിൽ സംഗീതപരിപാടികൾ അവതരിപ്പിച്ച് പോയ വർഷം ഒന്നരലക്ഷത്തിലധികം രൂപ തന്നെ ഇവർ ഉണ്ടാക്കി. ഇവരുടെ ജീവിതത്തിന്റെ ഭാഗമായിട്ടുള്ളതാണ് കൃഷി. നെല്ല്, കപ്പ, പച്ചക്കറികൾ രാസവളങ്ങളില്ലാതെ ഇവർ കൃഷി ചെയ്യുന്നു. ഓഡിയോകാസറ്റ്, ആശംസാകാർഡ്, മണ്ണിന്റെ കരകൗശല വസ്തുക്കൾ ഇവർ ഇവിടെ ഉണ്ടാക്കുന്നു. പിന്നെ പശുക്കൾ. ഇതിൽ നിന്നെല്ലാമുള്ള വരുമാനം കൊണ്ടാണ് 'കനവ്' ഓരോ ദിവസത്തെയും അതിജീവിക്കുന്നത്. 'വിസ്താറി'ൽ നിന്നുള്ള സഹായം ഇപ്പോഴില്ലെന്ന് ബേബി പറഞ്ഞു. കനവിനെകുറിച്ച് കേട്ടറിഞ്ഞെത്തിയ അന്നത്തെ വയനാട് കളക്ടർ വിശ്വാസ് മേത്ത, കൃഷിക്കായി ഒരു ഇറിഗേഷൻ പ്രൊജക്ടും വെളിച്ചത്തിന് സോളാർസിസ്റ്റവും പാസാക്കി കൊടുത്തു. ഇറിഗേഷൻ കിട്ടിയതോടെ പച്ചക്കറി മെച്ചപ്പെട്ടു.

ചുറ്റുപാടുമുള്ള എല്ലാ വിഷയങ്ങളുമായി കുട്ടികളെ ബന്ധപ്പെടുത്തുന്നു. ഇവർ സമരങ്ങളിലും പങ്കെടുക്കാറുണ്ട്. എ. വാസു (ഗ്രോ) നിരാഹാരം കിടന്നപ്പോഴും ചാലിയാർ, നർമ്മദ സമരങ്ങളോട് അനുഭാവം രേഖപ്പെടുത്തിയും ഇവർ ചെറിയ ചെറിയ ഉപവാസങ്ങൾ നടത്തിയിരുന്നു. ജാനു നടത്തിയ സമരത്തെകുറിച്ചും ഇവർ ബോധവാൻമാരാണ്. കുടുംബങ്ങൾ ആത്മഹത്യ ചെയ്യുമ്പോൾ വ്യാകുലപ്പെടുകയും അതിന്റെ കാരണങ്ങൾ ഇവർ വിശകലന വിധേയമാക്കുകയും ചെയ്യുന്നു.

കലാ-സാഹിത്യ-സാമൂഹ്യ രംഗത്തെ പ്രതിഭകൾ ഇവിടെയെത്തി അവരുടെ വിജ്ഞാനവും അനുഭവങ്ങളും കുട്ടികളുമായി പങ്കുവെക്കുന്നു. വാണിജ്യ സിനിമകളുടെ ഭ്രാന്തിൽ മുങ്ങികിടന്നിരുന്ന ഈ കുട്ടികൾ നല്ല സിനിമയുടെ പ്രേക്ഷകരാണിപ്പോൾ. കൊളോണിയൽ ക്രിക്കറ്റും പൈങ്കിളി സീരിയലും കണ്ട് ഇവർ സമയം പാഴാക്കുന്നില്ല. ആ സമയം കൃഷി ചെയ്യാനോ ചിത്രം വരക്കാനോ മറ്റു ക്രിയാത്മക പ്രവർത്തനങ്ങളോ നടത്താനുപയോഗിക്കുന്നു.

മിക്കവാറും മാസങ്ങളിൽ കുട്ടികൾ പഠിക്കുന്നതും പഠിച്ചതും അവരുടെ കാർണോൻമാരെ വരുത്തി കാണിച്ചുകൊടുക്കുന്നതു കൊണ്ട് കാർണോൻമാർക്ക് മനംമാറ്റം ഉണ്ട്. തങ്ങളുടെ കുട്ടികൾ കഴിവുള്ളവരാണെന്ന് ബോധ്യപ്പെട്ട കാർണോൻമാർ കുട്ടികൾക്ക് അത്യാവശ്യം വേണ്ടവ വാങ്ങികൊടുക്കാൻ തുടങ്ങിയിരിക്കുന്നു. ഇത് കുട്ടികളെ കൂടുതൽ ആഹ്ലാദിപ്പിക്കുന്നു.

യോഗ, കളരിപയറ്റ്, സംഗീതോപകരണങ്ങൾ, നാടൻനൃത്തം, ശാസ്ത്രീയ നൃത്തം, മുദ്രകൾ, ഭാവങ്ങൾ, ചൊൽക്കൊട്ടുകൾ, നാടൻപാട്ടുകൾ, ഹിന്ദുസ്ഥാനി-കർണാടക സംഗീതം, കേട്ടിട്ടില്ലാത്ത രാഗങ്ങൾ ഇവയെല്ലാം കനവിലെ കുട്ടികൾ അഭ്യസിക്കുന്നു. ഇവിടത്തെ 44 കുട്ടികളും ഒരദ്ധ്യാപകനുമില്ലാതെ ചിത്രങ്ങൾ വരക്കും. ഇവരുടെ കാസറ്റുകൾക്ക് കവർ ഈ കുട്ടികൾ തന്നെ വരക്കുന്നു. മാക്സിം ഗോർക്കിയുടെ 'അമ്മ' ഇവരുടെ സാഹചര്യങ്ങളുമായി ബന്ധിപ്പിച്ച് നാടകമായി ആവിഷ്കരിച്ചിട്ടുണ്ട്.

കനവൊരു ജീവിത കൂട്ടായ്മയാണ്. ഇവിടെ കുട്ടികൾ ആൺ-പെൺ വേർതിരിവില്ലാതെ ജീവിക്കുന്നു. എല്ലാ പണിയും എല്ലാവരും ചെയ്യുന്നു. ജാതിയും വർണവും വർഗവുമില്ലാത്ത ഒരു കമ്യൂൺ ആയി വളരാനാണ് കനവ് കൊതിക്കുന്നത്. ഭരിക്കാനും നിയന്ത്രിക്കാനും ആരുമില്ലാത്ത കമ്യൂണിലേക്കു എത്താൻ സാംസ്കാരികമായി നമ്മൾ ഉയരേണ്ടതുണ്ടെന്നും വെറും ഭൗതികത കൊണ്ടു മാത്രം എത്താൻ കഴിയില്ലെന്നും ബേബി പറയുന്നു. ഇതിന് ധ്യാനം മുതലുള്ള എല്ലാ സംഭവങ്ങളും ഉൾപ്പെടുത്തണമത്രേ. ഇതിലേക്ക് പരസ്പരം സ്നേഹിക്കുന്ന തെറ്റുകുറ്റങ്ങൾ ചൂണ്ടികാണിക്കുന്ന ഒരു ചെറിയ ഗ്രൂപ്പിനെ ഉരുത്തിരിച്ചെടുക്കാൻ കഴിയുമെങ്കിൽ ഇവർക്ക് നാളത്തെ തലമുറക്കു വേണ്ടി ഒരുപാട് ചെയ്യാൻ കഴിയുമെന്ന് ബേബി വിശ്വസിക്കുന്നു.

ആരംഭത്തിലുണ്ടായിരുന്ന ആശങ്കകൾ നീങ്ങിയപ്പോൾ ആത്മവിശ്വാസത്തിന്റെ പാതയിലാണ് ബേബി. ഏഴുവർഷത്തെ തന്റെ പ്രയത്നത്തിന് ഫലമുണ്ടെന്നു തന്നെയാണ് ബേബി കരുതുന്നത്. ഇതിന് സാക്ഷ്യമായി ബേബി നിരത്തിയത് പോയവർഷത്തെ ഒരനുഭവമാണ്. കനവിന്റെ പൂർണമായ ചുമതല കുട്ടികളെ ഏല്പിച്ച് അപ്പനമ്മമാരും മുതിർന്നവരും ബേബിയും മറ്റും മൂന്നാഴ്ചത്തേക്ക് പുറത്തുപോയി. ഈ സമയത്ത് വിദ്യാഭ്യാസ ഉദ്യോഗസ്ഥരും പൊലീസും ഇവരെ പരീക്ഷിക്കുന്നതിനു വേണ്ടി കനവിലെത്തി. ഇവരെയെല്ലാം കാര്യപ്രാപ്തിയോടെ നേരിടാനും മൂന്നാഴ്ച കനവു നടത്താനും ഈ കുട്ടികൾക്കു കഴിഞ്ഞു. ഈ പരീക്ഷണത്തിൽ 100 ശതമാനവും ഇവർ

കനവിലെ സംഗീത പഠനം

വിജയിക്കുകയുണ്ടായി എന്നാണ്. അന്ന് ഏഴുഗ്രൂപ്പും എട്ട് ലീഡേഴ്സും ഉണ്ടായിരുന്നു. ആ എട്ടുപേരാണ് ഇപ്പോൾ ഇംഗ്ലീഷ് ഭാഷാപഠനത്തിനായി ബാംഗ്ലൂർ ഉള്ളത്. ഇവർ അവിടെ ഒരു വീടെടുത്തു താമസിക്കുന്നു. 18 വയസിൽ താഴെയുള്ള ഇവരിൽ മൂന്നു പെണ്ണും അഞ്ച് ആണുങ്ങളുമാണുള്ളത്. ഇതിൽ ബേബിയുടെ രണ്ടു മക്കളുമുണ്ട്. ഇവരുടെ എല്ലാ കാര്യങ്ങളും ഇവർ തന്നെ നിർവഹിക്കുന്നു. ഒരു പൊല്ലാപ്പുമില്ലാതെ ജീവിക്കുന്ന ഇവർ 'വരുന്നതു വരട്ടെ' എന്ന നിലയിലാണ്.

ഈ കുട്ടികളുടെ ഉള്ളിലുള്ളതിനെ പകർത്തിയെടുക്കാൻ കനവ് പോലെ ഒരു ബദൽ വിദ്യാഭ്യാസത്തിലൂടെയേ കഴിയൂ. പിന്നെ ഒരുമിച്ച് ജീവിക്കുമ്പോഴുള്ള ഒരു നൻമയുണ്ട്. ആ നൻമയും ഇത്തരത്തിലേ സാധ്യമാകൂ എന്ന് ബേബി പറയുന്നു.

കനവിൻെറ പ്രവർത്തനങ്ങളിൽ ബേബിയോടൊപ്പം ഭാര്യ ഷെർളിയും പുൽപ്പള്ളിയിലുള്ള സരിജയുമുണ്ട്. ഇപ്പോൾ കോഴിക്കോടുകാരി ശാലിനിയും.

അക്കാദമിക് കസർത്തോ ഏതെങ്കിലും സൈദ്ധാന്തിക പിൻബലമോ ഇല്ലാത്ത കനവിനെ ആരംഭത്തിൽ 'പയിക്കിൻേറാ' യൂണിവേഴ്സിറ്റി, വിദേശഫണ്ടു തട്ടാനുള്ള പുതിയ തട്ടിപ്പ്, ഇടതുപക്ഷ തീവ്രവാദത്തിൻെറ പുതിയ കാൽവെപ്പ് എന്നെല്ലാം വിളിച്ചാണ് പുറംലോകം എതിരേറ്റത്. എന്നാൽ കനവ് ഇതൊന്നുമല്ലെന്നും ഒരു പുതുവിദ്യാലയവും ഒരു ജീവിത കൂട്ടായ്മയുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഈ കുട്ടികളുടെ ഉള്ളിലുള്ളതിനെ പകർത്തിയെടുക്കാൻ കനവ് പോലെ ഒരു ബദൽ വിദ്യാഭ്യാസത്തിലൂടെയേ കഴിയൂ. പിന്നെ ഒരുമിച്ച് ജീവിക്കുമ്പോഴുള്ള ഒരു നൻമയുണ്ട്. ആ നൻമയും ഇത്തരത്തിലേ സാധ്യമാകൂ എന്ന് ബേബി പറയുന്നു.

കനവിലെ കുട്ടികൾ

അഷ്ടവൈദ്യൻ തൃശൂർ തൈക്കാട്ട് മൂസ് വക

എസ്.എൻ.എ ഔഷധശാല

ESTD 1920

പി.ബി നമ്പർ 718, മുസ്പെററ് റോഡ്, കിഴക്കെകോട്ട,
തൃശൂർ 5, ഫോൺ 420948, 441947

* 80 വർഷത്തെ സേവന പാരമ്പര്യം
* തൈക്കാട്ട് മൂസ്സിൻെറ പ്രത്യേക മേൽ നോട്ടത്തിൽ മരുന്ന് നിർമ്മാണം
* ഗുണനിലവാരം എന്നും കാത്തുസൂക്ഷിക്കുന്നു.

ഏജൻസികൾ / സ്ററോക്കിസ്ററുകൾ അപേക്ഷ ക്ഷണിക്കുന്നു.
E-Mail:snaos@md4.vsnl.net.in



കേരളത്തിലെ സ്ത്രീ പുരുഷ ബന്ധങ്ങൾ യാഥാസ്ഥിതികമോ? പുരോഗമനപരമോ?

ആധുനികലോകത്ത് സാമൂഹികവികാസത്തിൻെറ മാനദണ്ഡങ്ങളിൽ പ്രമുഖമാണ് സ്ത്രീ-പുരുഷ ബന്ധങ്ങളിൽ വരുന്ന മാററത്തിൻെറ രൂപഭാവങ്ങൾ. അവകാശബോധത്തിൻെറയും വ്യക്തിഗത രാഷ്ട്രീയ ബോധത്തിൻെറയും തലത്തിൽ ഏറെ മുന്നിലെത്തിയ കേരളത്തിൽ സ്ത്രീ-പുരുഷബന്ധങ്ങൾ എവിടെ എത്തിനില്ക്കുന്നു എന്ന പരിശോധനയിൽ, ഇതുവരെ ഇവിടെ പൊതുചർച്ചക്ക് വിധേയമായിട്ടില്ലാത്ത ഗൗരവമുള്ള പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടിരിക്കുന്നു.

കേരളത്തിലെ സ്ത്രീ - പുരുഷ ബന്ധങ്ങൾ യാഥാസ്ഥിതികമോ പുരോഗമനപരമോ?

1. സാക്ഷരത, ജനാധിപത്യവൽക്കരണം, രാഷ്ട്രീയവൽക്കരണം എന്നീ ആധുനിക സാമൂഹ്യപ്രക്രിയകളിൽ ഏറെ മുന്നിലെത്തിയ കേരളത്തിൽ സ്ത്രീ പുരുഷബന്ധങ്ങൾ തികച്ചും യാഥാസ്ഥിതികമായ അവസ്ഥയിൽ തന്നെ തുടരുന്നു എന്ന നിരീക്ഷണത്തോട് യോജിക്കുന്നുണ്ടോ? ഉണ്ടെങ്കിലും ഇല്ലെങ്കിലും എന്തുകൊണ്ട്?
2. കേരളത്തിലെ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പോലും യാഥാസ്ഥിതികമായ പുരുഷമേധാവിത്തത്തിലധിഷ്ഠിതമായ സ്ത്രീപുരുഷബന്ധങ്ങൾ ഉടച്ചുവാർക്കുന്നതിൽ ഒന്നും ചെയ്തില്ലെന്നും പഴയഘടന ഉറപ്പിക്കുകയാണ് ചെയ്തതെന്നും പറഞ്ഞാൽ ശരിയായിരിക്കുമോ?
3. ഏറെ രാഷ്ട്രീയ പ്രബുദ്ധമെന്ന് കരുതപ്പെടുന്ന കേരളത്തിൽ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണം ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളെ അപേക്ഷിച്ചും വളരെ കുറവാണെന്ന വസ്തുത നമുക്ക് എങ്ങനെ വിശദീകരിക്കാനാവും?
4. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പോലും കാണാത്ത അത്ര കൃത്രിമമായിട്ടാണ് ചെറുപ്പം മുതലേ കേരളത്തിലെ ആൺകുട്ടികളും പെൺകുട്ടികളും വേർതിരിച്ചു വളർത്തപ്പെടുന്നത് എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കുടുംബത്തിൽ നിന്ന് ആരംഭിച്ച് സ്കൂളുകളിലും കോളേജുകളിലും അതുവഴി സമൂഹത്തിലും വ്യാപിച്ചു നില്ക്കുന്ന ഈ കൃത്രിമ വിഭജനമാണ് അനാരോഗ്യകരമായ സ്ത്രീ പുരുഷബന്ധത്തിന് കളമൊരുക്കുന്നതെന്ന നിരീക്ഷണം ശരിയാണോ?
5. ഭർതൃപീഡനം മുതൽ പെൺവാണിഭം വരെ കേരളത്തിൽ വ്യാപകമായികൊണ്ടിരിക്കുന്ന സ്ത്രീ പീഡനപരമ്പരകൾക്കു പിന്നിൽ, അനാരോഗ്യകരമായ സ്ത്രീ-പുരുഷബന്ധത്തെ നിലനിർത്തിപ്പോരുന്ന കേരളീയ സാമൂഹ്യ പശ്ചാത്തലം തന്നെയാണ് പ്രവർത്തിക്കുന്നതെന്ന വിലയിരുത്തൽ ശരിയാണോ?
6. കേരളത്തിലെ വ്യവസ്ഥാപിത സ്ത്രീ സംഘടനകൾ മുതൽ സ്ത്രീ വിമോചന ഗ്രൂപ്പുകൾ വരെയുള്ളവയ്ക്ക് ഇവിടത്തെ സ്ത്രീ-പുരുഷ ബന്ധത്തിൽ മാറ്റങ്ങളുണ്ടാക്കാൻ അല്പം പോലും കഴിയാതെ വന്നത് എന്തുകൊണ്ടാണ്?
7. ലൈംഗികതയെകുറിച്ച് നിലവിലുള്ള ധാരണകളും സദാചാരസങ്കല്പങ്ങളും സ്ത്രീകളെ അടിച്ചമർത്താൻ ഉപയോഗിക്കപ്പെടുന്നു എന്ന ധാരണ ശരിയാണോ? സ്വതന്ത്ര ലൈംഗികത ഇതിനൊരു പരിഹാരമാണോ?
8. വിവാഹം എന്ന സാമൂഹ്യ സംവിധാനത്തിൽ അടിസ്ഥാനപരമായ പൊളിച്ചെഴുത്ത് ആവശ്യമാണ് എന്ന വീക്ഷണത്തോട് യോജിക്കുന്നുണ്ടോ?
9. മനുഷ്യസമൂഹത്തിൻെറ ജനാധിപത്യവൽക്കരണ പ്രക്രിയയിൽ സ്ത്രീപുരുഷസമത്വം സ്ഥാപിക്കലാണ് അടുത്ത ഘട്ടമെന്നും ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സാമൂഹ്യപുരോഗതിയിലെ മുഖ്യ അജണ്ട ഇതായിരിക്കുമെന്നുമുള്ള നിഗമനത്തിന് സാധുതയുണ്ടോ?

ഈ ചോദ്യങ്ങളോടോ ഏതെങ്കിലും പ്രത്യേക ചോദ്യത്തോടോ ചോദ്യങ്ങളോടോ ഉള്ള പ്രതികരണം.

സുഗതകുമാരി
മീനാക്ഷിതമ്പാൻ
പി. വത്സല
എം.ഗംഗാധരൻ
സി.ആർ പരമേശ്വരൻ
പി. ഗീത
സുജാതാദേവി
ജെ. രഘു
വി.പി സുഹ്റ
ജാനററ് ഫരീദ
മഡോണ
പ്രതികരിക്കുന്നു

ബി.രാജീവൻ,
ഭാസുരേന്ദ്രബാബു,
ഡി. പ്രദീപ് കുമാർ,
ഒ.കെ സുദേഷ്
പൊതുലേഖനങ്ങൾ

സ്ത്രീ – പുരുഷ ബന്ധം

പുരോഗമന പ്രസ്ഥാനങ്ങൾ പൊളിച്ചെഴുതിയില്ല

സുഗതകുമാരി

മലയാളികൾ അടിസ്ഥാനപരമായി തന്നെ യാഥാസ്ഥിതികരാണ്. സ്ത്രീ-പുരുഷ ബന്ധവും യാഥാസ്ഥിതികം തന്നെ. മുൻപും അങ്ങനെയായിരുന്നു. ഇപ്പോഴും അതുതന്നെ തുടരുന്നു. വനിതാകമ്മീഷൻ ചെയർപേഴ്സൺ സുഗതകുമാരി അഭിപ്രായപ്പെട്ടു. വനിതാകമ്മീഷന്റെ മുൻപിൽ ഇപ്പോൾ മുപ്പതിനായിരത്തിലേറെ കേസുകളുണ്ട്. ഇവയിൽ 60 ശതമാനം ഏറെയും കുടുംബത്തിലെ സ്ത്രീ-പുരുഷ ബന്ധത്തിലെ ഉലച്ചിലുകളിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്. സ്ത്രീധന പ്രശ്നങ്ങൾ, ഭർത്താവിന്റെ മദ്യപാനം, വീട്ടിൽ നിന്നും അടിച്ചിറക്കൽ, ചതിക്കൽ, ഗർഭിണിയാക്കി ഉപേക്ഷിക്കൽ എന്നിവ വേറെയും. കൂട്ടുകുടുംബങ്ങളിൽ ഉണ്ടായിരുന്ന സുരക്ഷിതത്വം ഇന്ന് സ്ത്രീക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഭാര്യയും ഭർത്താവും കുട്ടിയും മാത്രമുള്ള ചെറിയ കുടുംബത്തിൽ ഒരു കുഴപ്പം സംഭവിച്ചാൽ, ഒരു രോഗം വന്നാൽ, ഒരപസ്വരം ഉണ്ടായാൽ താങ്ങിനാരുമില്ല. പെട്ടന്നവൾ ഒറ്റപ്പെടും. സുരക്ഷിതത്വം നഷ്ടപ്പെട്ട് മാനസികമായി തകരും. മനോരോഗം കേരളത്തിലെ സ്ത്രീകൾക്കിടയിൽ പെരുകികൊണ്ടിരിക്കുകയാണ്. സുരക്ഷിതത്വമില്ലായ്മ, സമാധാനമില്ലായ്മ, അസ്വസ്ഥത, അശാന്തി ഇവയൊക്കെ വർദ്ധിച്ചുവരുന്ന കാലഘട്ടത്തിലാണ് നാമെത്തിനിൽക്കുന്നത്. ഇതൊക്കെ സൂചിപ്പിക്കുന്നത് കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധം യാഥാസ്ഥിതികമാണെന്നു തന്നെയാണ്.

സാക്ഷരത, ജനാധിപത്യവല്കരണം, രാഷ്ട്രീയവല്കരണം എന്നിവയിൽ കേരളം മുമ്പിലാണെന്ന അഭിപ്രായത്തോട് ആദ്യമേ വിയോജിക്കുന്നു. അങ്ങനെയെങ്കിൽ അതിന്റെയൊക്കെ പ്രതിഫലനം മലയാളിയുടെ ജീവിതത്തിലും ഉണ്ടാകണം. അതെവിടെയൊക്കെയുണ്ട് എന്നുകൂടി പറയട്ടെ. നൂറുശതമാനം സാക്ഷരതയുള്ള മലയാളി ബീഹാറുകാരനുമായി എന്തിലൊക്കെയാണ് വിഭിന്നൻ. ബീഹാറുകാരനായ ഒരു കവി സുഹൃത്ത് ഒരിക്കൽ ചോദിച്ചു:- നിങ്ങളുടെ സാക്ഷരതകൊണ്ട് നിങ്ങൾക്കെന്തു പ്രയോജനം. നിങ്ങളുടെ റോഡുകളിൽ ചപ്പുചവറുകളുടെ കൂമ്പാരം കിടക്കുന്നു. നിങ്ങളുടെ ബസിൽ മനുഷ്യന് മര്യാദക്ക് യാത്ര ചെയ്യാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. മദ്യപാനം വർദ്ധിക്കുന്നു.

ടെലിവിഷൻ മാധ്യമങ്ങൾ വ്യാപകമാകുന്നതിനു മുൻപ് കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധം ഇത്രത്തോളം മോശമായിരുന്നില്ല എന്നു തോന്നുന്നു. മറ്റൊരു പ്രശ്നം ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ രാഷ്ട്രീയം കളിയ്ക്കുന്നതുകൊണ്ട് പലപ്പോഴും വനിതാകമ്മീഷനെ എതിർക്കുന്നു.

ആത്മഹത്യാനിരക്കിൽ ഇന്ത്യയിൽ മുമ്പിൽ നിൽക്കുന്നു. സ്ത്രീ പീഡനത്തിലും പുറകിലല്ല. സ്ത്രീധനം ശാപമായി മാറികൊണ്ടിരിക്കുന്നു. ഇതിനൊക്കെ ഉത്തരം പറഞ്ഞിട്ടുമതി സാക്ഷരതയെകുറിച്ച് പ്രസംഗിക്കാൻ. ഉത്തരംമുട്ടിപ്പോയി. നേട്ടങ്ങളെ കുറിച്ച് പറയുന്ന മലയാളിക്ക് ഒരിക്കലും ഇത്തരം ശാപങ്ങൾ ഉണ്ടാകാൻ പാടില്ല. നമ്മളൊന്ന് ആലോചിച്ചു നോക്കൂ.. നമ്മുടെ പരിസ്ഥിതിയെ നമ്മളെങ്ങനെ സംരക്ഷിക്കുന്നു. പുഴയും കുളവും നെൽപാടങ്ങളും സംരക്ഷിക്കാനറിയാത്ത മലയാളിക്ക് സാക്ഷരതകൊണ്ട് എന്തു നേട്ടം. വല്ലയിടത്തും പോയി ജോലിചെയ്യാമെന്നോ? ശരി, ആ നേട്ടമുണ്ട്. അടിസ്ഥാനപരമായ കാര്യങ്ങൾ ചെയ്യാൻ മലയാളിക്ക് കഴിയുന്നില്ല. മലയാളി അശ്രദ്ധനാണ്. അലസനാണ്. ധിക്കാരവും പരിഹാസവും കലർന്ന നോട്ടത്തോടു കൂടിയാണ് അവൻ കാര്യങ്ങളെ കാണുന്നത്. അതുകൊണ്ട് ഇതിൽ മേൻമയുണ്ടെന്ന് തോന്നുന്നില്ല.

ഒരു മാനസികരോഗിയായ പെൺകുട്ടി കൂട്ടുകുടുംബത്തിൽ സുരക്ഷിതയാണ്. അവൾക്ക് ആരെങ്കിലുമൊരു തുണ കാണും. ഇന്നത്തെ കുടുംബത്തിൽ അവളുടെ അവസ്ഥ എന്താണ്? വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാനസിക സമ്മർദ്ദമാണ് കുടുംബ ബന്ധങ്ങളെ ഉലക്കുന്ന ഒരു പ്രധാന കാരണം. ലക്ഷക്കണക്കിനു രൂപ സ്ത്രീധനം വാങ്ങി കല്യാണം കഴിച്ച് വീട്ടിൽ കൊണ്ടുപോകുന്ന കുടുംബം. ഇതിലെന്തുമാനമാണുള്ളത്. ഏതു പാവപ്പെട്ടവന്റെ വീട്ടിലും കണക്കു പറഞ്ഞ് പണം വാങ്ങുന്നുണ്ട്. സ്ത്രീധനം എന്നു പറയുന്നത് എല്ലാ മതങ്ങളും ഒരേപോലെ അംഗീകരിക്കുന്ന എല്ലാ ജാതികളും അംഗീകരിക്കുന്ന, എല്ലാ തട്ടിലുമുള്ളവർ അംഗീകരിക്കുന്ന, ഒരു പ്രത്യേക പതിവ് ശീലമായി കഴിഞ്ഞിരിക്കുന്നു. ഇതു തുടരുന്നിടത്തോളം കാലം പെണ്ണിന് അഭിമാനമില്ല. വടക്കേ ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്ത നീചമായ ഈ ശീലത്തിന് മലയാളി അടിമപ്പെട്ടിരിക്കുന്നു. സ്ത്രീധനത്തിൽ, പുരുഷാധിപത്യത്തിൽ, രണ്ടാംകിട പദവിയായി കാണുന്ന തരത്തിൽ, അടിയുറച്ച ഒരു കുടുംബവും അതിലെ സ്ത്രീ-പുരുഷ ബന്ധങ്ങളുമാണ് ഇന്നു കണ്ടുവരുന്നത്.

ഇതൊക്കെ സഹിച്ച് വിനീതയായി, സമാധാനമായി കഴിയുന്ന സ്ത്രീക്ക് പ്രശ്നമൊന്നും ഇല്ലായിരിക്കാം. പക്ഷേ, വ്യക്തിത്വമുള്ളവൾ, തിരിഞ്ഞു നിൽക്കുന്നവൾ, മർദ്ദനം സഹിക്കാൻ തയ്യാറില്ലെന്നു പറയുന്നവൾ, പീഡിപ്പിക്കപ്പെടാൻ മനസില്ലെന്നു പറയുന്നവൾ, പരസ്ത്രീ ബന്ധം താങ്ങാൻ ഉദ്ദേശമില്ലാ എന്നു പറയുന്നവൾ ബുദ്ധിമുട്ടിലാണ്. അവൾക്ക് പടക്കളത്തിൽ ഇറങ്ങേണ്ടി വരും. നിങ്ങളാദ്യം പറഞ്ഞ സാക്ഷരതയും ജനാധിപത്യവല്കരണവും രാഷ്ട്രീയവല്കരണവും ശരിയാംവണ്ണം കേരളീയ സമൂഹത്തിൽ നടന്നിട്ടില്ല എന്നതിന് ഇതിൽ കൂടുതൽ തെളിവു വേണോ?

സ്ത്രീ-പുരുഷ ബന്ധത്തെ പൊളിച്ചെഴുതാൻ പുരോഗമന രാഷ്ട്രീയപ്രസ്ഥാ

നക്കാർ ആരും തന്നെ ഒട്ടും ശ്രമിച്ചിട്ടില്ല. മാത്രവുമല്ല, കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധം വളരെ മെച്ചപ്പെട്ടതാണെന്നു പറഞ്ഞ് അതിനെ കൂടുതൽ കൂടുതൽ ഉറപ്പിച്ചെടുക്കാനാണ് എല്ലാ പാർട്ടിക്കാരും ശ്രമിച്ചത്.

പെണ്ണിന് ധൈര്യം ഇല്ലാത്തതുകൊണ്ടു തന്നെ അവൾ ബഹുമാനിക്കപ്പെടുകയല്ല. പേടിപ്പിച്ച് നിർത്തിയിരിക്കുകയാണ്. രാഷ്ട്രീയരംഗത്ത് ഏതൊക്കെ വിധത്തിലാണവൾ വെട്ടിവീഴ്ത്തപ്പെട്ടുകൊണ്ടിരിക്കുന്നത് എന്നും, അവഹേളിക്കപ്പെട്ടുകൊണ്ടിരിക്കുന്നതെന്നും എനിക്കറിയാം. ഒരു ഉദാഹരണം പറയാം, പഞ്ചായത്ത് സംവരണം വന്ന് അതിലൂടെ അവൾക്ക് കുറച്ച് കസേര കിട്ടി. ആ സ്ത്രീകളിൽ വളരെ അധികം പേർ ഇവിടെ വന്ന് അവർ അനുഭവിക്കുന്ന പീഡനങ്ങൾ പറഞ്ഞിട്ടുണ്ട്. പഞ്ചായത്ത് മീറ്റിങ്ങിൽ അവൾ അവഹേളിക്കപ്പെടുന്നു. അവളോട് ഉപയോഗിക്കുന്ന ഭാഷ, എടീ..പോടീ വിളി, സാരിക്കു പിടിച്ചുവലി, തലമുടിക്ക് കുത്തിപിടിച്ച് വലി ഇങ്ങനെ എത്ര എത്ര..പരാതിക്കാരികൾ ഏറെയുണ്ട്. പക്ഷേ സാക്ഷികളായി ആരുമുണ്ടാകില്ല. സ്വന്തം പാർട്ടിക്കാർ പോലും.

വർണാഭമായ ലോകത്തിലൂടെ സ്ത്രീയെ സഞ്ചരിപ്പിക്കാൻ അവരെ മറ്റാരോ ഒക്കെ ആക്കി മാറ്റിതീർക്കാൻ മാധ്യമങ്ങൾക്ക് കഴിയുന്നു. ഫെമിനിസ്റ്റ് ഗ്രൂപ്പുകളുടെ പരിമിതിയും അവരുടെ രാഷ്ട്രീയവുമാണ് സ്ത്രീകൾക്കിടയിൽ സ്വാധീനമുണ്ടാക്കാൻ കഴിയാതെ പോയത്.

സ്ത്രീയോടു മോശമായി പെരുമാറി എന്നുള്ള പരാതിയിൻമേൽ അന്വേഷണം നടത്തുമ്പോൾ, സ്ത്രീ മോശമായി പെരുമാറി എന്നു തെളിയിക്കാനായി നൂറു സാക്ഷികളെ നിരത്തും. എനിക്ക് വളരെ വിഷമം തോന്നുന്നു. അവൾ പറഞ്ഞതു കള്ളമാണെന്നു പറയാൻ അൻപതു സാക്ഷികളെ കിട്ടുമ്പോൾ അവൾക്കു വേണ്ടി ഒരാളും വരാറില്ല. അവൾക്ക് പിടിച്ചുനിൽക്കാൻ പറ്റില്ല. ഈ വ്യവസ്ഥയുടെ മുൻപിൽ അവൾ ഒറ്റപ്പെട്ടുപോകുന്നു. വളരെ മോശമാണ് അവസ്ഥ. അവൾക്ക് നേരെ വിരൽ ചൂണ്ടാൻ സദാചാരത്തിൻെറ ആയിരം കൈകളുണ്ടാവും. അത് പേടിച്ച് ഇത്തരം പാടുകൾക്കൊന്നും വയ്യാ എന്നു പറഞ്ഞ് പുറകോട്ടു മാറുന്ന സ്ത്രീയാണ് നമ്മുടെ മുൻപിൽ നിൽക്കുന്നത്. രാഷ്ട്രീയ രംഗത്ത് സർവ്വാധിപത്യം നേടിയ പുരുഷാധിപത്യമാണ് സ്ത്രീകളുടെ പൊതുരംഗത്തേക്കുള്ള വരവ് തടസപ്പെടുത്തുന്നത്.

വീടുകളിലെ പരിശീലനമാണ് പ്രധാന കാരണം. അച്ഛനും അമ്മയും കൊടുക്കുന്ന വിവേചനത്തിൽ നിന്നും ഇത് ആരംഭിക്കുന്നു. വീട്ടിലും സ്കൂളിലും കുട്ടികളെ വിവേചനത്തോടു കൂടി വളർത്തുന്നു. കുട്ടികൾ ഇന്ന് മതിൽക്കെട്ടുകൾക്കുള്ളിലാണ് വളരുന്നത്. ജീവിത യാഥാർത്ഥ്യങ്ങൾ എന്തെന്ന് അവർ അറിയുന്നില്ല. പെട്ടെന്നായിരിക്കും അവർ പീഢിപ്പിക്കപ്പെടുക. പിന്നെ മാനസികമായ ഒരു തകർച്ചയാണ്. അവൻെറ ജീവിതത്തിലെ ഏക ലക്ഷ്യം ഡോക്ടറോ എഞ്ചിനീയറോ ആവുകയാണ്.

പെണ്ണാണെങ്കിൽ എഞ്ചിനീയറേയോ ഡോക്ടറേയോ വിവാഹം കഴിക്കുക എന്നതാണ്. ഇല്ലെങ്കിലേതെങ്കിലും ഉയർന്ന ഉദ്യോഗം കിട്ടിയാൽ സന്തോഷം. അതിൽ കവിഞ്ഞൊന്നും വീട്ടുകാർക്കിപ്പോൾ ഇല്ലാത്ത അവസ്ഥയായിരിക്കുകയാണ്. ഈ വിധത്തിലുള്ള ചുരുങ്ങിയ ജീവിതലക്ഷ്യങ്ങളോടെ വളരുന്ന കുട്ടികൾ കൂടുതൽ കൂടുതൽ സ്വാർത്ഥമതികളായി തീരുന്നു. അവർക്ക് മറ്റുള്ളവരുടെ മുൻപിൽ എന്തെങ്കിലും വിട്ടുവീഴ്ചക്കോ കാരുണ്യത്തിനോ സ്നേഹത്തിനോ ഒന്നും കഴിയില്ല. സായിപ്പിൻെറ പ്രേതം നമ്മെ ഇപ്പോഴും പിടികൂടിയിരിക്കുകയാണ്. പ്രേതബാധിതമാണീ സമൂഹം. പുരുഷൻ മുണ്ടുടുക്കരുതെന്നു പറയുന്ന വിദ്യാലയങ്ങളാണ് ഇവിടെ ഉള്ളത്. ഇത് അപകടമാണ്. അതു നാം തിരിച്ചറിയണം.

പണത്തിനു വേണ്ടിയുള്ള മനുഷ്യൻെറ അത്യാർത്തി, അതിമോഹം അതാണിതിൻെറ കാരണം. എല്ലാ മേഖലകളിലും ഇതു വ്യാപകമാണ്. പണത്തിനു വേണ്ടിയാണ് വേശ്യാവൃത്തി നടക്കുന്നത്. പീഢനങ്ങൾ നടക്കുന്നത്. ഈശ്വരൻെറ സിംഹാസനത്തിൽ ധനത്തെ ഇരുത്തി അതിനനുസരിച്ച് ജീവിക്കുന്ന കുറെ മനുഷ്യരുടെ രാജ്യമായി ഇവിടം മാറിക്കഴിഞ്ഞു. അതിൻെറ ദോഷങ്ങൾ ഒരുപാട് കാണുന്നുണ്ട്. പഴയ ലളിത ജീവിതമില്ല. മര്യാദയില്ല. അതൊക്കെ എവിടെപോയി? പാവപ്പെട്ടവൻെറ രീതിയിൽ വസ്ത്രം ധരിക്കണം, ജീവിക്കണം എന്നു പറഞ്ഞവൻെറ പാർട്ടികളൊക്കെ ഇന്നെവിടെ ചെന്നുനിൽക്കുന്നു. ഇടത്തും വലത്തുമൊക്കെ? നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ. ആദർശങ്ങളൊക്കെ ആഡംബരത്തിൽ മുങ്ങിചത്തു പോയില്ലേ? ഏതു വിധത്തിലായാലും കൂടുതൽ പണം കൂടുതൽ അധികാരം ഇവയ്ക്കു വേണ്ടിയുള്ള ഈ പടക്കളത്തിൽ നല്ലതൊന്നും കാണിച്ചുകൊടുക്കാൻ ഇവർക്കാവുന്നില്ല. നേതാക്കൻമാർ കാണിച്ചുകൊടുക്കുന്ന വഴിയേ ആട്ടിൻപറ്റങ്ങളെ പോലെ നമ്മളും പോകുന്നു.

മനുഷ്യൻെറ പണത്തിനു മേലുള്ള അത്യാർത്തി, സിനിമയുടേയും ദൃശ്യമാധ്യമങ്ങളുടേയും അമിത സ്വാധീനം വളരെയേറെയാണ്. സെക്സും വയലൻസും ഇത്രയേറെ കാണിക്കുന്നത് കൂടുതൽ കൂടുതൽ പണം ഉണ്ടാക്കാൻ വേണ്ടിയാണ്. അതു മനുഷ്യൻെറ മനസിനെ സ്വാധീനിക്കുകയും മൃഗീയവാസന ഉണ്ടാവുകയും ചെയ്യുന്നു. 'മൃഗീയം' എന്നു പറയുന്നതും ശരിയല്ല. മൃഗങ്ങൾ ബലാൽസംഗം ചെയ്യാറില്ല. അതിനേക്കാൾ പൈശാചികമാണ് ഇവിടത്തെ സ്ത്രീ-പുരുഷ ബന്ധം.

ഇതു പരിഹരിക്കാൻ നിയമത്തിനു കഴിയില്ല. മനുഷ്യന് സ്വയം തോന്നിയാലേ കഴിയൂ. അതിന് മാതൃകകൾ വേണം. മാതൃകകളുടെ അഭാവം നമ്മേ വളരെയേറെ ക്ഷീണിപ്പിച്ചിരിക്കുന്നു. നമ്മുടെ സ്ത്രീകൾക്ക് ഒന്നിനും സമയം കിട്ടുന്നില്ല. ടെലിവിഷൻെറ മുൻപിൽ വായും പൊളിച്ചിരുന്ന് എൻെറ ശരീരത്തിൻെറ സൗന്ദര്യം, എൻെറ തലമുടിയുടെ തിളക്കം, എൻെറ ചുണ്ടുകളുടെ ചുമപ്പ് എന്നിങ്ങനെ ആസ്വദിക്കുന്നു. തൊലിമിനുക്കം മാത്രമാണ് സ്ത്രീ എന്നും ഏതെങ്കിലും വിധത്തിൽ പുരുഷൻെറ ആകർഷണ ഭോജനമാകണം സ്ത്രീ എന്നുമാണ് ഇന്നത്തെ ചിന്ത. ഈ ജീവിതലക്ഷ്യം അവളെ പഠിപ്പിക്കുന്ന മാധ്യമങ്ങളും സ്ത്രീയുടെ കൊള്ളരുതായ്മ പൂർത്തിയാക്കാൻ സഹായിക്കുന്നു. ദൃശ്യസൗഭാഗ്യം മാത്രമാണ് സ്ത്രീ എന്ന് അവളെ പഠിപ്പിച്ചിരിക്കുന്നു. ആദിവാസി പെൺകുട്ടികൾ ബ്യൂട്ടിപാർലർ തേടി നടക്കുന്ന കാലമാണിത്. എല്ലാവർക്കും അവരവരുടെ അലങ്കാര സംവിധാനങ്ങളുള്ള ഒരു നാട്ടിൽ ബ്യൂട്ടിപാർലർ സംസ്കാരം വളർന്നുവരുന്നു. ഇതിനെ എതിർക്കാനും എൻേറതായ രീതിയിൽ ഞാൻ ജീവിച്ചോളാം എൻെറ അഭിമാനത്തിൽ, എൻെറ കാല് മണ്ണിലൂന്നി ജോലി ചെയ്ത് ജീവിക്കാം എന്ന് എത്ര പെണ്ണിന് പറയാൻ കഴിയുന്നുണ്ട്. അതു സാധിക്കുന്നതു വരെ ഈ വിവേചനവും ഈ മാനക്കേടും സ്ത്രീപീഢനവും മർദ്ദനവും സ്ത്രീധനവും ക്ഷീണവും എല്ലാം തുടർന്നുകൊണ്ടേയിരിക്കും.

പാവപ്പെട്ടവൻെറ കുട്ടിക്ക് അപകർഷതാബോധം ഉണ്ടാകാതിരിക്കാൻ സ്കൂളുകളിൽ യൂണിഫോം ഏർപ്പെടുത്തി. സ്കൂളിലെ വിദ്യാർത്ഥിയെ തിരിച്ചറിയാനും അതുപയോഗിക്കാം. മാധ്യമങ്ങളിലെ ആഭാസങ്ങൾകണ്ട് വളരുന്ന കുട്ടി ഇതെല്ലാം തെറ്റിക്കുന്നു. പാശ്ചാത്യ-വിചിത്ര വേഷം സ്കൂളിൽ നിന്നും പുറത്താക്കപ്പെടേണ്ടതാണ്. ആഭാസകരമായ പ്രകടനങ്ങൾ ടെലിവിഷനിൽ കണ്ട് ഉറങ്ങുന്ന സ്ത്രീ, തനതു വേഷവിതാനങ്ങളെ വലിച്ചെറിഞ്ഞ സ്ത്രീ, തെരുവിൽ പീഢിപ്പിക്കപ്പെടാതിരിക്കാൻ സ്വന്തം ശീലം വളർത്തണം.

സ്ത്രീ വിമോചന ഗ്രൂപ്പുകൾക്ക് മാറ്റങ്ങളുണ്ടാക്കാൻ കുറച്ചൊക്കെ കഴിഞ്ഞിട്ടുണ്ട്. അതിലെത്രയോ ഇരട്ടിയാണ് മാധ്യമങ്ങൾക്ക് ഇവരിലുള്ള സ്വാധീനം. വർണാഭമായ ലോകത്തിലൂടെ സ്ത്രീയെ സഞ്ചരിപ്പിക്കാൻ അവരെ മറ്റാരോ ഒക്കെ ആക്കി മാറ്റിതീർക്കാൻ മാധ്യമങ്ങൾക്ക് കഴിയുന്നു. ഫെമിനിസ്റ്റ് ഗ്രൂപ്പുകളുടെ പരിമിതിയും അവരുടെ രാഷ്ട്രീയവുമാണ് സ്ത്രീകൾക്കിടയിൽ സ്വാധീനമുണ്ടാക്കാൻ കഴിയാതെ പോയത്. വനിതാമോചന ഗ്രൂപ്പുകൾക്കോ, സന്നദ്ധ സംഘടനകൾക്കോ, രാഷ്ട്രീയപാർട്ടികൾക്ക് പോലുമോ സാധിക്കാനാകാത്ത കാര്യം പരസ്യകാർക്കും മുതലാളിമാർക്കും സിനിമാതാരങ്ങൾക്കും ടെലിവിഷൻ താരങ്ങൾക്കും സ്ത്രീകൾക്കിടയിൽ ചെയ്യാനാവുന്നു. ടെലിവിഷൻ മാധ്യമങ്ങൾ വ്യാപകമാകുന്നതിനു മുൻപ് കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധം ഇത്രത്തോളം മോശമായിരുന്നില്ല എന്നു തോന്നുന്നു. മറ്റൊരു പ്രശ്നം ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ രാഷ്ട്രീയം കളിയ്ക്കുന്നതുകൊണ്ട് പലപ്പോഴും വനിതാകമ്മീഷനെ എതിർക്കുന്നു.

ഉള്ളൂർ പ്രശാന്ത്നഗറിൽ മത്സ്യതൊഴിലാളി സ്ത്രീ ബലാൽസംഗം ചെയ്യപ്പെട്ടപ്പോൾ ഞങ്ങളവിടെ പോയി അന്വേഷണം നടത്തി. അവരതിനെ എതിർത്തു. കോഴിക്കോട് സർവ്വകലാശാലയിലെ ജീവനക്കാരി ബസ് യാത്രക്കിടയിൽ പീഢിപ്പിക്കപ്പെട്ട സംഭവത്തിൽ വനിതാകമ്മീഷൻ കഴിയുന്നതെല്ലാം ചെയ്തു. ആരോപണങ്ങളുന്നയിക്കുക അവരുടെ തൊഴിലാണ്. രാഷ്ട്രീയം, അതിലെനിക്ക് മറുപടിയില്ല.

സ്ത്രീയെ അടിച്ചമർത്താൻ നൂറ്റാണ്ടുകളായി ലൈംഗികത ഉപയോഗിക്കുന്നു. സമൂഹത്തിൻെറ ആരോഗ്യകരമായ നിലനില്പിന് കുറച്ചു നിയമ സംഹിതകളൊക്കെ വേണം. ഇഷ്ടംപോലെ നടന്നു കൊള്ളാം എന്ന് പറയുന്നത് ശരിയാകില്ല. അതിലും മുറിവേൽക്കുന്നത് സ്ത്രീക്ക് തന്നെ ആയിരിക്കും. കുഞ്ഞുങ്ങളുടെ സുരക്ഷിതത്വത്തിനും സ്ത്രീയുടെ സുരക്ഷിതത്വത്തിനും കുറെ നിയമങ്ങളൊക്കെ പണ്ടുമുതൽക്കേ നിലവിലുണ്ട്. അതു ദുരുപയോഗം ചെയ്യുമ്പോഴാണ് ആപത്തുണ്ടാകുന്നത്. അതിൻെറ അർത്ഥവും വിലയും മനസിലാക്കി തൻേറടത്തോട് നിൽക്കുകയാണെങ്കിൽ നിയമങ്ങൾ പാലിച്ചുകൊണ്ടുതന്നെ മുന്നോട്ടുപോകുവാനാകും. വിധവാവിവാഹം ആകാമോ? പുനർവിവാഹം ആകാമോ? എന്നീ ചോദ്യങ്ങളൊന്നും ഇന്നില്ലല്ലോ? ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ മറ്റൊരാളെ സ്വീകരിച്ച് അയാളുടെ തോളിൽ കയ്യിട്ട് നടക്കുന്നത് സ്ത്രീക്ക് ചേർന്നതല്ല. ചതിയാണ്.

പണത്തിനു വേണ്ടി ശരീരം വിൽക്കുന്നതും ശരിയല്ല. അതു സ്ത്രീയുടെ സ്വാതന്ത്ര്യമാണെന്നു വാദിക്കുന്ന ഒരു സംഘം ഇപ്പോൾ നാട്ടിലുണ്ട്. സ്വതന്ത്ര ലൈംഗികത സ്ത്രീയെ സംബന്ധിച്ചിടത്തോളം അപകടകരവും മാനക്കേടുമാണ്. അതു ചൂഷണമായി തീരുന്നു. സ്ത്രീയെന്നാൽ ലൈംഗികതയാണെന്നവർ പ്രചരിപ്പിക്കുന്നു. അതു ശരിയല്ല. കുടുംബം, അമ്മ എന്നീ നിലയിൽ അവളെ കാണുക. അമ്മ, ലൈംഗികതയാണോ? പോറ്റി വളർത്തുന്നവളാണെല്ലോ? ഭൂമിയും പ്രകൃതിയുമാണ് അമ്മ. അങ്ങനെ കാണാൻ പഠിക്കട്ടെ. സ്ത്രീയുടെ സ്വാതന്ത്യത്തിൻെറ പേരിൽ അവളെ ചൂഷണം ചെയ്യാനും തെറ്റായ വഴിയിൽ നയിക്കാനും അവളെ പ്രേരിപ്പിക്കുകയാണിവിടെ. അവൾ ചിലരുടെ ഇരകളായി തീരുന്നു. കേരളത്തിലും അത് തുടങ്ങിക്കഴിഞ്ഞു.

ശരീരം വിൽക്കുന്ന നീചമായ തൊഴിൽ അവർ ചെയ്യരുതെന്നു കരുതി അവർക്ക് ഞാൻ തൊഴിൽ സംഘടിപ്പിച്ച് കൊടുക്കാൻ ശ്രമിച്ചു. തൊഴിൽ പരിശീലനത്തിന് വരാമെന്നു പറഞ്ഞു പോയവർ പിറ്റേന്നു വന്നില്ല. അവരതു തടഞ്ഞു. സംഘടനക്കാർ. ഈ സ്ത്രീകൾ ഈ നീചമായ തൊഴിൽ ചെയ്ത് ജീവിക്കേണ്ടത് അവരുടെ ആവശ്യമാണ്. ഈ തൊഴിലിൽ തളച്ചിട്ട് അവരെ ചൂഷണം ചെയ്യുകയാണ്. ആ ശക്തികൾ വലിയ ശക്തികളാണ്. എൻെറ ശ്രമം ആദ്യഘട്ടം പരാജയപ്പെടുത്തി. ഇനിയും ഞാൻ ശ്രമിക്കും. വനിതാകമ്മീഷൻ യാഥാസ്ഥിതികമാണെന്നും എന്നെക്കാൾ നല്ല തൊഴിലാണ് അവർ ചെയ്യുന്നതെന്നും അതിൻെറ ആളുകളെന്നെ എഴുതി അറിയിച്ചു. പാവം സ്ത്രീകളെ രക്ഷിക്കാനല്ല അവർ ശ്രമിക്കുന്നത്, നശിപ്പിക്കാനാണ്.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗം പൂർണിമ അദ്വാനി സംസ്ഥാന വനിതാകമ്മീഷൻ അവരുടെ കാര്യത്തിൽ ഇടപെടുന്നില്ല എന്നു പറഞ്ഞു. അവർക്ക് വിവരമില്ലാത്തതു കൊണ്ടാണങ്ങനെ പറഞ്ഞത്. ഈ തൊഴിലേ ചെയ്യൂ എന്ന് പറഞ്ഞ് തെരുവിൽ നിന്നാൽ പീഢനം സഹിച്ചേ പറ്റൂ. അതിനൊന്നും ചെയ്യാനാകില്ല.

വിവാഹത്തിലെ സ്ത്രീധന സമ്പ്രദായം പൊളിച്ചെഴുതിയേ പറ്റൂ. വിവാഹസങ്കല്പം തന്നെ സ്ത്രീധനത്തെ ആധാരമാക്കിയിട്ടുള്ളതായി കഴിഞ്ഞു ഈ നാട്ടിൽ. അതു സ്ത്രീയുടെ ശാപമാണ്. സ്ത്രീക്ക് ചുണയുണ്ടെങ്കിലേ പൊളിച്ചെഴുത്ത് സാധ്യമാകൂ. പെണ്ണിന് തിരിഞ്ഞുനിൽക്കാൻ തൻേറടം ഉണ്ടാകുന്നതുവരെ രക്ഷപ്പെടാനാവില്ല. സ്ത്രീയുടെ ആത്യന്തിക ലക്ഷ്യം വിവാഹമല്ല. അന്തസായി ജീവിക്കുക എന്നതാണ്. വേല ചെയ്ത് അഭിമാനത്തോടെ ജീവിക്കുകയാണ് പ്രധാനം എന്ന ബോധം സ്ത്രീക്ക് ഉണ്ടാകുന്നതുവരെ ഈ അടിമത്തം തുടരും. തറവാടു വിറ്റ് കല്യാണം വേണ്ട എന്ന് സ്ത്രീ തീരുമാനിക്കണം. സഹിക്കാൻ തയ്യാറാകുന്ന സ്ത്രീക്ക് മാത്രമേ അതു സാധിക്കാനാവുകയുള്ളു. വിവാഹം കഴിഞ്ഞ് ഒന്നിലേറെ പുരുഷൻമാരുമായി ബന്ധമുണ്ടാക്കുന്നതും സ്ത്രീക്ക് അപമാനമാണ്.

പണത്തിനു വേണ്ടി ശരീരം വിൽക്കുന്നതും ശരിയല്ല. അതു സ്ത്രീയുടെ സ്വാതന്ത്ര്യമാണെന്നു വാദിക്കുന്ന ഒരു സംഘം ഇപ്പോൾ നാട്ടിലുണ്ട്. സ്വതന്ത്ര ലൈംഗികത സ്ത്രീയെ സംബന്ധിച്ചിടത്തോളം അപകടകരവും മാനക്കേടുമാണ്. അതു ചൂഷണമായി തീരുന്നു.

തീർച്ചയായും പ്രതീക്ഷ ഉണ്ടാകണം. സ്വപ്നം കാണുവാനുള്ളത് നമ്മുടെ അവകാശമാണ്. വിദ്യാഭ്യാസത്തിലൂടെ, ബോധവൽക്കരണത്തിലൂടെ, അനുഭവങ്ങളിലൂടെ സ്ത്രീ പഠിക്കും. അതിനവൾ തയ്യാറാകണം. വിട്ടുവീഴ്ച വേണം. എങ്കിലേ അടുത്ത നൂറ്റാണ്ടിൽ സ്ത്രീ-പുരുഷ സമത്വം സ്വപ്നം കാണാനാവുകയുള്ളു.

തയ്യാറാക്കിയത്
ജാനറ്റ് ഫരീദ, പി.എസ്.ഹരി

സാക്ഷരകേരളത്തിന്റെ അശ്ലീലതകൾ

പി. വത്സല

സാക്ഷരത, ജനാധിപത്യവല്ക്കരണം, രാഷ്ട്രീയവല്ക്കരണം എന്നിവയുടെ പൊങ്ങച്ചങ്ങൾ അസ്ഥാനത്തും ഉയർത്തിക്കാട്ടി മേൻമ നടിക്കുന്ന ഒരു ജനതയാണ് മലയാളി സമൂഹം. ഇവയെല്ലാം നമ്മുടെ മുഖംമൂടികൾ മാത്രമാണെന്നും യാഥാസ്ഥിതികത്വത്തിൽ ആണ്ടുകിടക്കുന്ന ജാഢ്യമാണ് നമ്മുടെ മുഖമുദ്രയെന്നും നമുക്കറിയാം. അതു മറച്ചുവയ്ക്കാനാണ് മറ്റുള്ളതെല്ലാം. ഇവിടെ സ്ത്രീ–പുരുഷ ബന്ധങ്ങൾ നിസാരവല്കരിക്കപ്പെടുകയും പൊങ്ങച്ച കല്യാണങ്ങളുടെ ബാഹ്യമോടികൾ ചിറകുവിരുത്തി ആകാശങ്ങളിലേക്ക് പറക്കുകയും ചെയ്യുന്നു. വിവാഹം ഒരു സ്വകാര്യതയാണെന്ന സത്യം മറച്ചുവച്ചു അതു കുടുംബങ്ങൾ തമ്മിലുള്ള ബന്ധമാണെന്ന പഴയ സംസ്കാരത്തിൽ തന്നെ ഉറച്ചു നിൽക്കുകയും കൂടുതൽ പൊങ്ങച്ചങ്ങൾ കെട്ടിയെഴുന്നള്ളിച്ച് ഒരോ വിവാഹവും ഒരു രാഷ്ട്രീയ മേളയോ, ഉത്സവച്ചന്തയോ, മതമേളയോ ആക്കി മാറ്റുകയാണ് നാം ചെയ്യുന്നത്. വധൂവരൻമാരുടെ അസ്തിത്വം നിരാകരിക്കപ്പെടുന്നു.

'കേരളത്തിലെ പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങൾപോലും' എന്ന പ്രയോഗം തന്നെ അർത്ഥശൂന്യമാണ്. കേരളത്തിൽ ഇന്നു നിൽക്കുന്ന 'പുരോഗമന രാഷ്ട്രീയപ്രസ്ഥാനം' തികച്ചും യാഥാസ്ഥിതികവും ആൺകോയ്മയിൽ അഹങ്കരിക്കുന്നതും സ്ത്രീ–പുരുഷ ബന്ധങ്ങളുടെ വൈകാരികതയേയും ആർദ്രതയേയും നിരാകരിക്കുന്നതും മനുഷ്യാസ്തിത്വം ചോദ്യം ചെയ്യുന്നതുമാണ്. സ്ത്രീ–പുരുഷ ബന്ധങ്ങളെ പഴയ നിലയിൽ നയിക്കാനാണ് ഇവയ്ക്ക് താല്പര്യം. വിപ്ലവപ്രസ്ഥാനത്തിന്റെ നേതാവിന്റെ മകനു കിട്ടിയ കിലോകണക്കിന് സ്വർണാഭരണങ്ങളുടെ പ്രദർശനത്തിൽ അഹങ്കരിക്കാൻ പോലും ഇവിടെ ഒരു 'വിപ്ലവകാരി'ക്കും ഉളുപ്പില്ല.

ജാതി, മതം, ജാതകം, മുഹൂർത്തം, ചടങ്ങുകൾ - ഇവ കല്യാണബന്ധത്തിലേക്ക് ആഘോഷപൂർവ്വം കടന്നുവരുന്നതിനാൽ, പഴയ ആദർശവാദിയുടെ മിശ്രവിവാഹത്തിലുള്ള സന്തതി പരമ്പരകൾക്ക് ഇന്ന് വിവാഹം ചെയ്യാൻ ഇണയെ കണ്ടെത്തുക പ്രയാസകരമായിരിക്കുന്നു. ഇതാണ് നാം എത്തിനിൽക്കുന്ന പുരോഗമനം! ജോത്സ്യം ഇവിടെ വിദ്യാഭ്യാസം പോലെ തഴച്ചുവളരുന്നു.

കേരളത്തിലെ സ്ത്രീ ഇന്നും അരങ്ങിലെത്തിയിട്ടില്ല എന്ന പരമസത്യം പാവം വി.ടി.ഭട്ടതിരിപ്പാടിന്റെ ആത്മാവ് അറിയാനിരിക്കുന്നതേയുള്ളൂ. അവൾ ഇന്നും അടുക്കളയിലെ മാത്രമല്ല, ജോലിരംഗത്തും അടിമയോ, അവഗണിക്കപ്പെട്ടവളോ ആകുന്നു. നമ്മുടെ ഭരണകൂടത്തിൽ ഒരു സുശീലാഗോപാലൻ നിലനിൽക്കുന്നത്, അവർ എ.കെ.ഗോപാലന്റെ പ്രിയപത്നി ആകയാൽ മാത്രം. നാളെ അതും ഉണ്ടാവില്ല.

ബസ്സുകളിൽ സ്വന്തം സീറ്റ് സംവരണം ആവശ്യപ്പെടുന്ന കേരള മഹിള തന്റെ അടിമത്തം സ്ഥായീകരിക്കുന്നവളാണ്. വിവാഹമോചിതയായിട്ടും വേതനം ആവശ്യപ്പെടുന്നവൾ 'വിവാഹ'ത്തിന്റെ കൂട്ടുത്തരവാദിത്തം നിരാകരിക്കുകയും അടിമയുടെ ഉടുപ്പിനകത്തേക്ക് തലവലിക്കുകയും ചെയ്യുന്നവളാണ്. ആൺ–പെൺ പള്ളികൂടം വേറെ വേണം എന്നു ശഠിക്കുന്ന നമ്മുടെ പുരോഗമനക്കാരൻ സ്ത്രീകളെ ലൈംഗികോപകരണം മാത്രമായി കാണുന്ന അധമനാണ്. ഒരുകാലത്ത്, പിന്നോക്ക സമൂഹം എന്ന നിലയിൽ, യാഥാസ്ഥിതികത്വത്തിൽ നിന്നു പിതാക്കളെ ചുവടുമാറ്റാനുള്ള ഒരു തന്ത്രം എന്ന നിലയിൽ പെൺ പള്ളികൂടങ്ങൾ ഒരു പ്രേരകമായിരുന്നു. ഇന്നതിനു പ്രസക്തിയില്ല. പെൺ പള്ളികൂടത്തിൽ പഠിച്ച അഥവാ 'കോൺവെൻറ് എജുക്കേറ്റഡ്' ആയ പെൺകിടാക്കൾക്ക് വിവാഹമാർക്കറ്റിൽ ഇന്നും ഇമ്പമേറും എന്നു ചിന്തിക്കുന്ന അറുയാഥാസ്ഥിതികനാണ് വിവാഹപരസ്യങ്ങളിൽ മേല്പറഞ്ഞ പദം തിരുകിവയ്ക്കുന്നത്.

പുറത്തുപോയി ലോകം കണ്ട ആണും പെണ്ണും കേരളക്കരയിലെ ഒരു പെണ്ണിനെയോ ആണിനെയോ വിവാഹ പങ്കാളിയാക്കാൻ മടിക്കുന്ന യാഥാർത്ഥ്യം യാഥാസ്ഥിതിക പിതാക്കളുടെ കണ്ണുതുറപ്പിക്കേണ്ടതാണ്.

കേരളത്തിലെ ഭർതൃപീഡനവും പെൺവാണിഭവും കാണിക്കുന്നത് സ്ത്രീ–പുരുഷ ബന്ധത്തിൽ നാം പുലർത്തിപോരുന്ന അശാസ്ത്രീയവും പഴഞ്ചനുമായ കാഴ്ചപ്പാടാണ്. ഈ പഴഞ്ചൻ മനോഭാവത്തിൽ നിന്നും ഒട്ടും വിമുക്തമല്ല, 'അന്വേഷി'പോലുള്ള സംഘടനകൾ പോലും എന്നെനിക്ക് ചിലപ്പോൾ തോന്നാറുണ്ട്. മൊഴിചൊല്ലിയവന്റെ പിന്നാലെ നടന്ന് ഭിക്ഷക്കാരിയായി ജീവനാംശത്തിന് കെഞ്ചുന്നതിനു പകരം, തനിക്ക് തന്റെ ജീവിതപ്പാത തെരഞ്ഞെടുക്കാൻ മടിക്കുന്ന കേരളസ്ത്രീക്ക് നാളെയും മോചനമില്ലെന്നതാണ് യാഥാർത്ഥ്യം.

ലൈംഗികതയും സദാചാരവും ചില ഘട്ടങ്ങളിൽ മാത്രമാണ് അന്വയിക്കുന്നത്. അടിച്ചമർത്തപ്പെട്ട ലൈംഗികതയും കെട്ടിയേൽപ്പിക്കപ്പെട്ട സദാചാരബോധവും ശാസ്ത്രീയമായൊരു ജീവിതവീക്ഷണത്തിന് വിഘാതമാണ്. മനുഷ്യനും മനുഷ്യനും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആരോഗ്യകരമായ പാരസ്പര്യം ഇന്നത്തെ സദാചാരമൂല്യങ്ങളിൽ നിന്ന് വ്യത്യസ്തമാണ്.

ലൈംഗികതയും സദാചാരവും ചില ഘട്ടങ്ങളിൽ മാത്രമാണ് അന്വയിക്കുന്നത്. അടിച്ചമർത്തപ്പെട്ട ലൈംഗികതയും കെട്ടിയേൽപ്പിക്കപ്പെട്ട സദാചാരബോധവും ശാസ്ത്രീയമായൊരു ജീവിതവീക്ഷണത്തിന് വിഘാതമാണ്.

പേജ് 44 ⇨

പ്രബുദ്ധമാണെങ്കിലും യാഥാസ്ഥിതികം

മീനാക്ഷി തമ്പാൻ

വലിയൊരളവോളം യാഥാസ്ഥിതികമായ അവസ്ഥയിൽ തന്നെയാണ് കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധങ്ങൾ. കുടുംബം മുതൽ രാഷ്ട്രീയം വരെ സമൂഹത്തിൻെറ എല്ലാ രംഗത്തും പുരുഷമേധാവിത്വം നിലനിൽക്കുന്നു.

2. പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങൾ, സ്ത്രീ-പുരുഷ ബന്ധങ്ങളെകുറിച്ച് സൈദ്ധാന്തികമായി തന്നെ അവരുടെ ലേഖനങ്ങളിലും മറ്റുമായി ഒരളവോളം പഠനങ്ങൾ നടത്തിയിട്ടുണ്ട്, പഴയകാലത്ത്. ഏംഗൽസിൻെറ കുടുംബം, സ്വകാര്യസ്വത്ത്, ലെനിൻെറ ലേഖനങ്ങൾ എന്നിവയിലൂടെയെല്ലാം അന്നത്തെ പരിമിതിയിൽ നിന്നുകൊണ്ട് സ്ത്രീ-പുരുഷ ബന്ധങ്ങളെ അറിയാനുള്ള ശക്തമായ ഒരു ശ്രമം നടന്നിട്ടുണ്ട്. ഇന്ന് അതിൽ നിന്നെല്ലാം ഒരുപാട് മാറ്റം ഉണ്ടായിട്ടുണ്ട്. അതേസമയം സ്ത്രീക്ക് ലിംഗാധിഷ്ഠിതമായിട്ട് കുറെ പരാധീനതകളുണ്ട്. അത് പരിഹരിക്കാൻ അവർക്ക് കഴിഞ്ഞില്ല. എല്ലാ ചൂഷണങ്ങളും അവസാനിക്കുന്ന മാറ്റത്തിലൂടെ (വിപ്ലവത്തിലൂടെ) സ്ത്രീ അനുഭവിക്കുന്ന ചൂഷണവും മാറുമെന്ന് കരുതിയിരുന്നു. എന്നാൽ ഇത് യാന്ത്രികമായിരുന്നുവെന്നാണ് ഇപ്പോൾ തോന്നുന്നത്. കാരണം സ്ത്രീക്ക് ലിംഗാധിഷ്ഠിതമായ പ്രത്യേക പ്രശ്നങ്ങളുണ്ട്. ലൈംഗിക ജീവി, കുടുംബിനി, തൊഴിലെടുക്കുന്ന സ്ത്രീ, പൊതുപ്രവർത്തക തുടങ്ങിയ പല തലങ്ങളിലുള്ള പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശാൻ പൂർണമായിട്ടില്ലെങ്കിലും ഏംഗൽസിൻെറയും ലെനിൻെറയും മറ്റും പഠനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

3. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ മാത്രമല്ല, നമ്മുടെ നിയമ നിർമ്മാണ സഭയിലും സ്ത്രീകളുടെ എണ്ണം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. മാത്രമല്ല, മറ്റ് ഉയർന്ന സമിതികളിലും സ്ത്രീകളില്ല. തമിഴ്നാട്ടിൽ വൈസ്ചാൻസലറാക്കിയ പത്മാ രാമചന്ദ്രനെ നമുക്കെന്തുകൊണ്ട് വൈസ്ചാൻസലർ ആക്കാൻ കഴിഞ്ഞില്ല? ഇപ്പോഴും മനുഷ്യാവകാശ കമ്മീഷനിൽ ഒരു സ്ത്രീയെ ഉൾപ്പെടുത്തുന്നതിനെ കുറിച്ച് ചിന്തിക്കുന്നു പോലുമില്ല. ഉള്ള മൂന്നുപേരും പുരുഷൻമാരാണ്.

വളരെ പ്രബുദ്ധമാണെന്നു പറയുമ്പോഴും വളരെ യാഥാസ്ഥിതികമായ അവസ്ഥയാണ് മറ്റു പല രംഗത്തും കാണാൻ കഴിയുന്നത്. യാഥാസ്ഥിതികത്വത്തിനെതിരെ ബോധപൂർവ്വമായ ശ്രമം ഉണ്ടെങ്കിലേ സ്ത്രീകളെ പുരുഷനോടൊപ്പമെത്തിക്കാൻ കഴിയൂ. ഇങ്ങനെ ചിന്തിക്കുമ്പോഴാണ് സംവരണത്തിൻെറ പ്രശ്നം ഉയർന്നു വരുന്നത്.

4. കുടുംബത്തിൽ നിന്നേ തുടങ്ങുന്ന വിവേചനം തന്നെയാണ് ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തിന് വിഘാതം സൃഷ്ടിക്കുന്നത്. സ്ത്രീക്കും പുരുഷനും സുഹൃത്തുക്കളെ പോലെ ഇടപഴകുവാനുള്ള സാഹചര്യം ഇവിടെ ബോധപൂർവ്വം സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

എല്ലാ ചൂഷണങ്ങളും അവസാനിക്കുന്ന മാറ്റത്തിലൂടെ (വിപ്ലവത്തിലൂടെ) സ്ത്രീ അനുഭവിക്കുന്ന ചൂഷണവും മാറുമെന്ന് കരുതിയിരുന്നു. എന്നാൽ ഇത് യാന്ത്രികമായിരുന്നു വെന്നാണ് ഇപ്പോൾ തോന്നുന്നത്. കാരണം സ്ത്രീക്ക് ലിംഗാധിഷ്ഠിതമായ പ്രത്യേക പ്രശ്നങ്ങളുണ്ട്.

5. ഭർതൃപീഡനത്തിന് പിന്നിൽ അനാരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധം തന്നെയാണ് കാരണം. പെൺവാണിഭത്തിന് കാരണം അതുമാത്രമല്ല, പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളും ഉപഭോഗതൃഷ്ണയും അതൊരു ഭോഗതൃഷ്ണയും മറ്റും ആയിരിക്കുന്നതു കൊണ്ടു കൂടിയാണ്.

പുരുഷൻെറ മേൽക്കോയ്മ നിലനിൽക്കുന്നതിനാൽ ഒരു പരാതി പറയുവാനോ അത് കേൾക്കുവാനോ ഉള്ള അവസ്ഥ പോലുമില്ലാതെ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നുണ്ട്. കേരളീയ കുടുംബങ്ങളിൽ സ്ത്രീകൾ ധാരാളമായി പീഡിപ്പിക്കപ്പെടുന്നുണ്ട്. ഈ ഹിംസാത്മകത വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ഇത് പുറത്തു പറയുവാൻ സ്ത്രീകൾക്ക് കഴിയാത്തതു കൊണ്ടാണ് ഇതിൻെറ ബാഹുല്യം അറിയപ്പെടാത്തത്. ഇതേറ്റവും കൂടുതൽ ഇടത്തരം കുടുംബങ്ങളിലാണ്. ഇതിനെതിരെ സ്ത്രീകൾ പരാതി നൽകിയാൽ തിരിച്ചു ചെല്ലേണ്ടത് ഭർത്താവിൻെറ വീട്ടിലേക്കു തന്നെയാണ്. അവിടെ അവൾ ബഹിഷ്കൃതയാകുകയും വീണ്ടും പീഡനത്തിന് ഇരയാകുകയും ചെയ്യുന്നതുകൊണ്ടാണ് സ്ത്രീകൾ ഈ പീഡനങ്ങൾ പരാതിപ്പെടാതെ സഹിച്ചുകൊണ്ടിരിക്കുന്നത്. എനിക്കു തന്നെ ഇത്തരം ധാരാളം സ്ത്രീകളെ അറിയാം.

പരാതി നൽകിയ സ്ത്രീക്ക് കുറ്റവാളിയായ ഭർത്താവിനോടൊപ്പം ഒരേ കൂരക്കു കീഴിൽ കഴിയേണ്ടി വരുന്നത് അസാദ്ധ്യമാണ്. കാരണം ഭർത്താവ്, പരാതി നൽകിയ ഭാര്യയെ ശത്രുവിനെ പോലെയാണ് കാണുന്നത്. തനിക്കെതിരെ പരാതി നൽകി എന്നറിയുന്ന ഭർത്താക്കൻമാർ ഭാര്യയെ വീട്ടിൽ കയറാൻ അനുവദിക്കുന്നില്ല. അതുകൊണ്ട് പരാതി തീർപ്പാക്കുന്നതു വരെ ഇവർക്കു താമസിക്കാൻ ഷെൽട്ടർ ഉണ്ടാക്കേണ്ടതുണ്ട്. രണ്ടുവർഷം വരെ ഇങ്ങനെയുള്ള സ്ത്രീകൾക്കു താമസിക്കുവാനുള്ള ഹ്രസ്വകാല താമസ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും പണിയുന്നതിനായി ഇപ്പോൾ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങൾ കൂടുതൽ ഉണ്ടാകുമ്പോൾ സ്ത്രീകൾക്ക് സുരക്ഷിതബോധവും അവരനുഭവിക്കുന്ന പീഡനങ്ങൾക്കെതിരെ പ്രതികരിക്കുവാനുള്ള ആത്മധൈര്യവും ഉണ്ടാകും. സന്നദ്ധസംഘടനകളുടെയും മറ്റും നേതൃത്വത്തിലുള്ള പുനരധിവാസ കേന്ദ്രങ്ങൾക്കും സ്ത്രീകളെ സഹാ

യിക്കാൻ കഴിയും.

6. സ്ത്രീ സംഘടനകൾക്ക് മാറ്റങ്ങൾ ഉണ്ടാക്കാനായി ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്നതിനോട് യോജിക്കുന്നു. രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ഒരു കാമ്പെയിൻ നടത്താൻ പോലും സ്ത്രീ സംഘടനകൾക്ക് കഴിയില്ല. സ്ത്രീകളുടെ പരിമിതികളാകാമിത്.

7. ലൈംഗികതയെ കുറിച്ച് ഡബിൾ സ്റ്റാൻഡേർഡാണ്. സ്ത്രീ പതിവ്രതയായിരിക്കണം. സ്ത്രീകൾക്ക് വിവാഹ ബാഹ്യബന്ധങ്ങളുണ്ടായിരിക്കരുത്. എന്നാൽ പുരുഷനിതെല്ലാമാകാം. ഇതെല്ലാം ഒരു പുരുഷത്വ പ്രശ്നമായിട്ട് അംഗീകരിക്കുന്ന സമൂഹമാണിവിടെയുള്ളത്. മലയാളി പുറമേക്ക് ജന്റിൽമെൻ ആണെങ്കിലും കാപട്യങ്ങൾ ഉള്ളവനാണ്. അതുകൊണ്ട് ഇത്തരം കപടസദാചാര സങ്കല്പങ്ങൾക്ക് മാറ്റം വരേണ്ടതാണ്.

അമേരിക്കയിലൊക്കെയുള്ള പോലെ 'ഫ്രീസെക്സ്' എന്ന അവസ്ഥയോട് എനിക്ക് യോജിക്കാൻ കഴിയില്ല. ഈ കാര്യത്തിൽ ഞാൻ വളരെ യാഥാസ്ഥിതികയാണ്. സ്വതന്ത്രമായ സ്ത്രീ-പുരുഷ ഇടപെടലിനെ ഞാൻ അംഗീകരിക്കുന്നു. ലൈംഗികത എന്ന വാക്കുപയോഗിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഇത്തരം ഇടപെടലുകൾ ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തിന് വേണ്ടതാണ്. ഇത് ഇത്തരം കാര്യങ്ങൾക്ക് ഒരു പരിഹാരമായിരിക്കും.

> **അമേരിക്കയിലൊക്കെ ഉള്ള പോലെ 'ഫ്രീസെക്സ്' എന്ന അവസ്ഥയോട് എനിക്ക് യോജിക്കാൻ കഴിയില്ല. ഈ കാര്യത്തിൽ ഞാൻ വളരെ യാഥാസ്ഥിതികയാണ്. സ്വതന്ത്രമായ സ്ത്രീ-പുരുഷ ഇടപെടലിനെ ഞാൻ അംഗീകരിക്കുന്നു. ലൈംഗികത എന്ന വാക്കുപയോഗിക്കാൻ ഞാനാഗ്രഹിക്കുന്നില്ല.**

8. സമൂഹത്തിന്റെ അംഗീകാരം വേണമെന്നുള്ളവർക്ക് അത്തരം അനുയോജ്യമായ വിവാഹങ്ങളാകാം. ഇത് വിവാഹം കഴിക്കുന്ന വ്യക്തികളുമായി ബന്ധപ്പെട്ടിരിക്കുന്നു. പിന്നെ വലിയ പണമൊന്നും ചെലവാക്കി കൊണ്ടുള്ള ചടങ്ങുകൾ ആവശ്യമില്ല. സമൂഹത്തിന്റെ അംഗീകാരമെന്നത് ഞങ്ങളുടെ മനസിൽ നിന്നൊന്നും പെട്ടെന്നു പോകില്ല. ഞങ്ങൾ പഴയ തലമുറക്കാരാണല്ലോ. പുതിയ തലമുറ ഇത്തരം ചട്ടങ്ങൾ ഒഴിവാക്കി യാതൊരു കെട്ടുപാടുകളുമില്ലാതെ ഒരുമിച്ച് ജിവിക്കുന്നതിലേക്ക് തിരിഞ്ഞേക്കാം. അതിൽ ഒരു കുറ്റവുമില്ല.

9. സ്ത്രീ-പുരുഷ സമത്വം മനുഷ്യാവകാശത്തിന്റെ ഭാഗമാണ്. ഇന്ന് മനുഷ്യാവകാശത്തിനു വേണ്ടിയുള്ള പോരാട്ടം ലോകം മുഴുവൻ ശക്തമാണ്. ആ നിലക്ക് സ്ത്രീ-പുരുഷ സമത്വം സ്ഥാപിക്കൽ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സാമൂഹ്യ പുരോഗതിയിലെ മുഖ്യ അജണ്ടയായിരിക്കുമെന്ന് ഞാൻ കരുതുന്നു. ഇതിനു വേണ്ടി സ്ത്രീകൾ മാത്രമല്ല, മറ്റെല്ലാ വിഭാഗങ്ങളും ഒരുമിച്ച് നിന്ന് പോരാടണമെന്നാണ് എനിക്കു പറയാനുള്ളത്.

തയ്യാറാക്കിയത്
കെ.സി സെബാസ്ററിൻ

സാക്ഷരകേരളത്തിന്റെ...

⇐ പേജ് 42

വിവാഹമെന്ന സ്ഥാപനമാണ് സ്ത്രീയെ ഇന്നത്തെ അധഃപതനത്തിലേക്ക് നയിച്ചിരിക്കുന്നത്. ഈ സ്ഥാപനത്തിൽ തുല്യനീതി ലഭിക്കുന്നവർ വിജയിക്കും. അത്തരം കുടുംബങ്ങൾ വിരളമാണ്. മന്നുകിൽ ആണ് അല്ലെങ്കിൽ പെണ്ണ്, ഒരാൾ അടിമയും മറ്റേയാൾ ഉടമയും ആയി മാറുന്ന ഒരുതരം സ്ഥിരം ബന്ധനമാണ് വിവാഹം. ഇതിൽ പൊളിച്ചെഴുത്ത് നടത്തണമെങ്കിൽ സംഘടിത പൗരോഹിത്യത്തെയും മതമൂല്യങ്ങളെയും ആദ്യം തകർക്കേണ്ടി വരും. സ്വതന്ത്ര ലൈംഗികതയല്ല ഇതിന് പരിഹാരം. വിവാഹ ജീവിതം അതിലേർപ്പെടുന്ന ഓരോ ആണിനും പെണ്ണിനും തുല്യ ഉത്തരവാദിത്വമുള്ളവരായിരിക്കണം. ഒരു ശിശുവിനെ പ്രസവിച്ചു വളർത്തി വിവാഹപ്രായമെത്തിക്കുന്നതു വരെ അമ്മയും, വിവാഹം നടത്തുന്ന ചുമതല അച്ഛനും മാത്രം നിയോഗിക്കപ്പെട്ടിരിക്കുന്ന അവസ്ഥയാണ് ആദ്യം തകർക്കേണ്ടത്. പടിഞ്ഞാറൻ നാടുകളിലേതു പോലെ വിവാഹ ജീവിതം എന്നത് പ്രായപൂർത്തിയായ ഓരോ ആണിന്റെയും ഓരോ പെണ്ണിന്റെയും സ്വന്തം ഉത്തരവാദിത്വത്തിൽ ഏറ്റെടുക്കേണ്ടതാണ്. ഒരു പുത്രനോ പുത്രിയോ മരണം വരെ അവരുടെ ജനയിതാക്കളാൽ റിമോട്ട്കൺട്രോൾ ചെയ്യപ്പെടുക എന്ന നമ്മുടെ അവസ്ഥയുണ്ടല്ലോ, അത് പഴയ ഗോത്ര സംസ്കാരത്തിന്റെ അവശിഷ്ടമാണ്.

മനുഷ്യ മോചന പ്രക്രിയയിൽ പഴയതരം കുടുംബജീവിതത്തിന്റെ കർക്കശത്വത്തിന് സ്ഥാനമില്ല. പുതിയ നൂറ്റാണ്ടിൽ ജീവിതം പരമാവധി ക്ലേശം നിറഞ്ഞതും മൂല്യതകർച്ച നേരിടുന്നതുമായിരിക്കും. പെൺകുട്ടികളെ വിവാഹം ചെയ്തയക്കാൻ സഹായധനം നൽകുന്ന സർക്കാരിന് അതിനേക്കാൾ പ്രധാനമായ നിലനില്പിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാതെ വരും. ഉല്പാദന -വിതരണ പ്രക്രിയയിലെ ദല്ലാളിത്തം ഇന്നത്തേതുപോലെ തുടരുകയാണെങ്കിൽ കാർഷിക മേഖല ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അതിഭീഷണമായ അവസ്ഥ മറ്റ് അടിസ്ഥാന വ്യവസായ മേഖലയിലേക്കും പടരും. സാമ്പത്തിക ശാസ്ത്രത്തിന്റെ പഴയ താളങ്ങൾ തീരെ മാറും. ഇത്ര ക്ലേശപൂർണമായ ഒരു ജീവിതം നേരിടാൻ ആണിനെയും പെണ്ണിനെയും ഒരുപോലെ സജ്ജമാക്കുക എന്നതായിരിക്കണം ഭാവി ഭരണാധിപൻമാരുടെ ചുമതല. അവിടെ വിവാഹം ഒരു സാമൂഹിക പ്രശ്നം ആകുകയേ ഇല്ല. പഴയ മിത്തോളജിയുടെ ഭാഗമായി പരിണമിക്കാനാണിട.

മെയിൽഷോവനിസ്റ്റുകളായ ഇന്നത്തെ രാഷ്ട്രീയപാർട്ടികളുടെ കണ്ണു തുറപ്പിക്കുക എന്നതായിരിക്കണം ജാഗരൂകമായ നവ വനിതാപ്രസ്ഥാനത്തിന്റെ പ്രധാന അജണ്ട. അല്ലാതെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ പകിട്ടുള്ള വാലുകളായി ഊച്ചയാട്ടാൻ മാത്രം ഉപകരിക്കുന്നവരായി അവർ താണുകൂട. ഈ അവസ്ഥ തന്നെയാണല്ലോ നമ്മുടെ ഭീമൻ യുവജന പ്രസ്ഥാനങ്ങൾക്കുമുള്ളത് - ലജ്ജാകരം.

ആൺകൂട്ടും പെൺകൂട്ടും

കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചൊരാലോചന

ഡോ.എം.ഗംഗാധരൻ

സാക്ഷരത, ജനാധിപത്യവല്ക്കരണം (പരിമിതം), രാഷ്ട്രീയവല്ക്കരണം (വികൃതം) എന്നിവയെയെല്ലാം നിർണയിച്ച സാമൂഹ്യപരിഷ്കരണത്തിൻെറ ശക്തികൾ തന്നെയാണ് കേരളത്തിലെ ഇന്നത്തെ സ്ത്രീ-പുരുഷ ബന്ധത്തിൻെറ അടിസ്ഥാന പാഠം രചിച്ചിട്ടുള്ളത്. കേരളത്തിലെ പരമ്പരാഗത ജാതിസമൂഹത്തിൽ കൊളോണിയൽ ആധുനികത വരുത്തിയ സാരമായ തിരുത്തലാണ് സാമൂഹ്യപരിഷ്കരണം. ഇതിനെ ശ്രീനാരായണഗുരുവിൻെറ നവോത്ഥാന ശ്രമങ്ങളുമായി കൂട്ടികുഴയ്ക്കേണ്ടതില്ല. ഫലത്തിൽ നവോത്ഥാന ശ്രമങ്ങളെ നിരാകരിക്കുന്നതായിരുന്നു - ജാതിക്കും ജാതിബോധത്തിനും പുതിയൊരു രൂപവും ജീവനും നൽകുന്നതായിരുന്നു - പരിഷ്കരണം. പുറത്തുപോയി ജോലിചെയ്ത് സമ്പാദിക്കുന്ന ആണും അകത്ത് അടങ്ങിയിരുന്ന പെണ്ണും ചേർന്ന അണു കുടുംബങ്ങളുടെ അടിത്തറയിലുള്ള ജാതി സമുദായങ്ങളെയാണ് പരിഷ്കരണം നിർമ്മിച്ചത്. 20-ാം നൂറ്റാണ്ടിൻെറ 20-കളിൽ മന്നത്ത് പത്മനാഭൻ ഇങ്ങനെ പ്രസംഗിച്ചുവെന്ന് തകഴി ശിവശങ്കരപ്പിള്ള ഓർക്കുന്നു: 'ഭർത്താക്കൻമാർ കൊറ്റിനുള്ള വക കൊണ്ടുവരുന്ന വീട്ടിലേ സമൃദ്ധിയുണ്ടാവൂ. നമ്മുടെ സ്ത്രീകളെ പാതിവൃത്യമുള്ളവരാക്കി നിലക്കുനിർത്തണം. ഇതിനായി ഭർത്താക്കൻമാർ അവർക്ക് ചില വിന് കൊടുക്കണം' ('എൻെറ ബാല്യകാലകഥ' 1967, പുറം 102).

ബ്രിട്ടീഷ് ആധിപത്യമുണ്ടാക്കിയ സാമ്പത്തികാവസ്ഥയുടെ സ്വാധീനവും ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനത്തിൻെറ സമ്മർദ്ദവും പരിഷ്കരണത്തിന് പ്രേരണയായിട്ടുണ്ട്. പക്ഷേ കേരളത്തിലെ ചില ജാതിവിഭാഗങ്ങൾക്ക് (പ്രത്യേകിച്ചും വടക്കൻ കേരളത്തിലെ അടിയാളവിഭാഗങ്ങൾക്ക്) പൊതുവെ അവർക്കിടയിൽ നിലനിന്ന ദാരിദ്ര്യം കാരണം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലേക്കോ അതുവഴി 'പരിഷ്കരണ'ത്തിലേക്കോ കടക്കാൻ കഴിയാതെ പോയി. അദ്ധ്വാനിച്ചു തൊഴിൽ ചെയ്തു ജീവിച്ചുപോന്ന ഇവർക്കിടയിൽ ആൺ-പെൺ ബന്ധം 'പരിഷ്കൃത'രുടേതിൽ നിന്ന് ഇന്നും ഏറെക്കുറെ വ്യത്യസ്തമാണ്.

ആണിനെ ജോലി ചെയ്യാനും പെണ്ണിനെ പതിവ്രതയോ ചാരിത്ര്യവതിയോ ആയി വീട്ടിലിരിക്കാനോ ആയി നിർബന്ധിക്കുന്ന സാമൂഹ്യപ്രേരണയാണ് കേരളത്തിലെ ഇടത്തരം സമുദായങ്ങളിലെയെല്ലാം ആൺ-പെൺ ബന്ധത്തെ നിർമ്മിച്ചിട്ടുള്ളത്. പെണ്ണ് 'പരിശുദ്ധ'യായൽ മാത്രം പോരാ, അങ്ങനെയാണെന്ന് സ്വന്തം കുടുംബത്തെയോ സമുദായത്തെയോ ബോധ്യപ്പെടുത്തിയാലും പോരാ, പരിസരത്തുള്ള മറ്റ് പരിഷ്കൃത സമുദായങ്ങൾക്കെല്ലാം ഇക്കാര്യം സാക്ഷിപ്പെടുത്താനുമാവണം. ഇന്നത്തെ നില. ഈ അവസ്ഥയിൽ കേരളത്തിലെ മധ്യവർഗ സ്ത്രീ, സദാ നിരീക്ഷിക്കപ്പെടുന്നു. ഈ നിരീക്ഷണത്തിൽ പതറുന്നവർക്ക് പിന്നെ ജീവിതമില്ല. ഏതെങ്കിലും സാഹചര്യത്തിൽ ഒരു പെൺകുട്ടിക്ക് 'പരപുരുഷനു'മായി ബന്ധമുണ്ടായാൽ ഉണ്ടായെന്ന് പറയപ്പെട്ടാൽ തന്നെ 'അവളുടെ ജീവിതം തകർന്നില്ലേ' എന്നാണ് ഏതാണ്ട് എല്ലാവരും പറയുക. 'നായ നക്കിയ കഞ്ഞിപോലെയായി അവൾ' എന്നൊക്കെയുള്ള അലങ്കാരപ്രയോഗങ്ങളുമുണ്ടാവും. പക്ഷെ പുരുഷന് ഈ പ്രശ്നമേയില്ല. ജോലി (വരുമാനമാർഗം) ഉണ്ടായാൽ മതി. 'പരസ്ത്രീ' ബന്ധമുണ്ടാവുന്ന പുരുഷൻ അല്പം മിടുക്കനായിപ്പോലും കണക്കാക്കപ്പെടുന്നു, പുരുഷൻമാർക്കിടയിൽ!

ഈ സ്ഥിതിയുള്ളപ്പോഴാണ് സ്ത്രീക്ക് ജോലിചെയ്യാം എന്ന അവസ്ഥയുണ്ടായത്. കൂട്ടുകുടുംബങ്ങളെല്ലാം പൊട്ടിപ്പൊളിയുകയും സ്ത്രീ വിദ്യാഭ്യാസം പതിവാവുകയും ജീവിതച്ചെലവ് വളരെയധികം വർദ്ധിക്കുകയും ചെയ്തപ്പോൾ ഇത് ഏറെക്കുറെ സ്വാഭാവികമായിത്തന്നെ സംഭവിച്ചു-ആദ്യം മധ്യവർഗത്തിൻെറ ഇടത്തട്ടിൽ, പിന്നെ മേൽത്തട്ടിൽ, അതിനുംശേഷം അല്പാല്പമായി കീഴ്ത്തട്ടിൽ എന്നതായിരുന്നു ഇതിൻെറ രീതി. പക്ഷെ ഇത് ഏറെക്കുറെ വ്യാപകമായപ്പോഴും പെണ്ണിനെ 'പരിശുദ്ധ'യാക്കിവെയ്ക്കുകയും ആണിനെ 'മിടുക്ക'നായി നടക്കാൻ വിടുകയും ചെയ്യുന്നത് തുടർന്നു. ഇതിൻെറ വല്ലാത്ത വൈരുദ്ധ്യങ്ങളേയും കെട്ടിക്കുടുക്കുകളേയും കുറിച്ച് നമ്മളാരും അധികം ആലോചിക്കാറില്ല. ഏതു

സ്ത്രീയും എപ്പോഴും 'സംശയിക്ക'പ്പെടാം. അതേസമയത്ത് ഓരോ സ്ത്രീയും 'സംശയാതീത'യാണെന്ന് തെളിയിച്ചുകൊണ്ടേയിരിക്കുകയും വേണം. ഈ സംശയത്തിൻേറയും സംശയാതീതത്വത്തിൻേറയും സംഗമ മേഖലയാണ് കേരളത്തിലെ സാധാരണജീവിതം.

ഒരു ഓഫീസിൽ ജോലി ചെയ്യുന്ന യുവതി (മദ്ധ്യവയസ്കയും) അവിടെ ജോലിക്കാരായ പുരുഷൻമാരോടു പോലും വലിയ സൗഹൃദം സൂചിപ്പിക്കുന്ന വിധത്തിൽ സംസാരിച്ചുകൂടാ. ആരുമായും അധികം ചിരിയും കളിയും പാടില്ല- അത് മറ്റുള്ളവർ ശ്രദ്ധിക്കുന്നത് കുഴപ്പമായേക്കും. ഒരു ദിവസം ലീവാണെങ്കിൽ അതു 'മാന്യ'മായ കാര്യത്തിനാണെന്നു എല്ലാവരേയും ബോദ്ധ്യപ്പെടുത്തണം. ഭർത്താവോ സഹോദരനോ അല്ലാത്ത ഒരു പുരുഷൻ ആ സ്ത്രീയെ കാണാൻ വന്നെങ്കിൽ അതിനെക്കുറിച്ച് പല തലത്തിൽ അന്വേഷണങ്ങൾ നടക്കും. എന്തെങ്കിലും 'പന്തികേടു'ണ്ടെന്നു തോന്നിയാൽ അത് അന്നു വൈകുന്നേരം തന്നെ അവരുടെ ഭർത്താവിനെയോ അച്ഛനമ്മമാരേയോ അറിയിക്കാനുള്ള ജാഗ്രത ഓഫീസിലെ ആണുങ്ങളെന്നപോലെ പെണ്ണുങ്ങളും പാലിക്കുന്നുണ്ടാവും.

സ്ത്രീ ഓരോ ദിവസവും ധരിക്കുന്ന സാരി (മറ്റു വസ്ത്രങ്ങളും) ഓഫീസിലെ മറ്റു സ്ത്രീകളാൽ മാത്രമല്ല, പുരുഷൻമാരാലും ശ്രദ്ധിക്കപ്പെടും, മിക്കപ്പോഴും ചർച്ച ചെയ്യപ്പെടും. പതിവായി വിലപ്പെട്ട വസ്ത്രം ധരിക്കുന്നുണ്ടെങ്കിൽ അതിനുള്ള പണം എവിടെ നിന്നു കിട്ടുന്ന എന്നതിനെക്കുറിച്ച് കാര്യമായ അന്വേഷണം നടക്കും. ഇതൊക്കെ ഓഫീസ് ജോലിക്കാരുടെ കാര്യത്തിൽ മാത്രമല്ല, ഷോപ്പുകളിലെ സഹായികൾ, തുന്നൽകാരികൾ, പ്രസ്സിലും മറ്റും ജോലിചെയ്യുന്നവർ, ടെലഫോൺ ബൂത്തിലിരിക്കുന്നവർ, പതിവായി പുറത്തിറങ്ങി നടക്കുന്ന പെണ്ണുങ്ങൾ, രാഷ്ട്രീയരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകൾ തുടങ്ങിയവരുടെ കാര്യത്തിലും നടക്കുന്നുണ്ട്. കാണാൻ കൊള്ളാവുന്ന വീട്ടമ്മമാരുടെ വീടിനു ചുറ്റും നിരീക്ഷണ കണ്ണുകളുണ്ടാവും. ഒരു ഇലക്ട്രീഷ്യൻ പുറത്തിറങ്ങാൻ താമസിച്ചാൽ പോലും അതിനെക്കുറിച്ച് ചുവരെഴുത്തുണ്ടാവാം. പരപ്പനങ്ങാടിപോലുള്ള ഒരു ചെറുപട്ടണത്തിലെന്നപോലെ കോഴിക്കോട്ടും തിരുവനന്തപുരത്തും എറണാകുളത്തുപോലും സ്ത്രീവീക്ഷണ-നിരീക്ഷണ കേന്ദ്രങ്ങൾ സദാ പ്രവർത്തിക്കുന്നു.

ഇതോടൊപ്പം കാണേണ്ട ഒരു കാര്യമുണ്ട്. സാധാരണനിലയിൽ സ്ത്രീകൾക്കും കാമവികാരമുണ്ടാവും. അതിനോടുള്ള ആഭിമുഖ്യം ചിലർക്ക് അധികമായും ചിലർക്ക് കുറവായും ഉണ്ടാവുന്നതാണ് സ്വാഭാവികമായ അവസ്ഥ. പക്ഷെ ഈ അവസ്ഥയെ തീർത്തും നിരാകരിക്കാൻ പ്രേരിപ്പിക്കുന്നതാണ് മുകളിൽ സൂചിപ്പിച്ച കേരളത്തിലെ സാഹചര്യം. അതുകൊണ്ട് വിവേകികളായ അമ്മമാർ കാമവികാരവുമായി ബന്ധപ്പെട്ട എല്ലാം മനസിൽ നിന്നു പറിച്ചുകളയാൻ പെൺകുട്ടികളെ കർശനമായി പ്രേരിപ്പിക്കുന്നു. സ്വന്തം ലൈംഗികാവയവം തൊടുകയോ നോക്കുകയോ ചെയ്യാത്തവരാവണം ഇന്ന് കേരളത്തിലെ മദ്ധ്യവർഗത്തിൽ പെട്ട ഇരുപതുവയസിനു താഴെയുള്ള പെൺകുട്ടികളിൽ തൊണ്ണൂറു ശതമാനവും. ലൈംഗികാവയവത്തിൻെറ പരിസരം പോലും തൻെറ ശരീരത്തിലില്ലെന്ന് വിശ്വസിക്കാനാണവർ പലപ്പോഴും ശ്രമിക്കുന്നത്. മുമ്പ് പരിചയമില്ലാത്തവരുടെ വീട്ടിൽ അതിഥിയായി ചെല്ലുന്ന യുവതി രാവിലെ മുതൽ വൈകുന്നേരം വരെ മൂത്രമൊഴിക്കാതെ ഇരുന്നേക്കും. പ്രായമായ സ്ത്രീകൾ അതിന് സ്വകാര്യമായി സൗകര്യമുണ്ടാക്കിയില്ലെങ്കിൽ സ്വന്തം വീട്ടിലെത്തുന്നതുവരെ മണിക്കൂറുകളോളം പെൺകുട്ടികൾ ശ്രദ്ധിക്കുന്നു!

സ്വാഭാവിക വികാരങ്ങളേയും അതുമായി ബന്ധപ്പെട്ട വിചാരങ്ങളേയും മനസിൽ നിന്ന് പൂർണമായി അകറ്റിനിർത്താനുള്ള ശ്രമത്തിൻെറ ഭാഗമായിട്ടല്ലേ രാവുപകൽ പഠിപ്പ് പല പെൺകുട്ടികളും നടത്തുന്നതെന്ന് സംശയിക്കണം. (ആൺകുട്ടികൾ അടുത്തെങ്ങും വരാത്തവിധത്തിൽ റാങ്കുകളും ഡിസ്റ്റിങ്ഷനും തട്ടിയെടുക്കാൻ പെൺകുട്ടികളെ ഇത് സഹായിക്കുന്നു. പക്ഷേ ശരിക്കും ബുദ്ധി ആവശ്യമായ എൻട്രൻസ് ടെസ്റ്റുകളിലും മറ്റും ഈ വിദ്യ ഫലിക്കുന്നില്ല എന്ന് പറയാമോ?)

ഇങ്ങനെയൊക്കെ പെൺകുട്ടികൾക്ക് ലൈംഗികത പാടെ നിഷേധിക്കുകയെന്നത് നടക്കുന്ന കാര്യമാണോ എന്ന് ചോദിക്കാം. ടി.വിയും സിനിമയും നിത്യേന രമിക്കുന്ന നമ്മുടെ മധ്യവർഗ സ്ത്രീകൾ ലൈംഗികതയിലേക്ക് വലിച്ചെറിയപ്പെടുന്നില്ലേ എന്നും ചോദിക്കാം. വാസ്തവത്തിൽ പൂർണമായ നിഷേധം നടക്കുന്നില്ല എന്നത് ശരിയാണ്. ചില സ്ത്രീകൾ 'അടിതെറ്റി' വീഴുന്നുണ്ട്. പക്ഷേ അവരുടേത് ദുഃഖകഥകളാണ്, ദുരന്തകഥകളാണ്. ആ കഥകളാണ് നമ്മുടെ ടി.വി സീരിയലുകളും സിനിമകളും നിത്യേന പ്രദർശിപ്പിക്കുന്നത്. അവ സ്ത്രീകളെ 'ഇളക്കി'വിടുന്നവയല്ല, അടങ്ങി ഒതുങ്ങി തന്നെ തുടരാൻ ശക്തിയിൽ പ്രേരിപ്പിക്കുന്നവയാണ്.

സ്ത്രീകളുടെ മുലയും തുടയും പൊക്കിളുമൊക്കെ പലവിധത്തിൽ പ്രദർശിപ്പിക്കുന്ന നമ്മുടെ ചലച്ചിത്രങ്ങൾ ആണുങ്ങളിലാണ് തുടിപ്പുണ്ടാക്കുന്നത്. പെണ്ണുങ്ങൾ പൊതുവെ അതൊക്കെ കാണുന്നത് ആസ്വദിക്കാറില്ലല്ലോ. വാസ്തവത്തിൽ ഭയത്തിൻേറയും വേദനയുടേയും 'ത്രില്ലു'കളാണ് സ്ത്രീകൾക്ക് ഈ ചിത്രങ്ങളിൽ നിന്നു ലഭിക്കുന്നത്. എന്തെന്നാൽ, ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കുന്ന സ്ത്രീകൾ-കാമവികാരത്താൽ എന്തെങ്കിലും ചെയ്തുപോകുന്ന പെണ്ണുങ്ങൾ കഷ്ടത്തിലാവുന്നതും നിത്യേന കരഞ്ഞുകൊണ്ടിരിക്കുന്നതുമാണ് ആ ചിത്രങ്ങളെല്ലാം കാണിക്കുന്നത്. പെണ്ണുങ്ങളെ 'അടക്കിയൊതുക്കുക' എന്ന 'പരിഷ്കൃത സമുദായധർമ്മം' എത്രയും സമർത്ഥമായി നിർവഹിക്കുന്നത് നമ്മുടെ ചലച്ചിത്രങ്ങളാണെന്നതത്രെ സത്യം.

'ശരീരശുദ്ധി' നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടപ്പെടുന്നു ('ഇനി ജീവിച്ചിട്ടെന്തു കാര്യം!') എന്ന ദയ. അച്ഛനമ്മമാർ പെൺകുട്ടികളിൽ കയറ്റിവിടുന്നത് അവരുടെ അബോധ-ഉപബോധ തലങ്ങളെത്തന്നെ ബാധിക്കുകയും അതുകൊണ്ടുതന്നെ ബസ്സിലും ക്ലാസിലും യോഗങ്ങളിലും എല്ലാം അകന്നുനിൽക്കൽ സ്വാഭാവികമായിത്തന്നെ നടക്കുകയും ചെയ്യുന്നു.

നമ്മുടെ മധ്യവർഗസ്ത്രീകൾ അണിഞ്ഞൊരുങ്ങുന്നതിൽ വളരെയേറെ ശ്രദ്ധിക്കുന്നത് പുരുഷൻമാരെ ആകർഷിക്കാനുള്ള സ്ത്രീസഹജമായ വാസനകൊണ്ടല്ലേ എന്ന കുസൃതി ചോദ്യം - സ്ത്രീ പീഡനങ്ങൾ സ്ത്രീകൾ തന്നെ വരുത്തിവയ്ക്കുന്നതാണ് എന്ന് സ്ഥാപിക്കാനുള്ള ചോദ്യം- പലപ്പോഴും കേട്ടിട്ടുണ്ട്. ലിംഗവാസനയുടെ ചെറിയൊരംശം അതിലുണ്ടാവാമെങ്കിലും കേരള മങ്കമാർ അണിഞ്ഞൊരുങ്ങുന്നതിൻെറ പ്രധാന ലക്ഷ്യം അവരുടെ സാമൂഹ്യപദവിയും സാമ്പത്തികനിലയും സൂചിപ്പിക്കുക എന്നതാണ്. പലപ്പോഴും വസ്ത്രധാരണം കൊണ്ട് ശരീരസൗന്ദര്യം കഴിയുന്നത്ര മൂടിവയ്ക്കുന്നതു തന്നെ കാണാൻ കഴിയും - ശരീരഭംഗി പ്രദർശിപ്പിക്കുന്നത് അപകടമാവും എന്ന ധാരണ ഉള്ളിൻെറയുള്ളിൽ അലിഞ്ഞുചേർന്നിട്ടുള്ളവരാണ് നമ്മുടെ

പരിഷ്കൃത'വനിതകൾ. വസ്ത്രങ്ങളേയും ആഭരണങ്ങളേയും ശരീരവുമായി ബന്ധപ്പെട്ട സ്ത്രീകളുടെ വികാരങ്ങളെ അമർച്ച ചെയ്യാൻ സഹായിക്കുന്ന 'കളിക്കോപ്പു'കളുടെ പട്ടികയിലാണ് ചേർക്കേണ്ടത്.

കേരളത്തിൽ നല്ലൊരു ഭാഗം വരുന്ന മധ്യവർഗ സ്ത്രീകളെ മുഴുവൻ ഈ വിധത്തിൽ സാമൂഹ്യശക്തികൾ 'ഉടച്ചു' വിടുകയും പുരുഷൻമാരെ ലൈംഗിക സൂചനകളുള്ള കഥകളിലൂടെയും ചിത്രങ്ങളിലൂടെയും ഇളക്കിവിടുകയും ചെയ്യുമ്പോൾ പ്രതീക്ഷിക്കാവുന്നതു മാത്രമാണ് ഇന്ന് ഇവിടത്തെ സ്ത്രീ-പുരുഷ ബന്ധത്തിന്റെ കാര്യത്തിൽ കാണുന്നത്:-

ധാരാളം സ്ത്രീകളുടെ അംഗത്വമുള്ള മഹിളാ അസോസിയേഷൻ തുടങ്ങിയത് കേരളത്തിൽ പൊതുവെ പുരുഷ പാർട്ടി കളോട് കെട്ടിയിട്ട വിധത്തിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ നിലനിൽക്കുന്ന സ്ത്രീ-പുരുഷ ബന്ധത്തിന്റെ സ്വഭാവത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ അവയ്ക്കു കഴിയുന്നില്ല.

1) സ്ത്രീ, രാഷ്ട്രീയ-സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കാനിറങ്ങിയാൽത്തന്നെ അവളുടെ 'ശുദ്ധി' നഷ്ടപ്പെടുമെന്ന് കേരളത്തിൽ പൊതുവെ കരുതിവരുന്നു. അതുകൊണ്ട് ആ വഴിക്ക് തിരിയുന്നവർ തീർത്തും കുറവാണ്. വാസ്തവത്തിൽ സ്ത്രീക്കെന്തെങ്കിലും നഷ്ടപ്പെടുമോ എന്നതൊന്നും ഇവിടെ പ്രസക്തമല്ല. 'പരിഷ്കൃത'സമുദായങ്ങൾ രൂപം കൊണ്ടതിനു ശേഷം, ഏതാണ്ട് മുപ്പതുകൾക്കു ശേഷം, ഈ ധാരണ മാറാതെ നിൽക്കുന്നു എന്നതാണ് പ്രധാനം.

2) 'ശരീരശുദ്ധി' നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടപ്പെടുന്നു ('ഇനി ജീവിച്ചിട്ടെന്തു കാര്യം!') എന്ന ഭയം. അച്ഛനമ്മമാർ പെൺകുട്ടികളിൽ കയറ്റിവിടുന്നത് അവരുടെ അബോധ-ഉപബോധ തലങ്ങളെത്തന്നെ ബാധിക്കുകയും അതുകൊണ്ടുതന്നെ ബസ്സിലും ക്ലാസിലും യോഗങ്ങളിലും എല്ലാം അകന്നുനിൽക്കൽ സ്വാഭാവികമായിത്തന്നെ നടക്കുകയും ചെയ്യുന്നു. മറ്റു പല സംസ്ഥാനങ്ങളിലും (പ്രത്യേകിച്ചും അവിടങ്ങളിലെ വൻ നഗരങ്ങളിൽ ചെന്നൈ, ബാംഗ്ലൂർ, ഹൈദരാബാദ്, കൽക്കത്ത, ദില്ലി തുടങ്ങിയ 'മെട്രോപോളീസു'കളിൽ) ആധുനിക പൂർവ്വ (Pre-modern) സാമൂഹ്യാവസ്ഥ അതിവേഗം വ്യവസായവൽക്കരണത്തിന്റേതായ മാറ്റങ്ങളിലേയ്ക്കു നീങ്ങുകയുണ്ടായി. കേരളത്തിലെന്നപോലെ 'പരിഷ്കരണ'ത്താൽ രൂപപ്പെട്ട സമുദായങ്ങളുടെ ഘട്ടം അവിടങ്ങളിൽ ഏറെ നീണ്ടുനിന്നിട്ടില്ല. അതുകൊണ്ടല്ലേ ആണുങ്ങളേയും പെണ്ണുങ്ങളേയും സദാ അകറ്റി നിർത്തുന്ന രീതി അവിടങ്ങളിൽ കുറഞ്ഞിട്ടുള്ളത്?

3) കാമാദിവികാരങ്ങളെ ഭയപ്പെടുന്ന, അവിശ്വസിക്കുന്ന, വിധത്തിൽ നിർണയിക്കപ്പെടുന്ന (condition ചെയ്യപ്പെടുന്ന) കേരളത്തിലെ പെൺകുട്ടികളിൽ വിവാഹം കഴിഞ്ഞ ഉടനെ കാമമുണർത്തുക എളുപ്പമല്ല. അതേസമയത്ത് സ്ത്രീകളെല്ലാം അകന്നും ഏറെക്കുറെ അപ്രാപ്യരായും കഴിയുന്ന സമൂഹത്തിലെ സാധാരണ പുരുഷൻ വിവാഹത്തെ കാണുന്നത് കാമകേളിക്കുള്ള അവസരമായിട്ടാണ്. ഈ വൈരുദ്ധ്യമുണ്ടാക്കുന്ന കശപിശകളാണ് മധ്യവർഗത്തിൽ വർദ്ധിച്ചു വരുന്ന 'ഡൈവോഴ്സു'കൾക്കു കാരണമെന്നു തോന്നുന്നു. ഉന്നത വിദ്യാഭ്യാസത്തിലൂടെയും മറ്റും കുറച്ചൊക്കെ തന്റേടം വച്ചിട്ടുള്ള ഇപ്പോഴത്തെ പെൺകുട്ടികൾ ആദ്യം മുതലുള്ള കാമപീഡനമുറകളെ വെറുക്കുന്നു എന്നു മാത്രമല്ല, അതിനുവിധേയരായി ഒതുങ്ങാൻ ഒരുക്കമല്ലെന്നു വ്യക്തമാക്കുകയും ചെയ്യുന്നു. നയത്തോടെ സമീപിക്കാനുള്ള ഉപദേശം ലഭിക്കുന്ന നല്ലൊരു വിഭാഗം പുരുഷൻമാർക്ക് ഇതിനെ തരണം ചെയ്യുവാൻ കഴിയുന്നുണ്ട്. പക്ഷെ കാമശമനത്തിന് വിവാഹത്തിനു പുറത്ത് വഴി കാണാൻ ശ്രമിക്കുന്നവരാണ് ഇവരിലധികവും. സ്ത്രീകളെല്ലാം പലപ്പോഴും ഭാര്യമാർ പോലും അകന്നൊഴിയുന്ന സാഹചര്യത്തിൽ ഇളകി നിൽക്കുന്ന പുരുഷൻ നടത്തുന്ന ഭ്രാന്തമായ പരാക്രമങ്ങളാവാം നമ്മുടെ സ്ത്രീപീഡന പരമ്പരകൾ. എന്നാൽ പെൺവാണിഭവും മറ്റും ധനവാൻമാരുടേയും ധൂർത്തൻമാരുടേയും കാമകേളികളുടെ ഭാഗമാണ്.

ധാരാളം സ്ത്രീകളുടെ അംഗത്വമുള്ള മഹിളാ അസോസിയേഷൻ തുടങ്ങിയത് കേരളത്തിൽ പൊതുവെ പുരുഷപാർട്ടികളോട് കെട്ടിയിട്ട വിധത്തിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ നിലനിൽക്കുന്ന സ്ത്രീ-പുരുഷ ബന്ധത്തിന്റെ സ്വഭാവത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ അവയ്ക്കു കഴിയുന്നില്ല. നമ്മുടെ സ്ത്രീമോചന സംഘടനകളാവട്ടെ സ്ത്രീകളെ സംരക്ഷിക്കുവാനാണ് ഉദ്ദേശശുദ്ധിയോടെ ശ്രമിച്ചുകൊണ്ടേയിരിക്കുന്നത്. പക്ഷെ അവരുടെ സംരക്ഷണശ്രമങ്ങൾ പുരുഷനെ കൂടുതൽ കൂടുതൽ ഭയപ്പെടാനും അകറ്റുവാനും സ്ത്രീകളെ പഠിപ്പിക്കുന്നു. ഇതിനാൽ വിറളി വർദ്ധിക്കുന്ന പുരുഷൻമാർ പലരും പെണ്ണുപിടിക്കാനുള്ള പഴുതുകൾ നോക്കി നടക്കുന്നവരാവുന്നു. ഏതെങ്കിലും ചില പഴുതുകളിൽ വീണുപോവുന്ന സ്ത്രീകളെ മോചനസംഘടനകൾ രക്ഷിക്കാൻ ശ്രമിക്കുന്നത് സ്ത്രീ-പുരുഷ വിരോധവും അകലവും വർദ്ധിക്കുന്നതിൽ പലപ്പോഴും കലാശിക്കുകയും ചെയ്യുന്നു!

ആധുനികപൂർവ്വ കാലത്ത് കേരളത്തിൽ നിലനിന്നത് ചില സവിശേഷതകളുള്ള പുരുഷാധിപത്യമായിരുന്നു. സമുദായ പരിഷ്കരണപ്രസ്ഥാനങ്ങൾ പ്രവർത്തിച്ചതിനു ശേഷമുണ്ടായ മേൽ വിവരിച്ച വ്യവസ്ഥ അതിനെ ശക്തിപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് എന്നു പറയാം. ഈ വ്യവസ്ഥയിൽ സ്ത്രീകൾ 'അടിച്ചമർത്തപ്പെടുന്നു' എന്നതും ശരിയാണ്. പക്ഷെ 'പരിഷ്കൃത' സമുദായങ്ങളിൽ ഈ അടിച്ചമർത്തലിന്റെ പ്രധാന വക്താക്കളും പ്രയോക്താക്കളുമായിട്ടുള്ളത് ബഹുഭൂരിപക്ഷം സ്ത്രീകൾ തന്നെയാണ്. അവരെ ഈ അവസ്ഥയിൽ നിന്ന് മോചിപ്പിക്കാനുള്ള മോചനസംഘടനകളുടെ ഇന്നോളമുള്ള ശ്രമങ്ങൾ പരിപൂർണമായി പരാജയപ്പെട്ടിരിക്കുന്നു എന്ന് കാണാതിരിക്കാൻ വിഷമമാണ്. കോഴിക്കോട്ടെ പെൺവാണിഭത്തിനെതിരെ ധീരമായി പോരാടാൻ കോഴിക്കോട്ടുവച്ചു നടത്തിയ കൺവൻഷനിൽ പങ്കെടുത്ത സ്ത്രീകളുടെ എണ്ണം 20-ൽ കുറവായിരുന്നു. കഴിഞ്ഞ ലോക വനിതാദിനത്തിൽ കോഴിക്കോട്ടു നടന്ന മറ്റൊരു വിമോചന സംഘടനയുടെ സമ്മേളനത്തിൽ പങ്കെടുത്ത സ്ത്രീകളുടെ എണ്ണം പത്തിൽ കുറവായിരുന്നു!

സ്വതന്ത്ര ലൈംഗികതയ്ക്കു വേണ്ടി വാദിക്കാൻ ഒരുപക്ഷെ 'പരിഷ്കൃത' കേരളത്തിൽ ധാരാളം ചെറുപ്പക്കാരെ കിട്ടിയേക്കാം. പക്ഷെ ഒരു ഡസനിലധികം പെണ്ണുങ്ങളെ കിട്ടുമെന്ന് തോന്നുന്നില്ല. ആണുങ്ങൾക്ക് അവരാഗ്രഹിക്കുന്ന സ്വാതന്ത്ര്യം സ്വയംഭോഗം നടത്തി ആഘോഷിക്കേണ്ടി വരും. വേണമെങ്കിൽ നീലച്ചിത്രങ്ങളുടെ അകമ്പടിയോടെ അതു ചെയ്യാം എന്നുമാത്രം!

പുരാതന ഗോത്രസമുദായങ്ങളുടെ കാലം മുതൽ നിലനിന്നിട്ടുള്ള വിവാഹം എന്ന സ്ഥാപനത്തിന്റെ പ്രധാന ഉദ്ദേശ്യം [illegible] നോല്പാദനമാണ്. മനുഷ്യ

ശിശുക്കൾക്ക് വർഷങ്ങളോളം പരിചരണമില്ലാതെ പിഴയ്ക്കാനാവില്ല. ഈ പരിപാലനം ആധുനിക സമ്പത്തുൽപാദന പ്രവർത്തനങ്ങളോടൊപ്പം നിലനിർത്തുക സാധ്യമാക്കുന്ന ഒരേയൊരു സംവിധാനം ഇന്നുള്ളത് വിവാഹത്തിൻേറതുമാത്രമാണ്. അതിനെ മറി കടക്കാൻ മനുഷ്യർക്ക് അടുത്തെങ്ങാനും കഴിയുമോ എന്ന് സംശയിക്കണം.

'പരിഷ്കരണം' നടക്കാത്ത അടിയാളർക്കിടയിൽ 'പരിഷ്കരിച്ച' മധ്യവർഗ സമൂഹങ്ങളുടേതിൽ നിന്ന് വളരെ വ്യത്യസ്തമായ സ്ത്രീ-പുരുഷ ബന്ധം ഇന്നും ഏറെക്കുറെ നിലനിൽക്കുന്നുണ്ട്. ശരീരാദ്ധ്വാനമുള്ള ജോലികൾ ചെയ്തു കഴിയുന്ന ഇവരുടെ ആണുങ്ങളും പെണ്ണുങ്ങളും ഒന്നിച്ചിരിക്കാനോ ജോലിയുടെ ആവശ്യങ്ങളുണ്ടെങ്കിൽ ഒന്നിച്ചു കിടക്കാനോ മടിക്കാറില്ല. സ്ത്രീ ശരീരം മരവിപ്പിക്കലോ പുരുഷൻമാർ രാവുപകൽ കാമകേളികൾ കൊതിച്ച് നടക്കലോ ഇവർക്കിടയിൽ നടക്കുന്നില്ല. ഇതൊരു സാമാന്യവൽക്കരണമാണ്, അല്പം അത്യുക്തി കലർന്നതുമാവാം.

ഇന്നു കേരളത്തിൽ നിലനിൽക്കുന്ന ഏറ്റവും ശക്തമായ സാമൂഹ്യപ്രവണത മധ്യവർഗ തലത്തിലേക്ക് ഉയരാനുള്ള അടിയാള വിഭാഗങ്ങളുടെ കുതിപ്പാണ്. ഈ കുതിപ്പിൻെറ ഭാഗമായി അടിയാളരിൽ ചിലരെങ്കിലും സ്വന്തം സ്ത്രീകളെ 'ഉടയ്ക്കാനും' ഒതുക്കിയും അകറ്റിയും നിർത്താനുള്ള ശ്രമങ്ങളിൽ ഏർപ്പെടുന്നുണ്ട്. മേലോട്ട് കയറാനുള്ള ശ്രമത്തിൽ വിജയിക്കാത്ത ഇവരിൽ പലരും മദ്യത്തിൽ മുങ്ങിത്താഴുന്നുമുണ്ട്. അവസാനിക്കാത്ത ദാരിദ്ര്യം ഇവരുടെ തുടിപ്പുകളെ ക്ഷീണിപ്പിക്കുന്നതും പതിവാണ്. മരവിച്ചിട്ടില്ലാത്ത അടിയാള സ്ത്രീകളുടെ ശരീരം മുതലാളിമാരുടെ കാമകേളികൾക്ക് (മുതലാളിക്ക് വീട്ടിൽ കിട്ടാത്ത കാമശമനത്തിന്) ഉപയോഗിക്കപ്പെടുന്നു. ഇതിനെ ആ സ്ത്രീകളുടെ അഴിഞ്ഞാട്ടമായി കണ്ട് മരവിച്ച മേൽക്കിട വനിതകൾ മേനിനടിക്കുന്നു!

ഓരോ സമൂഹത്തിലും ജനാധിപത്യവൽക്കരണം വ്യാപകമാവുന്നത് വ്യവസായവൽക്കരണവുമായി ബന്ധപ്പെട്ട് മാത്രമായിരിക്കും. ഇന്ന് നിലനിൽക്കുന്ന വ്യാവസായിക സമൂഹങ്ങളെല്ലാം പുരുഷാധിപത്യഘടനയുള്ളവയാണ്. പക്ഷേ പല രാജ്യങ്ങളിൽ ഏറ്റക്കുറച്ചിലുകളോടെയാണ് ഇതു നിലനിൽക്കുന്നത്. വ്യവസായവൽക്കരണവുമായി ബന്ധപ്പെട്ട് നിലവിൽ വരുന്ന ജനാധിപത്യരീതികളിലൂടെ സ്ത്രീ-പുരുഷ ബന്ധം സമത്വത്തിൻെറ അടിസ്ഥാനത്തിലാക്കാനുള്ള ശ്രമങ്ങൾക്ക് കൂടുതൽ വിജയസാധ്യത ഉണ്ടായി വരുന്നുണ്ട്. പക്ഷേ വ്യവസായങ്ങളെ സ്വതന്ത്രമായി വളരാൻ അനുവദിക്കാത്ത കേരളത്തിൻെറ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ സ്ത്രീ-പുരുഷ സമത്വമോ അതിൻെറ അടിസ്ഥാനത്തിലുള്ള ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധമോ അടുത്ത ഘട്ടമായിട്ടൊന്നും സ്ഥാപിക്കപ്പെടാൻ പോകുന്നില്ല.

സ്ത്രീയെ മാത്രം 'പരിശുദ്ധ'യായി നിർത്തുന്ന രീതി അവസാനിപ്പിച്ച്, സ്ത്രീയുടെ 'ശുദ്ധി' വലിയ പ്രശ്നമല്ലാതാവുന്ന സാഹചര്യം, വ്യവസായവൽക്കരണം എന്നെങ്കിലും നടക്കുമ്പോൾ, കേരളത്തിൽ സംജാതമായേക്കാം. അന്ന് സ്വതന്ത്രമായി രൂപപ്പെടാവുന്ന ആൺ-പെൺ സമത്വത്തിലൂടെ സ്ത്രീ-പുരുഷ ബന്ധം ഇവിടേയും മാറിമറിയുമെന്ന് പ്രതീക്ഷിക്കാം.

ആശംസകൾ

ESTD 1902

വൈദ്യരത്നം പി.എസ് വാരിയരുടെ

ആര്യവൈദ്യശാല

Regd. Trade Mark

കോട്ടയ്ക്കൽ - 676503

Ph: HO : (0493) 742216 - 19, 742561 - 64 & 742571
Fax : 0493 - 742210, 742572
Web Site : www.aryavaidyasala.com.
E-mail : kottakal@vsnl.com.
: kottakal@md3.vsnl.net.in

ശാഖകൾ

കോഴിക്കോട്, പാലക്കാട്, തിരൂർ, എറണാകുളം, ആലുവ, തിരുവനന്തപുരം, ചെന്നൈ, കണ്ണൂർ, കോയമ്പത്തൂർ, ന്യൂഡൽഹി, കൽക്കത്ത, കോട്ടയം, സെക്കന്തരബാദ് കൂടാതെ 850ൽപരം ഏജൻസികളും

സ്ത്രീവാദത്തിന്റെ നില

സി.ആർ.പരമേശ്വരൻ

കേരളത്തിലെ സ്ത്രീയുടെ പൊതുവായ അവസ്ഥ മറ്റു സംസ്ഥാനങ്ങളിലെ സ്ത്രീയുടെ അവസ്ഥയേക്കാൾ വളരെ മുന്നിലാണെന്ന് പറയുന്നതിൽ ഒട്ടും സംശയിക്കേണ്ടതില്ല. സാക്ഷരതയും ഉന്നതവിദ്യാഭ്യാസവും ഉദ്യോഗലബ്ധിയും അതോടനുബന്ധിച്ചുള്ള ശക്തിയാർജ്ജനവും മലയാളിസ്ത്രീയെ മറ്റു സംസ്ഥാനങ്ങളിലെ അവളുടെ സഹോദരിമാരിൽ നിന്ന് ബഹുദൂരം മുന്നോട്ടുകൊണ്ടുപോയിട്ടുണ്ട്. എന്നിരുന്നാലും, സമൂഹകേന്ദ്രിതമെന്നതിനേക്കാൾ കുടുംബകേന്ദ്രിതമാണ് ഈ വളർച്ച. അതിനാൽ ഈ സ്വാതന്ത്ര്യം സമൂഹത്തിലൊന്നാകെ വിതരണം ചെയ്യപ്പെട്ടിട്ടില്ല. ഈ സ്വാതന്ത്ര്യം പുറത്തേക്കു കടന്നുപോകാതിരിക്കാൻ കുടുംബം ശക്തമായ കോട്ടകെട്ടിയിരിക്കുന്നു. ഈ വിധത്തിൽ സ്വാച്ഛന്ദ്യം നഷ്ടപ്പെട്ടിരിക്കുന്നതിനാൽ നമ്മുടെ സ്ത്രീകൾക്ക് ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം അപൂർണവും വികലവുമായിരിക്കുന്നു.

കേരളത്തിൽ ഇന്ന് പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീയുടെ പോലും അവസ്ഥ എന്താണ്? ഏറെക്കുറെ കപടമായ ഒരു ജനാ ധിപത്യവല്കര ണവും രാഷ്ട്രീയവല്കരണ വുമാണ് ആദ്യ ത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയുടെ പതനത്തിനുശേഷം കേരളത്തിലുണ്ടായത്. തത്വദീക്ഷയൊന്നുമി ല്ലാത്ത അധികാരമോഹമാണ് അ തിൽ പിന്നീടുള്ള കേരള രാഷ്ട്രീയത്തിന്റെ മുഖമുദ്ര. അതിൽ സ്ത്രീക്കുള്ള പങ്ക് പരിമിതമാണ്. വിദ്യാസമ്പന്നയായ സ്ത്രീക്കു ടുംബത്തിൽ നി ന്ന് പുറത്തുവന്ന് സ്ത്രീയെന്ന നിലയിൽ സംഘടിക്കാനും അധികാരത്തിൽ തങ്ങൾക്കുള്ള പങ്ക് പിടിച്ചുപറ്റാനും അതിനാൽ ഇതുവരെയും കഴിഞ്ഞിട്ടില്ല. ഉദാഹരണത്തിന്, കക്ഷിരാഷ്ട്രീയത്തിന്റെ ചവിട്ടടിയിലാണ് ഇവിടത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണഘടനാനിർദ്ദേശിതമായ സ്ത്രീ പ്രാതിനിധ്യം. പുരുഷമേധാവിത്വം പുലരുന്ന ഒരു വ്യവസ്ഥയിൽ സ്ത്രീ ഭരണാധികാരം പ്രയോഗിക്കാൻ ശ്രമിക്കുമ്പോൾ പല പീഡനങ്ങളും അനുഭവിക്കാനിടയാകുന്നു. സ്ത്രീക്കുള്ള ചില സ്വാഭാവിക നൻമകൾ ഉപയോഗിച്ച് പല സ്വയംഭരണ സ്ഥാപനങ്ങളിലും സത്യസന്ധമായി കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുള്ളപ്പോൾ, കക്ഷിരാഷ്ട്രീയ ദുശ്ശാസനൻമാരാൽ അവർ അപമാനിക്കപ്പെട്ടിട്ടുള്ള സംഭവങ്ങൾ എത്രയെങ്കിലുമുണ്ട്.

കക്ഷിരാഷ്ട്രീയത്തിന്റെ നികൃഷ്ട നിയമങ്ങൾക്കനുസരിച്ച് പുരുഷൻമാരുടെ പിണിയാളുകളായി മാത്രമേ രാഷ്ട്രീയരംഗത്ത് കടന്നുവന്നിട്ടുള്ള സ്ത്രീകൾക്കു ഓരോ കാര്യത്തിലും പ്രവർത്തിക്കാനാകുന്നുള്ളൂ-അക്കാര്യം സ്ത്രീയെ സംബന്ധിച്ചിടത്തോളം എത്ര പ്രധാനപ്പെട്ട കാര്യമാണെങ്കിൽ തന്നെയും. ഉദാഹരണത്തിന് സ്ത്രീയെന്ന നിലയിൽ വിപ്ലവരാഷ്ട്രീയ സംഘടനയിൽ വിവേചനം അനുഭവിച്ചിട്ടുള്ള ഒരാളാണ് കെ.ആർ.ഗൗരി. എന്നാൽ പോലും കോഴിക്കോട്ട് പെൺവാണിഭം സംബന്ധിച്ച നിയമസഭാ സബ്കമ്മിറ്റി പ്രവർത്തനം പുരുഷ താല്പര്യമനുസരിച്ച് അലസിപ്പിച്ചു കളഞ്ഞത് ഗൗരിയമ്മ ഉൾപ്പടെയുള്ള പ്രബുദ്ധരായ സ്ത്രീസാമാജികരാണ്. അതുപോലെ വനിതാകമ്മീഷൻ ഇക്കാര്യത്തിൽ ഇടപെടുന്നത് അസാദ്ധ്യമാക്കിയത് ഇടതു-വലതു രാഷ്ട്രീയം പാനം ചെയ്തുകഴിയുന്ന കമ്മീഷനിലെ തന്നെ സ്ത്രീഅംഗങ്ങളാണ്. ഈ സ്ത്രീരാഷ്ട്രീയക്കാർക്കും അവരുടെ പുരുഷ യജമാനൻമാർക്കുമുള്ള ദല്ലാൾ മുഖം വേണ്ടത്ര വ്യക്തതയോടെ തുറന്നുകാട്ടുവാൻ മീനാക്ഷിതമ്പാനോ സുഗതകുമാരിയോ തുനിഞ്ഞുമില്ല. ഘടനാപരമായ ഈ അടിമനിലയാണ് പൊതുരംഗത്ത് സ്ത്രീക്ക് ഇന്ന് എത്തിച്ചേരാവുന്ന ഏറ്റവും ഉയർന്ന അവസ്ഥ.



സ്ത്രീയിൽ അടിമബോധം ശീലിപ്പിക്കുന്ന ഏറ്റവും ശക്തമായ സ്ഥാപനം കുടുംബമാണ്. കൗമാരത്തിലെത്തുമ്പോഴേക്കും ഈ വ്യവസ്ഥ വളരാൻ വിടാതെ പെൺകുട്ടിയെ വിഴുങ്ങുന്നു. അവളുടെ ആത്മബോധത്തെ നശിപ്പിക്കുന്നു. അവളുടെ സഖാവാകുന്ന പുരുഷനെ സംബന്ധിച്ചും കുടുംബത്തോടുള്ള പ്രതിബദ്ധതയെന്നാൽ മിക്കവാറും സമൂഹത്തോടുള്ള പ്രതിബദ്ധതയിൽ ഉണ്ടാകുന്ന നഷ്ടമെന്നാകുന്നു അർത്ഥം. കുടുംബം നിലനിർത്തുന്നതിലെ കഷ്ടപ്പാടുകൾ മാത്രമല്ല, കുടുംബസുഖവും എന്തൊക്കെപ്പറഞ്ഞാലും, സാമൂഹ്യപ്രതിബദ്ധതയെ തളർത്തുന്നു. കുടുംബവ്യവസ്ഥയോട് നൂറുശതമാനം ആത്മാർത്ഥത പുലർത്തി ആണിനോ പെണ്ണിനോ സമൂഹത്തിലെന്തെങ്കിലും ചെയ്യാനാവില്ല.

സ്വാതന്ത്ര്യേച്ഛുവായ പുരുഷനും കുടുംബം ഒരു തടവാകുന്നു. കുടുംബം എന്ന അസ്വാഭാവിക സ്ഥാപനത്തിന്റെ നിലനിൽപ്പിലുള്ള ആകാംക്ഷയിൽ സ്ത്രീക്കും പുരുഷനും സ്വാഭാവികത നഷ്ടപ്പെടുന്നു. കുടുംബമെന്ന അസ്വാഭാവികതയെ ലാക്കാക്കിയാണ് ഒരു പെൺകുട്ടി വളരേണ്ടത്. ഈ അസ്വാഭാവികതയാണ് പെൺകുട്ടികളെയും ആൺകുട്ടികളെയും കൃത്രിമമായി വിഭജിക്കുന്നത്. ഈ അസ്വാഭാവികതക്ക് ഒരു ശങ്ക ജനിപ്പിക്കാത്ത മട്ടിലാണ് ഒരു സ്ത്രീ ജീവിക്കേണ്ടത്. കുടുംബവ്യവസ്ഥയോട് പൊരുത്തപ്പെടുത്തിയാണ് തങ്ങളുടെ രൂപത്തിൽ തന്നെയുള്ള തങ്ങളുടെ സന്താനങ്ങളെയും വളർത്തേണ്ടത്. ഇതിനെ നന്ദിപ്പിക്കാനാണ് ആടയാഭരണങ്ങൾ അണിയേണ്ടത്. ഈ കുടുംബവ്യവസ്ഥയെ തീറ്റാനാണ് സ്ത്രീധനം കരുതേണ്ടത്.

ലൈംഗികതയുടെ കാര്യമോ? കുടുംബം എന്ന സ്ഥാപനത്തിന്റെ സാ

കോഴിക്കോട്ട് പെൺവാണിഭം സംബന്ധിച്ച നിയമസഭാ സബ്കമ്മിറ്റി പ്രവർത്തനം പുരുഷ താല്പര്യമനുസരിച്ച് അലസിപ്പിച്ചു കളഞ്ഞത് ഗൗരിയമ്മ ഉൾപ്പടെയുള്ള പ്രബുദ്ധരായ സ്ത്രീസാമാജികരാണ്. അതുപോലെ വനിതാകമ്മീഷൻ ഇക്കാര്യത്തിൽ ഇടപെടുന്നത് അസാദ്ധ്യമാക്കിയത് ഇടതു-വലതു രാഷ്ട്രീയം പാനം ചെയ്തുകഴിയുന്ന കമ്മീഷനിലെ തന്നെ സ്ത്രീഅംഗങ്ങളാണ്. ഈ സ്ത്രീ രാഷ്ട്രീയക്കാർക്കും അവരുടെ പുരുഷ യജമാനൻമാർക്കുമുള്ള ദല്ലാൾ മുഖം വേണ്ടത്ര വ്യക്തതയോടെ തുറന്നുകാട്ടുവാൻ മീനാക്ഷിതമ്പാനോ സുഗതകുമാരിയോ തുനിഞ്ഞുമില്ല.

മൂഹ്യ-സാമ്പത്തിക-സുരക്ഷിതത്വ-സദാചാര ആവശ്യങ്ങൾ പൂർത്തീകരിക്കാൻ വെമ്പുന്നതിനിടയിൽ സ്ത്രീക്കും പുരുഷനും സ്വാഭാവിക രതി വിരളമാകുന്നു. അതിനാൽ ലൈംഗിക വളർച്ചയെത്തിയ കുമാരൻ തുടങ്ങി പടുവൃദ്ധൻ വരെയുള്ള ഇന്നത്തെ മലയാളി പുരുഷൻമാരിൽ ഒരു അസംതൃപ്ത മൃഗം എപ്പോഴും ചുരമാന്തുന്നു. ജീവശാസ്ത്രപരമായും മനഃശാസ്ത്രപരമായും സ്വാഭാവികതയുള്ളതും സ്വാതന്ത്ര്യമുള്ളതുമായ ഒരു ലൈംഗികവ്യവസ്ഥയെ അംഗീകരിക്കാനാകും വിധം വിവാഹമെന്ന സംവിധാനത്തിൽ വിശാലമായ ഒരു പൊളിച്ചെഴുത്ത് സ്ഫോടനാത്മകമായ ഈ സാഹചര്യം ആവശ്യപ്പെടുന്നു.

സമതയെ അനുശാസിക്കുന്ന സോഷ്യലിസ്റ്റ് പാരമ്പര്യമോ സമഷ്ടിയോട് സമഭാവന പുലർത്താൻ ആവശ്യപ്പെടുന്ന ആദ്ധ്യാത്മിക പാരമ്പര്യമോ മലയാളി പുരുഷന്റെ ചൂഷണശീലങ്ങൾ മാറ്റിയിട്ടില്ല. സ്വാതന്ത്ര്യം ദാനമായിക്കിട്ടുന്നതല്ല, നേടിയെടുക്കുന്നതാണ് എന്ന പ്രാഥമികസത്യം ഈ പശ്ചാത്തലത്തിൽ സ്ത്രീക്ക് പ്രസക്തമാണ്.

എന്നാൽ കേരളത്തിലെ ഉപഭോക്തൃ മായികതയിൽ ആത്മബോധം നഷ്ടപ്പെട്ട സ്ത്രീകളടക്കമുള്ള എല്ലാത്തരം ചൂഷിതരും സംഘടിക്കുന്നതും സ്വാതന്ത്ര്യം നേടുന്നതുമെല്ലാം ഇന്ന് വിദൂരമായ സ്വപ്നമായിത്തോന്നുന്നു. ചൂഷിതമായ സമൂഹങ്ങളിൽ നിന്ന് ഒരു ജൈവികപരിണതി എന്ന മട്ടിൽ രൂപംകൊള്ളുന്ന സംഘങ്ങളാണ് ചരിത്രത്തിൽ വിമോചനത്തിന് വഴിയൊരുക്കിയിട്ടുള്ളത്. കേരളത്തിൽ വിജയിച്ചിട്ടുള്ള സമുദായ പരിഷ്കരണപ്രസ്ഥാനങ്ങൾക്കും ജാതിവിരുദ്ധ പ്രസ്ഥാനങ്ങൾക്കുമൊക്കെ ഇത്തരമൊരു ജൈവികതയുണ്ടായിരുന്നു. എന്നാൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുശേഷം ഇവിടെയുണ്ടായ വിമോചനസംഘങ്ങൾ ഞാൻ മുൻപൊരിക്കൽ പറഞ്ഞിട്ടുള്ളതുപോലെ പതീകാത്മക (tokenist) പ്രസ്ഥാനങ്ങളായിരുന്നു. നക്സലൈറ്റ് പ്രസ്ഥാനമായാലും സ്ത്രീ സംഘടനകളായാലും ഇപ്പോഴത്തെ ദളിത് സംഘടനകളായാലും അവക്ക് പിന്നിലുള്ളത് ചൂഷിതരുടെ നൈസർഗികമായ മുന്നേറ്റമല്ല, മറിച്ച്, ഏറെയൊക്കെ പുസ്തകാസ്പദങ്ങളായ പ്രചോദനങ്ങളാണ്. ചൂഷിതർ ഈ പ്രവർത്തനങ്ങളാൽ സ്പർശിക്കപ്പെടാതെ അപ്രസക്തരായി തൊട്ടടുത്തു തന്നെ പുലരുന്നു.

ജനജീവിതവുമായി ബന്ധമുള്ള എന്തെങ്കിലും പ്രസ്ഥാനങ്ങൾ കരുപ്പിടിപ്പിക്കാനുള്ള സാധ്യതകൾ പലവിധ വസ്തുനിഷ്ഠ കാരണങ്ങളാലും ഇന്ന് പരിമിതമാണ്. ഇക്കാരണം കൊണ്ടു തന്നെ സാമൂഹ്യബോധമുള്ളവർ പോലും എന്തെങ്കിലും പൊതുലക്ഷ്യ പ്രാപ്തിക്കായി സാർത്ഥകമായ ഒരു ചുവടെങ്കിലും വയ്ക്കുന്നതിനെ കുറിച്ച് ആലോചിക്കാൻ ധൈര്യപ്പെടുന്നില്ല എന്നതാണ് സത്യം. പരാജയ സാധ്യതകൾ കൂടി പ്രതീക്ഷിച്ചുകൊണ്ട് ചില മൂർത്തമായ പ്രശ്നങ്ങളിൽ ആകാവുന്നത്ര ഊർജ്ജത്തോടെ ഇടപെടുന്ന അജിതയെപ്പോലുള്ളവരുടെ പ്രവർത്തനങ്ങളാണ് വനിതാ വിമോചനരംഗത്തെ അപൂർവ്വ ചലനങ്ങൾ.

ഈ ദുർബലനില അംഗീകരിച്ചാൽ, ചുരുങ്ങിയത് വനിതാവിമോചകർ അരങ്ങേറ്റുന്ന ചില അസംബന്ധ നാടകങ്ങൾ എങ്കിലും ഒഴിവാക്കാനായേക്കും.

ഒന്നാമതായി, മൂർത്താവസ്ഥയുമായി ബന്ധമില്ലാത്ത, അതിരുകവിഞ്ഞ പുസ്തകാശ്രിതത്വം കാലാന്തരത്തിൽ അപഹാസ്യമാകുമെന്ന് നക്സലൈറ്റ് പ്രസ്ഥാനവും ഇപ്പോഴത്തെ ദളിത് എഴുത്തുകാരും തെളിയിക്കുന്നുണ്ട്. അത് സ്ത്രീ വിമോചനപ്രവർത്തകർക്ക് പാഠമാകേണ്ടതാണ്. ഫെമിനിസത്തിന്റെ മന്ദാവസ്ഥയിൽ ഓരോ മലയാളപദത്തിന്റെയും ലിംഗപരമായ നിഷ്പത്തി ചികയുന്നത് ഒരു എളുപ്പപ്പണിയാണ്; അത് കുറച്ച് ബാലിശവുമാണ്. ഇത്തരം 'ഫത്വ'കളുടെ ഫലമായി പെണ്ണെഴുത്തുകാരിക്ക് 'ലിംഗവിവേചനം' എന്നൊരു വാക്ക് ഉപയോഗിക്കാൻ പറ്റാതെ വന്നാൽ അവരുടെ കടയടച്ചു പോവില്ലേ? അടിമുടി പുരുഷാധിപത്യം നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഭാഷമാത്രം (അതും വളരെ അസ്വാഭാവികമായിട്ട്) മാറിയിട്ട് എന്തു കാര്യം? സാമൂഹിക വിപ്ലവങ്ങളാണ് ഭാഷയിലെ സാമ്പ്രദായികതയെ കൂടി പോക്കുന്നത്; ഉപരിതല സ്പർശിയായ ഭാഷാപരിഷ്കാരങ്ങളല്ല.

രണ്ടാമതായി, സ്ഥിതിവ്യവസ്ഥയെ ചോദ്യം ചെയ്യേണ്ട വനിതാ വിമോചന നേതൃത്വം പുരുഷാധിപത്യവ്യവസ്ഥയെ നിലനിർത്തുന്ന കക്ഷിരാഷ്ട്രീയാധികാരികളുടെ പാദപൂജ നടത്തുന്നതിലെ ഒറ്റുകൊടുക്കൽ വെറുക്കപ്പെടേണ്ടതാണ്. ലക്ഷക്കണക്കിന് സ്ത്രീകളുടെ ജീവിതം തകർക്കുന്ന മദ്യമാഫിയയുമായുള്ള ബന്ധം കൊണ്ടും പെൺവാണിഭം പോലുള്ള സംഭവങ്ങളിൽ എടുത്ത അവസരവാദപരമായ നിലപാടുകൾ കൊണ്ടും ഏറ്റവും സ്ത്രീവിരുദ്ധമായ സംഘടനാരൂപങ്ങളായി എണ്ണപ്പെടേണ്ടുന്നവയാണ് നമ്മുടെ കമ്യൂണിസ്റ്റ് പാർട്ടികൾ. അവയോട് അസ്വസ്ഥജനകങ്ങളായ ചോദ്യങ്ങളൊന്നും ചോദിക്കാതെ സഹവസിച്ചു പോരുന്ന സാറാജോസഫിനെപോലുള്ളവരാണ് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട വനിതാ വിമോചനപ്രവർത്തകർ എന്നത് ദയനീയമാണ്. എന്നാൽ ഇന്ന് എല്ലാ ഇരട്ടത്താപ്പും അനുവദനീയമാണ്. നമ്മുടെ അനുരഞ്ജനോൻമുഖമായ സാംസ്കാരിക കാലാവസ്ഥയും യുവതലമുറയുടെ വൃദ്ധമനസും വച്ചുനോക്കുമ്പോൾ ഇത്തരക്കാരെ ഈ വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാട്ടി വേദിയിലോ വഴിയിലോ വച്ച് ചോദ്യം ചെയ്യാൻ ഒരു പെൺകുട്ടി പോലും ഉണ്ടാവുമെന്നു ഞാൻ ആശിക്കുന്നില്ല.

ഏറ്റവും സ്ത്രീ വിരുദ്ധമായ സംഘടനാരൂപങ്ങളായി എണ്ണപ്പെടേണ്ടുന്ന കമ്യൂണിസ്റ്റ് പാർട്ടികളോട് അസ്വസ്ഥജനകങ്ങളായ ചോദ്യങ്ങളൊന്നും ചോദിക്കാതെ സഹവസിച്ചു പോരുന്ന സാറാജോസഫിനെപോലുള്ളവരാണ് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട വനിതാ വിമോചനപ്രവർത്തകർ എന്നത് ദയനീയമാണ്.

ഗീത

കേരളത്തിലെ സ്ത്രീപുരുഷബന്ധങ്ങൾ

കുടുംബതലം മുതൽ ആഗോള തലം വരെ തുടരുന്നൊരു രാഷ്ട്രീയമാണ് സ്ത്രീ-പുരുഷബന്ധത്തിൻേറത്. പക്ഷേ കേരളത്തിൽ ഇതിനു വ്യത്യസ്തമായൊരു മുഖമുണ്ട്. ക്ലിൻറനും മോണിക്കാലെവിൻസ്കിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി ചൂടുപിടിച്ച ചർച്ചകൾ നടക്കുമ്പോഴും തൊട്ടയൽപക്കത്തുള്ള കുടുംബകലഹത്തിലേക്കു നമ്മുടെ വാതിലുകൾ അടഞ്ഞിരിക്കുന്നു. ഒരേസമയം സ്വകാര്യവും പൊതുവുമായ സമാന്തര ഇരട്ടലൈനുകളിലൂടെ സഞ്ചരിക്കേണ്ടി വരുന്നു ഇവിടത്തെ സ്ത്രീ-പുരുഷ ബന്ധങ്ങൾക്ക്.

1. 'സാക്ഷരത, ജനാധിപത്യവല്കരണം, രാഷ്ട്രീയവല്കരണം എന്നീ ആധുനിക സാമൂഹ്യ പ്രക്രിയകളിൽ ഏറെ മുന്നിലെത്തിയ കേരളം'എന്ന പരാമർശം അടിസ്ഥാനപരമായി തിരുത്തപ്പെടേണ്ടതുണ്ട് എന്നാണ് എൻെറ അഭിപ്രായം. സാക്ഷരതയുടെ ഔദ്യോഗിക കണക്കുകളിൽ മാത്രമാണ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നിലെത്തിയിരിക്കുന്നത്. ജനാധിപത്യവല്കരിക്കപ്പെട്ട ഒരു സിവിൽ സമൂഹത്തിൻെറ സാന്നിധ്യം കേരളത്തിലെ സ്വകാര്യ പൊതു മണ്ഡലങ്ങളിൽ എവിടെയാണ് നമുക്കനുഭവപ്പെടുക? പൊതുവായി സംബോധന ചെയ്യാൻ ഒരു സിവിൽ സമൂഹമില്ല എന്ന ഇന്ത്യൻ അവസ്ഥ തന്നെയാണ് കേരളത്തിലുമുള്ളത്. വീടിനകത്തും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും യാത്രാവേളകളിലും പൊതുവേദികളിലും നടവഴികളിലും റോഡുകളിലും തൊഴിൽ മണ്ഡലങ്ങളിലും ആരോഗ്യകരമായ പൗരബോധം പ്രകടിപ്പിക്കുന്ന പതിവ് കേരളീയർക്കില്ല. അതായത് കേരള ജീവിതത്തിൻെറ സ്വകാര്യ പൊതുതലങ്ങൾ ജനാധിപത്യവല്കരിക്കപ്പെട്ടിട്ടില്ല.

രാഷ്ട്രീയവല്കരിക്കപ്പെട്ട ഒരു പൊതു സമൂഹവും കേരളത്തിനവകാശപ്പെടാനാവില്ല. രാഷ്ട്രീയ പാർട്ടികളിലോ അതുമായി ബന്ധപ്പെട്ട സംഘടനകളിലോ അംഗത്വമെടുക്കൽ മാത്രമല്ല രാഷ്ട്രീയവല്കരണം എന്നു ഞാൻ കരുതുന്നു. അധികാരം, സ്ഥാനമാനങ്ങൾ, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് മിക്കവരും ഇത്തരം സംഘങ്ങളോടൊപ്പം നില്കുന്നത് എന്നതൊരു വസ്തുതയാണ്. ജനങ്ങളെ അത്തരത്തിൽ കൂടെ നിർത്തേണ്ടത് പാർലമെൻററി വ്യവസ്ഥയിൽ ഓരോ രാഷ്ട്രീയ സംഘടനയുടെയും നിലനില്പാണ്. പരസ്പര സഹായസംഘങ്ങൾ എന്ന നിലക്കാണ് ഇവർ തമ്മിലുള്ള ബന്ധങ്ങൾ. അതിലുപരിയായ സാമൂഹ്യബോധമോ പ്രതിബദ്ധതയോ പ്രകടിപ്പിക്കുന്ന സംഭവങ്ങൾ കേരളത്തിൽ പൊതുവേ കുറവാണ്. ഒരുദാഹരണം: ഇക്കഴിഞ്ഞ മെയ് 11ന് ഇടതുപക്ഷകക്ഷികൾ ആഹ്വാനം ചെയ്ത അഖിലേന്ത്യാ പണിമുടക്കിൽ നിന്ന് ഇടതുപക്ഷ സർവീസ് സംഘടനകളിലെ കുറച്ചംഗങ്ങളെങ്കിലും വിട്ടുനിന്നു. ഇതിനവർ പറഞ്ഞ ന്യായീകരണം ഈ പണിമുടക്ക് അവരുടെ തൊഴിലുമായി ബന്ധപ്പെടുന്നില്ലെന്നാണ്. ഇതു വ്യക്തമാക്കുന്നത് ഇടതുപക്ഷ തൊഴിലാളി പ്രസ്ഥാനത്തിനുള്ളിലെ ഒരു വിഭാഗം ഇടതുപക്ഷ രാഷ്ട്രീയം വേണ്ടുംവണ്ണം ഉൾക്കൊണ്ടിട്ടില്ല എന്നു തന്നെയല്ലേ?

ഏതാണ്ട് ഒന്നര ശതമാനം വോട്ടിൻെറ ഭൂരിപക്ഷത്തിൽ അഞ്ചുവർഷം കൂടുമ്പോൾ ഭരണം മാറിമറിയുന്നതും ഗുണപരമായ രാഷ്ട്രീയവല്കരണത്തിൻെറ അഭാവത്തെത്തന്നെയല്ലേ സൂചിപ്പിക്കുന്നത്? ആരോഗ്യകരമായ പൗരബോധം വികസിക്കാത്ത ഒരു സമൂഹത്തിൽ പുരോഗമനപരവും ജനാധിപത്യപരവുമായ സ്ത്രീ-പുരുഷ ബന്ധങ്ങൾ രൂപപ്പെടുക അസാധ്യമാണ്. അതുകൊണ്ടുതന്നെയാണ് കേരള സമൂഹത്തിലെ സ്ത്രീ-പുരുഷ ബന്ധങ്ങൾ പുരുഷകേന്ദ്രിതവും യാഥാസ്ഥിതികവുമായിരിക്കുന്നത്.

2,3. കേരളത്തിലെ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളിലൂടെയാണ് കേരള സ്ത്രീകളിൽ നല്ലൊരു വിഭാഗം പുറംലോകത്തെത്തിയത്. സ്ത്രീകളെ വിദ്യാഭ്യാസമേഖലയിലേക്കു കൊണ്ടുവന്നത് ദേശീയ നവോത്ഥാന പ്രസ്ഥാനങ്ങളും തൊഴിൽ രംഗത്തേക്കാനയിച്ചത് കമ്യൂണിസ്റ്റു പ്രസ്ഥാനങ്ങളുമാണെന്നു സാമാന്യമായി വിലയിരുത്താവുന്നതാണ്. എന്നാൽ സാമുദായിക പരിഷ്കരണങ്ങളുടക്കമുള്ള എല്ലാ മുന്നേറ്റങ്ങളും നടന്നത് പുരുഷൻെറ നേതൃത്വത്തിലാണ്. ആത്യന്തികമായി സംരക്ഷിക്കപ്പെട്ടതു പുരുഷ താല്പര്യങ്ങൾ തന്നെയാ

കേരളത്തിലെ വ്യവസ്ഥാപിത സ്ത്രീസംഘടനകൾക്ക് ക്രിയാത്മകമായി ഒന്നും ചെയ്യാൻ കഴിയാതിരുന്നതിനു കാരണം അവ ബഹുജനസംഘടനകളുടെ നാമമാത്രമായ അനുബന്ധങ്ങൾ മാത്രമായിരുന്നതിനാലാണ്. സ്ത്രീവാദ രാഷ്ട്രീയത്തിൻെറ പശ്ചാത്തലത്തിലല്ല ഇവയൊന്നും തന്നെ രൂപപ്പെട്ടത്. അതുകൊണ്ട് അവർ നടപ്പിലാക്കിയിരുന്ന അജണ്ട ആത്യന്തികമായി പുരുഷൻേറതായിരുന്നു.

യിരുന്നു. അതിനാൽ വീടിന്റെ അകത്തളങ്ങളിലെ ചുമതലകളെയും ഈ മാറ്റങ്ങൾക്കു ശേഷവും സ്ത്രീകൾക്കു മാത്രമായി നീക്കിവെക്കപ്പെട്ടു.

മധ്യവർഗവല്കരണം നടന്ന ഒരു സമൂഹമാണ് കേരളത്തിലുള്ളത്. ഉദ്യോഗവും വീടും ഒരുമിച്ചുകൊണ്ടു നടക്കേണ്ട ബാധ്യത ഇവിടെ സ്ത്രീകളിൽ നിക്ഷിപ്തമായിരിക്കുന്നു. പങ്കുവെക്കപ്പെടാത്ത അടുക്കളകൾ പുതിയ സ്ത്രീയുടെ കുടുംബജീവിതവും സമൂഹജീവിതവും പതിന്മടങ്ങ് ക്ലേശകരമാക്കിയിരിക്കുന്നു. വീടിനു പുറത്തു ജോലിചെയ്യുന്നവളായിരിക്കുമ്പോഴും സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളെപ്പറ്റി അജ്ഞയായിരിക്കുകയെന്നതാണ് ഒരുവളുടെ ഇന്നത്തെ വിധി. കാരണം പത്രം വായിക്കാൻ പോലുമുള്ള നേരം ഗാർഹിക ചുമതലകൾ മുഴുവൻ നിർവഹിക്കേണ്ടി വരുന്ന ഒരുദ്യോഗസ്ഥക്കു ലഭിക്കുന്നില്ല. അതുകൊണ്ട് 'താനും ഭർത്താവും തട്ടാനും' എന്ന വൃത്തത്തിലേക്ക് അവൾ കൂടുതൽകൂടുതൽ സങ്കോചിച്ചുകൊണ്ടിരിക്കും.

ആഗോളവിപണികൾ ഏറ്റവും കൂടുതലായി വീടിന്റെ അകത്തളങ്ങളിലേക്കും സ്ത്രീയുടെ ഉള്ളിലേക്കും ഇടിച്ചുകയറുന്നു. ദൃശ്യമാധ്യമങ്ങളും വനിതാപ്രസിദ്ധീകരണങ്ങളും ചേർന്ന് തീർത്തും അയഥാർത്ഥവും കൃത്രിമവുമായൊരു ലോകചിത്രം സ്ത്രീക്ക് നൽകുന്നു. മുതലാളിത്തവും ആൺകോയ്മ വ്യവസ്ഥയും തമ്മിലുള്ള ഒത്തുതീർപ്പുകൾ ദൃഢബന്ധങ്ങളായി ഊട്ടിയുറപ്പിക്കപ്പെടുന്ന സ്ഥലങ്ങളായ ഇടങ്ങളായിരിക്കുന്നു കേരളത്തിലെ ഓരോ അണുകുടുംബവും.

മറ്റൊരു പ്രധാന കാരണം വർഗവിവേചനവും ലിംഗവിവേചനവും തമ്മിലുള്ള സൂക്ഷ്മ വ്യത്യാസങ്ങൾ തിരിച്ചറിയുന്നതിൽ പുരോഗമന പ്രസ്ഥാനങ്ങൾക്കു സംഭവിച്ച പരാജയമാണ്. വ്യവസ്ഥ മാറുന്നതനുസരിച്ച് വർഗ സമത്വത്തോടൊപ്പം ലിംഗസമത്വം സ്വാഭാവികമായി ആർജിക്കാവുന്നതാണെന്നൊരു മൂഢവിശ്വാസം അടുത്തകാലം വരെ പ്രബലമായിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീ-പുരുഷ ബന്ധങ്ങളിൽ അടിസ്ഥാനപരമായ അഴിച്ചുപണികളൊന്നും നടന്നില്ല. പുറത്തെ തൊഴിലാളി, വീട്ടിൽ മക്കളുടെയും ഭാര്യയുടെയും മുതലാളിയായി തുടർന്നു. സ്വാർത്ഥപരവും സുഖഭോഗതല്പരവുമായ പുരുഷകേന്ദ്രിത സമൂഹം സ്ത്രീയുടെ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിലേക്കുള്ള പ്രവേശത്തെ ദൃശ്യവും അദൃശ്യവുമായി നിരോധിച്ചുകൊണ്ടിരിക്കുന്നു. മുതലാളിത്ത വ്യവസ്ഥക്കു പ്രിയപ്പെട്ട മാതൃകകളായി മാറികൊണ്ടിരിക്കയാണ് കേരള സ്ത്രീകൾ.

4. മതങ്ങൾ അനുശാസിക്കും വിധമുള്ള ആൺ/ പെൺ വിഭജനം നിലനിർത്തികൊണ്ടാണ് കേരളത്തിലെ ശരാശരി ജീവിതം. ഭക്ഷണകാര്യങ്ങളിലുൾപ്പടെ സവിശേഷമായ പരിഗണനകളാണ് വീടിനകത്ത് ആൺകുട്ടികൾക്കു ലഭിക്കുന്നത്. കുടുംബത്തിനുള്ളിൽ വച്ചുതന്നെ തൊഴിലിലെ ആൺ-പെൺ വിഭജനം ആരംഭിക്കുന്നു. വീട്ടുപണികൾ ചെയ്യാൻ പെൺകുട്ടികൾ മാത്രമാണ് നിയോഗിക്കപ്പെടുന്നത്. ആൺകുട്ടിയോട് സഹോദരിയോടും അമ്മയോടുമൊപ്പം വീട്ടുപണികൾ പങ്കിടാൻ കുടുംബം ആവശ്യപ്പെടുന്നില്ല. വീട്ടിൽ ഒരു പണിയും ചെയ്യുന്നില്ലെന്ന പരാതി പെൺകുട്ടികൾക്കു മാത്രമുള്ളതാണ്. അതു ശീലിച്ചു വളരുന്ന ആൺകുട്ടിക്ക് താൻ കൂടുതൽ 'പ്രിവിലെജ്ഡ്' ആണെന്നും പെൺകുട്ടിക്ക് താൻ പരിഗണനകളർഹിക്കാത്തവിധം അധമവിഭാഗത്തിൽപെടുന്നുവെന്നും ധാരണകളുണ്ടാകുന്നു. അതനുസരിച്ചാണ് ആൺ/പെൺ വ്യക്തിത്വങ്ങൾ നിർവഹി

With Best Compliments from

ALUKKAS JEWELLERY
ROUND EAST, THRISSUR

ക്കപ്പെടുന്നത്.

സ്കൂളിൽ പ്രൈമറിതലങ്ങളിൽ പോലും ആൺകുട്ടികളെയും പെൺകുട്ടികളെയും ഇടകലർത്തി ഇരുത്താറില്ല. ക്ലാസിലെ കുട്ടികൾ എന്നതിനുപകരം ക്ലാസിലെ ആൺകുട്ടികളും പെൺകുട്ടികളുമായി ഇവർ സ്വയവും പരസ്പരവും തിരിച്ചറിയുന്നു. വീട്ടിലെ തൊഴിൽവിഭജനം പല സ്കൂളുകളിലും അനുവർത്തിക്കപ്പെടുന്നു. പലപ്പോഴും ക്ലാസ്മുറികൾ അടിച്ചുവാരി വൃത്തിയാക്കുന്നത് പെൺകുട്ടികൾ മാത്രമാവുന്നു.

വീട്ടിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സമൂഹത്തിലും കുട്ടികൾക്കിടക്ക് കൃത്രിമമായ വിഭജന സാഹചര്യങ്ങൾ നിലനിൽക്കുന്നതെന്തുകൊണ്ട് എന്ന അന്വേഷണം പ്രസക്തമാണ്. ഈ വിഭജനത്തിനുള്ള പരോക്ഷപ്രേരണ മതങ്ങളാണ് നൽകികൊണ്ടിരിക്കുന്നത്. വിദ്യാസമ്പന്നരെന്നഭിമാനിക്കുന്ന കേരള ജനത കാണിച്ചും മറച്ചും വഹിച്ചുകൊണ്ടിരിക്കുന്ന മതപരമായ താല്പര്യങ്ങളെയും ആചാരങ്ങളെയും തന്നെയാണ്. മാന്യതയുടെയും തനിമയുടെയും സംസ്കാരത്തിൻെറയും തറവാടിത്തത്തിൻെറയും ലക്ഷണങ്ങളായി കേരളജനത മതചിഹ്നങ്ങളെ കൊണ്ടാടുന്നു. ആൺകോയ്മാ വ്യവസ്ഥയിലാണ് എല്ലാ മതചിന്തകളും ഊന്നിയിരിക്കുന്നതെന്നതിനാൽ മതാധിഷ്ഠിതമായ ഏതൊരു സമൂഹവും ആൺ/പെൺ വിഭജനത്തെ നിലനിർത്താൻ ബാധ്യസ്ഥമാകും.

5. സ്വകാര്യസ്വത്തിൻെറ പിന്തുടർച്ചയെ കേന്ദ്രീകരിച്ചുകൊണ്ട്, മതത്തിൻെറ ചട്ടക്കൂടിൽ നിലനിൽക്കുന്ന ഏകദാമ്പത്യ വ്യവസ്ഥയാണ് ഇന്നു കേരളത്തിലെ കുടുംബ ഘടന. ഭാര്യയെ പീഡിപ്പിക്കാൻ വൈദിക മതവും സെമറ്റിക് മതവും ഭർത്താവിനെ അനുവദിക്കുന്നുണ്ട്. സ്ത്രീകളെ ഒതുക്കുന്നതിൻെറയും നന്നാക്കുന്നതിൻെറയും ഭാഗമായാണ് ഈ നിർദേശം മതങ്ങൾ ഉന്നയിക്കുന്നത്. സ്ത്രീകളുടെ നന്മ, സദാചാരം, പാതിവ്രത്യം ഒക്കെ ഭർത്താവിൻെറ പുത്രനെ തന്നെ ഭർത്താവിൻെറ സ്വത്തിനവകാശിയാക്കുന്നതിൽ നിക്ഷിപ്തമായിരിക്കുന്നു.

മുതലാളിത്തവ്യവസ്ഥയിൽ പണമാണു മൂല്യം. പണ്ടു പുത്രോല്പാദനത്തിൻെറയും അനുസരണകേടിൻെറയും പേരിലാണെങ്കിൽ ഇന്ന് സ്ത്രീധനത്തിൻെറ കുടി പേരിൽ ഭാര്യമാർ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നു.

ഏകദാമ്പത്യവ്യവസ്ഥയിൽ രൂപം കൊണ്ട വ്യഭിചാര സ്ഥാപനങ്ങളുടെ ഒരു രൂപാന്തരമാണ് പെൺവാണിഭം. സുഖിക്കുകയും ലാഭം വർധിപ്പിക്കുകയും ചെയ്യാവുന്നതും കൈമാറ്റം ചെയ്യപ്പെടാവുന്നതുമായ ഒരു ചരക്കായിരിക്കുന്നു പെണ്ണ്. കേരളത്തിൽ മാത്രമല്ല അതിവേഗം വാണിജ്യവല്കരിച്ചുകൊണ്ടിരിക്കുന്ന ഏതു സമകാലീന സമൂഹത്തിലും ഇത്തരം അതിക്രമങ്ങൾ ഉണ്ടാകും. അതിനെ വേണ്ടവിധം ചെറുക്കാൻ കഴിയാത്തത് നേരത്തെ സൂചിപ്പിച്ചതുപോലെ പൗരബോധവും ജനാധിപത്യബോധവും കുറഞ്ഞ അരാഷ്ട്രീയ ജനവിഭാഗമായതുകൊണ്ടാണ്.

6. കേരളത്തിലെ വ്യവസ്ഥാപിത സ്ത്രീസംഘടനകൾക്ക് ക്രിയാത്മകമായി ഒന്നും ചെയ്യാൻ കഴിയാതിരുന്നതിനു കാരണം അവ ബഹുജനസംഘടനകളുടെ നാമമാത്രമായ അനുബന്ധങ്ങൾ മാത്രമായിരുന്നതിനാലാണ്. സ്ത്രീവാദ രാഷ്ട്രീയത്തിൻെറ പശ്ചാത്തലത്തിലല്ല ഇവയൊന്നും തന്നെ രൂപപ്പെട്ടത്. അതുകൊണ്ട് അവർ നടപ്പിലാക്കിയിരുന്ന അജണ്ട ആത്യന്തികമായി പുരുഷൻേറതായിരുന്നു.

കേരളത്തിൽ രൂപപ്പെട്ട സ്ത്രീ വിമോചന ഗ്രൂപ്പുകൾ സ്ത്രീവാദ നിലപാടുകളിൽ ഊന്നികൊണ്ടുള്ളവ തന്നെയായിരുന്നു. എന്നാൽ കേരളത്തിലെ പൊതുസമൂഹവുമായി ആരോഗ്യകരമായി സംവദിക്കുന്നതിൽ ഇവ പരാജയപ്പെട്ടു. ഇതിനു പല കാരണങ്ങളുമുണ്ടായിരുന്നു. ഇവരുടെ നിലപാടുകൾ പലതും അതിവാദങ്ങളായി വിലയിരുത്തപ്പെട്ടു. സമൂഹം അവയെ അവിശ്വസിക്കുകയും പലപ്പോഴും തള്ളിക്കളയുകയുമായിരുന്നു. പാകപ്പെടാത്ത മണ്ണിൽ വിത്തു പാകിയപോലുള്ള അനുഭവം. പുരോഗമന പക്ഷത്തുള്ള ബഹുജന സംഘടനകൾ പോലും ഇത്തരം സ്ത്രീ വിമോചനഗ്രൂപ്പുകളെ ശത്രുപക്ഷത്തായിരുന്നു കണ്ടത്. പലതരം ദുർവിധികൾ കാരണം ഗ്രൂപ്പുകൾക്കു പരസ്പരവും ബഹുജനസംഘടനകളുമായും പ്രശ്നാധിഷ്ഠിതമായ ഐക്യപ്പെടലുകൾക്കു കഴിയാതെ വന്നു. സ്ത്രീ വിമോചന ഗ്രൂപ്പുകളുടെ പുരുഷാധികാര വ്യവസ്ഥയോടുള്ള കലാപങ്ങൾ പലതും പുരുഷവിദ്വേഷമായി തെറ്റിദ്ധരിപ്പിക്കപ്പെട്ടതുകൊണ്ടു നിഷ്ഫലമായിപ്പോയി. ഇനി വരാനുള്ള ഏറ്റവും വലിയ വിമോചനം സ്ത്രീവാദ രാഷ്ട്രീയത്തിൻെറതാണെന്നു തിരിച്ചറിയുന്ന മുതലാളിത്തം ഈ വിമോചനാശയങ്ങളെ വളച്ചൊടിച്ചും ശകലീകരിച്ചും ചന്തയിൽ വിറ്റു കാശാക്കുന്നു. ഫലം അടിസ്ഥാനപരമായി എന്തു സംഭവിക്കണമോ അതു സംഭവിക്കാതെ വരുന്നു.

7,8,9. നിലവിലുള്ള സദാചാര സങ്കല്പങ്ങളൊക്കെ തന്നെ വ്യത്യസ്ത മതങ്ങളെ ആശ്രയിച്ചു നിലകൊള്ളുന്നവയാണ്. മതങ്ങളുടെ താല്പര്യം സ്ത്രീകളെ അടിച്ചമർത്തൽ തന്നെയാണ്.

വർഗ വർണാവസ്ഥകളെ പരിഗണിച്ചുകൊണ്ടു നിലനിൽക്കുന്ന വിവാഹ വ്യവസ്ഥ അടിമുടി പൊളിച്ചെഴുതേണ്ടതാണ്. സ്ത്രീ-പുരുഷൻമാർക്കിടയിൽ സഹജമായുള്ള വ്യക്തിഗത പ്രണയം മാത്രമായിരിക്കട്ടെ വിവാഹ ജീവിതത്തിനാസ്പദം. ചുമതലകളും അവകാശങ്ങളും തുല്യമായി പങ്കുവെക്കാൻ നിർബന്ധിക്കുന്ന യഥാർത്ഥ പ്രണയമാണ് സ്ത്രീ-പുരുഷ ബന്ധങ്ങളെ അഴിച്ചുപണിയാനുള്ള ഒരേയൊരു പോംവഴി.

സ്ത്രീ-പുരുഷ ബന്ധങ്ങളുടെ സമൂലപരിവർത്തനത്തിലൂടെയാണ് ഒരു സമൂഹം മാറുക. സ്ത്രീ-പുരുഷ ബന്ധങ്ങളുടെ നവീകരണം തന്നെയാണ് വരുംകാലത്തെ സാമൂഹ്യ പുരോഗതിയിലെ മുഖ്യ അജണ്ട. ■

കേരള സംസ്ഥാന ഭാഗ്യക്കുറി



നവയുഗ ബമ്പറിൻെറ ഒരു കോടി ഒന്നാം സമ്മാനം പി.എൻ.രമണനും ശിവരാത്രി ബമ്പറിൻെറ 50 ലക്ഷവും കാറും ഒന്നാംസമ്മാനം കെ.എ.നൗഷാദിനും ഡയറക്ടർ എ.ശശിധരൻ നായർ സമ്മാനിക്കുന്നു.

സൗഭാഗ്യത്തിനും സ്വയംതൊഴിലിനും

ആഴ്ചയിൽ നാല് ഭാഗ്യദിനങ്ങൾ			
തിങ്കൾ	ചൊവ്വ	വ്യാഴം	ശനി
മാവേലി	പെരിയാർ	കൈരളി	സൗഭാഗ്യ

വിശേഷാവസരങ്ങളിൽ ബമ്പർ ഭാഗ്യക്കുറികൾ

ചെറുകിട ഏജൻറുമാർക്ക് കൂടുതൽ ആനുകൂല്യം

ടിക്കറ്റുകളുടെ മൊത്തവില

100 ടിക്കറ്റുകൾ വരെ 75%
101 ടിക്കറ്റുകൾ മുതൽ 50000 വരെ 72.5%
50001 മുതൽ 7 ലക്ഷം വരെ 72%
ഏഴുലക്ഷത്തി ഒന്നിന് മേൽ 71.5%

സ്വയം തൊഴിൽ കണ്ടെത്താൻ ഏജൻസി എടുക്കൂ!

കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും
ജില്ലാ ഭാഗ്യക്കുറി ഓഫീസുമായി ബന്ധപ്പെടുക.

സംസ്ഥാന ഭാഗ്യക്കുറിവകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം-33
ഫോൺ; 305230, 305193, ഫാക്സ്; 0471 - 305193

സ്ത്രീ-പുരുഷ ബന്ധങ്ങൾ കേരളത്തിൽ

സുജാതാദേവി

സ്ത്രീ-പുരുഷ ബന്ധം എന്ന സങ്കല്പം എത്ര പുരാതനമാണോ അത്രതന്നെ പുരാതനമാണ് അതിന്റെ അവസ്ഥയും. സാക്ഷരത, ജനാധിപത്യവല്കരണം, രാഷ്ട്രീയവല്കരണം എന്നീ സാമൂഹ്യപ്രക്രിയകൾക്കൊന്നും മാറ്റിമറിക്കാനാകാത്ത അടിസ്ഥാനമായ ഒരു ബന്ധനതത്വം കുടുംബമെന്ന സങ്കല്പവുമായി ബന്ധപ്പെട്ടുനിൽക്കുന്നതാണ് അതിനു കാരണം. മേൽപ്പറഞ്ഞ സാമൂഹ്യ പ്രക്രിയകളെല്ലാം തന്നെ ഒരു വശത്തുകൂടെ കുരുക്കഴിച്ചു കൊണ്ടുവരാനുള്ള ശ്രമങ്ങളാണെങ്കിലും മറുവശത്തൂടെ കുരുക്കു മുറുകിവരുക മാത്രമാണുണ്ടാവുന്നത്. ഭൗതികതയിൽ അധിഷ്ഠിതമായ ഏതു സംവിധാനവും ലൈംഗികതയുടെ അതിപ്രസരത്തിലേക്കേ നയിക്കൂ. കുടുംബം എന്ന സംവിധാനം നിലനിന്നാലും ഇല്ലെങ്കിലും ഈ രണ്ട് അടിയൊഴുക്കുകളുടെ പരസ്പരപൂരകത്വത്തിന് വ്യത്യാസം വരുന്നില്ല. സാധാരണ മനുഷ്യമനസിന്റെ അടിസ്ഥാന ചോദനകളായ ഭൗതികതയ്ക്കും ലൈംഗികതയ്ക്കും വ്യത്യാസം വരാത്തിടത്തോളം ജനാധിപത്യം മുതലായ കോസ്മറ്റിക് സർജറി കൊണ്ട് ആന്തരികമായ വീക്ഷണത്തിന് വ്യതിയാനം പ്രതീക്ഷിക്കേണ്ടതില്ലല്ലോ.

2 രാഷ്ട്രീയ പ്രസ്ഥാനത്തിന് പുരോഗമനത്തിന്റെ മേലങ്കിയണിയിച്ചതുകൊണ്ട് അതിനുള്ളിലെ വ്യക്തിയുടെ സ്വഭാവഘടനയ്ക്കു മാറ്റം വരുന്നില്ലല്ലോ. ഏതു രാഷ്ട്രീയപ്രസ്ഥാനത്തിന്റേയും ലക്ഷ്യം അധികാരം അല്ലെങ്കിൽ ധനസമ്പാദനത്തിലൂടെ കൂടുതൽ അധികാരം എന്നതു തന്നെയാണല്ലോ. ഈ പുരാതന ലക്ഷ്യത്തിലേക്കു നീങ്ങുന്ന പ്രസ്ഥാനങ്ങളിൽ നിന്ന് വ്യക്തിബന്ധങ്ങളിലും മറ്റും പുരോഗമനാശയങ്ങൾ പ്രതീക്ഷിക്കുന്നതു തന്നെ വിഡ്ഢിത്തമല്ലേ? പാർട്ടിക്കുള്ളിലെ അധികാരശ്രേണി തുടങ്ങിയ സംവിധാനങ്ങളൊന്നും സമത്വം അടിസ്ഥാനമാക്കിയുള്ളതല്ലല്ലോ. പിന്നെയെങ്ങനെയാണ് അതിലെ അംഗങ്ങൾ വ്യത്യസ്തമായ ഒരു ബന്ധസംവിധാനത്തെ സ്വപ്നം കാണുക? അതിന്റെ ആവശ്യമെന്ത്? ശീലിച്ച സംവിധാനങ്ങളിലാണ് സുരക്ഷിതത്വം. അതു തുടരാനാണ് സാധാരണ ഏതു വ്യക്തിക്കും പ്രേരണ. ഉടച്ചുവാർക്കലുകൾ അരക്ഷിതത്വം ഉണ്ടാക്കും. അതു താങ്ങുവാൻ വേണ്ട തൊ



ൾബലം നമ്മുടെ നാട്ടിലെ ജനാധിപത്യപ്രക്രിയ വളർത്തിയെടുത്തിട്ടില്ല. അതുകൊണ്ടു തന്നെ നമ്മൾ വീടിന്റെ നിറം മാറ്റുന്നതിൽ കവിഞ്ഞ് ഒരുടച്ചുവാർക്കലും ഇവിടെ കൊണ്ടുവന്നിട്ടില്ല. പുറമേക്ക് അങ്ങനെ തോന്നിക്കുന്ന വ്യതിയാനങ്ങൾ-ധാരാളം സ്ത്രീകൾ പുറംജോലിക്കു പോകുന്നു തുടങ്ങിയ ഘടകങ്ങൾ-വന്നിട്ടുണ്ടെങ്കിലും അടിസ്ഥാനബന്ധത്തിന്റെ സമവാക്യങ്ങൾ മാറുന്നില്ല. മുഖംമൂടികളിലും ആർഭാടങ്ങളിലും ജാതിയിലും സമ്പത്തിലും സുരക്ഷിതത്വം തേടുന്ന നേതാക്കളിൽ നിന്ന് വിവരമില്ലാത്ത അനുയായികളല്ലാതെ മറ്റാരെങ്കിലും പുരോഗമനം പ്രതീക്ഷിക്കുമോ?

3 അധികാരത്തിനു വേണ്ടി കടിപിടികൂടുന്ന കുറേ രാഷ്ട്രീയപാർട്ടികളും അവരുടെ അനുയായി വൃന്ദവും തഴച്ചുവളരുന്ന സ്ഥലമെന്നതിൽ കവിഞ്ഞ് എന്തു രാഷ്ട്രീയ പ്രബുദ്ധതയാണ് കേരളത്തിനുള്ളതെന്നും മനസിലാവുന്നില്ല. ജനാധിപത്യം എന്ന സങ്കല്പത്തിന്റെ അടിസ്ഥാനമായ ഉത്തരവാദിത്വം നമ്മൾ പഠിച്ചിട്ടില്ല. നമ്മെയാരും പഠിപ്പിക്കുന്നുമില്ല. സ്ത്രീക്കും സമൂഹത്തോടും കടമകളുണ്ടെന്ന് നമ്മൾ തിരിച്ചറിയുന്നില്ല. നിവൃത്തിയില്ലാത്തതുകൊണ്ട് ഉപജീവനമാർഗം തേടാൻ വീടിനു പുറത്തിറങ്ങുന്നവരാണ് നമ്മുടെ തൊഴിലെടുക്കുന്ന സ്ത്രീകൾ. പെൺകുട്ടികൾ വളരുന്ന സാഹചര്യങ്ങൾ അവരുടെ പരിമിതികളെ ഊട്ടിഉറപ്പിക്കുന്നതായതുകൊണ്ട് വലിയ ചുമതലകളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ പരിശീലനക്കുറവ് അവരെ പ്രേരിപ്പിക്കുന്നു. സമൂഹത്തിൽ ഇന്നു നിലനിൽക്കുന്ന ചുറ്റുപാടിൽ കുടുംബത്തിന് പുറത്ത് ഒരു തുറന്ന രംഗത്തു കൂടി പയറ്റാൻ വേണ്ട സമയവും സൗകര്യവും മിക്ക സ്ത്രീകൾക്കുമില്ലതാനും.

കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണം മറ്റു പല സംസ്ഥാനങ്ങളെ അപേക്ഷിച്ചു കുറവാണെങ്കിൽ അതിന്റെ പ്രധാന കാരണം ഇവിടത്തെ സമൂഹത്തിന്റെ സങ്കുചിതമായ കാഴ്ചപ്പാടുതന്നെയാണ്. നേതൃത്വപദവിയിലേക്ക് ഒരു സ്ത്രീ കടന്നുവരുന്നതിനെ അങ്ങേയറ്റം അസഹിഷ്ണുതയോടെയാണ് നമ്മുടെ സ്ത്രീ-പുരുഷ സമൂഹം നോക്കികാണുന്നത്. പുരുഷന്റെ കയ്യബദ്ധങ്ങളെ കരുണയോടെ

പൊറുക്കുന്ന സമൂഹം സ്ത്രീയെ കല്ലെറിയാൻ എപ്പോഴും സജീവം, സന്തുഷ്ടം. പ്രസിദ്ധമായ സ്ത്രീപീഡന കേസുകളിലെ മാധ്യമങ്ങളുടെ നിലപാട് ഇതിനൊരുദാഹരണമാണ്. നേതൃത്വസ്ഥാനങ്ങൾക്കു നൽകേണ്ടി വരുന്ന കനത്തവില തന്നെയാണ് മിക്ക സ്ത്രീകളേയും പൊതുരംഗത്തു നിന്ന് ഒഴിഞ്ഞുനിൽക്കാൻ പ്രേരിപ്പിക്കുന്നത്.

4 കുട്ടികളെ കൃത്രിമ വിഭജനത്തിലൂടെ വളർത്തുക ഇന്ത്യൻ മദ്ധ്യവർത്തി സമൂഹത്തിലുടനീളം കാണുന്ന രീതിയാണ്. കേരളത്തിലിത് അല്പം കൂടുതലാണെന്നു മാത്രം. നമ്മുടെ മിക്ക കലാ-സാംസ്കാരിക പ്രക്രിയകളും ആൺകുട്ടികളെ പെൺകുട്ടികളിൽ നിന്നു വേർതിരിക്കുന്നു. വിദ്യാഭ്യാസത്തിൻെറ മത്സര മേഖലകൾ ഇതിനൊരപവാദമാണെങ്കിലും ബസിലെ സീറ്റുവിഭജനം തൊട്ട് എല്ലാ കാര്യത്തിലും ഈ മാറ്റിനിർത്തൽ കാത്തുസൂക്ഷിക്കുന്നു എന്ന പേരിലുള്ള മാറ്റിനിർത്തൽ കാണാം. സുരക്ഷ എന്ന അടിസ്ഥാന ചുമതലയിൽ നിന്നും സ്വാഭാവികമായ പെരുമാറ്റം എന്ന അടിസ്ഥാനാവശ്യത്തിൽ നിന്നും ഒഴിവാക്കപ്പെടുകയാണ്. ഇതിൻെറ ഫലം അടിച്ചമർത്തലിലൂടെ ലൈംഗികതയെ കൂടുതൽ ശക്തമാക്കാനല്ലാതെ മറ്റൊന്നിനും ഈ കൃത്രിമവിഭജനം സഹായിക്കുന്നില്ല. ബസിലോ പൊതുസ്ഥലത്തോ മാന്യമായി പെരുമാറേണ്ടതെങ്ങനെയെന്ന് ഇന്ത്യയിൽ അറിയാത്തത് മലയാളി പുരുഷൻമാർക്കാണ്. അതിനു കാരണം വീടിലോ, സ്കൂളിലോ സ്ത്രീകളെ മനുഷ്യരായി കാണാൻ അവർ പഠിച്ചിട്ടില്ല എന്നുള്ളതാണ്. ഇത്ര ദൗർബല്യം ഏറെ പ്രകടമല്ലെങ്കിലും കൂടുതൽ അമർത്തപ്പെട്ട രീതിയിൽ മലയാളി സ്ത്രീയിലും കാണാം. പുരുഷൻെറ കാറ്റടിച്ചാൽ തേഞ്ഞുപോകുന്ന ചാരിത്ര്യഭാരങ്ങളുമായി ബസിലും മറ്റും കയറുന്ന സ്ത്രീയുടെ ചിത്രം പരിഹാസ്യമത്രേ.

പെൺപള്ളിക്കൂടങ്ങളിലും ആൺപള്ളിക്കൂടങ്ങളിലും മാത്രം പഠിച്ചിട്ടു കോളെജിലെത്തുന്ന കുട്ടികളുടെ സ്ഥിതിയാകട്ടെ ദയനീയമാണ്. 'അമ്മപെങ്ങൻ'മാരോടു മാത്രം പെരുമാറാൻ പഠിപ്പിക്കുന്ന യാഥാസ്ഥിതിക സംസ്കാരം അന്യരോടു കാണിക്കേണ്ട മാന്യതയെപ്പറ്റി, സൗഹൃദത്തെപ്പറ്റി, തികച്ചും അജ്ഞത പുലർത്തുന്നു. അതുകൊണ്ട് ഒന്നുകിൽ വെളിച്ചം കണ്ടു പകച്ച മൂങ്ങയെപ്പോലെ അല്ലെങ്കിൽ കയറൂരിവിട്ട കാളക്കുട്ടനെപ്പോലെയാണ് കോളേജിലെത്തി സ്ത്രീ സാമീപ്യം ആദ്യം അറിയുന്ന ആൺകുട്ടികൾ പെരുമാറുന്നത്. പെൺകുട്ടികളുടെ കഥയും വ്യത്യസ്തമല്ല. വികാരങ്ങൾ കൂടുതൽ അമർത്തപ്പെടുന്നതുകൊണ്ട് കൂടുതൽ കൃത്രിമത്വം ചുവക്കുന്നുവെന്നു മാത്രം. ലൈംഗികമായ കാഴ്ചപ്പാടിലൂടെ മാത്രമാണ് ശരാശരി മലയാളി അവനവനെ നോക്കികാണുന്നത്.

സ്ത്രീ പീഡനത്തിൻെറ പിന്നിലെ സാമൂഹ്യപശ്ചാത്തലം കേരളത്തിനു തനതായതാണെന്നെനിക്കു തോന്നുന്നില്ല. സ്ത്രീയുടെ ലൈംഗികത ചൂഷണം ചെയ്യപ്പെടുന്നു എന്നത് ഒരാഗോള പ്രതിഭാസമാണ്. സാമ്പത്തികമായി തകർന്ന റഷ്യയിലും കിഴക്കൻ യൂറോപ്പിലും സ്ത്രീ ഏറ്റവും പ്രധാനപ്പെട്ട വിൽപ്പന ചരക്കായത് നാം കണ്ടറിഞ്ഞതാണല്ലോ.

5 സ്ത്രീ പീഡനത്തിൻെറ പിന്നിലെ സാമൂഹ്യപശ്ചാത്തലം കേരളത്തിനു തനതായതാണെന്നെനിക്കു തോന്നുന്നില്ല. സ്ത്രീയുടെ ലൈംഗികത ചൂഷണം ചെയ്യപ്പെടുന്നു എന്നത് ഒരാഗോള പ്രതിഭാസമാണ്. സാമ്പത്തികമായി തകർന്ന റഷ്യയിലും കിഴക്കൻ യൂറോപ്പിലും സ്ത്രീ ഏറ്റവും പ്രധാനപ്പെട്ട വിൽപ്പന ചരക്കായത് നാം കണ്ടറിഞ്ഞതാണല്ലോ. ടൂറിസം വികസിച്ച ഒരു കിഴക്കൻ ഏഷ്യയിലും നമ്മുടെ അയൽപക്കത്ത് നേപ്പാളിലും ഒക്കെ കോവളത്തേക്കാൾ ഗംഭീരമായി സ്ത്രീരൂപത്തിൻെറ വിൽപ്പന നടക്കുന്നുണ്ടല്ലോ. സാമ്പത്തികമായ പിന്നോക്കാവസ്ഥയാണ് ഇവിടങ്ങളിലൊക്കെ സ്ത്രീ ദുരന്തത്തിനു കാരണമെങ്കിൽ അമേരിക്കയിലും യൂറോപ്പിലും ഇത്തരം പ്രശ്നങ്ങൾ വിരളമാവേണ്ടതായിരുന്നു. വ്യഭിചാരം എന്ന ആദിവ്യവസായത്തിന് കാര്യകാരണങ്ങൾ തേടേണ്ടത് മനസിനുള്ളിലാണെന്നു മനസിലാക്കാൻ വലിയ വിവരമൊന്നും വേണ്ട. അല്പം സത്യസന്ധത മതി. കുടുംബത്തിനുള്ളിലെ പീഡനങ്ങളുടെ കഥ കൂടുതൽ സങ്കീർണമാണ്. പീഡിപ്പിക്കപ്പെടുന്ന ഭാര്യ ഒരു ഭാരതീയ പ്രതിഭാസമൊന്നുമല്ല. Wibe battering എന്ന വിനോദം സ്ത്രീ സ്വാതന്ത്ര്യമേറെയുള്ള നാടുകളിലും അപൂർവമല്ല. കയ്യൂക്കുള്ളവൻ എവിടെയും കാര്യക്കാരനാവുന്നു. അല്പം ചില കോംപ്ലക്സുകളും മദ്യപാനവും സാമ്പത്തിക ക്ലേശങ്ങളും സ്ഥിതിവഷളാക്കുകയും ചെയ്യും. താഴേക്കിടയിലുള്ള മദ്ധ്യവർത്തികളാണ് ഈ സംസ്കാര പ്രതിഭാസത്തിൻെറ മുഖ്യഇരകൾ. ആർഷഭാരത സംസ്കാരം ഏറ്റവും ഞെരിക്കുന്നത് കുറച്ചു വിദ്യാഭ്യാസം നേടിയ ഇടത്തട്ടിലെ താഴേക്കിടക്കാരെയാണ്.

ഈ പീഡനത്തിനും സഹന

ARADHANA
TOURIST HOME
WEST NADA, GURUVAYOOR - 680 101
Gram : ARADHANA
Ph : 0487- 556477

ത്തിനും കേരളീയമായ പ്രത്യേക ശാലീനതകളൊന്നും അവകാശപ്പെടാനുണ്ടെന്നു തോന്നുന്നില്ല. ടെലിവിഷൻ സീരിയലുകളും പൈങ്കിളി സിനിമയും അവയെ പുളിയിലക്കര ചുറ്റിക്കുന്നുണ്ടെങ്കിലും.

ഭർതൃപീഡനം എന്ന പ്രയോഗം സാധ്യതകളേറെയുള്ളതാണ്. ശാരീരികമായ പീഡനത്തെപ്പറ്റി മാത്രമല്ല നമ്മൾ പറയുന്നതെങ്കിൽ പുരുഷ പീഡനത്തെപറ്റിയും പറയേണ്ടതാണല്ലോ. ഉറക്കെ കരയാൻ സമൂഹത്തിൻെറ അനുവാദം ഇല്ലാത്തതുകൊണ്ടും മാനക്കേടു ഭയന്നും പീഡനം സഹിക്കുന്ന പുരുഷൻമാർ നമ്മുടെ നാട്ടിൽ ധാരാളമുണ്ടെന്നുള്ളതാണ് വാസ്തവം. സ്ത്രീധനം കുറഞ്ഞുപോയ പെണ്ണിനെപോലെ സാമ്പത്തികമായി ക്ഷീണിച്ച പുരുഷനും പീഡനം ഏൽക്കുന്നു. നാവുകൊണ്ടു മാത്രമല്ല പ്രവൃത്തിയിലൂടെയും. ലൈംഗികതയെ ഒരായുധമാക്കി-മോഹിപ്പിച്ചു കൊടുക്കാതെയും വേണ്ടതു നേടിയെടുക്കുന്ന ഭാര്യമാർ എത്രയുണ്ടെന്ന് തുറന്നുപറയാൻ ഭർത്താക്കൻമാർ മടിക്കും. അവിടെയാണല്ലോ സദാചാരത്തിൻെറ അതിർവരമ്പുകളുടെ അർത്ഥ ശൂന്യത നാം കാണുന്നത്. ചികഞ്ഞുനോക്കിയാൽ സമൂഹത്തിൽ ഇന്നു നിലവിലിരിക്കുന്ന അൻപതു ശതമാനം സ്ത്രീ-പുരുഷ ബന്ധങ്ങളും അനാരോഗ്യകരമാണ് എന്ന പൊതു നിഗമനത്തിലല്ലേ നമ്മൾ എത്തുക?

6 ശ്രീകോവിലിനുള്ളിൽ രണ്ടുപേർക്കേ പ്രവേശനമുള്ളൂ. കാളിക്കും ദാസനും. ദേവഭാവമാർക്ക്, ദാസഭാവമാർക്ക് എന്നത് ഓരോ കുടുംബത്തിലും ഓരോ തരത്തിലാവാം. എന്തായാലും സംഘടനകൾക്കൊന്നും അവിടെ പ്രവേശനമില്ല. ഒരുതരം അസ്പൃശ്യത തന്നെയാണ് സമൂഹം ഇക്കാര്യത്തിൽ അന്യരോടു പുലർത്തുന്നത്. കഠിനമായ പീഡനത്തിൻെറ ശബ്ദം പുറത്തുവരുമ്പോൾ മാത്രമേ സംഘടനകൾക്ക് വാതിൽ തുറന്നു കിട്ടൂ. ഈ വാതിൽ തുറക്കാതെയിരിക്കാൻ ഏറ്റവും ശ്രദ്ധാലുക്കൾ മദ്ധ്യവർത്തി സമൂഹമാണ്. അവരാണല്ലോ സംസ്കാര ബന്ധിതരും ആചാര ബദ്ധരും. മതത്തിൻെറ ചട്ടക്കൂടിൽ നിന്നും ഇവർ പുറത്തിറങ്ങാത്തത് വിശ്വാസ തീവ്രതകൊണ്ടല്ല. മക്കളുടെ വിവാഹബന്ധങ്ങൾ തുടങ്ങിയ പ്രായോഗികാവശ്യങ്ങളോർത്താണ്. വിദേശത്തെ ഇന്ത്യക്കാർ പോലും ഇത്തരം ബന്ധനങ്ങൾക്ക് അതീതരല്ല. സ്ത്രീ സംഘടനകൾക്കും സ്ത്രീ വിമോചന ഗ്രൂപ്പുകൾക്കും ഇന്നത്തെ യാഥാസ്ഥിതിക സമൂഹത്തിൽ അയിത്തമുണ്ടല്ലോ. അതു നിലനിൽക്കുന്നിടത്തോളം കാലം സംഘടനകളുടെ കർമ്മശേഷി ഫലവത്താകുന്നില്ല. ഇതിനു മറ്റൊരു വശവുമുണ്ട്. വ്യക്തികൾക്കല്ലാതെ സംഘടനകൾക്ക് കൂടുപൊട്ടിച്ചു ചാടാനാവില്ല എന്ന സത്യം സംഘടനാവിശ്വാസികൾ അംഗീകരിക്കുന്നില്ലല്ലോ. വ്യക്തിയിലൂടെ മാത്രമേ സ്വാതന്ത്ര്യ പ്രഖ്യാപനങ്ങൾ ഫലപ്രദമായി നടപ്പാവൂ. മുതലാളിത്ത സമൂഹത്തിൽ ഉണ്ടായ വ്യക്തി സ്വാതന്ത്ര്യത്തിലൂടെയാണ് അവിടെ സ്ത്രീ സ്വാതന്ത്ര്യം പ്രാവർത്തികമായത്. ഇത് നമ്മൾ മനഃപൂർവ്വം മറക്കാൻ ശ്രമിക്കുന്നു. പൊതുവേയുള്ള നമ്മുടെ ഇടതുപക്ഷ ചായ്‌വിൻെറ അവസാനത്തെ ചില മോഹമുകുളങ്ങളാണ് സംഘടനയിലൂടെയുള്ള സ്ത്രീ സ്വാതന്ത്ര്യം തുടങ്ങിയ സങ്കല്പങ്ങളും മറ്റും.

> **ഉറക്കെ കരയാൻ സമൂഹത്തിൻെറ അനുവാദം ഇല്ലാത്തതുകൊണ്ടും മാനക്കേടു ഭയന്നും പീഡനം സഹിക്കുന്ന പുരുഷൻമാർ നമ്മുടെ നാട്ടിൽ ധാരാളമുണ്ടെന്നുള്ളതാണ് വാസ്തവം. സ്ത്രീധനം കുറഞ്ഞുപോയ പെണ്ണിനെപോലെ സാമ്പത്തികമായി ക്ഷീണിച്ച പുരുഷനും പീഢനം ഏൽക്കുന്നു. നാവുകൊണ്ടു മാത്രമല്ല പ്രവൃത്തിയിലൂടെയും**

7 ലൈംഗികതയെകുറിച്ചു നിലവിലുള്ള ധാരണകളും സദാചാര സങ്കല്പങ്ങളും സ്ത്രീയെ അടിച്ചമർത്തുന്നുവെന്നത് ഒരളവു സത്യമാവാം. എന്നാൽ സമൂഹത്തിൻെറ അംഗീകാരത്തിനുള്ള ആഗ്രഹമാണ് ഈ അടിച്ചമർത്തലിനു വഴങ്ങാൻ പ്രേരിപ്പിക്കുന്നത്. ഒന്നും നഷ്ടപ്പെടാനില്ലാത്ത പാവങ്ങളേയും പിടിക്ക് അപ്പുറത്തുള്ള ഉന്നതരേയും ഈ അടിച്ചമർത്തൽ ബാധിക്കുന്നില്ലല്ലോ. അവനവൻെറ വ്യക്തിത്വത്തോടു നീതിപുലർത്തി സ്വാഭാവികമായി ജീവിക്കുന്നതിനു പകരം ആട്ടിൻപറ്റത്തിൽ ഒട്ടിനിൽക്കാൻ ശ്രമിക്കുമ്പോഴാണ് ഇടയരും നായ്ക്കളുമൊക്കെ ഭരിക്കാൻ വരുന്നത്. ഇടയനും നായും ഇല്ലാതെ ജീവിക്കാൻ പഠിക്കുകയാണ് ഏക മാർഗം. സംഘടിച്ച് മറ്റൊരു ഗ്രൂപ്പ് ഉണ്ടാക്കുമ്പോൾ അതിന് അതിൻേറതായ ഇടയനും നായ്ക്കളും പ്രത്യക്ഷപ്പെടും. സുരക്ഷിതത്വം തേടുന്നവർ സമൂഹത്തിൻെറ നിയമങ്ങൾ അംഗീകരിച്ചു ജീവിക്കുകയാണ് ലളിതം. സ്വാതന്ത്ര്യത്തിൻെറ വില കനത്തതാണ്. നട്ടെല്ലിനുറപ്പുവരാതെ അതിനു ശ്രമിക്കാതിരിക്കുകയാണ് നല്ലത്.

ഇതിനുമുണ്ടു മറുവശം. അടിച്ചമർത്തലിനു പരിഹാരം സ്വതന്ത്ര ലൈംഗികതയാണോ? അല്ലേയല്ല. ഇഷ്ടമില്ലാത്ത ഒരുവനുമായി ശരീരം പങ്കുവയ്ക്കേണ്ടി വരുന്നതിനു പരിഹാരം ഇഷ്ടമുള്ള എല്ലാവരുമായി ശരീരം പങ്കുവയ്ക്കലല്ല. കുത്തഴിഞ്ഞ ലൈംഗികത സമൂഹത്തിന് അരക്ഷിതാവസ്ഥയുണ്ടാക്കും. ആർക്കും ആരുമായും ഇണചേരാമെന്ന അവസ്ഥ ബന്ധങ്ങളുടെ കെട്ടുറപ്പു തകർക്കും. കുടുംബം എന്ന സങ്കല്പം സ്ത്രീയുടേയും പുരുഷൻേറയും സന്താനങ്ങളുടേയും വൈകാരിക സുരക്ഷക്കുള്ളതാണല്ലോ. ഭാര്യയും ഭർത്താവുമായുള്ള ലൈംഗികബന്ധത്തിൻെറ ചുറ്റുമുള്ള മതിൽകെട്ടിലാണ് കുടുംബത്തിൻെറ സുരക്ഷിതത്വം. ആ ബന്ധത്തിൻെറ വിശ്വാസ്യത നഷ്ടപ്പെട്ടാൽ അതു സ്ത്രീയെ മാത്രമല്ല പുരുഷനേയും കുട്ടികളേയും കനത്ത മാനസികാഘാതങ്ങളിൽ കൊണ്ടെത്തിക്കും. എല്ലാത്തരത്തിലും അഴിഞ്ഞ ഒരു സമൂഹമല്ലല്ലോ നമ്മൾ ആഗ്രഹിക്കുന്നത്. സ്വാതന്ത്ര്യം എന്ന വാക്കിൻെറ അർത്ഥം ഗ്രഹിക്കാത്തതുകൊണ്ടാണ് ദുസ്വാതന്ത്ര്യങ്ങളിലേയ്ക്കു ചെന്നെത്തുന്നത്. വ്യക്തിയുടെ സ്വാതന്ത്ര്യം വ്യക്തിക്ക് അവനവനോടും സമൂഹത്തിനോടും ചുമതലയേറുകയാണ് ചെയ്യുന്നത്. ജനാധിപത്യം എന്നാൽ തോന്ന്യാസം എന്നു ധരിച്ചുവശായ നമുക്ക് സ്വാതന്ത്ര്യത്തിൻെറ അർത്ഥം അന്യമാണ്. സ്വയം നാഥനാവുക എന്നത് പക്വമതികൾക്കേ സാധ്യമാവുകയുള്ളൂ. ഏതു രംഗത്തായാലും രാഷ്ട്രീയ-സാമൂഹ്യ കാര്യങ്ങളിലായാലും ലൈംഗികതയിലായാലും കടിഞ്ഞാൺ നന്നായി പ്രയോഗിക്കാനറിയാവുന്നവരേ സ്വാതന്ത്ര്യത്തിലേക്കു തേരു തെളിക്കാവൂ. സമൂഹത്തിൻെറ വഴിയാണ് ഭൂരിപക്ഷത്തിനും കാമ്യം.

8 വിവാഹം എന്ന സാമൂഹ്യ സംവിധാനത്തിൻെറ പൊളിച്ചെഴുത്തു നടക്കണമെങ്കിൽ അതിൻെറ അടിസ്ഥാനം മാറണം. സുരക്ഷിതത്വത്തിൻേറയും കടമകളുടേയും അടിത്തറ തകരാറിലാവാതെ പൊ

ളിച്ചെഴുതാവുന്നതിന് ഒരു പരിധിയുണ്ട്. അതു തകരാറിലാക്കി കൊണ്ടാണെങ്കിൽ പൊളിച്ചിറക്കലാവും നടക്കുക. കൂടുതകർക്കുന്നത് സമൂഹത്തിന് കനത്ത തിരിച്ചടികൾ ഉണ്ടാക്കും. സ്ത്രീയും പുരുഷനും ചുമതലകളെല്ലാം അവനവന്റെ കഴിവനുസരിച്ചു പങ്കുവയ്ക്കുന്നതാണ് അഭികാമ്യം. പക്ഷേ ഏട്ടിലെ പശു പുല്ലു തിന്നില്ല. സാമ്പത്തികഭാരം അതുതാങ്ങാനുള്ള കഴിവുണ്ടെങ്കിലും ഇല്ലെങ്കിലും പുരുഷന്റെ തലയിൽ വരുന്നു. വൈകാരികമായ അടിമത്തം സ്ത്രീക്കും സന്തുലിതാവസ്ഥ എന്ന ലക്ഷ്യം ഓരോ കുടുംബത്തിലും ഓരോ രീതിയിലാവും പാലിക്കാനാവുക. അതിനു പൊതു നിർദ്ദേശങ്ങൾ പ്രായോഗികമല്ല. വ്യക്തിവിശേഷങ്ങളനുസരിച്ചു രൂപപ്പെടേണ്ടതാണ് ഓരോ കുടുംബത്തിന്റേയും പാറ്റേൺ. മാധ്യമങ്ങളുടെ വളരെ അനാരോഗ്യകരമായ ബാധയിൽ നിന്നു രക്ഷപ്പെട്ട് സ്വന്തമായ നിലനില്പ് സ്വയം രൂപപ്പെടുത്തുവാൻ ഭൂരിപക്ഷത്തിനു കഴിവില്ല എന്ന സത്യം നാം മറക്കരുത്. സമൂഹത്തിന്റെ വീക്ഷണം മാറിയാലേ മാധ്യമവീക്ഷണം മാറൂ. മാധ്യമവീക്ഷണം മാറിയാലേ സമൂഹം മാറൂ. ഈ വിഷമ വൃത്തത്തിനുള്ളിൽ കടന്ന് പൊളിച്ചെഴുത്ത് നടത്താൻ വ്യക്തിത്വമേറെയുള്ളവർക്കേ കഴിയൂ. അവരതു നടപ്പാക്കുന്നുമുണ്ട്.

9 മനുഷ്യസമൂഹത്തിന്റെ ജനാധിപത്യവൽക്കരണ പ്രക്രിയയിൽ സ്ത്രീ-പുരുഷ സമത്വം സ്ഥാപിക്കലാണ് 21-ാം നൂറ്റാണ്ടിന്റെ സാമൂഹ്യ പുരോഗതിയുടെ മുഖ്യ അജണ്ട ആയിരിക്കേണ്ടത് എന്ന ആശയം ഒരു നല്ല സ്വപ്നമാണ്. സ്വപ്നങ്ങൾക്കു വേണ്ടിയാണല്ലോ നാം ഉറങ്ങുന്നത്. ലക്ഷ്യത്തെപറ്റി പകൽ വെളിച്ചത്തിൽ വേണം ചിന്തിക്കുവാൻ. സാമ്പത്തിക സ്വാതന്ത്ര്യവും ജനാധിപത്യവല്കരണവും കൊണ്ടുപോലും സ്ത്രീ സ്വതന്ത്രയാകുന്നില്ലെന്നുള്ളതിന് വേണ്ടത്ര ഉദാഹരണങ്ങൾ പടിഞ്ഞാറൻ ലോകം തരുന്നു. കമ്പോള സംസ്കാരത്തിന്റെ ഇരകളാണ് അവരിൽ മിക്കവരും. ജനാധിപത്യത്തിന്റേയും വ്യക്തിസ്വാതന്ത്ര്യത്തിന്റേയും വഴിയാണ് സ്ത്രീസ്വാതന്ത്ര്യത്തിന്റേതും. പക്ഷെ ആ വഴി തന്നെയാണ് മുതലാളിത്തത്തിന്റേതും അതിന്റെ അവിഭാജ്യഘടകങ്ങളായ ഭൗതികതയുടേതും ലൈംഗികതയുടേതും വാൾത്തലയിലൂടെയുള്ള നടപ്പാണത്. ഭൂരിപക്ഷം കമ്പോള സംസ്കാരത്തിന്റെ ഇരകളാവുമെന്നതാണ് അതിന്റെ പരിണതഫലം. വ്യക്തി സ്വാതന്ത്ര്യത്തിന്റെ വിലയായി ഇന്ന് കുറേയെങ്കിലുമുള്ള സുരക്ഷിതത്വം നഷ്ടപ്പെടുകയും ചെയ്യും. ത്രാസിന്റെ ഒരു തട്ട് ഉയരുമ്പോൾ മറുതട്ടു താഴുന്നു. ഭൂരിപക്ഷത്തിന് വ്യക്തിത്വത്തിലും സ്വാതന്ത്ര്യത്തിലുമൊക്കെ താല്പര്യമുണ്ടോയെന്നത് മറ്റൊരു ചോദ്യം. അതിന്റെ സത്യസന്ധമായ ഉത്തരം നമ്മുടെ പല സമത്വസങ്കല്പങ്ങളേയും തകിടം മറിക്കും. സ്ത്രീകാര്യത്തിൽ മാത്രമല്ല. പുരുഷന്റെ കാര്യത്തിലും.

നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ചരിത്രത്തിന്റെ ഗതിമാറ്റാനാവില്ല. സ്വപ്നം കാണാനുള്ള അവകാശമെങ്കിലും നമുക്കുണ്ടല്ലോ. അതുകൊണ്ടാണ് ഭരണഘടന കുറ്റമറ്റതായിരിക്കേണ്ടത്. സ്വാതന്ത്ര്യവും സമത്വവും ഒക്കെത്തന്നെയായിരിക്കണം അതിന്റെ ലക്ഷ്യങ്ങൾ. യഥാർത്ഥ വിദ്യാഭ്യാസവും സത്യം കാണാനും അംഗീകരിക്കാനുമുള്ള ധൈര്യവും സ്വാതന്ത്ര്യത്തിനു വഴിയൊരുക്കും. സ്വാതന്ത്ര്യത്തിന്റെ ഭാഗമാണല്ലോ സാഹോദര്യവും സമത്വവും ആ വിദൂര താരത്തെ ലക്ഷ്യമാക്കിത്തന്നെ നമുക്കു മുന്നോട്ടു നീങ്ങാം.

Charakas

Super Speciality Ayurveda Nursing Home

Vengalloor, Thodupuzha, Kerala - 685 584

- ശാസ്ത്രീയവും ഫലപ്രദവുമായ ആയുർവേദ ചികിത്സ നടത്തുന്ന സൂപ്പർ സ്പെഷ്യാലിറ്റി ഹോസപിറ്റൽ
- പഴകിയ മഹാരോഗങ്ങൾ വേരോടെ പിഴുതുകളയുവാൻ സാധിക്കുന്ന - പരിചയ സമ്പന്നർ അടങ്ങിയ പഞ്ചകർമ്മ ചികിത്സ വിഭാഗം
- സോറിയാസീസ് (Psoriasis) രോഗത്തിനുള്ള പ്രത്യേക യൂണിറ്റ്
- പ്രശാന്ത സുന്ദരമായ തൊടുപുഴയാറിന്റെ തീരത്ത് സജ്ജമാക്കിയിട്ടുള്ള A/c, Non A/c കോട്ടേജുകൾ, ഹെർബൽ സിമ്മിംഗ്പൂൾ -ലോൺ etc.

Phone 0486-224657, 223756 Fax 226267

Email - charakas @ Satyam. net. in website- www.Charakas.com.

Chief Physician & Director

Dr. P.A.George B.A.M.(Rtd D.M.O. I.S.M)

Branches

Charakas gift of nature at Singapore, Ph: 0065 3381336

Hotel International Cochin Ph: 382091

Charakas at Banglore Ph: 5211801

ജനാധിപത്യവും ലൈംഗികസ്വയംനിർണയാവകാശവും

ജെ.രഘു

ആധുനിക കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധങ്ങൾ തികച്ചും യാഥാസ്ഥിതികമായ അവസ്ഥയിൽ തന്നെയാണ് തുടരുന്നത്. സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിലുണ്ടായ ആധുനികരണം പക്ഷെ, സ്ത്രീ-പുരുഷ ബന്ധങ്ങളുടെയും ലൈംഗികതയുടെയും മണ്ഡലത്തിൽ വളരെ വികൃതവും കപടവുമായ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. സമൂഹത്തിൻെറ ബാഹ്യരംഗങ്ങളിൽ ആധുനികമായ മുഖം നിലനിർത്താൻ ശ്രമിക്കുന്ന മലയാളി, ജീവിതത്തിൻെറ സ്വകാര്യമണ്ഡലത്തിൽ ജാഗ്രതയോടെ കാത്തുസൂക്ഷിക്കുന്ന മൂല്യങ്ങൾ ഇന്നൊരു സമസ്യയായി മാറിയിട്ടുണ്ട്. 'ഫ്യൂഡൽ' എന്നോ 'ബൂർഷ്വാ' എന്നോ വ്യക്തമായി നിർവചിക്കാനാവാത്ത വളരെ വിചിത്രമായ ഒരു ചിത്രമാണ്. നമ്മുടെ സ്ത്രീ-പുരുഷ ബന്ധങ്ങൾ നൽകുന്നത്.

കേരളത്തിൻെറ സാമൂഹിക നവീകരണത്തിലെ രണ്ടു സുപ്രധാന സംഭവങ്ങളാണ് ദായക്രമ പരിഷ്കാരവും വിവാഹ നവീകരണവും. സ്വകാര്യമണ്ഡലവുമായി ബന്ധപ്പെട്ട ഈ രംഗങ്ങളിലെ നവീകരണ സംരംഭങ്ങൾ, സമുദായ രൂപീകരണ പ്രസ്ഥാനങ്ങളിലൂടെയാണ് പ്രകാശിതമായത്. സമുദായ രൂപീകരണപ്രസ്ഥാനത്തിലെ പുരുഷ നേതൃത്വം സ്വാഭാവികമായും ഈ പരിഷ്കാരങ്ങളുടെ സ്ഥൂലതയിൽ മാത്രമെ നിഷ്കർഷ പുലർത്തിയിരുന്നുള്ളൂ.

പരമ്പരാഗത കേരള സമൂഹത്തിൽ, സ്ത്രീ-പുരുഷ ബന്ധങ്ങളും ലൈംഗികതയും ജാതി നിയമങ്ങളുമായി ഗാഢമായി ബന്ധപ്പെട്ടിരുന്നു. ജാതി നിയമങ്ങൾക്കു പുറത്തുള്ള അസ്തിത്വത്തെക്കുറിച്ച് ആലോചിക്കുക തന്നെ അസാധ്യമായിരുന്നു. സ്ത്രീ-പുരുഷരുടെ ശരീരങ്ങളെയും ചലനങ്ങളെയുമൊക്കെ പ്രത്യക്ഷവും പരോക്ഷവുമായി നിയന്ത്രിച്ചത്, ജാതിവ്യവഹാരങ്ങളാണ്. ഇത്തരമൊരു സാമൂഹിക പരിസരത്തിലേക്കാണ് കൊളോണിയൽ ആധുനികതയും വിക്ടോറിയൻ മൊറാലിറ്റിയും കടന്നുവരുന്നത്. ജാതിശ്രേണിയുടെ കാർക്കശ്യങ്ങൾക്കു പുറത്ത് കടക്കാനാഗ്രഹിച്ച നവീകരണ നേതൃത്വം, അതിനാൽ, വിക്ടോറിയൻ മൊറാലിറ്റിയുടെ ചില ഘടകങ്ങളിൽ ആകൃഷ്ടരായത് സ്വാഭാവികമായിരുന്നു. എന്നാൽ ഹൈന്ദവമൂല്യ മണ്ഡലത്തെ പൂർണമായി നിരാകരിക്കാൻ കഴിയാത്തതുമൂലം ജാതിവ്യവഹാരങ്ങൾക്ക് പുതിയ സാഹചര്യത്തിൽ പുനർവിന്യസിക്കാൻ അവസരം ലഭിച്ചു. പുനർവിന്യസിക്കപ്പെട്ട ജാതിയും വിക്ടോറിയൻ മൊറാലിറ്റിയും തമ്മിലുണ്ടായ സങ്കീർണമായ ബന്ധം, ആധുനിക മലയാളിയുടെ കർതൃത്വരൂപീകരണത്തിൽ വഹിച്ച പങ്ക് ഗൗരവമായ പഠനത്തിനുള്ള വിഷയമാണ്. കേരളത്തിലെ സ്ത്രീകളുടെയും പുരുഷൻമാരുടെയും കർതൃത്വങ്ങളുടെ - പ്രത്യേകിച്ചും ലൈംഗിക കർതൃത്വങ്ങളുടെ രൂപീകരണ-വികാസ ചരിത്രത്തെകുറിച്ചുള്ള അറിവ്, സ്ത്രീ -പുരുഷ ബന്ധങ്ങളുടെ ജനാധിപത്യവല്കരണത്തിന് അനിവാര്യമാണ്. സ്വകാര്യമണ്ഡലത്തിലെ അപൂർണമായ 'അപപാരമ്പര്യവൽകരണ' (detraditionalization) ത്തിൻെറ പശ്ചാത്തലത്തിൽ സംഭവിച്ച ഈ മാറ്റങ്ങൾ, മലയാളിയുടെ 'Lifeword'നെ (Habermas, Theory of Communicative Action, 2 vols) എങ്ങനെയൊക്കെയാണ് സ്വാധീനിച്ചതെന്ന് അന്വേഷിക്കേണ്ടതുണ്ട്.

ഈഴവ സമുദായ രൂപീകരണപ്രസ്ഥാനത്തിൻെറ 'ആത്മീയ' പ്രതിനിധിയായിരുന്ന നാരായണ ഗുരു, ഈഴവർക്കു പൊതുവായ ഒരു വിവാഹക്രമം ചിട്ടപ്പെടുത്താൻ ശ്രദ്ധിച്ചിരുന്നു. പക്ഷെ, സ്ത്രീ-പുരുഷ ബന്ധങ്ങളുടെ ജനാധിപത്യവൽക്കരണം എന്ന ആശയം നാരായണഗുരുവിൻെറ സന്യാസ വ്യക്തിത്വത്തിന് തികച്ചും അന്യമായിരുന്നുവെന്ന വസ്തുത നിഷേധിക്കാനാവില്ല. ആത്മസാക്ഷാത്കാരത്തിൻെറ പാതയിലെ ഏറ്റവും വലിയ പ്രതിബന്ധമായിട്ടാണ്, സ്ത്രീയെയും ലൈംഗികതയേയും ഹിന്ദുപാരമ്പര്യം വീക്ഷിക്കുന്നത്. ഈ സന്യാസ മൂല്യമണ്ഡലത്തിൽ തന്നെയാണ് നാരായണഗുരുവും തൻെറ സ്വകാര്യജീവിതത്തെ നിർവചിച്ചത്. ആധുനിക കേരളത്തിൻെറ പൊതുമണ്ഡലത്തെ വളരെയേറെ സ്വാധീനിച്ച ഒരു വ്യക്തി എന്ന നിലക്ക്, നാരായണഗുരുവിൻെറ സന്യാസ ജീവിതത്തിൽ നിന്ന് മലയാളിയുടെ സാമൂഹികമനോഭാവത്തിലേക്ക് സംക്രമിച്ച മൂല്യങ്ങളുടെ സ്വഭാവം അതിനാൽ ഗൗരവമായ പരിശോധന ആവശ്യപ്പെടുന്നു.

അസംതൃപ്തമായ കാമതൃഷ്ണയും എന്നാൽ സ്ത്രീയെയും ലൈംഗികതയെയും കുറിച്ചുള്ള ഭയാശങ്കകളും കൂടിക്കലർന്ന ഒരു മനോഭാവമാണ് മലയാളിയുടേത്. ഏതു കാര്യത്തെകുറിച്ചും അഭിപ്രായങ്ങൾ തട്ടി വിടുന്ന മലയാളികൾ, ലൈംഗികതയെകുറിച്ച് പുലർത്തുന്ന 'വ്യവഹാരിക നിശബ്ദത', മൗനാത്മകമായ ഒരു മനോഭാവത്തെയാണ് സൂചിപ്പിക്കുന്നത്. ഒരു വ്യവഹാരം എന്ന നിലയ്ക്ക് ലൈംഗികതയെ സമീപിക്കാനും തുറന്ന ചർച്ചകളിൽ ഏർപ്പെടാനുമുള്ള ഭാവുകത്വപക്വത ഇനിയും മലയാളി ആർജിച്ചിട്ടില്ല. അതനുസരിച്ച്, മലയാളിയുടെ സ്വകാര്യ സംഭാഷണങ്ങളിലെ പ്രിയപ്പെട്ട വിഷയവും ലൈംഗികത തന്നെയാണ്. കേരളത്തിൽ ഏറ്റവുമധികം അടക്കംപറച്ചിലിനു വിഷയമാകുന്നതും ഇതുതന്നെയാണ്. ഇതൊക്കെ വിരൽചൂണ്ടുന്നത്, സ്ത്രീ-പുരുഷ ബന്ധങ്ങളും ലൈംഗികതയും പൊതുമണ്ഡലത്തിന്റെ തുറന്ന വ്യവഹാരത്തിൽ നിന്നും ബഹിഷ്കൃതമായിരിക്കുന്നു എന്നാണ്. ജനാധിപത്യപരമായ സ്ത്രീ-പുരുഷ ബന്ധങ്ങളോ ലൈംഗികതയോ മലയാളിയുടെ സാമൂഹിക ജീവിതസംസ്കാരത്തിന്റെ ഭാഗമായിട്ടില്ലാത്തതിന്റെ കാരണവും ഇതായിരിക്കാം. ആൺ-പെൺ ബന്ധത്തെയും ലൈംഗികതയെയും സ്വകാര്യ ഇക്കിളികളായി നിലനിർത്താനാഗ്രഹിക്കുന്ന മലയാളികൾ അതുകൊണ്ടുതന്നെ പക്വമായ ഒരു ജനാധിപത്യ സംസ്കാരം വികസിപ്പിക്കാൻ അശക്തരുമാണ്.

2. ആധുനിക രാഷ്ട്രീയപ്രസ്ഥാനം അടിസ്ഥാനപരമായി ഒരു പുരുഷപദ്ധതിയാണ്. ആധുനികതക്കു രൂപം നൽകിയ യൂറോപ്യൻ രാജ്യങ്ങളിലും സ്ഥിതി ഭിന്നമായിരുന്നില്ല. ജ്ഞാനോദയ പ്രസ്ഥാനത്തിന്റെയും ആധുനികതയുടെയും ഭാഗമായി ആവിഷ്കൃതമായ വ്യക്തിത്വം പുരുഷന് സവിശേഷ പദവി നൽകുന്നു. ആധുനിക തത്വചിന്തയുടെ ജ്ഞാനമണ്ഡലം തന്നെ പുരുഷ പക്ഷപാതത്തിൽ അധിഷ്ഠിതമാണ്. അതുകൊണ്ടാണ് 1960കളിലെ ഫെമിനിസ്റ്റുപ്രസ്ഥാനം ചിന്തയുടെയും വിജ്ഞാനങ്ങളുടെയും സമഗ്രമായ പുനർ നിർവചനത്തിനു നിർബന്ധിതമായത്. ആധുനികതയുടെ മൂല്യമണ്ഡലങ്ങളെ പൂർണമായി നിരാകരിക്കാതെ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ രാഷ്ട്രീയ-താത്വികപരിസരം രൂപീകരിക്കുക അസാധ്യമാണെന്ന തിരിച്ചറിവാണ് പാശ്ചാത്യ ഫെമിനിസ്റ്റു പ്രസ്ഥാനങ്ങളുടെ പ്രധാനശക്തി.

ജ്ഞാനത്തിന്റെയും സത്വത്തിന്റെയും രൂപീകരണത്തിൽ പുരുഷാധിപത്യപരമായ ചായ്‌വുകൾ വഹിക്കുന്ന പങ്കിനെകുറിച്ചുള്ള ഉൾക്കാഴ്ചകൾ, ആധുനികോത്തര ചിന്തകളുടെ അടിസ്ഥാന പ്രേരണയാണ്. സ്വാതന്ത്ര്യം, സമത്വം എന്നീ ആധുനികമൂല്യങ്ങൾ ഏപ്രകാരമാണ് ലിംഗഭേദമൂല്യങ്ങളോട് ചാഞ്ഞുനിൽക്കുന്നതെന്ന അറിവ്, ജനാധിപത്യത്തെയും രാഷ്ട്രീയത്തെയും പുനർനിർവചിക്കുന്നതിന് പ്രേരകമായിട്ടുണ്ട്. 'ജെൻഡർ നീതി' എന്ന മുദ്രാവാക്യം അതിനാലാണ്, ആധുനികോത്തര രാഷ്ട്രീയത്തിന്റെ മുഖ്യ അജണ്ടകളിലൊന്നായി മാറുന്നത്.

പുരുഷപക്ഷപാതപരമായ ആധുനികതാവ്യവഹാരങ്ങൾ തന്നെയാണ് കേരളത്തിലെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളെ നിർവഹിച്ചത്. കൊളോണിയൽ ആധുനികതയുമായുള്ള സമ്പർക്കം, ഈ പ്രക്രിയയെ കൂടുതൽ സങ്കീർണമാക്കുകയും ചെയ്തു. ബ്രിട്ടനിൽ കടുത്ത പ്രതിരോധത്തെ നേരിടേണ്ടി വന്ന വിക്ടോറിയൻ കുടുംബ മൂല്യങ്ങൾ, പക്ഷെ, കേരളത്തിലെ ആധുനികരണപ്രസ്ഥാനങ്ങളിലൂടെ പുനർവിന്യസിക്കപ്പെടുകയാണുണ്ടായത്. എന്നാൽ, ബ്രിട്ടന്റെയോ യൂറോപ്പിന്റെയോ രാഷ്ട്രീയ-ജനാധിപത്യ സംസ്കാരത്തിന് ഇവിടെ വേണ്ടത്ര സ്വീകരണം ലഭിച്ചതുമില്ല. ആധുനിക കേരള ചരിത്രത്തിലെ അത്യന്തം സങ്കീർണമായ ഈ വക്രപഥങ്ങൾ, ഇവിടത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങളെയും സ്വാധീനിക്കുകയുണ്ടായി. ഇന്ത്യൻ ദേശീയതയുടെയും കീഴാള നവോത്ഥാനത്തിന്റെയും ഭിന്നധാരകളാണ് കേരളത്തിലെ പുരോഗമന രാഷ്ട്രീയപ്രസ്ഥാനത്തിന്റെ പണിശാലകൾ. ഈ ഭിന്ന ധാരകൾ തമ്മിലുള്ള സംഘർഷഭരിതമായ പാരസ്പര്യത്തിൽ, ദേശീയതാപ്രത്യയശാസ്ത്രം പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മൂല്യമണ്ഡലങ്ങളിൽ അധീശത്വമുറപ്പിക്കുന്നതിന്റെ ചിത്രമാണ്, സംസ്ഥാന രൂപീകരണത്തിനു ശേഷം കേരളത്തിൽ നാം കാണുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെയും ദേശീയതയെയും നിർമിച്ച അടിസ്ഥാന വ്യവഹാര മണ്ഡലം ഹിന്ദുയിസമാണ്. അതിനാൽ, കേരളത്തിലെ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മനോഭാവത്തിലും ചിന്താരീതിയിലും സാവധാനം അധീശത്വം നേടിയ ദേശീയത, രാഷ്ട്രീയം, ഹിന്ദു കൊളോണിയലിസത്തിന്റെ മൂല്യമണ്ഡലങ്ങൾക്ക് പരോക്ഷമായ സാധൂകരണമാണ് നൽകിയത്.

അവർണർക്കും സ്ത്രീകൾക്കും 'മനുഷ്യത്വം' തന്നെ നിഷേധിക്കുന്ന ചിന്താപദ്ധതിയാണ്, ഹിന്ദുയിസത്തിന്റെ ആധാരശില. ഇന്ത്യയുടെ ചിന്താപാരമ്പര്യത്തിൽ `man.........has not been posited' എന്ന ഹെഗലിന്റെ വിമർശനം ഈ സന്ദർഭത്തിൽ വളരെ ശ്രദ്ധേയമാണ്. ('Hegel, Iedixes on the Philosophy of Religion) ബ്രാഹ്മണർക്കു മാത്രം മനുഷ്യപദവി നൽകുന്ന ഹിന്ദുമൂല്യമണ്ഡലം, ജനാധിപത്യത്തിന്റെയും മനുഷ്യ സ്വാതന്ത്ര്യത്തിന്റെയും തടവറയാണ്. കേരളത്തിലെ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭാവുകത്വത്തിലേക്ക് ദേശീയതയുടെ മറവിൽ നുഴഞ്ഞുകയറിയ ഹിന്ദു കൊളോണിയൽ മൂല്യങ്ങൾ, സ്ത്രീ-പുരുഷ ബന്ധങ്ങളുടെ ജനാധിപത്യവൽകരണ സാധ്യതകളെ കൂടുതൽ സങ്കീർണമാക്കുകയാണുണ്ടായത്. കീഴാള നവോത്ഥാന പ്രസ്ഥാനം ജെൻഡർ നീതിയെകുറിച്ച് വിപ്ലവകരമായ ആശയങ്ങൾ ആവിഷ്കരിച്ചിട്ടില്ലെന്നത് ഒരു വസ്തുതയാണ്. എങ്കിലും സമൂഹത്തിലെ ബഹുഭൂരിപക്ഷം മനുഷ്യരെ ബഹിഷ്കൃതരും അധഃസ്ഥിതരുമാക്കുന്ന ഹിന്ദുമൂല്യമണ്ഡലത്തിനെതിരെ, അത് ശക്തമായ താത്വിക പ്രതിരോധമുയർത്തിയിരുന്നു. ഇതു കീഴാള പ്രതിരോധ മൂല്യങ്ങളുടെ പാരമ്പര്യത്തെ ഏറ്റെടുക്കാനോ പുനർവിന്യസിക്കാനോ കഴിഞ്ഞില്ല എന്നതാണ് ഇവിടത്തെ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഏറ്റവും വലിയ പരാധീനത.

ആധുനിക സാമൂഹിക വ്യവഹാരങ്ങളുടെ ഒരു നിർമിതിയാണ് ലൈംഗികതയെന്ന് ഫൂക്കോ സിദ്ധാന്തിക്കുന്നു. ലൈംഗികതയെ പൂർണമായി അടിച്ചമർത്തുന്നതിനു പകരം, ആധുനികസമൂഹം ലൈംഗികതയെകുറിച്ച് ഒരു പ്രത്യേക തരം 'അക്രമോത്സുക വ്യവഹാരം' സൃഷ്ടിക്കുകയാണ് ചെയ്തത്.

ഇത് ഇവിടത്തെ പുരോഗമന-ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ കാലികമായ നവീകരണ സാധ്യതകൾ തന്നെ ഇല്ലാതാക്കി. സ്ത്രീ-പുരുഷ ബന്ധങ്ങളുടെയും ലൈംഗികതയുടെയും ജനാധിപത്യവൽകരണത്തെയാണ് ഇത് ഏറ്റവുമധികം പ്രതികൂലമായി ബാധിച്ചത്. കേരളത്തിലെ ഇടതു-വലതു രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം പുരുഷാധിപത്യ മൂല്യമണ്ഡലത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. പുരുഷാധിപത്യത്തെ അട്ടിമറിക്കുന്നതും സ്ത്രീ-പുരു

ഷ ബന്ധങ്ങളെ നവീകരിക്കുന്നതുമായ ഒരു ചിന്താപദ്ധതിയ്ക്കു ബോധപൂർവം നേതൃത്വം നൽകാൻ ഈ പ്രസ്ഥാനങ്ങൾക്കു കഴിഞ്ഞിട്ടില്ല. ലോകത്തിൻെറ വൈജ്ഞാനികരംഗത്തുണ്ടാവുന്ന നൂതനപ്രവണതകളുമായി യാതൊരു തരത്തിലുള്ള വൈജ്ഞാനിക സംവാദവും ഈ പ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടുമില്ല. വളരെ പഴഞ്ചനായ ഒരു രാഷ്ട്രീയ വ്യവഹാരമാണ്, ഈ പ്രസ്ഥാനങ്ങൾ പിന്തുടരുന്നത്.

സ്ത്രീ വിമോചനം, പരിസ്ഥിതി സംരക്ഷണം, സമാധാനപ്രസ്ഥാനം, ബഹിഷ്കൃതരുടെ മനുഷ്യാവകാശങ്ങൾ തുടങ്ങിയ പുതിയ പ്രശ്നങ്ങളോടുള്ള സമീപനത്തിൻെറ കാര്യത്തിൽ കേരളത്തിലെ ഇടതു-വലതു പക്ഷങ്ങൾ തമ്മിൽ മൗലികമായ ഭിന്നതയൊന്നുമില്ലെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടുതന്നെ, കേരളീയ സാമൂഹിക ജീവിതത്തെ മൗലികമായി ഉടച്ചുവാർക്കാൻ പ്രാപ്തമായ ഒരു വിചാരവിപ്ലവം ഈ പ്രസ്ഥാനങ്ങളിൽ നിന്നു പ്രതീക്ഷിക്കാനാവില്ല. എന്നുമാത്രമല്ല, പഴഞ്ചൻ ഭാവുകത്വത്തിൻെറ തടവുകാരായ ഈ രാഷ്ട്രീയ നേതൃത്വങ്ങൾ, വിധ്വംസകമായ പുതിയ ആശയങ്ങളെ സംഘടിതമായി എതിർക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല.

> **വ്യക്തിത്വത്തിൻെറ അന്തഃസോടെ സ്വന്തം ജീവിതം ജീവിക്കാൻ ശ്രമിക്കുന്ന ഏതൊരു സ്ത്രീക്കും മലയാളി സമൂഹം സമ്മാനിക്കുന്നത് ലൈംഗികാപവാദങ്ങളുമാണ്. വെറും ശരീരങ്ങൾ മാത്രമായി, പുരുഷൻെറ സന്താനങ്ങളെ പെറ്റുവളർത്തുകയും ജീവിതം തള്ളിനീക്കുകയും ചെയ്യുന്ന സ്ത്രീകളാണ്, മാതൃകാവനിതകൾ.**

5. കേരളത്തിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമിടയിൽ വളരെ കൃത്രിമമായ വേർതിരിവുകളുണ്ട്. ലിംഗഭേദ ബോധം ആന്തരികവൽകരിക്കുന്ന പരിചരണ-പരിശീലന പദ്ധതികളിലൂടെയാണ് നമ്മുടെ കുട്ടികൾ വളർന്നുവരുന്നത്. ശിശുക്കളുടെ സാമൂഹികമായ വ്യക്തിത്വവൽകരണ പ്രക്രിയയെ ജനാധിപത്യവൽകരിക്കാതെ, ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധങ്ങൾ സൃഷ്ടിക്കാനാവില്ല. വ്യക്തിത്വവൽകരണപ്രക്രിയയെ ഗൗരവമായ പഠനത്തിനു വിധേയമാക്കിയ എമിലി ദുർക്ക്ഹൈം, ജോർജ് ഹെർബർട്ട് മീഡ് തുടങ്ങിയ ചിന്തകരുടെ സിദ്ധാന്തീകരണങ്ങൾ ഈ സന്ദർഭത്തിൽ പരിശോധിക്കുന്നത് സംഗതമാണ്. സമൂഹത്തിൻെറ വ്യവസ്ഥാപിത മൂല്യ പരിസരത്തോട് കലഹിക്കാനും അതിൽ നിന്നു തെന്നിമാറാനുമുള്ള ഇച്ഛയാണ് വ്യക്തിത്വവൽക്കരണത്തിൻെറ മർമമെന്ന് ദുർക്ക്ഹൈം സിദ്ധാന്തിക്കുന്നു.(Emile Durkheim, The Division of Labour in Society, as quoted in Habermas, Postmetaphysical Ihiuking, MIT Press, England, 1994, P.149)

പൂർവനിശ്ചിതമായ സാമൂഹിക മാതൃകകളിൽ നിന്നു ഭിന്നമായി ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിൻെറ ബോധപൂർവമായ വിനിയോഗമാണ് ആധുനിക സമൂഹങ്ങളിലെ വ്യക്തിത്വ രൂപീകരണത്തിൻെറ ചാലകശക്തിയെന്ന് ഹെർബർട്ട് മീഡ് പറയുന്നു. (George Herbert Mead, Mind, Self and Society, quoted in Habermas, P.182) സ്ഥാപിത സാമൂഹിക ജീവിതമാതൃകകളെ നിരാകരിക്കാനും പുതിയ അസ്തിത്വവിധങ്ങൾ പരീക്ഷിക്കാനുമുള്ള ഈ ഉദ്യമങ്ങളെ, സമൂഹം അനുവദിച്ചു കൊടുക്കില്ല. നിലനിൽക്കുന്ന മൂല്യ പരിസരത്തോട് സമരസപ്പെട്ടുപോകാൻ പരിശീലിപ്പിക്കുന്ന ധർമമാണ് കുടുംബം, വിദ്യാലയം, രാഷ്ട്രീയപാർട്ടികൾ, ഭരണകൂടം എന്നീ സ്ഥാപനങ്ങളെല്ലാം നിർവഹിക്കുന്നത്. അതിനാൽ, സ്വാതന്ത്ര്യോന്മുഖമായ വ്യക്തിത്വവലികരണം ഒരു സമരമായിതീരുന്നു. മാത്രവുമല്ല, സ്ഥാപിത മാതൃകകളെ പിൻപറ്റാൻ തയ്യാറില്ലാത്ത വ്യക്തികൾക്ക് സ്വന്തം ജീവിതം ഉത്തരവാദിത്വപൂർണവും സംഘർഷഭരിതവുമായി തീരുകയും ചെയ്യുന്നു.

പുരുഷാധിപത്യത്തിൻെറ ഏറ്റവും സുരക്ഷിതവും എന്നാൽ കാല്പനികവുമായ മൂല്യമണ്ഡലത്തെയാണ് കുടുംബം പ്രതിനിധാനം ചെയ്യുന്നത്. അതിനാൽ പുരുഷാധിപത്യത്തിൻെറ നിലനില്പ്, കുടുംബത്തിൻെറ നിലനില്പു തന്നെയാകുന്നു. 'കുടുംബ ശൈഥില്യം', പുരുഷാധിപത്യത്തിൻെറ എക്കാലത്തെയും വലിയ വിലാപമാകുന്നതും അതുകൊണ്ടാണ്.

ആൺകുട്ടികളെയും പെൺകുട്ടികളെയും കർശനവും എന്നാൽ ഒരു പരിധിവരെ പരോക്ഷവുമായ വേർതിരിക്കലിനു വിധേയമാക്കുന്നത്, ഈ മൂല്യമണ്ഡലം പുനരുല്പാദിപ്പിക്കുന്നതിനു വേണ്ടിയാണ്. സമകാലീന കേരളീയ കുടുംബങ്ങളിലെ വിദ്യാസമ്പന്നരായ മാതാപിതാക്കൾ ഒരുപക്ഷെ ഇത്തരമൊരു ലിംഗവിഭജനം ബോധപൂർവം നടത്തുന്നു എന്നു പറയാനാവില്ല. പക്ഷെ, വിളമ്പുക, ആഹാരം പാകംചെയ്യുക, വീട് വൃത്തിയാക്കൽ, തുണികഴുകൽ, ശിശുപരിചരണം, കുട്ടികളെ പഠിപ്പിക്കൽ തുടങ്ങിയ കുടുംബവുമായി ബന്ധപ്പെട്ട തൊഴിൽ വിഭജനത്തിലൂടെയാണ് ലിംഗഭേദബോധം അതിൻെറ സാന്നിധ്യമറിയിക്കുന്നത്. ഈ തൊഴിൽവിഭജനത്തിൻെറ ഭിന്ന ധർമങ്ങളിലെല്ലാം തന്നെ പുരുഷന് പ്രത്യേക പദവിയുണ്ട്.

കുടുംബത്തിൽ നിന്നാരംഭിക്കുന്ന ഈ വേർതിരിവ് വിദ്യാലയങ്ങളിലും തൊഴിൽസ്ഥലങ്ങളിലുമെല്ലാം തുടരുകയും ചെയ്യുന്നു. അതിനാൽ, സ്ത്രീകൾക്കും പുരുഷൻമാർക്കും വ്യക്തികൾ എന്ന നിലയ്ക്ക് പരസ്പര വിനിമയത്തിലേർപ്പെടാനുള്ള ജനാധിപത്യ സാധ്യതകൾ അടയുന്നു. അടിച്ചേൽപ്പിക്കപ്പെട്ട 'സ്ത്രീത്വ-പുരുഷത്വ'ങ്ങളുടെ മാധ്യസ്ഥത്തിലൂടെ മാത്രമെ വ്യക്തികൾക്ക് പരസ്പരം ഇടപെടാൻ കഴിയുകയുള്ളുവെന്നു വരുന്നു. സ്ത്രീത്വത്തിൻെറയും പുരുഷത്വത്തിൻെറയും സദാചാര കല്പനകൾക്കനുസൃതമായി പ്രവർത്തിക്കുന്ന ശരീരങ്ങളായി വ്യക്തികളെ മാറ്റുന്നു എന്നതാണ് ഈ വേർതിരിവിൻെറ പരിണതഫലം. നമ്മുടെ സമൂഹത്തിലെ വ്യക്തിത്വവലികരണം ഉല്പാദിപ്പിക്കുന്നത് സ്വാതന്ത്ര്യബോധമുള്ള വ്യക്തികളെയല്ല. സദാചാരശാസനങ്ങളുടെ മുഖമൊരത്താൽ നട്ടെല്ലു വളഞ്ഞുപോകുന്ന 'സ്ത്രീത്വ'വും 'പുരുഷത്വ'വുമാണ് അതിൻെറ സൃഷ്ടികൾ.

തങ്ങൾ വഹിക്കുന്ന ഈ സ്ത്രീ-പുരുഷത്വങ്ങളെ കുടഞ്ഞുകളയാതെ, കേരളത്തിലെ സ്ത്രീകൾക്കും പുരുഷൻമാർക്കും വ്യക്തിത്വമുള്ളവരായി മാറാനോ ജനാധിപത്യപരമായ പാരമ്പര്യങ്ങൾ വികസിപ്പിക്കാനോ കഴിയില്ല.

7,8. ലൈംഗികതയെകുറിച്ച് നിലവിലുള്ള ധാരണകളും സദാചാര സങ്കല്പങ്ങളും സ്ത്രീകളെ അടിച്ചമർത്താൻ ഉപയോഗിക്കപ്പെടുന്നു എന്നത് ശരിയാണ്. പൂർവനിശ്ചിതമായ സാമൂഹിക മാതൃകകളിൽ നിന്ന് മാറി സഞ്ചരിക്കാൻ ശ്രമിക്കുന്ന സ്ത്രീകൾക്കെതിരായ ഏറ്റവും പ്രധാനമായ ആയുധം അവരുടെ ലൈംഗികതയെകുറിച്ചുള്ള സദാചാര വിധികളാണ്. സ്ത്രീയുടെ വ്യക്തിത്വത്തെ അവളുടെ ലൈംഗികതയായി ചുരുക്കുകയും ലൈംഗികതാ വിധികല്പനകളെ വ്യക്തിത്വത്തിൻെറ അളവുകോലുകളായി ഉപയോഗിക്കുകയും ചെയ്യുന്ന രീതിയാണ് ഇവിടെ നിലനിൽക്കുന്നത്.

വ്യക്തിത്വത്തിൻെറ അന്തഃസോടെ

സ്വന്തം ജീവിതം ജീവിക്കാൻ ശ്രമിക്കുന്ന ഏതൊരു സ്ത്രീക്കും മലയാളി സമൂഹം സമ്മാനിക്കുന്നത് ലൈംഗികാപവാദങ്ങളുമാണ്. വെറും ശരീരങ്ങൾ മാത്രമായി, പുരുഷന്റെ സന്താനങ്ങളെ പെറ്റുവളർത്തുകയും ജീവിതം തള്ളിനീക്കുകയും ചെയ്യുന്ന സ്ത്രീകളാണ്, മാതൃകാവനിതകൾ. ഈ മാതൃകാവനിതകളും സ്ത്രീരത്നങ്ങളും സ്വതന്ത്ര വ്യക്തിത്വമുള്ള സ്ത്രീകളെ അപവദിക്കുന്നതിൽ ഒട്ടും പിന്നിലല്ല. കാരണം, പുരുഷന്റെ നിഴലുകളും. അതുകൊണ്ട് പതിവ്രതകളുമായിപോയ ഈ പാവങ്ങൾ, പുരുഷാധിപത്യമൂല്യങ്ങളെ അത്രയധികം ആന്തരികവൽകരിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, സ്ത്രീകളുടെ സ്വത്വത്തിന്റെ അടയാള ചിഹ്നമായിട്ടാണ് മലയാളി സമൂഹം ലൈംഗികതയെ ഉപയോഗിക്കുന്നത്.

ആധുനിക സാമൂഹിക വ്യവഹാരങ്ങളുടെ ഒരു നിർമിതിയാണ് ലൈംഗികതയെന്ന് ഫൂക്കോ സിദ്ധാന്തിക്കുന്നു. ലൈംഗികതയെ പൂർണമായി അടിച്ചമർത്തുന്നതിനു പകരം, ആധുനികസമൂഹം ലൈംഗികതയെകുറിച്ച് ഒരു പ്രത്യേകതരം 'അക്രമോത്സുക വ്യവഹാരം' സൃഷ്ടിക്കുകയാണ് ചെയ്തത്. മിക്ക പ്രാചീന സമൂഹങ്ങളിലും 'കാമകല'കളുണ്ടായിരുന്നു. പക്ഷെ, ആധുനിക പാശ്ചാത്യസമൂഹമാണ് 'ലൈംഗിക ശാസ്ത്ര'ത്തിന് ജൻമം നൽകിയത്. ഈ ശാസ്ത്ര വ്യവഹാരങ്ങളുടെ പ്രത്യേകത, അത് ലൈംഗികതയെ ഒരു പരസ്യമായ രഹസ്യമാക്കി നിലനിർത്തുന്നു എന്നതാണ്.

ഓരോ വ്യക്തിയുടെയും രഹസ്യസത്തയാക്കി ലൈംഗികതയെ മാറ്റുകയും മറുവശത്ത് അതിനെകുറിച്ചുള്ള ശാസ്ത്രീയ വ്യവഹാരങ്ങൾ പ്രളയം പോലെ പെരുകുകയും ചെയ്യുന്നു. സ്വന്തം ലൈംഗികതയുടെ 'സത്യം' കണ്ടെത്താൻ ഓരോ വ്യക്തിയും നടത്തുന്ന പരിശീലന തന്ത്രങ്ങൾ, അയാളുടെ/ അവളുടെ കർതൃത്വ രൂപീകരണത്തിൽ വമ്പിച്ച സ്വാധീനമുളവാക്കുന്നുവെന്ന് ഫൂക്കോ നിരീക്ഷിക്കുന്നുണ്ട്. (Foucantt, The confession of the Flesh, Cohin Gordon, Michel Foucantt: Power/ Knowledge, 1980). ഈ ശാസ്ത്ര വ്യവഹാരങ്ങളുടെ കണ്ടുപിടുത്തമാണ് ലൈംഗികതയെന്നു ഫൂക്കോ സിദ്ധാന്തിക്കുന്നു.

ആധുനിക ലൈംഗികതയുടെ ചരിത്രത്തെകുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയ ഫൂക്കോ പക്ഷെ, `Gender Construction'നെ അവഗണിക്കുകയാണ് ചെയ്യുന്നത്. വ്യവഹാരത്തിന്റെ തലത്തിൽ ലൈംഗികതയെ വിലയിരുത്തുന്ന ഫൂക്കോ, 'പ്രേമ'വുമായി അതിനുള്ള ബന്ധത്തെയും പരിശോധനാവിധേയമാക്കിയിട്ടില്ല. പ്രേമം എന്ന പ്രതിഭാസം ചരിത്രത്തിൽ പ്രത്യക്ഷമാവുന്നത് 18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണെന്ന് ആൻറണി ഗിഡ്ഡെൻസ് പറയുന്നു. (Anthony Giddens, The Transformation of Intimacy, polity Press, KK, 1992) `Romance' എന്ന വാക്കിന് കഥ പറയുക എന്നൊരർത്ഥവുമുണ്ട്. വ്യക്തിയുടെ സ്വത്വത്തെയും അപരത്വത്തെയും വൈയക്തികമായ ആഖ്യാനത്തിന്റെ ഘടനയിലേക്കു ന്യൂനീകരിക്കുകയും സന്നിവേശിപ്പിക്കുകയുമാണ് ഈ കഥ ചെയ്യുന്നത്. നോവൽ എന്ന ആഖ്യാനരീതിയും പ്രേമവും തമ്മിലുള്ള ബന്ധത്തെ ഈ പശ്ചാത്തലത്തിൽ പരിശോധിക്കാവുന്നതാണ്. പ്രേമത്തെകുറിച്ച് നിലവിൽ വന്ന ആശയങ്ങൾ അതിനെ വ്യക്തിസ്വാതന്ത്ര്യവുമായി ചേർത്തുനിർത്തിയെന്നതു ശരിയാണ്. പലപ്പോഴും സദാചാര വിലക്കുകൾക്കെതിരായ പ്രതിരോധമായും മാറിയിട്ടുണ്ട്, പ്രേമം. പക്ഷെ, സ്ത്രീ-പുരുഷ ബന്ധങ്ങളെയും ലൈംഗികതയേയും തികച്ചും കാല്പനികമായ അർത്ഥത്തിൽ ആദർശവല്കരിക്കുന്നതിൽ പ്രേമത്തിന്റെ പ്രത്യയശാസ്ത്രം

കൊച്ചിയിലേയും തൃശൂരിലേയും
വൻകിട ആഭരണശാലകളോട്
കിടപിടിക്കുന്ന
കൊടുങ്ങല്ലൂരിലെ
സമ്പൂർണ്ണ സ്വർണ്ണാഭരണശാല

ലക്ഷ്മി ജ്വല്ലറി
GOLD....DIAMONDS....BIRTHSTONES

ഗോൾഡ് സൂപ്പർ മാർക്കററ്

തെക്കെ നട, കൊടുങ്ങല്ലൂർ, ഫോൺ - 802750, റെസി - 802765
Visit us at: WWW.LaksmiGold.com

സ്വർണ്ണത്തിളക്കമുള്ള 30 സേവന വർഷങ്ങൾ

ലൈംഗിക സ്വയം നിർണയാവകാശ പ്രക്ഷോഭങ്ങളുടെ ഫലമായി, പൂർവനിർമിതമായ gender roles ൽ നിന്ന് മുക്ത യാകുന്ന സ്ത്രീയെ നേരിടുന്ന സ്വത്വപ്രതിസന്ധിയെ The problem that has no name എന്നാണ് ബെറ്റി ഫ്രൈഡ്മാൻ വിശേഷിപ്പിക്കുന്നത്. ഇവിടെ നിലനിൽക്കുന്ന കാപട്യപൂർണവും ജുഗുപ്സാവഹവുമായ സ്ത്രീ-പുരുഷ ബന്ധങ്ങൾക്കെതിരായ ചെറുത്തുനിൽപിൽ, സ്ത്രീകളുടെ പ്രധാനശക്തി ഈ സ്വയം നിർണയാവകാശസ്ഥാപനമാണ്.

വഹിച്ചിട്ടുള്ള പങ്ക് ഒട്ടും ചെറുതല്ല.

അനുരാഗബദ്ധരാകുന്ന കാമുകീ-കാമുകൻമാർ തമ്മിലുള്ള ബന്ധം ജനാധിപത്യപരമായി പുനർനിർവചിക്കപ്പെടുമെന്നു പറയാനാവില്ല. കാരണം, ഓരോ കാമുകനും തന്റെ 'പ്രഥമദൃഷ്ട്യാനുരാഗ'ത്തിനു പാത്രമാകുന്ന സ്ത്രീയെ, സ്ത്രീ സമൂഹത്തിൽ നിന്നു വേർതിരിച്ചെടുത്ത് ആദർശവല്കരിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ആദർശവല്കരിക്കപ്പെട്ട ഒരു സ്ത്രീ ബിംബത്തെയാണ് അയാൾ പ്രേമിക്കുന്നത്. പുരുഷാധിപത്യപരമായ തന്റെ സ്വത്വത്തെ ബോധപൂർവം നിരാകരിക്കാതെ തന്നെ, കാമുകൻ എന്ന പുരുഷന് ഈ സ്ത്രീ ബിംബത്തെ പ്രേമിക്കാൻ കഴിയുന്നു എന്നതിനർത്ഥം അയാൾ തന്റെ കാമുകിയെ ഒരു സാധാരണ സ്ത്രീയായി കാണുന്നില്ല എന്നാണ്. പുരുഷാധിപത്യ മൂല്യങ്ങളുടെ സംവാഹകനായ ഒരു പുരുഷനും സ്ത്രീകളുമായി ജനാധിപത്യപരമായ ഒരു പാരസ്പര്യമുണ്ടാക്കാനാവില്ല. അപ്പോൾ, കാമുകിയാവുന്ന സ്ത്രീയെ, സ്ത്രീ സമൂഹത്തിൽ നിന്നു വേർതിരിച്ചെടുക്കുക മാത്രമല്ല, അവളെ പുരുഷമൂല്യ മണ്ഡലത്തിലേക്ക് കുടിയിരുത്തുകയും ചെയ്യുന്നു. പുരുഷാധിപത്യ മൂല്യമണ്ഡലത്തിൽ ലഭിക്കുന്ന 'അംഗത്വ'മാണ്, ഒരു പ്രത്യേക സ്ത്രീയെ കാമുകിയാകാൻ അർഹയാക്കുന്നത്. മനസുകളെ പൊള്ളയായ കാല്പനികസ്വപ്നങ്ങൾ കൊണ്ടു നിറച്ച പ്രേമം, ഒരു ആധുനിക പുരുഷപദ്ധതിയാണെന്ന് ചില റാഡിക്കൽ ഫെമിനിസ്റ്റുകൾ വിമർശിക്കുന്നത് അതുകൊണ്ടാവാം. 'ആധുനിക മാതൃത്വത്തിന്റെ 'കണ്ടുപിടുത്ത'വും പ്രേമവും തമ്മിലുള്ള ഗാഢബന്ധം ഫെമിനിസ്റ്റു ചിന്തകരുടെ ഗവേഷണത്തിനു വിഷയമായിട്ടുണ്ട്. (Ann Dally, inventing Motherhood, London: Burnett, 1982, Elizabeth Badinter, Myth of Motherhood, London, Souvenir, 1981)

സ്ത്രീയെ വിശ്വസ്തയായ കാമുകിയും ത്യാഗമൂർത്തിയായ മാതാവുമാക്കുന്നതിലൂടെ പ്രേമ പ്രത്യയശാസ്ത്രം പുരുഷാധിപത്യത്തിന്റെ പുതിയ സഖ്യശക്തിയായി മാറുന്നു. കാല്പനികവൽകരിക്കപ്പെട്ട ലൈംഗികതയിലൂടെ, സ്ത്രീക്കുമേലുള്ള പുരുഷന്റെ ഉടമസ്ഥതാബോധം കൂടുതൽ ശക്തമാകുകയും ചെയ്തു. പുരുഷനിലെ ഉടമസ്ഥതാ മനോഭാവത്തിന്റെ ലാവണ്യശാസ്ത്രത്തെയാണ്, പ്രേമത്തിന്റെ സ്നിഗ്ധത ലോലമായി പ്രകാശിപ്പിക്കുന്നത്. 'പൊസ്സസ്സീവ്' ആയ ഒരു വ്യക്തിക്ക് അപരവ്യക്തിയെ നിരുപാധികം സ്നേഹിക്കാനോ ബഹുമാനിക്കാനോ കഴിയില്ല. 'പൊസ്സസ്സീവ്' ആകുക എന്നതിനർത്ഥം അപരവ്യക്തിയുടെ അപരവ്യക്തിയായി തന്നെ നിലനിൽക്കാനുള്ള സ്വാതന്ത്ര്യത്തെ നിഷേധിക്കുകയെന്നതാണ്. അപരവ്യക്തിയെ, ഒരാൾ തന്നിലേക്കു സ്വാംശീകരിക്കുകയോ തന്റെ ഭാഗമാക്കുകയോ ചെയ്യുന്ന നിമിഷം, അപരത്വത്തിന്റെ സ്വാതന്ത്ര്യവും സ്വയംനിർണയാവകാശവും ചോദ്യം ചെയ്യപ്പെടുന്നു. സ്ത്രീകളുടെ സ്വയംനിർണയാവകാശത്തിനെതിരായ പരോക്ഷമായ പുരുഷകലാപത്തെയാണ് പ്രേമം അന്തർവഹിക്കുന്നത്.

അതിനാൽ ലൈംഗികതയെ പുനർനിർവചിക്കേണ്ടതുണ്ട്. നിലനിൽക്കുന്ന ലൈംഗിക സങ്കല്പങ്ങൾ പ്രത്യുല്പാദനത്തിന്റെ ജീവശാസ്ത്ര നിയമങ്ങളിലധിഷ്ഠിതമാണ്. പ്രകൃതിയുടെയും ജീവശാസ്ത്രത്തിന്റെയും നിയമങ്ങളുടെ സ്ഥാനത്ത്, സാമൂഹികമായ നിയമങ്ങളും താല്പര്യങ്ങളും സ്ഥാപിക്കുകയെന്നത് വളർച്ചയുടെയും വികാസത്തിന്റെയും അവിഭാജ്യ ഭാഗമാണ്. പ്രകൃതിയിൽ നിന്നു വ്യതിരിക്തമാവുന്നതോടെയാണ് മനുഷ്യജന്തുക്കൾ വ്യക്തികളായി വളരുന്നത്.

പ്രത്യുല്പാദനത്തിലധിഷ്ഠിതമായ ലൈംഗികത, ജന്തുലൈംഗികതയുടെ വാസനാലോകത്തെ അതിവർത്തിക്കുന്നില്ല. ഈ ലൈംഗികതയെ സംസ്കാരസമ്പന്നവും ജനാധിപത്യപരവുമായ ലൈംഗികതയെന്നു നിർവചിക്കാനാവില്ല. മലായളി കുടുംബങ്ങളിലെ ലൈംഗികത അടിസ്ഥാനപരമായ പ്രത്യുല്പാദനത്തിലധിഷ്ഠിതമാണ്. ലൈംഗികതയുടെ കാര്യത്തിൽ മലയാളി ഇന്നും ജന്തുക്കളുടെ ലോകത്തു തന്നെയാണെന്നർത്ഥം. പ്രത്യുല്പാദനത്തിലധിഷ്ഠിതമായ ലൈംഗികതയുടെ പ്രധാന സാധൂകരണസ്ഥാപനമാണ് വിവാഹം. വിവാഹിതരാവുക എന്നതിനർത്ഥം സന്തതിപരമ്പരകളെ ഉല്പാദിപ്പിക്കാനുള്ള സാമൂഹിക പരീക്ഷ പാസാവുന്നു എന്നാണ്.

ലൈംഗികതയേയും സ്ത്രീ-പുരുഷ ബന്ധങ്ങളെയും വിവാഹത്തിന്റെയും പ്രത്യുല്പാദനത്തിന്റെയും മാധ്യസ്ഥമില്ലാതെ സമീപിക്കുക എന്നതു കൊണ്ടർത്ഥമാക്കുന്നത് സ്വകാര്യ ജീവിതമണ്ഡലത്തിന്റെ ജനാധിപത്യവല്കരണത്തെയാണ്. ജനാധിപത്യമെന്നത് ഭരണകൂടത്തിന്റെയും സമ്പദ്ഘടനയുടെയും മാത്രം പ്രശ്നമല്ല. ഒരു ജീവിതരീതിയാണത്. സ്നേഹം, ലൈംഗികത തുടങ്ങിയ ജീവിത സന്ദർഭങ്ങളെ രാഷ്ട്രീയവ്യവഹാരത്തിൽ നിന്നും ജനാധിപത്യവല്കരണ പ്രക്രിയയിൽ നിന്നും ഒഴിച്ചുനിർത്തുന്ന പ്രവണതയാണ് മലയാളികൾക്കുള്ളത്. ഒരു ജീവിതശൈലിയും സംസ്കാരവുമെന്ന നിലക്ക് ജനാധിപത്യത്തിനു വികസിക്കാൻ കഴിയണമെങ്കിൽ, സ്നേഹത്തിന്റെയും ലൈംഗികതയുടെയും സ്വകാര്യലോകങ്ങളെ കൂടുതൽ സുതാര്യമാകാൻ നാം അനുവദിക്കേണ്ടതാണ്.

കഴിഞ്ഞ മൂന്നുനാലു ദശാബ്ദങ്ങളിലെ സ്ത്രീ വിമോചനപ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന്, ലൈംഗികതയെ പ്രത്യുല്പാദനത്തിൽ നിന്ന് സ്വതന്ത്രമാക്കുന്ന വീക്ഷണത്തിനു പ്രചാരം നൽകാൻ കഴിഞ്ഞു എന്നതാണ്. പ്രത്യേകിച്ചും സ്ത്രീകളുടെ ലൈംഗിക സ്വയം നിർണയാവകാശത്തെ അടിസ്ഥാനപരമായ ഒരു ജനാധിപത്യ പ്രശ്നമാക്കി ഉയർത്തികൊണ്ടുവരാൻ കഴിഞ്ഞു എന്നത് എടുത്തുപറയേണ്ടതാണ്. 19-ാം നൂറ്റാണ്ടിൽ തന്നെ സ്ത്രീ ലൈംഗികതയുടെ രംഗത്തെ വിപ്ലവ സംരംഭങ്ങൾ ആരംഭിക്കുന്നുണ്ട്. എങ്കിലും നവീനമായ അർത്ഥത്തിൽ ഒരു ജനാധിപത്യ പ്രമേയമായി അതിനെ വികസിപ്പിച്ചത് സമകാല ഫെമിനിസ്റ്റു പ്രസ്ഥാനമാണ് (Barbara Ehrenreich. etal, Re-making Love, London, Fontana, 1987) മറ്റൊരു നേട്ടം സ്ത്രീകളുടെയും പുരുഷൻമാരുടെയും സ്വവർഗരതിയുടെ വളർച്ചയാണ്.

ബദൽ സംസ്കാരത്തെകുറിച്ചും ജീവിതരീതിയെകുറിച്ചും ഗൗരവമായി അന്വേഷിക്കുന്നവർക്ക് ലൈംഗികതയുടെ രംഗത്ത് ബദൽ മാതൃകകളെകുറിച്ച് ചിന്തിക്കാതിരിക്കാനാവില്ല. 'Hetero Sexuality' ക്ക് ലഭിച്ച സാർവലൗകികമായ അംഗീകാരത്തിന്റെ മൗലിക കാരണം അതിന് പ്രത്യുല്പാദനവുമായുള്ള ബന്ധമാണ്. എന്നാൽ, പ്രത്യുല്പാദനത്തിൽ നിന്ന് ലൈംഗികത സ്വതന്ത്രമാവുന്നതോടെ, Hetero sexuality-യുടെ സാർവലൗകിക സാധൂകരണവും തകരുന്നു. അതാണ് നവീനമായ ലൈംഗിക പാരസ്പര്യങ്ങളെകുറിച്ചുള്ള അന്വേഷണങ്ങളുടെ ചരിത്രസന്ദർഭം.

ബദൽ ലൈംഗികാനുഭവങ്ങൾക്കു വേണ്ടിയുള്ള അന്വേഷണം പുരുഷാധിപത്യത്തിന്റെ സൂക്ഷ്മമായ അധികാരശക്തിക്കെതിരായ ജനാധിപത്യ പ്രതിരോധത്തിന്റെ ഭാഗമായി മാറേണ്ടതുണ്ട്. പുരുഷലിംഗ പ്രഭാവ (phaltic Cult) ത്തിന്റെ അടിമകളാവാൻ വിസമ്മതിക്കുന്ന സ്ത്രീകൾക്കു മാത്രമേ സ്വന്തം ജീവിതത്തെ സ്വാതന്ത്ര്യബോധത്തോടു കൂടി പുനർനിർവചിക്കാൻ കഴിയുകയുള്ളൂ. പുരുഷ വംശാവലിയിൽ നിന്നുള്ള സ്ത്രീയുടെ മോചനം കൂടിയാണിത്. അതുകൊണ്ടാണ്, 'പുരുഷലിംഗ പരിപ്രേക്ഷ്യ' (phaltic paradigm)-ത്തിൽ നിന്ന് സ്ത്രീകൾ സ്വന്തം ലൈംഗികതയെ മോചിപ്പിക്കണമെന്ന് ലൂസ് ഇറിഗരെ ആഹ്വാനം ചെയ്യുന്നത് (Luce Irigaray, Sexes and Genealogies, Columbia University Press, Newyork, 1993.)

കേരളത്തിലും ലൈംഗികതയുടെ സ്വയം നിർണയാവകാശത്തെ സ്ത്രീവിമോചനത്തിന്റെയും ജനാധിപത്യത്തിന്റെയും അടിസ്ഥാന പ്രശ്നമണ്ഡലത്തിലേക്കു കൊണ്ടുവരേണ്ടതാണ്. ഇത് സ്ത്രീകളിൽ നിന്ന് കൂടുതൽ ഉത്തരവാദിത്വബോധവും നിർഭയത്വവും ആവശ്യപ്പെടുന്നു. ലൈംഗിക സ്വയം നിർണയാവകാശ പ്രക്ഷോഭങ്ങളുടെ ഫലമായി, പൂർവനിർമിതമായ 'gender roles' ൽ നിന്ന് മുക്ത യാകുന്ന സ്ത്രീയെ നേരിടുന്ന സ്വത്വപ്രതിസന്ധിയെ 'The problem that has no name' എന്നാണ് ബെറ്റി ഫ്രൈഡ്മാൻ വിശേഷിപ്പിക്കുന്നത്.

ഇവിടെ നിലനിൽക്കുന്ന കാപട്യപൂർണവും ജുഗുപ്സാവഹവുമായ സ്ത്രീ-പുരുഷ ബന്ധങ്ങൾക്കെതിരായ ചെറുത്തുനിൽപിൽ, സ്ത്രീകളുടെ പ്രധാനശക്തി ഈ സ്വയം നിർണയാവകാശസ്ഥാപനമാണ്. സ്വന്തം ജീവിതവും ലൈംഗികതയും എങ്ങനെ ജീവിച്ചുതീർക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം സ്ത്രീകൾക്കു തന്നെയായിരിക്കണം. ഈ അവകാശം സ്ത്രീകൾക്കും പുരുഷൻമാർക്കുമിടയിൽ ജനാധിപത്യപരവും സ്നേഹപൂർണവുമായ സൗഹൃദങ്ങൾക്കു പ്രേരകമാവുമെന്നതിൽ സംശയമില്ല.

9. ചരിത്രത്തെ അനുക്രമ ഘട്ടങ്ങളായി വിഭജിക്കുന്നത് ശരിയാണെന്നു തോന്നുന്നില്ല. സാമൂഹിക മാറ്റങ്ങളുടെ മുഖ്യ ചാലകശക്തി മനുഷ്യ പ്രവർത്തനങ്ങളാണ്. എന്നാൽ മനുഷ്യ പ്രവർത്തനങ്ങളുടെ പ്രധാന സവിശേഷത അതിന്റെ അപ്രവചനാത്മകതയാണ്. എല്ലാ രംഗങ്ങളിലുമുള്ള ബഹിഷ്കൃതരുടെ പ്രസ്ഥാനങ്ങൾക്കും പുതിയ അസ്തിത്വ മാതൃകകൾക്കു വേണ്ടിയുള്ള ഉദ്യമങ്ങൾക്കും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ രാഷ്ട്രീയ പ്രക്ഷുബ്ധതയിൽ സ്ഥാനമുണ്ടാവും.

മൾബെറി

വായനയുടെ ലോകത്തെ
ഹരിത വിപ്ലവം !
വായനയുടെ ആനന്ദം !!
ഒരായുഷ്ക്കാലം മുഴുവൻ !!!

ഫിഫ്റ്റി ഫിഫ്റ്റി ഫോർമുല ?

മൾബെറിയുടെ ഗ്രീൻകാർഡ് പദ്ധതി

പുസ്തകലോകത്ത് ഹരിതവിപ്ലവമായ മൾബറിയുടെ 'ഗ്രീൻകാർഡ് പദ്ധതി'യെക്കുറിച്ച് അറിയുവാൻ എനിക്ക് താല്പര്യമുണ്ട്. പദ്ധതി തൃപ്തികരമായി എനിക്ക് തോന്നുന്നുവെങ്കിൽ 500രൂപ മുടക്കുവാൻ ഞാൻ തയ്യാറാണ്!

പേര് : ....

വിലാസം : ....

.... പിൻകോഡ് : □□□□□□

തിയ്യതി : ഒപ്പ്:

MULBERRY PUBLICATIONS
P.B NO 159, 25, ARYA BHAVAN
S.M STREET, KOZHIKODE-673001
www.mulberry-books.com

യാഥാസ്ഥിതികം തന്നെ

വി.പി.സുഹ്റ

കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധങ്ങൾ എൺപത് ശതമാനത്തോളമെങ്കിലും യാഥാസ്ഥിതികമാണെന്നുള്ളത് ഒരു അംഗീകൃത വസ്തുതയാണ്.

സാമൂഹിക-രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും കുടുംബത്തിലും മുഖ്യപങ്ക് വഹിക്കുന്നത് സ്ത്രീകളാണെങ്കിലും നേതൃത്വപരമായ ഉത്തരവാദിത്വത്തിൽ നിന്നും സ്ത്രീകളെ മാറ്റിനിർത്തി, അവസാന തീരുമാനമെടുക്കുന്നത് പുരുഷനുമാണ് എന്നതൊരു യാഥാർത്ഥ്യമാണ്.

സാമൂഹിക, രാഷ്ട്രീയ, കുടുംബ വ്യവസ്ഥിതിയിൽ യാഥാസ്ഥിതികത്വം നിലനിർത്താൻ വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടികളും മതസംഘടനകളും മുഖ്യപങ്ക് വഹിക്കുന്നുണ്ട്.

വർത്തമാനകാല രാഷ്ട്രീയ പരിതസ്ഥിതിയും എൺപതുകളിൽ കേരളത്തിൽ വളർന്നുവന്ന മത സംഘടനകളുടെ കടന്നുകയറ്റവും സ്ത്രീ-പുരുഷ ബന്ധങ്ങളിൽ യാഥാസ്ഥിതികത്വം നിലനിർത്താൻ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

സ്ത്രീകളുടെ രാഷ്ട്രീയ പദവിയെകുറിച്ച് വിശകലനം ചെയ്തുനോക്കുമ്പോൾ പുരുഷാധിപത്യ രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിൽ രൂപംകൊണ്ട രാഷ്ട്രീയ വനിതാസംഘടനകൾക്ക് സ്വതന്ത്രമായ തീരുമാനം കൈക്കൊള്ളാൻ കഴിയാറില്ല.

പുരോഗമന ഇടതുപക്ഷ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ വനിതാസംഘടനകൾക്ക് പോലും സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരായോ സ്ത്രീവിരുദ്ധ വ്യക്തിനിയമങ്ങൾക്കെതിരായോ, സ്ത്രീനീതിക്കുവേണ്ടി ഒരു ക്രിയാത്മക നിലപാടെടുക്കാൻപോലും അവർക്ക് കഴിയാറില്ല. പാർട്ടികളുടെ നിർദ്ദേശമനുസരിച്ചേ അവർക്ക് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ തന്നെ ജനങ്ങൾ തെരഞ്ഞെടുക്കുന്ന സ്ത്രീകൾക്ക് പോലും പാർട്ടികളുടെ നിയന്ത്രണത്തിലല്ലാതെ ഭരണം നടത്താൻ കഴിയാത്ത ഒരവസ്ഥ നിലനിൽക്കുന്നു.

കാസർകോഡ് ജില്ലയിലെ പുത്തിഗെ പഞ്ചായത്ത് പ്രസിഡൻറിന്റെ അനുഭവം ശ്രദ്ധേയമാണ്. കേരളത്തിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ വിജയിച്ച പല വനിതാ പ്രസിഡൻറുമാർക്കും ഇത്തരം അനുഭവമുണ്ടായിട്ടുണ്ട്.

ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ തന്നെ മതമൗലികവാദത്തെ അംഗീകരിക്കുന്ന തരത്തിലുള്ള 'നയം' മാറ്റങ്ങളും ന്യൂനപക്ഷ മതമൗലികവാദികളെ പ്രീണിപ്പിക്കുന്ന തരത്തിലുള്ള സമീപനവും രാഷ്ട്രീയരംഗത്ത് യാഥാസ്ഥിതികത്വം നിലനിർത്താനെ ഉപകരിക്കുകയുള്ളൂ. രാഷ്ട്രീയപാർട്ടികളെല്ലാം തന്നെ അവരവരുടേതായ അധികാര സ്ഥാനങ്ങൾ ഉറപ്പ് വരുത്തേണ്ടതിലേക്ക് വോട്ട് മാത്രമാണ് ലക്ഷ്യമിടുന്നത്.

മതാധിഷ്ഠിത രാഷ്ട്രീയ പാർട്ടിയെന്ന് തുറന്നു പ്രഖ്യാപിക്കുന്ന മുസ്ലീംലീഗിന്റെ നിയന്ത്രണത്തിൽ രൂപീകരിക്കപ്പെട്ട വനിതാലീഗും മതപരമായി തന്നെയാണ് സ്ത്രീകളെ സംഘടിപ്പിക്കുന്നത്.

ഇന്ത്യൻ സമൂഹത്തിൽ ഒട്ടേറെ വിവേചനങ്ങളും അടിച്ചമർത്തലുകളും അനുഭവിക്കുന്ന മുസ്ലീം സ്ത്രീകളെ മതപരമായി തന്നെ സംഘടിപ്പിക്കുന്നത് സ്ത്രീ-പുരുഷ ബന്ധങ്ങളിൽ യാഥാ

സ്ഥിതികത്വം ഊട്ടിയുറപ്പിക്കുന്നതിനേ ഉതകുകയുള്ളൂ. സ്വാതന്ത്ര്യം നേടി അമ്പത് പതിറ്റാണ്ട് കഴിഞ്ഞിട്ടും ഇന്ത്യൻ മുസ്ലീം സ്ത്രീകൾക്ക് മതാധിഷ്ഠിത വ്യക്തിനിയമം പരിഷ്കരിച്ച് നീതി ഉറപ്പ് വരുത്തുന്നതിനുള്ള നിയമനിർമ്മാണം നടന്നിട്ടില്ല.

വിവാഹം, വിവാഹമോചനം, സ്വത്തവകാശം എന്നീ വിഷയങ്ങളിൽ ഇന്ത്യയിൽ ഇന്ന് നിലവിലുള്ള മുസ്ലീം വ്യക്തി നിയമം തികച്ചും വിവേചനപരവും പുരുഷ പക്ഷപാതിത്വം നിറഞ്ഞതും ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങൾക്ക് എതിരുമാണ്. അതുപോലെതന്നെ ഇന്ത്യൻ പീനൽകോഡിലെ വ്യവസ്ഥകൾ പ്രകാരം കുറ്റകരമല്ലാത്ത മാന്യമായ വേഷം ധരിക്കാനുള്ള മുസ്ലീം സ്ത്രീകളുടെ അവകാശം ബാഹ്യശക്തികളാൽ അടിച്ചേൽപ്പിക്കപ്പെട്ട പർദ്ദയിലൂടെ നിഷേധിക്കപ്പെടുകയാണ്.

സ്ത്രീകളെ പർദ്ദയണിയാൻ ഭർത്താവോ, അല്ലെങ്കിൽ ബാഹ്യശക്തികളോ നിർബന്ധിക്കുന്നത് ഭരണഘടനയുടെ 21-ാം അനുച്ഛേദനത്തിന് വിരുദ്ധമാണെന്ന കാര്യം ഇവിടെ വിസ്മരിക്കപ്പെടുന്നു. ഭരണഘടന 21-ാം വകുപ്പിൽ ഉറപ്പ് നൽകുന്ന ജീവിക്കാനുള്ള

അവകാശത്തിൻെറ ഭാഗമാണ് മാന്യമായ വേഷം തെരഞ്ഞെടുക്കുവാനും ധരിക്കുവാനുമുള്ള അവകാശമെന്ന് ഭരണഘടനാ വിദഗ്ദർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന നിയമങ്ങൾ പാലിക്കാൻ ഇന്ത്യയിൽ ജീവിക്കുന്ന ഓരോ പൗരനും ബാധ്യസ്ഥനാണെന്ന വസ്തുതയും ഓർക്കേണ്ടതുണ്ട്.

കേരളത്തിലെ ഒരു പ്രമുഖ മതസംഘടനയിലെ അദ്ധ്യക്ഷൻ സ്ത്രീകളുടെ പൊതുരംഗ പ്രവേശനത്തെ തടയുന്ന 'ഫത്‌വ' (മതവിധി) ഇറക്കുകയുണ്ടായി. ഖുർആനിലോ, പ്രബലമായ ഹദീസുകളിലോ പറഞ്ഞിട്ടില്ലാത്ത അടിസ്ഥാനരഹിതമായ ഇത്തരം മതവിധിക്കെതിരെ മുസ്ലീംലീഗിൻെറ നിയന്ത്രണത്തിലുള്ള വനിതാലീഗിന് പ്രതികരിക്കാൻ കഴിഞ്ഞില്ല. കാരണം രാഷ്ട്രീയ പാർട്ടികളിലെ നേതൃസ്ഥാനത്തിരിക്കുന്നവർ തന്നെ മതസംഘടനകളുടെ നേതൃത്വം അലങ്കരിക്കുന്നവരാണ്. മതവും രാഷ്ട്രീയവും കൂടി കുഴക്കുമ്പോൾ പ്രാധാന്യം മതത്തിന് തന്നെയാണ് എന്ന് ഇവിടെ തെളിയിക്കപ്പെടുകയാണ്.

സ്ത്രീയുടെ ലോകം ഗൃഹാന്തർഭാഗം മാത്രമല്ല. രാജ്യഭരണത്തിലും ലോകകാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും അവരുടെ പങ്കാളിത്തം വളർന്നുവരേണ്ടതുണ്ട്. സ്ത്രീകൾ രംഗത്ത് വന്നാൽ പുരുഷൻമാർ ഇന്നോളം കയ്യടക്കി വച്ചിരുന്നതെല്ലാം ചോദ്യം ചെയ്യപ്പെടുമെന്നും മതാധികാര, പുരുഷാധിപത്യശക്തികൾക്ക് ഇളക്കം തട്ടുമെന്നുമുള്ള 'ഭീതി' മൂലമാണ് സ്ത്രീകളുടെ രംഗപ്രവേശം തടയപ്പെടുന്നത്.

നിലവിലുള്ള വ്യവസ്ഥിതിയെ നിലനിർത്തുന്ന ആ കാര്യത്തിൽ എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവരും ഒന്നിനൊന്ന് മെച്ചമാണെന്ന് കാണാം.

യാഥാസ്ഥിതികത്വം നിലനിർത്താൻ അടിസ്ഥാനപരമായ മറ്റൊരു ഘടകമാണ് സ്ത്രീകൾക്കിടയിലെ നിരക്ഷരത. സാക്ഷരതയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുൻപന്തിയിലാണെങ്കിലും ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകൾക്കിടയിൽ ഉന്നത വിദ്യാഭ്യാസം നേടിയവർ വളരെ ചെറിയ ശതമാനം മാത്രം. പിന്നോക്ക വിഭാഗത്തിൽപെട്ടവരും ഗ്രാമങ്ങളിലും തീരദേശങ്ങളിലും ആദിവാസി മേഖലകളിലും ഉള്ളവരുമായ സ്ത്രീകൾക്കിടയിൽ വലിയൊരു വിഭാഗം നിരക്ഷരരാണ്.

പലതരം സന്നദ്ധ സംഘടനകളും ഭരണാധികാര കേന്ദ്രങ്ങളും വിദ്യാഭ്യാസപരിഷ്കാരങ്ങൾക്ക് വേണ്ടി നിരന്തരമായ ശ്രമങ്ങൾ നടത്തുന്നു എന്ന് അവകാശപ്പെടുമ്പോഴും ഫലത്തിൽ വികലമായ വിദ്യാഭ്യാസനയം പ്രയോഗിക്കപ്പെടുകയും ചെയ്തുവരുന്ന വർത്തമാന സാഹചര്യത്തിൽ സ്ത്രീകൾക്കിടയിലെ നിരക്ഷരത ചർച്ച ചെയ്യപ്പെടുകയോ, പാവപ്പെട്ടവർക്കിടയിൽ വേണ്ട വിധത്തിലുള്ള പ്രവർത്തനങ്ങൾ എത്തപ്പെടുകയോ ചെയ്യുന്നില്ലെന്നുള്ള വസ്തുത കണക്കിലെടുക്കേണ്ടതുണ്ട്. സാമൂഹ്യ പരിവർത്തനത്തിൻെറ അടിസ്ഥാന പങ്ക് വിദ്യാഭ്യാസമാണെന്നിരിക്കെ സ്ത്രീകളിലെ നിരക്ഷരത സാമൂഹ്യ പുരോഗതിക്ക് തടസമാകുന്നു.

തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും കൊടികുത്തിവാണിരുന്ന 18-ാം നൂറ്റാണ്ടിൽ ക്രിസ്തീയ മിഷനറിമാരുടെ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ സാമൂഹ്യ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ പ്രധാന പങ്ക് വഹിച്ചതായി ചരിത്രം രേഖപ്പെടുത്തുന്നു.

വിവാഹം, വിവാഹമോചനം, സ്വത്തവകാശം എന്നീ വിഷയങ്ങളിൽ ഇന്ത്യയിൽ ഇന്ന് നിലവിലുള്ള മുസ്ലീം വ്യക്തി നിയമം തികച്ചും വിവേചനപരവും പുരുഷ പക്ഷപാതിത്വം നിറഞ്ഞതും ഇസ്ലാമിൻെറ അടിസ്ഥാന തത്വങ്ങൾക്ക് എതിരുമാണ്.

എന്നാൽ ഇന്ന് സാമൂഹ്യ സേവനരംഗത്ത് സ്വയം അർപ്പിച്ചുകൊണ്ട് മഠങ്ങളിലെത്തപ്പെടുന്നവരുടെ സ്ഥിതി ഏറെ പരിതാപകരമാണ്.

നിരാശ്രയരായ സ്ത്രീകൾക്ക് അഭയം നൽകേണ്ട സഭാസ്ഥാപനങ്ങൾ ഇന്ന് കൊലപാതക കളരിയായി മാറിയിരിക്കുന്നു. ഏറെ കോലാഹലം സൃഷ്ടിച്ച സിസ്റ്റർ അഭയ കേസ് ഇന്നും തെളിയിക്കപ്പെട്ടിട്ടില്ല. ചങ്ങനാശ്ശേരിയിലെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ഗർഭിണിയാക്കി തെരുവിലേക്ക് വലിച്ചെറിഞ്ഞ പുരോഹിതനെ സഭാസ്ഥാപനം സംരക്ഷിക്കുന്നു. പാലാ സ്നേഹമഠത്തിലെ സിസ്റ്റർ പോൾസിയുടെ ദുരൂഹ മരണത്തെകുറിച്ചുള്ള കേസിലും തിരിമറികൾ നടന്നതായി നാട്ടുകാർ പറയുന്നു. സഭാ സ്ഥാപനങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും നടക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾ ചിലത് മാത്രമേ പുറംലോകം അറിയുന്നുള്ളൂ. അറിഞ്ഞവ തന്നെ ഭരണകേന്ദ്രങ്ങളിൽ നിന്നുള്ള ഇടപെടലുകൾ മൂലം തേച്ചുമാച്ചുകളയുന്നു.

സ്ത്രീകളുടെ നീതിക്കുവേണ്ടി നിർമിക്കപ്പെട്ട കോടതിയായ വനിതാകമ്മീഷനെപോലുള്ള സ്ഥാപനങ്ങൾ നീതിപൂർവ്വവും സ്വതന്ത്രവുമായ തീരുമാനങ്ങൾ എടുക്കാൻ കെല്പുള്ളതായ രീതിയിലല്ല രൂപീകരിക്കപ്പെട്ടിട്ടുള്ളത്. വ്യത്യസ്ത അഭിപ്രായങ്ങളുള്ള പാർട്ടികളുടെ നിയന്ത്രണത്തിലുള്ള വനിതാ നേതൃത്വങ്ങൾ ഉൾകൊള്ളുന്ന വനിതാകമ്മീഷന് യാഥാസ്ഥിതികരായ നേതൃത്വങ്ങളെ അവഗണിച്ചുകൊണ്ട് ഒരു പൊതുതത്വം അംഗീകരിക്കാൻ വേണ്ടിയുള്ള നീതിപൂർവ്വമായ നിലപാടെടുക്കാൻ കഴിയുമോ?

നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ ഒരു ഭാഗമായിട്ടേ കേരള വനിതാകമ്മീഷനെ കാണാനൊക്കുകയുള്ളൂ. ഭരണാധികാരിവർഗങ്ങളും ഉദ്യോഗസ്ഥ മേധാവികളും രാഷ്ട്രീയാധികാര ശക്തികളും ഉൾപെടുന്ന മാഫിയാ കൂട്ടായ്മയുടെ പ്രതിഫലനമായി കേരള മനഃസാക്ഷിയെ ഞെട്ടിക്കുന്ന സ്ത്രീ പീഡന, പെൺവാണിഭ കേസുകൾ വർദ്ധിച്ചുവരുന്ന ഒരു സ്ഥിതിവിശേഷം കേരളത്തിൽ ഇന്ന് നിലനിൽക്കുന്നു. കുറ്റവാളികൾക്ക് നീതിന്യായ കോടതികളിൽ നിന്നും അർഹമായ ശിക്ഷ ലഭിക്കാതെ രക്ഷപ്പെടും തോറും വ്യത്യസ്ത മേഖലകളിൽ പുതിയ പുതിയ കേസുകൾ ഉയർന്നുവരികയും ചെയ്യുന്നു.

ഉപഭോഗ സംസ്കാരത്തിൻെറ ഭാഗമായി ദൃശ്യമാധ്യമങ്ങളിലും മറ്റും വളർന്നുവരുന്ന പരസ്യങ്ങളും മാധ്യമ സീരിയലുകളും ഇളംപ്രായക്കാരായ പെൺകുട്ടികളും ഇവ വഴിതെറ്റിക്കാനുതകുന്ന തരത്തിലുള്ളതാണ്. എല്ലാ മാധ്യമങ്ങളും വ്യവസ്ഥിതി നിലനിർത്തുന്നതിൽ നിഷേധിക്കാനാവാത്ത പങ്ക് വഹിക്കുന്നുണ്ട്.

ജനാധിപത്യ മതേതര രാഷ്ട്രമായ ഇന്ത്യയിൽ വിവിധ മതവിശ്വാസങ്ങളും പാരമ്പര്യ ആചാരങ്ങൾ വച്ചുപുലർത്തുന്നവരുമുണ്ട്. എന്നാൽ സ്ത്രീകളോട് വിവേചനം കാട്ടുന്ന മത വ്യക്തിനിയമങ്ങൾ മാറ്റപ്പെടുകയും ഒരു ബദൽ സംവിധാനമെന്ന നിലക്ക് നീതിനിഷ്ഠവും തുല്യപങ്കാളിത്തവുമുള്ള ഒരു ഇന്ത്യൻ വിവാഹനിയമം നിലവിൽവരികയും വേണം.

സ്ത്രീ പുരുഷ സമത്വത്തിലുള്ള ഒരു ലോകം കെട്ടിപ്പടുക്കാൻ നാം ഓരോരുത്തരും ഇന്നേ ശ്രമിക്കേണ്ടതുണ്ട്. ഒരു തുറന്ന മനസോടെയുള്ള സമീപനവും പ്രാവർത്തികമാക്കാനുള്ള തയ്യാറെടുപ്പും ഓരോ പൗരൻെറയും ധർമ്മമായി കണക്കിലെടുത്തുകൊണ്ട് ഉണർന്നുവന്നാൽ മാത്രമേ സ്ത്രീയും പുരുഷനും തുല്യപങ്കാളിത്തമുള്ള ഒരു ലോകം സൃഷ്ടിക്കാനാവൂ. ഈ നൂറ്റാണ്ടിലെങ്കിലും അത്തരമൊരു പുതിയ ലോകം കണ്ടെത്താൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

കേരളത്തിലെ സ്ത്രീ–പുരുഷ ബന്ധങ്ങൾ തികച്ചും യാഥാസ്ഥിതികം

ജാനറ്റ് ഫരീദ

ആധുനിക സാമൂഹ്യ പ്രക്രിയകളിൽ ഏറെ മുൻപിൽ എത്തിനിൽക്കുന്ന കേരളത്തിൽ സ്ത്രീ-പുരുഷ ബന്ധങ്ങൾ തികച്ചും യാഥാസ്ഥിതികമായ അവസ്ഥയിൽ തന്നെ തുടരുന്നു. ആധുനിക വിദ്യാഭ്യാസവും ഉയർന്ന ഉദ്യോഗവും ഭേദപ്പെട്ട സാമ്പത്തിക ചുറ്റുപാടുകളുമുള്ള നഗരങ്ങളിലെ കുടുംബങ്ങളിലും അപകടകരമായ യാഥാസ്ഥിതിക കുടുംബ ബന്ധങ്ങളാണ് നിലനിൽക്കുന്നത്.

നവോത്ഥാന പ്രസ്ഥാനത്തിൻെറ കാലത്ത് ഉയർത്തിക്കൊണ്ടു വന്ന പുരുഷൻെറ ആത്മാഭിമാന ബോധത്തിലൂന്നിയ സ്ത്രീ-പുരുഷ ബന്ധമാണ് ഇന്നും കേരളീയ ജനതയുടെ മനസിൽ നിലനിൽക്കുന്നത്. പുരുഷൻെറ ആത്മാഭിമാനം ബന്ധുക്കളായ സ്ത്രീകളുടെ (അമ്മ, സഹോദരി, ഭാര്യ) ചാരിത്ര്യത്തിലാണ് നിലകൊള്ളുന്നത്. ഇവരിലാരുടെയെങ്കിലും ചാരിത്ര്യത്തെ ചോദ്യം ചെയ്യുമ്പോൾ പുരുഷൻ പ്രകോപിതനാകുന്നു. സ്ത്രീയുടെ ലൈംഗികതയിൽ ഊന്നി നിലകൊള്ളുന്ന പുരുഷൻെറ ആത്മാഭിമാനബോധവും അതിനായി ചിട്ടപ്പെടുത്തിയ സദാചാര മൂല്യങ്ങളും സ്ത്രീയെ, കുടുംബമെന്ന തടവറയ്ക്കുള്ളിലാക്കിയിരിക്കുന്നു. അപ്രധാനമായ ഒരു അവയവത്തിൽ തളക്കപ്പെട്ടിരിക്കുന്ന സ്ത്രീയുടെ സ്വത്വബോധം പുരുഷനിർമ്മിതമായ ഒരു ചരക്കായി മാറുന്നു. സ്ത്രീക്ക് മേലെ സംഹാരതാണ്ഡവമാടുന്ന പുരുഷാധിപത്യ മൂല്യങ്ങളെ തിരിച്ചറിയാൻ കഴിയാത്ത സ്ത്രീ, സർവ്വംസഹയായി ജീവിച്ചുമരിക്കുന്നു.

നവോത്ഥാന പ്രസ്ഥാനത്തിനു ശേഷം പ്രചാരത്തിൽ വന്ന പുരോഗമന രാഷ്ട്രീയ ആശയങ്ങളും യാഥാസ്ഥിതിക കുടുംബ ബന്ധങ്ങളെ (പ്രത്യേകിച്ചും സ്ത്രീയുടെ ലൈംഗികതയിൽ ഊന്നിയ സദാചാര മൂല്യങ്ങളെ) സംരക്ഷിക്കുക മാത്രമല്ല; അതിൻെറ നടത്തിപ്പുകാരുമായി മാറി. കേരളീയ സമൂഹത്തിൻെറ ഇന്നത്തെ ദുഃരവസ്ഥക്ക് കാരണമിതാണ്. വ്യവസ്ഥയോടു സമരം ചെയ്യുന്നതിനു പകരം, വോട്ടിനും അധികാരത്തിനു വേണ്ടി പുരുഷ മൂല്യങ്ങളോടു സന്ധിചെയ്ത് ഉറപ്പിച്ചുനിർത്തി. സ്ത്രീയുടെമേൽ ചോദ്യം ചെയ്യാത്ത സമഗ്രാധിപത്യം എളുപ്പത്തിൽ സാധിച്ചെടുക്കാൻ ഇതുമൂലം കഴിഞ്ഞു.

സ്ത്രീകളുടെ എണ്ണം വളരെ കുറവായിരുന്ന സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ പുതിയ ഉണർവുണ്ടാക്കിയത് സമ്പൂർണ സാക്ഷരതാപ്രവർത്തനം, പ്രാദേശിക ഭരണകൂടങ്ങളിലെ സ്ത്രീ സംവരണം, ജനകീയാസൂത്രണ പ്രസ്ഥാനം എന്നിവ വഴിയാണ്. സ്ത്രീകളുടെ ഈ ഇടപെടൽ പുരുഷമൂല്യങ്ങളുടെ നടത്തിപ്പുകാർക്കനുഗുണമായിട്ടാണ് ഇപ്പോൾ മിക്ക മേഖലകളിലും നിലനിൽക്കുന്നത്. ഇത് ഗുണപരമായ ദിശയിലേക്ക് തിരിച്ചുവിട്ട് സ്വത്വബോധമുള്ള സ്ത്രീസമൂഹത്തെ വാർത്തെടുക്കുവാൻ ബോധപൂർവ്വമായ ഇടപെടൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. കലാപം ചെയ്യാനുള്ള മനസ് സ്ത്രീ സമൂഹത്തിന് ഇനിയുമുണ്ടാകാത്തത് സ്വാതന്ത്ര്യത്തെകുറിച്ചുള്ള ശരിയായ തിരിച്ചറിവ് ഇല്ലാത്തതുമൂലമാണ്.

> **സ്ത്രീയുടെ ലൈംഗികതയിൽ ഊന്നി നിലകൊള്ളുന്ന പുരുഷൻെറ ആത്മാഭിമാനബോധവും അതിനായി ചിട്ടപ്പെടുത്തിയ സദാചാരമൂല്യങ്ങളും സ്ത്രീയെ, കുടുംബമെന്ന തടവറയ്ക്ക് ഉള്ളിലാക്കിയിരിക്കുന്നു. അപ്രധാനമായ ഒരു അവയവത്തിൽ തളക്കപ്പെട്ടിരിക്കുന്ന സ്ത്രീയുടെ സ്വത്വബോധം പുരുഷനിർമ്മിതമായ ഒരു ചരക്കായി മാറുന്നു.**

മെച്ചപ്പെട്ട ജീവിത ചുറ്റുപാടുകളുള്ള കേരളീയ നഗരങ്ങളിലെ കുടുംബങ്ങൾ തെല്ലും സ്വാതന്ത്ര്യബോധത്തിലോ ജനാധിപത്യമൂല്യങ്ങളിലോ അല്ല ജീവിക്കുന്നത്. ഇതു മനസിലാക്കുവാൻ, നഗരങ്ങളിലെ സ്ത്രീ-പുരുഷ ബന്ധങ്ങളെയും ലൈംഗികതയെയും കുറിച്ച് ഇപ്പോൾ നടന്നുവരുന്ന ഒരു ഗവേഷണ പഠനത്തിൻെറ വിശകലനത്തിൽ നിന്നും സാധിക്കുന്നതാണ്. തിരുവനന്തപുരത്തെ വികസന പഠന കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട മുന്നൂറ് വീടുകളിലെ സ്ത്രീ പുരുഷൻമാർക്കിടയിലായി നടന്നുവരുന്ന പ്രസ്തുത പഠനത്തിൻെറ അന്തിമവിശകലനം വരാനിരിക്കുന്നേയുള്ളൂ. ഈ പഠനത്തിലെ ഗവേഷണ സഹായിയായി പ്രവർത്തിച്ച് തിരുവനന്തപുരത്തെ നൂറു കുടുംബങ്ങളിൽ നിന്നും വിവര ശേഖരണം നടത്തിയ ആളാണ് ഈ ലേഖിക.

സ്ഥിരവരുമാനമുള്ള, തൊഴിൽ ചെയ്യുന്ന, ഭാര്യാഭർത്താക്കൻമാരുള്ള കുടുംബമാണ് വിവര ശേഖരണത്തിനായി തെരഞ്ഞെടുത്തത്. അതിനുള്ള ചോദ്യാവലി തയ്യാറാക്കുന്നതിനു വേണ്ടി നഗരത്തിലെ ആറു പ്രമുഖ സ്കൂളുകളിൽ നിന്നും ഇരുപത്തിയഞ്ചോളം അദ്ധ്യാപകരുമായി അഭിമുഖം നടത്തി. സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകരായിട്ടുള്ള ഇരുപത്തിയഞ്ച് പേരെയും അത്രതന്നെ ലൈംഗിക തൊഴിലാളികളേയും ആരോഗ്യ മനഃശാസ്ത്ര പ്രവർത്തകരേയും നേരിട്ട് കണ്ട് സംസാരിക്കുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നൂറ്റിഅമ്പതോളം ചോദ്യങ്ങളും ഉപചോദ്യങ്ങളുമടങ്ങുന്ന സമഗ്രമായൊരു ചോദ്യാവലിയു്മായിട്ടാണ് ഞങ്ങൾ കുടുംബങ്ങളിലെത്തിയത്.

തെരഞ്ഞെടുക്കപ്പെട്ട വീടുകളിൽ മുൻകൂട്ടി അനുവാദം വാങ്ങി ചെന്നിട്ടും പു രുഷൻമാർക്ക് മാത്രമാണ് ഒറ്റയിരുപ്പിന് ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കഴിഞ്ഞത്. സ്ത്രീകൾ തങ്ങളുടെ ഇരട്ട ജോലിഭാരത്താൽ രണ്ടും മൂന്നും ദിവസങ്ങളിലായിട്ടാണ് അഭിമുഖം പൂർത്തിയാക്കിയത്. സ്വന്തം വീട്ടിൽ മുൻകൂട്ടി തയ്യാറെടുത്താലും ഒരു

മണിക്കൂർ സമയം ചെലവിടാൻ സ്ത്രീകൾക്ക് ലഭിക്കുന്നില്ല, എന്നത് ഇനിയും ചർച്ച ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ഒരു തരത്തിലുള്ള ആനന്ദമോ, വിനോദമോ, നല്ല സൗഹൃദമോ ലഭിക്കാതെ കേവലം യാന്ത്രികമായി ജീവിക്കുന്നവരാണീ സ്ത്രീകൾ. തുല്യതയെകുറിച്ച് അച്ചടിഭാഷയിൽ സംസാരിച്ച പുരുഷൻമാർ പലരും കസേരയിൽ ചാഞ്ഞുകിടന്ന് ടി.വി കണ്ടു രസിക്കുമ്പോൾ, അടുക്കളയിൽ ഓടിനടന്ന് ഭക്ഷണം ക്രമീകരിക്കുകയാണ് സ്ത്രീകൾ. കുടുംബഭാരം പങ്കിടുന്നുവെന്നു പറഞ്ഞ പുരുഷൻമാർ രണ്ടുപേർ മാത്രം. സഹായിയായി വല്ലപ്പോഴുമെത്തുന്നവർ പത്തിൽ താഴെ. അടുക്കള പണികൾക്കിടയിൽ ടി.വി പരിപാടി എത്തിവലിഞ്ഞ് കാണുന്ന സ്ത്രീകളാണ് ഏറെയും.

കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്ന പുരുഷൻമാരുടെ എണ്ണം തീരെ ഇല്ലെന്നു പറയാം. വീട്ടുജോലിക്ക് മറ്റൊരു സ്ത്രീയെ സ്ഥിരമായി നിർത്തിയാൽ, പുരുഷൻ കുടുംബം തകർക്കുമെന്നു പേടിക്കുന്നവരാണ് സ്ത്രീകളിൽ ഏറെപ്പേരും. ഭർത്താവിൽ നിന്ന് ഒരിക്കലെങ്കിലും ശാരീരികപീഢനം ഏറ്റിട്ടുള്ളവരാണ് സിംഹഭാഗവും. ഭാര്യയെ വല്ലപ്പോഴുമൊക്കെ ശിക്ഷിക്കുകയും ശകാരിക്കുകയും ചെയ്യുന്നതിൽ ഒരു തെറ്റും കാണാത്ത പുരുഷൻമാരാണ് മുക്കാൽ പങ്കും.

സ്ത്രീ-പുരുഷ ബന്ധം എന്നാൽ എന്തു മനസിലാക്കുന്നു എന്ന ചോദ്യത്തിന് – 'ഭാര്യയും ഭർത്താവും തമ്മിലുള്ള ലൈംഗികബന്ധം' എന്ന് ഉത്തരം പറഞ്ഞവരാണ് ഭൂരിപക്ഷം പേരും. പുരുഷനെക്കാൾ ഉയർന്ന വിദ്യാഭ്യാസവും ഉദ്യോഗവും വഹിക്കുന്ന സ്ത്രീകളുടെ കുടുംബങ്ങളിൽ പോലും ശമ്പളം സ്വന്തം ഇഷ്ടപ്രകാരം ചെലവാക്കാൻ സ്ത്രീയെ അനുവദിച്ചിട്ടില്ല. ലഭിച്ചാലുടൻ തന്നെ ഭർത്താവിനെ ഏൽപ്പിക്കുകയും ഭർത്താവ് സ്വന്തം യുക്തിയിൽ ചെലവിടുകയും അതിന്റെ പങ്ക് അനുഭവിക്കുകയും ചെയ്യുന്നവരാണ് ഉദ്യോഗസ്ഥകളും സാമ്പത്തിക സ്വാശ്രയത്വം നേടി എന്നു പറയപ്പെടുന്നവരുമായ ഇവരിൽ ഏറെപേരും. ഒരു ചെറിയ ശതമാനം നിശ്ചിത തുക സ്വന്തം ഇഷ്ടത്തിന് ചെലവാക്കാൻ ഭർത്താവ് അനുവദിച്ചിട്ടുണ്ടെന്ന് അഭിമാനത്തോടെ ചില സ്ത്രീകൾ പറഞ്ഞു. കുടുംബത്തിനുള്ളിലെ പുരുഷന്റെ ആധിപത്യം, സാമ്പത്തിക സ്വാശ്രയത്വം സ്ത്രീ നേടിയതു കൊണ്ടുമാത്രം തകരുന്നില്ല എന്നതിന്റെ നല്ല ഉദാഹരണമാണിത്.

സൗഹൃദത്തിലോ കൂട്ടായ്മയിലോ ജനാധിപത്യബോധത്തിലോ ഊന്നൽ നൽകാതെ തികച്ചും യാഥാസ്ഥിതികമാണ് ഈ കുടുംബ ബന്ധങ്ങൾ. സ്വന്തം മാതാപിതാക്കളേയും സമൂഹത്തിന്റെ യാഥാസ്ഥിതിക ചിട്ടവട്ടങ്ങളേയും അനുകരിച്ച് ജീവിക്കാൻ പണിപ്പെടുന്നതിൽ ലിംഗഭേദമില്ല എന്നും കാണാൻ കഴിയും. അസ്വസ്ഥതയാലും അടിമത്തത്താലും ജോലി ഭാരത്താലും വിങ്ങിപൊട്ടുമ്പോഴും പുറമേ പുഞ്ചിരിച്ച് 'കടമ' നിറവേറ്റുന്നവളായി സ്ത്രീ മാറിക്കഴിഞ്ഞു. സമൂഹത്തിലും കുടുംബത്തിലും സ്ത്രീ പുരുഷനു താഴെയാണെന്നു കരുതുന്നവരാണ് അഭ്യസ്തവിദ്യരായ ഈ സ്ത്രീകൾ. ഇതിനു മാറ്റം ആഗ്രഹിക്കുന്നുവെങ്കിലും സാധ്യമല്ലെന്ന് അവർ തീരുമാനിച്ചുറച്ചിരിക്കുന്നു. വിധിയെ ആശ്രയിച്ച് ജീവിതം കഴിയുകയാണിവർ. ഇന്നു നയിക്കുന്ന ഈ കുടുംബജീവിതം സ്വന്തം ഇഷ്ടത്തിനല്ല തെരഞ്ഞെടുത്തതെന്നാണ് ഒട്ടുമിക്ക സ്ത്രീ-പുരുഷൻമാരും പറഞ്ഞത്. മിക്കവരും ഇന്നത്തെ ജീവിതത്തിൽ തൃപ്തരല്ല.

ലൈംഗികതയെകുറിച്ച് ഇവർക്കിടയിൽ തെറ്റിദ്ധാരണകൾ ഏറെയാണ്. ലൈംഗികബന്ധത്തിന്റെ ആധിപത്യം പുരുഷനു തന്നെയാണ് എല്ലാ കുടുംബത്തിലും. സ്ത്രീകളേക്കാൾ കൂടുതൽ ലൈംഗികാസക്തി പുരുഷനാണെന്നു കരുതുന്നവരാണ് ഏറെ സ്ത്രീകളും. അങ്ങനെ സ്ത്രീകളെ ബോധ്യപ്പെടുത്താൻ പുരുഷൻമാർ ശ്രമിച്ചുവരുന്നു. ലൈംഗിക താല്പര്യം പ്രകടിപ്പിക്കാൻ പാടില്ല എന്നു തന്നെയാണ് സ്ത്രീകൾ കരുതിയിരിക്കുന്നത്. പ്രത്യേകിച്ച് പുറത്ത് ജോലിക്കു പോകുന്ന കാരണം പുരുഷൻ തെറ്റിദ്ധരിക്കാൻ ഇടയുണ്ടെന്ന് അവർ ഭയക്കുന്നു. പ്രവേശരതി (Penetrative Sex) മാത്രമാണ് ശരിയായ ലൈംഗിക പ്രക്രിയ എന്നും മറ്റുള്ളവയെല്ലാം ലൈംഗിക വൈകൃതങ്ങളാണെന്നും അവർ വിശ്വസിച്ചുവരുന്നു. ലൈംഗികമായി കൂടുതൽ അനുഭവം നൽകുന്ന അവയവത്തെക്കുറിച്ച് (clitons) യാതൊരു ബോധവും നേടിയിട്ടില്ലാത്തവരാണ് ഏറെപ്പേരും.

ഭാര്യയുമായിട്ടല്ലാതെ ബാഹ്യമായ ലൈംഗികബന്ധം ഉള്ള പുരുഷൻമാർ കുറവായിരുന്നില്ല. എന്നാൽ ഇവരാരും ഭാര്യക്ക് ഇത്തരത്തിലൊരു ബന്ധം അംഗീകരിക്കുവാൻ തയ്യാറാകുന്നില്ല. 'അങ്ങനെ ഒന്നിനെകുറിച്ച് ചിന്തിക്കാനെ കഴിയുന്നില്ല' – എന്നാണ് മിക്കവരും അഭിപ്രായപ്പെട്ടത്. വിവാഹത്തിനു പുറമേ മറ്റു സ്ത്രീകളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്ന പുരുഷൻമാർക്കും ഈ സ്ത്രീകളെകുറിച്ച് നല്ല അഭിപ്രായമില്ല എന്നതും ശ്രദ്ധേയമാണ്. ലൈംഗികത പാപമാണ് എന്നു വിശ്വസിക്കുന്നവരും ഉണ്ട്. വികാരങ്ങളെ ഉള്ളിലൊതുക്കി സ്വയം പീഢിപ്പിക്കുന്നവരാണ് സ്ത്രീകളിൽ ഏറെപ്പേരും.

സദാചാര വിരുദ്ധമായി ഒന്നും ഉണ്ടാകാതിരിക്കാൻ നിത്യശ്രദ്ധരായ സ്ത്രീകൾ സ്വതന്ത്ര ലൈംഗികത അപകടകരമാണെന്നു വാദിച്ചു. കുടുംബം തകരുമെന്ന് പുരുഷൻമാർ ഭയപ്പെടുന്നു. ലൈംഗികതയ്ക്ക് മേൽ സ്വയം നിർണയാവകാശം ഈ സ്ത്രീകളാരും സ്വപ്നം കാണുന്നുപോലുമില്ല. സ്വയം നിർണ്ണയി

JOSCO
FASHION JEWELLERS
HIGH ROAD, THRISSUR
PH: 420011

Kalarickal Bazar
KOTTAYAM

K.K Road
KOTTAYAM

East Fort
THIRUVANATHAPURAM

M.G Road
ERNAKULAM

ക്കപ്പെടുക സ്ത്രീക്ക് അസാദ്ധ്യമാണെന്നാണവർ പഠിച്ചിരിക്കുന്നത്. പുരുഷാധിപത്യ മൂല്യങ്ങളെകുറിച്ചുള്ള അറിവൊന്നും ഇവർക്കിടയിൽ ഇല്ല എന്നു പറയുന്നതാവും ശരി. അടുത്ത തലമുറക്ക് നിലവിലുള്ള സദാചാര നിഷ്ഠകൾ യാതൊരു ചോർച്ചയുമില്ലാതെ നൽകാൻ സ്ത്രീയും പുരുഷനും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

'കുട്ടികൾക്ക് ആവശ്യമായ ലൈംഗികബോധം സ്കൂളുകളിൽ നിന്നും ലഭിക്കുന്നുണ്ട്. കൂടുതലൊന്നും ആവശ്യമില്ല. ഞങ്ങളെ ആരും പഠിപ്പിച്ചിട്ടില്ല. ഇതു പഠിപ്പിക്കേണ്ടതല്ല; പ്രായമാകുമ്പോൾ താനെ മനസിലാകും' – ഇതാണ് മിക്കവരുടേയും നിലപാട്. ആൺ-പെൺ വേർതിരിവ് സ്കൂളുകളിൽ നല്ലതാണെന്നു തന്നെയാണ് കൂടുതൽ പേരും അഭിപ്രായപ്പെട്ടത്. ചില സ്ത്രീകൾ മാത്രം, കൊച്ചിലെ കുറച്ചുകൂടി അടുത്തിടപഴകാൻ അവസരമുണ്ടായാൽ നന്നാണെന്ന് വാദിച്ചു. പ്രേമബന്ധത്തിൽ പെടുന്നത് കുട്ടികൾക്ക് നല്ലതല്ലെന്നു തന്നെയാണ് പൊതുവിൽ അഭിപ്രായം ഉണ്ടായത്. പഠനത്തിൽ ശ്രദ്ധകുറയുകയും അത് ഭാവിയെ ബാധിക്കുകയും ചെയ്യും എന്നവർ അഭിപ്രായപ്പെട്ടു. മക്കൾക്ക് വിവാഹവും തൊഴിലും ഒരേ സമയം ലഭിക്കുകയും ഏതെങ്കിലും ഒന്നേ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്നും വന്നാൽ ഏതായിരിക്കും സ്വീകരിക്കുക എന്ന ചോദ്യത്തിന് 'മകൾക്ക് വിവാഹവും മകന് തൊഴിലും'– കാരണം ചോദിച്ചപ്പോൾ, മകൾക്ക് വിവാഹമാണ് സുരക്ഷിതത്വം കൊടുക്കുന്നതെങ്കിൽ, മകന് തൊഴിലാണ്.

മാധ്യമങ്ങൾ സ്ത്രീകളേയും കുട്ടികളേയും ദുഷിപ്പിക്കുന്നു എന്ന് മിക്ക പുരുഷൻമാരും അഭിപ്രായപ്പെട്ടു. കൂടുതൽ സമയം ദൃശ്യമാധ്യമത്തിനു മുൻപിൽ കണ്ടത് പുരുഷൻമാരെയാണ്. പ്രത്യുൽപ്പാദന നിയന്ത്രണ മാർഗങ്ങൾ സ്വീകരിച്ചതു മുഴുവൻ സ്ത്രീകളായിരുന്നു. മിക്കവർക്കും അതുമൂലം എന്തെങ്കിലും ശാരീരിക അസ്വാസ്ഥ്യവുമുണ്ട്.

സ്ത്രീപീഡനങ്ങളുടേയും പെൺവാണിഭത്തിന്റെയും കഥകൾ കെട്ടിച്ചമയ്ക്കുന്നത് മാധ്യമങ്ങളാണെന്ന് പുരുഷൻമാരിൽ മിക്കവരും അഭിപ്രായപ്പെട്ടു. മാന്യമായി ജീവിക്കുന്നവരെ ആരും പീഡിപ്പിക്കുകയില്ലെന്നും ചിലർ പറഞ്ഞു. ബസിനുള്ളിലും മറ്റും പീഡിപ്പിക്കപ്പെടുന്നുവെന്ന് നിരന്തരം ആരോപണമുന്നയിക്കുന്ന ചില സ്ത്രീകൾ മനോരോഗികളോ അച്ചടക്കമില്ലാത്തവരോ പുരുഷന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ ശ്രമിക്കുന്നവരോ ആണെന്ന് ചിലർ പറയുകയുണ്ടായി.

ഇപ്പോഴുള്ളതിൽ കൂടുതൽ ലൈംഗിക വിദ്യാഭ്യാസം ആവശ്യമില്ലെന്ന അഭിപ്രായത്തിന് അധ്യാപകർക്കിടയിലും നല്ല സ്വാധീനമാണ്. ഹൈസ്കൂൾ ക്ലാസുകളിൽ

തുല്യത വാക്കുകളിലൊതുക്കാത്ത, വ്യക്തികൾ തമ്മിലുള്ള കൂട്ടായ്മയിലൂടെ വ്യക്തിവികാസം സാധ്യമാകുന്ന സ്വന്തം വികാസത്തിന് മറ്റെ ആളിന്റെ സാന്നിധ്യം തടസമാകാത്ത, സ്വന്തം ലൈംഗികതയുടെമേൽ പൂർണമായ സ്വയം നിർണയാവകാശമുള്ള ഒരേ ലിംഗക്കാരോ, എതൃലിംഗക്കാരോ തമ്മിലുള്ള ഒത്തുകൂടൽ ഗുണപരമായ മാറ്റമായിരിക്കും.

ലൈംഗികതയെകുറിച്ചും ലൈംഗിക അവയവങ്ങളെകുറിച്ചും പഠിപ്പിക്കുമ്പോൾ ബുദ്ധിമുട്ടും നാണക്കേടും അനുഭവപ്പെടാറുണ്ടെന്ന് മിക്ക അദ്ധ്യാപകരും പറഞ്ഞു. വസ്ത്രധാരണത്തിൽ പ്രത്യേകം പെൺകുട്ടികൾ ശ്രദ്ധിക്കണമെന്നും മാന്യമല്ലാത്ത വേഷം ഒഴിവാക്കണമെന്നും അദ്ധ്യാപകർക്ക് സംശയം ഉണ്ടായിരുന്നില്ല. മാന്യമായ വേഷം ഏതൊക്കെയാണെന്ന ചോദ്യത്തിന് സാരി എന്ന് ഉത്തരം പറഞ്ഞവരാണ് ഏറെപ്പേരും. നല്ല വസ്ത്രധാരണ രീതി പഠിപ്പിക്കാൻ വേണ്ടി തങ്ങളുടെ സ്കൂളുകളിൽ 'ഡ്രസ് കോഡ്' ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അദ്ധ്യാപകർ പറഞ്ഞു. ലൈംഗികതയെകുറിച്ചുള്ള അബദ്ധധാരണകൾ അദ്ധ്യാപകർ കുട്ടികളിൽ കുത്തിനിറയ്ക്കുന്നു. നിയന്ത്രണത്തിലൂടെ പരസ്പരം അറിയാത്തവർഗങ്ങളായി പുരുഷനേയും സ്ത്രീയേയും മാറ്റുവാൻ ഇവർ ശ്രദ്ധിക്കുന്നുണ്ട്.

പഠനവിധേയരായവരെല്ലാം ഏതെങ്കിലും സർവ്വീസ് സംഘടനയിലോ തൊഴിൽസംഘടനയിലോ അംഗങ്ങളാണ്. ഏറെപ്പേരും പുരോഗമന പ്രസ്ഥാനങ്ങളിലെ അംഗങ്ങൾ. ഇതുകൊണ്ടൊന്നും സ്ത്രീ -പുരുഷ ബന്ധത്തിലെ യാഥാസ്ഥിതികതയ്ക്ക് മാറ്റം വന്നിട്ടില്ല. മാത്രവുമല്ല, ഇന്നു നിലനില്ക്കുന്ന ഈ സാമൂഹ്യമൂല്യബോധമാണ് അവസാനത്തെ ശരിയെന്നവർ ഉറച്ചു വിശ്വസിക്കുകയും ചെയ്യുന്നു.

വ്യവസ്ഥാപിത സ്ത്രീ സംഘടനകൾ സദാചാരത്തിനകത്തുനിന്ന് പുരുഷമൂല്യ സങ്കൽപ്പങ്ങൾക്കു വേണ്ടി മാത്രം സംസാരിക്കുന്നു. അവരൊരിക്കലും അധികാരം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന പുരുഷാധിപത്യ മൂല്യങ്ങളെ തകർക്കാൻ കൂട്ടുനിൽക്കുകയില്ല. സ്ത്രീ വിമോചന സംഘടനകൾക്ക് ചെറിയ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. വേരുകൾ നേടിക്കഴിഞ്ഞ രാഷ്ട്രീയ ബോധത്തിലൂടെ പുരുഷാധിപത്യ മൂല്യങ്ങൾ ഉറച്ചുപോയതു മൂലം പെട്ടന്നൊരു മാറ്റം അസാദ്ധ്യമാണ്. വ്യക്തി, ജീവിതത്തിൽ നടത്തുന്ന കലാപങ്ങൾ രാഷ്ട്രീയമാണെന്നു സ്ത്രീ തിരിച്ചറിയുന്നില്ല. വ്യക്തിപരമായവ രാഷ്ട്രീയവും കൂടിയാണെന്നുള്ള തിരിച്ചറിവില്ലാത്ത സംഘടിത സ്ത്രീ പ്രസ്ഥാനങ്ങൾക്ക് പകരം, പ്രസ്ഥാനങ്ങൾ രൂപപ്പെടുകയാണ് വേണ്ടത്.

' അടുത്ത കാലത്തായി സ്ത്രീ വിമോചന ഗ്രൂപ്പുകൾ സദാചാരവാദികളുടെ പിന്നാമ്പുറങ്ങൾ തേടുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ലൈംഗികതയെകുറിച്ചും ലൈംഗിക തൊഴിലാളികളെ കുറിച്ചും അടുത്തകാലത്തു നടന്ന ചർച്ചകളിൽ പല സ്ത്രീ വിമോചന ഗ്രൂപ്പുകളുടേയും നിലപാട് അത്തരത്തിൽ ചിന്തിപ്പിക്കുന്നു. പുരുഷ സാമൂഹ്യവ്യവസ്ഥയുടെ ഉൽപ്പന്നമായ ലൈംഗിക തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച സജീവമാക്കിയെടുക്കുകയും തിരസ്കൃതരുടെ ശബ്ദമെന്ന നിലയിൽ പുരുഷ മേധാവിത്വത്തിനെതിരെ പുതിയ രാഷ്ട്രീയ കലാപം തുറന്നുവിടുകയും ചെയ്യേണ്ടിയിരുന്നിടത്ത്, സദാചാരത്തിന്റെ പക്ഷം പിടിച്ച് നിലപാടു സ്വീകരിച്ച സ്ത്രീ വിമോചന ഗ്രൂപ്പുകൾ തങ്ങളോടുതന്നെ നീതികേടു കാട്ടി എന്നു പറയാതെ തരമില്ല.

വിവാഹമെന്ന സാമൂഹ്യ സംവിധാനത്തിൽ അടിസ്ഥാനപരമായ പൊളിച്ചെഴുത്ത് ആവശ്യമാണ്. തുല്യത വാക്കുകളിലൊതുക്കാത്ത വ്യക്തികൾ തമ്മിലുള്ള കൂട്ടായ്മയിലൂടെ വ്യക്തിവികാസം സാധ്യമാകുന്ന സ്വന്തം വികാസത്തിന് മറ്റെ ആളിന്റെ സാന്നിധ്യം തടസമാകാത്ത, സ്വന്തം ലൈംഗികതയുടെമേൽ പൂർണമായ സ്വയം നിർണയാവകാശമുള്ള ഒരേ ലിംഗക്കാരോ, എതൃലിംഗക്കാരോ തമ്മിലുള്ള ഒത്തുകൂടൽ ഗുണപരമായ മാറ്റമായിരിക്കും. ഏതു സമയത്തും പിരിയാനുള്ള സ്വാതന്ത്ര്യം നിലനിർത്തുന്നതുകൊണ്ട് രണ്ടു പേർക്കും നന്നായി സ്നേഹിക്കാനും ജീവിക്കാനും കഴിയും. മാനസിക സംഘർഷം നിറഞ്ഞ ഇന്നത്തെ കുടുംബ സംവിധാനത്തിനും സ്ത്രീ-പുരുഷ ബന്ധങ്ങൾക്കും പകരം, പരീക്ഷണങ്ങൾക്ക് തയ്യാറാവുകയാണ് പുതിയ രാഷ്ട്രീയം. വരും കാലങ്ങൾ സ്ത്രീ-പുരുഷ സമത്വം സ്ഥാപിക്കുന്നതിനുള്ള പുതിയ രാഷ്ട്രീയ പരീക്ഷണങ്ങളുടെ കാലമായിരിക്കും. അതായിരിക്കും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സാമൂഹ്യ പുരോഗതിക്ക് അനിവാര്യമായിട്ടുള്ളത്.

വിമോചനം തടവുകാരൻെറയും സൂക്ഷിപ്പുകാരൻെറയും

മഡോണ

മനുഷ്യൻ നേരിടുന്ന ഏതൊരു പ്രശ്നത്തേയും മനുഷ്യസമുദായത്തിൻെറ മുഴുവൻ പ്രശ്നമായാണ് കാണേണ്ടത്. ഏതെങ്കിലുമൊരു പ്രത്യേക വിഭാഗത്തിൻെറ - തൊഴിലാളികളുടെ, ഒരു പ്രത്യേക ജാതിക്കാരുടെ, സ്ത്രീകളുടെ - പ്രശ്നമായി കണക്കാക്കി പരിഹരിക്കാൻ ശ്രമിച്ചാൽ അതൊരിക്കലും പരിഹരിക്കപ്പെടുകയില്ല. ശരീരത്തെ മറന്നുകൊണ്ട് രോഗം വന്ന അവയവത്തെ ചികിത്സിക്കുന്നതു പോലെയാണത്.

വളർച്ചയെത്താത്ത മനസിൻെറ സ്വഭാവമാണ് മേധാവിത്വ മനോഭാവം. ഇത് സമൂഹത്തെ മുഴുവനായി ഗ്രസിച്ചിരിക്കുന്നു. ഭരണാധികാരികൾക്ക് ജനങ്ങളുടെമേൽ, നേതാവിന് അനുയായികളുടെമേൽ, എഴുത്തുകാരന് വായനക്കാരൻെറമേൽ, പുരുഷന് സ്ത്രീകളുടെമേൽ, മുതിർന്നവർക്ക് കുട്ടികളുടെമേൽ എന്നിങ്ങനെ. ആയതിനാൽ ചികിത്സ സമൂഹത്തിന് മൊത്തത്തിൽ വേണം.

മനുഷ്യൻെറ ഭൗതികമായ പ്രശ്നങ്ങളെ മാത്രമേ നമുക്ക് രാഷ്ട്രീയമായി പരിഹരിക്കാൻ കഴിയുകയുള്ളൂ. നിഗൂഢമായ മാനസിക വൈകല്യങ്ങളെ പരിഹരിക്കാനാവില്ല. ആന്തരികമായ പരിവർത്തനമുണ്ടാവുകയും പങ്കുവയ്ക്കാനുള്ള തോന്നൽ സ്വയം വിടരുകയുമാണ് വേണ്ടത്. ഒരു നിയമം കൊണ്ടോ, മറ്റേതെങ്കിലും തരത്തിലുള്ള നിർബന്ധം കൊണ്ടോ ഒരാൾ പങ്കുവെക്കലിന് തയ്യാറാകുന്നത് എത്ര യാന്ത്രികമാണ്? ആത്മീയമായ ഒരു വിപ്ലവം കൊണ്ടുമാത്രമേ നമുക്ക് നമ്മുടെ ഉള്ളിൽത്തന്നെയുള്ള മേധാവിത്വ മനോഭാവത്തിൻെറ ആഴങ്ങളെ കാണുവാൻ കഴിയുകയുള്ളൂ. ആകയാൽ ഈ പ്രശ്നത്തിൻെറ ശാശ്വതമായ പരിഹാരം ആത്മീയ തലത്തിലാണ്.

ഓരോ മനുഷ്യനിലും പുരുഷശക്തിയും സ്ത്രീശക്തിയുമുണ്ട്. പങ്കുവെക്കാനുള്ള കഴിവ്, സ്നേഹം, മറ്റുള്ളവർക്ക് വേണ്ടി സ്വന്തം ഇഷ്ടങ്ങൾ മാറ്റിനിർത്തൽ ഇവയൊക്കെ സ്ത്രൈണ പ്രവണതകളാണ്. ആത്മീയമായി പക്വമാകുമ്പോൾ സമൂഹം സ്ത്രൈണമാവുകയാണ്. ബുദ്ധൻെറ സമൂഹം സ്ത്രൈണമായിരുന്നു. ബുദ്ധബിംബങ്ങൾ സ്ത്രൈണമാണ്.

നമ്മുടെ വിദ്യാഭ്യാസ സംവിധാനം പുരുഷശക്തി വളർത്തുന്ന തരത്തിലാണ്. മത്സരിക്കലും കീഴടക്കലുമൊക്കെ നാം ക്ലാസ്മുറികളിൽ നിത്യേന പരിശീലിപ്പിക്കുന്നു. ബുദ്ധിയെ കേന്ദ്രമാക്കുമ്പോൾ പുരുഷശക്തിയാണ് വളർത്തപ്പെടുന്നത്. ആണിലും പെണ്ണിലും സ്ത്രീശക്തി വളർത്തപ്പെടുമ്പോൾ സ്ത്രീ-പുരുഷ ബന്ധം സർഗാത്മകമാവുന്നു. അപ്പോൾ സ്നേഹത്തിൻെറ മൊട്ടുകൾ പതുക്കെ വിടരാൻ തുടങ്ങുന്നു.

പരസ്പരമുള്ള അഗാധമായ പ്രണയത്തിൽ നിന്നുതിരുന്ന സംഗീതമാണ് സെക്സ്. മനസിനും ശരീരത്തിനും പരിപൂർണമായ ആനന്ദമാണ് അതുമൂലം ലഭിക്കേണ്ടത്. സെക്സ് പാപമാണെന്ന് വളരെ ചെറുപ്പത്തിലേ പറഞ്ഞുറപ്പിക്കുന്നതുകൊണ്ട് ലൈംഗികതയുടെ നൈസർഗികമായ വിടരൽ നടക്കുന്നേയില്ല. പുരുഷൻെറ മേധാവിത്വപൂർണമായ മനോഭാവം സെക്സ് ഒരാക്രമണമാക്കി മാറ്റുന്നു.

ആണായാലും പെണ്ണായാലും സ്വന്തമായി വ്യക്തിത്വം ഉണ്ടാക്കാൻ കുട്ടികളെ സഹായിക്കുകയാണ് രക്ഷിതാക്കൾ ചെയ്യേണ്ടത്. വിവാഹത്തിൻെറ കാര്യത്തിൽ രക്ഷിതാക്കളുടെ സ്വാധീനം അല്പംപോലും ഉണ്ടാകരുത്. പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള പൂർണ അവകാശം വ്യക്തിക്ക് മാത്രമായിരിക്കണം. അത് വിജയമായാലും പരാജയമായാലും ജീവിതത്തിൽ വിജയം പോലെത്തന്നെ പ്രധാനമാണ് പരാജയവും. ഒന്നിച്ചുനില്ക്കാൻ സ്വാതന്ത്ര്യമുള്ളതു പോലെ പിരിഞ്ഞു പോകാനുള്ള സ്വാതന്ത്ര്യവും ആവശ്യമാണ്.

സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം ജയിൽപ്പുള്ളിയുടേതാണെങ്കിൽ പുരുഷൻേറത് ജയിൽ സൂക്ഷിപ്പുകാരൻേറതാണ്. ജയിൽപ്പുള്ളിയും സൂക്ഷിപ്പുകാരനും ഒരേ നിയമവ്യവസ്ഥയുടെ തടവുകാരാകുന്നു. വിപ്ലവം ജയിൽപ്പുള്ളിയെ എന്നതുപോലെ സൂക്ഷിപ്പുകാരനേയും മോചിപ്പിക്കുന്നു.

ജാതിശരീരത്തിൽ നിന്ന് ലിംഗശരീരത്തിലേക്ക്

ബി. രാജീവൻ

കേരളത്തിലെ ലൈംഗികതയേയും ആധുനിക കർതൃരൂപീകരണത്തേയും സംബന്ധിച്ച ഒരു പഠനം

ചണ്ഡാലി തൻ മെയ് ദ്വിജന്റെ
ബീജ പിണ്ഡത്തിനൂഷരമാണോ?
(ചണ്ഡാലഭിക്ഷുകി)

കുമാരനാശാന്റെ ഈ ഈരടികൾ എന്റെ അന്വേഷണ വിഷയത്തിന് ഒരു ഉപാധിയാകുമെന്ന് ഞാൻ കരുതുന്നു. കാരണം എന്റെ അന്വേഷണം മനുഷ്യശരീരത്തിന്റെ വിന്യാസ പ്രക്രിയയിൽ രാഷ്ട്രീയ സങ്കേതങ്ങളുടെ മാറ്റം എപ്രകാരമാണെന്നും കേരളത്തിലെ സാമൂഹ്യ പരിവർത്തന പ്രക്രിയയിൽ അതെങ്ങനെ പ്രയോഗക്ഷമമാകുന്നുവെന്നും പരിശോധിക്കുന്നു. മേൽചൊന്ന ഈരടിയിൽ അധികാരബന്ധങ്ങൾക്കുള്ളിൽ മനുഷ്യശരീരം തന്നെ കേന്ദ്രപ്രമേയമായിരിക്കുന്നു എന്നുമാത്രമല്ല, ഈ ശരീരങ്ങളുടെ പുനർവിന്യാസം ഒരധികാരബന്ധത്തിൽ നിന്ന് മറ്റൊന്നിലേക്കുള്ള പരിവർത്തനത്തിൽ സംഭവിക്കുന്നുണ്ടെന്ന സൂചനകൂടി തരുന്നുണ്ട്. കേരളത്തിലെ ജാതി ഘടനയുടെ പിടിയിലമർന്നിരുന്ന ശരീരങ്ങൾ ലിംഗസംബന്ധിയായ വ്യവഹാരങ്ങളുടേയും പ്രയോഗങ്ങളുടേയും മണ്ഡലത്തിലേക്ക് എപ്രകാരം പരിവർത്തിച്ചുവെന്നും അതുവഴി ജാതി ബന്ധിത ശരീരങ്ങൾ സ്വയം ലിംഗ ശരീരങ്ങളായി മാറി എന്ന വസ്തുതയും അന്വേഷിക്കുന്നുണ്ട്.

കേരളത്തിലെ സമകാലിക ലൈംഗികതയുടേയും ആധുനിക മലയാളി കർതൃത്വ രൂപീകരണത്തിന്റെയും ചരിത്രം എന്ത് എന്നതാണ് എന്റെ അന്വേഷണ വസ്തു. ഇത് മുഖ്യമായും ജാതി-ഉപജാതി ഘടനയിൽ നിന്ന് ശരീരങ്ങളുടെ അത്യന്തം ഭിന്നങ്ങളായിട്ടുള്ള രണ്ട് വിന്യാസരീതികളുടെ അന്തരങ്ങളിലും അവയുടെ ഫലങ്ങളിലുമാണ് ഊന്നുന്നത്. മുഖ്യമായും മൂന്ന് ഘട്ടങ്ങളിലൂടെ ഈ പഠനം കടന്നുപോകുന്നു. കേരളത്തിലെ ജാതി-ഉപജാതി ഘടനകളിൽ അധിഷ്ഠിതമായിരുന്ന ലൈംഗികതയുടെ സ്ഥാനമെന്തെന്നും ശരീരങ്ങളുടെ തന്നെ ഘടനയുടേയും വിന്യാസത്തിന്റെയും വിശകലനത്തിലൂടെ ജാതി-ഉപജാതി സങ്കേതങ്ങളെ എപ്രകാരമാണ് അക്കാലത്തെ സ്വത്വസങ്കല്പത്തിന് രൂപം നൽകിയതെന്ന് വിശദമാക്കുക എന്നതാണ് ഒന്നാമത്തെ ഘട്ടം. തുടർന്ന് ലിംഗഭേദത്തിലധിഷ്ഠിതമായ നൂതന വ്യതിരിക്തതകളും വ്യവഹാരങ്ങളും ജാതി-ഉപജാതി സങ്കേതങ്ങളെ എപ്രകാരം മാറ്റിതീർക്കുന്നുവെന്നും ലിംഗബോധമുള്ള ഒരു ശരീരം എപ്രകാരം ആവിർഭവിക്കുന്നുവെന്നും ആ ശരീരം തൃഷ്ണയുള്ള കർതൃ സങ്കല്പത്തിന്റെ അടിസ്ഥാനമാകുന്നതെങ്ങിനെയെന്നും വിശദീകരിക്കുന്നു. മൂന്നാമതായി, മലയാളി ശരീരത്തിലെ ചരിത്രരൂപീകരണത്തിൽ നിന്നും ചില ഭിന്നമായ സവിശേഷതകളെ ആസ്പദിച്ച് സമകാലിക ലൈംഗികതയെയും കർതൃത്വത്തെയും സംബന്ധിച്ച ചില ആധുനിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും ഞാൻ ശ്രമിക്കുന്നുണ്ട്.

കേരളത്തിലെ ജാതി-ഉപജാതി ഘടനക്ക് സ്വന്തം സവിശേഷതയുണ്ടായിരുന്നെങ്കിൽ കൂടി അത് ഇന്ത്യയിൽ നിലനിന്നിരുന്ന ബ്രാഹ്മണിക്-വർണ-ജാതിഘടനയുടെ ഒരു വകഭേദവുമായിരുന്നു. ഇത്തരം സമുദായങ്ങളിൽ ആധിപത്യത്തിലിരിക്കുന്ന വിഭാഗത്തിന്റെ മുഖ്യ താല്പര്യം ഭിന്നരക്തങ്ങളുടെ കൂടികലരൽ തടയുക എന്നതായിരുന്നു. മാത്രമല്ല, ജാതി സമ്പ്രദായത്തിന്റെ സവിശേഷ രീതിയിൽ തന്നെ തൊഴിൽവിഭജനം അഭംഗുരം നിലനിർത്തുകയെന്നതും അത് ലക്ഷ്യം വച്ചിരുന്നു. പൗരാണിക ഗ്രീസിലെ മാതിരി അടിമകൾക്കുമേൽ സ്വയം സ്ഥാപിച്ച സ്വതന്ത്രപൗരൻമാരുടെ വർഗാവിർഭാവത്തിന്റെ സാധ്യത ഇവിടെ ഇല്ലായിരുന്നു. സ്വതന്ത്രമായ ഒരു സ്വത്വത്തിന്റെ അഭാവം ആദ്യകാല ഇന്ത്യൻ സാമൂഹ്യ രൂപീകരണത്തിന്റെ സവിശേഷതയായിരുന്നു. മാത്രമല്ല, വ്യക്തികളുടെ ജീവസന്താരണത്തിന്റെ അവസ്ഥകൾ, അതങ്ങേയറ്റം ആന്തരികവൽകരിക്കപ്പെട്ടതും ആത്മബോധമുറ്റവരെന്ന് കരുതപ്പെടുന്നവരുടേതടക്കം, ആജീവനാന്തം ആചാരങ്ങളുടേയും സംഹിതകളുടേയും തടവിൽ നിബന്ധമായിരുന്നു



പുരുഷൻമാർക്കും സ്ത്രീകൾക്കും അവരുടെ കുടുമയുടെ രൂപവും ചായ്‌വും മുടിക്കെട്ടിൻെറ സവിശേഷതയും മതപരവും ജാതിയവുമായ തിരിച്ചറിയൽ ലക്ഷണങ്ങളായിരുന്നു. കേരളത്തിലെ ബ്രാഹ്മണ സമ്പ്ര ദായത്തിൻെറ ശാസനമായ ശങ്കരസ്മൃതി കുടുമയുടെ സ്ഥാനവും സവിശേഷതയും പ്രതിപാദിക്കുന്നുണ്ട്. തോന്നിയപോലെ അത് മാറ്റാൻ ശ്രമിച്ചാൽ മരണശിക്ഷ നിശ്ചയമായിരുന്നു.

വെന്നതും പ്രസ്താവ്യമാണ്. ഈ അവസ്ഥ സ്വതന്ത്ര സ്വത്വപ്രവർത്തനത്തിന് ഒരു സാധ്യസ്ഥലവും നൽകിയില്ല. മുൻ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ജാതി-ഉപജാതി ഗ്രാമ്യ സമുദായങ്ങൾക്കും ഇത് ബാധകമായിരുന്നു.

ഇത്തരുണത്തിൽ സവിശേഷമായ ചില സങ്കേതരൂപങ്ങൾ (Modes of Techniques) കൂടി ഞാൻ കാണുന്നു. ഈ സങ്കേതരൂപങ്ങൾ ശരീരങ്ങളെ തന്നെയാണ് പ്രത്യയശാസ്ത്രപരമായി രൂപകല്പന ചെയ്യുന്നത്. ജാതി സമ്പ്രദായം ആന്തരീകവല്കരിച്ച ശരീരത്തിന് അത് വിഭാവനം ചെയ്യുന്ന സ്ഥലപരമായ അതിരുകൾക്കുള്ളിലേ സ്വയം വിന്യസിക്കാനാവുകയുള്ളൂ. കേരളത്തിൽ അത് ജാതി സമ്പ്രദായത്തിൻെറ ശ്രേണീസങ്കല്പമനുസരിച്ചാണ് സഞ്ചരിച്ചിട്ടുള്ളത്. ജാതി ഘടനയ്ക്കുള്ളിൽ തീണ്ടാമതി പാലിക്കുകയെന്നത് കർശനമായിരിക്കുന്നതിനാൽ ആദ്യ കാഴ്ചയിൽ തന്നെ ജാതിയെന്തെന്ന് തിരിച്ചറിയുക എന്നത് ആവശ്യമായി തീരുന്നു. വസ്ത്രധാരണം, കുടുമയുടെ രീതിയും ചായ്‌വും, ആഭരണനിർമ്മിതിക്കുപയോഗിച്ചിരുന്ന ഭിന്നസാമഗ്രികൾ എന്നിവയെല്ലാം ഒരു ശരീരം ഏത് ജാതിയിൽപെട്ടതാണെന്ന് വിശദീകരിക്കും.

20-ാം നൂറ്റാണ്ടിൻെറ ആരംഭം വരെ മലയാളിയുടെ വസ്ത്രധാരണ രീതി ശരീരത്തിൻെറ നഗ്നതയെ സംബന്ധിച്ച പ്രാഥമിക ധാരണയ്ക്ക് അനുപൂരകമായിരുന്നില്ല. കാരണം, വസ്ത്രധാരണ രീതികളിൽ കാണുന്ന പ്രകടമായ വ്യത്യസ്തതകൾ ഓരോ ജാതിക്കും ഉപജാതിക്കും വിധിച്ചിട്ടുള്ള സമ്പ്രദായങ്ങൾക്കനുയോജ്യമായിരുന്നു. വസ്ത്രമെന്നത് അതണിഞ്ഞിരിക്കുന്ന ശരീരം ഏത് ജാതിയിൽപെടുന്നുവെന്ന ചിഹ്നവ്യവസ്ഥയെയാണ് ദ്യോതിപ്പിച്ചത്.

ജീവിക്കുന്ന ജാതിവ്യവസ്ഥയുടെ ശ്രേണിക്കൊത്ത് അരയിൽ ചുറ്റിയ വസ്ത്രം കാൽമുട്ടിന് തൊട്ടുമുമ്പോ അഥവാ അതിനു താഴെയോ, അതുമല്ലെങ്കിൽ ഞെരിയാണിവരേയോ അതിനെ മറച്ചോ അവസാനിക്കണം. ഈ ആചാരം മറികടക്കാൻ ആർക്കും കഴിഞ്ഞിരുന്നില്ല. അതിന് ശ്രമിച്ചാൽ ശിക്ഷ മരണമായിരിക്കുകയും ചെയ്യും.

പുരുഷൻമാർക്കും സ്ത്രീകൾക്കും അവരുടെ കുടുമയുടെ രൂപവും ചായ്‌വും മുടിക്കെട്ടിൻെറ സവിശേഷതയും മതപരവും ജാതിയവുമായ തിരിച്ചറിയൽ ലക്ഷണങ്ങളായിരുന്നു. കേരളത്തിലെ ബ്രാഹ്മണ സമ്പ്രദായത്തിൻെറ ശാസനമായ ശങ്കരസ്മൃതി കുടുമയുടെ സ്ഥാനവും സവിശേഷതയും പ്രതിപാദിക്കുന്നുണ്ട്. തോന്നിയപോലെ അത് മാറ്റാൻ ശ്രമിച്ചാൽ മരണശിക്ഷ നിശ്ചയമായിരുന്നു. സ്ത്രീകളുടെ മുടിക്കെട്ടിൻെറ കാര്യത്തിലും ജാതിശ്രേണിക്കനുസൃതമായ രൂപഭാവ ഭിന്നതകൾ നിർദ്ദേശിക്കപ്പെട്ടിരുന്നു. ഉയർന്ന ജാതി സ്ത്രീകൾ ഇടംചെരിച്ച് മുടിക്കെട്ടുമ്പോൾ കീഴ്ജാതിക്കാർക്ക് വലംചെരിച്ച് ചെവിക്കുമുകളിലായി അത് കെട്ടിവയ്ക്കണം എന്നത് നിഷ്ഠയായിരുന്നു. മലയാളി പുരുഷൻമാർ കുടുമ മുറിച്ചതിനെപറ്റി ഒരുല്പതിഷ്ണു ചരിത്രകാരനായ കെ.പി.പത്മനാഭമേനോൻ കൈകൊണ്ട നിലപാടുതന്നെ ജാതിവ്യവസ്ഥയുടെ ദൃഢത ബോധ്യപ്പെടുത്തുന്നതാണ്. സ്ത്രീകൾ മാറ് മറയ്ക്കുന്നതിനോട് പുരോഗമനപരമായി പ്രതികരിച്ച മേനോനുപോലും പുരുഷൻമാർ കുടുമ മുറിക്കുന്നതിനെ അംഗീകരിക്കാൻ കഴിഞ്ഞില്ലയെന്നത് മലയാളി ഹിന്ദുക്കളുടെ ഇടയിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ള അസ്തിത്വപ്രശ്നമെന്തെന്ന് കാണിക്കുന്നു.

ഹിന്ദു സ്ത്രീ-പുരുഷൻമാർ അവരുടെ നെറ്റിയിൽ ചാർത്തിയിരുന്ന ചന്ദനക്കുറിയുടെ രൂപവും എണ്ണവും പോലെത്തന്നെ സ്ത്രീകളണിയുന്ന ആഭരണങ്ങളുടെ രൂപഭംഗിയും എണ്ണവും അവ പണിയാൻ ഉപയോഗിച്ച ലോഹവും ജാതി-ഉപജാതിയെ കൃത്യമായി സൂചിപ്പിക്കും. ഉദാഹരണത്തിന് ചന്ദ്രക്കലയുടെ ആകൃതിയിൽ മൂന്ന് ചന്ദനക്കുറികൾ തൊടുന്ന ഉന്നതകുലയായ ബ്രാഹ്മണസ്ത്രീ. മൂന്ന് നെടുംകുറി തൊടുന്ന ബ്രാഹ്മണസ്ത്രീയെക്കാൾ ഉയർന്ന വിഭാഗത്തിലാണുള്ളത്. ചെമ്പുവളകളണിയുന്ന ബ്രാഹ്മണ സ്ത്രീ ഓട്ടുവളകളണിയുന്ന ബ്രാഹ്മണ സ്ത്രീയിൽ നിന്ന് ഉപജാതിപരമായി മുകളിലാണ്. ഈ വ്യത്യാസം വളകൾ ഉണ്ടാക്കിയിരുന്ന ലോഹത്തിൻെറ കാര്യത്തിൽ മാത്രമല്ല. അണിയുന്ന വളകളുടെ എണ്ണത്തിലും ബാധകമായിരുന്നു. കുലീനരായ ബ്രാഹ്മണ സ്ത്രീകൾ പതിനഞ്ച് ഓട്ടുവളകൾ വലംകയ്യിലും പതിനാലെണ്ണം ഇടംകയ്യിലും ധരിച്ചിരിക്കും. അതിനു താഴെ നിൽക്കുന്നവർ യഥാക്രമം പത്തും ഒൻപതും ഓട്ടുവളകളാണ് അണിയുക. ഈ നിബന്ധനകൾ കർക്കശമായിരുന്നു. എന്തെന്നാൽ ഒരു നിസാരമായ കൈകുറ്റംപോലും ഒരു ജാതിയെ ഉപജാതി തെറ്റിദ്ധരിപ്പിക്കുകയും അതുവഴി ഗൗരവതരമായ പരിണിതഫലങ്ങൾ ഉണ്ടാവുകയും ചെയ്യുമായിരുന്നു. ഇത്തരത്തിൽ ജാതി-ഉപജാതി ശരീരങ്ങൾക്ക് രൂപം നൽകുന്ന പ്രയോഗങ്ങൾ ധാരാളമാണെന്നതിനാൽ ഞാനിതിവിടെ നിർത്തട്ടെ.

ഇനി നമുക്ക് മനുഷ്യശരീരങ്ങളെ ജാതി -ഉപജാതി വിഭാഗങ്ങളായി തരംതിരിക്കുന്നത് എപ്രകാരമാണെന്ന് നോക്കാം. കേരളത്തിൽ ഭരണജാതിയടക്കം എല്ലാ ജാതി വിഭാഗങ്ങളും ബ്രാഹ്മണർക്ക് അസ്പൃശ്യരാണ്. ബ്രാഹ്മണേതരമായ എല്ലാ ജാതിശരീരങ്ങൾക്കും അയിത്തമെന്നത് ജൻമസിദ്ധമാണെന്നതാണ് സങ്കല്പം. താഴോട്ടുപോകുമ്പോൾ അയിത്ത സങ്കല്പം അധികരിച്ചുകൊണ്ടേയിരിക്കും.

ഇക്കാരണത്താൽ കീഴ്ജാതികളടക്കമെല്ലാവരും അയിത്തമെന്നത് ഒരാചാരംപോലെ സൂക്ഷിച്ചുപോന്നു. അതിനാൽ അയിത്തം എന്ന സങ്കല്പനം തന്നെ ശരീരങ്ങൾ തമ്മിലുള്ള യഥാർത്ഥ സ്പർശത്തിൻെറ മാത്രം അടിസ്ഥാനത്തിലല്ല മറിച്ച്, തീണ്ടുന്ന ശരീരത്തിൻെറ അയിത്ത സാധ്യതയേയും തീണ്ടപ്പെടുന്നതിൻെറ ആപേക്ഷികമായ ശുദ്ധിയേയും കൂടി അടിസ്ഥാനമാക്കുന്ന ഒരു ബോധമാണ്. അതിനാൽ ശരീരങ്ങൾ തമ്മിലുള്ള സ്പർശമെന്നത് ഒരു സ്ഥലസംബന്ധിയായ പ്രവർത്തിയാകുന്നു. ചിലപ്പോൾ അത് വാച്യസംബന്ധിയുമാകുന്നു. വലിപ്പ ചെറുപ്പത്തിൻെറയും അയിത്തത്തിൻെറയും പേരിലുള്ള ശരീരങ്ങളുടെ വിഭജന-വിതരണ ക്രമം ഇതേ ശരീരങ്ങളെ സ്ഥലപരമായി വിന്യസിക്കുന്നതിനെ സംബന്ധിച്ച കർശന നിയമത്തിൽ നിഷ്ഠമാണ്. കീഴാള ശരീരങ്ങൾ മേലാളരുമായി സൂക്ഷിക്കേണ്ട അകലം 1911ലെ ജനസംഖ്യാ റിപ്പോർട്ടിൽ ഇപ്രകാരമാണ്.

ഈഴവർ, കമ്മാളർ, പാണർ, കണിയാർ - 24അടി

അരയർ, മുക്കുവർ, വാലർ, വേലർ - 32 അടി

കണക്കൻ - 48അടി

പുലയൻ, ഉള്ളാടൻ - 64 അടി
നായാടി, പറയൻ, വേട്ടുവൻ - 72 അടി

ഇത്തരം പ്രയോഗങ്ങൾക്കുപരി ഇതിനെല്ലാം ഒരു ധർമ്മസംഹിതയുമുണ്ടായിരുന്നു. ഇന്ത്യയിലെ മേൽജാതിക്കാരെല്ലാം മനുസ്മൃതി അവരുടെ സംഹിതയായി കരുതിയപ്പോൾ കേരളത്തിലെ ബ്രാഹ്മണർ ശങ്കരസ്മൃതിയാണ് പിന്തുടർന്നത്. അതിൽ കർശനമായി പാലിക്കേണ്ട 64 പ്രയോഗങ്ങളെപ്പറ്റി പറയുന്നുണ്ട്. ഇതെല്ലാംതന്നെ ഇന്ത്യയിലെ പൊതുരീതികളിൽ നിന്ന് ഭിന്നവുമായിരുന്നു. മറ്റെല്ലാ സ്മൃതികളെപോലെ ശങ്കരസ്മൃതിയും കേരളീയ ബ്രാഹ്മണരുടെ ആജന്മ പ്രവർത്തനങ്ങളെയാണ് നിജപ്പെടുത്തിയത്. സ്വതന്ത്രമായ ഒരു സ്ഥലം ഇതാർക്കും അനുവദിച്ചു കൊടുത്തിട്ടുമില്ല.

ജാതി ശരീരത്തിൻെറ ഘടന നിർണയിക്കുന്ന മേൽചൊന്ന വിശദീകരണം ജാതി സമുദായത്തിനുള്ളിലെ സ്വത്വത്തിൻെറ പ്രകൃതവും വെളിവാക്കുന്നുണ്ടല്ലോ. ഈ സ്വത്വമെന്തെന്ന് മനസിലാക്കാൻ നമ്മെ സഹായിക്കുന്ന വ്യത്യസ്തമായൊരുദാഹരണം കൂടി പറയാം. ശിക്ഷണ നടപടികളുടെ നിറവേറലും ശിക്ഷ വിധേയമാക്കുന്ന വസ്തുവും ഒരു സമുദായത്തിൽ ശരീരത്തെ സംബന്ധിച്ച സങ്കല്പനമെന്തെന്ന് തിരിച്ചറിയാനുള്ള ചില സൂചകങ്ങൾ തരും. ഇന്ത്യൻ രീതിയിലെന്നപോലെ കേരളത്തിലും ശിക്ഷയുടേയും കുറ്റത്തിൻേറയും തീവ്രത അത് ചെയ്യുന്ന ആൾ ജനിച്ച ജാതിയെ അടിസ്ഥാനപ്പെടുത്തിയാണ് നിർണയിച്ചിരുന്നത്. തീണ്ടൽ നിയമം ഏതേലും കീഴാളൻ തെറ്റിച്ചാൽ സമുദായത്തിൻെറ കണ്ണും കയ്യും വ്യവസ്ഥയുമായി വർത്തിച്ചിരുന്ന നായർ പടയാളി അവനെ ഉടനടി വെട്ടിക്കൊല്ലും. അതുപോലെതന്നെ എല്ലാ കുറ്റകൃത്യങ്ങൾക്കും ശിക്ഷക്ക് വിധേയമാക്കപ്പെടുന്നത് കുറ്റവാളിയുടെ ശരീരം തന്നെയാണ്.

ആചാരബദ്ധമെങ്കിലും അങ്ങേയറ്റം ഹിംസാത്മകമായ ഈ ശിക്ഷാവിധി കുറ്റവാളിയെ തെറ്റുതിരുത്താനോ നന്നാക്കാനോ ലക്ഷ്യംവക്കുന്നില്ല. കുറ്റവാളികൾ ബന്ധപ്പെട്ടിരിക്കുന്ന ജാതിയുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെടുന്ന പരീക്ഷണങ്ങളിലും വിവിധ വിചാരണകളിലും ശിക്ഷാവിധിക്ക് വിധേയമാക്കുന്ന ആസത്ത വസ്തു കുറ്റവാളിയുടെ ശരീരം തന്നെയാണ്. അത് അഗ്നിപരീക്ഷയാണെങ്കിലും അഥവാ വെള്ളമോ, വിഷമോ കൊണ്ടുള്ള പരീക്ഷക്കാണെങ്കിലും ശരി. ശിക്ഷാവിധിക്ക് മുൻപും പിൻപും ശരീരത്തിൻെറ ഭാരമളക്കുന്ന രീതി കാണിക്കുന്നത് കുറ്റവാളിയും അയാളുടെ ശരീരവും രണ്ടല്ല മറിച്ച് ഒന്നുതന്നെയാണ് എന്ന കാഴ്ചപ്പാടാണ്.

മനുഷ്യശരീരത്തെ നിർണയിക്കുന്ന എല്ലാ സങ്കേതങ്ങളേയും നടപടിക്രമങ്ങളേയും പറ്റിയാണ് ഞാൻ പറഞ്ഞുവരുന്നത്. ഇതെല്ലാം ശരീര ബാഹ്യമായ പ്രയോഗങ്ങളുമാണ്. ഇപ്രകാരം ബാഹ്യപ്രേരണകൾ പരിശോധിക്കുന്നത് ആന്തരികശരീരത്തിലത് ഉളവാക്കുന്ന ഫലങ്ങളെന്തെന്ന് - ചിന്തിക്കുന്ന, അനുഭവിക്കുന്ന, സ്വപ്നം കാണുന്ന ശരീരങ്ങളെന്ന നിലയ്ക്ക് കണ്ടെത്തുന്നതിനു കൂടിയാണ്. ജാതി-സമ്പ്രദായത്തിൽ ശരീരങ്ങൾ പൂർണമായും അധികാരബന്ധങ്ങളുടെയും സങ്കേതങ്ങളുടേയും പിടിയിൽ അകപ്പെട്ടിരിക്കുന്നതിനാൽ അവയ്ക്ക് സ്വതന്ത്രമായി ചലിക്കാനുള്ള സാധ്യസ്ഥലമോ, സമയമോ ലഭിക്കുന്നില്ല. അതിനാൽ, പടിഞ്ഞാറൻ സമൂഹത്തിലെന്നപോലെ കർതൃത്വങ്ങൾ എന്ന നിലയ്ക്ക് ആന്തരീകവല്കരിക്കപ്പെട്ട ശരീരങ്ങൾ ഇവിടെ ഉത്ഭൂതമായില്ല. പടിഞ്ഞാറൻ ക്രിസ്ത്യൻ സമുദായങ്ങളിലെ 'സ്വത്വസങ്കേതങ്ങൾ' മൈക്കിൾ ഫൂക്കോയുടെ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. അവിടെ വ്യക്തികൾക്ക് സ്വശരീരവും ആത്മാവും ചിന്തകളും തൊട്ടറിയാനും അവയ്ക്ക് രൂപം കൊടുക്കാനും പരിവർത്തിപ്പിക്കാനും സാധിച്ചിരുന്നു. ഈ ശരീരങ്ങൾ ആചാരങ്ങളോടും സംഹിതകളോടും പാഠങ്ങളോടും ഇഴചേർന്നിരിക്കുമ്പോൾ തന്നെ സ്വയം കണ്ടെത്തലെന്ന പ്രതിഫലനഗുണവും സ്വത്വത്തോട് തന്നെയും മറ്റ് ശരീരങ്ങളോടും ആത്മസത്യം സംവേദിക്കാനുള്ള കഴിവുറ്റതുമാണ്. ഉല്പതിഷ്ണുപരമായി പറയുകയാണെങ്കിൽ ജാതിവ്യവസ്ഥയുടെ പിടിയിൽ നിന്ന് മോചിതമാകാത്തിടത്തോളം കാലം പ്രതിഫലനശേഷിയുള്ള ഒരു കർതൃസ്വത്വത്തിന് ആവിർഭവിക്കാനാവില്ല. ഇങ്ങനെയാവിർഭവിക്കുന്ന കർതൃത്വത്തിന് മാത്രമേ ശരീരത്തിൻെറ പ്രകൃതങ്ങളെ ശാസനകളും പാഠങ്ങളുമായി ആന്തരീകമായി ബന്ധപ്പെടാനും കഴിയുകയുള്ളൂ. ബാഹ്യ നിർമ്മിതികളാൽ നയിക്കപ്പെടുന്ന ഇന്ത്യൻ ശരീരങ്ങളിൽ നിന്നും നേരെ വിപരീതമാണ് ഈ അവസ്ഥ. സ്വപ്രതിഫലനവും പ്രകാശനവും സാധ്യമാകുന്ന ക്രിസ്ത്യൻ സംസ്കൃതിയിലെ ഈ കർതൃത്വം ലൈംഗികതയുമായി ഗാഢബന്ധമുള്ളതാണ്. അതിനാൽ ആ സമുദായങ്ങളിൽ ലൈംഗികത എന്ന പ്രശ്നം അഭിസംബോധന ചെയ്യപ്പെടുന്നുണ്ട്. ഇപ്രകാരം അഭിസംബോധന ചെയ്യപ്പെടുന്ന ലൈംഗികതയിൽ മാത്രമാണ് വിവേചന ബോധമുള്ള കർതൃത്വമെന്ന നിലയ്ക്ക് വ്യക്തികൾ സ്വയം തിരിച്ചറിയുന്നത്. ഇന്ത്യൻ ജാതി സമുദായത്തിലെ കർതൃരൂപീകരണത്തിൻെറ ചരിത്രവിധി ഇപ്രകാരമായിരുന്നില്ല എന്നതാണ് വസ്തുത.

സ്വത്വഘടനയെ സംബന്ധിച്ച ഈ ഭിന്നവിചാരം ബോധ്യപ്പെടുന്ന പക്ഷം കേരളത്തിലെ ജാതി സമ്പ്രദായത്തിലെ കർതൃത്വത്തിൻെറയും ലൈംഗികതയുടെയും സവിശേഷ പ്രകൃതം മനസിലാക്കാം. കേരളത്തിലെ അവസ്ഥയിൽ സ്ത്രീ-പുരുഷ ശരീരങ്ങളുടെ ബന്ധം നിലനിൽക്കുന്ന സമ്പ്രദായത്തെ പരിക്കേല്പിക്കാതെ 'ജാതി ശരീരങ്ങൾ'ക്ക് ജന്മം നൽകാൻ പാകത്തിൽ സമൂഹത്തെ നിയന്ത്രിക്കുകയും മുന്നോട്ടുകൊണ്ടുപോകുകയും ചെയ്തിരുന്നു. ശുദ്ധരക്തത്തെ സംബന്ധിച്ച മേൽജാതിയുടെ മുഖ്യശ്രദ്ധ മലിനമാക്കപ്പെടാത്ത ജാതി വികാരം ഉറപ്പുചെയ്യുന്നു. അത് ഇഹലോക - പരലോക ജീവിതശുദ്ധിയാണ് ലക്ഷ്യം വച്ചത്. അങ്ങനെ ജാതി സമുദായത്തിൽ ലൈംഗികതയെ അമർച്ചചെയ്തുകൊണ്ടാണ് ജീവിതം നിലനിന്നിരുന്നത് എന്ന് കാണാം. മാത്രമല്ല അതിജാഗ്രത പുലർത്തേണ്ട ഒരു ഘടകമായി അതിനെ മുഖ്യധാരയിൽ നിന്ന് അകറ്റുകയും ചെയ്തു.

മേൽ-കീഴ്ജാതികളിലെ പ്രമുഖ സ്ഥാപനങ്ങളുടെ പ്രവർത്തനരീതി പരിശോധിച്ചാൽ കേരളത്തിൽ ഒരു കാലത്തും കർതൃരൂപങ്ങളുമായി ലൈംഗികത കണ്ണിചേർക്കപ്പെട്ടിരുന്നില്ലെന്നു കാണാം. നായൻമാരുടെയും ഈഴവരുടെയും യഥാർത്ഥ

മലയാളി പുരുഷൻമാർ കൂടുമ മുറിച്ചതിനെപറ്റി ഒരുല്പതിഷ്ണു ചരിത്രകാരനായ കെ.പി.പത്മനാഭമേനോൻ കൈകൊണ്ട നിലപാടുതന്നെ ജാതിവ്യവസ്ഥയുടെ ദൃഢത ബോധ്യപ്പെടുത്തുന്നതാണ്. സ്ത്രീകൾ മാറ് മറയ്ക്കുന്നതിനോട് പുരോഗമനപരമായി പ്രതികരിച്ച മേനോനുപോലും പുരുഷൻമാർ കൂടുമ മുറിക്കുന്നതിനെ അംഗീകരിക്കാൻ കഴിഞ്ഞില്ലയെന്നത് മലയാളി ഹിന്ദുക്കളുടെ ഇടയിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ള അസ്മിതാപ്രശ്നമെന്തെന്ന് കാണിക്കുന്നു.

കല്യാണം 'താലികെട്ടു കല്യാണ'മായിരുന്നു. പെൺകുട്ടികൾക്ക് അവർ ഋതുവാകുന്നതിന് വളരെ മുന്നേ തന്നെ ഈ കല്യാണം നടത്തുമായിരുന്നു. ഈ ചടങ്ങിലൂടെ പെൺകുട്ടി ഏതെങ്കിലും വ്യക്തിയുടെ ഭാര്യയാകുന്നില്ല. സ്ത്രൈണ ഊർവരതയിലേക്ക് അവളെ സ്നാനം ചെയ്യുക മാത്രമാണ് ഇവിടെ നടക്കുന്നത്. പില്ക്കാലത്ത് നടക്കുന്ന യഥാർത്ഥ സംഭോഗം പോലും ഇത്രമാത്രം പ്രസക്തമായ ഒരു ചടങ്ങായിരുന്നില്ല. മാത്രമല്ല, മാതൃദായക്രമത്തിൽ കൂട്ടുകുടുംബത്തിനുള്ളിൽ അച്ഛനാര് എന്ന ചോദ്യം പ്രബലമായിരുന്നില്ലല്ലോ ? കുഞ്ഞുങ്ങൾ അമ്മയുടേതു മാത്രമായിരുന്നു. ചടങ്ങൊപ്പിച്ച് സ്ത്രീ-പുരുഷ സംഗമം നടത്തുന്ന ഏക വിഭാഗം അഗ്നിസാക്ഷിയായി നടത്തിയ ബ്രാഹ്മണ വിവാഹം മാത്രമായിരുന്നു. കുടുംബത്തിലെ മൂത്തമകന് മാത്രമാണ് സ്വസമുദായത്തിൽ നിന്ന് വിവാഹം കഴിക്കാൻ യോഗ്യതയുണ്ടായിരുന്നത്. ഈ വിവാഹചടങ്ങിനെ 'വേളി' എന്നാണ് വിളിച്ചിരുന്നത്. അത് ഭൂതകരമെന്ന് പറയട്ടെ പ്രയുക്ത ഭാര്യയും 'വേളി' എന്നു തന്നെയാണ് അറിയപ്പെട്ടത്. ജാതിയുടെ വിശുദ്ധി സംരക്ഷിക്കാനും അനുഷ്ഠാനകർമ്മങ്ങളിൽ പുരുഷനൊപ്പം അവതരിപ്പിക്കുന്നതിനും പോന്ന ചടങ്ങ്പരമായ ഒരു വസ്തു എന്നതിൽ കവിഞ്ഞ് 'വേളി'ക്ക് പ്രസക്തിയൊന്നുമുണ്ടായിരുന്നില്ല. ഈ രീതിയിലുള്ള സ്ത്രീ-പുരുഷ ബന്ധത്തിൽ ലൈംഗികം മുഖ്യഘടകമാകുന്നില്ല. മറിച്ച് രക്തശുദ്ധിയാണ് പ്രധാനം. രക്തമെന്നത് ലൈംഗികത ബാധിക്കാത്ത ശരീരത്തിൻെറ തന്നെ ദ്രവരൂപമാണെന്നും ബ്രാഹ്മണ സ്ത്രീകളുടെമേൽ നടത്തിയിരുന്ന സ്മാർത്തവിചാരം (ചാരിത്രവിചാരണ) ബ്രാഹ്മണ രക്തത്തിൻെറ വിശുദ്ധിയുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. ബ്രാഹ്മണകുടുംബത്തിലെ 'അപ്ഫൻമാർ' നായർ സ്ത്രീകളുമായി നടത്തിയ സംബന്ധം മാതൃദായക്രമത്തിലെ ലൈംഗിക കാഴ്ചപ്പാട് വിശദമാക്കുന്നുണ്ട്. അത് ഭോഗത്തെ ഒരു ഭാഗത്ത് അധികാരബന്ധങ്ങളിലെ വസ്തുവാക്കാതിരിക്കുമ്പോൾ തന്നെ ഭോഗത്തിലേർപ്പെടുന്ന ഇണകൾക്കിടയിലെ ഒരു രഹസ്യമാക്കി അതിനെ നിലനിർത്തുകയും ചെയ്തു.

അതിനാൽ, ജാതിസമൂഹത്തിൽ ലിംഗബോധം ഒരു പ്രശ്നവിഷയമായി അഭിമുഖീകരിക്കപ്പെട്ടില്ല എന്ന ഈ അന്വേഷണം കണ്ടെത്തുന്നു. മറിച്ച് പറഞ്ഞാൽ ആ സമുദായത്തിൽ ജീവിതം തന്നെ ലൈംഗികവല്കരിക്കപ്പെട്ടില്ല എന്ന് സാരം.

II

പത്തൊമ്പതാം നൂറ്റാണ്ടിൻെറ അന്ത്യം വരെയുള്ള കേരളീയ സമൂഹത്തിൻെറ അവസ്ഥ ഇതായിരുന്നെങ്കിൽ പിൽകാലത്ത് ഒരു പുതിയ പ്രതിഭാസമെന്ന നിലയിൽ തൃഷ്ണാപൂർണമായ ഒരാധുനിക കർതൃത്വത്തിൻെറ ആവിർഭാവം നാം കണ്ടു തുടങ്ങുന്നു. ജാതി-ഉപജാതി പിരിവുകളിലൂടെ ചിതറിതെറിച്ച കേരളത്തിലെ ഭൂതകാല സമൂഹം ഒരാധുനിക സമുദായമായി -അസംഖ്യം പ്രയോഗങ്ങളിലൂടെയും വ്യവഹാരങ്ങളിലൂടെയും ആധുനിക കർതൃത്വം സന്നിഹിതമായി- പരിവർത്തിച്ചതിനാണ് നാം സാക്ഷ്യം നിന്നത്. ഈ കർതൃത്വം ഒരു നവ ലൈംഗികതയുമായി ഒത്തുചേർന്നാണ് പ്രതിഷ്ഠിതമായത്. ആധുനിക കേരളീയത രൂപം കൊണ്ടത് ജാതി ശരീരങ്ങളെ ലിംഗ ശരീരങ്ങളായി പരിവർത്തിപ്പിച്ചു കൊണ്ടാണ്.

ഈ മാറ്റത്തിന് കാരണമായത് ബ്രിട്ടീഷ് ഭരണത്തിന് കീഴിൽ ശക്തിപ്രാപിച്ച

Tel:0487 :553555
Reservation :556204
:554655
:556655
:553030
Fax:(0487) :554655
Email:rvkhalid@md5.vsnl.net.in
WEBSITE :http://rvk.webjump.Com

RVK
RESIDENCY

EASTNADA,GURUVAYUR
(NEARTEMPLE)
EASTNADA,GURUVAYUR-680 101
A/c SUITE A/c ROOMS.
MARRIAGE HALL & FAMILY SUITES.

MARRIAGE PARTIES ALSO ARRANGED
RESERVATION 24hrs.

R.V.K.APARTMENTS
(Residential flats East nada Guruvayur)
R.V.K.BUILDINGS, THRISSUR
R.V.K. GALAXY
(Luxury Residential flats GVR) Ph:556655

Onam Greetings ....

Life Insurance
Corporation of India
ERNAKULAM DIVISION

Through Decades...
In the Service of the People
Insure with Us, Today

സ്ത്രീ-പുരുഷബന്ധത്തിൻെറ പുത്തൻ കാഴ്ചപാടിൽ അധിഷ്ഠിതമായ ഈ വകഭേദപ്രക്രിയ നൽകിയ പ്രമുഖ സംഭാവന കേരളത്തിൽ സ്ത്രീ ശരീരത്തെ സംബന്ധിച്ച സങ്കല്പത്തിൽ വന്ന മാറ്റമായിരുന്നു. ഇന്ത്യൻ മാതൃകപോലെത്തന്നെ കേരളത്തിലും സ്ത്രീ ലൈംഗികത പുരുഷലൈംഗികതയ്ക്ക് തുല്യമായി പ്രതിഷ്ഠിക്കപ്പെട്ടിട്ടില്ല.

ക്രിസ്ത്യൻ മിഷനറി പ്രവർത്തനമായിരുന്നു. കേരളത്തിലെ ജാതി നിബദ്ധ സമൂഹഘടനയെ ആദ്യമായി ക്രിസ്ത്യൻ മൂല്യബോധം അഭിമുഖീകരിച്ചു. 19-ാം നൂറ്റാണ്ടിലെ മലയാള നോവലുകൾ-പ്രത്യേകിച്ചും ഘാതകവധവും സരസ്വതീ വിജയവും-പഠിച്ചാൽ ഇതു കണ്ടെത്താം.

മനുഷ്യനെ സംബന്ധിച്ച ഒരു പുതിയ സാർവ്വജനീന കാഴ്ചപ്പാട് ക്രിസ്ത്യൻ മിഷനറി പ്രവർത്തനം മുന്നോട്ടുവച്ചു. ആ സങ്കല്പം കേരളത്തിൽ നിലനിന്നിരുന്ന ജാതിഘടനയെ തകർക്കുന്ന തരത്തിൽ മനുഷ്യശരീരത്തെ സംബന്ധിച്ച വ്യതിരിക്തമായ ഒരു വീക്ഷണമായിരുന്നു. അതാകട്ടെ ലിംഗശരീരത്തെ അടിസ്ഥാനപ്പെടുത്തിയതുമായിരുന്നു. പിന്നോക്ക വിഭാഗങ്ങൾക്ക് പാഠശാലകൾ സ്ഥാപിക്കുക എന്നത് മിഷനറി പ്രവർത്തമായിരുന്നില്ല. ഇത് പാഠശാലകളിൽ സ്ത്രീ-പുരുഷ ഭേദവിചാരമാണ്. അവർ ആവിഷ്കരിച്ചു നടപ്പാക്കിയത്, ജാതിഭേദവിചാരമായിരുന്നില്ല. ആൺ-പെൺകുട്ടികൾക്ക് ഭിന്ന സ്കൂളുകൾ തുടങ്ങികൊണ്ട് ലിംഗഭേദത്തിലധിഷ്ഠിതമായ വിഭജനത്തിൻെറ കളരികളുമവരുണ്ടാക്കി.

എങ്കിൽകൂടി, മിഷനറിമാരുടെ പുതിയ വിഭജനം ഒരു ആധുനിക കർതൃത്വത്തിൻെറ അഭാവത്തിൽ പഴയ ജാതിഘടനയെ സാരമായി ബാധിച്ചില്ല. ഇത്തരത്തിലുള്ള ഒരു പുതിയ കർതൃത്വരൂപീകരണത്തിൻെറ മേൽചൊന്ന വിഭജനത്തെ പ്രയോജനപ്പെടുത്തിയത് ശ്രീ നാരായണ ഗുരുവായിരുന്നു. ലൈംഗികപ്രയോഗത്തിലെ വിരുദ്ധവിഭാഗങ്ങൾ എന്ന നിലക്ക് സ്ത്രീ-പുരുഷ ശരീരങ്ങളുടെ സത്താപരമായ ഉള്ളടക്കം ഒരേ ജീവജാതിയുടേതാണെന്ന് ഈ ലിംഗഭേദം മുൻനിർത്തി ഗുരു വാദിച്ചു. ഇതാണ് 'ഒരു ജാതി, ഒരു ദൈവം, ഒരു മതം മനുഷ്യന്' എന്ന ഒരു പുതിയ പരിപ്രേക്ഷ്യം അവതരിപ്പിക്കാനും ഈ വിഭജനം കാരണമായി 'ജാതിലക്ഷണത്തിൽ' ഗുരു ഇങ്ങനെ പറയുന്നുണ്ട്

> പുണർന്നു പെറുമെല്ലാ മൊ-
> രിനമാം പുണർന്നത്
> ജനമല്ല, നമാമിങ്ങൊ-
> രിഞ്ഞയാന്നൊത്തു കാഞ്ചതും'

സ്ത്രീ-പുരുഷ വിഭജനം അവരുടെ മാതൃസങ്കല്പവുമായി ബന്ധപ്പെട്ടു തിരിച്ചറിയുന്നത് ഗുരുവിൻെറ പ്രവർത്തനം മുതലാണ്. ബാഹ്യങ്ങൾക്ക് വിധേയമായിരുന്ന ജാതി ശരീരങ്ങളുടെ വിഭജനത്തിൻെറ സ്ഥാനത്ത് ലൈംഗികതയുടെ ഇരിപ്പിടമായ തൃഷ്ണാശരീരങ്ങളെ ഉദ്ഭൂതമാവുകയും തദനുസരണ ഒരു ശരീര വിഭജനം സംഭവിക്കുകയും ചെയ്തു.

ലിംഗാധിഷ്ഠിതമായ ശരീര വിഭജനത്തെ പ്രോത്സാഹിപ്പിക്കുന്ന അസംഖ്യം സങ്കേതങ്ങൾ ഗുരു അവലംബിച്ചിട്ടുണ്ട്. അദ്ദേഹം ആശ്രമങ്ങളും സന്യാസി സംഘങ്ങളും രൂപീകരിച്ചത് ഒരു ഉദാഹരണമാണ്. അദ്ദേഹത്തിൻെറ നവീനമായ സന്യാസിസങ്കല്പം തൃഷ്ണാശരീര ശുദ്ധീകരണം ലക്ഷ്യംവയ്ക്കുന്നതായിരുന്നു. അതിലേക്കായി ലൈംഗികവും ഐന്ദ്രികവുമായ ഭോഗവാസനകളെ പരിത്യജിക്കാനാണദ്ദേഹം പറഞ്ഞത്. നേരെമറിച്ച് പഴയ ഇന്ത്യൻ സന്യാസസങ്കല്പം സ്വത്വത്തേയും ശരീരത്തേയും ചില സങ്കേതങ്ങളിലൂടെ പരിത്യാഗം അഭ്യസിപ്പിക്കാൻ മാത്രം ലക്ഷ്യം വരുന്നതായിരുന്നു.

ആശ്രമങ്ങളേയും സ്കൂളുകളേയും സഭകളേയും സംബന്ധിച്ച ഗുരുവചനങ്ങൾ ലിംഗാടിസ്ഥാനത്തിലുള്ള വിഭജനം എന്ന കാഴ്ചപ്പാടിന് നിദർശനമാണ്. 1920 അദ്ദേഹം പറഞ്ഞു: ആശ്രമങ്ങൾ, സ്കൂളുകൾ, സഭകൾ എന്നിവ സ്ത്രീകൾക്കും പുരുഷൻമാർക്കും വേറെ വേറെ സ്ഥാപിക്കണം. അതിനാൽ ഗുരുവിൻെറ പ്രബോധനങ്ങൾ ഒരു ചരിത്രമുഹൂർത്തമാണ്. വിളംബരം ചെയ്തത്. ആധുനിക കേരളീയരുടെ രൂപീകരണങ്ങളിൽ അവരുടെ കർതൃത്വത്തെ ലൈംഗികതയുമായി ബന്ധിപ്പിച്ച മുഹൂർത്തമായിരുന്നു.

19-ാം നൂറ്റാണ്ടിൻെറ ഒടുവിൽ പ്രസിദ്ധീകൃതമായ നവീന സാഹിത്യവും മേൽചൊന്ന ഘടകങ്ങളുമായി ഗാഢബന്ധം പുലർത്തുകയും ഒരു നവീന കർതൃത്വരൂപീകരണം ലക്ഷ്യംവയ്ക്കുകയും ചെയ്തു. കുമാരനാശാൻെറ ദുരവസ്ഥ ഒരു ഉദാഹരണമാണ്. ജാതിക്കുമേൽ ലിംഗബോധം അഥവാ ജാതിവിഭജനത്തിനുമേൽ ലിംഗവിഭജനം വിജയം നേടുകയാണ് ചെയ്തത്. ഒരു ബ്രാഹ്മണസ്ത്രീയും പുലയ യുവാവും തമ്മിലുള്ള ബന്ധമാണ് ഈ കവിതയുടെ ഇതിവൃത്തം. ഈ കൃതിയിൽ ഇരുവരും സ്വന്തം കർതൃത്വവും ലൈംഗികതയും തിരിച്ചറിയുകയും തുടർന്ന് സംഭോഗത്തിലെത്തുകയും ചെയ്യുന്നു. ആസക്തമായ ശരീരം കാമത്തേയും അതിൻെറ പ്രലോഭനങ്ങളേയും പരിത്യജിക്കുമ്പോൾ നേരിടുന്ന വൈരുദ്ധ്യങ്ങൾ ആശാൻെറ പ്രമുഖ കൃതികൾ വിളംബരം ചെയ്യുന്നുണ്ട്.

ഈ സംഭവഗതികൾക്കൊപ്പം പുതിയ കുടുംബം, വിവാഹം തുടങ്ങിയ സ്ഥാപനങ്ങളുടേയും രീതികളുടേയും പ്രവർത്തനങ്ങളും ആധുനിക മലയാളിക്ക് ഒരു സ്വകാര്യസ്ഥലം നൽകുന്നതിൽ പങ്ക് വഹിച്ചിട്ടുണ്ട്. അതേസമയം ഇതിനൊപ്പം തന്നെ രൂപംകൊണ്ട പൊതുസ്ഥലമെന്തെന്നും നാം തിരിച്ചറിയണം. ഈ പൊതുസ്ഥലം ലൈംഗികതയുടെ ആധിക്യത്തിനും ജീവിതത്തിൽ അതിനുള്ള കേന്ദ്രാഭിമുഖ്യത്തിനും നിദാനമാകുമ്പോൾ തന്നെ ഈ ആഭിമുഖ്യം കർതൃത്വത്തിൻെറ ശുദ്ധീകരണ വ്യാഖ്യാനങ്ങളുടെ രഹസ്യസ്വഭാവമുള്ള ഒരു പുരാശേഖരവും കൂടിയായിരിക്കുന്നു.

സ്ത്രീ-പുരുഷബന്ധത്തിൻെറ പുത്തൻ കാഴ്ചപാടിൽ അധിഷ്ഠിതമായ ഈ വകഭേദപ്രക്രിയ നൽകിയ പ്രമുഖ സംഭാവന കേരളത്തിൽ സ്ത്രീ ശരീരത്തെ സംബന്ധിച്ച സങ്കല്പത്തിൽ വന്ന മാറ്റമായിരുന്നു. ഇന്ത്യൻ മാതൃകപോലെത്തന്നെ കേരളത്തിലും സ്ത്രീ ലൈംഗികത പുരുഷലൈംഗികതയ്ക്ക് തുല്യമായി പ്രതിഷ്ഠിക്കപ്പെട്ടിട്ടില്ല. എന്താണ് സ്ത്രീ ലൈംഗികത എന്ന് വിശദമാക്കുമ്പോൾ പിണഞ്ഞിട്ടുള്ള പൂർവാപര വിരുദ്ധത ഈ പ്രസ്താവത്തിന് തെളിവാണ്. സ്ത്രീ ലൈംഗികതയെ ചിലപ്പോൾ ഭയാനകമെന്നും മറ്റു ചിലപ്പോൾ പ്രേമപൂർണമെന്നും നാം വിളിച്ചു. ചിലപ്പോൾ നാമതിനെ ദിവ്യമായി കണ്ടു. മറ്റുചിലപ്പോൾ അശുദ്ധം എന്ന് വ്യാഖ്യാനിച്ചു. നാമതിനെ ഹിംസാത്മകമെന്നും സ്വച്ഛന്ദമെന്നും തരംപോലെ മാറിമാറി വിളിച്ചിട്ടുണ്ട്. നിലപാടിലുള്ള ഈ അവ്യക്തത കാരണം സ്ത്രീ ശരീരത്തെ നാം പ്രകൃതി പ്രതിഭാസങ്ങൾക്കൊപ്പമാണ് വച്ചത്. മനുഷ്യൻ നിയന്ത്രിക്കുകയു ഒപ്പം തന്നെ ആശ്രയിക്കുകയും ചെയ്യേണ്ട ഒരു വസ്തുവെന്ന പോലെയാണ് അവൾ പരിഗണിക്കപ്പെട്ടത്. ലിംഗഭേദത്തെ സംബന്ധിച്ച ഇത്തരം സങ്കല്പങ്ങൾക്ക് കേരളത്തിലെ കൂട്ടുകുടുംബ വ്യവസ്ഥ വളക്കൂറുള്ള മണ്ണ് നൽകി. എല്ലാ ജാതികളും സ്ത്രീകളുടെ ഉർവരത വിശുദ്ധമായാണ് കണ്ടത്. ഋതുമതിത്വം ഉർവരതയുടെ ആദ്യപ്രകാശനമായതിനാൽ 'വയസറിയിക്കൽ' എല്ലാ ജാതികളും ആഘോഷിക്കുമായിരുന്നു. 'ഋതുമതി' എന്നാണവളെ വിളിച്ചത്. 'ഋതു' എന്നത് പ്രകൃതിഭേദത്തിനുള്ള സംസ്കൃ

തപദമാണല്ലോ. അതിനാൽ കൂട്ടുകുടുംബത്തിലെ സ്ത്രീ ശരീരം ഒന്നുകിൽ ഒരു വസ്തുവോ അല്ലെങ്കിൽ പ്രകൃതിപ്രതിഭാസമോ ആയിത്തീർന്നു. ആശ്രയിക്കാനും ഭയപ്പെടാനും താലോലിക്കാനും ഉപയോഗിക്കാനും പോന്ന ഒരു വസ്തു. ലിംഗഭേദാടിസ്ഥാനത്തിലുള്ള സങ്കല്പങ്ങളുടെ വരവോടെ ഈ സ്ത്രീ ശരീരത്തിന് അടിസ്ഥാനപരമായ പൊളിച്ചെഴുത്ത് വേണ്ടിവന്നു. അതായത്, കേവലമായ ഒരു ശരീരത്തിൽ നിന്ന് സ്ത്രീ ശരീരത്തിന് സ്വയം ഒരു ലൈംഗികവൽകൃത വസ്തുവായി പരിവർത്തിക്കേണ്ടി വന്നു. ഈ പരിവർത്തനത്തിൻെറ അടിസ്ഥാനം ഒരിക്കലും തൃഷ്ണയുള്ള ഒരു കർതൃത്വമായിരുന്നില്ല.

ഈ പരിവർത്തനങ്ങൾക്ക് നിദാനമായ സങ്കേതങ്ങളുടെയും പ്രയോഗങ്ങളുടെയും സങ്കീർണതയറിയണമെങ്കിൽ കേരളത്തിൽ സ്ത്രീകളുടെ മുലകളെ പറ്റിയുള്ള കാഴ്ചപാട് നാം പരിശോധിച്ചാൽ മതി. ഇത് സ്ത്രീ ശരീരത്തിൻെറ ലൈംഗികവൽകൃത പ്രക്രിയ നന്നായി വിശദീകരിക്കും.

19-ാം നൂറ്റാണ്ടിൻെറ അന്ത്യംവരെ ഇവിടെ നമ്പൂതിരി മുതൽ നായാടി വരെയുള്ള എല്ലാ സ്ത്രീ പുരുഷൻമാരും അരയ്ക്കുമേൽ നഗ്നരായിരുന്നു. നമ്പൂതിരി സ്ത്രീകൾ മാത്രമാണ് - അതും ഇല്ലത്തിനു പുറത്ത് സഞ്ചരിക്കുമ്പോൾ മാത്രമാണ് - മേൽ ശരീരം മറച്ചിരുന്നത്. ഇതൊഴിച്ചാൽ മുഴുവൻ കേരളീയ ഹിന്ദു സ്ത്രീകളും അരക്കുമേൽ നഗ്നരായിരുന്നു. 'കുപ്പായമിടുക' എന്നൊരു പ്രയോഗം മലയാളത്തിലുണ്ട്. മേൽശരീരം മറയ്ക്കുക എന്നാണിതിനർത്ഥം. ഹിന്ദുക്കൾ ഈ പദം ഉപയോഗിച്ചത് ഇസ്ലാം-ക്രിസ്തുമതത്തിലേക്കുള്ള മതം മാറ്റത്തെ ദ്യോതിപ്പിക്കാനായി. ഇത് വളരെ വ്യക്തമായും വേഷവിധാനം (അല്ലെങ്കിൽ നഗ്നത തന്നെയും) എപ്രകാരമാണ് സ്വശരീരങ്ങളുടെ അനാചാരാദിതാവസ്ഥയെ സംബന്ധിച്ച ലൈംഗികതയ്ക്ക് ഉപരി മലയാളികളുടെ ജാതി-മത ആചാരങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നത് എന്ന് കാണിക്കുന്നു.

കേരളത്തിൽ ഈ നൂറ്റാണ്ടിൻെറ ആവിർഭാവം വരെ മുലകൾ പ്രദർശിപ്പിക്കുകയെന്നതായിരുന്നില്ല മറിച്ച് അവയെ മറച്ചു വയ്ക്കുക എന്നതായിരുന്നു അപരാധമായി ആചാരങ്ങളുടെ ലംഘനമായി കാണപ്പെട്ടത്. സാമൂഹ്യപരിഷ്കർത്താവും ഭരണാധികാരിയുമായിരുന്ന സി.കേശവൻ ആത്മകഥയിൽ ഒരനുഭവം വിശദീകരിക്കുന്നുണ്ട്. അന്നത്തെ അവസ്ഥയെ ഈ അനുഭവം പ്രതിപാദിക്കുന്നുണ്ട്. സി.കേശവൻെറ അമ്മായിയമ്മയാണ് ഈ കഥയിലെ നായിക. മേൽകുപ്പായം (ജംബ്ബർ) ധരിക്കുക എന്നത് നിഷിദ്ധമായിരുന്ന ആ കാലഘട്ടത്തിൽ സ്വഭർത്താവിൻെറ വസതിയിലേക്ക് അവർ ഒരു കുപ്പായം രഹസ്യമായി കടത്തി. അതിൻെറ പരിണിതഫലം തിക്തമായിരുന്നു. മേൽശരീരം മറച്ചതിൻെറ പേരിൽ ക്രൂരമായി അവൾ മർദ്ദിക്കപ്പെട്ടു. അതിന് ശേഷം ഭർത്താവിൻെറ മുന്നിൽ മാത്രം ശയ്യാഗേഹത്തിൽ മാത്രമാണ് അവൾ മുലകൾ മറക്കാൻ തുടങ്ങിയത്. നഗ്നതയേയും ലൈംഗികതയേയും സംബന്ധിച്ച സാർവജനീന സങ്കല്പങ്ങൾ അത്യന്തം രസകരമായി വിരുദ്ധോക്തിയിലെത്തുന്നത് എങ്ങനെയെന്ന് നമുക്ക് കാണാം. പകൽ മുഴുവൻ മുലകൾ പ്രദർശിപ്പിച്ചു നടക്കുന്ന ഒരു സ്ത്രീ അവളുടെ ശയ്യാകാരത്തിൻെറ സ്വകാര്യതയിൽ മാത്രമാണ്, അതും ഭർത്താവിനാൽ അഭിനന്ദിക്കാൻ മാത്രം, മുലകൾ മറക്കുന്നത് എന്നത് എത്ര വിചിത്രമാണ്! ഇവിടെ കേരളീയ സ്ത്രീകളുടെ മുലകൾ ലൈംഗികതയുടെ വസ്തുവായി പരിവർത്തിക്കുന്നു. ആത്മബോധത്തിൻെറയും നഗ്നതയുടെയും ഒരു പുതിയ മൂല്യവിചാരം ഇവിടെ ജൻമമെടുക്കുന്നു. സ്ത്രീ ശരീരത്തിൻെറ ചരിത്രത്തെ സംബന്ധിച്ച് ഒരു പ്രസക്തനിമിഷം ഇവിടെ വിളംബരം ചെയ്യപ്പെടുന്നു.

സ്ത്രീശരീരത്തെയും ലൈംഗികതയെയും പ്രശ്നവൽക്കരിക്കുന്നതിൻെറ ആത്മനൊമ്പരങ്ങളാണ് ഭട്ടതിരിപ്പാടിൻെറ 'ഋതുമതി' എന്ന നാടകം കൈകാര്യം ചെയ്യുന്നത്. സ്കൂൾ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ഒരു ബ്രാഹ്മണ പെൺകുട്ടി (അത് തന്നെ അന്ന് അത്ഭുതമായിരുന്നല്ലോ) കുപ്പായമിട്ട് സ്വന്തം മേൽശരീരം മറയ്ക്കാൻ ശ്രമിക്കുന്നു. ഇതാകട്ടെ സ്വന്തം മാർവിടത്തിൻെറ നഗ്നതയെയും അതിൽ നിന്നുളവാകുന്ന നാണക്കേടിൻെറയും പേരിലാണവൾ ചെയ്യുന്നത്. യാഥാസ്ഥികനായ ഒരു ചെറിയച്ഛൻെറ തണലിലായിരുന്നു അവൾ ജീവിച്ചിരുന്നത്. അയാൾ അവളുടെ ആഗ്രഹങ്ങൾക്ക് എതിരുമായിരുന്നു. ഇവരുടെ ഇടയിലുണ്ടായിരുന്ന വൈരുദ്ധ്യം വളരുകയും ഒരുഘട്ടത്തിൽ അയാൾ അവളുടെ കുപ്പായം മാർവിടത്തിൽ നിന്ന് ബലമായി പറിച്ചെറിയുകയും ചെയ്യുന്നു. ഇപ്രകാരം ബലം പ്രയോഗിക്കുമ്പോൾ ധർമ്മത്തെയും ആചാരങ്ങളെയും സംരക്ഷിക്കുന്നു എന്നാണയാൾ കരുതുന്നത്. അതേസമയം, ആ പെൺകുട്ടി നിസ്സഹായമായി ചെറുത്തുനില്ക്കുകയും കീറിയെറിയപ്പെട്ട കുപ്പായത്തിൻെറ സ്ഥാനം സ്വന്തം കൈകൾ മറച്ച് മറക്കുകയും ചെയ്യുന്നു. ലൈംഗികമായി ആക്രമിക്കപ്പെട്ടവൾ എന്നപോലെയാണ് പെൺകുട്ടി പ്രതികരിച്ചത്. ഇവിടെ ഈ രണ്ട് കഥാപാത്രങ്ങളും നാടകീയമാംവണ്ണം വിരുദ്ധരും പരസ്പരം സംവേദിക്കാൻ കഴിയാത്തവരുമാകുന്നു. നവീന ലൈംഗികത ഒരു വസ്തുവായി പരിവർത്തിച്ചിട്ടില്ലാത്ത സ്ത്രീ ശരീരങ്ങളെ പഴയ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സംരക്ഷിക്കുന്ന ആളായാണ് ആ ചെറിയച്ഛൻ രംഗത്തുവന്നത്. ആ പെൺകുട്ടിയാകട്ടെ, കാഴ്ചപാടിൽ ലൈംഗികവല്കരിക്കപ്പെട്ട ഒരു വസ്തുവായി മാറികഴിഞ്ഞിരുന്നു. അഥവാ, ഒരു ലൈംഗിക കർതൃത്വമായി മാറികഴിഞ്ഞിരു

A.K.P METALS & WARES

P.O ROAD, THRISSUR, KERALA, INDIA

Ph: off 425548, res 427748 fax 421089 E-mail : alengadan@vsnl.com

A.K.P METALS & ALLOYS (factory)

CHRIST COLLEGE ROAD, ALENGADENS VESSELS HOUSE, TANA

IRINJALAKUDA. Ph: 826432, 826430

ന്നു. അതാണവിടത്തെ നാടകീയമായ വൈരുദ്ധ്യം. തെക്കൻ തിരുവിതാംകൂറിലെ അധഃസ്ഥിത സ്ത്രീകൾ 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്വന്തം മാറ് മറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി നടത്തിയ പോരാട്ടങ്ങളുടെ പരമ്പര തന്നെയുണ്ട്. ഇവ വിശദമായ പഠനം അർഹിക്കുന്നുണ്ട്. സ്ത്രീ മാർവിടങ്ങളുടെ ലൈംഗികവല്കരണത്തേയും നഗ്നതയേയും സംബന്ധിച്ച ആധുനികവീക്ഷണങ്ങളുടെ രൂപീകരണ പശ്ചാത്തലത്തിലും കേരളത്തിന്റെ ലൈംഗികതയുടേയും കർതൃരൂപീകരണത്തിന്റെയും ചരിത്രത്തിൽ സ്ത്രീ ശരീരത്തിന്റെ സങ്കല്പനപരിവർത്തനത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ പഠനങ്ങൾ നടക്കേണ്ടത്. അല്ലാതെ ഇന്ന് കാണുന്നതുപോലെ കേവലം മാനവീകവും ഉല്പതിഷ്ണുപരവുമായ ആഗ്രഹചിന്തകളുടെ അടിസ്ഥാനത്തിലാകരുത്.

III

നമുക്കിപ്പോൾ കേരളത്തിന്റെ സമകാലീന ലൈംഗികതയെകുറിച്ച് ചിന്തിക്കാം. ലിംഗബോധം കർതൃത്വത്തിന്റെ യഥാതഥത്വവും കർതൃത്വം ലിംഗബോധത്തിന്റെ മുന്നുപാധിയുമാകുന്ന പ്രക്രിയയിൽ ലിംഗശരീരം പ്രമുഖ പ്രമേയമാകുന്ന ഒരു സമൂഹമായി കേരളം മാറിയിട്ടുണ്ട്. ലൈംഗികമായ ഈ കേന്ദ്രാഭിമുഖ്യം ജാതി ശരീരത്തിൽ നിന്ന് ലിംഗശരീരത്തിലേക്കുള്ള ചുവടുമാറ്റമാണ്. ജാതി ശരീരത്തെ അധികാരപ്രയോഗത്തിന്റെ ആസന്നവും ഋജുവുമായ വസ്തുവാക്കി ജാതിബദ്ധസമൂഹംമാറ്റുന്നുവെങ്കിൽ ആധുനിക അധികാരബന്ധത്തിൽ ലൈംഗിക കർതൃത്വമാണ് വ്യവഹാരവസ്തു. അതുവഴി തൃഷ്ണാബദ്ധമായ ശരീരം തന്നെയാണ് ആഹ്ലാദവിപുലീകരണത്തിന്റെ പ്രച്ഛന്നലക്ഷ്യമായി മാറുന്നത്. ലൈംഗികതയുടെയും കർതൃത്വത്തിന്റെയും വൈപുല്യം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്ന് കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധം ഗൗരവതരമായ പഠനം അർഹിക്കുന്ന ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഭൂതകാലത്തോടും വരുംകാലത്തോടും ബന്ധപ്പെട്ടുനിൽക്കുന്ന രണ്ടു പ്രശ്നങ്ങൾ ഞാൻ സൂചിപ്പിക്കാം.

ജീവിതത്തിന്റെ മുഖ്യാഭിമുഖ്യങ്ങൾക്ക് വിധേയമാക്കി മാത്രം ലൈംഗികതയെ പ്രതിഷ്ഠിക്കാൻ കഴിഞ്ഞിരുന്നെങ്കിലും കേരളീയ സമൂഹത്തിൽ സ്ത്രീ-പുരുഷ ബന്ധം അലംഘ്യമായ വിലക്കുകളുടെയും ആചാരങ്ങളുടെയും ഉള്ളിലായിരുന്നു. കേരളത്തിലെ ജാതിസമൂഹം എന്തു അനുവദിക്കുന്ന ഒന്നായിരുന്നുവെന്ന തെറ്റായ ബോധം ശക്തമാണ്. ടിപ്പുസുൽത്താനടക്കമുള്ള പലരുംകേരളത്തിലെ കൂട്ടുകുടുംബ വ്യവസ്ഥയിലെ ലൈംഗിക ജീവിതം വേശ്യാവൃത്തിയായാണ് കണ്ടത്. ആ വ്യവസ്ഥയിലെ ധാർമ്മികതയെ - അത് ആദിവാസി രീതികളും വിലക്കുകളും നിലനിർത്തുന്നതായിരുന്നു - മനസിലാക്കുന്നതിൽ ഇവരെല്ലാം പരാജയപ്പെട്ടു എന്നതാണ് സത്യം. സാമ്പ്രദായികമായി അർഹർക്കിടയിൽ മാത്രമാണ് കൂട്ടുകുടുംബവ്യവസ്ഥയിൽ ലൈംഗികവൃത്തി നടന്നിരുന്നത്. അപ്രകാരം അർഹതയില്ലാത്തവർക്ക് ഇടപഴകാനോ, എന്തിന് തമ്മിൽ കാണുന്നതിനുപോലുമോ കഴിഞ്ഞിരുന്നില്ല. നായർ-നമ്പൂതിരി സമുദായങ്ങളുടെ വാസ്തുശില്പമാതൃക അനർഹർക്ക് ബന്ധപ്പെടാൻ കഴിയാത്ത രീതിയിൽ മാത്രമല്ല അവർക്ക് തമ്മിൽ കാണാൻ പോലും കഴിയാത്ത രീതിയിലായിരുന്നു രൂപകല്പന ചെയ്യപ്പെട്ടത്. ജാതിസമുദായത്തിലെ സ്ത്രീ - പുരുഷ ബന്ധങ്ങൾക്ക് കർശനമായ വിലക്കുകളും വർജ്ജനീയ സങ്കല്പങ്ങളുമുണ്ടായിരുന്നു.

ഇക്കാര്യത്തിൽ നിലവിലുള്ള വീക്ഷണങ്ങൾ എന്റെ പ്രസ്താവത്തെ അംഗീകരിക്കുമെന്നും ഞാൻ കരുതുന്നില്ല. ആധുനികാവസ്ഥയിൽ സ്ത്രീ-പുരുഷ വിഭജനത്തെ സംബന്ധിച്ച കാഴ്ചപാടുകൾ വളരെയേറെ മാറിയിട്ടുണ്ടെങ്കിലും പഴയ തടസങ്ങളും വിലക്കുകളും ഇപ്പോഴും നമ്മെ പിന്തുടരുന്നു. അതിൽ മുഖ്യമായത് സ്ത്രീ പുരുഷൻമാർക്കിടയിലുള്ള അയിത്തബോധമാണ്. അപ്രകാരം മിഷനറി പ്രവർത്തനത്തിലൂടെ സംജാതമായ ലിംഗഭേദവിചാരം എന്ന നൂതന സാമൂഹ്യ വിഭജനത്തിനുള്ളിലേക്ക് പൗരാണിക വിലക്കുകളും കൂടി കണ്ണിചേർക്കപ്പെട്ടിരിക്കുന്നതായി കാണാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അപലൈംഗികവല്കൃത സമുദായത്തിൽ സഹജമായി കാണുന്ന ചില വിലക്കുകൾ കൂടി ലൈംഗികത കേന്ദ്രാഭിമുഖ്യമായി വരുന്ന അവസ്ഥയിലേക്ക് കണ്ണിചേർക്കപ്പെട്ടിരിക്കുന്നു. സ്വരക്ഷക്ക് അവലംബിക്കുന്ന സങ്കേതമെന്ന നിലയ്ക്ക് ആദിമവിലക്കുകളുടെ ഓർമകൾ കൂടി പേറുന്ന സ്ത്രീകളുടെ ലൈംഗികവല്കൃത ശരീരം ലൈംഗികതയുടെ ആധിക്യത്തിൽ കാണുന്നവർക്ക് ആകർഷകമായ ഒരു ലൈംഗികവസ്തുവായി തിരിച്ചറിയപ്പെടുമ്പോൾ അവൾ സ്വയം ഒരു ലൈംഗികകർതൃത്വമായി തിരിച്ചറിയുന്നു. കേരളത്തിലെ ലിംഗശരീരങ്ങൾക്കിടയിൽ നിൽക്കുന്ന തീണ്ടലിനെപറ്റി വൈക്കം മുഹമ്മദ് ബഷീർ പറയുന്നത് ശ്രദ്ധിക്കുക. സ്ത്രീകൾക്കിടയിലൂടെ അവരെ തൊടാതെ നടക്കുക എന്നത് ഒരുമുൾകാട്ടിലൂടെ നടക്കുന്നതിനേക്കാൾ കഠിനമാണ്.

കേരളത്തിൽ ഒരു സ്ത്രീ കർതൃത്വം ആവിർഭവിക്കുന്നതിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ടെന്നതാണ് ഭാവിയിലേക്കുള്ള സൂചകം. പൂർണമായും ലൈംഗികകർതൃത്വമായി ഒതുങ്ങികൂടാൻ അവളെ പ്രേരിപ്പിക്കുന്ന ശരീരത്തെതന്നെ വസ്തുവല്കരിക്കാനുള്ള സമൂഹത്തിന്റെ സങ്കേതങ്ങളെ ഉലംഘിക്കാനാണ് സ്ത്രീകളിന്ന് ശ്രമിക്കുന്നത്. ഈ സ്ത്രീ കർതൃത്വം തട്ടിമാറ്റി ഒരു ഭിന്നസ്വത്വമായി തിരിച്ചറിയാനും സ്വപഠനത്തിലും സമൂഹത്തിലും പുരുഷനൊപ്പം നിലകൊള്ളാനുമാണ് അവൾ യത്നിക്കുന്നത്. സ്ത്രീകളുടെ ഈ ശ്രമം വീട്ടിനുള്ളിലും പുറത്തും പരിണിതഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. ഇത് നിലവിലുള്ള പുരുഷാധിപത്യ ലിംഗബോധത്തെയും ജീവിതത്തെയും ബാധിച്ചു തുടങ്ങിയിട്ടുണ്ട്. ഈ അവസ്ഥ പുരുഷനെ അക്രമം ചെയ്യാൻ പ്രേരിപ്പിക്കുന്നു. മാത്രമല്ല പുരുഷ പെരുമാറ്റ രീതികൾ ഇന്ന് എന്നത്തേക്കാൾ കൂടുതൽ സ്ത്രീകൾ ഹിംസാത്മകവും അസഹ്യവുമായാണ് അനുഭവിക്കുന്നത്. ഈ അനുഭവം ഇന്ന് രൂപംകൊണ്ടുകൊണ്ടിരിക്കുന്ന സ്ത്രീ സ്വത്വബോധത്തിന്റെ അനുഭവം കൂടിയാണ്.

ലിംഗബോധം കർതൃത്വത്തിന്റെ യാഥാതഥത്വവും കർതൃത്വം ലിംഗബോധത്തിന്റെ മുന്നുപാധിയുമാകുന്ന പ്രക്രിയയിൽ ലിംഗശരീരം പ്രമുഖ പ്രമേയമാകുന്ന ഒരു സമൂഹമായി കേരളം മാറിയിട്ടുണ്ട്. ലൈംഗികമായ ഈ കേന്ദ്രാഭിമുഖ്യം ജാതി ശരീരത്തിൽ നിന്ന് ലിംഗശരീരത്തിലേക്കുള്ള ചുവടുമാറ്റമാണ്. ജാതി ശരീരത്തെ അധികാരപ്രയോഗത്തിന്റെ ആസന്നവും ഋജുവുമായ വസ്തുവാക്കി ജാതിബദ്ധസമൂഹം മാറ്റുന്നുവെങ്കിൽ ആധുനിക അധികാരബന്ധത്തിൽ ലൈംഗികകർതൃത്വമാണ് വ്യവഹാരവസ്തു. അതുവഴി തൃഷ്ണാബദ്ധമായ ശരീരം തന്നെയാണ് ആഹ്ലാദവിപുലീകരണത്തിന്റെ പ്രച്ഛന്നലക്ഷ്യമായി മാറുന്നത്.

ഇംഗ്ലീഷിൽ നിന്നുള്ള പരിഭാഷ

ഭാസുരേന്ദ്രബാബു

വിവാഹ വസ്ത്രങ്ങൾക്ക്
റെഡിമെയ്ഡ് ഡ്രസ്സുകൾക്ക്
ഫാഷൻ ഫേബ്രിക്സ്
എം.ഒ. റോഡ്, തൃശൂർ

ഭാസുരേന്ദ്രബാബു

ഇത് സ്വാതന്ത്ര്യത്തിന് നൽകുന്ന വിലയാണ്

കാലിക്കററ് യൂണിവേഴ്സിററിയിലെ പി.ഇ ഉഷക്കു നേരിടേണ്ടിവന്ന പീഢനങ്ങളുടെ സാമൂഹിക പശ്ചാത്തലത്തെ കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധങ്ങളുടെ അവസ്ഥയുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു പരിശോധന

സ്വാതന്ത്ര്യം, അത് വ്യക്തിഗതമോ സാമൂഹ്യമോ ആയികൊള്ളട്ടെ, ഒരു വില ആവശ്യപ്പെടുന്നുണ്ട്. ആ വില ഒരു വ്യക്തിത്വത്തിൽ നിന്നു മറ്റൊന്നിലേക്കുള്ള പരിവർത്തനത്തിന് നൽകുന്ന വിലയാണ്. കലാപം ഒരു സമൂല നവീകരണത്തിലേക്കോ അഥവാ അതു നടത്തുന്ന വ്യക്തിയുടെ തന്നെ ആത്മനാശത്തിലേക്കോ നയിച്ചേക്കാം. രണ്ടായാലും അതു വ്യക്തിസ്വത്വത്തിന്റെ അഥവാ സാമൂഹ്യവ്യവസ്ഥയുടെ പരിണാമം തന്നെയാണ് ലക്ഷ്യം വക്കുന്നത്.

കേരളത്തിലെ സ്ത്രീ-പുരുഷ ബന്ധങ്ങളെ സംബന്ധിച്ച ചർച്ചയെന്നത് നിലനിൽക്കുന്ന അധികാര ബന്ധങ്ങളുടെ പ്രയോഗ പരിസരത്തിലേക്ക് നടത്തുന്ന പ്രത്യയശാസ്ത്രപരമായ ഒരു അധിനിവേശമാണ്. പരിവർത്തനങ്ങൾ തന്നെയാണ് അതും ലക്ഷ്യം വയ്ക്കുന്നതെങ്കിൽ കൂടി വീക്ഷണപരമായിരിക്കുന്നതിനാൽ മനുഷ്യശരീരങ്ങളുടെ ആസന്ന സഞ്ചലനം അതിൽ സാധ്യമല്ലല്ലോ. എന്നാൽ ഈ ചർച്ചയിലുന്നയിക്കപ്പെട്ട ചോദ്യങ്ങൾ ഇന്നു കേരളത്തിൽ കേവലം ചർച്ചയുടെ നിലവാരത്തിലല്ല നിലനിൽക്കുന്നത്.

ഉഷയുടെ പീഢാനുഭവവും സർവകലാശാലകളുടെ തമസ്കരണസങ്കേതവും ലൈംഗികതയിൽ പുരുഷന്റെ പ്രയോഗമാത്ര വീക്ഷണവും പൊലീസ്, കോടതി തുടങ്ങിയ സ്ഥാപനങ്ങളുടെ വ്യാഖ്യാന കൗശലവും മാധ്യമങ്ങളുടെ ദൃശ്യ-വാച്യ പ്രവർത്തനങ്ങളിലൂടെ സംജാതമായ ബഹുജനചർച്ചയുടെ ശബ്ദകലഹവും സർവ്വോപരി കുടുംബം, ഭർത്താവ്, ഭാര്യ തുടങ്ങിയ സ്വത്വസങ്കല്പങ്ങളുടെ മൂല്യബോധവും ചേർന്ന് ഒറ്റയടിക്ക് 'സംവാദപ്രശ്ന'ത്തെ ഒരു സാമൂഹ്യപ്രയോഗമാക്കി മാറ്റിയിരിക്കുന്നു. കേരളീയ ലൈംഗികതയെന്ന പ്രശ്നപരിസരം ഇനിയും കണ്ടില്ലെന്നു നടിക്കാൻ കഴിയാത്തവണ്ണം ധീരമായി അഭിമുഖീകരിക്കേണ്ട അതിസങ്കീർണമായ ഒരു വസ്തുതയാണെന്ന തിരിച്ചറിയലിലേക്കാണ് നാമെത്തിനിൽക്കുന്നത്. ഉഷ ഒരു നിമിത്തമാണ്. പ്രശ്നസങ്കീർണതയെന്തെന്ന് തിരിച്ചറിയാൻ എല്ലാവരേയും പ്രേരിപ്പിക്കുന്ന ഒരു പ്രമുഖ കേന്ദ്രസ്വത്വമാണ്. അഥവാ ഇപ്പോൾ നടക്കുന്ന ചർച്ചയുടെ ശബ്ദായമാനത തന്നെയാണ് ഉഷ. മറച്ചുവക്കാനുള്ള നമ്മുടെ ത്രാണിയില്ലായ്മ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന കപടമായ ഉൾപ്രേരണകളെ അലങ്കോലപ്പെടുത്തുന്ന ഒരു സാന്നിധ്യമാണ് സ്ത്രീ.

ആധുനിക ജനാധിപത്യവും സ്ത്രീയും

ആധുനിക ജനാധിപത്യ വ്യവസ്ഥകൾ സ്ത്രീ-പുരുഷ ബന്ധങ്ങളെ പുതിയൊരു സ്വാതന്ത്ര്യബോധത്തിന്റെ കാഴ്ചപാടിൽ സമീപിക്കുന്നതുകൊണ്ട് അമേരിക്ക, യൂറോപ്പ് തുടങ്ങിയയിടങ്ങളിൽ അസംഖ്യം സ്ത്രീ പ്രതിരോധ നിയമങ്ങൾ ഉടലെടുക്കുന്നുണ്ട്. ഈ നിയമങ്ങൾ ഏറിയും കുറഞ്ഞും മറ്റു ജനാധിപത്യ വ്യവസ്ഥകളും പിൻതുടരുന്നു. ഇതേതുടർന്നാണ് വനിതാകമ്മീഷൻ പോലുള്ള സ്ഥാപനങ്ങളും ബലാത്സംഗ കേസിൽ പാലിക്കേണ്ട പുതിയ നിയമവ്യവസ്ഥകളും നിലവിൽ വന്നിട്ടുള്ളത്. ജനാധിപത്യത്തിൽ സംഭവിച്ച ഈ പരിവർത്തനം മൂലം സ്ത്രീകൾക്ക് നേരെയുള്ള ആക്രമണങ്ങൾ മുൻപെന്നത്തേക്കാൾ ഇപ്പോൾ സമൂഹമധ്യത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. വളരെ പെട്ടന്ന് നിയമപരമായ പ്രതിരോധത്തിലേക്കു പോകാനുള്ള സാധ്യതകൾ നിലനിൽക്കുന്നതുകൊണ്ട് കൂടുതൽകൂടുതൽ സ്ത്രീപീഢനകേസുകൾ കോടതികളിലെത്തുന്നുമുണ്ട്. അതിനാൽ സ്ത്രീപീഢനത്തിന്റെ എണ്ണം കൂടിയിരിക്കുന്നതിനാലല്ല മറിച്ച് അവയ്ക്കെതിരെ പ്രതിരോധിക്കാനുള്ള സംവിധാനങ്ങൾ അധികരിച്ചിരിക്കുന്നതിനാലാണ് കൂടുതൽ കൂടുതൽ കാര്യങ്ങൾ ഇപ്പോൾ വെളിച്ചത്തുവരുന്നത്. അതിലേറ്റവും ഒടുവിലത്തെ ദൃഷ്ടാന്തമാണ് യൂണിവേഴ്സിറ്റി ജീവനക്കാരിയായ ഉഷയുടെ അനുഭവം.

ആൺകോയ്മയുടെ ഇര – ഉഷ

ബസ്യാത്രയും മർദ്ദിത ലൈംഗികതയും

ഒരു അധികാരവ്യവസ്ഥയിൽ സ്ത്രീ-പുരുഷ വിഭാഗങ്ങളുടെ അവകാശം, സ്ഥാനം എന്നീ വിഷയങ്ങളാണ് ഈ വിഭാഗങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ പ്രശ്നം കൈകാര്യം ചെയ്യുന്നത്. അഥവാ സാമൂഹ്യജീവിതത്തിന്റെയും വൈയക്തിക ജീവിതത്തിന്റെയും ചലനാത്മകതയിൽ ഈ വ്യത്യസ്ത ശാരീരികവിഭാഗങ്ങൾ എപ്രകാരം വിന്യസിക്കപ്പെടണം എന്ന കാര്യവും ഒരു സാമൂഹ്യക്രമത്തിന്റെ പരിധിയിൽ വരുന്നുണ്ട്. സ്ത്രീകൾക്ക് പ്രത്യേക സീറ്റുകൾ എന്നത് ലിംഗപരമായ ഒരു അംഗീകാരമാണ്. എങ്കിലും നിലവിലുള്ള സദാചാര വീക്ഷണങ്ങൾക്കപ്പുറത്ത് മനുഷ്യശരീരങ്ങൾക്ക് കടുത്ത പ്രായോഗികതയുടെ അടിസ്ഥാനത്തിൽ അടുത്തടുത്തു വരാനുള്ള സാധ്യസ്ഥലം ഒരു ബസ്യാത്ര നൽകും. പോക്കറ്റടി പോലെതന്നെ ലൈംഗികപീഢനത്തിന്റെ പ്രവൃത്തികളും ഈ ശരീര സാമീപ്യത്തിനുള്ളിലാണ് നടക്കുഎത്. സഹയാത്രക്കാർ എന്ന പരിഗണനവിട്ട് സ്ത്രീ-പുരുഷ ശരീരങ്ങൾ എന്ന ബോധത്തിൽ നിന്നും അവയുടെ സാമീപ്യം തുലോം വിരളമായിരിക്കുന്നുവെന്ന വസ്തുതയിൽ നിന്നുമാണ് ഇത്തരം അതിക്രമണങ്ങൾക്ക് സാധ്യതയേറുന്നത്. ഈ അതിക്രമണങ്ങൾക്കു തടയിടാനുതകുന്ന ഒരു സംവിധാനമാണ് നിയമവ്യവസ്ഥ.

ആധുനിക ജനാധിപത്യവീക്ഷണ

ങ്ങളും അവയുടെ പ്രയോഗ സ്ഥാപനങ്ങളും അധികരിക്കുന്നുവെന്നതിനാൽ കൂടുതൽ കൂടുതൽ പൊതുവൽക്കരണം ഇക്കാര്യത്തിൽ സംഭവിക്കുന്നുണ്ട്. ആ അളവിൽ കുറ്റകൃത്യങ്ങളുടെ എണ്ണം കുറയുന്നുമുണ്ടായിരിക്കാം. എങ്കിൽ കൂടി വെളിച്ചത്തു വന്നുകൊണ്ടിരിക്കുന്ന ലൈംഗികപീഢനങ്ങൾ ആശാസ്യമല്ലാത്ത ഒരു സദാചാരവീക്ഷണമാണ് വിളംബരം ചെയ്യുന്നത്. ലൈംഗികതയെന്നത് ഒരു സമുദായത്തിന്റെ ചരിത്രപരമായ ഉല്പന്നവും ആ ഉല്പാദനപ്രക്രിയയെന്നത് സമുദായത്തിന്റെ ചരിത്രവുമാണ്. ചരിത്രപരമായ ഈ ആത്മബോധം ഏറിയും കുറഞ്ഞും വ്യക്തികളിലൂടെ പ്രകാശിപ്പിക്കപ്പെടും. സ്ത്രീ-പുരുഷ ബന്ധങ്ങളുടെ കാര്യത്തിൽ കേരളീയ സമൂഹം പിന്നാക്കം നിൽക്കുന്നുവെന്നു പറഞ്ഞാൽ പിന്നാക്കം നിൽക്കുന്ന ഒരു ലൈംഗികതാസങ്കല്പമാണിവിടെയുള്ളതെന്നാണ് സാരം. ജനാധിപത്യ പ്രക്രിയയുടെ അടിസ്ഥാനം സ്വതന്ത്രവ്യക്തിയാണെന്ന് പറഞ്ഞല്ലോ. ഈ വ്യക്തിയുടെ ആത്മബോധത്തിലാണ് ഒരു സാമൂഹ്യ ഉല്പന്നമായ ലൈംഗികതയും പ്രയോഗക്ഷമമാകുന്നത്. കേരളീയർ ഇതരമേഖലകളിൽ നേടിയിട്ടുള്ള പുരോഗമനത്തിനൊത്ത വികാസം ഇവിടെ സ്ത്രീ-പുരുഷ ബന്ധത്തിൽ സംഭവിച്ചിട്ടില്ല. അതിനാൽ മറ്റുസംഖ്യം മണ്ഡലങ്ങളിൽ ജനാധിപത്യപരമായി ആത്മബോധം നേടിയിട്ടുള്ള വ്യക്തികൾ തന്നെ ലൈംഗികതയുടെ ചരിത്രബോധത്തിൽ ശിഥിലസ്ഖലനം സംഭവിക്കുന്നവരാണ്; അപകടരുമാണ്. സൂര്യനെല്ലി പീഢനകേസിൽ അഭിമതരായ അദ്ധ്യാപക പ്രമുഖർ വരെ പ്രതികളാകുന്ന വസ്തുത ഇതാണ് തെളിയിക്കുന്നത്. മറ്റു കാര്യങ്ങളിൽ ആഴത്തിലുള്ള ആത്മബോധം ആന്തരീകവല്കരിച്ച ആ ശരീരങ്ങൾക്ക് ലൈംഗികതയുടെ കാര്യത്തിൽ സംഭവിക്കുന്ന അപകടത ഒരു വൈകൃതം കൂടിയാണ്. അതിനാൽ സാമ്പ്രദായിക രീതിയിൽ പതം വന്ന വികാസഗതി കൈവന്നിട്ടില്ലാത്ത നമ്മുടെ സമൂഹത്തിൽ ലൈംഗികതയെ സംബന്ധിച്ച ആത്മബോധ രൂപീകരണം അതിദ്രുതം അനുഭവിക്കേണ്ടതുണ്ട്.

ലൈംഗികതയും സ്ത്രീ സ്വാതന്ത്ര്യവും

അധികാര ബന്ധത്തിൽ സ്ത്രീ ഏറ്റവുമധികം മർദ്ദിതയായിരിക്കുന്നത് ലൈംഗികതയുടെ കാര്യത്തിലാണ്. ഇത് ഒരു ശാരീരിക പ്രവൃത്തിയെന്ന നിലക്കല്ല, മറിച്ച്, ഒരു പ്രത്യയശാസ്ത്ര വീക്ഷണമെന്ന നിലക്കാണ് അനുഭവവേദ്യമാകുന്നത്. ഇന്നത്തെ അവസ്ഥയിൽ കേരളീയ സ്ത്രീകൾ ലൈംഗികമായ അവകാശങ്ങളില്ലാത്തവരാണ്. ഒരു സ്വതന്ത്ര വ്യക്തിയായി അംഗീകരിക്കപ്പെടുമ്പോഴും ലൈംഗികതയുടെ കാര്യത്തിൽ അവൾ വ്യക്തി സ്വാതന്ത്ര്യമില്ലാത്തവളാണ്. തന്നിഷ്ടപ്രകാരം ഇണയെ തെരഞ്ഞെടുക്കാനുള്ള അധികാരമില്ലാതിരിക്കുന്നതിനാൽ (ഇത് ഒരു സ്വതന്ത്രവ്യക്തിയുടെ അവകാശമാണ്) 'ഭാര്യ' എന്ന കർതൃത്വത്തിന് വിധേയമായികൊണ്ടാണ് അവൾ സ്വന്തം ശരീരതൃഷ്ണകൾ അനുഭവിക്കുന്നത്. വിവാഹം എന്ന സ്ഥാപനത്തിൽ വിധേയപൂർവം ജീവിക്കുന്ന സ്ത്രീ ഏതുതരം ലൈംഗിക പ്രവൃത്തിയിലും ഭാര്യയെന്ന കർതൃസങ്കല്പത്തിൽ എത്തിചേരും. അഥവാ 'ഭാര്യ'യായി തിരിച്ചറിഞ്ഞാൽ മാത്രമേ അവൾക്ക് ലൈംഗിക പ്രവർത്തിയിലേർപ്പെടാനാകൂ. 'ഭാര്യ'യെന്ന കർതൃത്വസങ്കല്പം 'പാപബോധമില്ലാതെ ലൈംഗികതയിലേക്കു സഞ്ചരിക്കാൻ അവളെ പ്രേരിപ്പിക്കുന്ന ഒരു ഘ

കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണങ്ങൾ

പുതിയ പുസ്തകങ്ങൾ

1. കാളിദാസഹൃദയം തേടി (ലേഖനങ്ങൾ) കെ.പി. നാരായണപ്പിഷാരോടി	60.00
2. കഥയും കഥാപ്രസംഗവും ജോസഫ് കൈമാപ്പറമ്പൻ	50.00
3. കുത്തിയോട്ടപ്പാട്ടുകൾ സമ്പാ. പഠനം: ഹരിപ്പാട് മോഹനകുമാർ	60.00
4. കോലത്തുപഴമ (ചരിത്രം) എം.പി. കുമാരൻ	50.00
5. താജിന്റെ തെരഞ്ഞെടുത്ത നാടകങ്ങൾ പി. എം. താജ്	83.00
6. പ്രേംജി പാടുന്നു (കവിത) പ്രേംജി	60.00
7. രാമകഥ (ഉത്ഭവവും വളർച്ചയും) (പുതിയ പതിപ്പ്) ഫാ. കാമിൽ ബുൽക്കെ വിവ. അഭയദേവ്	186.00
8. പഞ്ചതന്ത്രം (കിളിപ്പാട്ട്) കുഞ്ചൻനമ്പ്യാർ എഡി. എവൂർ പരമേശ്വരൻ	51.00
9. കുഞ്ചൻനമ്പിയാരുടെ തുള്ളൽക്കഥകൾ കുഞ്ചൻനമ്പിയാർ (പുതിയപതിപ്പ്) സംശോ. പി.കെ.ശിവശങ്കരപ്പിള്ള	325.00
10. തെക്കൻപാട്ടുകൾ ഒരു പഠനം ഡോ. ജി. ത്രിവിക്രമൻതമ്പി	42.00
11. മാർത്താണ്ഡവർമ്മ (നോവൽ) സി.വി. രാമൻപിള്ള	67.00
12. രാമരാജാബഹദൂർ (നോവൽ) സി.വി. രാമൻപിള്ള	85.00
13. വിലാസിനിയുടെ ആഖ്യാനകല പ്രൊഫ. പി.മീരാക്കുട്ടി	68.00
14. കുറുന്തൊക (കവിതകൾ) വിവ. ഡോ.കെ.എൻ.എഴുത്തച്ഛൻ	81.00
15. വി.ടി യുടെ കഥകൾ (പുതിയപതിപ്പ്) വി.ടി. ഭട്ടതിരിപ്പാട്	40.00
16. വെള്ളുവക്കമ്മാരൻ (ചരിത്ര നോവൽ) സി. കുഞ്ഞിരാമമേനോൻ	48.00
17. നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901–2000 വാല്യം ഒന്ന്	325.00
18. നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901–2000 വാല്യം രണ്ട്	325.00
19. രംഗഭൂമി (നോവൽ) പ്രേംചന്ദ് വിവ. ഇ.കെ.ദിവാകരൻ പോറ്റി	140.00
20. മഞ്ജരി (ലേഖനങ്ങൾ) വി.ടി.കുമാരൻ	57.00

[illegible]
സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
ഫോൺ 0487-331069 email.sahitya@md4.vsnl.net.in

ടകമാണ്. നമ്മുടെ എല്ലാ പ്രണയ കഥകളിലും നായികമാർ 'ശരീരത്തിൽ തൊടുന്നത് വിവാഹത്തിനുശേഷം' മതിയെന്ന് പറയുന്നുണ്ടല്ലോ. ഇതിന് മറ്റൊരു ആത്മസംഘർഷം കൂടിയുണ്ട്. 'ഭാര്യ'യെന്നത് ഒരു നിയതമായ അധികാരബന്ധത്തിലെ കർതൃരൂപവുമാണ്. ആ ബന്ധത്തിൽ 'ഭർത്താവ്' എന്നത് അധീശാധികാരമുള്ള കർതൃരൂപമാണ്. ഭാര്യാഭർതൃ സംഭോഗത്തിൽ പോലും ഈ അധികാരം പ്രയോഗക്ഷമമാകും. 'എനിക്കിനിയും സ്ഖലനമായില്ല' എന്ന് ഒരു 'ഭാര്യ'ക്കിന്നത്തെ അവസ്ഥയിൽ ഭർത്താവിനോട് പറയാനാകില്ല. അതൊരിണക്കു മാത്രം പറയാവുന്ന ഭാഷയാണ്. അതിനാൽ കേരളീയ സ്ത്രീയെ സംബന്ധിച്ച് ലൈംഗികതയെന്നത് ഒരു 'ഭാര്യ'യുടെ മാത്രം അനുഭവമാണ്; ഒരു സ്ത്രീയുടെ അനുഭവമല്ല. ഭർത്താവറിയാത്തിടത്തോളം മാത്രമേ അവൾക്ക് സ്വശരീരതൃഷ്ണകൾക്ക് ചെവി കൊടുക്കാനാവുകയുള്ളൂ. ഭർത്താവോ മറ്റു പരിരക്ഷകർത്താക്കളോ അറിയരുതെന്ന മുന്നുപാധിക്കു മുന്നിൽ ലൈംഗികതയുടെ വ്യവഹാരത്തിൽ അവൾ ഒരു സ്വതന്ത്ര സ്വത്വമല്ല. ഭർത്താവറിയരുതെന്ന് ശഠിക്കുന്ന സ്ത്രീക്ക് സ്വാതന്ത്ര്യത്തിലേക്ക് സഞ്ചരിക്കാനുമാവില്ല. സ്വാതന്ത്ര്യം സൈദ്ധാന്തികമായ അന്വേഷണ ലക്ഷ്യമാണ്. കൗശലം പ്രായോഗിക പരിഹാരത്തിലാണ് എത്തിക്കുന്നത്. ഏതു നിലക്കും പ്രായോഗിക പരിഹാരം തേടുന്ന സ്ത്രീ സ്വയം ഒരു ഭോഗവസ്തുവായാണ് തിരിച്ചറിയുന്നത്. അല്ലാതെ ലൈംഗിക സ്വാതന്ത്ര്യമുള്ള ഒരു കർതൃത്വമായല്ല. ഈ 'ഭോഗ'വസ്തു ഏതു പുരുഷനും എളുപ്പം കടന്നാക്രമിയ്ക്കാവുന്ന ശരീരം മാത്രമാണ്. അപ്പോൾ കടന്നാക്രമണങ്ങളും നിർവികാരമായ കീഴടങ്ങലുകളും സ്ത്രീയെന്ന ഒരു പ്രത്യയശാസ്ത്ര പ്രശ്നമാണ്. ഈ പ്രശ്നത്തിൽ പ്രതിരോധം ഉണ്ടാക്കുക എന്നത് സ്ത്രീ സ്വാതന്ത്ര്യത്തിന്റെ അടിയന്തിര ലക്ഷ്യവുമാണ്.

എന്നാൽ സ്ത്രീ സ്വാതന്ത്ര്യവാദ പ്രസ്ഥാനത്തിന്റെ കേരളീയ മാതൃക ഇത്തരം സൈദ്ധാന്തിക പ്രവർത്തനങ്ങൾക്കുപരി സ്ഥാപനങ്ങളിൽ നിന്നും നീതി പ്രതീക്ഷിച്ചിരിക്കുകയാണ്. ബലാത്സംഗകേസുകളിലെ വിചാരണാരീതി തന്നെ എത്രത്തോളം അശാസ്ത്രീയമാണെന്ന് നമുക്കറിയാം. പ്രതിഭാഗം വക്കീൽ എപ്പോഴും സ്ത്രീയുടെ സദാചാരപരമായ ദൗർബല്യങ്ങളെയാണ് മുതലെടുക്കുന്നത് എന്ന് നാമോർക്കണം. കേവലം സ്ഥാപനങ്ങളുടേയും നിയമസഹായങ്ങളുടേയും പിറകെ നടക്കലല്ല മറിച്ച് സ്ത്രീ-പുരുഷ ബന്ധത്തിൽ നിൽക്കുന്ന പ്രത്യയശാസ്ത്ര സമസ്യകളെ അഭിമുഖീകരിക്കുക എന്നതാണ് ഫെമിനിസത്തിന്റെ ധർമ്മം. ദൗർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ വിഖ്യാത ഫെമിനിസ്റ്റുകൾക്ക് ഇതിനു കഴിയുന്നതേയില്ല. 'കുടുംബം, ഭാര്യ, ഭർത്താവ്' തുടങ്ങിയ പ്രതിലോമകരമായ കർതൃസങ്കല്പങ്ങളെ ആദർശവല്കരിക്കുകയും പഴകിയ ധർമ്മാദർശങ്ങളുടെ 'വിലക്കു' വികാരങ്ങളിൽ കുടുങ്ങികിടക്കുകയും ചെയ്യുന്നതുകൊണ്ട് അവശതയനുഭവിക്കുന്ന ഒരു വലിയ വിഭാഗത്തിന്റെ ആത്മനൊമ്പരങ്ങൾ പ്രതിഫലിപ്പിക്കാനവർക്കു കഴിയാതെ പോകുന്നു. ഇത്തരം ബഹുജന ബോധവൽകരണ സൈദ്ധാന്തിക പ്രവർത്തനങ്ങളുടെ അഭാവത്തിൽ സ്ത്രീസ്വാതന്ത്ര്യത്തിന്റെ ആത്മബോധം ഇവിടെ രൂപപ്പെടുന്നില്ല. വ്യക്തി സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിലുള്ള ലൈംഗിക കർതൃത്വമായി പരിവർത്തിക്കുക മാത്രമാണിനി കേരളീയ സ്ത്രീകളുടെ മുന്നിലുള്ള വഴി.

'ഭാര്യ'യെന്നത് ഒരു നിയതമായ അധികാരബന്ധത്തിലെ കർതൃരൂപമാണ്. ആ ബന്ധത്തിൽ 'ഭർത്താവ്' എന്നത് അധീശാധികാരമുള്ള കർതൃരൂപമാണ്. ഭാര്യഭർതൃ സംഭോഗത്തിൽ പോലും ഈ അധികാരം പ്രയോഗക്ഷമമാകും. 'എനിക്കിനിയും സ്ഖലനമായില്ല' എന്ന് ഒരു 'ഭാര്യ'ക്കിന്നത്തെ അവസ്ഥയിൽ ഭർത്താവിനോട് പറയാനാകില്ല. അതൊരിണക്കു മാത്രം പറയാവുന്ന ഭാഷയാണ്.

സ്ത്രീപീഢനവും പുരുഷാധിപത്യസ്ഥാപനങ്ങളും

ഏതുതരം സ്ത്രീപീഢനവും പുരുഷാധിപത്യസ്ഥാപനങ്ങളുടെ കടന്നുകയറ്റമാണ്. അതു പൊലീസ്സ്റ്റേഷനായാലും ട്രേഡ്യൂണിയനുകളായാലും സർവകലാശാലകളായാലും സ്ത്രീ സ്വത്വത്തെ സംബന്ധിച്ച് ഇന്ന് ഇതെല്ലാം ഒരുപോലെയാണ്. സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷാധിപത്യ ആശയങ്ങളുടെ പ്രയോഗസങ്കേതങ്ങളെന്ന നിലക്ക് ഇവക്കെല്ലാം സ്ത്രീ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ പ്രതിലോമകരവും മർദ്ദകവുമായ ഒരു പങ്കാണ് വഹിക്കാനുള്ളത്. ബഹുഭൂരിപക്ഷം സ്ത്രീകളുടെ അടിമത്താവസ്ഥയടക്കം കടന്നാക്രമണത്തിന്റെ വൈകൃതമുൾപ്പെടെയുള്ള മുഴുവൻ ജനാധിപത്യവിരുദ്ധതയ്ക്കും എതിരായ സൈദ്ധാന്തിക മുന്നണിയുണ്ടാക്കേണ്ടത് ഇനി സ്ത്രീ സ്വാതന്ത്ര്യപ്രസ്ഥാനമാണ്. ഈ നവീകരണം ഒരു പുനഃസംവിധാനവും സാമൂഹ്യചികിത്സയുമാണുതാനും. അതൊരിക്കലും ഒരു ബദൽ ശിക്ഷകയേർപ്പാടല്ല.

ഉഷയും സമൂഹവും

സാധാരണഗതിയിൽ പൊലീസ് സ്റ്റേഷനിൽവച്ച് ഇതെല്ലാം അവസാനിക്കുമായിരുന്നു. എന്നാൽ സർവകലാശാലയിലും യൂണിയനുകളിലുമെല്ലാം എത്തിപ്പെട്ടപ്പോഴാണ് ഇതൊരു വിചിത്ര സംഭവമായത്. ഇതുവരെയും പുറത്തുവന്ന കേരള സ്ത്രീ പീഢനകേസിൽ ഇത്രമാത്രം സവിസ്തരമായ ഒരു സ്മാർത്തവിചാരം നടന്നു കാണില്ല. പുതിയ തലമുറക്ക് ആധുനിക ജീവിതപാഠങ്ങൾ പഠിപ്പിക്കേണ്ട 'കളരിക്കുറുപ്പുമാരും' നാളെയുടെ ജനാധിപത്യത്തിന് രൂപം നൽകേണ്ട 'സമരസഖാക്കളും' എത്രയെളുപ്പമാണ് നടപടികളുടെ പേശീബലത്തിന്മേൽ 'ചൊട്ടുന്യായങ്ങളുടെ' എണ്ണപുരട്ടി ഗോദായിലിറങ്ങിയത്. അതിനു കാരണം ലളിതമാണ്. എല്ലാം ഏറ്റുവാങ്ങുന്ന സർവംസഹയായ ഭോഗവസ്തുവെന്ന കർതൃഘടനയിൽ നിന്ന് സ്വാതന്ത്ര്യബോധമുള്ള പുതിയ സ്ത്രീ കർതൃത്വമെന്ന ആത്മബോധത്തിലേക്ക് കുതറിത്തെറിക്കുന്ന സ്ത്രീ ശരീരമാണ് ഉഷ. ഈ ശരീരത്തിന്റെയും ആത്മജ്ഞാനത്തിന്റെയും സ്വതന്ത്ര സഞ്ചലനം എല്ലാ ജനാധിപത്യവിരുദ്ധരെയും പുരുഷ സങ്കുചിത മനോഗതിയേയും മാത്രമല്ല ആദർശശാലികളായ 'ഭാര്യ'മാരേയും കൂടി അമ്പരപ്പിക്കും.

ഭയപ്പെടുത്തുന്ന ഈ സജീവ സാന്നിദ്ധ്യത്തിൽ പഴയ ചർച്ചകളുടെ അന്യഥായുള്ള 'മൃഗയാവിനോദവിദ്യ'കൾ സാധ്യമല്ലല്ലോ. ആസന്നമായ ഒരു പ്രയോഗ സന്ധിയിൽ ഇടപെടുന്നതിന് പഴയ ധർമാദർശങ്ങൾ ഉല്പാദിപ്പിച്ച മൂല്യബോധത്തിനു കഴിയില്ല. അതിന് ആധുനികമായ വീണ്ടുവിചാരം രൂപപ്പെടുത്തുന്ന പുതിയ സങ്കല്പനങ്ങൾ തന്നെ ആവശ്യമായിതീരുന്നു. പഴയ സ്ഥാപനങ്ങളുടെ വരേണ്യവിചാരത്തിന് പുതിയ സങ്കല്പനങ്ങൾ വഴങ്ങുന്നതല്ല. അതിനാലാണ് സമസ്ത സ്ഥാപനങ്ങളും ചേർന്ന് ഉഷയെ സ്മാർത്തവിചാരം ചെയ്യുന്നത്. പുരുഷധാർഷ്ട്യങ്ങൾക്ക് കീഴ്വഴങ്ങാതെ പ്രകോപനപരമായി കുതറിമാറുന്ന സ്ത്രീ ശരീരത്തെ പഴയ ധർമാദർശത്തിന്റെ വരുതിയിലേക്ക് ആവാഹനം ചെയ്യാനുള്ള അനുഷ്ഠാനങ്ങളാണ് ഈ സ്ഥാപനങ്ങൾ ചെയ്തത്. ഒച്ചയും ബഹളവും വച്ച് പ്രതികരിക്കുന്ന സ്ത്രീ ലൈംഗികതയെ നിശബ്ദവും അയഥാർത്ഥവുമായ വ്യവഹാരത്തിൽ നിന്ന് ശബ്ദായമാനവും ആധുനികവുമായ തലങ്ങളിലേക്ക് ഉയർത്തുന്നു. അതുവഴി ഉയർത്തപ്പെടുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ എല്ലാവരും ബാദ്ധ്യസ്ഥരാകുന്നു,എന്നത്തേയുംകാൾ കൂടുതലായി. ■



സംഗീതത്തിന്റെ കലവറ

നൃത്ത സംഗീതം,
കഥാപ്രസംഗം, ചലച്ചിത്ര ശബ്ദരേഖ,
നഴ്സറി റൈംസ്, പാശ്ചാത്യ സംഗീതം,
മാപ്പിളപ്പാട്ടുകൾ, ഭക്തിഗാനങ്ങൾ,
ലളിതഗാനങ്ങൾ, ഉത്സവഗാനങ്ങൾ,
കവിതകൾ, കഥകളിപദങ്ങൾ, വാദ്യ
സംഗീതം, ശാസ്ത്രീയ സംഗീതം,
ഗസലുകൾ, ചലച്ചിത്രഗാനങ്ങൾ
എന്നിവയുടെ ഓഡിയോ കാസറ്റുകൾ
യഥേഷ്ടം തിരഞ്ഞെടുക്കുവാൻ ഒരു
വിശ്വസ്ത സ്ഥാപനം.

MELODY CORNER

THE
Music Shop

Simis Complex, Kuruppam Road
Thrissur - 680 001. Ph: 424455

MUSIC AT ITS BEST

സ്വജീവിതം കൊണ്ട് മാതൃക കാട്ടുക എന്നിട്ടാകാം ബാക്കി

ഡി.പ്രദീപ്കുമാർ

വിനയ എന്ന പൊലീസുകാരിയെ നിങ്ങൾക്ക് പരിചയമുണ്ടായേക്കും. സ്ത്രീകൾക്കെതിരായ വിവേചനങ്ങൾക്കെതിരെ ഒറ്റക്ക് നിയമയുദ്ധം നയിക്കുന്ന ഈ വയനാട്ടുകാരിയെക്കുറിച്ച് മാധ്യമങ്ങൾ ഏറെ പറഞ്ഞുകഴിഞ്ഞു. അവർ ജോലി ചെയ്തിരുന്ന ഒരു പൊലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പിറകുവശത്തു തന്നെയുള്ള മുറിയിലായിരുന്നു നേരത്തെ താമസം. ജോലി സമയം കഴിഞ്ഞ് ഹൗസ്കോട്ടുമിട്ട് നടന്ന ഈ യുവതിക്കെതിരെ പുരുഷ പൊലീസുകാർ എസ്.ഐയോട് പരാതിപ്പെട്ടു- ഈ വേഷത്തിൽ അവരെ കണ്ടാൽ തങ്ങൾക്ക് 'അതുമിതുമൊക്കെ' തോന്നും. വിനയയുടെ മറുപടി വളരെ ലളിതമായിരുന്നു. ഡ്യൂട്ടിയിലില്ലാത്ത പൊലീസുകാർ ഷർട്ടഴിച്ചിട്ട്, മുണ്ടും മടക്കിക്കുത്തി അവിടെ ഉലാത്തുന്നുണ്ട്. അവരെ കാണുമ്പോൾ തനിക്കും 'അതുമിതുമൊക്കെ' തോന്നും!

ലൈംഗികത പുരുഷന്റെ മാത്രം വിഷയമല്ല, അവന്റെ കുത്തകയുമല്ല. പക്ഷേ, ആരെ കല്യാണം കഴിക്കണമെന്ന് സ്വതന്ത്രമായി തീരുമാനിക്കാൻ പോലും സ്ത്രീകൾക്ക് കഴിയാത്ത നമ്മുടെ സമൂഹത്തിൽ ഈ പൊലീസുകാരിയുടെ കൂസലില്ലാത്ത വെളിപ്പെടുത്തലുകൾ ഒരു സാമൂഹ്യാഘാതമാണ്. മാധവിക്കുട്ടിയുടെ ആത്മകഥ പ്രസിദ്ധീകൃതമായപ്പോഴും റോസിതോമസിന്റെ ആത്മകഥാംശമുള്ള അഭിമുഖങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടപ്പോഴും നമ്മുടെ സമൂഹത്തിന്റെ യാഥാസ്ഥിതികതയുടെ സ്റ്റാറ്റസ്കോയ്ക്ക് കനത്ത പ്രഹരമേൽക്കുകയുണ്ടായി. പക്ഷേ, ഇക്കാലത്ത് ഇതുണ്ടാകുന്നത്, അത്യപൂർവമായി മാത്രം. ജീവിത സുരക്ഷിതത്വമെന്ന ശരണമന്ത്രത്തിന് മുന്നിൽ പുജവെയ്ക്കപ്പെട്ടു നതാണ് കേരളീയ സമൂഹത്തിലുണ്ടായി എന്ന് ബുദ്ധിജീവികളും സാമൂഹ്യശാസ്ത്രജ്ഞരുമൊക്കെ നിരന്തരം പറയുന്ന സാമൂഹ്യ-രാഷ്ട്രീയ പ്രബുദ്ധത.

ജാതി കല്യാണങ്ങൾ നടത്തി, പെൺവീട്ടുകാരുടെ കാറും സമ്പാദ്യങ്ങളും കണക്ക് പറഞ്ഞ് വാങ്ങി, മക്കളെ ജാതി-മതാചാരപ്രകാരം വളർത്തി, വൻതുക ഡൊണേഷൻ കൊടുത്ത് സ്കൂളുകളിൽ ചേർത്തശേഷം നാട്ടുകാരെ 'പ്രബുദ്ധരാ'ക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന കാപട്യക്കാരാണ് നമ്മുടെ പ്രമുഖ എഴുത്തുകാരും കലാകാരൻമാരും ഉൾപ്പെടെയുള്ള ബുദ്ധിജീവികളിൽ 99 ശതമാനം പേരും. വനിതാ വിമോചന ഗ്രൂപ്പുകളുടെ നേതൃത്വം വഹിക്കുന്നവരും ഭർത്താവിനെ / അച്ഛനെ ആശ്രയിക്കുന്ന പരാന്നജീവികളുടെ ഗണത്തിൽ പെടുന്നു. അവശേഷിച്ചവരാകട്ടെ, ലക്ഷ്യബോധമില്ലാതെ, എന്തിനെന്നറിയാതെ, ആർക്കും മനസിലാകാത്ത ഭാഷയിൽ എന്തൊക്കെയോ പുലമ്പിക്കൊണ്ടു നടക്കുന്ന അരാജകവാദികളോ, ശൂന്യതാവാദികളോ ആകുന്നു. സാമൂഹ്യ സ്വീകാര്യത (social acceptability) അശേഷമില്ലാത്തവരുടെ കോപ്രായങ്ങൾ മാത്രമാണ് ഇന്ന് ചില സ്ത്രീ വിമോചന ഗ്രൂപ്പുകളുടെ പേരിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ- ഒരു ഇംഗ്ലീഷ് ശൈലി കടമെടുത്ത് പറഞ്ഞാൽ motiveless malignity. സ്വന്തം വീട്ടിൽ, തൊട്ടടുത്ത അയൽക്കാരിൽ, അടുത്ത ബന്ധുക്കളിൽ, ആത്മസുഹൃത്തുക്കളിൽ ഒരു സ്വാധീനവും ചെലുത്താനാകാത്തവർ എന്ത് കാട്ടിക്കൂട്ടിയാലെന്ത്?

> ലൈംഗികത പുരുഷന്റെ മാത്രം വിഷയമല്ല, അവന്റെ കുത്തകയുമല്ല. പക്ഷേ, ആരെ കല്യാണം കഴിക്കണമെന്ന് സ്വതന്ത്രമായി തീരുമാനിക്കാൻ പോലും സ്ത്രീകൾക്ക് കഴിയാത്ത നമ്മുടെ സമൂഹത്തിൽ ഈ പൊലീസുകാരിയുടെ കൂസലില്ലാത്ത വെളിപ്പെടുത്തലുകൾ ഒരു സാമൂഹ്യാഘാതമാണ്.

യാഥാസ്ഥിതിക ഇടതുപക്ഷത്തിന്റെയും തീവ്ര പുരോഗമനവാദികളുടെയും നേതൃനിരയിലുള്ളവരുടെ കാര്യമെടുക്കുക. ഇവരിൽ നല്ലൊരു ശതമാനം സ്വകാര്യസ്കൂൾ, കോളജ് അധ്യാപകരാകുന്നു. മാനേജ്മെന്റുകൾക്ക് കോഴകൊടുത്തും മതരാഷ്ട്രീയ നേതാക്കളുടെ കാലുപിടിച്ചും ജോലി സമ്പാദിച്ച ശേഷം വാതോരാതെ പുരോഗമനം പറഞ്ഞുനടക്കുന്ന ഇവ രാണോ നമ്മുടെ സമൂഹത്തെ പൊളിച്ചെഴുതാൻ പോകുന്നത്? എല്ലാ സാമൂഹ്യതിൻമകൾക്കും കൂട്ടുനിൽക്കുന്ന ഇത്തരം അധമരെ മുൻനിർത്തി നമ്മൾ എന്തു ചെയ്യാൻ പോവുകയാണ്?

ഇവരൊക്കെയാണ് നമ്മുടെ മാതൃകാപുരുഷൻമാർ, അഥവാ സമൂഹത്തിന്റെ അഭിപ്രായ രൂപീകരണത്തിനെ സ്വാധീനിക്കുന്ന Opinion leaders രാഷ്ട്രീയ നേതാക്കളോ? കേരളത്തിലെ ഇടതുപക്ഷത്തിന്റെ സമുന്നതനായ മുഖ്യമന്ത്രി നായനാരുടെ കാര്യമെടുക്കുക. രാഷ്ട്രീയത്തിലെ മാത്രമല്ല സ്വന്തം കുടുംബത്തിലെയും മാടമ്പിയാണിദ്ദേഹം - തിരുവായ്ക്ക് എതിർവായില്ലിവിടെ. എല്ലാ ആചാരാനുഷ്ഠാനങ്ങളുടെയും ആഢംബരങ്ങളുടെയും അകമ്പടിയോടെ മകന്റെയും മകളുടെയും വിവാഹം നടത്തി മാതൃകകാട്ടിയ മഹാ 'വിപ്ലവ'നേതാവാണ് ഇദ്ദേഹം. പത്ത് വർഷങ്ങൾക്കു മുമ്പ് ഇതേ രീതിയിൽ ആർഭാട വിവാഹം നടത്തിച്ചതിന് സരോജിനി ബാലാനന്ദനെ ശാസിച്ച പാർട്ടി, പള്ളിയിൽ വച്ച് മക്കളുടെ വിവാഹം നടത്തിച്ചതിന് ലോറൻസിനെ വിമർശിച്ച പാർട്ടി, നായനാരുടെ മക്കളുടെ കാര്യത്തിൽ വ്യാപകമായ പ്രതിഷേധമുയർന്നിട്ടും നിശബ്ദതപാലിക്കുകയായിരുന്നു.

കമ്യൂണിസ്റ്റ് നേതാക്കൾക്കിടയിൽ അടുത്തിടെ നടന്ന സി.പി.ഐ മന്ത്രി കെ.ഇ.ഇസ്മയിലിൻെറ മകളുടെ വിവാഹം മാത്രമായിരുന്നു, സ്വമതത്തിൽ നിന്നായിരുന്നുവെങ്കിലും ലളിതമായും ആർഭാടരഹിതമായും നടന്ന ഒരേയൊരു വിവാഹം എന്നറിയുക. പുരുഷമേധാവിത്തത്തെയും ജാതി-മതാചാരങ്ങളെയും ഊട്ടി ഉറപ്പിക്കുന്ന വിവാഹബന്ധങ്ങളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും ഇക്കാണുന്ന നമ്മുടെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക നേതാക്കളെല്ലാം സ്ത്രീകളെ അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയും ചെയ്തുപോരുന്ന സാമൂഹ്യവ്യവസ്ഥയെ അരക്കിട്ട് ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

ഇതിൻെറ ഫലമായാണ് കേരളീയ സമൂഹത്തിൽ ഉണ്ടായ ജനാധിപത്യ-രാഷ്ട്രീയ നവോത്ഥാനങ്ങളൊന്നും സ്ത്രീ-പുരുഷബന്ധങ്ങളിൽ പ്രതിഫലിക്കാതെ പോകുന്നത്. നിയമനിർമ്മാണം കൊണ്ടോ, ഉപദേശി പ്രസംഗം കൊണ്ടോ ഇതിന് മാറ്റം വരുത്താനാവില്ല. സി.പി.എംകാരനായതുകൊണ്ടോ, പണ്ട് നക്സലൈറ്റുകാരനായിരുന്നതു കൊണ്ടോ, മുകുന്ദനെയും വിജയനെയും ആനന്ദിനെയും ആഷാമേനോനെയും വായിച്ചതുകൊണ്ടോ, കുടിച്ചുലക്കുകെട്ടും പുകച്ചും ദാർശനിക വ്യഥകളെക്കുറിച്ച് കവിതയെഴുതിയതു കൊണ്ടോ, ഉത്തരാധുനിക സാഹിത്യം രചിച്ചതുകൊണ്ടോ, ഫിലിം ഫെസ്റ്റിവലുകളിൽ മുടങ്ങാതെ പങ്കെടുത്തതുകൊണ്ടോ, 'കലാകൗമുദി' മുതൽ 'സമീക്ഷ'വരെ നിരന്തരം കക്ഷത്തുവെച്ചു നടന്നതുകൊണ്ടോ ഒന്നും ആർക്കും യാഥാസ്ഥിതിക മൂല്യങ്ങളാൽ വാർത്തെടുത്ത കുടുംബ ബന്ധങ്ങളെ പൊളിച്ചെഴുതാനാവില്ല. തകർത്തെറിഞ്ഞ് പുതിയതൊന്ന് സൃഷ്ടിക്കാനുമാകില്ല.

സ്വന്തം ജീവിതം കൊണ്ടേ ഈ പൊളിച്ചെഴുത്തൽ നടത്താനാകൂ. സമൂഹത്തിൻെറ അടിസ്ഥാന ഘടകമായ കുടുംബത്തിലാണ് ഈ കലാപത്തിൻെറ ആദ്യ വെടിയൊച്ച മുഴങ്ങേണ്ടത്. അതിനു തയ്യാറല്ലാത്തവർ പോയി കെട്ടിത്തുങ്ങട്ടെ. സാമൂഹ്യമാറ്റത്തെക്കുറിച്ചുള്ള ഈ അധരവ്യായാമം നിർത്തിയിട്ട് അവർ മുറ്റത്ത് നാല് വാഴവെച്ച് വെള്ളം കോരട്ടെ, ഫലം സുനിശ്ചിതം!

സി.പി.എംകാരനായതുകൊണ്ടോ, പണ്ട് നക്സലൈറ്റുകാരനായിരുന്നതുകൊണ്ടോ, മുകുന്ദനെയും വിജയനെയും ആനന്ദിനെയും ആഷാമേനോനെയും വായിച്ചതു കൊണ്ടോ, കുടിച്ചുലക്കുകെട്ടും പുകച്ചും ദാർശനിക വ്യഥകളെക്കുറിച്ച് കവിതയെഴുതിയതു കൊണ്ടോ, ഉത്തരാധുനിക സാഹിത്യം രചിച്ചതുകൊണ്ടോ, ഫിലിം ഫെസ്റ്റിവലുകളിൽ മുടങ്ങാതെ പങ്കെടുത്തതുകൊണ്ടോ, 'കലാ കൗമുദി' മുതൽ 'സമീക്ഷ'വരെ നിരന്തരം കക്ഷത്തു വെച്ചു നടന്നതുകൊണ്ടോ ഒന്നും ആർക്കും യാഥാസ്ഥിതിക മൂല്യങ്ങളാൽ വാർത്തെടുത്ത കുടുംബ ബന്ധങ്ങളെ പൊളിച്ചെഴുതാനാവില്ല.

കേരളത്തിലെ ക്ഷീരകർഷകരിൽനിന്ന്
നേരിട്ട് സംഭരിച്ച് അത്യാധുനിക
ഡയറിപ്ലാൻറിൽ ശുദ്ധീകരിച്ച്
പരിശുദ്ധിയും ഗുണമേന്മയും ഉറപ്പ്
വരുത്തിയ കെ.എസ് പാൽ
രാസവസ്തുക്കളൊന്നും
കലരാത്തതാണ്.
കുടുംബത്തിൻെറ ആരോഗ്യം
നിലനിർത്താൻ നിങ്ങളും
കെ.എസ് പാൽ തന്നെ
തിരഞ്ഞെടുക്കൂ.

കെ.എസ് പാൽ
Pasteurised

ഗുണത്തിലും ശുദ്ധിയിലും മികച്ചത്

KSE LIMITED

ഡയറി ഡിവിഷൻ (സർക്കാർ അംഗീകൃത ഡയറി mmpo Reg.No. 012 dt. 21-12-99)
കോനിക്കര, തൃശൂർ ജില്ല, കേരള
Ph : 0487-356394, 351501

സ്ത്രീയും പുരുഷനും പിന്നെ മലയാളിയും

ഒ.കെ.സുദേഷ്

തന്റെ ഭാഷ സംസാരിക്കുന്ന, തന്റെ വംശകണങ്ങൾ പേറുന്ന പെൺകൊടികളെ, തനിക്ക് അപ്രാപ്യമാവുക എന്നതിനെ, ബസ് തൊട്ട് സിനിമാശാലകൾ വരെയവർ പീഡിപ്പിക്കുന്നു. എങ്ങനേയും ബീജവ്യാപനം എന്ന ഭ്രാന്തമായ ഒരേയൊരു ചിന്ത മാത്രമെ അവരെ നീറ്റുന്നുള്ളൂ. ദാതാവിന്റെ വിശാലഹൃദയത്വം ഇങ്ങനെയൊരു ചാൻസിൽ മാത്രമെ അവരെയും അനശ്വരരാക്കൂ. വാഹനാപകടത്തിൽ പെട്ട് മരണവുമായി സ്വകാര്യം പറയുന്ന സ്ത്രീയെ കാണുമ്പോഴും അവർക്കോർമ്മ വന്നത് വിത്തെറിയുവാനുള്ള അടങ്ങാത്ത അഭിലാഷമാണ്.

നമ്മുടെ സംസ്കൃതിയിലെ സ്ത്രീ-പുരുഷ ബന്ധത്തെകുറിച്ച്- അല്ലെങ്കിൽ, ഏത് സന്ദർഭങ്ങളിലെയും സ്ത്രീ-പുരുഷ ബന്ധത്തെകുറിച്ച് - ആലോചിക്കുക ആയാസമുള്ള കൃത്യമായിരിക്കുകയില്ല. ഒരേസമയം, അതൊരു ഭാഗത്ത് ലിംഗപരമായ ജൈവധർമ്മങ്ങളിലെ വ്യത്യസ്തതകളിലേക്കും മറുഭാഗത്ത് അംഗീകൃതമായ ലൈംഗിക സദാചാരങ്ങളിലേക്കും വിരുദ്ധയുക്തികളോടെ ചെന്നലയ്ക്കുന്നത് കാണാം. ഈ വൈരുദ്ധ്യങ്ങളെ, എന്നാൽ, മനുഷ്യാവ്കാശങ്ങളുടെ വെളിച്ചത്തിൽ വെച്ചുകാണുമ്പോഴേ അതിന് വർത്തമാനകാല പ്രസക്തിയിലേക്കടുപ്പിക്കുവാൻ പറ്റൂ. അങ്ങനെയൊരു ശ്രമമാണിവിടെ.

വേട്ടയിറച്ചി മാഹാത്മ്യം

ഏറ്റവും കൂടുതൽ വേട്ടയിറച്ചി കൊണ്ടുവന്നിരുന്ന ഗുഹാവാസിയായ പുരുഷൻ പകരം കൂടുതൽ സ്ത്രീകളെ വെച്ചനുഭവിച്ചിരുന്നു എന്നതിപ്പോൾ നികൃഷ്ടമായി തോന്നിയേക്കാം. ഫലമൂലാദികളെ പോലെയല്ല മാംസം. ഊർജ്ജപോഷകങ്ങളുടെ ഗുളികകളാണവ. എന്നാൽ, ഓടുന്ന മാനിന്റെ മാംസത്തെ വായും വയറും പരിചയപ്പെടുകയും അതിൽ സംതൃപ്തമാവുകയും ചെയ്യുന്നതിലേക്കായി, കരുത്തിന്റെ ചില സവിശേഷതകൾ മുന്നുപാധികളായി ആവശ്യമായിരിക്കുന്നു. സാമർത്ഥ്യം, കുറുക്കുവഴി, ചതി തുടങ്ങിയ ബുദ്ധിവേലകളുടെ ഇടിമിന്നലുകൾ പരിചിതമാകേണ്ടിയിരിക്കുന്നു. അതായത് മാനിറച്ചി ഒരുവനിന്ന് ഗുഹയിലേക്ക് കൊണ്ടുവരാമെങ്കിൽ, അവന്റെ ശൈശവത്തിൽ, അച്ഛൻ പെരുച്ചാഴിയുടെ ഇറച്ചിയെങ്കിലും കൊണ്ടുവന്നിരിക്കണം; അമ്മയവനെ നന്നായി മുലയൂട്ടിയുമിരിക്കണം. അങ്ങനെ കാണുമ്പോൾ അതിനു നിദാനമായ സാഹസികതയ്ക്ക് പ്രത്യുപകാരമായി കൂടുതൽ ആരാധന സമ്മാനിതവുമാവണം. എതിർലിംഗങ്ങളുടെ ഉപാധികളില്ലാത്ത ലൈംഗിക വിധേയത്വമാണ് വിനോദപൂർണമായ പ്രഥമ സമ്മാനം, ഇതര പുല്ലിംഗങ്ങളുടെ ദൃഷ്ടിതാഴ്ത്തൽ അടുത്തത്, ഗുഹയുടെ അധിനായകത്വം ഏറ്റവുമൊടുവിലും. ഇതെല്ലാം കാൽച്ചുവട്ടിലെത്തുമെന്നുണ്ടെങ്കിലെ ആ മാനിന്റെ മാംസത്തിൽ നിന്ന് ഇന്ന് ഹ്യൂമൻ ജെനോം മാപ്പിങ് വരെയുള്ള കുത്തിയിരിപ്പുകൾ ന്യായീകരിക്കപ്പെടുമായിരുന്നുള്ളൂ.

സ്ത്രീ, ഏറ്റവും ശക്തനായ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ പ്രമാണിത്തമുള്ള ഒരുവനിൽ നിന്ന് ബീജധാരണത്തിന് തയ്യാറായിരിക്കുന്നു എന്ന് കാണുക. അത് വംശത്തിന്റെ, തന്റെ താവഴിയിലൂടെയുള്ള അരോഗദൃഢമായ വളർച്ചയുടെ തന്റെ ഉണ്മയുടെ അനശ്വരമായ അതിജീവനത്തിന്റെ ആൺ-പെൺ ബന്ധത്തിലെ സ്വകാര്യ കൂട്ടായ്മയാണെന്നും നേർപ്പിച്ച് കാണുക. മാംസം, ജൈവോർജ്ജോപഭോഗത്തിന്റെ കാപ്സ്യൂൾ നിലയാണെന്ന് തിരിച്ചറിയുമ്പോൾ, അത് യഥേഷ്ടം സാധ്യമാക്കുന്നവന്റെ ഡി.എൻ.എ-യെ ഘടനാപരമായ വീഴ്ചകൾക്കിരയാകാതെ നീണ്ടുനിൽക്കാൻ അനുവദിക്കേണ്ടി വരും. അതാണതിലെ കൃശമാനസം. നാറ്റ്സികൾ ഉണ്ടായതും ഇനിയുമുണ്ടാകേണ്ടതും ഈ വസ്തുതയുടെ അബോധമായ ബോധപ്രക്രിയയിൽ നിന്നായിരിക്കും.

ശൂന്യതയിൽ നിന്ന് ആത്യന്തികമായി ശൂന്യതയേ ഉണ്ടാവൂ എന്ന് പറയുന്നതു പോലെയാണത്. ശൂന്യതയുടെ സങ്കൽപ്പനം ആലങ്കാരികമായ യുക്തിയാണല്ലോ എന്നപ്പോൾ ഞെട്ടിപ്പോകും. നിരാലംബമായ ഒരു സങ്കൽപ്പം. ഏറ്റവും കുറഞ്ഞയളവിൽ അത് സ്പെയ്സെങ്കിലുമാണല്ലോ. അറുതിയില്ലാത്ത സ്വാതന്ത്ര്യഘോഷണത്തിന്റെ അതിമോഹങ്ങളെല്ലാം അങ്ങനെയൊരിടത്തെ സന്നിഹിതമായിരിക്കുവാൻ വഴിയുള്ളൂ.

ക്രമം മാറ്റിയ ലീലകൾ തുടരുന്നുവെന്നേയുള്ളൂ എന്ന് വാദിക്കുന്നത് അപ്പോൾ, നിർലക്ഷ്യത മുറ്റിയ ഒരു വീക്ഷണമായി വിവർത്തനം ചെയ്തേക്കാം. അതായത്, സ്ത്രീ-പുരുഷബന്ധം, പുരുഷ-പുരുഷബന്ധം എന്നിവയെല്ലാം അധികാരത്തിന്റെ അവസ്ഥകളെ സൂചിപ്പിക്കുന്ന ക്രമങ്ങളാവുകയാണ്. ഈ അധികാരകാമനകോശത്തിന്റെ സൂക്ഷ്മവ്യവഹാര ഘടനയിൽ രേഖപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ അർദ്ധചന്ദ്രനോളം പോന്ന ഒരു ഉൽക്ക വന്ന് വീണ് ഗതിയടയുന്നതിന് എത്രയോ മുമ്പേ ഭൂമിയിലെ ജൈവചരിത്രം തുടച്ചുമാറ്റപ്പെടുമായിരുന്നു. ഗ്രഹങ്ങളുടെ ഗാലക്സികളുടെ ആകർഷണ-വികർഷണ

ങ്ങൾ പോലും കീഴ്പ്പെടുത്തുന്നതിന്റെ ദയാരഹിതങ്ങളായ അധിനിവേശങ്ങളെ സാക്ഷ്യപ്പെടുത്തുന്നു. അത് ദ്രവ്യത്തിന്റെ പരമാണുവിൽ കുടികൊള്ളുന്ന ഉയരം കൂടിയ സ്വഭാവമേഷ്ടയായി ഇപ്പോഴും നിലനിൽക്കുന്നു.

ഇതിനെ സന്തുലിതമായ രീതിയിൽ മെരുക്കി നടത്തുന്നത്, ഇന്നിന്റെ മാനവസംസ്കൃതിയിൽ, സദാചാരനിഷ്ഠ മാത്രമായിരിക്കുകയില്ലേ? വലിയ അർത്ഥമൊന്നുമില്ലിതിന് എന്നും തോന്നും. തുടർച്ചയായി അനിശ്ചിതമാക്കപ്പെടുന്ന ഐശ്വര്യധാരണകളുടെ ലോകത്തിൽ, പ്രത്യേകിച്ചും കാരണമൊന്നുമില്ല ഈ മാനസിക പ്രക്രിയക്ക്. പക്ഷെ, അതൊഴിവാക്കുവാൻ വയ്യാത്ത വിധത്തിൽ മനുഷ്യമനസിനെ 'വിമലീകരിച്ചു' കൊണ്ടിരിക്കുന്നു. സൃഷ്ടാവുണ്ടെങ്കിൽ ഈ യുക്തി നിലനിൽക്കുന്നതിന് പ്രായോഗികമായ കാരണങ്ങളുണ്ട്. ഇല്ലെങ്കിലും ഇത് നിലനിൽക്കേണ്ടി വരുമ്പോൾ-അപ്പോഴതിന് ഈ ദ്രവ്യപരിണാമഘട്ടത്തിൽ അത്ഭുതകരമായ അർത്ഥമാനമുണ്ട്. ഈശ്വരനില്ലെങ്കിൽ, നമുക്ക് ഈശ്വരന്മാവാം എന്ന് പറയുന്ന വിനയം നിറഞ്ഞ ധിക്കാരം ഈ നൻമയെ അസ്തിവാരപ്പെടുത്തുകയാലാണത്.

ദൈവമുണ്ടെങ്കിൽ പ്രശ്നങ്ങളുണ്ട്. അധികാരത്തിന്റെ ഏകപക്ഷീയവും അദൃശ്യവുമായ കുന്തമുനകൾ എവിടെയും എപ്പോൾ വേണമെങ്കിലും പ്രത്യക്ഷപ്പെടാമെന്നതാണത്. ഇച്ഛാശക്തിയെ നപുംസകീകരിക്കുന്ന ആത്മപ്രേരണ അതിലുണ്ട്. ദൈവമില്ലെങ്കിൽ പ്രശ്നങ്ങളുണ്ട്. നമ്മിലാരായിരിക്കണം പിന്നെ അങ്ങനെയൊരു റോളിലേക്ക് കയറിക്കൂടേണ്ടത് എന്നതായിരിക്കുമത്. ശ്രുതിസ്മൃതികൾ തൊട്ട് ന്യൂസ് പേപ്പർ വരെയുള്ള ട്രിറ്ററികൾ പതിട്ടെടുത്ത് സ്വയമവരോധിച്ചാലും മേൽ കീഴ് സംവിധാനങ്ങളിലെ സന്ദേഹങ്ങൾ, തീരാത്ത കുടിപ്പകകൾ, അവയങ്ങിനെ തുടരുന്നു.

ഈയവസ്ഥയിൽ, സ്ത്രീയെ തേരുക്കുന്നത്, ഒരുത്തന് നിന്ദ്യമായി തോന്നുന്നുവെങ്കിൽ അതിനർത്ഥം ഒരു പുരുഷാരത്തിൽ തന്നെ അവന്റെ കണ്ണ് റഹിണിരിക്കുന്നു എന്നാവുമോ?

'ഞാൻ നിന്നെ ഭ്രാന്തമായി പ്രേമിക്കുന്നു'

ഉത്തരാധുനികതയെകുറിച്ചുള്ള ഉംബർട്ടോ എക്കോയുടെ ഒരു ലേഖനത്തിന്റെ തലക്കെട്ടാണിത്. പ്രേമിക്കുന്ന സ്ത്രീയോട് അത് പറയുവാൻ ശ്ലേശിക്കുന്ന പുരുഷന് അവസാന റൗണ്ടിൽ പ്രഖ്യാപിക്കേണ്ടി വരുന്ന ഒന്നാണത്. നിഷ്കപടതയുടെ കാലം കഴിഞ്ഞുപോയതോടെ ഇത്തരമൊരാവശ്യം ഇനി ഉദ്ധരണികൾ വിടാതെ പുനഃപ്രഖ്യാപിക്കുകയേ നിവൃത്തിയുള്ളൂ. ബാർബറ കാർട്‌ലാൻറിന്റെ ഒരു കഥാപാത്രം തന്റെ കാമുകിയോട്: 'ഞാൻ നിന്നെ ഭ്രാന്തമായി പ്രേമിക്കുന്നു' എന്ന് പറയുന്നത് സന്ദർഭം സൂചിപ്പിച്ച് ആവർത്തിക്കുന്നതോടെ, പുരുഷൻ തന്റേയും ഇംഗിതത്തെ സാക്ഷാൽക്കരിക്കുന്നു. സ്ത്രീയും ആ വ്യാജോക്തിയിൽ രമിക്കുകയാണ്. കാര്യം ഗ്രഹിതം. അങ്ങനെയല്ലാതെ, ഇത് പ്രകടിപ്പിക്കുവാൻ ഇനിയങ്ങോട്ട് സാദ്ധ്യമാവുകയില്ല എന്നതവളും ശരിവയ്ക്കുകയാണ്. അതെ, നിഷ്കളങ്കതയുടെ കാലം കടന്നുപോയിക്കഴിഞ്ഞു. അതായത് ഒരു കാര്യവും പഴയപോലെ പറഞ്ഞൊപ്പിക്കുവാൻ പറ്റുന്നില്ല. പറഞ്ഞാൽ പാരഡിയും മിമിക്രിയും റേലിതലപ്പിലുണ്ട്. എന്നിട്ടും വകവെക്കാതെ തൊടുത്താൽ വായകൂടും മുമ്പേ, കാപട്യം നിറഞ്ഞ രൊംഗ്യമായി അത് ആകാശത്ത് പ്രതിധ്വനിക്കും.

അങ്ങനെയൊരവസ്ഥ നമ്മുടെ ഭാഷണ വ്യവഹാരത്തിൽ വ്യാപകമായി ഇടപെട്ടു കഴിഞ്ഞു. 'ഗുഡ്മോണിങ്ങും' (ഗുഡ് മോണിങ്ങൊന്നേ!) പ്രത്യഭിവാദനവും (വരവ് വച്ചിട്ടൊന്നേ!) പരഭാഷയിൽ നിന്നുപോലും കടത്തിക്കൊണ്ടു വന്ന് അധമീകരിക്കുന്നത് ഒരു നിസാര ഉദാഹരണം മാത്രം. നമ്മുടെ സിനിമാനായകൻമാർ പ്രേമം ഉച്ചരിക്കാനാവാതെ ഒരാധുനിക ഗുഹാവാസിയെ പോലെ പരുക്കൻ സൗന്ദര്യ സംവേദനങ്ങളെ നിസാരപ്പെടുത്തിയത് ഒരുപാടൊരുപാട് കണ്ട് നാം മുടിഞ്ഞിട്ടുണ്ട്. ഒരു 'എങ്കിഡു'വിനെ (ഗിൽഗാമിഷ് ഐതിഹ്യം - 3000ബി.സി.) അറിയുമ്പോഴേ പരുക്കൻ സൗന്ദര്യത്തിന്റെ മൂർത്തഭാവങ്ങൾ നമ്മെ ചെകിടത്തടിക്കുവാൻ തുടങ്ങുകയുള്ളൂ! അതെ നായകൻ, ഇക്കാലങ്ങളിൽ, നായികയെ കുരങ്ങു കളിപ്പിച്ചും എന്നാൽ മണം വിടാതെ പിന്തുടർന്നും നമുക്ക് പ്രേമപാഠങ്ങൾ തരുന്നതും ഓർക്കുക. അതത്ര യും അടക്കവും ഒതുക്കവും വിടാതെ കണ്ട് രമിക്കുന്ന കമിതാക്കളേയും ആ നഷ്ടസ്വർഗത്തെ നേരിടാനാവാതെ മുകമൂകം വിലപിക്കുന്ന അവരുടെ അച്ഛനമ്മമാരേയും സങ്കൽപ്പിക്കുക!

എന്തുച്ചരിച്ചാലും കാപട്യത്തിന്റെ ഭയാനകമായൊ രു ഹിമഖണ്ഡം നമുക്കിടയി ൽ ഞൊടിയിടയിൽ വളർന്നുയരുന്നു. ഭാഷണത്തിലെ, പ്ര യോഗത്തിലെ അത്യാചാരം നമ്മെ നമ്മളിൽ നിന്നുതന്നെ പറഞ്ഞയക്കുകയാണ്. സംവേദനങ്ങളിലെ സമഷ്ടിവാദപരമായ സാംക്രമികരുചി നമ്മെ ഗതികിട്ടാപ്രേതങ്ങളാക്കിയിരിക്കുന്നു.

പ്രേമത്തിന്റെ സാർവ്വജനീനമായ പാപല്യങ്ങളിൽ, പക്ഷെ നാം പ്രേമിച്ചിട്ടില്ല. മതത്തിൽ, അതിന്റെ ഉൾപ്പിരിവുകളിൽ, അതിന്റെ തന്നെ ആഢ്യാനാഢ്യ ഘോരാഘടനകളിൽ വഴങ്ങിനിന്നേ നാമത് ഭൂതിഭാഗവും അനുഭവിച്ചിട്ടുള്ളൂ. അല്ലാത്തവകളിൽ, അന്ത്യപാദമടുക്കുമ്പോൾ മുഖമുരസി

HOT THINGS RARELY COME FREE

A PASSION FOR LIVING IN

Experience the three star luxury of individual attention and unparalleled facilities, as a part of our commitment to your comfort.

With 52 centrally airconditioned rooms with complimentary breakfast Hotel Pankaj is within minutes drive to the railway/ bus stations or airport.

A PENCHANT FOR EATING OUT

Satisfy your taste bunds at Sandhya, with features the best multi-cuisine restarant, or at NISHA our roof top restaurant cum bar-be-que or at Marthanda, the name synonymous with authentic India, and regional food delicacies. Heighten your spirits by visiting MAYA, serving a wide range of quality drinks! NISHA Evening restaurant.

THE BUSINESS-MEN'S SOJOURN

State-of the-art conference facilities may be taken for granted and the Business Centre an added facility.

Hotel Pankaj
Government approved 3 star
Box. no. 110, M.G. road,
Trivandrum - 695 001
Kerala, India
Phone : 464645, 464815
Fax: 91-471-465020
Grams - Pankaj

24 hours restaurant serving ethnic Kerala dishes & the cake shope

കടന്നുപോയവരെയാണ്. മറ്റൊരു പക്ഷ്, കണ്ണു ക്കുള്ള ലിംഗപ്രതിനിധാനങ്ങൾ തങ്ങളുടെ മത-സാംസ്കാരിക ജാഡ്യങ്ങളിലേക്ക് സ്വാംശീകരിച്ചവയും. ഭാഷാപ്രയോഗങ്ങ ളെയും ഇടവേളകളിലെ നിശബ്ദതകളെയും ഘട്ടങ്ങളായി ക്രമീകരിക്കുകയും ആ മാന ദണ്ഡം വഴി ഒരു ഭാഷാസമൂഹത്തിന്റെ സാംസ്കാരിക വളർച്ചയെ ബന്ധപ്പെടു ത്തുകയും ചെയ്യുകയാണെങ്കിൽ ഈ വ സ്തുത കൃത്യമായി മനസിലാക്കാൻ കഴി യുമെന്നാണ് തോന്നുക.

അരിക്കാശ് കൊണ്ടുവരുന്നവന്റെ സമഗ്രാധിപത്യം

പുരുഷമേധാവിത്വത്തിന്റെ വളി തമായ ന്യായീകരണമായി ഈ വിഷയം പുലർന്നിട്ടുണ്ട്. 'പുലർത്തുന്നവ ന് അധി കാരം' എന്ന കൊറ്റ ക്കുടയ്ക്ക് കീഴിൽ ആശ്രിതർ ഒ തുങ്ങുന്നത് വളരെ പരസ്യമായ ഒരു കീഴ്‌വഴക്കം മാത്രം. അരിക്കാശ് കൊണ്ടുവരുന്നത് അസുലഭമായ വേട്ടയിറച്ചിക്ക് പകരമാവുകയാണിവിടെ. കുടുംബ സംഘാടകത്വത്തിലേ ക്കുള്ള അവന്റെ ഒരേയൊരു കടമയാണതെന്നവൻ ആ സാ ഹസികതയുടെ ഗൃഹാതുരമായ ഓർമ്മയിൽ ഉറപ്പാക്കുന്നു. മിച്ചം അടിച്ചുപൊളിക്കാനുള്ളതാ ണെന്നും. കുടുംബത്തിനു പുറ ത്ത്, കുടിലതകളുടെ കുത്ത രങ്ങായ ലോകത്ത്, ഈ അരി ക്കാശ് സംഘടിപ്പിക്കുന്നത് വി ഷമമേറിയ ഒരു കൃത്യമാണെ ന്നാണവന്റെ ഭാവം. അതെല്ലാ വർക്കും സാധിക്കാറില്ല എന്ന വൻ, പിച്ചക്കാരെ ചൂണ്ടിയായി രിക്കണം, മേനികൊള്ളുന്നു. പിച്ചക്കാർ ഉണ്ടായിരിക്കുന്നതു തന്നെ ഇതേ പലായനക്ഷമത യുടെ തുലനപ്രക്രിയയിലൂടെയാ ണെന്നത് അപ്പോഴാണ് കൃത്യമായി ഓർ മ്മ വരേണ്ടതും.

എന്നാൽ പെട്ടെന്നൊരു ദിനം അവളും അരിക്കാശ് കൊണ്ടുവരാൻ തുട ങ്ങുന്നു. കപടലോകത്തിലെ, അവന്റെ അനുപമ വീരകൃത്യങ്ങൾ അപ്പോഴെങ്കിലും വെളിപ്പെടേണ്ടതായിരുന്നു. എന്നിട്ടും അവ ൾക്ക് ആശ്രിതയുടെ റോളിൽ നിന്ന് മോചനം കിട്ടിയില്ല എന്നതാണ് നമ്മുടെ സ്ത്രീ-പുരുഷ ബന്ധത്തിലെ വിചിത്രമായ കാഴ്ച.

മറ്റൊരു വശത്ത്, അരി ക്കാശുണ്ടാ ക്കി വീട് കാര്യക്ഷമമായി സംഘടിപ്പിച്ച ഒരു പുരുഷ ന്യൂനപക്ഷത്തിന്റെ നിശബ്

ദമായ സ്വേച്ഛാചാരങ്ങളെ, വകയ്ക്ക് കൊള്ളാത്തവനും ഏറ്റുപിടിച്ചു. അതവർ പുരുഷത്വത്തിന്റെ മൊത്തം സ്വത്വനിർവച നമായി തന്നെ മാറ്റിയെടുത്തു.

ലിംഗഹത്യ

മറുതലയിൽ, ഈ ശാസനാധികാ രങ്ങളെ മൂകമായി അംഗീകരിക്കുകയും പെറ്റുകൂട്ടുകയും പോറ്റിവളർത്തുകയും അങ്ങനെ ശരീരസൗന്ദര്യത്തെ അധമീകരി ക്കുകയും ബുദ്ധിയെ മാഴ്ച്ചുകളയുകയും ചെയ്ത സ്ത്രീത്വവും. വളരെ ഭീതിദമായ മനുഷ്യ തമസ്കരണമാണ് തള്ളിയ വയറും തടിച്ചുകുറുകിയ കൈകാലുകളും അവധാ നതയോടു കൂടിയ നടയും സദാ സന്ധി ക്കൊരുമ്പെടുന്ന മുഖവും നേർത്തില്ലാതാ വുന്ന ശബ്ദവും നമുക്ക് കാണിച്ചു തരിക. (ദശാബ്ദങ്ങളോളം നടത്തിയ കമ്യൂണിസ്റ്റ്

പരീക്ഷണം, വടക്കൻ കൊറിയക്കാരെ തെക്കരേക്കാൾ കൃശ ഗാത്രരാക്കി എന്നൊ രു പഠനമുണ്ട്. കൃശരാക്കുക മാത്രമല്ല; വി ളർച്ച ബാധിച്ചവരും ഭയചകിതരും മന്ദബു ദ്ധികളുമാക്കി) സ്ത്രീയുടെ ആത്മവിലാപം നിറഞ്ഞ പകരം വീട്ടലായിരുന്നുവോ ഇത്? നിശബ്ദമായി വെച്ചുണ്ടാക്കിയും തീറ്റിച്ചും ഭിത്തികൾക്കിടെ ഒച്ചവെക്കാതെ നടന്നും എപ്പോഴും കുറഞ്ഞ വേതനത്തിൽ കഠിനാദ്ധ്വാനം ചെയ്തും - അവർ മാ തൃകാകുടുംബങ്ങൾ കണിശമായും കാര്യ ക്ഷമമായും പണിഞ്ഞു. അവിടെ വരുംകാ ലങ്ങളിലേക്ക് തങ്ങളുടെ റോളുകളേറ്റെ ടുക്കാൻ പുത്രിമാരെ ഒരുക്കിയെടുത്തു. പുത്രൻമാരെ കൂടുതൽ ഉൻമത്തരാക്കി വ

ളർത്തി. ലിംഗഹത്യയിലേക്കുള്ള അവരുടെ നിറഞ്ഞ, എന്നാൽ തീർത്തും അബോധമാ യ പ്രതികരണം? നമ്മുടെ സ്ത്രീത്വം അങ്ങ നെയല്ലേ രൂപം കൊണ്ടത്? സ്ത്രീ തന്നെ പുരുഷന്റെ ശീർഷാസനം നടത്തിയ പ്ര തിബിംബമായി മാറി. ഇന്നത് അപൂർവ്വം കൂട്ടങ്ങളിൽ പ്രതിഷേധപൂർവ്വം എഴുന്നേറ്റു വരുന്നുവെങ്കിലും വ്യാപകമായ ഒരു പ്രസ ന്നതയായി തീർന്നിട്ടില്ല. മറിച്ച് അത് സ്വയം ആധുനീകരിച്ച് വിപണിയിലിറങ്ങിയിട്ടുണ്ട്. ശാരീരികമായി, അസന്തുലിതമായ ചില രൂപാന്തരങ്ങളിൽ അത് കൂടെ മുറ്റവും പി ടിച്ചടക്കിയിട്ടുണ്ട്. നാണം കലർന്ന ഫാഷ ൻ ഷോകൾ അത് നന്നേ ബോദ്ധ്യപ്പെ ടുത്തും. ആത്മനിന്ദയെ അതിജീവിയ്ക്കുവാ ൻ സാൽവാർ-കമീസിൽ കൈവച്ചതു പോലെ, പക്ഷെ നമുക്ക്, മനസ് മറയ്ക്കാ ൻ പ്രച്ഛന്നൗഷധങ്ങളൊന്നു മില്ല.

ആണൊരുമ

പുരുഷനോ, അവൻ നമുക്കിട യിൽ ഏറെ വാഴ് ത്തപ്പെട്ടവൻ. ഒരു കണക്കിൽ പുരുഷൻമാർക്കിടയിൽ പ്രാണ ഭയമുളവാക്കുന്ന മത്സരവേ ദികൾ നന്നേ കുറഞ്ഞു പോ യത്, സ്ത്രീയെ സംഘടിതമാ യി ചെറുക്കുന്നതിലേക്കവനെ പരിണമിപ്പിച്ചിട്ടുണ്ട്. ബസിലെ പരാക്രമങ്ങൾ ശ്രദ്ധിക്കു കയാ ണെങ്കിൽ അതു പിടി കിട്ടും.

മീശ വെച്ചാൽ പോര; അത് കട്ടമീശ തന്നെയായിരി ക്കണമെന്നത്, നിരനിരയായി തോളത്ത് കൈവച്ച് ചൂളം കുത്തുന്ന പുരുഷാരത്തെ കട ത്തിണ്ണകളിൽ നിന്ന് മുഖത്തേ ക്കെടുപ്പിക്കുന്നത് അങ്ങനെയാ വുമോ?

മുണ്ടുടുക്കുന്നത് ഉറപ്പു ള്ള രീതികളിലേക്കൊന്നും ഇക്കാലത്ത് പോലും പരി ണമിക്കാത്തത്, അതെപ്പോൾ വേണമെങ്കിലും അഴിയ്ക്കും / അഴി ഞ്ഞുപോയേക്കും എന്ന് ഭീഷണപൂർവ്വം ധ്വ നിപ്പിക്കുന്നതിലേയ്ക്കോ?

ആ വസ്ത്രധാരണ പാരമ്പര്യത്തിൽ നിന്നുകൊണ്ട്, പാൻറ്സിലേക്ക് മാറുമ്പോൾ, പോലും ഷർട്ട് പുറത്തായിപ്പോവുന്നത്, ഉ ള്ളില്ലാത്ത, പ്രച്ഛന്നമായ ധ്വജവിന്യാസങ്ങ ൾക്ക്?

പുരുഷത്വത്തിന്റെ അതിശയോ ക്തവും അവാസ്തവികവുമായ ബാഹ്യചി ഹ്നങ്ങൾ നമ്മെ കയറിപ്പിടിക്കുന്നതും കീഴ്പ്പെടുത്തുന്നതും ബഹുലങ്ങളായ ഇത്തരം രൂപികളിലൂടെയാണ്. ഇതൊക്കെ സവിശേഷമായ നമ്മുടെ പുരുഷവർഗ്ഗക്കാ

ണത്തോട് ബന്ധപ്പെട്ടിരിക്കുന്നു എന്ന് തന്നെ തോന്നിപ്പോകും.

ഒരേ ലിംഗജാതിയിലുള്ളവ ഒന്നിച്ച് സ്വരുമയോടെ മേഞ്ഞുനടക്കുന്നത് താണ ജീവിബോധത്തിൽ പോലും കുറവാണ്. പക്ഷേ, തോളത്ത് കൈവെച്ചും കെട്ടിപ്പിടിച്ചും ഒരേ കിടക്കയിൽ കിടന്നും മലയാളി ആണുങ്ങൾ സ്വവർഗാനുരാഗത്തോളമെത്തുന്ന ഒരു ബോണ്ട് സ്ഥാപിച്ചെടുക്കുന്നു. ആ കൂട്ടായ്മ സ്ത്രീലിംഗത്തെ സംബന്ധിച്ചിടത്തോളം ആപൽവക്കരമായേക്കാവുന്ന ഒരു സാംസ്കാരികാഭാസമായി തീരുകയാണ്. അതിന് സൈനിക രൂപീകരണത്തോടും പ്രവാസദീനതകളോടും അടുത്ത ബന്ധമുണ്ട്. പെട്ടെന്നൊരു ദിനം ആ കൂട്ടിൽ നിന്നൊരുവൻ പെണ്ണിനെ തേടിയിറങ്ങുമ്പോൾ കഠിനമായ സങ്കോചത്താൽ പ്രകമ്പിതനാവുന്നു. അവൻ തന്റെ റെജിമെന്റിന്റെ സാമീപ്യത്തെ കാതരമായി ആഗ്രഹിക്കുന്നത് അപ്പോഴായിരിക്കും, അവിടെയായിരിക്കും.

സ്ത്രീധനം

വേട്ടയിറച്ചിയ്ക്ക് സമ്മാനം കന്യക ഒന്ന് മാത്രമാവുമ്പോൾ, അത് തീരെ മതിയാവാതെ വരുന്നു. പിന്നെയും ഗൃഹാന്തർഭാഗത്തേയ്ക്ക് നോക്കാതിരിക്കാനാണ് ഉപദംശങ്ങൾ. അത് കൊടുക്കുവാൻ തയ്യാറാവുമ്പോൾ ദാതാവിനും ചില ഉപാധികളുണ്ടാവും. തോർത്തുമുണ്ടിട്ടിട്ട് മറച്ചുള്ള പൊരുത്ത് പറച്ചിലാണ്, പിന്നെ. ലൈംഗികശേഷിയൊഴിച്ച് മിച്ചമൂല്യമൊന്നുമില്ലാത്ത ദമിതരായ ഭൂരിപക്ഷം യുവാക്കളും അപ്പോൾ തന്നെ ലൈംഗിക ഭീകരരാവാൻ അബോധമായി പ്രതിജ്ഞയെടുത്തു പോവുന്നു. തന്റെ ഭാഷ സംസാരിക്കുന്ന, തന്റെ വംശകണങ്ങൾ പേറുന്ന പെൺകൊടികൾ തനിക്ക് അപ്രാപ്യമാവുക എന്നതിനെ, ബസ് തൊട്ട് സിനിമാശാലകൾ വരെയവർ പീഡിപ്പിക്കുന്നു. എങ്ങനേയും ബീജവ്യാപനം എന്ന ഭ്രാന്തമായ ഒരേയൊരു ചിന്ത മാത്രമെ അവരെ നീറ്റുന്നുള്ളു. ദാതാവിന്റെ വിശാലഹൃദയത്വം ഇങ്ങനെയൊരു ചാൻസിൽ മാത്രമെ അവരെയും അനശ്വരരാക്കൂ. വാഹനാപകടത്തിൽ പെട്ട് മരണവുമായി സ്വകാര്യം പറയുന്ന സ്ത്രീയെ കാണുമ്പോഴും അവർക്കോർമ്മ വന്നത് വിത്തെറിയുവാനുള്ള അടങ്ങാത്ത അഭിലാഷമാണ്.

സ്ത്രീധനം, പുരുഷൻമാരായതുകൊണ്ട് എല്ലാവർക്കും കിട്ടുന്ന ഒന്നല്ല. ചില ലിറ്റ്മസ് ടെസ്റ്റുകളിൽ നിറമിളകിപ്പോവുകയില്ല എന്ന മുന്നുപാധിയിലാണത് നൽകിപ്പോരുക. അതുകൊണ്ട് ലൈംഗികമായ ചില ഫാൻറസികളിൽ, ചിലയിനങ്ങൾ ചിലർക്ക് തീർത്തും അപ്രാപ്യമായി തന്നെ തീരുന്നു. വയലേലകളിലെ കുമാരികളേക്കാൾ, കോളേജ് കുമാരികൾ ഐസ്ക്രീം പാർലറുകളിൽ എത്തുന്നത് അതുകൊണ്ടാണ്. അപ്രകാരം ശിഥിലമാക്കപ്പെട്ട പെൺകുട്ടിയെ 'യോഗ്യനായ' വരന് സ്ത്രീധനത്തോടെ നടതള്ളുമ്പോൾ പീഡകന്റെ പൗരുഷം ആത്മഹർഷമണിയും. അവൻ സ്വയംസ്വീകൃതനായിരിക്കുന്നു! സ്ത്രീധനം കുറ്റകരമാവുന്നത് രണ്ടു വിധത്തിലായിരിക്കുന്നത് ഇപ്രകാരമായിരിക്കും.

നമുക്കിടയിലെ സ്ത്രീ-പുരുഷ ബന്ധത്തിലെ പ്രമുഖ വിനിമയം സ്ത്രീധനത്തെ ചുറ്റിപ്പറ്റിയുള്ളതാണ്. ഈ മധ്യവർഗ സമൂഹത്തിൽ, നരഹത്യയേക്കാൾ കൂടുതൽ ലൈംഗിക കുറ്റകൃത്യങ്ങൾ പെരുകാനും അതുതന്നെ മുഖ്യകാരണവും.

അങ്ങനെയൊരു മാർക്കറ്റിലേക്ക് തച്ചുടയ്ക്കാത്ത പെണ്ണുങ്ങളെ മാത്രമേ ആവശ്യമുള്ളൂ എന്നതിനാൽ നമ്മുടെ സദാചാരസംഹിത വളരെ കർശനമായ വിലക്കുകളാൽ സമൃദ്ധമായിരിക്കുന്നു. ഏതു ലിംഗപ്രതിനിധാനങ്ങളുടെ മേധാവിത്വത്തിൽ അരങ്ങേറിയതായാലും ഏത് മതസ്ഥാപനങ്ങളുടെ സ്വാധീനങ്ങളാലായാലും ഇത് ഇന്ന് ആണും പെണ്ണും ഒരുപോലെ കൊണ്ടാടുന്ന കുറ്റകൃത്യമാണ്. ഉന്നതസ്ഥാനീയരും അധഃസ്ഥാനീയരും ഒരുപോലെ ഇതൊരു ധാർമ്മിക വ്യവസ്ഥയായി ഏറ്റെടുത്തുകഴിഞ്ഞു. തങ്ങളിൽ തന്നെ പെറ്റുപെരുകുന്ന ഈ വഷളത്തം സ്വകാര്യ നേഷൻ-സ്റ്റെയ്റ്റുകളെ പോലെ ഇടപെടുന്ന മതസ്ഥാപനങ്ങൾ അരുമയോടെ നനച്ചു വളർത്തുന്നു. മറ്റു മതവിഭാഗങ്ങളെ അപേക്ഷിച്ച് വിദ്യയുടെ വെളിച്ചം യഥേഷ്ടം കിട്ടിയിട്ടും (കേരളത്തെ സംബന്ധിച്ചിടത്തോളം) ക്രിസ്തുമത വിശ്വാസികൾ ഈ കുറ്റകൃത്യത്തിന്റെ കണക്കു പുസ്തകത്തിൽ മുൻപന്തിയിൽ നിൽക്കുന്നു എന്നത് എങ്ങനെയെല്ലാം തെറ്റായിരിക്കാം? വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുക്കുന്ന, ഭരണപരവും സാംസ്കാരികവുമായ പ്രമുഖ സ്ഥാനങ്ങളിൽ ഇരിക്കുന്ന ആളുകളെ ഇങ്ങനെയൊരു അനാചാരം അനായാസം വലയിട്ടു പിടിക്കുമെങ്കിൽ, അവരുടെ പിൻമുറക്കാരെപറ്റി എന്തുപറയാൻ? അവർ സ്വാധീനിക്കുന്ന മൂല്യവ്യവസ്ഥയെപറ്റി എന്തു പറയാൻ?

മലയാളിയിലെ സ്ത്രീ-പുരുഷ ഭാവങ്ങൾ പരസ്പരം സംശയിക്കുന്ന തലങ്ങളിലേക്ക് വളർച്ച പ്രാപിക്കുകയാണ്. ഒരു കാരണം അനിവാര്യമായ തരത്തിലുള്ള, ഉയർന്ന തോതിലുള്ള വ്യക്തിയവബോധമാണ്. അതിന് മനുഷ്യാവകാശത്തോട് പൊരുത്തമുണ്ട്. പൊരുത്തമില്ലാത്തത്, അതേസമയം ഫ്യൂഡൽ വാസനകളിലുള്ള വിട്ടുമാറാത്ത അഭിരുചിയാണ്. എങ്ങനെയായാലും അവസാനം സ്ത്രീയാണ് ഇരയായിത്തീരുക എന്ന മട്ടിലാണ് കരുനീക്കങ്ങളത്രയും.

പക്ഷെ, അങ്ങനെയിരിക്കെ ഒരു നാൾ വരുമെന്ന് പ്രതീക്ഷിക്കുക. പുരുഷൻമാരേക്കാൾ എണ്ണം കൂടുന്ന അഭ്യസ്തവിദ്യരും സ്വാശ്രയകളുമായ മലയാളി സ്ത്രീകൾ, അന്ന്, അന്യ സംസ്ഥാനങ്ങളിൽ/ ദേശങ്ങളിൽ നിന്നുള്ള വരൻമാരുമായി വിരുന്നുകൊള്ളാനെത്തും. അതിനുമുമ്പേ തൊടിയിൽ കാക്കയൊന്ന് വിരുന്നു വിളിക്കുകയും ചെയ്യും.

BEST WISHES

LAB ATTACHED

ADYABHATTA

COLLEGE OF ADVANCED STUDIES

GURUVAYUR - 680 103

PH: 555506 (Off), 550577 (Res)

courses offered

MA & MCom - Hindi

B.A, B.Sc & B.Com Open Stream

PDC / + 2 Tuition

Plus two

SCIENCE

COMMERCE

HUMANITIES

സ്വയംഭരണാവകാശവും ഇന്ത്യൻ രാഷ്ട്രീയഘടനയും

കാശ്മീർ സ്വയംഭരണപ്രമേയം ഒരു നിമിത്തം മാത്രമാണ്. ഇന്ത്യൻ ജനാധിപത്യത്തിൻെറ വിശാലമായ കാൻവാസിലെ നിർണായകഘടകമാണ് ഫെഡറലിസമെങ്കിലും ഇന്ത്യൻ രാഷ്ട്രീയനേതൃത്വം സ്വമേധയാ ഏറ്റെടുക്കാൻ വിസമ്മതിക്കുന്ന വിഷയമാണ്. എങ്കിലും രാഷ്ട്രീയ പരിണാമത്തിൽ ഈ ഘടകം നേടിക്കൊണ്ടിരിക്കുന്ന പ്രാധാന്യത്തെ കുറിച്ചുള്ള രണ്ടു വ്യത്യസ്ത പഠനങ്ങളാണ് ഇവിടെ കൊടുത്തിരിക്കുന്നത്.

എഴുതുന്നവർ - കെ. വേണു, സി.കെ അബ്ദുൾ അസീസ്

ചെമ്പൈ

ആയുർവേദ ഹോസ്പിറ്റൽ

Near Bindu Theatere, Kanattukara P.O., Thrissur -11
Ph: 0487- 382914

'കുറഞ്ഞ ചിലവിൽ ഗ്രാമീണജനതയുടെ രോഗനിവാരണം!
ചെമ്പൈ ആയുർവേദ ആശുപത്രിയുടെ വാഗ്ദാനം'

- ❑ 25 രോഗികളെ ഒരേസമയം കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഈ ആശുത്രിയിൽ നിന്നും ലഭിക്കുന്ന ചികിത്സകളും മറ്റു ആനുകൂല്യങ്ങളും.
- ❑ ആയുർവേദ ചികിത്സാരംഗത്തെ പ്രഗൽഭരായ ഡോക്ടർമാരുടെയും വിദഗ്ദ്ധരായ നേഴ്സുമാരുടെയും മറ്റു ടെക്നീഷ്യൻമാരുടെയും മുഴുവൻസമയ സേവനം ഇവിടെ നിന്നും ലഭിക്കുന്നു.
- ❑ എല്ലാ ദിവസവും പ്രവർത്തിക്കുന്ന ജനറൽ ഒ.പി
- ❑ ആർത്രൈറ്റീസ് (സന്ധിവാതം), എല്ല് തേയ്മാനം, രക്തവാതം, നടുവേദന എന്നിവയ്ക്ക് തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും പ്രത്യേക ഒ.പി വിഭാഗം പ്രവർത്തിക്കുന്നു.
- ❑ വന്ധ്യതക്കും സ്ത്രീ രോഗങ്ങൾക്കുമായി ഗൈനക്കോളജിയിൽ പ്രത്യേക പരിശീലനം ലഭിച്ച ലേഡി ഡോക്ടറുടെ സേവനം എല്ലാ ബുധനാഴ്ചകളിലും ആവശ്യമെങ്കിൽ മറ്റു ദിവസങ്ങളിലും ലഭിക്കുന്നു.
- ❑ ആസ്തമ (വലിവ്), ബാലചികിത്സ എന്നിവക്ക് എല്ലാ ഞായറാഴ്ചകളിലും പ്രത്യേക ചികിത്സാ സൗകര്യം.
- ❑ ആയുർവേദ ഭീഷ്മാചാര്യൻ ഡോ. മാധവൻ എമ്പ്രാന്തിരി എല്ലാ വ്യാഴാഴ്ചകളിലും രോഗികളെ പരിശോധിക്കുന്നു.
- ❑ മറ്റെല്ലാ ആയുർവേദ ചികിത്സകളും ഇവിടെ നിന്നും ലഭിക്കുന്നതോടൊപ്പം ആയുർവേദ മരുന്നുകളും കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് മിതമായ നിരക്കിൽ ഭക്ഷണവും ഇവിടെ നിന്നും ലഭിക്കുന്നു.
- ❑ ഉഴിച്ചിൽ, പിഴിച്ചിൽ, നവരക്കിഴി, വിവിധയിനം ധാരകൾ, നസ്യം, വസ്തികൾ, കിഴികൾ എന്നിവയ്ക്ക് പുറമെ ബോഡിമസാജ്, സ്റ്റീംബാത്ത് എന്നിവയ്ക്ക് എല്ലാ ദിവസവും സൗകര്യം.

NB: *ബുക്കിങ്ങിന് 0487-382914 എന്ന ടെലഫോൺ നമ്പറിൽ*
എല്ലാ പ്രവൃത്തിദിവസങ്ങളിലും (ഞായർ ഒഴികെ)
കാലത്ത് 9 മുതൽ വൈകീട്ട് 5 വരെ സൗകര്യമുണ്ടായിരിക്കുന്നതാണ്.

സ്വയംഭരണാവകാശം

ചരിത്രപശ്ചാത്തലത്തിൽ ഒരു പരിശോധന

കെ. വേണു

ജമ്മു കാശ്മീർ നിയമസഭ പാസാക്കിയ സ്വയംഭരണാവകാശ പ്രമേയം ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ ഒറ്റപ്പെട്ട ഒരു സംഭവമല്ല. നൂറ്റാണ്ടുകൾ പഴക്കമുള്ള ആധുനിക ഇന്ത്യയുടെ ചരിത്രപരമായ പരിണാമത്തിന്റെ മുൻപിൻ തുടർച്ചയുള്ള ഒരു സന്ദർഭം മാത്രമാണത്. ഇന്ത്യൻ ഫെഡറലിസത്തിന്റെ ചരിത്രപരമായ വികാസപ്രക്രിയയിലെ സവിശേഷതകളാർന്ന ഒരു സന്ദർഭം. ഈ സന്ദർഭത്തിന്റെ ചരിത്രപരമായ പശ്ചാത്തലം മനസിലാകുമ്പോഴാണ് അതിന്റെ രാഷ്ട്രീയ പ്രാധാന്യം തിരിച്ചറിയാൻ കഴിയുക. ഈ രാഷ്ട്രീയ പരിണാമത്തിന്റെ ഭാവിസാധ്യതകളെകുറിച്ചുള്ള ചില സൂചനകളും നമുക്കു ലഭിക്കും. ഭൂതകാലത്തിലൂടെ സഞ്ചരിച്ച് വർത്തമാനകാലത്തിൽ നിന്ന് ഭാവിയിലേക്ക് ഒന്നെത്തിനോക്കാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്.

ഇന്ത്യൻ ഫെഡറലിസം ഈ സമൂഹത്തിന്റെ ജനാധിപത്യവൽകരണ പ്രക്രിയയുടെ അവിഭാജ്യഘടകമാണ്. പാശ്ചാത്യലോകത്തെന്നപോലെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും ഫ്യൂഡൽ കാലഘട്ടത്തിലെ വരേണ്യ സംസ്കാരത്തിനും വരേണ്യഭാഷക്കുമെതിരെ സമരം ചെയ്തുകൊണ്ടാണ് ജനാധിപത്യവൽകരണം ആരംഭിച്ചത്. ഇവിടത്തെ വരേണ്യ സംസ്കാരത്തിന് ഫ്യൂഡൽ സ്വഭാവത്തിന് പുറമെ, സവർണാധിപത്യത്തിന്റെ സ്വാധീനം കൂടിയുണ്ടായിരുന്നു. ഫ്യൂഡൽ സാമ്പത്തിക രാഷ്ട്രീയഘടനയുടെ തകർച്ചകൊണ്ടു മാത്രം ജനാധിപത്യവൽകരണം സാധ്യമാകാത്ത വിധമുള്ള സ്വാധീനമായിരുന്നു ഇത്. അതുകൊണ്ട് തന്നെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ചരിത്രത്തിലെ ആന്തരിക വൈരുധ്യങ്ങളിൽ നിന്ന് ഉടലെടുത്ത ആദ്യത്തെ ജനാധിപത്യ വിപ്ലവമായിരുന്നു ഭക്തിപ്രസ്ഥാനം. വേദേതിഹാസങ്ങൾ അവർണന് അപ്രാപ്യമായി പ്രഖ്യാപിക്കുന്ന സവർണാധിപത്യത്തിനെതിരായ വ്യാപകമായ കലാപമായിരുന്നു അത്. വരേണ്യഭാഷയായ സംസ്കൃതത്തിന്റെ ആധിപത്യത്തിൽ നിന്ന് പ്രാദേശിക ഭാഷകളെ മോചിപ്പിക്കാൻ വേണ്ടിയുള്ള സാമൂഹ്യവിപ്ലവം കൂടിയായിരുന്നു അത്.

ഈസ്റ്റിന്ത്യാ കമ്പനി ഇവിടെ വന്നകാലത്ത്, ബനാറസും ധാക്കയും കറാച്ചിയുമെല്ലാം അന്നത്തെ പശ്ചിമ യൂറോപ്യൻ വ്യവസായ വ്യാപാര നഗരങ്ങളോട് കിടപിടിക്കാവുന്നവയായിരുന്നു എന്ന് ചരിത്രം. ഈസ്റ്റിന്ത്യാ കമ്പനിക്ക് സ്വർണം കടം കൊടുക്കാൻ പ്രാപ്തരായ വ്യാപാരികളും വ്യാപാരിഗ്രൂപ്പുകളും ഇവിടെയുണ്ടായിരുന്നു എന്നും കൂടി കൂട്ടിവായിക്കുക. ഭക്തിപ്രസ്ഥാനത്തിലൂടെ വളരാൻ തുടങ്ങിയ പ്രാദേശിക ഭാഷകൾ കൂടി ചേർന്നാൽ പശ്ചിമയൂറോപ്പിലേതു പോലെ അസംഖ്യം വികസിത ദേശീയരാഷ്ട്രങ്ങളായി ഈ ഉപഭൂഖണ്ഡം പരിണമിക്കുമായിരുന്നു എന്ന ചരിത്ര പശ്ചാത്തല ബോധം ഈ ഉപഭൂഖണ്ഡത്തിലെ സമകാലീന രാഷ്ട്രീയപ്രശ്നങ്ങൾ പരിശോധിക്കുമ്പോൾ നിരന്തരം നിലനിർത്തേണ്ടതാണ്.

പ്ലാസി യുദ്ധത്തിനുശേഷം ഇവിടന്നു കടത്തികൊണ്ടു പോയ സ്വർണഭണ്ഡാരങ്ങൾ പശ്ചിമയൂറോപ്പിലെ വ്യാവസായിക വിപ്ലവത്തിന്റെ പ്രാഥമിക മൂലധനമായി തീർന്നു എന്നത് ഒരു ചരിത്ര സത്യമാണിന്ന്. നെയ്ത്തു വ്യവസായം ഉല്പാദനമേഖലയെ നയിച്ചിരുന്ന അക്കാലത്ത് ബനാറസിനെയും മറ്റും ലോക നിലവാരത്തിലേക്ക് ഉയർത്തിയത് അവിടത്തെ നെയ്ത്തുകാരായിരുന്നു. കൊളോണിയൽ മേധാവികൾ ആദ്യം ചെയ്തത് ഇവിടത്തെ നെയ്ത്തുകാരുടെ തള്ളവിരൽ മുറിക്കലായിരുന്നു എന്നത്, മർമ്മം കണ്ടറിഞ്ഞുള്ള പ്രവൃത്തിയായിരുന്നു എന്ന് വ്യക്തം. ഫ്യൂഡൽ പ്രഭുക്കളെയും സവർണശക്തികളെയും കൂട്ടുപിടിച്ച് കൊളോണിയൽ മേധാവികൾക്ക്, ഇവിടത്തെ വളരുന്ന ശക്തികളെ മുരടിപ്പിക്കാൻ പ്രയാസമുണ്ടായില്ല. ഈ മുരടിപ്പിന്റെ മുദ്രകളുമേന്തിയാണ്, കൃത്രിമമായി ഏകീകരിക്കപ്പെട്ട ബ്രിട്ടീഷ് ഇന്ത്യയും അറുനൂറിൽപരം നാട്ടുരാജ്യങ്ങളും നൂറ്റാണ്ടുകൾ പിന്നിട്ടത്.

ഭാഷ പുതിയ സാമൂഹ്യാടിസ്ഥാനം

ബ്രിട്ടീഷ് ഇന്ത്യയുടെയും നാട്ടുരാജ്യങ്ങളുടെയും പിന്നിൽ വിവിധ ഭാഷാ ദേശീയതകൾ വളർന്നുവരുന്ന രാഷ്ട്രീയ യാഥാർത്ഥ്യം ഗൗരവപൂർവ്വം ആദ്യം തിരിച്ചറിഞ്ഞത് ഗാന്ധിജിയായിരുന്നു. ദക്ഷിണാഫ്രിക്കയിൽ നിന്ന് വന്നശേഷം അദ്ദേഹം ആദ്യം പ്രവർത്തിച്ചത് ഗുജറാത്തിലെ സാംസ്കാരികരംഗത്തായിരുന്നതു കൊണ്ടായിരിക്കാം, ഇന്ത്യയിലെ വ്യത്യസ്ത ഭാഷാസമൂഹങ്ങളുടെ വൈജാത്യം തിരിച്ചറിയാൻ അദ്ദേഹത്തിന് കഴിഞ്ഞത്. ബ്രിട്ടീഷുകാർക്കെതിരായ സമരത്തിൽ ഇന്ത്യക്കാരെ മുഴുവൻ ഒന്നിപ്പിക്കണമെങ്കിൽ വ്യത്യസ്ത ഭാഷാസമൂഹങ്ങളുടെ തനതായ അസ്തിത്വത്തെ അംഗീകരിക്കേണ്ടതുണ്ടെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. കോൺഗ്രസ് നേതൃത്വം ഏറ്റെടുക്കാനുള്ള ആവശ്യം അദ്ദേഹത്തിനുമേൽ സമ്മർദ്ദം ചെലുത്തിയപ്പോൾ, കോൺഗ്രസ് സംഘടനയെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണമെന്ന ആവശ്യം ഒരു ഉപാധിയായി അദ്ദേഹം മുന്നോട്ടുവച്ചു. ഇതിന് ഫലമുണ്ടായി.

1920-ൽ നടന്ന നാഗ്പൂർ കോൺഗ്രസിൽ ഭാഷാടിസ്ഥാനത്തിലുള്ള പ്രവിശ്യാ കോൺഗ്രസ് കമ്മറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു. കേരളം ഉണ്ടാവുന്നതിന് എത്രയോ മുമ്പ് കേരളാ പ്രദേശ് കോൺഗ്രസ് കമ്മറ്റി ഉണ്ടായെന്ന് ചുരുക്കം. അടുത്തവർഷം, പ്രവിശ്യാകമ്മറ്റികളുടെ നടപടികളും പ്രസിദ്ധീകരണങ്ങളുമെല്ലാം അതാതു ഭാഷകളിലായിരിക്കണമെന്ന് തീ

ഗാന്ധിയും ജിന്നയും

രുമാനിക്കുകയും ചെയ്തു.

1928ൽ സ്വരാജ് പ്രഖ്യാപനത്തോടനുബന്ധിച്ച് കോൺഗ്രസ് വിളിച്ചുചേർത്ത അഖിലകക്ഷി സമ്മേളനം നിയോഗിച്ച മോട്ടിലാൽ നെഹ്റു കമ്മറ്റി ഭാഷാ സംസ്ഥാന രൂപീകരണം സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് നൽകി. പ്രവിശ്യകളുടെ പുനഃസംഘടന ഭാഷാടിസ്ഥാനത്തിലായിരിക്കണമെന്നും അതാതു പ്രദേശത്തെ ഭൂരിപക്ഷം ജനങ്ങളുടെ ആഗ്രഹപ്രകാരമായിരിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ പ്രസ്തുത റിപ്പോർട്ട് മുന്നോട്ടുവച്ചു. ബ്രിട്ടീഷ് സർക്കാർ ഭാഷാസമൂഹങ്ങളെ തികച്ചും അവഗണിച്ചുകൊണ്ടുള്ള ഫെഡറൽ പദ്ധതിയാണ് അവതരിപ്പിച്ചിരുന്നത്. ഇന്ത്യയിലെ ജനങ്ങൾക്ക് സ്വയംനിർണയാവകാശം അഥവാ അധികാരം നൽകാത്ത ആ ഫെഡറിലിസത്തെ കോൺഗ്രസും മറ്റു പാർട്ടികളും എതിർക്കുകയാണുണ്ടായത്.

കമ്യൂണിസ്റ്റ് നിലപാട്

1940ൽ മുസ്ലിംലീഗ് പാകിസ്ഥാൻ പ്രമേയം അംഗീകരിച്ചതോടെയാണ് ഫെഡറലിസത്തിന്റെ പ്രശ്നം സജീവമായത്. അതുവരെ ഈ വിഷയം ശ്രദ്ധിക്കാതിരുന്ന കമ്യൂണിസ്റ്റുപാർട്ടി ഗൗരവപൂർവം പഠിക്കാൻ തുടങ്ങി. സോവിയറ്റു യൂണിയനിൽ, ദേശീയതകളുടെ പ്രശ്നം കൈകാര്യം ചെയ്തതിനെകുറിച്ച് പഠിക്കുകയും ഇന്ത്യൻ അവസ്ഥയിൽ ആ രീതിയിൽ പ്രശ്നപരിഹാരത്തിനുള്ള മാർഗം നിർദ്ദേശിക്കുകയും ചെയ്യാനായി കമ്യൂണിസ്റ്റു പാർട്ടി കേന്ദ്രകമ്മറ്റിയിലെ ജി.അധികാരിയെ ചുമതലപ്പെടുത്തി. വിവിധ ഭാഷാ ദേശീയതകൾക്ക് വേറിട്ടുപോകാൻ ഉൾപ്പെടെയുള്ള സ്വയം നിർണയാവകാശം അനുവദിച്ചുകൊണ്ട്, അവയുടെ സ്വമേധയാ ഉള്ള ഐക്യം എന്ന സോവിയറ്റ് മാതൃക തന്നെ ഇന്ത്യനവസ്ഥയിലും സാധ്യമാണെന്നാണ് അധികാരി നിർദ്ദേശിച്ചത്. കേന്ദ്രകമ്മറ്റി ഈ നിലപാട് അംഗീകരിക്കുകയും 1943-ലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാം കോൺഗ്രസ് അതു പാസാക്കുകയും ചെയ്തു. 'പാകിസ്ഥാനെയും ദേശീയ ഐക്യത്തെയും പറ്റി' എന്ന പേരിലുള്ള ഈ രേഖയിൽ, ഇന്ത്യയിലെ വളർച്ചയെത്തിയ 17 ഭാഷകളുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത ദേശീയ ജനവിഭാഗങ്ങൾക്ക് സ്വന്തം ഭാവി തീരുമാനിക്കാനുള്ള അവകാശം നൽകണമെന്നും അതിലൂടെ മതപരമായ വിഭജനത്തിന്റെ പ്രശ്നം പരിഹരിക്കാമെന്നുമായിരുന്നു കമ്യൂണിസ്റ്റ് പാർട്ടിയുടെ നിർദ്ദേശം. ഈ ഫോർമുലയുടെ അടിസ്ഥാനത്തിൽ കോൺഗ്രസും ലീഗും തമ്മിൽ ഐക്യമുണ്ടാക്കാമെന്നും അങ്ങനെ ഇന്ത്യൻ ദേശീയ ഐക്യം സാധ്യമാക്കാമെന്നുമായിരുന്നു പ്രമേയത്തിന്റെ അന്തഃസത്ത.

കോൺഗ്രസും ഫെഡറലിസവും

1942 ആഗസ്റ്റിലെ കോൺഗ്രസിന്റെ ക്വിറ്റിന്ത്യാ പ്രമേയത്തിൽ ഭാഷാ ദേശീയതകളെകുറിച്ച് പറയുന്നില്ലെങ്കിലും ശിഥിലീകരണത്തെ പ്രോത്സാഹിപ്പിക്കുകയില്ലെന്ന് പറഞ്ഞുകൊണ്ട് ഭൂപരമായ ഒരു യൂണിറ്റിനെയും നിർബന്ധിച്ച് ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർക്കില്ലെന്നും ഓരോ യൂണിറ്റിനും സാധ്യമായത്രയും പൂർണമായ സ്വയംഭരണാവകാശം അനുവദിക്കുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. ഘടകങ്ങൾക്ക് പരമാവധി സ്വയംഭരണാവകാശം അനുവദിക്കുന്ന വിശാലമായ ഒരു ഫെഡറൽ ഭരണഘടനയാണ് തങ്ങൾ വിഭാവന ചെയ്യുന്നതെന്ന് 1946ൽ ഭരണഘടനാ നിർമ്മാണ അസംബ്ലി രൂപീകരിക്കുന്നതിന് മുമ്പായി കോൺഗ്രസ് തങ്ങളുടെ നയപ്രഖ്യാപനം നടത്തുകയുണ്ടായി.

വൈസ്രോയി മൗണ്ട്ബാറ്റന്റെ നിയമോപദേഷ്ടാവ് ബി.എൻ.റാവു മുന്നോട്ടുവച്ച ഒത്തുതീർപ്പ് ഫോർമുല കോൺഗ്രസും ലീഗും ആരംഭത്തിൽ അംഗീകരിച്ചതാണ്. അതിന്റെ അടിസ്ഥാനത്തിൽ, ഭരണഘടനാ നിർമ്മാണ അസംബ്ലിയിൽ പങ്കെടുക്കാൻ മുസ്ലീംലീഗ് സമ്മതിക്കുകയും ചെയ്തു. പല തട്ടുകളായുള്ള വിശാലമായ ഒരു ഫെഡറേഷനാണ് ഈ ഫോർമുലയിൽ അവതരിപ്പിക്കപ്പെട്ടിരുന്നത്. പക്ഷേ, ഈ ഫോർമുലയിൽ നിന്ന് കോൺഗ്രസും ലീഗും പിൻമാറുകയായിരുന്നു. രണ്ടു വിഭാഗത്തിലുമുള്ള തീവ്രവിഭാഗങ്ങളായിരുന്നു കാരണമെന്ന് പറയാമെങ്കിലും ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കളുടെ പങ്ക് കുറച്ചു കണ്ടുകൂടാ. മുസ്ലിംലീഗിനെ ഉൾപ്പെടുത്തികൊണ്ടുള്ള ഇന്ത്യ തികച്ചും വിശാലമായ ഒരു ഫെഡറൽ ഘടനയായിട്ടു മാത്രമേ സാധ്യമാകുമായിരുന്നുള്ളു. അതുതന്നെയായിരിക്കാം അതിനെതിരായി പല ശക്തികളും സജീവമായി പ്രവർത്തിച്ചത്.

റാവുവിന്റെ ഫോർമുല അനുസരിച്ച് ഫെഡറൽ സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നത് വിദേശകാര്യം, പ്രതിരോധം, വാർത്താവിനിമയം, മൗലികാവകാശങ്ങൾ, നാണയം, കസ്റ്റംസ്, ആസൂത്രണം എന്നിവയാണ്. ബാക്കിയെല്ലാം പ്രവിശ്യകൾ അഥവാ സ്റ്റേറ്റുകൾക്കാണ്. ഈ അവസ്ഥയെ ശക്തമായി എതിർക്കുന്ന വിഭാഗം ഇന്ത്യൻ കുത്തക മുതലാളിമാരായിരുന്നു. കൽക്കത്തയും മുംബെയും പോലുള്ള കേന്ദ്രങ്ങളിൽ ആസ്ഥാനമായിട്ടുള്ള ഇന്ത്യൻ കുത്തകകൾക്ക് ഇന്ത്യൻ വിപണി പൊതുവിൽ തങ്ങളുടെ പരിധിക്ക് പുറത്താകും. അതുകൊണ്ടു തന്നെ കോൺഗ്രസിന്റെ ഫെഡറൽ ഇന്ത്യ എന്ന കാഴ്ചപ്പാടിനെ ഇന്ത്യയിലെ കുത്തകകളായ വ്യാപാരവ്യവസായികളുടെ സംഘടനകൾ, നിരന്തരമായി എതിർത്തുകൊണ്ട് പ്രമേയം പാസാക്കുന്നത് അക്കാലത്തു പതിവായിരുന്നു. കോൺഗ്രസിലും ലീഗിലുമെല്ലാം നേതൃനിരയിൽ പലരും ഇത്തരം ശക്തികളുമായി ബന്ധമുള്ളവരോ അവരെ പ്രതിനിധീകരിക്കുന്നവരോ ആയിരുന്നു. ഹിന്ദു മഹാസഭയും മറ്റും പ്രതിനിധാനം ചെയ്തിരുന്ന ഹിന്ദുതീവ്രവാദികളും ഫെഡറൽ ഇന്ത്യയ്ക്കെതിരായിരുന്നു. മുസ്ലിംലീഗിനെയും മുസ്ലിം ആധിപത്യമുള്ള പ്രദേശങ്ങളെയും ഉൾകൊള്ളിച്ചു

വൈസ്രോയി മൗണ്ട്ബാറ്റന്റെ നിയമോപദേഷ്ടാവ് ബി.എൻ.റാവു മുന്നോട്ടുവച്ച ഒത്തുതീർപ്പ് ഫോർമുല കോൺ ഗ്രസും ലീഗും ആരംഭത്തിൽ അംഗീക രിച്ചതാണ്. അതിന്റെ അടിസ്ഥാനത്തിൽ, ഭരണഘടനാ നിർമ്മാണ അസംബ്ലിയിൽ പങ്കെടുക്കാൻ മുസ്ലീംലീഗ് സമ്മതിക്കുകയും ചെയ്തു. പല തട്ടുകളായുള്ള വിശാലമായ ഒരു ഫെഡറേഷനാണ് ഈ ഫോർമുലയിൽ അവതരിപ്പിക്കപ്പെട്ടിരുന്നത്. പക്ഷേ, ഈ ഫോർമുലയിൽ നിന്ന് കോൺഗ്രസും ലീഗും പിൻമാറുകയായിരുന്നു. രണ്ടു വിഭാഗത്തിലുമുള്ള തീവ്രവിഭാഗങ്ങളായിരുന്നു കാരണമെന്ന് പറയാമെങ്കിലും ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കളുടെ പങ്ക് കുറച്ചു കണ്ടുകൂടാ.

കൊണ്ടുള്ള ഫെഡറൽ ഘടനയേക്കാൾ മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങൾ ഒഴിവാക്കിയുള്ള ഇന്ത്യയാണ് അഭികാമ്യം എന്നവർ തുറന്ന് പറയുമായിരുന്നു.

കോൺഗ്രസിനുള്ളിലുണ്ടായിരുന്ന ഇത്തരം ശക്തികളുടെ സ്വാധീനം നിമിത്തമാണ്, ബി.എൻ റാവുവിന്റെ ഒത്തുതീർപ്പ് ഫോർമുല പൊളിഞ്ഞുപോയത്. മുസ്ലിംലീഗ് പാകിസ്ഥാൻ നിലപാട് പ്രഖ്യാപിച്ചതിനു ശേഷം ഭരണഘടനാ നിർമ്മാണ അസംബ്ലിയിലെ പ്രസംഗങ്ങൾ പരിശോധിച്ചാൽ ഇത് മനസിലാകും. കെ.എം.മുൻഷിയെപോലുള്ളവർ വെട്ടിത്തുറന്ന് പറഞ്ഞത് ലീഗ് പോയില്ലേ ഇനി നമുക്ക് ഫെഡറേഷൻ സങ്കല്പം ആവശ്യമില്ലെന്നാണ്. ഫെഡറേഷൻ സങ്കല്പത്തെ ശക്തമായി എതിർത്ത മുൻഷിയെപോലുള്ളവർ ആ പദം തന്നെ ഭരണഘടനയിൽ ഉണ്ടാവാൻ പാടില്ലെന്ന് ശഠിച്ചു.

വിഭജനത്തിന് പിന്നിൽ

ഭരണഘടനാ നിർമ്മാണ അസംബ്ലിയിലെ ഈ വിഭാഗത്തിന്റെ യത്നങ്ങളെ സഹായിക്കുംവിധമാണ് സംഭവഗതികൾ നീങ്ങിയത്. ഇന്ത്യാ-പാക് വിഭജനം സൃഷ്ടിച്ച വർഗീയ കൂട്ടക്കൊല വർഗീയപലായനങ്ങൾ എല്ലാം ഇത്തരം വിഭജനങ്ങൾക്കെതിരായ അന്തരീക്ഷം സൃഷ്ടിച്ചു. ഈ വർഗീയ കൂട്ടക്കൊല ഉടനടി തടയാതെ, അതിനെ വളരാൻ അനുവദിച്ചത്, ഇത്തരമൊരു ലക്ഷ്യം നേടാനായിരുന്നു എന്ന ആരോപണം ഗുരുതരമായി തന്നെ ഇപ്പോഴും നിലനിൽക്കുന്നുമുണ്ട്.

ഈ അന്തരീക്ഷത്തെ ഉറപ്പിച്ചെടുക്കുന്നതിന് വേണ്ടി ഒരു ഭാഷാ പ്രവിശ്യാ കമ്മീഷൻ നിയോഗിക്കപ്പെട്ടു. ഭാഷാപ്രവിശ്യകളായി വിഭജിക്കുന്നത് ഉചിതമാണോ എന്ന് പരിശോധിക്കുകയായിരുന്നു കമ്മീഷന്റെ ചുമതല. ദാർ കമ്മീഷൻ റിപ്പോർട്ട് 1948 എന്ന പേരിൽ പേരുകേട്ട പ്രസ്തുത റിപ്പോർട്ട് ഭാഷാ സംസ്ഥാന രൂപീകരണം അശാസ്ത്രീയമാണെന്ന് വിധിച്ചു. 1920 മുതൽ ഗാന്ധിജിയുടെ മുൻകയ്യിൽ ആവിഷ്കരിക്കപ്പെട്ട ഭാഷാസംസ്ഥാനങ്ങളെകുറിച്ചുള്ള നിലപാട് ഒറ്റയടിക്ക് കയ്യൊഴിക്കപ്പെടുകയായിരുന്നു. വർഗീയ കലാപങ്ങൾ സൃഷ്ടിച്ച വൈകാരികാന്തരീക്ഷത്തിൽ ഇത്തരമൊരു നിലപാടിനെ സാധൂകരിക്കാനുള്ള ശ്രമമായിരുന്നു അത്. ഈ അറുപിന്തിരിപ്പൻ നിലപാട് നെഹ്റുവിന്റെ നേതൃത്വത്തിലുള്ള പാർലമെന്ററി സബ്കമ്മറ്റി ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു. ഇന്ത്യാ-പാക് വിഭജനം മുതൽക്ക് നടന്ന അണിയറ നീക്കങ്ങളുടെ പരിസമാപ്തിയായിരുന്നു ദാർ കമ്മീഷൻ റിപ്പോർട്ട് എന്ന് പറയാം. ഇന്ത്യയെപോലുള്ള ഒരു രാജ്യത്തിൽ ഭാഷാസംസ്ഥാനങ്ങൾ രൂപീകരിക്കുന്നത് അശാസ്ത്രീയമാണെന്ന് ഒരു അന്വേഷണ കമ്മീഷൻ പറഞ്ഞുവെങ്കിൽ അത് വലിയൊരു ഗൂഢാലോചനയുടെ ഫലമായിരുന്നു എന്ന് പറയാൻ മടിക്കേണ്ടതില്ല. ഇന്ന് ശ്രീലങ്ക നേരിടുന്നതിലും എത്രയോ ദുരന്തപൂർണമായ അവസ്ഥയിൽ ഇന്ത്യ എന്നേ പൊട്ടിപൊളിയുമായിരുന്നു.

നെഹ്റുവും ഷേക്ക് അബ്ദുള്ളയും

ചെറുത്തുനില്പ്

ഇങ്ങനെയൊരു ദുരന്തം ഇവിടെ ഒഴിവായത് ഇവിടത്തെ ഭരണാധികാരികളുടെ പക്വതയോ ദീർഘവീക്ഷണമോ കൊണ്ടല്ല; മറിച്ച് അവരുടെ അപക്വതയ്ക്കെതിരായി ജനങ്ങൾ ചെറുത്തുനില്പ് നടത്തിയതുകൊണ്ടാണ്. ദാർ കമ്മീഷൻ റിപ്പോർട്ടിനു ശേഷമുള്ള രണ്ടു മൂന്നു വർഷങ്ങൾ ഭാഷാ സംസ്ഥാനങ്ങൾക്കു വേണ്ടിയുള്ള ജനകീയ സമരങ്ങളുടെ ഒരു വേലിയേറ്റത്തിന് തന്നെ സാക്ഷ്യം വഹിച്ചു. ആന്ധ്രയിൽ ഭാഷാസംസ്ഥാനത്തിന് വേണ്ടി നിരാഹാരം നടത്തി രക്തസാക്ഷിത്വം വരിച്ച പോറ്റി ശ്രീരാമുലു ഭാഷാജനവിഭാഗങ്ങളുടെ ന്യായമായ വികാരത്തിന്റെ ഉത്തമപ്രതീകമായി ഉയർന്നുനിന്നു.

നാട്ടുരാജ്യങ്ങളെ ഏകീകരിപ്പിച്ച്, ഭാഷാസംസ്ഥാനങ്ങളുടെ ഒരു ഫെഡറൽ യൂണിയൻ എന്ന രീതിയിൽ കൊളോണിയൽ ഇന്ത്യ രൂപാന്തരപ്പെടുമെന്ന് 1946-വരെ കരുതിപ്പോന്നിരുന്നെങ്കിലും ആ സങ്കല്പങ്ങൾ പാടെ അട്ടിമറിക്കപ്പെടുകയാണുണ്ടായത്. നാട്ടുരാജ്യങ്ങളെ ഏകീകരിക്കാനുള്ള സർദാർപട്ടേലിന്റെ നേതൃത്വത്തിലുള്ള നീക്കങ്ങൾക്ക് കാര്യമായ ചെറുത്തുനില്പ് നേരിടേണ്ടി വന്നത് നൈസാമിന്റെ ഹൈദരാബാദിലും സർ സിപിയുടെ തിരുവിതാംകൂറിലും ഹരിസിങ്ങിന്റെ കാശ്മീരിലും മാത്രമായിരുന്നു. വലിയൊരു കലാപത്തിലേക്കു നീങ്ങാതെ തന്നെ തിരുവിതാംകൂർ വഴങ്ങിയെങ്കിലും നൈസാം കുറച്ചുകൂടി ചെറുത്തുനിന്നതിനു ശേഷമാണ് കീഴടങ്ങിയത്.

കാശ്മീരിൽ സ്ഥിതി വ്യത്യസ്തമായിരുന്നു. അത് പാകിസ്ഥാനോട് ചേർന്നുകിടക്കുന്ന പ്രദേശവും മുസ്ലിം ഭൂരിപക്ഷ പ്രദേശവും എന്ന സവിശേഷതയുണ്ടായിരുന്നു. പക്തൂൺ കലാപകാരികളെ ഉപയോഗിച്ച് പാകിസ്ഥാൻ നടത്തിയ ഇടപെടലാണ് ഇന്ത്യക്ക് അനുകൂലമായി മാറിയത്. ഉപാധികളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ യൂണിയനിൽ ചേരാൻ ഹരിസിങ് നിർബന്ധിതനായി. പാകിസ്ഥാനിലേക്ക് പോകുമായിരുന്ന തന്ത്രപ്രധാനമായ ഒരു നാട്ടുരാജ്യത്തെ ഇന്ത്യയുടെ കൂടെ ചേർക്കുന്നതിന് അതിരുവിട്ട സൗജന്യങ്ങൾ നൽകുന്നതിൽ തെറ്റില്ല എന്ന ധാരണയോടെയാണ് നെഹ്റുവും കൂട്ടരും കാശ്മീരിന് പ്രത്യേകപദവിയും ഭരണഘടനാ നിർമ്മാണ അസംബ്ലിയും ഹിതപരിശോധനയും പ്രധാനമന്ത്രി പദവുമെല്ലാം അനുവദിച്ചുകൊടുത്തത്.

കേന്ദ്രീകൃത ഭരണഘടന

1946ൽ ഭരണഘടനാ നിർമ്മാണ അസംബ്ലി ആരംഭിക്കുമ്പോൾ, വിശാലമായ ഫെഡറൽ ഭരണഘടന ഉണ്ടാക്കും എന്ന് പ്രഖ്യാപിച്ച കോൺഗ്രസ് 1950 ജനുവരിയിൽ അവതരിപ്പിച്ചത്, വാക്കിൽ ഫെ

ഹിസ്ബുൾ നേതാക്കളായ സലാവുദ്ദീനും അബ്ദുൾ മജീദ്ദാറും

ഡറലും ഫലത്തിൽ കേന്ദ്രീകൃതവുമായ ഒരു ഭരണഘടനയാണ്.

ഒരു വശത്ത് ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും ഫെഡറലിസത്തിന്റെയും രാഷ്ട്രീയ പ്രാധാന്യം അംഗീകരിക്കുകയും അവയോട് പ്രതിജ്ഞാബദ്ധത പുലർത്തുകയും ചെയ്യുമ്പോൾ തന്നെ, അതിർത്തി വലുപ്പത്തിനപ്പുറം ഭാഷ, ദേശീയതകളുടെ സ്വത്വബോധ പ്രധാനമായ പുതിയ ദേശീയ രാഷ്ട്രബോധം വികസിക്കാതിരിക്കുകയും ഫ്യൂഡൽ കാലഘട്ടത്തിലെ വെട്ടിപ്പിടുത്തവും വികസനമോഹവും താലോലിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ ഭരണ നേതൃത്വമാണ് അന്ന് ഇന്ത്യയുടെ ഭാവിയെ രൂപപ്പെടുത്തിയത് എന്ന് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ കാണാൻ കഴിയും. പൗരാണികമായോ വംശപരമായോ ഇന്ത്യൻ പാരമ്പര്യത്തിന് വഴങ്ങാതിരുന്ന വടക്കു കിഴക്കൻ പ്രദേശത്തെ ഗോത്ര ജനവിഭാഗങ്ങളെ ബ്രിട്ടീഷ് കൊളോണിയലിസ്റ്റുകളെ പിന്തുടർന്ന് അതേ മനോഭാവത്തോടെ പുതിയ ഇന്ത്യയിൽ പിടിച്ചുനിർത്താൻ ശ്രമിച്ചത് ഈ ഫ്യൂഡൽ സ്വാധീനം നിമിത്തമാണ്. കാശ്മീർ പ്രശ്നം കൈകാര്യം ചെയ്യുന്നതിലും വഞ്ചനയും കള്ളത്തരവും കാട്ടി ആ പ്രദേശത്തെ ധൃതിപിടിച്ച് ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാൻ നടത്തിയ ശ്രമങ്ങളും ഇതേ പ്രവണതകളുടെ പ്രതിഫലനമായിരുന്നു. കരാറുകളെല്ലാം ലംഘിച്ച്, ഷേക്ക് അബ്ദുള്ളയെ വീട്ടുതടങ്കലിലാക്കിയ ഇന്ത്യൻ നേതൃത്വത്തിന്റെ ജനാധിപത്യവിരുദ്ധവും തത്വരഹിതവുമായ നടപടി ലോകം മുഴുവൻ ശ്രദ്ധിച്ചതാണ്. ഇന്നും ഭൂരിപക്ഷം ലോകരാഷ്ട്രങ്ങൾ കാശ്മീർ പ്രശ്നത്തിൽ ഇന്ത്യയെ തുറന്ന് പിന്തുണക്കാൻ വിസമ്മതിക്കുന്നത് ഇന്ത്യൻ രാഷ്ട്രീയ നേതൃത്വം കാട്ടിയ ഈ വഞ്ചന വിസ്മരിക്കാത്തതുകൊണ്ടു തന്നെയാണ്. ഇനിയും ഈ തെറ്റ് രാഷ്ട്രീയമായി തിരുത്തപ്പെടുന്നില്ലെങ്കിൽ ഇന്ത്യയുടെ രാഷ്ട്രീയ പ്രതിച്ഛായയുടെ മേലുള്ള ചെളി തുടച്ചുകളയുക എളുപ്പമല്ല.

സംസ്ഥാന പുനഃസംഘടന

തെക്കേ ഇന്ത്യയിലും പടിഞ്ഞാറൻ ഇന്ത്യയിലും അലയടിച്ചുയർന്ന ഭാഷാ സംസ്ഥാന പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ 1954ൽ നെഹ്റു സർക്കാർ സംസ്ഥാന പുനഃസംഘടനക്ക് വേണ്ടി പുതിയൊരു കമ്മീഷൻ നിയമിച്ചു. പുതിയ രാഷ്ട്രീയ ബോധോദയം, പുതിയ യാഥാർത്ഥ്യങ്ങളെ ഭാഗികമായിട്ടെങ്കിലും അംഗീകരിക്കാൻ തുടങ്ങിയതിന്റെ പ്രതിഫലനമായിരുന്നു. 1955ൽ സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ റിപ്പോർട്ട് തയ്യാറായി. ദാർ കമ്മീഷൻ റിപ്പോർട്ടിന് കടകവിരുദ്ധമായി ഭാഷാ സംസ്ഥാന രൂപീകരണത്തിന് പച്ചക്കൊടി കാട്ടുന്നതായിരുന്നു ഈ റിപ്പോർട്ട്. ദാർ കമ്മീഷൻ റിപ്പോർട്ട് ആവേശപൂർവ്വം അംഗീകരിച്ച നെഹ്റു സർക്കാർ ഈ റിപ്പോർട്ട് സ്വീകരിക്കുകയും നടപ്പിലാക്കാൻ തയ്യാറാവുകയും ചെയ്തു. 1956ൽ കേരളം ഉൾപ്പെടെയുള്ള ദക്ഷിണ പൂർവ്വ ഇന്ത്യയിലെ ഭാഷാ സംസ്ഥാനങ്ങൾ രൂപംകൊള്ളുന്നത് അങ്ങനെയാണ്.

വൈകിയാണെങ്കിലും തെറ്റുതിരുത്താൻ ഇന്ത്യൻ രാഷ്ട്രീയ നേതൃത്വം നടപടികൾ സ്വീകരിച്ചതിനെ ചെറുതാക്കി കണ്ടുകൂട. മടിച്ച് മടിച്ചും ഭാഗികമായും സമ്മർദ്ദങ്ങൾക്കു വിധേയമായും ആയിരുന്നു ഈ നടപടികളെങ്കിലും ഇന്ത്യൻ ജനാധിപത്യഘടനയുടെ ആരോഗ്യകരമായ വളർച്ചക്ക് പറ്റിയ അന്തരീക്ഷമൊരുക്കുന്നതിൽ ഈ വൈകിയ ചുവടുവെയ്പുകൾ വഹിച്ച നിർണായകമായ പങ്ക് അവഗണിക്കപ്പെട്ടുകൂട. സംസ്ഥാനങ്ങളുടെ അധികാരം വെട്ടിച്ചുരുക്കുന്ന നടപടികൾ പലതും പിന്നെയും നടന്നുവെങ്കിലും പടിപടിയായി ഭാഷാ സംസ്ഥാനങ്ങളായുള്ള ഇന്ത്യൻ രാഷ്ട്രീയഘടനയുടെ പുനഃസംഘടന ഇന്ത്യൻ ജനാധിപത്യത്തെ കാര്യമായി ബലപ്പെടുത്തിയ ഘടകമാണ്. പാകിസ്ഥാനും ബംഗ്ലാദേശിനും സിലോണിനുമൊന്നും ഇപ്പോഴും പരിഹരിക്കാൻ കഴിയാതെ കിടക്കുന്ന ഭാഷാടിസ്ഥാന പുനഃസംഘടന ഇന്ത്യയെപ്പോലെ അതിബൃഹത്തായ ഒരു രാജ്യത്തിൽ താരതമ്യേന മെച്ചപ്പെട്ട രീതിയിൽ വികസിച്ചതിന്റെ നിർണായകമായ തുടക്കമാണ് 1956ൽ കണ്ടത്.

പഞ്ചാബിനോടുള്ള വിവേചനം

പക്ഷേ ഈ പ്രക്രിയ സുഗമമായിരുന്നില്ലെന്ന് മറ്റ് പ്രദേശങ്ങളിലെ സമരങ്ങൾ കാണിക്കുന്നു. മഹാരാഷ്ട്ര, ഗുജറാത്ത് രൂപീകരണത്തിന് പിന്നെയും സമരങ്ങൾ ആവശ്യമായി വന്നു. വ്യാപാര - വ്യവസായ താല്പര്യങ്ങൾ തന്നെയാണ് ചെറുത്തുനില്പ് നടത്തികൊണ്ടിരുന്നത്. പ്രശ്നം കൂടുതൽ വികൃതമായി പ്രകടമായത് പഞ്ചാബിന്റെ കാര്യത്തിലാണ്. 1920-കൾ മുതൽക്കു തന്നെ സിക്കുകാർ മാതൃഭൂമിക്കു വേണ്ടി സമരം ചെയ്തിരുന്നവരായിരുന്നു പഞ്ചാബികൾ. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ബംഗാളികളോടൊപ്പമോ ചില സന്ദർഭങ്ങളിൽ അവരേക്കാൾ മുന്നിലോ നിന്നവരായിരുന്നു പഞ്ചാബികൾ. ജാലിയൻ വാലാബാഗും ഭഗത്സിംഗും ഈ മുൻകയ്യിന്റെ ഉജ്വലപ്രതീകങ്ങളാണ്. ആന്തമാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവരിൽ, തൂക്കിലേറ്റപ്പെട്ടവരിൽ ഭൂരിഭാഗവും സിക്കുകാരായത് സിക്ക് ജനതയുടെ സമരപാരമ്പര്യത്തിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും വാചാലമായ പ്രതിഫലനമായിരുന്നു. എന്നിട്ടും 1956-ൽ കേരളമുൾപ്പെടെയുള്ള വളരെ വൈകി മാത്രം സ്വാതന്ത്ര്യസമരത്തിലേക്കും ഭാഷാസംസ്ഥാന ആവശ്യം ഉന്നയിക്കുന്നതിലേക്കും എത്തിയ ജനവിഭാഗങ്ങൾക്ക് ഭാഷാസംസ്ഥാനം അനുവദിച്ചപ്പോഴും പഞ്ചാബിജനതക്ക് ഒരു ഭാഷാ സംസ്ഥാനം നൽകാൻ ഇന്ത്യൻ രാഷ്ട്രീയ നേതൃത്വം തയ്യാറായില്ല. ഇന്ത്യൻ രാഷ്ട്രീയ നേതൃത്വം പഞ്ചാബി ജനതയോടു കാട്ടിയ നിന്ദ്യമായ നന്ദികേടും വഞ്ചനയുമായി മാത്രമേ ഈ സംഭവവികാസത്തെ ചരിത്രം വിലയിരുത്തൂ. നമുക്ക് കേരളം ലഭിച്ച സന്ദർഭത്തിൽ, ഉജ്വലമായ ചരിത്രപാരമ്പര്യമുള്ള പഞ്ചാബികൾക്ക് ലഭിച്ചത് ഇന്നത്തെ ഹരിയാനയും ഹിമാചൽപ്രദേശും പഞ്ചാബും ചേർന്നുള്ള ഒരു ഹിന്ദി-പഞ്ചാബി ദ്വിഭാഷാ സംസ്ഥാനമാണ്.

പഞ്ചാബികൾക്ക് തനതായി ഒരു സംസ്ഥാനം ലഭിച്ചാൽ അവർ വടക്കേ ഇന്ത്യയിലെ പ്രമുഖ സാമ്പത്തിക ശക്തിയാവുമെന്ന് കണ്ട തല്പരകക്ഷികളാണ് ഇത്തരം ഗൂഢാലോചനകളിൽ നിർണായക പങ്കുവ

ഹിച്ചത്. സന്ത്ഫത്തേസിങിന്റെ നേതൃത്വത്തിൽ പഞ്ചാബി സൂബക്ക് (സിക്ക് സൂബക്കല്ല എന്നോർക്കുക) വേണ്ടി പത്തുവർഷകാലം സമാധാനപരമായ സമരം നടത്തിയിട്ടാണ് പഞ്ചാബികൾക്ക് 1966ൽ പഞ്ചാബ് സംസ്ഥാനം ലഭിച്ചത്. അപ്പോഴും അവർക്ക് സ്വന്തമായ ഒരു തലസ്ഥാനം നൽകിയില്ല. പഞ്ചാബിനും ഹരിയാനക്കും കൂടി പൊതുതലസ്ഥാനം-ചണ്ഡിഗഢ്. ഇപ്പോഴും അത് പരിഹരിക്കപ്പെടാതെ കിടക്കുന്നു.

ദ്രാവിഡ പ്രസ്ഥാനങ്ങൾ

തികച്ചും വ്യത്യസ്തമായ ഒരു ചരിത്ര പശ്ചാത്തലത്തിലാണ് ദക്ഷിണേന്ത്യയിലെ ദ്രാവിഡ പ്രസ്ഥാനം വളർന്നുവന്നത്. പൗരാണിക ഇന്ത്യൻ ഭാഷകളിൽ പ്രമുഖമായ ഒന്നായ തമിഴിനെ കേന്ദ്രീകരിച്ച് വളർന്നുവന്ന ദ്രാവിഡ പ്രസ്ഥാനം ഇന്ത്യയിൽ ഫെഡറൽ ഘടനയ്ക്ക് വേണ്ടി വാദിക്കുന്ന ശക്തമായ, പലപ്പോഴും നേതൃത്വപരമായ പങ്ക് വഹിക്കുന്ന ഒരു പ്രസ്ഥാനമായി വളർന്നുവന്നു. ദ്രാവിഡ കഴകം ഇന്ത്യൻ ഭരണഘടനയെ അംഗീകരിക്കാൻ വിസമ്മതിച്ചപ്പോൾ ഉണ്ടായ ദ്രാവിഡ മുന്നേറ്റ കഴകമാണ് ഇന്ത്യൻ യൂണിയനിൽ ഫെഡറൽ ഘടനയ്ക്ക് വേണ്ടി വാദിച്ചത്. തമിഴ് ദേശീയവാദത്തിന്റെ ശക്തമായ രാഷ്ട്രീയ സാന്നിദ്ധ്യം ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രതിഫലിപ്പിക്കാനും ഡി.എം.കെക്ക് കഴിഞ്ഞു.

ഡി.എം.കെയും അകാലിദളും കാശ്മീരിലെ നാഷണൽ കോൺഫറൻസുമാണ് ഇന്ത്യൻ ഫെഡറലിസത്തിന് വേണ്ടി വ്യക്തമായ പരിപാടികളോടെ വാദിച്ചിരുന്നത്. കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും അധികാരവിഭജനം സംബന്ധിച്ച് വ്യക്തമായ നിലപാടാണ് അവർ സ്വീകരിച്ചിരുന്നത്. അകാലിദളിന്റെ സുപ്രസിദ്ധമായ അനന്തപൂർസാഹിബ് പ്രമേയത്തിൽ, കേന്ദ്രം വിദേശകാര്യം, രാജ്യരക്ഷ, നാണയം, വാർത്താവിനിമയം എന്നീ നാലു വകുപ്പുകളിൽ മാത്രം ഒതുങ്ങണമെന്നും മറ്റെല്ലാ വകുപ്പുകളും സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കണമെന്നും വാദിച്ചിരുന്നു. ഡി.എം.കെയും നാഷണൽ കോൺഫറൻസും ഏറെ വ്യത്യസ്തമല്ലാത്ത നിലപാടു തന്നെയാണ് സ്വീകരിച്ചിരുന്നത്. നാഗാ, മിസോ, മണിപ്പൂരി ജനതകളാകട്ടെ ഇന്ത്യൻ യൂണിയനിൽ നിന്ന് സ്വാതന്ത്ര്യം നേടാനാണ് സമരം ചെയ്തുകൊണ്ടിരുന്നത്.

കമ്യൂണിസ്റ്റ് തകിടംമറി

ഈ കാലഘട്ടത്തിൽ കമ്യൂണിസ്റ്റുകാർ ഫെഡറലിസത്തെകുറിച്ചുള്ള നിലപാടിൽ നടത്തിയ തകിടംമറിച്ചിലുകൾ തികച്ചും തത്വരഹിതമായ രീതിയിലായിരുന്നു. '43-ലെ ഒന്നാം കോൺഗ്രസിലെ നിലപാടിനെകുറിച്ച് സ്വയം വിമർശനപരമായ വിലയിരുത്തലില്ലാതെ, വ്യത്യസ്തമായ സമീപനമാണ് '48ലെ രണ്ടാം കോൺഗ്രസിൽ സ്വീകരിച്ചത്. ഇന്ത്യൻ പാർലമെന്ററി ജനാധിപത്യ സമ്പ്രദായത്തിൽ സജീവമായി പങ്കെടുക്കാൻ തുടങ്ങിയ 1951 മുതൽക്ക്, ഫെഡറലിസത്തിന്റെ പ്രശ്നം കമ്യൂണിസ്റ്റുകാർ ഉന്നയിക്കാറെയില്ല. നിശബ്ദത കൊണ്ട് പ്രശ്നത്തെ മറികടക്കാൻ ശ്രമിക്കുകയാണ് അവർ ചെയ്തത്. 1972ലാണ് കമ്യൂണിസ്റ്റ പാർട്ടി പിളർപ്പിന് ശേഷം, മാർക്സിസ്റ്റു പാർട്ടി ദേശീയ സ്വയം നിർണയാവകാശം സോവിയറ്റ് യൂണിയനിൽ പ്രയോഗിച്ചത് പോലെ ഇന്ത്യൻ സാഹചര്യത്തിൽ സാധ്യമല്ലെന്ന നിലപാട് ഔപചാരികമായി സ്വീകരിച്ചത്. ഭാഷാദേശിയതകൾക്ക് വേറിട്ടുപോകാൻ ഉള്ള അവകാശം വരെ ഉണ്ടെന്ന് പറഞ്ഞിരുന്ന കമ്യൂണിസ്റ്റുകാർ യഥാർത്ഥ ഫെഡറൽ ഘടനക്ക് വേണ്ടി പോലും വാദിക്കാതായി. പിൽക്കാലത്ത് വിഘടനവാദ പ്രവണതകൾ പൊന്തിവന്നപ്പോൾ കമ്യൂണിസ്റ്റുകാർ അഖണ്ഡതയുടെ ഏറ്റവും വലിയ വക്താക്കളായി മാറി.

ഇന്ത്യൻ രാഷ്ട്രീയവ്യവസ്ഥയുടെ പരിണാമത്തിൽ, ജനാധിപത്യം, മതേതരത്വം, ഫെഡറലിസം എന്നീ മൂന്ന് ഘടകങ്ങൾ പരസ്പര ബന്ധിതമായിട്ടാണ് വളർന്നു വന്നുകൊണ്ടിരിക്കുന്നത്. വ്യത്യസ്തഘട്ടങ്ങളിൽ വ്യത്യസ്തഘടകങ്ങൾ പ്രാധാന്യം നേടുന്നതു കാണാം. അടിയന്തിരാവസ്ഥക്കു മുമ്പുള്ള ഘട്ടത്തിൽ കർഷക സമരങ്ങൾക്കും ജനാധിപത്യപ്രസ്ഥാനങ്ങൾക്കുമാണ് മുൻതൂക്കം ലഭിച്ചതെങ്കിൽ, അടിയന്തിരാവസ്ഥക്കു ശേഷമുള്ള ഘട്ടത്തിൽ ഫെഡറലിസത്തിന്റെ പ്രശ്നം വീണ്ടും ശക്തമായി ഉയർന്നുവന്നതു കാണാം.

പുതിയ ഘട്ടം

പഞ്ചാബിലെ പഴയ പ്രശ്നം പുതിയ രൂപത്തിൽ ഉയർന്നുവന്നതും അസമിൽ തികച്ചും പുതുതായ രീതിയിൽ സംസ്ഥാനത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ അവകാശങ്ങൾക്കു വേണ്ടിയുള്ള വിദ്യാർത്ഥി യുവജനപ്രക്ഷോഭം ഉയർന്നുവന്നതും ഇന്ത്യൻ രാഷ്ട്രീയ ഘടനയെ തന്നെ പിടിച്ചുകുലുക്കി. ഇന്ത്യൻ ഫെഡറൽ ഘടനയിലുള്ള ദൗർബല്യങ്ങൾ പരിഹരിക്കുകയും സംസ്ഥാന തല ത്തിലുള്ള വികേന്ദ്രീകരണത്തിന് പ്രാധാന്യം നൽകുകയും ചെയ്യുന്ന സമീപനം സ്വീകരിച്ചിരുന്നെങ്കിൽ ഇത്തരം പ്രശ്നങ്ങൾ രാഷ്ട്രീയമായി പരിഹരിക്കപ്പെടുമായിരുന്നു. മറിച്ച് കൂടുതൽ അധികാരകേന്ദ്രീകരണത്തിന്റെയും ബലപ്രയോഗത്തിന്റെയും മാർഗമാണ് അധികാരികൾ സ്വീകരിച്ചത്. പഞ്ചാബിലെ കർഷകരുടെ ഭാവിയെ ബാധിക്കുന്ന കാര്യങ്ങളിൽപോലും തീരുമാനമെടുക്കാൻ സംസ്ഥാന സർക്കാരിന് കഴിയാത്ത അവസ്ഥയ്ക്കെതിരായ പ്രക്ഷോഭം അതിവേഗം തീവ്രവാദസ്വഭാവം കൈവരിക്കുകയായിരുന്നു. സുവർണക്ഷേത്രാക്രമണം പോലുള്ള നടപടികളിലൂടെ ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിലുള്ള കഴിവില്ലായ്മയാണ് കേന്ദ്ര നേതൃത്വം പ്രകടിപ്പിച്ചത്.

അസമിൽ പുതിയൊരു ഫെഡറൽ രാഷ്ട്രീയപാർട്ടി ഉടലെടുത്തതിന് പുറകെ ആന്ധ്രയിലും ഫെഡറൽ പ്രശ്നം ഉയർന്നുവന്നു. തെലുങ്കുദേശം പാർട്ടിയുടെ ആവിർഭാവത്തോടെ, വ്യക്തമായ ഫെഡറൽ അവകാശവാദങ്ങൾ ഉന്നയിക്കുന്ന സംസ്ഥാനങ്ങൾ മൂന്നിൽ നിന്ന് അഞ്ചായി. നാഗാലാൻറിനും മണിപ്പൂരിനും സംസ്ഥാന പദവി ലഭിച്ചതോടെ ഇത്തരം സംസ്ഥാനങ്ങളുടെ എണ്ണം പിന്നെയും കൂടി. ഝാർഖണ്ഡ്, ഗൂർഖാലാൻറ്, ഛത്തീസ്ഖഡ് തുടങ്ങിയ പ്രാദേശിക ജനവിഭാഗങ്ങളുടെ രാഷ്ട്രീയ ഉയിർത്തെഴുന്നേല്പും ഇന്ത്യയുടെ ദേശീയഘടനയുടെ ആന്തരിക ദൗർബല്യങ്ങൾ കൂടുതൽ പുറത്തുകൊണ്ടുവന്നു.

വ്യത്യസ്ത ഭാഷകളും സംസ്കാരങ്ങളുമുള്ള ജനതകൾക്ക് തങ്ങളുടെ അവകാശങ്ങളെകുറിച്ച് തിരിച്ചറിവുണ്ടാകുമ്പോൾ അവർ അത് ഉന്നയിക്കുന്നത് സ്വാഭാവികമാണ്. ജനാധിപത്യവല്ക

1920-കൾ മുതൽക്കു തന്നെ സിക്കുകാർ മാതൃഭൂമിക്കു വേണ്ടി സമരം ചെയ്തിരുന്നവരായിരുന്നു. ചില സന്ദർഭങ്ങളിൽ അവരേക്കാൾ മുന്നിൽ നിന്നവരായിരുന്നു പഞ്ചാബികൾ. ജാലിയൻ വാലാബാഗും ഭഗത്സിംഗും ഈ മുൻകയ്യിന്റെ ഉജ്വലപ്രതീകങ്ങളാണ്. ആന്തമാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവരിൽ, തൂക്കിലേറ്റപ്പെട്ടവരിൽ ഭൂരിഭാഗവും സിക്കുകാരായത് സിക്ക് ജനതയുടെ സമരപാരമ്പര്യത്തിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും വാചാലമായ പ്രതിഫലനമായിരുന്നു.

ഇന്ത്യ, കിഴക്കൻ പാകിസ്ഥാനിൽ ഇടപെട്ടപോലെ നഗ്നമായ കടന്നാക്രമണം നടത്താൻ കാർഗിലിൽ പോലും പാകിസ്ഥാന് കഴിഞ്ഞില്ലെന്നതാണ് വാസ്തവം. പരസ്പരം ഇടപെടുന്ന കാര്യത്തിൽ ഇന്ത്യയും പാകിസ്ഥാനും ഒരേ തെറ്റായ സമീപനമാണ് സ്വീകരിക്കുന്നതെന്ന് ചുരുക്കം. ശ്രീലങ്കയിൽ ഉൾപെടെ ഇടപെടലിൽ കൂടുതൽ മിടുക്ക് കാണിച്ചതും ഇന്ത്യയാണെന്ന് വ്യക്തം.

ണ പ്രക്രിയ വികസിച്ചിട്ടില്ലാത്ത മേഖലകൾ വളരുന്നതിനനുസരിച്ച് ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുകയും ചെയ്യും. പ്രാദേശികതലത്തിലുള്ള സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെല്ലാം പരിഹരിക്കാനുള്ള അധികാരം അതാതു പ്രദേശത്തുകാർക്ക് തന്നെ ലഭിക്കുക എന്നത് തികച്ചും ജനാധിപത്യപരമായ അവകാശമാണ്. അത് നിഷേധിക്കപ്പെടുന്നിടത്താണ് തീവ്രവാദവും വിഘടനവാദവും തലപൊക്കിയിരുന്നത്. ഇന്ത്യൻ ഭരണഘടന നാമമാത്രമായി ഫെഡറലായിരിക്കുകയും വീണ്ടുംവീണ്ടുമുള്ള ഭരണഘടനാ ഭേദഗതികളിലൂടെ സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്ന പശ്ചാത്തലത്തിലാണ് വ്യത്യസ്ത ഭാഷാ സാമൂഹ്യ വിഭാഗങ്ങളുടെ അവകാശസമരങ്ങൾ ഉയർന്നുവന്നത്.

കാശ്മീരിൽ ഷേക്ക് അബ്ദുള്ളയെ വീട്ടുതടങ്കലിൽ നിന്ന് മോചിപ്പിച്ച് 1974 മുതൽ മുഖ്യമന്ത്രിയായി വാഴിച്ചതോടെ കാശ്മീരിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടു എന്ന ധാരണ സൃഷ്ടിക്കപ്പെടുകയുണ്ടായി. പക്ഷേ കീഴടങ്ങിയ ഷേക്ക് അബ്ദുള്ള, പരിഹരിക്കാതെ പോയ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി കാശ്മീരിലെ പുതിയ തലമുറയിൽ നിന്ന് തീവ്രവാദി പ്രസ്ഥാനങ്ങൾ വളർന്നുവരികയായിരുന്നു. അതെല്ലാം പാകിസ്ഥാൻ സൃഷ്ടിയായിരുന്നുവെന്ന് കരുതുന്നതും പ്രചരിപ്പിക്കുന്നതും സ്വയം വഞ്ചിക്കാൻ മാത്രമേ സഹായിക്കൂ. പാകിസ്ഥാൻ കാശ്മീർ പ്രശ്നത്തെ ഉപയോഗിക്കുന്നു എന്നുള്ളത് ശരിയാണ്. ഇന്ത്യ ബംഗ്ലാദേശ് പ്രശ്നത്തെ ഉപയോഗിച്ചതുപോലെ. പഴയ കിഴക്കൻ പാകിസ്ഥാനിലെ ബംഗാളികളും പടിഞ്ഞാറൻ പാകിസ്ഥാനിലെ സിന്ധികളും ബലൂചികളും ശ്രീലങ്കയിലെ തമിഴരും ഇന്ത്യയിലെ കാശ്മീരികളും പഞ്ചാബികളും ആസാമികളും എല്ലാം ഉന്നയിക്കുന്നത് ഒരേ പ്രശ്നം തന്നെയാണ്. കിഴക്കൻ പാകിസ്ഥാനിൽ വിഭജനപ്രക്ഷോഭം ഉണ്ടായപ്പോൾ, ഇന്ത്യൻ സൈന്യത്തിന്റെ പരിശീലനം സിദ്ധിച്ച പോരാളികളാണ് മുക്തി ബാഹിനി ആയി തീർന്നതെന്നും അവസാനം ഇന്ത്യ നേരിട്ട് ഇടപെട്ടുകൊണ്ട് പാകിസ്ഥാനെ വെട്ടിമുറിച്ച് ബംഗ്ലാദേശ് ഉണ്ടാക്കുകയായിരുന്നു എന്നുമുള്ളത് ചരിത്രം. ഇന്ത്യ, കിഴക്കൻ പാകിസ്ഥാനിൽ ഇടപെട്ടപോലെ നഗ്നമായ കടന്നാക്രമണം നടത്താൻ കാർഗിലിൽ പോലും പാകിസ്ഥാന് കഴിഞ്ഞില്ലെന്നതാണ് വാസ്തവം. പരസ്പരം ഇടപെടുന്ന കാര്യത്തിൽ ഇന്ത്യയും പാകിസ്ഥാനും ഒരേ തെറ്റായ സമീപനമാണ് സ്വീകരിക്കുന്നതെന്ന് ചുരുക്കം. ശ്രീലങ്കയിൽ ഉൾപെടെ ഇടപെടലിൽ കൂടുതൽ മിടുക്ക് കാണിച്ചതും ഇന്ത്യയാണെന്ന് വ്യക്തം.

ആരോഗ്യകരം

പാകിസ്ഥാനെയും സിലോണിനെയും അപേക്ഷിച്ച് മെച്ചപ്പെട്ട രീതിയിൽ, അറച്ചറച്ചും വെച്ചുവെച്ചുമാണെങ്കിലും ഫെഡറലിസം ഇന്ത്യയിൽ വളർന്നതാണ് ഇന്ത്യയുടെ നേട്ടം. സമീപകാല സംഭവവികാസങ്ങൾ കാണിക്കുന്നത് ഫെഡറലിസം ഇന്ത്യയിൽ കൂടുതൽ ശക്തിപ്പെടുന്നു എന്നാണ്. കാശ്മീർ പ്രശ്നത്തെ ഉപയോഗപ്പെടുത്തി ഫെഡറൽ വിരുദ്ധ സമീപനം ഏറ്റവുമധികം പ്രചരിപ്പിച്ച ബി.ജെ.പിക്ക് തെലുങ്കുദേശത്തെയും ഡി.എം.കെയെയും അകാലിദളിനെയും നാഷണൽ കോൺഫറൻസിനെയും ഉൾപ്പെടുത്തികൊണ്ട് കേന്ദ്രസർക്കാർ രൂപീകരിക്കേണ്ടി വന്നപ്പോൾ തന്നെ ഫെഡറലിസത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. കാശ്മീർ അസംബ്ലിയുടെ സ്വയംഭരണ പ്രമേയം ഈ അവസ്ഥയുടെ പ്രതിഫലനം തന്നെയാണ്. ഫെഡറലിസത്തെ എതിർത്ത ബി.ജെ.പിക്ക് ഫെഡറലിസത്തെ ഏറ്റവുമധികം മുന്നോട്ട് കൊണ്ടുപോകേണ്ടിവരുന്നു എന്നത് വിരോധാഭാസമായി തോന്നാം. ഇന്ത്യൻ രാഷ്ട്രീയ സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ വൈരുദ്ധ്യാത്മകമായ വികാസപ്രക്രിയയുടെ അനിവാര്യ ഫലമാണത്. ആഗോളവൽകരണ പ്രക്രിയയുടെ അന്തരീക്ഷത്തിൽ, ഇന്ത്യയിലേതുപോലുള്ള കേന്ദ്രീകൃത ഭരണകൂടങ്ങൾ ദുർബലപ്പെടുകയും ഫെഡറൽഘടന ശക്തിപ്പെടുകയുമാണുണ്ടാവുക. അത് മൊത്തത്തിലുള്ള ഇന്ത്യൻ രാഷ്ട്രീയഘടനയെ ആരോഗ്യകരമാക്കുകയേ ഉള്ളൂ.

BERGER PAINTS

Color kit
Riyas Housing Complex
Near Perunthatta Siva Temple, Karakkad
Guruvayur ☎ 552894

അർദ്ധഫെഡറൽ ഇന്ത്യ
പഴയ സങ്കല്പങ്ങളും പുതിയ യാഥാർത്ഥ്യങ്ങളും

സി.കെ അബ്ദുൾ അസീസ്

മണ്ണും മനുഷ്യരും മസ്തിഷ്കവും ഭാഷയും സംസ്കാരവുമുള്ള സമൂർത്ത രാഷ്ട്രങ്ങളെ പ്രതിനിധാനം ചെയ്ത ദേശീയ ജനതകൾക്ക് കേന്ദ്രമേധാവിത്വം ആളും അർത്ഥവും അതിരുകളുമില്ലാത്ത സങ്കല്പരാഷ്ട്രത്തിൻെറ ആധിപത്യമായി അനുഭവപ്പെടാൻ തുടങ്ങിയപ്പോൾ അതിനെ വിഘടനവാദമായി ചിത്രീകരിക്കാനുള്ള വ്യഗ്രത ദേശീയ രാഷ്ട്രീയം പ്രകടിപ്പിച്ചു തുടങ്ങി. നെഹ്റു മുതൽ വാജ്പേയിവരെയുള്ളവർ ആശങ്ക പ്രകടിപ്പിക്കുന്ന ഈ 'വിഘടനവാദ' മാണ് ഇന്ത്യൻ ഭരണവ്യവസ്ഥയെ ഫെഡറൽ തത്വങ്ങളോട് ഇണക്കിചേർക്കാൻ നിരന്തരം സമ്മർദ്ദം ചെലുത്തിയത് എന്നതാണ് യാഥാർത്ഥ്യം.

ഇന്ത്യൻ ഫെഡറലിസം തത്വത്തിലും പ്രയോഗത്തിലും യൂണിറ്ററി സ്വഭാവം പ്രകടിപ്പിക്കുന്നുവെന്ന ആശങ്കകൾ അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് ജനാധിപത്യ സമൂഹത്തിന് ബോധ്യം വന്നത് 1959ൽ കേരളത്തിലെ കമ്യൂണിസ്റ്റ് മന്ത്രിസഭയെ ഭരണഘടനയിലെ 356-ാം വകുപ്പനുസരിച്ചുള്ള പ്രത്യേക അധികാരമുപയോഗിച്ച് ഇന്ത്യൻ പ്രസിഡൻറ് പിരിച്ചുവിട്ടതോടെയാണ്. ഇന്ത്യൻ ഭരണഘടനയിലും ഭരണസമ്പ്രദായത്തിലും അന്തർലീനമായ അധികാരകേന്ദ്രീകരണ പ്രവണതകൾ അതിന്ശേഷം പല സംസ്ഥാനങ്ങളിലും പല രൂപത്തിലും ഭാവത്തിലും അരങ്ങേറുകയുണ്ടായിട്ടുണ്ട്. സുദീർഘമായ കോൺഗ്രസ് ഭരണകാലഘട്ടത്തിൽ കേന്ദ്രത്തിൻെറ ആജ്ഞാനുവർത്തികളായി സംസ്ഥാനങ്ങളിലെ രാഷ്ട്രീയ നേതൃത്വങ്ങളെയും സർക്കാരുകളെയും തരംതാഴ്ത്തുകയും സംസ്ഥാനനിയമസഭാ നേതാവിനെ ദില്ലിയിലിരുന്ന് നിശ്ചയിക്കുകയും ചെയ്യുന്ന ഒരു സാമന്ത സംസ്കാരം തന്നെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉടലെടുക്കുകയുണ്ടായി. 1967ൽ ഒമ്പത് സംസ്ഥാനങ്ങളിൽ കോൺഗ്രസ് ഇതര സർക്കാരുകൾ അധികാരത്തിൽ എത്തുംവരെ കേന്ദ്രത്തിൻെറ ആധിപത്യ സ്വഭാവം ചോദ്യം ചെയ്യപ്പെടാനാവാത്ത ഒരു നിയമസംഹിതപോലെ ഇന്ത്യൻ രാഷ്ട്രീയത്തിൽ മേധാവിത്തം ചെലുത്തിപോന്നു.

കീഴാളഭരണം

സ്വാതന്ത്ര്യത്തിന് ശേഷമുള്ള ആദ്യത്തെ രണ്ട് ദശകങ്ങളിൽ കേന്ദ്ര - സംസ്ഥാന ബന്ധങ്ങളെകുറിച്ചുള്ള ഗൗരവപൂർവമായ ചർച്ചകളുടെ സാധ്യതകൾപോലും സൃഷ്ടിക്കപ്പെടുകയുണ്ടായില്ല. 1948ൽ നിയോഗിക്കപ്പെട്ട ദാർകമ്മീഷൻ സംസ്ഥാനങ്ങളുടെ രൂപീകരണം തന്നെ അത്യാവശ്യമല്ലെന്ന റിപ്പോർട്ടാണ് സർക്കാരിന് സമർപ്പിച്ചത്. ഭാഷാ സംസ്ഥാനങ്ങൾ ദേശീയബോധത്തിന് പകരം സങ്കുചിതവാദത്തേയും വിഘടനവാദത്തേയും വളർത്തുമെന്ന കാഴ്ചപാടാണ് ദാർകമ്മീഷന് ഉണ്ടായിരുന്നത്. ഇതിനെതിരെ കോൺഗ്രസിനകത്തുതന്നെ പ്രതിഷേധങ്ങളുണർന്നപ്പോഴാണ് പ്രശ്നം പഠിക്കാൻ നെഹ്റുവും പട്ടേലും പട്ടാഭി സീതാരാമയ്യയും അടങ്ങുന്ന ഉന്നതാധികാര കമ്മറ്റിയെ നിയോഗിച്ചത്. ആന്ധ്രയിൽ നടന്നിരുന്ന സംസ്ഥാന രൂപീകരണ പ്രക്ഷോഭത്തിൻെറ വെളിച്ചത്തിൽ ആന്ധ്ര സംസ്ഥാന രൂപീകരണം അംഗീകരിക്കപ്പെടുകയും ഫെഡറൽ ചിന്താഗതിയെ തള്ളിക്കളയുകയും ചെയ്യുന്ന നിലപാടാണ് ഈ കമ്മറ്റിയും കൈകൊണ്ടത്. പിൽകാലത്ത് ഭാഷാദേശീയതകളുടെ പ്രക്ഷോഭ കൊടുങ്കാറ്റിനു മുമ്പിൽ ദേശീയ കോൺഗ്രസും കേന്ദ്രഭരണവും മുട്ടുമടക്കുകയുണ്ടായെങ്കിലു സംസ്ഥാനങ്ങൾ നിലവിൽ വന്നതിനു ശേഷം കേന്ദ്രത്തിൻെറ അധികാരകേന്ദ്രീകൃത പ്രവണത പൂർവാധികം ശക്തമാവുകയാണുണ്ടായത്. 'തിരുവായ്ക്ക് എതിർവായില്ലെന്ന'മട്ടിൽ കേന്ദ്ര നേതൃത്വത്തിൻെറയും ഉത്തരേന്ത്യൻ രാഷ്ട്രീയ മേധാവിത്തത്തിൻെറയും മുന്നിൽ പഞ്ചപുച്ഛമടക്കി നിൽക്കുന്ന സംസ്ഥാനരാഷ്ട്രീയവും ഭരണവും എന്ന സങ്കല്പമാണ് ഫെഡറലിസത്തിൻെറ സാമ്പത്തിക - രാഷ്ട്രീയ സത്തയെ പരമാധികാരത്തിനു കീഴിലുള്ള കീഴാള ഭരണമായി തരംതാഴ്ത്തിയത്. സ്വാതന്ത്ര്യസമരത്തിന് നേതൃത്വം വഹിച്ച ദേശീയനേതാക്കളുടെ പിൻബലത്തിൽ പരമാധികാരം (soveriegnity)ദേശഭക്തിയുടെ പ്രതീകമായി തീരുകയും ചെയ്തു.

സംസ്ഥാനങ്ങൾ കേന്ദ്രത്തിനെതിരെ

കോൺഗ്രസിതര ഭരണങ്ങളുടെ ആവിർഭാവത്തോടെ ദേശീയ ഉദ്ഗ്രഥനത്തിൻെറയും ദേശീയ സുരക്ഷയുടേയും മറപിടിച്ച് പരമാധികാരത്തെ സർവ്വാധിപത്യമാക്കാനുള്ള കേന്ദ്രഭരണത്തിൻെറ അധികാര പ്രമത്തത ചോദ്യം ചെയ്യപ്പെടാൻ തുടങ്ങി. 1967ൽ തമിഴ്നാടിൽ അധികാരത്തിൽ വന്ന ദ്രാവിഡ മുന്നേറ്റകഴകം സർക്കാർ നിയോഗിച്ച രാജമന്നാർ കമ്മീഷൻ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച ഭരണഘടനാതത്വങ്ങളും അവയുടെ പ്രയോഗവും തമ്മിലുള്ള വൈരുദ്ധ്യങ്ങളെ ചൂണ്ടികാണിച്ചുകൊണ്ട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും സംസ്ഥാനങ്ങളുടെ ഭരണഘടനാദത്തമായ അവകാശ സംരക്ഷണം എന്ന വിഷയത്തെ ദേശീയ പ്രാധാന്യമുള്ളതാക്കി തീർക്കുകയും ചെയ്തു. പ്രസിഡൻറിൻെറ പ്രത്യേകാധികാരമായ 356-ാം വകുപ്പ് നടപ്പാക്കുന്നതിനു മുമ്പ് ഗവർണർ പ്രസിഡൻറിന് നൽകുന്ന റിപ്പോർട്ട് നിയമസഭക്ക് റഫർ ചെയ്യാനും നിയമസഭക്ക് അതിന്മേൽ അഭിപ്രായം പ്രകടിപ്പിക്കാനും ഭരണഘടനാപരമായി അവകാശം നൽകാനുമുള്ള രാജമന്നാർ കമ്മീഷൻ നിർദ്ദേശ

ങ്ങൾ പരിമിതമായ രൂപത്തിലാണെങ്കിലും കേന്ദ്രഭരണ മേധാവിത്തത്തിന്റെ ഏകാധിപത്യത്തിനെതിരെ വെല്ലുവിളി ഉയർത്തുകയുണ്ടായി.

ദേശീയ രാഷ്ട്രീയത്തിന്റെ യൂണിറ്ററി സ്വഭാവത്തെ ദുർബലപ്പെടുത്തിയ പ്രാദേശിക രാഷ്ട്രീയത്തിന്റെ വളർച്ചയോടെയാണ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ, ഫെഡറൽ പരിഷ്കാരങ്ങൾ, അധികാര വികേന്ദ്രീകരണം, സംസ്ഥാനങ്ങളുടെ അവകാശങ്ങൾ, അവയെ സംബന്ധിക്കുന്ന ഭരണഘടനാ വകുപ്പുകളുടെ പ്രയോഗക്ഷമത എന്നിവയെകുറിച്ചുള്ള ചർച്ചകൾ സജീവമാകാൻ തുടങ്ങിയത്. കേന്ദ്ര സർക്കാരുകൾ തന്നെ മുൻകയ്യെടുത്തുകൊണ്ട് ഫെഡറൽ പരിഷ്കാരങ്ങളെകുറിച്ച് വിശദപഠനം നടത്താനും സംസ്ഥാനങ്ങളുടേയും രാഷ്ട്രീയ പാർട്ടികളുടേയും അഭിപ്രായം ആരായാനും വിദഗ്ദ്ധ സമിതികളെ നേരിട്ട് നിയമിക്കുകയും ചെയ്തു.

സംസ്ഥാനങ്ങളുടെ ഭാഗത്ത് നിന്നെന്നപോലെ കേന്ദ്രത്തിന്റെ ഭാഗത്തു നിന്നും ഫെഡറൽ പരിഷ്കാരങ്ങളുടെ അനിവാര്യതകളെകുറിച്ചുള്ള ആലോചനകൾ ഉയർന്നുവരാൻ ഇടയാക്കിയ രാഷ്ട്രീയ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടത് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലുണ്ടായ സംഘർഷങ്ങളിലൂടെ മാത്രമല്ല. ഭരണഘടനാബാഹ്യമായ രാഷ്ട്രീയ പ്രശ്നങ്ങളെ താല്കാലികമായി ഉറക്കികെടുത്തുവാൻ ഉപകരിച്ച ഭാഷാ-സംസ്ഥാനങ്ങളുടെ ആവിർഭാവവും സംസ്ഥാന സർക്കാരുകളുടെ ഭരണ പരിപാടികൾ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ മുന്നോട്ടു നയിക്കുന്നതിൽ പരാജയപ്പെട്ടതും ഇതിന് കാരണമായി. ജനങ്ങൾ ഉറക്കമുണർന്ന് കേന്ദ്രത്തിന്റെ ദുർഭരണത്തിനും ദേശീയ രാഷ്ട്രീയത്തോടും കേന്ദ്രത്തിന്റെ പരമാധികാരത്തോടും സംസ്ഥാന രാഷ്ട്രീയവും സർക്കാരുകളും പുലർത്തിവന്ന വിധേയത്വത്തിനുമെതിരെ അണിനിരക്കാൻ തുടങ്ങിയതോടെ ഫെഡറൽ പരിഷ്കാരങ്ങളെ കുറിച്ചുള്ള സജീവമായ ചർച്ചകൾക്കും പഠനങ്ങൾക്കും മുൻകയ്യെടുക്കാൻ കേന്ദ്രസർക്കാരും ദേശീയ രാഷ്ട്രീയവും നിർബന്ധിതരാവുകയാണുണ്ടായത്.

'വിഘടനവാദം'

കോൺഗ്രസ് ഭരണത്തിൻ കീഴിലുള്ള സംസ്ഥാനങ്ങൾ കേന്ദ്രസർക്കാർ ഏജൻറുകളായി തുറന്നു കാണിക്കപ്പെടുകയോ കോൺഗ്രസിതര സംസ്ഥാനസർക്കാരുകൾ കേന്ദ്രത്തിന്റെ അതിഭീകരമായ അവഗണന അനുഭവിച്ചുകൊണ്ട് അധഃസ്ഥിതരാക്കപ്പെടുകയോ ചെയ്ത സംസ്ഥാനങ്ങളിൽ ജനങ്ങളും സംസ്ഥാന സർക്കാരുകളും തമ്മിലുള്ള അകൽച്ച വർദ്ധിച്ചുവന്നു. '70കളിൽ ഉയർന്നുവന്ന ഭാഷാ-ദേശീയതകളുടെ ബഹുജന പ്രക്ഷോഭങ്ങൾ കേന്ദ്ര ചൂഷണത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ പരിണതിയെകുറിച്ച് തിരിച്ചറിവ് നേടിയവരായിരുന്നു. മണ്ണും മനുഷ്യരും മസ്തിഷ്കവും ഭാഷയും സംസ്കാരവുമുള്ള സമൂർത്ത രാഷ്ട്രങ്ങളെ പ്രതിനിധാനം ചെയ്ത ദേശീയ ജനതകൾക്ക് കേന്ദ്രമേധാവിത്വം ആളും അർത്ഥവും അതിരുകളുമില്ലാത്ത സങ്കല്പരാഷ്ട്രത്തിന്റെ ആധിപത്യമായി അനുഭവപ്പെടാൻ തുടങ്ങിയപ്പോൾ അതിനെ വിഘടനവാദമായി ചിത്രീകരിക്കാനുള്ള വ്യഗ്രത ദേശീയ രാഷ്ട്രീയം പ്രകടിപ്പിച്ചു തുടങ്ങി. നെഹ്റു മുതൽ വാജ്പേയിവരെയുള്ളവർ ആശങ്ക പ്രകടിപ്പിക്കുന്ന ഈ 'വിഘടനവാദ' മാണ് ഇന്ത്യൻ ഭരണവ്യവസ്ഥയെ ഫെഡറൽ തത്വങ്ങളോട് ഇണക്കിചേർക്കാൻ നിരന്തരം സമ്മർദ്ദം ചെലുത്തിയത് എന്നതാണ് യാഥാർത്ഥ്യം.

1935ലെ ഗവൺമെൻറ് ഓഫ് ഇന്ത്യാ ആക്ടിനെ സ്വതന്ത്ര ഇന്ത്യയിലും നിയമമാക്കിയ ഭരണവർഗം സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം കൈമാറുന്നതിനെ കുറിച്ച് ഗൗരവപൂർവ്വം ചിന്തിച്ചു തുടങ്ങിയതുതന്നെ മുഖ്യമായും ഈ 'വിഘടനവാദ'ത്തെ നേരിടുന്ന കാര്യത്തിൽ അന്ത്യന്താപേക്ഷിതമായ ഒരു വിട്ടുവീഴ്ചയെന്ന നിലക്ക് മാത്രമാണ്. കാശ്മീരിനെ ഇന്ത്യക്കൊപ്പം നിർത്താൻ പ്രത്യേകമായി എഴുതി ചേർത്ത 370-ാം വകുപ്പ്, രാഷ്ട്രത്തെ സംബന്ധിച്ച് ഇന്ത്യൻ ഭരണവർഗത്തിന്റെ ആശയപരമായ അവ്യക്തതകളെ തുറന്നുകാട്ടി.

ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിൽ ഉന്നയിക്കപ്പെടുന്ന അധികാരത്തിന്റെ വിസ്തൃതിയാണ് രാഷ്ട്രമെന്ന നാടുവാഴി സങ്കല്പത്തിന്റെ അടിത്തറയിലാണ് പാശ്ചാത്യ ജനാധിപത്യ ഭരണ സമ്പ്രദായം ഇന്ത്യയിൽ പടുത്തുയർത്തിയത്. സ്വാതന്ത്ര്യ സമരകാലത്ത് തന്നെ ഭാരത്മാതാ, ധർത്തീമാ തുടങ്ങിയ പ്രതീകവല്കരണങ്ങളിലൂടെ ഭൂമിയെ അമ്മയും ദൈവവും രാഷ്ട്രവുമായി കണക്കാക്കുന്ന രാഷ്ട്രീയം പ്രചരിപ്പിക്കപ്പെടുകയുണ്ടായി. ഓരോ തരി മണ്ണിലുമുള്ളടങ്ങിയ ദേശീയബോധം ഓരോ ജീവനുള്ള മനുഷ്യനിലും ഉറഞ്ഞുകൂടിയ ദേശീയതാബോധത്തേക്കാൾ പ്രാധാന്യമുള്ളതായി തീർന്നു. മൺതരികളെ മനുഷ്യനെതിരെ തിരിച്ചുവിടുന്ന ഹൈന്ദവ നാടുവാഴിത്ത ദേശീയതയെ, ദേശീയതകളുടെ സ്വയംനിർണായവകാശ പ്രക്ഷോഭങ്ങൾക്കെതിരെയുള്ള ആയുധമാക്കാൻ കേന്ദ്രഭരണത്തിന് എളുപ്പം സാധിക്കുകയും ചെയ്തു. സ്വതന്ത്ര ഇന്ത്യയിൽ ഏറ്റവും തീക്ഷ്ണമായ വിധത്തിൽ ഉയർന്നുവന്ന കാശ്മീരിന്റെയും പഞ്ചാബിന്റെയും അസമിന്റെയും സ്വയം നിർണയാവകാശവാദത്തെ ഇന്ത്യൻ ഭരണകൂടം നേരിട്ടത് ഭൂമിശാസ്ത്രപരമായ ദേശീയവാദം ഉപയോഗിച്ചാണ്. യൂണിട്ടറിസത്തിന്റെ അടിത്തറയായി വർത്തിക്കുന്നതും ഈ ദേശീയവാദം തന്നെ. ഫെഡറൽ ജനാധിപത്യ സങ്കല്പങ്ങളെ ചവിട്ടിമെതിച്ചുകൊണ്ട് കടന്നുപോയ 1975ലെ അടിയന്തിരാവസ്ഥയ്ക്ക് ശേഷം ഭാഷാ ദേശീയതകൾക്ക് നഷ്ടമായ മതേതരബോധവും നവജാതമായ മതകീയ ബോധവും ഫെ

BPL
PREPAID CARD
Available at
BAB Builder
P.P. BUILDING, NEAR RAILWAY GATE
EAST NADA, GURUVAYOOR. PHONE: 555727

ഡറൽ ചിന്തകളെ ദേശദ്രോഹമായി ഇകഴ്ത്തികെട്ടുന്നതിൽ ഭരണകൂടത്തിന് സഹായകമാവുകയും ചെയ്തു. ഇങ്ങനെ 'വിഘടനവാദം' ഒരു ഭാഗത്തും അവയെ അടിച്ചമർത്താൻ സംസ്ഥാന സർക്കാരുകളുമായി സഹവർത്തിത്വത്തിലേർപ്പെടേണ്ടതിന്റെ ആവശ്യകത മറുഭാഗത്തും നിലയുറപ്പിച്ചതോടെയാണ് ഫെഡറൽ പരിഷ്കാരങ്ങളെകുറിച്ചുള്ള പര്യാലോചന കേന്ദ്രസർക്കാരിനെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമായി തീർന്നത്. സംസ്ഥാന സർക്കാരുകളുടെ അതൃപ്തിയേയും അവകാശങ്ങളേയും നിശ്ചിത പരിധിക്കുള്ളിൽ അനുവദനീയമാക്കുന്ന ഒരു ഉദാരമനസ്ഥിതി കേന്ദ്രത്തിന് കൈവന്നതും പരമാധികാരം നേരിട്ട ഇത്തരം ഭീഷണികൾ മൂലമാണെന്ന് സാരം.

പരിഷ്കരണ പ്രചരണങ്ങൾ

സർക്കാരിയ കമ്മീഷനെ കേന്ദ്രസംസ്ഥാന ബന്ധങ്ങളെകുറിച്ച് വിശദപഠനങ്ങൾ നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുവാനായി കേന്ദ്രസർക്കാർ നിയോഗിച്ചു. അതനുസരിച്ച് സർക്കാരിയ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അത് നടപ്പിലാക്കാൻ കോൺഗ്രസോ കോൺഗ്രസിതര സർക്കാരുകളോ തയ്യാറായില്ല. എന്നാൽ റിപ്പോർട്ട് നടപ്പിലാകുന്നതോടെ ഫെഡറൽ സമ്പ്രദായത്തിന്റെ അപാകതകൾ ഒട്ടൊക്കെ പരിഹരിക്കപ്പെടുമെന്ന വിശ്വാസത്തെ സുദൃഢമാക്കാൻ സർക്കാർ പ്രകടിപ്പിക്കുന്ന 'ക്രോണിക്‌വിമുഖ'തയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, ഫെഡറലിസത്തെ സംബന്ധിച്ച് ഇതുവരെ നടന്ന ചർച്ചകളുടെ സ്വാഭാവികവും സുരക്ഷിതവുമായ അന്ത്യം സർക്കാരിയ കമ്മീഷൻ നിർദ്ദേശങ്ങളിൽ കടിച്ചുതൂങ്ങുക എന്നതായി തീരുകയും ചെയ്തു. സാരാംശത്തിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച ഭരണഘടനാ നിർദ്ദേശങ്ങളുടെ പ്രവർത്തനക്ഷമതയും ഭരണാധികാരികളുടെ കാര്യക്ഷമതയും ഉറപ്പുവരുത്താൻ നിയമബദ്ധമല്ലാത്ത പൊതുധാരണയുടെ അടിസ്ഥാനത്തിൽ കേന്ദ്ര-സംസ്ഥാന ബന്ധം ഊട്ടി ഉറപ്പിക്കുന്നതിലൂടെ കേന്ദ്രത്തിന്റെ അധികാര കേന്ദ്രീകരണ പ്രവണതയുടെയും സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകുമെന്ന ചിന്താഗതി ചിരപ്രതിഷ്ഠമായി.

കമ്മീഷനുകളുടെ കാഴ്ചപ്പാട്

ഭരണഘടനാപരമായ ഒരു സ്ഥിരം സങ്കല്പമെന്ന നിലയ്ക്കല്ലാതെ പ്രവർത്തനക്ഷമമായ സഹവർത്തിത്വത്തിന്റെ ഭരണസംവിധാനമെന്ന രൂപത്തിൽ ഫെഡറലിസത്തെ വീക്ഷിക്കുന്ന രാഷ്ട്രീയ ചിന്താഗതിയുടെ അനിവാര്യതയിലൂന്നികൊണ്ടാണ് സർക്കാരിയ കമ്മീഷൻ നിർദ്ദേശങ്ങൾ നിലവിൽ വന്നത്. ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ തത്വങ്ങൾ കുറ്റമറ്റതാണെന്ന മുൻവിധികളെ അരക്കിട്ടുറപ്പിക്കുക എന്ന ദൗത്യം നിർവഹിക്കാൻ അവയ്ക്ക് കഴിഞ്ഞു. ഭരണഘടനാ തത്വങ്ങളുടെ പ്രയോഗത്തിലെ കാര്യക്ഷമത ഇല്ലായ്മയും കക്ഷിരാഷ്ട്രീയത്തിലധിഷ്ഠിതമായ പക്ഷപാതിത്വവുമാണ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ വഷളാക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നത് എന്നുള്ള ധാരണ ഭൂവിഭാഗത്തിനുള്ളിൽ അതോടെ അടിച്ചേല്പിക്കപ്പെടുകയും ചെയ്തു. ദേശീയ സ്വാതന്ത്ര്യം, പരമാധികാരം എന്നീ പാശ്ചാത്യ രാഷ്ട്രീയ സങ്കേതങ്ങൾക്ക് ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന രൂപാന്തരങ്ങളെയും പരിണാമങ്ങളെയും അന്തഃസത്തയിൽ ഉൾകൊണ്ടുകൊണ്ട് ഇന്ത്യയുടെ ബഹുദേശീയ സാമൂഹ്യ-രാഷ്ട്രീയ യാഥാർത്ഥ്യത്തെ പൊതുവേദിയിൽ ഐക്യദാർഢ്യപ്പെടുത്താൻ ഉതകുന്ന പരിപ്രേക്ഷ്യമായി അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുക എന്ന ഉദ്ദേശ്യം പോലും ഈ കമ്മീഷൻ പ്രകടിപ്പിക്കുകയുണ്ടായില്ല. ഫെഡറലിസത്തെകുറിച്ചുള്ള സംവാദങ്ങളെ ഭരണഘടനയ്ക്കുള്ളിലേക്ക് ന്യൂനീകരിക്കുകയും ഇന്ത്യൻ രാഷ്ട്രീയത്തിന്റെ സാമൂഹ്യപശ്ചാത്തലത്തെ അമ്പതുവർഷം മുമ്പുണ്ടായിരുന്ന സാമൂഹ്യ ഘടകങ്ങളെ അവലംബിച്ച് സ്ഥിതി ചെയ്യുന്ന യാഥാർത്ഥ്യങ്ങളുടെ പരിമാണപരമായ വളർച്ച മാത്രമാണെന്ന് കരുതുകയും ചെയ്യുന്ന ഭാവനാശൂന്യമായ സമീപനങ്ങൾ കാരണം ഭരണഘടനയും ഭരണാധികാരവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ പരിഹരിക്കുന്നതിൽ ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. ഫെഡറൽ ഭരണസമ്പ്രദായത്തിന്റെ ആദ്യവർഷങ്ങളിൽ താരതമ്യേന നിർജീവമായിരുന്ന യൂണിട്ടറിസത്തെ പ്രയോഗക്ഷമമാക്കാനും കേന്ദ്രഭരണത്തിന്റെ അധികാര പ്രമത്തതയെ നിയമബദ്ധമാക്കാനുമാണ് ഈ കമ്മീഷനുകൾ ഉപകരിച്ചത്.

ഇതുവരെയുള്ള ഫെഡറൽ ചർച്ചകളുടെ ചരിത്രത്തെയും ഉള്ളടക്കത്തെയും ഇപ്രകാരം സംഗ്രഹിക്കാം.

ദേശീയരാഷ്ട്രീയത്തിന്റെ യൂണിട്ടറി സ്വഭാവത്തെ ദുർബലപ്പെടുത്തുന്നവിധത്തിൽ പ്രാദേശിക രാഷ്ട്രീയം ശക്തിയാർജ്ജിക്കാൻ തുടങ്ങിയതോടെയാണ് ഫെഡറൽ ബന്ധങ്ങളിലെ അപാകതകളെ തത്വത്തിൽ അംഗീകരിക്കാൻ കേന്ദ്രം തയ്യാറായത്.

ദേശീയതകളുടെ സ്വയംനിർണയാവകാശപ്രശ്നം പരമാധികാരത്തിന് ഭീഷണിയായി കാണുന്ന കേന്ദ്രഭരണത്തിന്റെ പ്രവർത്തനപരമായ ദൗർബല്യങ്ങൾ (Functional debility) പരിഹരിക്കുന്നതിനെ സംബന്ധിച്ച പ്രശ്നങ്ങളാണ് സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം കൈമാറുന്നതിനെകുറിച്ചുള്ള ചർച്ചകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നത്.

ഭരണഘടനാ ബാഹ്യമായ രാഷ്ട്രീയ പ്രശ്നങ്ങളെ ക്രമസമാധാന പ്രശ്നമായി അടിച്ചമർത്തുക എന്ന കേന്ദ്രനയത്തെ സംസ്ഥാനങ്ങളെകൊണ്ട് അംഗീകരിപ്പിക്കാൻ ഈ ചർച്ചകൾക്ക് സാധിച്ചു.

ഫെഡറൽ പരിഷ്കാരങ്ങളുടെ പേരിൽ യൂണിട്ടറി സ്വഭാവത്തെ കൂടുതൽ പ്രയോഗക്ഷമമായ വിധത്തിൽ പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ ശക്തിയാർജ്ജിച്ചു.

II

മിലിറ്ററിസവും ജനാധിപത്യവും

ആധുനിക പാശ്ചാത്യ രാഷ്ട്രമീമാംസയുടെ പുനരുല്പന്നമായ ഫെഡറൽ

ഫെഡറലിസത്തെ കുറിച്ചുള്ള സംവാദങ്ങളെ ഭരണഘടനയ്ക്കുള്ളിലേക്ക് ന്യൂനീകരിക്കുകയും ഇന്ത്യൻ രാഷ്ട്രീയത്തിൻെറ സാമൂഹ്യപശ്ചാത്തലത്തെ അമ്പതുവർഷം മുമ്പുണ്ടായിരുന്ന സാമൂഹ്യ ഘടകങ്ങളെ അവലംബിച്ച് സ്ഥിതി ചെയ്യുന്ന യാഥാർത്ഥ്യങ്ങളുടെ പരിമാണപരമായ വളർച്ച മാത്രമാണെന്ന് കരുതുകയും ചെയ്യുന്ന ഭാവനാശൂന്യമായ സമീപനങ്ങൾ കാരണം ഭരണഘടനയും ഭരണാധികാരവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ പരിഹരിക്കുന്നതിൽ ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. ഫെഡറൽ ഭരണസമ്പ്രദായത്തിൻെറ ആദ്യവർഷങ്ങളിൽ താരതമ്യേന നിർജീവമായിരുന്ന യൂണിട്ടറിസത്തെ പ്രയോഗക്ഷമമാക്കാനും കേന്ദ്രഭരണത്തിൻെറ അധികാര പ്രമത്തതയെ നിയമബദ്ധമാക്കാനുമാണ് ഈ കമ്മീഷനുകൾ ഉപകരിച്ചത്.

സങ്കല്പവുമായി പൂർണമായും ഒത്തിണങ്ങാത്തതാണ് ഇന്ത്യൻ ഫെഡറലിസത്തിൻെറ അടിസ്ഥാന സ്വഭാവമായ ',യൂണിട്ടറിസം'. രൂപത്തിൽ ഫെഡറലിസത്തെ ഉൾകൊള്ളുകയും സത്തയെ നിഷേധിക്കുകയും ചെയ്യുന്ന ഇന്ത്യൻ ഭരണസമ്പ്രദായത്തെ അർദ്ധ ഫെഡറൽ എന്ന് വിശേഷിപ്പിക്കുന്നത് ഈ അർത്ഥത്തിലാണ്.

ഈ പ്രതിഭാസം ഇന്ത്യയുടെ മാത്രം സവിശേഷതയല്ല. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം സ്വാതന്ത്ര്യം പ്രാപിച്ച കോളനി രാജ്യങ്ങളിലെല്ലാം ഈ അവസ്ഥ തന്നെയാണ് നിലനിൽക്കുന്നത്. ദേശീയ സർക്കാരുകളുടെ കീഴിൽ പാശ്ചാത്യ ഭരണ സമ്പ്രദായം നടപ്പിൽ വരുത്തിയ ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ നേരിടുന്ന പ്രതിസന്ധി സാർവദേശീയ മുതലാളിത്ത ഭരണ വ്യവസ്ഥയിൽ ഉരുത്തിരിഞ്ഞ ഭരണപ്രതിസന്ധിയുടെ ദേശീയ രൂപമാണെന്ന് യുദ്ധാനന്തര മുതലാളിത്ത ഭരണകൂടങ്ങളുടെ ചരിത്രം പരിശോധിച്ചാൽ മനസിലാക്കാവുന്നതാണ്.

യുദ്ധത്തിന് ശേഷമുള്ള അമേരിക്കയുടെ ഭരണചരിത്രം പരിശോധിക്കുമ്പോൾ അന്നുവരെയുണ്ടായിരുന്ന ഫെഡറൽ സങ്കല്പങ്ങൾക്ക് കാര്യമാത്ര പ്രസക്തമായ പരിക്ക് പറ്റിയിട്ടുള്ളതായി കാണാം. സാമ്പത്തികമായും രാഷ്ട്രീയമായും സൈനികമായും അമേരിക്ക മുതലാളിത്ത ലോക മേധാവിത്വത്തിലേക്കുയർന്നു. മൂലധനസമ്പത്തും വ്യാവസായിക വിജ്ഞാനവും അമേരിക്കയുടെ ആസ്തിശേഷി വർദ്ധിപ്പിച്ചു. ആഗോളതലത്തിൽ സൈനിക സഖ്യങ്ങളും സാമ്പത്തികസഖ്യങ്ങളും കെട്ടിപടുക്കുകയും മൂന്നാംലോകത്തേക്ക് മൂലധന കയറ്റുമതിയിലേർപ്പെടുകയും ചെയ്ത അമേരിക്കൻ ഭരണകൂടം അന്താരാഷ്ട്ര സുരക്ഷയുടെയും അതിനനുബന്ധമായി ആഭ്യന്തര സുരക്ഷയുടെയും ഒരു പുതിയ രാഷ്ട്രീയത്തിനുള്ളിൽ വ്യവസ്ഥാപിതമാക്കപ്പെട്ടു. 1948ൽ നാഷണൽ സെക്യൂരിറ്റി കൗൺസിൽ സ്ഥാപിച്ചുകൊണ്ട് ആഭ്യന്തര സുരക്ഷിതത്വം സമ്പൂർണമായും സൈനികവല്കരിക്കപ്പെട്ടു. ആഗോള സുരക്ഷിതത്വം കയറ്റുമതി ചെയ്യുന്ന സൈനികരാഷ്ട്രീയത്തിനും സമ്പദ്‌വ്യവസ്ഥക്കും ആഭ്യന്തര ജനാധിപത്യ സംവിധാനത്തെ തകർക്കാനായില്ലെങ്കിലും ഭീതിയുടെയും അന്യ രാഷ്ട്രങ്ങളോടുള്ള സംശയദൃഷ്ടിയുടെയും രാഷ്ട്രങ്ങൾക്കിടയിലെ കിടമത്സരത്തിൻെറയും രാഷ്ട്രീയാടിത്തറ കെട്ടിപടുക്കുവാനും അതിൻെറമുകളിൽ ജനാധിപത്യത്തെ പുനഃപ്രതിഷ്ഠിക്കാനും സാധിച്ചു. വിജയിക്കാൻ കഴിഞ്ഞു. ആഭ്യന്തര ജനാധിപത്യത്തെ താല്കാലികമായെങ്കിലും അപകടപ്പെടുത്താൻ സൈനികരാഷ്ട്രീയത്തിന് സാധ്യമായി. മൂന്നാംലോകത്തേക്ക് സന്നിവേശിപ്പിച്ച സൈനികരാഷ്ട്രീയ സിദ്ധാന്തം ആഭ്യന്തര സുരക്ഷിതത്വവും അയൽരാഷ്ട്ര സ്പർദ്ധയും രാഷ്ട്രങ്ങൾക്കിടയിലെ ശത്രുതയും എന്ന സിദ്ധാന്തത്തെ ശാശ്വതമാക്കുന്നതിൽ പരിപൂർണമായും വിജയം വരിച്ചു.

സ്വതന്ത്ര ഇന്ത്യയിൽ അമേരിക്കൻ മൂലധനത്തിൻെറ കടന്നുകയറ്റത്തോടെയാണ് ആഭ്യന്തര സുരക്ഷിതത്വത്തിൻെറയും അയൽരാജ്യങ്ങളോടുള്ള ശത്രുതയുടെയും അടിസ്ഥാനത്തിൽ ദേശസ്നേഹത്തെയും ദേശീയരാഷ്ട്രീയത്തെയും നിർവചിക്കാൻ തുടങ്ങിയത്. '62ലെ ഇന്ത്യാ-ചൈന യുദ്ധം, '65ലെ ഇന്ത്യാ-പാകിസ്ഥാൻ യുദ്ധം എന്നീ സംഭവങ്ങൾ ആഭ്യന്തര സുരക്ഷിതത്വത്തെ ദേശീയ അജണ്ടയിൽ പ്രഥമസ്ഥാനീയമാക്കി തീർത്തു.

സൈനികവല്കരണത്തിന് ആനുപാതികമായി ജനാധിപത്യത്തിൻെറ മൗലിക ധർമ്മങ്ങളോട് വിട്ടുവീഴ്ച ചെയ്യേണ്ടത് രാജ്യസ്നേഹത്തെ സംബന്ധിച്ചേടത്തോളം ഒഴിച്ചുകൂടാനാവാത്തതാണെന്ന വിശ്വാസവും ജനങ്ങളിൽ അടിച്ചേല്പിക്കുകയുണ്ടായി. കമ്യൂണിസ്റ്റുകാരെ ചൈനീസ് ചാരൻമാരെന്നും മുസ്ലീങ്ങളെ പാകിസ്ഥാൻ ചാരൻമാരെന്നും ഒക്കെയുള്ള ആരോപണങ്ങൾ കേന്ദ്ര സർക്കാരുകൾ ഉയർത്തികൊണ്ടുവന്നതും ഇത്തരം വികലവീക്ഷണങ്ങളെ ആധാരമാക്കിയാണ്.

ഇങ്ങനെ ലോക ജനാധിപത്യക്രമത്തിൻെറതന്നെ പരിണാമങ്ങൾക്കും ലോക സമ്പദ്‌വ്യവസ്ഥയുടെ താല്പര്യങ്ങൾക്കും അനുയോജ്യമായ ഒരു ജനാധിപത്യക്രമം ഇന്ത്യയിലും ആവിർഭവിച്ചുവെന്നത് തികച്ചും സ്വാഭാവികമായിരുന്നു. ഇന്ത്യൻ സമൂഹത്തിനും രാഷ്ട്രീയത്തിനും സവിശേഷമായിരുന്ന ജാതി-മത ഘടകങ്ങളെല്ലാം തന്നെ ഭരണകൂടത്തിൻെറ താല്പര്യങ്ങൾക്കനുസൃതമായി പരിണാമത്തിന് വിധേയമാവുകയും ചെയ്തു. ആഗോള രാഷ്ട്രീയ താല്പര്യങ്ങൾ, ദേശീയ ഭരണവർഗങ്ങളുടെ താല്പര്യങ്ങൾ, വളരുന്ന ദേശീയ മുതലാളിത്തത്തിൻെറ താല്പര്യങ്ങൾ എന്നിവയുടെ സംയോജനമാണ് ഇന്ത്യൻ ഭരണഘടനയുടെ അന്തഃസത്തയിൽ സുഘടിതമായി തീർന്നത്. ഭരണസമ്പ്രദായത്തിൻെറ യൂണിട്ടറി സ്വഭാവം ഇതിൻെറ പ്രകടിതരൂപമായിരുന്നു.

ഇതിൽ നിന്ന് വ്യത്യസ്തമായി ജനാധിപത്യത്തിൻെറ സ്വാഭാവിക വളർച്ചയുടെ നാമമാത്രമായെങ്കിലും അതിശക്തമായ പ്രകടനങ്ങൾ ഭൗതികരൂപം കൈകൊണ്ടത് ഭാഷാദേശീയതകളുടെ സ്വാതന്ത്ര്യബോധത്തിൻെറ വികാസത്തിലൂടെയാണ്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ സാമ്രാജ്യത്വവിധേയത്വവും അതിനോടുള്ള ദേശീയശക്തികളുടെ ചെറുത്തുനില്പും എന്ന് ഈ പ്രതിഭാസത്തെ വിശേഷിപ്പിക്കാം. കേന്ദ്രസർക്കാർ അമേരിക്കൻ സാമ്രാജ്യത്വത്തോടും സോവിയറ്റ് സോഷ്യൽ സാമ്രാജ്യത്വത്തോടും വച്ചുപുലർത്തിയ വിധേയത്വത്തിൻെറ ഏറ്റകുറച്ചിലുകൾക്ക് അനുസൃതമായി ജനാധിപത്യ പ്രക്ഷോഭങ്ങളോടുള്ള കേന്ദ്രസർക്കാർ നിലപാടുകളിൽ രൂപപരമായ മാറ്റങ്ങൾ സംഭവിച്ചിരുന്നുവെന്നല്ലാതെ ഉള്ളടക്കത്തിൽ ജനാധിപത്യത്തെ ഉൾകൊള്ളാനുള്ള ഭൗതിക സാഹചര്യം ഭരണവർഗങ്ങളെ സംബന്ധിച്ചിടത്തോളം സംജാതമായിരുന്നില്ല.

ആഗോളവല്കരണത്തോടെ ലോക സാമ്പത്തിക ക്രമത്തിന് സംഭവിച്ച വിപ്ലവകരമായ പരിണാമങ്ങളും ഇന്ത്യൻ ഭരണ

വർഗത്തിൻെറ ജനാധിപത്യ വിരുദ്ധതയുടെ സാമ്പത്തിക അടിത്തറ തകർത്തുകൊണ്ടിരിക്കുകയാണ്. പുതിയ ലോകക്രമം സൈനികസമ്പദ്വ്യവസ്ഥയും രാഷ്ട്രീയവും മുതലാളിത്തസമ്പദ്വ്യവസ്ഥയും രാഷ്ട്രീയവും തമ്മിലുള്ള വൈരുദ്ധ്യങ്ങളുടെ വളർച്ചയിലൂടെയാണ് നിലവിൽ വന്നത്. ഇതിൻെറ പ്രതിഫലനങ്ങൾ മുതലാളിത്ത ഭരണസമ്പ്രദായങ്ങളിലെല്ലാം തന്നെ പ്രകടമാണ്. സാമ്പത്തിക താല്പര്യവും സൈനികതാല്പര്യങ്ങളും തമ്മിലുള്ള വൈജാത്യങ്ങൾ യൂറോപ്യൻ യൂണിയൻ (EEC) പോലെ സാമ്പത്തികശക്തികളുടെ കേന്ദ്രീകൃതവും രാഷ്ട്രീയമായി വികേന്ദ്രീകൃതവുമായ ഭരണസംവിധാനത്തിൽ പ്രകടമാണ്. രണ്ടാംലോകമഹായുദ്ധത്തിനു ശേഷം തകരാൻ തുടങ്ങിയ ഫെഡറൽ ബന്ധങ്ങൾ ദേശീയ കമ്പോളങ്ങളുടെ ആഗോളസഹവർത്തിത്വം പൂർവാധികം ബലപ്പെടുകയും ക്രമബദ്ധമാവുകയും ചെയ്തു. സാമ്പത്തിക ദേശീയതകളുടെ ഐക്യദാർഢ്യമെന്ന സിദ്ധാന്തം ഫെഡറലിസത്തിൻെറ പുതിയ മാതൃകയായി പാശ്ചാത്യരാജ്യങ്ങളിൽ വളർന്നുകൊണ്ടിരിക്കുകയുമാണ്. ആഗോളവല്കരണത്തിലൂടെ ആഭ്യന്തര കമ്പോളങ്ങൾ ശക്തമാകുകയും സംസ്ഥാനങ്ങളുടെ പരസ്പരബന്ധവും ആശയവിനിമയവും കൊള്ളകൊടുക്കലുകളും കേന്ദ്രനിയന്ത്രണത്തിൻെറ കടുംപിടുത്തത്തിൽ നിന്ന് മോചിപ്പിക്കപ്പെടുമ്പോൾ രാഷ്ട്രത്തിൻെറ പരമാധികാരം സഹവർത്തിത്വത്തിൻെറ വിശാലസഖ്യം മാറിമാറുന്ന ഫെഡറലിസത്തിൻെറ പരിഷ്കൃതരൂപമായി പാശ്ചാത്യരാജ്യങ്ങളിൽ ഇന്ന് നിലനിൽക്കുന്നത് ഇത്തരം ഭരണസമ്പ്രദായങ്ങളാണ്.

മിലിട്ടറിസവും ക്യാപിറ്റലിസവും തമ്മിലുള്ള സംഘർഷത്തിൻെറ ഉള്ളടക്കമാണ് പുതിയ ചരിത്രത്തിനുള്ളത്. അതിൻെറ പ്രതിഫലനങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിലും പ്രകടിതരൂപം പ്രാപിച്ചിരിക്കുന്നു എന്നുള്ളതാണ് പുതിയ കാലഘട്ടത്തിൻെറ ചരിത്രപരമായ സവിശേഷത. എന്നാൽ ജാതീയതയുടേയും മതകീയതയുടേയും സ്വതന്ത്രസ്ഥാപനങ്ങളായി വളർച്ച പ്രാപിച്ച രാഷ്ട്രീയപാർട്ടികളുടെ പഴഞ്ചൻ വീക്ഷണങ്ങൾ സൈനികരാഷ്ട്രീയത്തിൻെറയും സാമ്രാജ്യത്വത്തിൻെറയും കാവൽപ്പടയാകുന്നതിന് നാം സാക്ഷ്യം വഹിക്കുന്നു. പുതിയ യാഥാർത്ഥ്യങ്ങളോട് നിരന്തരം കലഹിച്ചുകൊണ്ട് ഇന്ത്യൻ ദേശീയരാഷ്ട്രീയത്തിൽ ഉയർന്ന് നിൽക്കുന്ന ഇത്തരം വീക്ഷണങ്ങൾ ഫെഡറലിസത്തിൻെറ വളർച്ചയ്ക്ക് വിലങ്ങുതടിയായി തീരുകയും ചെയ്യുന്നു. ദേശീയതകൾക്ക് പകരം നട്ടുവളർത്തിയ ജാതീയ-മതകീയ സ്വത്വത്തെ ഭരണസമ്പ്രദായവുമായി സമരസപ്പെടുത്തുന്നതെങ്ങനെ എന്ന പ്രശ്നം ഫെഡറലിസത്തിൻെറ വളർച്ചയിലൂടെ ഉയിർത്തെഴുന്നേല്ക്കാനുള്ള സാധ്യതകൾ തെളിഞ്ഞുവന്നിട്ടുണ്ട്.

III

സംസ്ഥാനങ്ങൾ സംരക്ഷണവാദത്തിനെതിരെ

11-ാം ധനകാര്യ കമ്മീഷൻ ശുപാർശകളെ വിമർശിച്ചുകൊണ്ട് ആന്ധ്ര മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവും ശുപാർശകളിൽ അതൃപ്തരായ മറ്റ് ഏഴ് സംസ്ഥാനങ്ങളും രാജ്യം നേരിടുന്ന പുതിയ പ്രശ്നങ്ങളുടെയും സാമ്പത്തികസ്വഭാവത്തെ ദേശീയ രാഷ്ട്രീയത്തിൻെറ മുഖ്യധാരയിൽ എത്തിച്ചിരിക്കുന്നു. ധനവിഭവ വിതരണത്തിൽ 11-ാം ധനകാര്യ കമ്മീഷൻ (EFC) സ്വീകരിച്ച മാനദണ്ഡങ്ങളെ ചോദ്യം ചെയ്തുകൊണ്ടാണ് കേരളമടക്കമുള്ള എട്ട് സംസ്ഥാനങ്ങളുടെ കൂട്ടായ്മ രൂപം കൊണ്ടിട്ടുള്ളത്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഈ എട്ടുസംസ്ഥാനങ്ങളും കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി കേന്ദ്രവിരുദ്ധ സമരത്തിന് തുനിഞ്ഞവരാണ്. ആന്ധ്ര, അസം, പഞ്ചാബ്, തമിഴ്നാട്, മണിപ്പൂർ, ഹരിയാന, കേരളം,മഹാരാഷ്ട്ര എന്നിവയാണ് ഈ സംസ്ഥാനങ്ങൾ. വിഹിതം കുറഞ്ഞുപോയി എന്നതിനേക്കാൾ ഇ.എഫ്.സി ഉപയോഗിച്ച മാനദണ്ഡങ്ങളുടെ പ്രയോജനാത്മകതയും പ്രസക്തിയും ദേശീയസംവാദമാക്കി തീർക്കാനാണ് ഈ സംസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്ന ചന്ദ്രബാബു നായിഡുവിൻെറ ശ്രമം. കേന്ദ്രം ഭരിക്കുന്ന എൻ.ഡി.എയിലെ പ്രമുഖ കക്ഷിയുടെ സമുന്നത നേതാവെന്ന നിലയിൽ സപ്ലിമെൻററി റിപ്പോർട്ടിലോ ഗ്രാൻറ്വകയിലോ കേന്ദ്രസർക്കാരിൻെറ ഫണ്ടും പ്രത്യേക പരിഗണനയും നേടിയെടുക്കാൻ കെല്പുള്ള വ്യക്തിയാണ് ചന്ദ്രബാബു നായിഡു. പക്ഷേ, ദില്ലിയിൽ വട്ടം കറങ്ങിയും രഹസ്യസംഭാഷണങ്ങൾ നടത്തിയും കാര്യം സാധിക്കാനുള്ള പുറപ്പാടിലല്ല നായിഡു. പരസ്യപ്രസ്താവനകൾ നടത്തിയും ബദൽ നിർദ്ദേശങ്ങളിലൂടെയും കേന്ദ്ര ആസൂത്രണ കമ്മീഷനും ധനകാര്യകമ്മീഷനും കൈക്കൊണ്ടുവരുന്ന വികസനവീക്ഷണത്തെ തുറന്ന് വിമർശിച്ചുകൊണ്ട് വിഷയത്തെ വിപുലമായ ചർച്ചകൾക്കു വേണ്ടി സുതാര്യമാക്കുക എന്ന രാഷ്ട്രീയ പരിപാടിയാണ് ചന്ദ്രബാബു നായിഡുവും കൂട്ടരും സ്വീകരിച്ചിട്ടുള്ളത്.

ആളോഹരി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ മുന്നോക്കമെന്നും പിന്നോക്കമെന്നുമായി തരംതിരിക്കുകയും പിന്നോക്ക സംസ്ഥാനങ്ങൾക്ക് പ്രത്യേകപരിഗണനകൾ നൽകുകയും ചെയ്യുന്ന സംരക്ഷണവാദത്തിൻെറ (Protectionism) നേർക്കാണ് നായിഡുവും കൂട്ടരും വിമർശനശരങ്ങൾ ഉതിർക്കുന്നത്. സംസ്ഥാനങ്ങളുടെ അവികസിതാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കാനുള്ള അന്തിമനടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതിന് പകരം പ്ലാനിങ്കമ്മീഷനും ധനകാര്യ കമ്മീഷനും സംരക്ഷിത സംസ്ഥാനങ്ങളെ നിലനിർത്തികൊണ്ട് ദാരിദ്ര്യത്തെ ശാശ്വതീകരിക്കുകയാണെന്ന് നായിഡു ആരോപിക്കുന്നു. കാര്യക്ഷമതയും സൽഭരണവും കാഴ്ചവക്കുന്ന സർക്കാരുകൾക്ക് പ്രത്യേക പരിഗണന ലഭിക്കത്തക്കവിധത്തിൽ പ്രത്യേക ധനവിഹിത സ്കീമിന് രൂപം നൽകേണ്ടതുണ്ടെന്നും ഈ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. നായിഡുവും കൂട്ടരും ഉയർത്തിയ ചോദ്യങ്ങൾ കഴിഞ്ഞ അമ്പതുകൊല്ലക്കാലം ഈ രാജ്യത്ത് നടമാടിയ രാഷ്ട്രീയ-ഭരണ സംസ്കാരത്തിൽ നിന്നും വ്യത്യസ്തമായ ഒരു പൊതുകാഴ്ചപ്പാടിനെ പ്രതിനിധാനം ചെയ്യുന്നുണ്ട്. പിന്നോക്ക സംസ്ഥാനങ്ങളുടെ പട്ടികയിലുള്ള ബംഗാൾ, ബീഹാർ, യു.പി തുടങ്ങിയവയുടെ ദരിദ്രാവസ്ഥയുടെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രവും ഇൻറർസ്റ്റേറ്റ് കൗൺസിൽ കൂടിയാലോചിച്ച് തീരുമാനിക്കുന്ന കാലപരിധിക്കുള്ളിൽ ദാരിദ്ര്യനിർമ്മാർജ്ജനം നടത്താൻ കഴിയാത്ത സർക്കാരുകളെ നിയമനടപടിക്ക് വിധേയമാക്കണമെന്ന ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്. ഭൗതിക സമ്പന്നമായ ബംഗാളിലും ധാതുസമ്പന്നമായ ബീഹാറിലും രാജ്യത്തിനേറ്റവുമധികം പ്രധാനമന്ത്രിമാരെ സംഭാവന ചെയ്ത യു.പിയിലും ദാരിദ്ര്യം വെറ്റു പോവാത്തതെന്തുകൊണ്ടെന്നതിന് കാരണം ചോദിക്കണമെന്ന് ധനകാര്യ കമ്മീഷനോടാവശ്യപ്പെടുന്ന മുന്നോക്ക സംസ്ഥാനങ്ങൾ ധനവിഭവ ഏജൻസികളു

ടെ അനിയന്ത്രിതമായ അധികാരങ്ങൾ അംഗീകരിച്ചുകൊടുക്കാൻ അധികകാലം തയ്യാറാവില്ലെന്നതും തീർച്ചയാണ്.

സംരക്ഷിത സമ്പദ്‌വ്യവസ്ഥയുടെ (Protective economy) നേർക്കുള്ള ഒളിയമ്പുകൾ കേന്ദ്രീകൃത ആസൂത്രണത്തോട് വിയോജിക്കുന്ന നവവികസിത സമ്പദ്‌വ്യവസ്ഥകളുടെ സാമ്പത്തിക ദേശീയവാദ രാഷ്ട്രീയ സങ്കല്പങ്ങളിൽ നിന്നുയരുന്നവയാണ് സംരക്ഷിതവും കാര്യക്ഷമതയുള്ളവും തമ്മിലുള്ള വൈരുദ്ധ്യം ലാലുപ്രസാദ് യാദവും മധ്യപ്രദേശ് മുഖ്യമന്ത്രി ദിഗ്‌വിജയ് സിങ്ങും ചന്ദ്രബാബു നായിഡുവും നടത്തിയ പ്രസ്താവനകളിൽ നിഴലിച്ചു കാണുകയും ചെയ്തു. ധനകാര്യ കമ്മീഷൻശുപാർശകളെ സ്വാഗതം ചെയ്യുന്ന ലാലുപ്രസാദ്‌യാദവും ബീഹാറിന്റെ അധഃസ്ഥിതാവസ്ഥക്ക് കാരണം മുൻകാലങ്ങളിൽ ധനകാര്യ ഏജൻസികൾ ബീഹാറിനോട് കാണിച്ച അവഗണനകളാണെന്ന ആരോപണവും ഉന്നയിക്കുകയുണ്ടായി. ധനകാര്യ ഏജൻസികളുടെ അമിത കാര്യക്ഷമതയില്ലായ്മയുടെ നേർക്കാണ് നായിഡുവിന്റെ അമർഷം ആളിക്കത്തുന്നത്.

വരാനിരിക്കുന്ന പ്രതിസന്ധികളുടെ ഒരേകദേശ രൂപം ഇതിൽ നിന്നൂഹിക്കാവുന്നതാണ്. ഒന്നാമതായി, ധനവിഭവസമാഹരണത്തിന്റെയും വിനിയോഗത്തിന്റെയും കാര്യത്തിൽ മുന്നോക്ക സംസ്ഥാനങ്ങളും പിന്നോക്കസംസ്ഥാനങ്ങളും കേന്ദ്രസർക്കാരുകളും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ രൂക്ഷമാകാനിടയുണ്ട്. സംസ്ഥാനങ്ങളുടെ വാർഷികച്ചെലവുകൾ നിർവഹിക്കാൻ നികുതി വിഹിതങ്ങളുടെയും ഗ്രാന്റ്കളുടെയും രൂപത്തിൽ നൽകുന്ന സഹായങ്ങളുടെ പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിൽ കേന്ദ്രഭരണത്തിനും ധനകാര്യ ഏജൻസികൾക്കുമുള്ള മേൽക്കോയ്മയും ഏകപക്ഷീയസ്വഭാവവും ചോദ്യംചെയ്യപ്പെടുന്നതോടെ, ഭരണഘടനയുടെ വിഭാവനയിലുള്ള കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ അലകും പിടിയുമിളക്കാനുള്ള സാധ്യതകളേറെയാണ്. അതായത്, സംസ്ഥാനങ്ങളുടെ വിഹിതങ്ങളെ കടത്തിന്റെയും ഗ്രാന്റ്കളുടെയും രൂപത്തിലുള്ള ധനവിതരണത്തിൽ കൂട്ടിക്കുഴച്ചുകൊണ്ട് 293-ാം വകുപ്പിന്റെയും 282-ാം വകുപ്പിന്റെയും ഭരണഘടനാദത്തമായ അന്തഃസത്തയെ മറികടക്കുന്ന ദുരാചാരം പുനഃപരിശോധിക്കാൻ കേന്ദ്രത്തെ നിർബന്ധിക്കുന്ന സാമ്പത്തിക സാഹചര്യങ്ങൾ സംജാതമായിട്ടുണ്ട്. നിയമബദ്ധമായ കേന്ദ്ര ട്രാൻസ്ഫറുകളുടെ 60 ശതമാനവും കടമായും ഗ്രാന്റിനത്തിലുമാണ് സംസ്ഥാനങ്ങളിലേക്കെത്തുന്നത്. അതിൽ തന്നെ, കടബാധ്യതകൾ കൂടിക്കൊണ്ടിരിക്കുകയും മറ്റു വിഹിതങ്ങൾ ഒന്നാംപഞ്ചവത്സര പദ്ധതി മുതല്ക്കുതന്നെ ക്രമാനുഗതമായി കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. കാര്യക്ഷമതാവാദികളായ സംസ്ഥാനങ്ങൾ കേന്ദ്രത്തിന്റെ കടംകൊടുക്കലിലൂന്നിയ ധനസഹായത്തിലുള്ളടങ്ങിയ (debt oriented financing) രാഷ്ട്രീയത്തെ ധിക്കരിക്കുന്നുവെന്നാണ് പതിനൊന്നാം ധനകാര്യകമ്മീഷൻ ശുപാർശകൾക്കെതിരെ ഉയർന്നുവന്ന വിമർശനങ്ങൾ സൂചിപ്പിക്കുന്നത്.

രണ്ടാമതായി, കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളുടെ പ്രത്യയശാസ്ത്രപരമായ അടിത്തറയെന്ന് പറയാവുന്ന സംസ്ഥാനങ്ങളുടെ കഴിവുകേടും സംരക്ഷണവാദവും തികച്ചും അശാസ്ത്രീയമായ സങ്കല്പമായിത്തീർന്നിരിക്കുന്നു. നേരെമറിച്ച്, കേന്ദ്ര ഏജൻസികളിലൂടെ കാര്യക്ഷമതയില്ലായ്മയും നിരുത്തരവാദിത്തവുമാണ് പതിനൊന്നാം ധനകാര്യകമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതോടെ സ്ഥിരീകരിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നത്.

മൂന്നാമതായി, ആഗോളവല്ക്കരണത്തിലൂടെയും സാമ്പത്തിക ഉദാരവല്കരണത്തിലൂടെയും സംസ്ഥാനങ്ങൾക്ക് കൈവന്ന സാമ്പത്തിക സ്വാതന്ത്ര്യവും വികസനോന്മുഖതയും സാമ്പത്തികരംഗത്ത് കേന്ദ്രസർക്കാരിന്റെ അധികാര കേന്ദ്രീകരണത്തെ അപ്രായോഗികമാക്കിത്തീർത്തിട്ടുണ്ട്. വികസനത്തിന്റെ കാര്യത്തിൽ കേന്ദ്രത്തോടെന്നതിനെക്കാൾ വിദേശകമ്പോളങ്ങളോടാണ് ഇന്ന് സംസ്ഥാനങ്ങൾ കടപ്പെട്ടിരിക്കുന്നത്. ആഭ്യന്തര കമ്പോളങ്ങളുടെ സ്വതന്ത്രവികാസ പ്രവണതകൾ മുമ്പെന്നപോലെ വീണ്ടും ഭാഷാ ദേശീയതകളുടെ സ്വയം നിർണയാവകാശ പ്രശ്നത്തെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലെത്തിക്കാനുള്ള ചരിത്രപരമായ സാധ്യതകൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

IV

ഇന്നും നാളെയും

ആഭ്യന്തര കമ്പോളങ്ങൾ വികാസം പ്രാപിക്കുന്നതോടെ അർദ്ധ ഫെഡറൽ വിചാരങ്ങളുടെ സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിൽ നിന്നും ഇന്ത്യൻ രാഷ്ട്രീയം ഒരു പുതിയ ഫെഡറൽ സങ്കല്പത്തിലേക്ക് കുതിച്ചു മുന്നേറാനുള്ള സംഭാവ്യതകൾ സമീപകാല സംവാദങ്ങളുടെ അടിത്തട്ടിലാണിന്നുള്ളത്. ഈ പ്രശ്നങ്ങൾ ഉപരിതലത്തിലേക്കുയരുന്നതോടെ നിലവിലുള്ള രാഷ്ട്ര-ഭരണ സംവിധാനം പ്രതിസന്ധിയിൽ അകപ്പെടുകയും ചെയ്യും. അതിന്റെ ലക്ഷണങ്ങൾ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി സർക്കാർ പ്രകടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. സംസ്ഥാനങ്ങളിൽ വളർച്ച പ്രാപിച്ച സാമ്പത്തിക-രാഷ്ട്രീയ മേധാവികളുടെ സ്വയംഭരണപ്രവണതകളെ, സംസ്ഥാനങ്ങളിൽ ഭാഷാ-ഉപദേശീയതകളുടെ അടിസ്ഥാനത്തിൽ പുനർവിഭജനം നടത്തിക്കൊണ്ടാണ് കേന്ദ്രഭരണാധികാരികൾ അർദ്ധഫെഡറൽ വ്യവസ്ഥയുടെ യൂണിറ്ററിസ്വഭാവം നിലനിർത്താനുള്ള കുറുക്കുവഴികൾ തേടുന്നത്. ഝാർഖണ്ഡ് സംസ്ഥാനം, വനാഞ്ചൽ സംസ്ഥാനം, വിദർഭസംസ്ഥാനം, ഛത്തിസ്ഘട് സംസ്ഥാനം, തെലുങ്കാന സംസ്ഥാനം കാശ്മീരിന്റെ വിഭജനം എന്നിങ്ങനെ കേന്ദ്രസർക്കാരിന്റെ ആവനാഴിയിൽ നിന്നും പുറത്തുവരാനിരിക്കുന്ന അടവുകൾ രൂപത്തിൽ ദേശീയതയുടെ സ്വയം നിർണായാവകാശത്തെ അംഗീകരിക്കുന്ന തരത്തിലുള്ളതാണെങ്കിലും ഉള്ളടക്കത്തിൽ അവയുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നു. കാശ്മീർ പ്രശ്നത്തിൽ കേന്ദ്രസർക്കാർ കൈക്കൊള്ളുന്ന ദ്വന്ദാത്മക സമീപനങ്ങളിൽ ഈ കാഴ്ചപ്പാട് സ്പഷ്ടമായി പ്രതിഫലിക്കപ്പെടുന്നുണ്ട്.

370-ാം വകുപ്പ് ഭരണഘടനയെ സംബന്ധിച്ചിടത്തോളം താല്കാലിക (transitpdry) സംവിധാനമല്ലെന്ന സർക്കാരിയ കമ്മീഷൻ നിഗമനങ്ങൾ നിലവിലുണ്ടായിരിക്കെ, കാശ്മീർ സംസ്ഥാന നിയമസഭ പാസാക്കിയ സ്വയംഭരണ പ്രമേയത്തെ അസാധുവാക്കുകയും ഭരണഘടനക്കുള്ളിൽ നിന്നുകൊണ്ടുള്ള പ്രശ്നപരിഹാരത്തിന് സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുന്നതിലെ വൈരുദ്ധ്യങ്ങളും തന്ത്രജ്ഞതയും സുവ്യക്തമാണ്. ദേശീയതകളുടെ സ്വാതന്ത്ര്യവും രാഷ്ട്രത്തിന്റെ പരമാധികാരവും തമ്മിലുള്ള ഐക്യത്തിന്റെയും അധികാരം പങ്കുവയ്ക്കുന്നതിനെ സംബന്ധിച്ച പൊതുധാരണകളുടെയും അടിസ്ഥാനത്തിലൊരു ഫെഡറൽ സങ്കല്പം കേന്ദ്രഭരണാധികാരി വർഗത്തിനുണ്ടെന്ന് കരുതുന്നത് തീർത്തും നിർത്ഥകമാണ്. അതേസമയം, ദേശീയതകളുടെ സ്വയംനിർണയാവകാശ പ്രശ്നത്തെ തത്വത്തിലംഗീകരിക്കാൻ ഈ സർക്കാർ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ഇന്ത്യൻ ഭരണവർഗത്തിനുള്ളിൽ തിളച്ചുമറിയുന്ന പഴയ അർദ്ധ ഫെഡറൽ സങ്കല്പങ്ങളും പുതിയ യാഥാർത്ഥ്യങ്ങളും തമ്മിലുള്ള സംഘർഷങ്ങളുടെ ശക്തിയിൽ സമകാലിക രാഷ്ട്രീയം ചലനാത്മകമായി തീർന്നിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് തികച്ചും ആരോഗ്യകരമായ ഒരു പ്രവണതയാണ് ഇന്നുള്ളത്. ഇന്ത്യയെന്ന ഭൂവിഭാഗത്തിൽ പരമാധികാരമുള്ള രാഷ്ട്രഭരണത്തിന്റെ നിലനില്പും വളർച്ചയും സമ്പദ്‌വ്യവസ്ഥയിലും രാഷ്ട്രീയ വ്യവസ്ഥയിലും സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളെ ഇന്ത്യൻ ഭരണവർഗം എപ്രകാരം വീക്ഷിക്കുന്നുവെന്നതിനെ ആശ്രയിച്ചിരിക്കും.

പുതിയക്രിമിനൽ നിയമഭേദഗതി ബില്ല്

ജനവിരുദ്ധ ഗൂഢാലോചനയുടെ പരിണതി

ടി.ജി.ജേക്കബ്



1985ൽ നടപ്പിൽ വരുത്തിയ ടാഡ, ആഭ്യന്തര സുരക്ഷിതത്വ നിയമത്തിന്റെ (മിസ) തുടർച്ച തന്നെയായിരുന്നു. അതേ പേരിൽ ഒരു പുതിയ നിയമനിർമാണം നടത്തി 1987ൽ നിലവിൽ വരികയും രൂക്ഷമായ എതിർപ്പുകളെ തുടർന്ന് 1995ൽ എടുത്തുകളയുന്നതുവരെ നിലനിൽക്കുകയും ചെയ്തു. എങ്കിലും അതുവരെ ഈ നിയമത്തിന്റെ പേരിൽ തടവറയിൽ കഴിയുന്നവർ വിമോചിക്കപ്പെടുകയുണ്ടായില്ല. ഇന്നും നൂറുകണക്കിനാളുകൾ ഈ നിയമത്തിന്റെ പേരിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും തടവറയിൽ കഴിയുന്നുണ്ട്.

അടിമുടി സ്വേച്ഛാപരമായിത്തീർന്ന നിയമം രാജ്യമാസകലം നടപ്പിൽ വരുത്താനാവില്ലെന്നതു മാത്രമായിരുന്നു ടാഡ എടുത്തുകളയൽ കൊണ്ട് അർത്ഥമാക്കിയത്. അതേസമയം, സായുധ സേനകൾക്കുള്ള പ്രത്യേകാധികാര നിയമം പോലെയുള്ളവ ജമ്മുകാശ്മീർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ പോലെയുള്ള പ്രദേശങ്ങളിൽ പ്രവർത്തനക്ഷമമാവുകയും ചെയ്തു.

ഇന്ത്യയിൽ കരിനിയമങ്ങളുടെ ചരിത്രമാരംഭിക്കുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ബ്രിട്ടീഷ് സാമ്രാജ്യവാദികൾ നടപ്പിലാക്കിയ റൗലറ്റ് ബില്ല് മുതൽക്കാണ്. അതിന്റെ ഫലമായി നൂറുകണക്കിന് സ്വാതന്ത്ര്യ സമരഭടൻമാർ വിചാരണയില്ലാതെ അറസ്റ്റ് ചെയ്യപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. സായുധ സൈന്യത്തിന് ജനങ്ങളെ കൂട്ടക്കൊല ചെയ്യാനും നിശബ്ദരാക്കാനുമുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു. സ്വാതന്ത്ര്യാനന്തര ഭരണാധികാരികൾ ഒട്ടും സമയം നഷ്ടപ്പെടുത്താതെ ഇത്യാദി നിയമ നിർമ്മാണങ്ങൾ നടപ്പിലാക്കിയെന്നത് കൗതുകകരമായ സംഗതിയാണ്.

1950ൽ തന്നെ, കരുതൽ തടങ്കൽ നിയമം നിലവിൽ വരികയുണ്ടായി. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൗലിക തത്വങ്ങളുടെ നിർലജ്ജമായ നിഷേധമായിരുന്നു ഇത്. അന്നു മുതൽക്ക്, ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പല ലേബലുകൾ ചാർത്തി, പൗരൻമാരുടെ മൗലികാവകാശങ്ങളെ തുരങ്കം വക്കുന്ന തരത്തിൽ ഏകപക്ഷീയമായ നിയമങ്ങൾ പ്രാബല്യത്തിൽ വന്നുകൊണ്ടിരിക്കുന്നു. തുടക്കത്തിൽ ഈ നിയമങ്ങളെയെല്ലാം താല്കാലികമാണെന്ന വിശേഷണത്തോടെയാണ് അവതരിപ്പിക്കാറുള്ളത്. യാഥാർത്ഥ്യം നേരെ മറിച്ചാണ്. രാഷ്ട്രീയഘടനയും പൊതുവായിട്ടുള്ളതോ സവിശേഷമായിട്ടുള്ളതോ ആയ ഒരു സ്ഥിരം ഘടകമായി തീർന്നിട്ടുണ്ട് അവയെല്ലാം.

ടാഡ ഇല്ലാതാകുന്നതിന് മുമ്പേ സർക്കാർ ക്രിമിനൽ നിയമഭേദഗതി ബിൽ 1995 മെയ്മാസം രാജ്യസഭയിൽ അവതരിപ്പിച്ചിരുന്നു. ഈ ബില്ല്, ടാഡയുടെ എല്ലാ സ്വഭാവവും നിലനിർത്തികൊണ്ടുള്ള ഒന്നായിരുന്നു. പിന്നീട് ദേശീയ രാഷ്ട്രീയത്തിലുണ്ടായ അസ്ഥിരത കാരണം ഈ ബില്ല് രാജ്യസഭയുടെ പരിഗണനയിലൊതുങ്ങിയെന്നു മാത്രം. കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ ശ്രമം ഒരിക്കൽ കൂടി ദേശവ്യാപകമായ നിയമനിർമ്മാണം അടിച്ചേല്പിച്ചുകൊണ്ട് നിയമാതീതമായ കരുതൽ തടങ്കലുകൾക്കും മർദ്ദനങ്ങൾക്കും അധികാര ദുർനടപടികൾക്കും സംരക്ഷണം നൽകുന്നു. ഇതുപോലെയുള്ള ഒരു നിയമ നിർമ്മാണത്തിന് പൊതുസമിതിയുണ്ടാക്കാനായി ഇന്ത്യൻ ലോ കമീഷനോട് ഭീകരവാദത്തെ ചെറുക്കാനുള്ള ഒരു പ്രവർത്തന രേഖ ഈ നിയമനിർമ്മാണത്തെ ആസ്പദമാക്കി തയ്യാറാക്കാൻ സർക്കാർ ആവശ്യപ്പെടുകയും ചെയ്തു. ഈ പ്രവർത്തന രേഖ ഇപ്പോൾ നമ്മുടെ മുന്നിലുണ്ട്.

ലോ കമ്മീഷന്റെ പക്ഷപാതിത്വം

പ്രവർത്തന പദ്ധതി പ്രാധാന്യം നൽകുന്നത് ദേശീയ സുരക്ഷിതത്വം അളവിലും ഗുണത്തിലും വർദ്ധമാനമായ ഭീഷണി നേരിടുന്നുവെന്നതിനാണ്. മുൻനിർണിതവും ഊഹാധിഷ്ഠിതവുമായുള്ള വാദത്തെ ശക്തിപ്പെടുത്താൻ ഒട്ടേറെ സ്ഥിതിവിവരങ്ങൾ അത് നിരത്തിവക്കുന്നു. ജമ്മു-കാശ്മീർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ, ദില്ലി, മുംബൈ, കോയമ്പത്തൂർ തുടങ്ങി നിരവധിയിടങ്ങളിൽ നടന്ന ബോംബ് സ്ഫോടനങ്ങൾ, ബീഹാർ, ആന്ധ്ര തുടങ്ങിയ ഏതാനും ചില സംസ്ഥാനങ്ങളിൽ നടമാടുന്ന നക്സലൈറ്റ് പ്രവർത്തനങ്ങൾ എന്നിവയെ ചൂണ്ടിക്കാണിച്ചാണ് ദേശീയ സുരക്ഷിതത്വം അധികരിച്ച ഭീഷണി നേരിടുന്നുവെന്ന് സമർത്ഥിക്കപ്പെടുന്നത്. യു.എസ്.എയിലും ബ്രിട്ടനിലും നടപ്പിൽ വരികയോ, നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുകയോ ചെയ്തിട്ടുള്ള നിയമനിർമ്മാണങ്ങളെ അന്താരാഷ്ട്രരംഗത്തുള്ള ഉദാഹരണമായി ഉയർത്തികാണിച്ചുകൊണ്ടാണ് ഇന്ത്യയിലും സമഗ്രമായ നിയമനിർമ്മാണത്തിന് ശ്രമം നടക്കുന്നത്.

ഇന്ത്യയിലെ ലോ കമീഷൻ ഉയർന്ന തലത്തിലുള്ള ഒരു ചിന്താ സംഭരണിയാണ്. തത്വത്തിൽ അത് വിഭാഗീയ താല്പര്യങ്ങൾക്കതീതവുമാണെന്നാണ് വയ്പ്. നിർഭാഗ്യകരമെന്ന് പറയട്ടെ, പ്രവർത്തനപദ്ധതി സാമൂഹ്യസംഘർഷങ്ങളുടെ വിശാലവും സത്യസന്ധവുമായ വശങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നു; യഥാർത്ഥ കാരണങ്ങൾക്ക് നേരെ കണ്ണടയ്ക്കുന്നു. സംഘർഷങ്ങളൊന്നും രാഷ്ട്രത്തിന്റെ രാഷ്ട്രീയ പ്രതലത്തിന് പുതുമയല്ല. രാഷ്ട്രഭരണത്തിന്റെ സിദ്ധാന്തവും പ്രായോഗികവുമായി ജൈവബന്ധമുള്ള പ്രസക്തമായ കാരണങ്ങൾ അവക്കുണ്ട്. അതായത്, ഇന്നു കാശ്മീരിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും അതുപോലെ പഞ്ചാബിലും നക്സലൈറ്റ് ബാധിതപ്രദേശങ്ങളെന്ന് പറയപ്പെടുന്ന പ്രദേശങ്ങളിലും സ്വാതന്ത്ര്യലബ്ധി മുതൽക്കുതന്നെ സദൃശമോ അതിനോടടുത്തു നിൽക്കുന്നതോ ആയ സ്ഥിതി വി

ശേഷമാണ് നിലനിന്നിരുന്നത്. വിഭാഗീയ അവസരവാദ താല്പര്യങ്ങൾക്കതീതരാവേണ്ട ലോ കമ്മീഷൻ പോലുള്ള ഒരു ഉന്നത സ്ഥാപനം ഇതൊന്നും അത്ര കാര്യമായിട്ടെടുത്തിട്ടില്ലെന്ന് തോന്നുന്നു. രാഷ്ട്രീയ പ്രശ്നങ്ങൾ പരിഹരിക്കാൻ രാഷ്ട്രീയ ഉപാധികൾക്ക് മാത്രമേ സാധ്യമാവുകയുള്ളൂ എന്ന ചരിത്രപാഠം ലോ കമ്മീഷൻ ഓർമ്മിച്ചാൽ നന്ന്.

ടാഡയിലെ എല്ലാ പ്രധാന സംഗതികളും നിലനിർത്തുമ്പോൾ തന്നെ, ലോ കമ്മീഷൻ അതിന്റെ പ്രവർത്തനരേഖയിലൂടെ (നടപ്പിലാക്കാനുദ്ദേശിക്കുന്ന ജനദ്രോഹ നിയമത്തിന്റെ സുപ്രധാനരേഖ ഈ പ്രവർത്തനരേഖയാണ്) കൂടുതൽ കോമ്പല്ലുകൾ കൂട്ടിച്ചേർക്കുകയും അതിന്റെ പരിധി ദേശവ്യാപകമാക്കുകയും ചെയ്തിരിക്കുന്നു. (പരിഗണനയിലുള്ള ക്രിമിനൽ നിയമഭേദഗതി ബില്ല്, അടിസ്ഥാനപരമായി, മറ്റൊരു പേരിൽ ടാഡയുടെ തനിപകർപ്പാണ്) ടാഡയുടെ ന്യൂനത അതിന്റെ അടിസ്ഥാനമായ നിയമ തത്വങ്ങളുടെ കാര്യത്തിലല്ല. അതിന്റെ പ്രയോഗത്തിൽ സംഭവിച്ച തകരാറുകളിലാണെന്ന് അത് സുവ്യക്തമാക്കുന്നു. നേരെമറിച്ച്, ടാഡയുടെ അടിസ്ഥാനമായിരുന്ന നിയമ തത്വങ്ങൾ മുമ്പെന്നതിനെക്കാൾ പ്രസക്തവും അടിയന്തിര പ്രാധാന്യമുള്ളവയുമാണെന്ന് ബോധ്യപ്പെട്ടതിനാൽ പുതിയ നിയമനിർമ്മാണത്തിനൊരു മാനുഷിക പരിവേഷം നല്കാൻ വേണ്ടി അവിടെയുമിവിടെയും പരിഹാസ്യമായ ചില മിനുക്കുപണികൾ നടത്തി നടപ്പിലാക്കാനാണ് നിർദ്ദേശിക്കപ്പെട്ടത്. പുതിയ ബില്ലിന്റെ ദുരുപയോഗം തടയാനെന്ന പേരിൽ നിർദ്ദേശിക്കപ്പെട്ട ഈ മിനുക്കുപണികൾ വാസ്തവത്തിൽ നേർ വിപരീത ഫലമാണുണ്ടാക്കുന്നതെന്ന് പ്രവർത്തനരേഖ ഗൗരവപൂർവ്വം വായിക്കുമ്പോൾ വെളിപ്പെടുന്നുവെന്നതാണ് സത്യം.

1955 ആവശ്യ വസ്തു നിയമത്തിലെ നിബന്ധനകളുമായി (അപ്രസക്തമായി) താരതമ്യപ്പെടുത്തുന്ന നിർദ്ദേശങ്ങൾ ഇത്തരത്തിലുള്ള ദീർഘവീക്ഷണമില്ലായ്മയുടെ ഉത്തമ ദൃഷ്ടാന്തമാണ്. ലോ കമ്മീഷൻ ഈ ആക്ടിനെ ചൂണ്ടികാണിച്ചുകൊണ്ട് ഭീകരവാദത്തിന്റെ കാര്യത്തിൽ അവ പ്രായോഗികമാക്കാനുള്ള ശ്രമം നടത്തുന്നു. പ്രത്യേക കോടതികൾ പോലുള്ള അന്വേഷണാധികാരികൾക്കും പ്രത്യേകം നിയോഗിക്കപ്പെട്ട അധികൃതർക്കും ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുന്നതോടെ ലഭിക്കുന്ന അനിയന്ത്രിതമായ അധികാരങ്ങൾ നിരപരാധികളായ പൗരൻമാരിൽ ഭീകരതയഴിച്ചുവിടുന്നതിലേക്കും വർദ്ധനയിൽ പിടിച്ചുപറി നടത്തുന്നതിലേക്കും നയിക്കുമെന്ന കാര്യം സുവ്യക്തമാണ്. പഞ്ചാബിന്റെ ഉദാഹരണം നമ്മുടെ മുന്നിലുണ്ട്. 'അപ്രത്യക്ഷമാവുമെന്ന് ' അറസ്റ്റ് ചെയ്യപ്പെട്ടവരുടെ ബന്ധുമിത്രാദികളെ ഭീഷണിപ്പെടുത്തി സെക്യൂരിറ്റി ഉദ്യോഗസ്ഥർ പണം പിടുങ്ങുകയും ധനാഢ്യരാവുകയും ചെയ്ത ചരിത്രം നമുക്കറിയാം. ലോ കമ്മീഷന്റെ നിർദ്ദേശങ്ങൾ നിയുക്ത ബില്ലിൽ കൂട്ടിചേർക്കുന്നതോടെ ഇത്തരം പണപ്പിരിവിന് അഖിലേന്ത്യാ അംഗീകാരം കൈവരും.

മാനവീക മുഖം സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളിലുള്ള ജനദ്രോഹ വശങ്ങളുടെ മറ്റൊരു ചിത്രം സാക്ഷികൾക്ക് പരമപ്രാധാന്യം നൽകുന്നതിലും വിചാരണ നടത്തുന്നുവെങ്കിൽ അത് രഹസ്യമായിരിക്കണമെന്നതിലും ദൃശ്യമാണ്. ജീവൻ അപകടത്തിലായേക്കാമെന്ന നിഗമനത്തിൽ സാക്ഷികൾ ആരും അറിയപ്പെടാതെയും ആരാലും കണ്ടെത്താൻ കഴിയാത്തവിധത്തിലും അജ്ഞാതവാസം പുൽകണമെന്നാണ് പറയുന്നത്. നിയമത്തിന്റെ സ്വാഭാവിക പ്രക്രിയയിൽ നിന്നുള്ള ഒളിച്ചോട്ടമാണിത്. അതോടൊപ്പം വാടകക്ക് ലഭിക്കുന്നവരെ കള്ളസാക്ഷികളായി അവതരിപ്പിക്കാൻ സൗകര്യമുണ്ടാക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരു നിബന്ധന സിവിൽ സമൂഹത്തെ ഭരിക്കുന്ന ചട്ടങ്ങളുടെയും ഭരണഘടനാപരവും ജനാധിപത്യ നീതിന്യായപരവുമായ സമസ്ത ധാരണകളുടെയും നിർലജ്ജമായ നിഷേധമായിരിക്കും. കുറ്റം ആരോപിക്കപ്പെട്ടവർക്ക് നീതിയുടെ ഒരംശംപോലും ലഭ്യമാകാത്ത അവർക്ക് ന്യായമായ വിചാരണ നിഷേധിക്കപ്പെടുന്ന 'കങ്കാരു കോടതി'യുടെ സ്ഥാപനവല്കരണമായിരിക്കും അതിന്റെ പരിണിത ഫലം. അത്തരമൊരു നടപടി അന്താരാഷ്ട്ര വേദികളിൽ ഇന്ത്യാ സർക്കാർ ഒപ്പുവെച്ച രാജ്യാന്തര ധാരണകളുടെയും ഉടമ്പടികളുടെയും ലംഘനമായിരിക്കും.

നിയുക്ത നിയമനിർമ്മാണത്തിന്റെ സാമൂഹ്യ - രാഷ്ട്രീയ പശ്ചാത്തലം

1990 മുതൽക്ക് ആശയപരമായി പ്രചോദിതരായ ഭരണവർഗ നിക്ഷിപ്ത താല്പര്യങ്ങൾ ചില സവിശേഷമായ പ്രവർത്തന പാന്ഥാവിലൂടെ ഇന്ത്യൻ സമൂഹത്തെ ഫാസിസ്റ്റുവല്കരിക്കാനുള്ള ചിട്ടയോടുള്ളതും ഗൂഢാലോചനപരവും അതിതീവ്രവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ജമ്മു കാശ്മീരിലെയും അവിടത്തെ ജനങ്ങളുടെയും പ്രശ്നങ്ങളുടെ ചരിത്രപരവും സത്യസന്ധവുമായ അടിവേരുകളെ അവഗണിച്ചുകൊണ്ട് അടിച്ചമർത്തൽ നയത്തിന് തീവ്രത കൂട്ടുകയും സായുധസേനക്ക് ആംഡ് ഓഫ് ഫോഴ്സസ് (സ്പെഷൽ) പവേഴ്സ് നിയമത്തിന്റെ ബലത്തിൽ അഴിഞ്ഞാടാനുള്ള പൂർണസ്വാതന്ത്ര്യം നൽകുകയും ഉണ്ടായി. അതുപോലെ പാകിസ്ഥാനെതിരെ യുദ്ധ ഭീതിയുളവാക്കാനുള്ള ചിട്ടയായ ശ്രമങ്ങളും തുടങ്ങി. ഇതിന്റെ ഫലം കാർഗിൽ യുദ്ധത്തിൽ കണ്ടുകഴിഞ്ഞു. ഇപ്പോൾ, അയൽപക്കക്കാരുമായി 'നിരന്തരം ചെറുയുദ്ധം നടത്തുക' എന്ന സിദ്ധാന്തം ഭരണവർഗ രാഷ്ട്രീയക്കാർ വിറ്റഴിച്ചുകൊണ്ടിരിക്കുന്നു. ന്യൂക്ലിയർ സങ്കുചിത ദേശീയവാദം (Nuclear gngoiusm) കപടവും അപകടകരവുമായ ദേശഭക്തിയെ പടച്ചുണ്ടാക്കാനുള്ള സൗകര്യപ്രദമായ പണിയായുധമായി വളർന്നിരിക്കുന്നു. യുദ്ധം ഇന്ത്യാ ഭൂഖണ്ഡത്തിൽ സദാ സന്നിഹിതമായ ആസന്ന ഭീഷണിയായി തീർന്നിട്ടുണ്ട്. ആഭ്യന്തര സുരക്ഷിതത്വം നേരിടുന്ന വിദേശ ഭീഷണിയുടെ മറപിടിച്ച്, ഭൂരിപക്ഷ ജനതയുടെ അടിസ്ഥാനാവശ്യങ്ങൾക്ക് ഉപകരിക്കേണ്ട രാജ്യത്തിന്റെ ധനവിഭവസമ്പത്തിനെ വർദ്ധനയിൽ ആണവ സൈനീകാവശ്യങ്ങൾക്കായി വഴി തിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയ അനുദിനം മൂർച്ചിച്ചുവരികയുമാണ്.

ആഭ്യന്തര സാമ്പത്തിക രംഗത്ത് ആഗോളവല്കരണ ശക്തികൾക്ക് കൊടുംകൊള്ള നടത്താനുള്ള അനുവാദം

മതേതര മൂല്യങ്ങളെ നിശബ്ദമാക്കാനുള്ള നിരന്തര ശ്രമങ്ങൾ നടന്നുവരുന്നു. ഇതിനോട് വിയോജിക്കുന്നവർക്കും സമൂഹത്തെ യാഥാർത്ഥ്യബോധത്തോടെ വരച്ചുകാട്ടാൻ ശ്രമിക്കുന്നവർക്കുമെതിരെ ഭരണകൂട സംരക്ഷണയിൽ സുസംഘടിതമായ കിങ്കരൻമാർ തെമ്മാടിത്തരമടക്കമുള്ള ഭീഷണികൾ സൃഷ്ടിച്ചുകൊണ്ട് നേരിടുന്നു. സാംസ്കാരിക ഫാസിസം സ്വസ്ഥാപിതമാക്കാനുള്ള ശ്രമങ്ങളാണിതെല്ലാമെന്ന് വ്യക്തമാണ്.

കൊടുത്തിട്ടുണ്ട്. നിരവധി ഫാക്ടറികൾ അടച്ചുപൂട്ടുകയും പരശ്ശതം തൊഴിലാളികൾ പട്ടിണിയുടെ നടവറയിലേക്ക് തള്ളപ്പെടുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷമായി നൂറുകണക്കിന് കർഷകർ കടബാധ്യത കൊണ്ട് ആത്മഹത്യ ചെയ്യാൻ നിർബന്ധിതരായിട്ടുണ്ട്. കാർഷികരംഗത്ത് നടപ്പിൽ വരുത്തികൊണ്ടിരിക്കുന്ന പുത്തൻ സാമ്പത്തികനയങ്ങളുടെ ഫലമായി ഉയർന്നുവന്നിട്ടുള്ള ഇത്തരം പ്രവണതകൾ കൂടികൊണ്ടിരിക്കുന്നതല്ലാതെ കുറയുന്ന ലക്ഷണമൊന്നും കാണാനില്ല. അസംസ്കൃത-സംസ്കൃത വിഭവങ്ങളുടെ വിപണികളെ അട്ടിമറിക്കാൻ ബഹുരാഷ്ട്ര കുത്തകകൾക്കും അവരുടെ ഏജന്റുമാർക്കും സമ്പൂർണ്ണ സ്വാതന്ത്ര്യം നൽകിയ സ്ഥിതിക്ക് ഇത്തരം പ്രവണതകൾ മൂർച്ചിച്ചു വരാനേ തരമുള്ളു.

ഇന്ത്യൻ വ്യവസായം അതിദ്രുതഗതിയിൽ ബഹുരാഷ്ട്ര കുത്തകകളുടെ വൻ ധനാഗമ വേദിയായി പരിണമിച്ചുകൊണ്ടിരിക്കുകയാണ്. അനതിവിദൂര ഭാവിയിൽ സമ്പദ്‌വ്യവസ്ഥയിലും സാധാരണക്കാരനിലും അത്യന്തം അപകടകരമായ പ്രത്യാഘാതമുണ്ടാക്കാൻ ഇത് കാരണമാകുമെന്നുറപ്പാണ്. ബഹുരാഷ്ട്ര കുത്തകകളുടെയും അവരുടെ കൂട്ടാളികളായ ലോകബാങ്ക്, അന്താരാഷ്ട്ര നാണ്യനിധി, ലോകവ്യാപാര സംഘടന എന്നിവയുടെയും സാദ്ധ്യത്തിൽ കേന്ദ്ര സർക്കാർ അത്യുത്സാഹത്തോടെ നടപ്പിൽ വരുത്തികൊണ്ടിരിക്കുന്ന സാമ്പത്തിക നയങ്ങൾ ബഹുജനങ്ങളെ വൻതോതിൽ അധഃസ്ഥിതാവസ്ഥയിലേക്ക് തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്. വിസ്ഫോടനാത്മകമായ സാമൂഹ്യ-രാഷ്ട്രീയ പ്രശ്നങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിന്റെ പശ്ചാത്തലം സൃഷ്ടിക്കുന്നത് ഈ യാഥാർത്ഥ്യങ്ങളാണ്. ലോ കമ്മീഷനും സർക്കാരും ഈ അന്ത്യത്തിന് തുടക്കം കുറിക്കുകയാണ്.

മത-വംശീയ ന്യൂനപക്ഷങ്ങളെ ദേശദ്രോഹികളെന്ന് നിർദ്ദയം ചിത്രീകരിക്കുകയും അവർക്കെതിരെ മർദ്ദനമുറകൾ അഴിച്ചുവിടുകയും ചെയ്യുന്നത് സ്ഥിരം പരിപാടിയായി തീർന്നിരിക്കുന്നു. ഹിന്ദുരാഷ്ട്രം എന്ന ആശയം അനവരതം അടിച്ചേല്പിച്ചുകൊണ്ട് ഫാസിസ്റ്റ് കിങ്കരൻമാർ കലാപത്തിന്റെയും കൊള്ളയുടെയും മനുഷ്യക്കുരുതിയുടേയും മാർഗങ്ങൾ അവലംബിച്ച് മത-വംശ ന്യൂനപക്ഷങ്ങളെ ഒതുക്കിനിർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ സംരക്ഷണമോ നേരിട്ടുള്ള പങ്കാളിത്തമോ ലഭിച്ചുകൊണ്ടിരിക്കുന്ന ഈ പ്രതിഭാസം ഇന്ന് പരസ്യമാണ്.

ഇത്തരം പ്രവർത്തനങ്ങളും അവക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ദുരുപദിഷ്ടവും അറുപിന്തിരിപ്പനുമായ ആശയപ്രചാരണത്തിന്റെ പിന്തുണയുമാണ് ദേശീയ സുരക്ഷിതത്വത്തിന് ഏറ്റവും വലിയ ഭീഷണി. എന്നാൽ ഗതിവേഗം ആർജ്ജിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ദേശവിരുദ്ധ പ്രവണതകളുടെ സാന്നിധ്യം തിരിച്ചറിയാൻ ലോ കമ്മീഷൻ തയ്യാറാകുന്നില്ല. പകരം, 'ന്യൂനപക്ഷ മൗലികവാദത്തെ' പ്രത്യേകിച്ചും മുസ്ലീം ന്യൂനപക്ഷങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ട് അവർക്കു നേരെ തിരിയുകയാണ് ചെയ്യുന്നത്. ഭരണഘടനയിൽ ഉള്ളടങ്ങിയ മതനിരപേക്ഷതയുടെ തത്വങ്ങളെ ബോധപൂർവ്വം നിഷേധിക്കുകയും ഏകശിലാത്മകമായ ഹൈന്ദവ വലതുപക്ഷ പ്രത്യയശാസ്ത്രം അടിച്ചേല്പിക്കാനുള്ള വഴികൾ ആരായുകയുമാണ്.

മതേതര മൂല്യങ്ങളെ നിശബ്ദമാക്കാനുള്ള നിരന്തര ശ്രമങ്ങൾ നടന്നുവരുന്നു. ഇതിനോട് വിയോജിക്കുന്നവർക്കും സമൂഹത്തെ യാഥാർത്ഥ്യബോധത്തോടെ വരച്ചുകാട്ടാൻ ശ്രമിക്കുന്നവർക്കുമെതിരെ ഭരണകൂട സംരക്ഷണയിൽ സുസംഘടിതമായ കിങ്കരൻമാർ തെമ്മാടിത്തരമടക്കമുള്ള ഭീഷണികൾ സൃഷ്ടിച്ചുകൊണ്ട് നേരിടുന്നു. സാംസ്കാരിക ഫാസിസം സ്വസ്ഥാപിതമാക്കാനുള്ള ശ്രമങ്ങളാണിതെല്ലാമെന്ന് വ്യക്തമാണ്.

ദളിതുകൾക്കും ആദിവാസികൾക്കും അക്രമണങ്ങളിൽ നിന്ന് ഭരണഘടനാപരമായ സംരക്ഷണം ഉറപ്പുചെയ്യപ്പെട്ടിട്ടുണ്ട്. രാജ്യത്ത് നിലനില്ക്കുന്ന നിയമമനുസരിച്ച് ജാതിവിവേചനം ഗുരുതരമായ ഒരു ക്രിമിനൽ കുറ്റമാണ്. എന്നാൽ പ്രാന്തവൽക്കരിക്കപ്പെട്ട ഈ ജനവിഭാഗങ്ങൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ അധികരിച്ചുവരികയാണെന്നാണ് കൂട്ടക്കൊലകളും കൊള്ളിവയ്പുകളും അടിക്കടി അരങ്ങേറുന്നതിൽ നിന്ന് വ്യക്തമാകുന്നത്. അത്തരം ഹീനകൃത്യങ്ങളിൽ ഏർപ്പെടുന്നവർ അറസ്റ്റ് ചെയ്യപ്പെടുന്നത് വളരെ വളരെ വിരളമായ സംഭവമാണ്. മറ്റൊരു ഗുരുതരമായ വിഭാഗീയ ഘടകമാണിത്. അതുകൊണ്ടുതന്നെ ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന ദേശീയ സുരക്ഷിതത്വത്തിനു നേരെയുള്ള ഭീഷണിയുമാണ്.

ബാബറി മസ്ജിദ് ആസൂത്രിതമായ പ്രവർത്തനത്തിലൂടെ തകർക്കപ്പെട്ടെങ്കിലും അത് ഭീകരവാദ പ്രവർത്തനമായി കണക്കാക്കുന്നില്ല. മാത്രമല്ല, അതിനെ തുടർന്ന് ആസൂത്രണം ചെയ്യപ്പെട്ട് അരങ്ങേറിയ വർഗീയ കലാപങ്ങളെയും ഭീകരപ്രവർത്തനമായി വിലയിരുത്തുന്നില്ല. ഇന്നത്തെ നിയമത്തിന്റെ ഇരട്ടത്താപ്പ് സുവിദിതമാണ്. അതിർത്തിക്കപ്പുറത്ത് നിന്ന് ദേശീയ സുരക്ഷിതത്വത്തിന് ഭീഷണി വരുന്നുവെന്ന് ആർത്തട്ടഹസിച്ചുകൊണ്ട് മുഖ്യപ്രശ്നങ്ങളിൽ നിന്ന് വഴുതിമാറുകയും ഏകശിലാഫാസിസം സുസ്ഥാപിതമാക്കുകയും ചെയ്യുവാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. മത-വംശീയ ന്യൂനപക്ഷങ്ങളുടെ പ്രതികരണങ്ങൾക്ക് പക്ഷപാതിത്വപരമായി പ്രാധാന്യം നൽകികൊണ്ട് ലോ കമ്മീഷൻ യാഥാസ്ഥിതിക ഭൂരിപക്ഷ മൗലികവാദത്തിന്റെ കൈകളിലാണെന്ന് സുവ്യക്തമാണ്. പ്രവർത്തനരേഖ ഇതിനെക്കുറിച്ചൊരക്ഷരം ഉരിയാടുന്നില്ല.

ഇപ്പോൾ നമ്മുടെ റിപ്പബ്ലിക്കിന്റെ ഭരണഘടന തന്നെയാണ് ബി.ജെ.പി നേതൃത്വം നൽകുന്ന ദേശീയ ജനാധിപത്യ സഖ്യം സർക്കാർ ഉന്നം വയ്ക്കുന്നത്. ഭരണഘടന റിവ്യൂ ചെയ്യാൻ ഒരു റിവ്യൂ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്. ഭരണഘടനാ തത്വങ്ങളുടെ ലംഘനം യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും അവയൊന്നും കൊണ്ട് ഭരണാധികാരികൾ തൃപ്തരല്ല. പൊതുവിലുള്ള സാമൂഹ്യ -രാഷ്ട്രീയ പരിസ്ഥിതിയുടെ വെളിച്ചത്തിൽ ഭരണഘടനാ റിവ്യൂ സത്യസന്ധമായിരിക്കില്ലെന്ന് നിസംശയം പറയാം. ഹിന്ദുത്വ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുന്ന നിക്ഷിപ്ത താല്പര്യങ്ങളെ സേവിക്കുകയെന്നതായിരിക്കും അതിന്റെ ഉദ്ദേശം എന്ന് കരുതാനേ ന്യായമുള്ളു. ■

ജൈവവൈവിധ്യ സംരക്ഷണം കരടുരേഖയിൽ കരട്

സെബാസ്റ്റ്യൻ.സി.ചിറ്റിലപ്പിള്ളി

ബൗദ്ധിക സ്വത്തവകാശത്തിന്റെ വ്യാപാരവശങ്ങൾ (Trips) സംബന്ധിച്ച ആഗോളകരാറിൽ ഇന്ത്യ ഒപ്പുവെച്ചിട്ടുണ്ട്. ഇത് 2005-ഓടെ പ്രാബല്യത്തിൽ വരേണ്ടതാണ്. ഇതിന് കോപ്പുകൂട്ടുന്നതിനു വേണ്ടിയാണ് ആഗോള ജൈവവൈവിധ്യ സമ്മേളനത്തിന്റെ (CBD) നിർദ്ദേശങ്ങൾക്കനുസൃതമായി ജൈവവൈവിധ്യ കരടു നിയമം-2000 പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ളത്. പക്ഷെ ഇന്ത്യയെപ്പോലെ ബൃഹത്തായ ജൈവവൈവിധ്യവും ജനവൈപുല്യവും ഉള്ള ഒരു രാജ്യത്ത്, സാധ്യതകൾ സംരക്ഷിക്കാനും വികസിപ്പിക്കാനും ഉതകുന്ന രീതിയിലായില്ല കരടുനിയമത്തിലെ വ്യവസ്ഥകൾ എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

നിയമത്തിന്റെ പ്രസക്തി

അമ്പതുകളിൽ ജനിതകരഹസ്യം മനുഷ്യന്റെ കൈപ്പിടിയിൽ അമരാൻ തുടങ്ങിയതോടെ, ജീവന്റെ തൻമാത്രകൾ വിശകലനം ചെയ്ത്, വർദ്ധിപ്പിച്ച്, മറ്റു ജീവികളിലേക്ക് സംക്രമിപ്പിച്ച് അവയെ അതിവേഗത്തിൽ മനുഷ്യോപയോഗത്തിന് മാറ്റിയെടുക്കാമെന്ന സ്ഥിതിവന്നു. തൃശൂരിലെ പീച്ചിയിൽ കേരള വന ഗവേഷണ കേന്ദ്രത്തിലെ രണ്ടു ശാസ്ത്രജ്ഞർ, മരങ്ങളിലും പാറകളിലുമൊക്കെ വളരുന്ന 771 തരം പായൽകൂട്ടങ്ങളെ രേഖപ്പെടുത്തിയതായി ഈയിടെ വാർത്തയുണ്ടായിരുന്നു. ഇവയിൽ പലതും പുതുതായി കണ്ടുപിടിക്കപ്പെട്ടതാണ്. അത്യന്തം ലഘുവായ പ്രകൃതിയുടെ ഈ പ്രതിനിധികൾ പരിസ്ഥിതിയിൽ വൻ രൂപമാറ്റങ്ങൾ വരുത്തുകയാണ്. പാറകളെ തഴച്ചുവളരുന്ന കാടാക്കാനും മണലാരണ്യങ്ങളെ വിളനിലങ്ങളാക്കാനും ഇവയ്ക്ക് കഴിവുണ്ടത്രെ. അണുജീവികൾക്കെതിരെ പോരാടാനും രോഗനിവാരണത്തിനും കാലിത്തീറ്റയായുമൊക്കെ ഇവ ഉപയോഗപ്പെടുത്താനാകും.

ആഗോള ജൈവവൈവിധ്യ സമ്മേളനത്തിന്റെ നിർദ്ദേശപ്രകാരം, പുതുതായി കണ്ടുപിടിക്കപ്പെട്ട ഇനങ്ങൾ ഇന്ത്യക്ക് പരമാധികാരമുള്ള സ്വത്തായിരിക്കും. ഇന്ത്യയിലെയോ വിദേശത്തെയോ ഒരു മരുന്നുകമ്പനി ഇത് ഉപയോഗിക്കാനാഗ്രഹിക്കുന്നുവെങ്കിൽ അതിന് ഇന്ത്യയിലെ അധികാരികളുടെ അനുവാദം വാങ്ങിയിരിക്കണം. അതിന് ഉചിതമായ കൂലി ചുമത്താവുന്നതാണ്. പുതിയ പരീക്ഷണങ്ങൾ ഇന്ത്യയിൽ തന്നെ നടത്തിയിരിക്കണമെന്ന് ആവശ്യപ്പെടാം. പരീക്ഷണങ്ങളിലൂടെ പുതിയ ഉല്പന്നങ്ങൾ കണ്ടുപിടിക്കപ്പെടുകയാണെങ്കിൽ അത് സർക്കാരിനെ അറിയിക്കണം. അതിന്റെ വില്പനക്ക് സർക്കാരിനൊരു പ്രതിഫലം ചുമത്തുകയുമാവാം. എല്ലാ രാജ്യങ്ങൾക്കും അവയുടെ ജൈവസമ്പത്ത് ഇങ്ങനെ കൈകാര്യം ചെയ്യാം.

പ്രായോഗിക ബുദ്ധിമുട്ടുകൾ

ഇത് നടപ്പിൽ വരുത്തുന്നതിന് ഒട്ടേറെ ബുദ്ധിമുട്ടുകളുണ്ട്. ആദിവാസികൾ ഈ പായലുപയോഗിച്ച് മരുന്നുകളുണ്ടാക്കുന്നുണ്ടെന്ന് കരുതുക. ജൈവവൈവിധ്യ സമ്മേളനം അതിലെ അംഗങ്ങളോട് ഈ അറിവ് അംഗീകരിക്കാനാവശ്യപ്പെടുന്നു. അതായത് പ്രതിഫലം അവരുമായി പങ്കുവെയ്ക്കണമെന്നർത്ഥം. എന്നാൽ കച്ചവടവും ചുങ്കവും സംബന്ധിച്ച പൊതുകരാർ (Gatt) ജൈവോല്പന്നങ്ങൾക്കും നിർമ്മാണാവകാശം സമ്പാദിക്കണമെന്ന് ശഠിക്കുന്നു. കൂട്ടത്തിൽ അത്, ആദിവാസികളുടേതു പോലെയുള്ള അനംഗീകൃത അറിവ് അംഗീകരിക്കുന്നില്ല. അമേരിക്കയാകട്ടെ, ജൈവവൈവിധ്യ സമ്മേളനത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കുകയില്ലെന്ന് ശഠിക്കുകയും മറുവശത്ത് കച്ചവട ചുങ്കപൊതുകരാറിലെ (Gatt) വ്യവസ്ഥകൾ എല്ലാ രാജ്യങ്ങളും അംഗീകരിക്കണമെന്ന് നിർബന്ധിക്കുകയും ചെയ്യുന്നു. ഈ നിലപാട് ഒരു വലിയ പ്രശ്നം തന്നെയാണ്.

കൂടാതെ ഈ പായൽ അനായാസമായി ഒരു വിദേശിക്ക് ഇന്ത്യയിൽ നിന്ന് കടത്തിക്കൊണ്ടുപോകാനാകും. അത് പിന്നീട് ഒരു വിദേശിയായി അവതരിച്ചു കൂടെന്നില്ല. മറുവശത്ത് ഹെസ്റ്റ്യൂൽ പോലെയുള്ള ബഹുരാഷ്ട്രക്കമ്പനികൾ തികച്ചും നിയമാനുസൃതമായി ജൈവസമ്പത്തിനെക്കുറിച്ചുള്ള നാടൻ അറിവുകൾ മുംബൈയിൽ സമാഹരിച്ച് വിശകലനം ചെയ്യുന്നുണ്ട്. ഇന്ത്യൻ ഗവേഷണശാലകളിൽ മൊത്തമുള്ളതിനേക്കാൾ കൂടുതൽ അറിവ് അവർ സമാഹരിച്ച് വിദേശത്തേക്ക് കൊണ്ടുപോയിരിക്കാം. ഇത് നിയന്ത്രിക്കുക വളരെ ദുഷ്കരമാണ്. അതുകൊണ്ടാണ് നിയന്ത്രണങ്ങളേക്കാൾ ബഹുജനസംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന നിയമനിർമ്മാണത്തിനു മാത്രമേ ജൈവസമ്പത്തിന്റെ മൂല്യം രാജ്യത്തിന് നേടികൊടുക്കാനാകൂ എന്നു പറയുന്നത്. ഇതുതന്നെയാണ് കരടുനിയമത്തിലെ പ്രധാന വീഴ്ച.

കരടുനിയമം

കരടുനിയമമനുസരിച്ച് ഒരു ത്രിതല സംവിധാനമാണ് നിലവിൽ വരുന്നത്. മുകളിൽ ഒരു ദേശീയ ജൈവവൈവിധ്യ അധികാര കേന്ദ്രമുണ്ടാകും. താഴെ സംസ്ഥാനതലത്തിലും പ്രാദേശികതലത്തിലും അധികാരകേന്ദ്രങ്ങളുണ്ടാകും. വിദേശികൾക്കും അവരുടെ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ഇന്ത്യയുടെ ജൈവവൈവിധ്യം ഉപയോഗപ്പെടുത്താൻ ഈ കേന്ദ്രങ്ങളുടെ അനുമതി വേണം. ഇന്ത്യയിലെ തന്നെ വ്യവസായ ഭീമൻമാരുടെ അമിത ഉപയോഗം തടയിടുന്നതിനാണത്രെ, ഇന്ത്യൻ പൗരൻമാരും ജൈവസമ്പത്ത് ഉപയോഗിക്കുന്നതിനുമുമ്പ് ഈ കേന്ദ്രത്തെ അറിയിച്ചിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ജൈവ സമ്പത്തു സംബന്ധിച്ച പരീക്ഷണ വിവരങ്ങൾ വിദേശികൾക്ക് കൈമാറുന്നതിനു മുമ്പ് ഇന്ത്യൻ പൗരൻമാർ കേന്ദ്രത്തിന്റെ അനുമതി തേടേണ്ടതുണ്ട്. എന്നാൽ തദ്ദേശവാസികൾക്കും നാട്ടുവൈദ്യൻമാർക്കും ഇന്ത്യയ്ക്കുള്ളിൽ ഉപയോഗത്തിനു വേണ്ടി ജൈവസമ്പത്ത് എങ്ങനെയും കൈകാര്യം ചെയ്യാവുന്നതാണ്.

നിയന്ത്രണത്തിന് ഊന്നൽ

ഉദാരവല്ക്കരണത്തിന്റെ നാളുകളിൽ നിയന്ത്രണത്തിന് അമിതമായ ഊന്നൽ നൽകിക്കൊണ്ടുള്ള കരടുരേഖയുടെ യുക്തി മനസിലാവുന്നില്ല. ഇന്ത്യയെപ്പോലെ ജന ജൈവവൈവിധ്യമുള്ള ഒരു രാജ്യത്ത് നിയന്ത്രണം പുരോഗമനത്തിന് വിലങ്ങുതടിയാണെന്നത് നാമെല്ലാം മനസിലാക്കിയതാണ്. രണ്ടായിരത്തിൽ പരം ആനകളെയും ഇരുനൂറിൽപരം ആളുകളെയും വകവരുത്തിയ വീരപ്പൻ ഇനിയും പിടികൊടുക്കാതെ വിഹരിക്കുന്ന നാട്ടിൽ 100 കോടി ജനങ്ങളെ നിയന്ത്രിക്കാനൊരുമ്പെടുന്ന നി

യമത്തിന്റെ അപ്രായോഗികത പ്രത്യക്ഷമാണ്.

കരടുനിയമത്തിന്റെ ചായ്‌വ് ശിക്ഷയും നിയന്ത്രണപരവും നിഷേധാത്മകവുമാണ്. പുതിയ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനോ, ജൈവവിവരസമ്പാദനം വളർത്തി സംരംഭങ്ങൾക്ക് ഉണർവ് പകരാനോ, ജൈവവൈവിധ്യ സംരക്ഷണം ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാനോ ഉള്ള ഒരു യത്നവും കരടുനിയമത്തിൽ പ്രകടമല്ല. വിവരസാങ്കേതിക വിദ്യയും ജൈവസാങ്കേതിക വിദ്യയുമാണ് 21-ാം നൂറ്റാണ്ടിന്റെ ചാലകശക്തികളായി വിവക്ഷിക്കപ്പെടുന്നത്. നിയന്ത്രണങ്ങളുടെ അഭാവത്തിൽ ഇന്ത്യയിൽ വിവരസാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടം നാം നേരിൽ കണ്ടുകൊണ്ടിരിക്കുകയാണ്. വനസമ്പത്തിന്റെ തന്നെ സംരക്ഷണത്തിൽ വനപാലകർ പിൻവാങ്ങി ജനകീയ പ്രസ്ഥാനങ്ങളെ മുന്നോട്ടു കൊണ്ടുവന്നപ്പോൾ ഉണ്ടായ മാറ്റം നാം മനസിലാക്കിയതാണ്. വിവരസാങ്കേതിക വിദ്യയുടെ സഹായം കൂടി ഉറപ്പാക്കിക്കൊണ്ട് ജൈവവൈവിധ്യസംരക്ഷണത്തോടൊപ്പം ജനങ്ങൾക്കും പുതുസംരംഭങ്ങൾക്കും പ്രോത്സാഹനം നൽകുന്ന രീതിയിൽ നിയമനിർമ്മാണം നടന്നില്ലെങ്കിൽ ഈ നൂറ്റാണ്ടിലെ വലിയ ഒരു അവസരം നമുക്ക് നഷ്ടപ്പെടും.

കരടുനിയമം മൂന്നു ലക്ഷ്യങ്ങൾ മുന്നോട്ടുവയ്ക്കുന്നു. സംരക്ഷണം, നിലനിൽക്കുന്ന ഉപയോഗം, പ്രയോജനത്തിന്റെ പങ്കുവയ്ക്കൽ എന്നിവയാണവ. പ്രധാനമായും മൂന്നു വഴികളാണ് ഇതിനു വേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ജൈവവിഭവ സമ്പത്തുള്ള പരമ്പരാഗത കേന്ദ്രങ്ങൾ മനുഷ്യോപയോഗത്തിന് വിട്ടുകൊടുക്കാതെ സംരക്ഷിക്കുക എന്നതാണ് ആദ്യത്തേത്. നാശഭീഷണി നേരിടുന്ന വിഭവങ്ങളുടെ വിവരങ്ങൾ സമാഹരിച്ച് അവയെവിടെയായാലും സംരക്ഷിക്കുക എന്നതാണ് രണ്ടാമത്തേത്. മൂന്നാമതായി പ്രയോജനം പങ്കുവയ്ക്കാനുള്ള പണം സമ്പാദിക്കാനായി പുതുസംരംഭങ്ങളിൽ നിന്ന് നിർമ്മാണാവകാശത്തിനുള്ള പ്രതിഫലം ഈടാക്കുക എന്നതാണ്. ന്യായമായ രീതിയിൽ ഇത്രയുമൊക്കെ ചെയ്യുന്നതിൽ നമുക്ക് വിരോധമില്ലെന്നുവയ്ക്കാം. നിർവചനത്തിൽ നിന്ന് മാറ്റിനിർത്താവുന്ന കരയും വെള്ളവും ജൈവസമ്പത്തും വളരെകുറച്ച് മാത്രമേ ഉണ്ടാവുകയുള്ളൂ എന്നിരിക്കെ, ഇതരപ്രദേശങ്ങളിലെ ജനങ്ങളും ബുദ്ധിപരമായി, വിവേകത്തോടെ ജൈവസമ്പത്ത് വിനിയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഇങ്ങനെ പരസ്പരപൂരകമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന ഒന്നും തന്നെ കരടുനിയമത്തിലില്ല. അത്തരം ഉപയോഗം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ലെങ്കിൽ പിന്നെ നിർമ്മാണാവകാശത്തിന്റെ പ്രതിഫലം പറ്റി പ്രയോജനം പങ്കുവയ്ക്കുന്ന പരിപാടി ഏറെയൊന്നും മുന്നോട്ടു പോവുകയുമില്ല.

അവ്യക്തത

കരടുനിയമത്തിലെ നിർവചനങ്ങൾ അതിവിപുലമായ പരിധി നിർണയിക്കുന്നതുകൊണ്ട് പ്രത്യേകമായ ഊന്നം നഷ്ടപ്പെടുന്ന തരത്തിലാണ്. ജൈവസമ്പത്ത് നിർവചിക്കപ്പെടുന്നത് മൂല്യവും മൂല്യസാധ്യതയുള്ളതുമായ സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മജീവികൾ, അവയുടെ ജനിതകവിഭേദങ്ങൾ, ഉപവിഭവങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ്. എന്നിട്ട്, ഒരു ഇന്ത്യൻ പൗരനോ ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത കമ്പനിയോ വാണിജ്യലക്ഷ്യത്തിനായി ജൈവസമ്പത്ത് ഉപയോഗിക്കാൻ സംസ്ഥാനതല ജൈവവൈവിധ്യ ബോർഡിനെ മുൻകൂട്ടി അറിയിച്ചിരിക്കണം എന്ന് നിർദ്ദേശിക്കുന്നു. ദോഷം പറയരുതല്ലോ, തദ്ദേശവാസികൾക്കും സമൂഹങ്ങൾക്കും നാട്ടുവൈദ്യന്മാർക്കും ഈ നിയമം ബാധകമല്ല. പക്ഷേ, ഈ തദ്ദേശവാസികളാരാണെന്ന് ഒരു നിർവചനവുമില്ല. ഉദാഹരണത്തിന് അണക്കെട്ടു പ്രദേശത്തുനിന്നും നിഷ്കാസിതരാകുന്ന പാവപ്പെട്ട ജനങ്ങൾ ചെന്നുചേരുന്ന പ്രദേശത്ത് തദ്ദേശവാസികളാകണമെന്നില്ല. അവർ ബീഡിയില പെറുക്കുന്നത് നിയമലംഘനമാകാം. ചുരുക്കത്തിൽ അത്തരം കാര്യങ്ങൾ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ വിവിധ വ്യാഖ്യാനങ്ങൾക്ക് വഴിതെളിക്കും. കൈക്കോഴയ്ക്കും പീഡനത്തിനും വഴി വയ്ക്കുന്ന സാഹചര്യമാണത്. അതേസമയം, ഒരു വാണിജ്യസ്ഥാപനത്തിന് തദ്ദേശവാസികളെ ഏർപ്പെടുത്തി, ജൈവസമ്പത്ത് സമാഹരിച്ച്, നിയമത്തിൽ നിന്ന് രക്ഷപെടുകയുമാകാം. പ്രത്യേക ജൈവസമ്പത്തിന്റെ ആത്യന്തികമായ ഉപയോഗം ആസ്പദമാക്കി ഉപഭോഗം നിയന്ത്രിക്കുക എന്നതാണ് ഇതിനൊരു പോംവഴി.

ജൈവവൈവിധ്യം സംബന്ധിച്ച തദ്ദേശവാസികളുടെ അറിവ് ബൗദ്ധികസ്വത്തായി മാറ്റാൻ, ദുഷ്കരമെങ്കിലും ഈ വിവരസമാഹരണം അതിപ്രധാനമാണ്. ആര്യവേപ്പ് അമേരിക്കനായി അവതരിച്ച പാഠം നാം മറന്നുകൂടാ.

ജനകീയത

പഞ്ചായത്തുകൾ, ഗിരിവർഗസഭകൾ എന്നീ സംവിധാനങ്ങളധിഷ്ഠിതമായ ജൈവവൈവിധ്യ നിർവാഹക സഭകൾ സ്ഥാപിക്കുന്നതിന് കരടുരേഖയിൽ നിർദ്ദേശമുണ്ട്. ജനകീയ അടിത്തറയ്ക്ക് ഇത് നല്ല നിർദ്ദേശമാണ്. എന്നാൽ ഇവയ്ക്ക് കാര്യമായ അധികാരം നൽകുന്നതിന്റെ സൂചനകളില്ല. ഗ്രാമസഭകൾക്ക് കൂടുതൽ അധികാരം നൽകി ജനകീയ പങ്കാളിത്തം വിപുലപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ജൈവവിഭവ നിർവ്വാഹക സമിതികളെ, നിലവിലുള്ള വനവിഭവ നിർവ്വാഹക സമിതികളുമായി ബന്ധിപ്പിക്കുന്നത് നല്ലതാണ്.

പ്രാദേശിക സമിതികൾക്ക് ജൈവവിഭവം സംഭരിക്കുന്നവരിൽ നിന്ന് പിരിവെടുക്കാനുള്ള അധികാരമുണ്ടായിരിക്കും. അതുപോലെ, അവ ജൈവസമ്പത്ത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കണമെന്നും നിർദ്ദേശമുണ്ട്. ഇന്ത്യയെപ്പോലെ സ്ഥലവൈപുല്യവും ജൈവവൈവിധ്യവുമുള്ള ഒരു രാജ്യത്ത് ഈ വിവരസമാഹരണം ഒരു പ്രധാനപ്പെട്ട സംഗതിയാണ്. ഇതിന്റെ ഉള്ളടക്കവും രീതിയും ശാസ്ത്രീയമാക്കാനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. ജൈവവൈവിധ്യം സംബന്ധിച്ച തദ്ദേശവാസികളുടെ അറിവ് ബൗദ്ധികസ്വത്തായി മാറ്റാൻ, ദുഷ്കരമെങ്കിലും ഈ വിവരസമാഹരണം അതിപ്രധാനമാണ്. ആര്യവേപ്പ് അമേരിക്കനായി അവതരിച്ച പാഠം നാം മറന്നുകൂടാ. പൂർണമായ വിവരങ്ങൾ രേഖപ്പെടുത്താൻ നിർബന്ധിക്കാതെ തന്നെ ഇത് സാധിച്ചെടുക്കണം. ദക്ഷിണ കന്നഡയിലെ ബൽത്തങ്ങാടിയിലെ അഞ്ചു പഞ്ചായത്തുകളും എറണാകുളം ജില്ലയിലെ 88 പഞ്ചായത്തുകളും ഇങ്ങനെ ചെയ്തത് സ്തുത്യർഹമായ തുടക്കമാണ്. ഈ വിവരശേഖരണം താഴെ തട്ടിൽ നിന്ന് മുകളിലേക്കു തന്നെ പോകണം.

ഈ വിവരശേഖരണത്തോടൊപ്പം തന്നെ സംസ്ഥാന ദേശീയ കേന്ദ്രങ്ങൾ ജൈവസമ്പത്തിന്റെ വാണിജ്യ, ഉല്പാദന, പരീക്ഷണം എന്നീ മേഖലകളിൽ വിവര

ശേഖരണം നടത്തണം. ഇത്തരം രണ്ടു വിവരശേഖരങ്ങളും ഇന്ത്യയുടെ ശക്തമായ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ദേശീയ ശൃംഖലയിൽ ലഭ്യമാക്കണം.

ഇത്തരം ഒരു ദേശീയ ശൃംഖല നിലവിൽ വന്നാൽ അത് രാജ്യത്തിന് വളരെയേറെ ഗുണം ചെയ്യും. ലോകത്തെവിടെയുള്ള സംരംഭകർ അത് ഉപയോഗപ്പെടുത്തും. രാജ്യത്ത് പുതിയ സംരംഭകർക്ക് അത് പ്രയോജനകരമാകും. വിവരം ഉപയോഗപ്പെടുത്തുന്നവർ അതിനുള്ള പണം നൽകുമ്പോൾ, ദേശീയ സംസ്ഥാന പ്രാദേശിക സമിതികൾക്ക് മികച്ച വരുമാനമുണ്ടാകും. പുതിയ ഉത്പന്നങ്ങളുടെ നിർമ്മാണാവകാശത്തിനുള്ള പ്രതിഫലം വേറെ ലഭിക്കും. ചില കണക്കുകൾ സൂചിപ്പിക്കുന്നത്, 21-ാം നൂറ്റാണ്ടിലെ ആഗോള സമ്പദ്‌വ്യവസ്ഥയുടെ 41 ശതമാനം ജൈവ സാങ്കേതികവിദ്യ സംബന്ധിച്ചതായിരിക്കുമെന്നാണ്. ഇന്ത്യക്ക് ഇതിൽ വലിയൊരു പങ്കു നേടാനാകും. ഈ നൂറ്റാണ്ടിലെ മികച്ച അവസരമായിരിക്കുമത്.

സംരക്ഷണത്തിന് പ്രോത്സാഹനം

ജൈവവൈവിധ്യം സംബന്ധിച്ച വിവര ശൃംഖല ഉപയോഗത്തെയും സംരംഭത്തെയും എത്ര കണ്ടു പ്രോത്സാഹിപ്പിക്കുമെന്നും അതുമൂലം പ്രതിഫലം പങ്കുവയ്ക്കുന്ന പ്രക്രിയ എത്രകണ്ട് ഊർജ്ജസ്വലമാക്കാമെന്നും നാം കണ്ടു. ബഹുജന പങ്കാളിത്തമില്ലെങ്കിൽ ഇതെത്ര ദുഷ്കരവും ശുഷ്കവുമാകുമെന്നും നാം മനസിലാക്കി. വിപുലമായ ജനപങ്കാളിത്തമുണ്ടാകണമെങ്കിൽ, ജനങ്ങൾക്ക് അതിന്റെ ഉപകാരമുണ്ടാകണം. വനസമ്പത്തിന്റെ സംരക്ഷണത്തിൽ ലഘു വനവിഭവങ്ങൾ ഉപയോഗിക്കാനനുവദിച്ചുകൊണ്ട് ഇതെങ്ങനെ സാധിച്ചുവെന്ന് നാം കണ്ടതാണ്. വ്യക്തികൾക്കും സംഘടനകൾക്കും പഞ്ചായത്തുകൾക്കും പ്രതിഫലവും സമ്മാനങ്ങളും ഗ്രാൻറുകളും അംഗീകാരവും നൽകി ഈ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രമിക്കാം. വെള്ളം, കല്ല്, മണൽ എന്നിവ ഉപയോഗിക്കാനുള്ള അനുവാദവും ഇത്തരം പ്രോത്സാഹനത്തിൽ പെടുത്താവുന്നതാണ്.

സംസ്ഥാന ദേശീയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ദേശീയ വിവരശൃംഖലയിൽ പ്രത്യക്ഷമാക്കാൻ നിബന്ധനയുണ്ടാക്കണം. അപ്പോൾ ജനങ്ങൾക്കത് കാണാനും വിശകലനം ചെയ്യാനും വിമർശിക്കാനുമാകും. ജനങ്ങളുടെ ജാഗ്രതയോളം സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്ന മറ്റൊന്നില്ല. കരടുനിയമത്തിൽ ജനങ്ങൾക്ക് വിവര ലഭ്യതയ്ക്കുള്ള അവകാശം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. മാത്രമല്ല, ഇപ്പോൾ ജനങ്ങൾക്ക് നിഷേധിച്ചിട്ടുള്ള നിയമപരമായ പരിഹാരം വ്യവസ്ഥ ചെയ്ത് സ്ഥാപിക്കേണ്ടതാണ്. ഇത് വ്യവസ്ഥിതിയിൽ ഉത്തരവാദിത്തം വളർത്താൻ വളരെ സഹായകമാകും.

കരടുനിയമത്തിൽ ദേശീയ സംസ്ഥാന സമിതികൾക്കുള്ള മുൻതൂക്കം പ്രകടമാണ്. അതായത് ഉദ്യോഗസ്ഥ മേധാവിത്തത്തിന്റെ എല്ലാ ദൂഷ്യങ്ങളും നടത്തിപ്പിൽ പ്രതിഫലിക്കുമെന്നർത്ഥം. അതിനുപകരം ജനങ്ങൾക്ക് അധികാരം വികേന്ദ്രീകരിച്ചുകൊടുക്കേണ്ടതാണ്. അതിൽ ലിംഗപ്രാതിനിധ്യവും ഉറപ്പാക്കണം. കൂടാതെ ആയിരക്കണക്കിനു പഞ്ചായത്തുകളുടെ കണക്കുകൾ സംസ്ഥാന നിയമസഭകളിലവതരിപ്പിക്കണമെന്ന തികച്ചും അപ്രായോഗികവും ഉപയോഗശൂന്യവുമായ നിർദ്ദേശം കരടു ബില്ലിൽ നിന്ന് മാറ്റേണ്ടതാണ്.

സമാനനിയമങ്ങൾ

സമുദ്രവികസന വകുപ്പുപോലെയുള്ള കേന്ദ്ര ഏജൻസികളുമായുള്ള പരസ്പര പൂരകമായ ബന്ധങ്ങളെക്കുറിച്ച് കരടു നിയമത്തിൽ നിർദ്ദേശങ്ങളില്ല. കടലിൽ നമ്മുടെ തനതായ സാമ്പത്തിക മേഖല (EEZ) കരയുടെ മൂന്നിൽ രണ്ടുഭാഗം വരും. ഇതിലെ ജൈവ വൈവിധ്യം അപാരസാധ്യതകൾ ഉൾക്കൊണ്ടതാണ്. ഈ വൻ ശേഖരം ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ച് രേഖയിൽ പരാമർശങ്ങളില്ല. അതുപോലെ തന്നെ സമാനതകളുള്ള മറ്റു കരടു രേഖകളുമായി ഈ രേഖയെ ബന്ധപ്പെടുത്താനുള്ള ഉദ്യമങ്ങളൊന്നും നടന്നു കാണുന്നില്ല. സസ്യവൈവിധ്യ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും സംബന്ധിച്ച കരടുരേഖ ഇതിൽ പ്രധാനമാണ്. ഉദാഹരണത്തിന് കരടുനിയമത്തിൽ നിർദ്ദേശിക്കപ്പെട്ട പ്രാദേശിക ജൈവ വൈവിധ്യ സമിതികൾക്ക് കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കരടുരേഖയിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ അധികാരം കൊടുക്കാവുന്നതാണ്.

സസ്യവൈവിധ്യ സംരക്ഷണ നിയമം

സസ്യ വൈവിധ്യ സംരക്ഷണവും കർഷകന്റെ അവകാശങ്ങളും എന്ന കരടുനിയമവും പാർലമെൻറിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. വേദനാജനകമായ പ്രത്യാഘാതങ്ങളുള്ള ഒന്നാകയാൽ ചുരുക്കമായെങ്കിലും അതിനെകുറിച്ച് പ്രതിപാദിക്കാതെ വയ്യ.

കരടുനിയമത്തിന്റെ മുഴുവൻ ചായ്‌വും വ്യാവസായിക തലത്തിൽ കാർഷികോല്പന്നങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനാണ്. രേഖയുടെ സംജ്ഞയിൽ കർഷകന്റെ അവകാശങ്ങൾ എന്ന പ്രയോഗം തന്നെ കടന്നുവന്നത് കാർഷിക സന്നദ്ധസംഘടനകളുടെ നിരന്തരമായ പരിശ്രമം മൂലമാണ്.

ഈ കരടു രേഖയ്ക്ക് മൂന്ന പ്രധാന പോരായ്മകളുണ്ട്. അതിൽ പ്രധാനമായത് കർഷകരുടെ അവകാശങ്ങൾ അതിൽ വളരെ ദുർബലമാണെന്നതാണ്. നിർബന്ധിത ലൈസൻസിങ് സമ്പ്രദായം നടപ്പിൽ വരുത്തുന്നതാണ് രണ്ടാമത്തേത്. മൂന്നാമത്തേതാകട്ടെ, നടത്തിപ്പിൽ ഉദ്യോഗസ്ഥ മേധാവിത്തത്തിന് നൽകുന്ന മുൻതൂക്കമാണ്. അതിൽ കർഷകന്റെ അവകാശത്തെക്കുറിച്ച് സെക്ഷൻ 31 ഇങ്ങനെയാണ് പറയുന്നത്: 'പുനരുല്പാദനത്തിനു വേണ്ടി വാണിജ്യാടിസ്ഥാനത്തിൽ വില്ക്കരുതെന്നതൊഴികെ ഈ നിയമത്തിൽ പറയുന്ന യാതൊന്നും തന്നെ, കാർഷികോല്പന്നങ്ങൾ സൂക്ഷിക്കുവാനോ, ഉപയോഗിക്കുവാനോ, കൈമാറ്റം ചെയ്യാനോ, പങ്കുവയ്ക്കാനോ, വില്ക്കാനോ ഉള്ള കർഷകന്റെ അവകാശത്തെ ബാധിക്കുന്നതല്ല'. ലളിതമായി പറഞ്ഞാൽ കർഷകൻ വിത്ത് വില്ക്കരുത്. കർഷകന്റെ നിലവിലുള്ള അവകാശത്തിൽ വലിയൊരു കൈകടത്തലാണത്.

വിത്തുവില്ക്കാനുള്ള കർഷകന്റെ അവകാശം നമ്മുടെ ഭക്ഷ്യസുരക്ഷയുടെ കാതലാണ്. ഇന്ത്യയിൽ ഇന്ന് 60 ലക്ഷം ടണ്ണിൽ കൂടുതൽ വിത്ത് വിളയിറക്കുന്നുണ്ട്. ദേശീയ വിത്തു കോർപ്പറേഷനും അതിന്റെ സംസ്ഥാന ഘടകങ്ങളും കൂടി 15 ശതമാനത്തിനു താഴെ മാത്രമാണ് വിത്തു വിതരണം ചെയ്യുന്നത്. ബാക്കി 85 ശതമാനവും അതായത് 52 ലക്ഷം ടണ്ണിനു മുകളിൽ, വിത്ത് വിതരണം ചെയ്യുന്നത് കർഷക സമൂഹമാണ്. ചുരുക്കത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ വിത്തുല്പാദകൻ കർഷകനാണ്. ഈ സംവിധാനമാണ് കാർഷിക കമ്മിയുണ്ടായിരുന്ന നമ്മുടെ രാജ്യത്തെ കുറച്ചെങ്കിലും കാർഷിക മിച്ചമുള്ളതാക്കിതീർത്തത്. ഈ സംവിധാനം തകർത്താൽ 52ലക്ഷം ടൺ വിത്ത് ബഹുരാഷ്ട്ര കമ്പനികൾ വിതരണം ചെയ്യാനെത്തും. അങ്ങനെ ഇന്ത്യക്ക് വിത്തുല്പാദനത്തിലും കൃഷിയിലും പിന്നെ ഭക്ഷ്യസുരക്ഷയിലുമുള്ള അതിന്റെ നിയന്ത്രണം നഷ്ടപ്പെടും. ഈ അവസ്ഥ രാജ്യ സുരക്ഷയ്ക്കു തന്നെ ഭീഷണിയാകും.

ഇന്ത്യ റോസപ്പൂക്കളും ഓർക്കിഡ് പുഷ്പങ്ങളും കയറ്റുമതി ചെയ്ത് ഗോതമ്പ് അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നും വിലകുറച്ച് ഇറക്കുമതി ചെയ്യണമെന്ന് പറയുന്നവരുണ്ട്. ഇവർ യൂറോപ്യൻ യൂണിയന്റെ വിശുദ്ധ ഗ്രന്ഥമായ 'പൊതു കാർഷികനയം' നോക്കിയാൽ മതി. ഭക്ഷ്യസ്വയം പര്യാപ്തത ഏതിനും മുകളിലുള്ള ലക്ഷ്യമായിരിക്കണമെന്ന് അവർ സംശയലേശമെന്യേ ശഠിക്കുന്നു. ഭക്ഷ്യ സുരക്ഷ നഷ്ടപ്പെട്ട രാജ്യം ഛിന്നഭിന്നമാകാൻ അധികം സമയം വേണ്ട എന്നവർക്കറിയാം.

ഈ നൂറ്റാണ്ടിൻെറ ഭയം

കെ.എൽ.മോഹനവർമ്മ

വത്തുപതിനഞ്ചു പേരുള്ള സദസ്. എല്ലാം പണ്ഡിതരാണ്. ലോകത്തിലെ എന്തു പ്രശ്നത്തെകുറിച്ചും ആധികാരികമായി അഭിപ്രായം പറയാൻ അറിവും ധൈര്യവുമുള്ളവർ. അപ്പർ മിഡിൽ ക്ലാസ്. അപകോളനീകരണം, അപനിർമ്മാണം, ഡീമിസ്റ്റിഫിക്കേഷൻ, അസംബന്ധപ്രസ്ഥാനം, മാജിക്കൽ റിയലിസം തുടങ്ങിയ വാക്കുകൾ ഒരു ചമ്മലും കൂടാതെ സാധാരണ സംഭാഷണത്തിൽ ഉപയോഗിക്കുന്ന ബുദ്ധിജീവികൾ. ഭാര്യക്കും ഭർത്താവിനും കൂടി ശരാശരി നാൽപ്പതിനായിരത്തിനുമേൽ രൂപാ മാസവരുമാനമുള്ള സംഘടിത തൊഴിലാളിവർഗം.

പ്രസിഡൻറ് കിന്നാരം പറഞ്ഞ കൂട്ടത്തിൽ അല്പം താമസിച്ചുവന്ന മദ്ധ്യവയസ്കയായ പണ്ഡിതയോട് പറഞ്ഞു.

മാഡം വരില്ലെന്നു സംശയിച്ചു. ഞാൻ രണ്ടു തവണ വീട്ടിൽ വിളിച്ചിരുന്നു. റിങ് പോകുന്നുണ്ട്. ആരും ഫോണെടുത്തില്ല.

മാഡത്തിൻെറ മുഖം അല്പം വിളറി.

ഫോൺ കട്ടു ചെയ്തിരിക്കുകയാണ്.

എന്തേ?

ബില്ലടച്ചില്ല.

എന്തേ?

കഴിഞ്ഞ ബില്ല് പന്തീരായിരം രൂപയ്ക്കു മേലായി. അതിനുമുമ്പ് എണ്ണായിരം. ഞാൻ മടുത്തു. അടച്ചില്ല. ഫോൺ കട്ടു ചെയ്തു.

എല്ലാവർക്കും ധാർമികരോഷം. ടെലി കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെൻറിൻെറ നിരുത്തരവാദപരമായ ബില്ലിങ്ങിനെകുറിച്ച് എല്ലാവരും വാചാലരായി.

മാഡം പറഞ്ഞു.

അവരുടെ കുറ്റമല്ല. അത്രയും ഫോൺ വിളിച്ചതാണ്. എൻെറ മകൾക്ക് ഫോണെന്നു വച്ചാൽ ആഹാരത്തിനെക്കാൾ അത്യാവശ്യമാ. നാട്ടിലുള്ള എല്ലാ ബന്ധുക്കളെയും കൂട്ടുകാരെയും എന്തിന് പരിചയമില്ലാത്ത പ്രശസ്തരെയും പോലും മുറയ്ക്കു വിളിക്കുക അവളുടെ ഹോബിയാണ്.

എസ്. ടി. ഡി കട്ടു ചെയ്യണം.

അതു നോക്കി. പക്ഷെ അവൾ

പത്തൊമ്പതാം നൂറ്റാണ്ടിലെ സോഷ്യലിസ്റ്റ് സ്വപ്നമായിരുന്നു ദൈനംദിനജീവിതത്തിലെ സൗന്ദര്യത്തിൻെറ ആവാഹനം. ഇരുപതാംനൂറ്റാണ്ടിലെ ക്യാപ്പിറ്റലിസ്റ്റ് സ്വപ്നവും ഇതുതന്നെ ആയിരുന്നു. ഫോർഡ് തൻെറ ഫാക്ടറിയിൽ നിർമ്മിച്ച കാറിൻെറ വില കുറച്ചതും അവിടത്തെ തൊഴിലാളികളുടെ വേതനം കൂട്ടിയതും ഇതേ ലക്ഷ്യത്തോടെ ആയിരുന്നു.

അറിയാമല്ലോ. ഓവർസ്മാർട്ടാ! കോഡു കണ്ടുപിടിച്ചു തുറക്കും.

എന്നിട്ടിപ്പോൾ?

ദാ, ഞാൻ ബില്ലടച്ചു. ഇന്ന് ബില്ലിൻെറ പണം അടക്കാതെ വീട്ടിലേക്കു ചെന്നാൽ അവൾ ആത്മഹത്യ ചെയ്യുമെന്നാ പറഞ്ഞിരിക്കുന്നത്. എനിക്കു പേടിയാ സാറെ, എൻെറ മകളെ! സത്യത്തിൽ അവൾ ആത്മഹത്യ ചെയ്താലോ?

പത്തൊമ്പതാം നൂറ്റാണ്ടിലെ സോഷ്യലിസ്റ്റ് സ്വപ്നമായിരുന്നു ദൈനംദിന ജീവിതത്തിലെ സൗന്ദര്യത്തിൻെറ ആവാഹനം. ഇരുപതാംനൂറ്റാണ്ടിലെ ക്യാപ്പിറ്റലിസ്റ്റ് സ്വപ്നവും ഇതുതന്നെ ആയിരുന്നു. ഫോർഡ് തൻെറ ഫാക്ടറിയിൽ നിർമ്മിച്ച കാറിൻെറ വില കുറച്ചതും അവിടത്തെ തൊഴിലാളികളുടെ വേതനം കൂട്ടിയതും ഇതേ ലക്ഷ്യത്തോടെ ആയിരുന്നു. കാറുണ്ടാക്കുന്ന തൊഴിലാളിക്ക് കാറു വാങ്ങാനുള്ള കെല്പുണ്ടാകണം. ഈ നൂറ്റാണ്ടിലെ സോഷ്യലിസ്റ്റ് പ്യൂരിറ്റൻസ് ഇതിനെ കൺസ്യൂമറിസമെന്ന് പുച്ഛിച്ചെങ്കിലും ഇരുപത്തൊന്നാം നൂറ്റാണ്ടിൽ അവരും ചെന്നെത്തുന്നത് ഇതേ ഉപഭോഗ സംസ്കാരത്തിലാണ്. സുഭദ്രമായ പാക്കിങ് ഇല്ലെങ്കിൽ നാം ഒന്നിനെയും അംഗീകരിക്കുകയില്ല. രാമായണത്തെപ്പോലും. കേരളസമൂഹത്തിലെ തീവ്രവിപ്ലവ പ്യൂരിറ്റൻസുപോലും ഈയിടെയായി അവരുടെ വാക്കുകളിൽ നിന്നു കൂടി ഈ കൺസ്യൂമറിസത്തോടുള്ള പുച്ഛം മാറ്റിക്കഴിഞ്ഞു.

എൻെറ ചെറുപ്പക്കാരനായ സ്നേഹിതൻ മൂന്നുവയസായ മകനെയും കൊണ്ട് കടയിൽ പോയി. കളിപ്പാട്ടം വാങ്ങണം. കുട്ടി നാലുവശവും പച്ചയും മഞ്ഞയും ലൈറ്റും നിലത്തുവച്ചാൽ തന്നത്താൻ ഓടുന്നതുമായ കാറ് കൈയിലെടുത്തു. അച്ഛൻ അതിനെക്കാൾ വലിയ, പക്ഷെ, അത്രയും യന്ത്രങ്ങളില്ലാത്ത കാറ് സെലക്ടു ചെയ്തു. വില കുറവ്. ഈടുനിൽക്കും.

പയ്യൻ ഇരുപത്തൊന്നാം നൂറ്റാണ്ടുകാരനാണ്. അവൻ വാശിപിടിച്ചില്ല. പക്ഷെ പറഞ്ഞു.

അച്ഛൻെറ കൈയിൽ നല്ല കാറു മേടിച്ചു തരാൻ പൈസയില്ല. അല്ലിയോ?

സ്നേഹിതൻ പറഞ്ഞു.

എനിക്ക് എൻെറ മകനെ ഇപ്പോഴേ

ഭയമാണ്.

എല്ലാവരും പരസ്യങ്ങളെ കുറ്റം പറയും. നമുക്ക് ഒട്ടും ആവശ്യമില്ലാത്ത ഉപഭോഗവസ്തുക്കൾ നമ്മെകൊണ്ട് വാങ്ങിപ്പിക്കുക. പക്ഷെ കുട്ടികളുടെ ആവശ്യങ്ങൾക്ക് മറ്റൊരു വശം കൂടിയുണ്ട്. ഇന്ന് അവരുടെ കഴിവുകൾ വികസിക്കാനുള്ള സാധ്യത നമ്മുടെ തലമുറക്ക് അചിന്ത്യമായിരുന്ന നിലയിലേക്ക് വളർന്നിട്ടുണ്ട്. ആ വികാസത്തിനുള്ള സൗകര്യം ഉണ്ടാക്കുന്നതിൽ മാതാപിതാക്കൻമാർ പരാജയപ്പെടുമോ എന്ന ഭയം ഇരുകൂട്ടരുടേയും ഉപബോധമനസിൽ എപ്പോഴും ഉണ്ട്.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും നാലഞ്ചു വർഷം നീണ്ടുനിൽക്കുന്ന എഞ്ചിനീയറിങ്-മെഡിക്കൽ എൻട്രൻസ് കോച്ചിങ് പരിപാടികളിലും കുട്ടികൾ പ്രോഗ്രാം ചെയ്യപ്പെടുന്നത് ഈ ഭയം കൊണ്ടാണ്. ഈ പ്രോഗ്രാമിൽ ഇടക്ക് നമുക്ക് അപരിചിതമായ വൈറസ് കയറരുതേ എന്ന് പ്രാർത്ഥിക്കുകയാണ് മാതാപിതാക്കൾക്ക് എളുപ്പം.

അണുകുടുംബങ്ങളിലാണ് പ്രശ്നം ഏറുന്നത്.

കുട്ടികളോട് അയൽപക്കത്തെ സതീർത്ഥ്യരെക്കാൾ മിടുക്കൻമാരാകാൻ ഉപദേശിക്കുന്ന അച്ഛനും അമ്മയ്ക്കും ഒരു മറുചോദ്യം എപ്പോഴും നേരിടേണ്ടി വരും. അയൽപക്കത്തെ മുതിർന്നവരെക്കാൾ എന്തുകൊണ്ട് നിങ്ങൾ മെച്ചപ്പെട്ടവരായില്ല?

കേരളത്തിലെ കുടുംബങ്ങൾക്ക് പ്രശ്നം കൂടുതലാണ്.

മതം നൽകികൊണ്ടിരുന്ന ആശ്വാസം നമുക്ക് ഇന്ന് അന്യമാണ്. തത്വശാസ്ത്രങ്ങളും ഇന്ന് അപ്രായോഗികമെന്ന് നാം തീർച്ചപ്പെടുത്തികഴിഞ്ഞു.

ഈയിടെ ഒരു ഗ്രാമപ്രദേശത്തെ കൂട്ടായ്മയിൽ സംബന്ധിക്കുകയുണ്ടായി. എല്ലാം മണ്ണിന്റെ നനവ് ഉൾകൊണ്ട കുടുംബങ്ങൾ.

ഞാൻ കേരളത്തിലെ കുടുംബങ്ങളുടെ ബജറ്റിനെ അലങ്കോലമാക്കി ഭാര്യാഭർതൃബന്ധത്തെപ്പോലും ഇളക്കുന്ന ക്ലിനിക്ക് ചികിത്സ, ഇംഗ്ലീഷ് മീഡിയം, മദ്യപാനം ഇവയുടെ ചെലവിനെകുറിച്ച് സംസാരിച്ചു. ശരാശരി മൂവായിരം രൂപ ഏറ്റവും കുറഞ്ഞത്. മറ്റു സംസ്ഥാനങ്ങളിലെ സമാന്തര കുടുംബങ്ങളെക്കാൾ നാം ഈ മൂന്നു കാര്യങ്ങൾക്കായി ചെലവാക്കുന്നു.

അവർ സമ്മതിച്ചു. പക്ഷെ ഇതിനെക്കാളും ഭീകരനായ വസ്തു അവർ എനിക്കു കാട്ടിത്തന്നു. തങ്ങളുടെ കുട്ടികളുടെ നോട്ടം.

ഒരു ചെറിയ ഫ്രിഡ്ജ് വാങ്ങാൻ പോലും കഴിവില്ലാത്ത, കളർ ടിവി ഇല്ലാത്ത, നല്ല ഒരു ജോടി ഷൂസില്ലാത്ത...എന്ത് അച്ഛനാണിത്? വെറും റേഷൻ കാർഡിലെ പേരു കാണിച്ചാൽ മതി, കളർ ടി.വി കൊണ്ടുവരാം. അച്ഛന് അറിയാൻ പാടില്ലെങ്കിൽ ഞാൻ കാണിച്ചു തരാം.

കുട്ടികളെ ഭയം.

ഒന്നോർത്തു നോക്കൂ.

നമ്മുടെ ഉള്ളിലും നാം അംഗീകരിക്കാൻ കൂട്ടാക്കാത്ത ഈ ഭയം ഇല്ലേ?

മേന്മകളാൽ ശ്രേഷ്ഠം,
പ്രവർത്തനത്തിൽ
അതിവിശിഷ്ടം

- ദീർഘകാലം നിശബ്ദമായി പ്രവർത്തിക്കുന്നതിനും, ശക്തമായ കാറ്റൊരുക്കുന്നതിനുമായി രണ്ട് ബോൾ ബെയറിംങ്ങുകൾ ഘടിപ്പിച്ചിട്ടുള്ള ഹെവി ഡ്യൂട്ടി മോട്ടോർ
- കൂടുതൽ കാറ്റ് മുറിമുഴുവൻ ഒരേ രീതിയിൽ ലഭിക്കുവാനായി എറോഡൈനാമിക്കലി അലൈൻമെന്റ് ചെയ്ത ബ്ലേഡുകൾ
- കലാഭംഗിയും ഗുണമേന്മയും ഒത്തുചേർന്ന റഗുലേറ്റർ
- കൂടാതെ 3 വർഷം വാറണ്ടി

VIDEON
CEILING FAN

Roo

Coir

The natural wonder fibre

Coir is made into multifarious products like fibre mats, matting mats & tiles, corridor mats,, mesh mats, rope mats, sinnet mats, loop mats and mourzouks for all floor covering needs.
Mixed with vulcanised rubber, it yeilds Rubberised Coir for mattresses, cushions, upholstery, packing moulds, air filters and carpet underlays.Spun into yarn it is used as cordage and in Agricltural & Allied Applications. Woven coir netting mesh matting, used for control of soil erosion and for Civil Engineering Applications.

Lend your hand in the National Movement.
Help people help themselves.

Affordable-Durable-Comfortable

Discover your world of dreams with

Coirfed

Coirfed

The Kerala State Co - Operative CoirMarketing Federation Ltd.
P.B. No. 46, Alleppy - 688 001. Ph : 243627 / 244109

വാർത്തകളുടെ നേരറിയാൻ

സമീക്ഷ

വാർത്താവിശകലന ദ്വൈവാരിക

തൃശൂർ - 680 004
ഫോൺ - 0487 - 386125

1, 16 തീയതികളിൽ പ്രസിദ്ധീകരിക്കുന്നു

സ്പെഷൽ പതിപ്പുകൾ ഉൾപ്പെടെ

	ഇന്ത്യ	വിദേശം
അർദ്ധവാർഷികവരിസംഖ്യ	75രൂ	15$
വാർഷികം	125രൂ	30$

With best compliments from

THE DHANALAKSHMI BANK LIMITED

Corporate Office : Thrissur - 680 001.

Relationships...forever

Visit us : www.dhanbank.com   E- mail : dhanam@md3.vsnl.net.in

മതലഹരിയിൽ നിന്നു മോചനം

പി.രാജൻ

വിയോജിക്കുന്നവരൊക്കെ വിരോധികളാണെന്ന വിശ്വാസം ഏത് സംവാദത്തേയും വികലമാക്കും. 'ഖുർആനും ഖൊമേനിയും' (സമീക്ഷ, ജൂൺ 1-15) എന്ന പേരിൽ ഡോ. കെ.എസ്. രാധാകൃഷ്ണൻ ലേഖനമെഴുതിയതിന്റെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്തുകൊണ്ടാണ് പി.ഷിബിൻ മുഹമ്മദ് സംവാദം തുടങ്ങുന്നത്. 'മുസ്ലിം വിരുദ്ധചിന്തകളിലെ മുൻവിധികൾ' (സമീക്ഷ, ജൂലൈ 16-31) എന്ന പ്രത്യാഖ്യാനത്തിൽ വിശ്വാസലഹരിയാണ് മുറ്റിനിൽക്കുന്നത്. ഷിബിൻമുഹമ്മദിന്റെ ഖുർആൻ വ്യാഖ്യാനം, മതഭ്രാന്തായി മാറുന്നുമുണ്ട്.

സാൽമൻ റുഷ്ദിക്ക് വധശിക്ഷ വിധിച്ചതിനെ അദ്ദേഹം ന്യായീകരിക്കുന്നു. ഇതിനുള്ള അവകാശം ഖൊമേനിക്ക് നൽകുന്നത് ഖുർആൻ ആണെന്നാണ് ഷിബിൻ മുഹമ്മദ് പറയുന്നത്. 'ഇസ്ലാമിന്റെ വളർച്ചക്ക് വിഘാതം നിൽക്കുന്ന ആരേയും ജിഹാദിന്റെ (സമരത്തിന്റെ) മാർഗത്തിൽ ഉൻമൂലനം ചെയ്യാനുള്ള അധികാരം നൽകിയിട്ടുണ്ട്' പോലും. ഇത്തരം വ്യാഖ്യാതാക്കളുള്ളപ്പോൾ ഖുറാൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് കൽക്കത്ത ഹൈക്കോടതിയിൽ റിട്ട് ഹരജി ബോധിപ്പിക്കാനിടയായതിൽ അത്ഭുതമില്ല.



ഇസ്ലാമിൽ, പൗരോഹിത്യവാഴ്ച അനുവദിച്ചിട്ടില്ലെന്നാണ് പൊതുവെയുള്ള ധാരണ. പക്ഷെ, ലോകമെമ്പാടുമുള്ള മുസ്ലിങ്ങളുടെ ജീവന്റേയും ജീവിതത്തിന്റേയും മേൽ പരമാധികാരമുള്ള പുരോഹിതനായി ഖൊമേനിയെ വാഴിക്കാനാണ് ഷിബിൻ മുഹമ്മദിന്റെ ശ്രമം. സൽമൻ റുഷ്ദി ഇന്ത്യൻ വംശജനായ ബ്രിട്ടീഷ് പൗരനാണ്. ബ്രിട്ടനിലായാലും ഇന്ത്യയിലായാലും ഏത് പൗരനും ഏത് മതവും നിഷേധിക്കാനും വിശ്വസിക്കാനും അവകാശമുണ്ട്. പക്ഷെ ഇസ്ലാം മതത്തിൽ ജനിച്ചയാൾ, ഏത് രാജ്യത്തെ പൗരനായാലും ശരി ഇസ്ലാം മതവിശ്വാസത്തെ ചോദ്യം ചെയ്താൽ ഖൊമേനി വധശിക്ഷക്ക് ഇരയാക്കുന്നത് ശരിയാണെന്നാണ് ഷിബിൻ മുഹമ്മദിന്റെ വാദം. ഒരു പരിഷ്കൃത സമൂഹത്തിനും ഇത് വകവെച്ചുകൊടുക്കാനാവില്ല. മാത്രമല്ല, അന്താരാഷ്ട്ര മര്യാദകളുടെ നഗ്നമായ ലംഘനമാണിത്.

സ്വയം ഇസ്ലാമിക രാഷ്ട്രങ്ങൾ എന്നു പ്രഖ്യാപിച്ചിട്ടുള്ള രാജ്യങ്ങൾ വേറെയും ഉണ്ട്. അവിടങ്ങളിലെ ഭരണത്തലവൻമാർ അന്യനാടുകളിലെ പൗരൻമാരെ മതപരിത്യാഗികൾ ആയി മുദ്രകുത്തി വധശിക്ഷക്ക് വിധിച്ചു തുടങ്ങിയാൽ എന്തു ചെയ്യും? ഷിബിൻ മുഹമ്മദിന്റെ ഖുർആൻ വ്യാഖ്യാനമനുസരിച്ച്, ഏഴുലക്ഷത്തിൽ ഏതെങ്കിലുമൊന്നുണ്ടെന്നു കണ്ടാൽ മതപരിത്യാഗിയാകും അവയിൽ വ്യഭിചാരവും ഉൾപ്പെടും. മാത്രമല്ല, ഇസ്ലാം വിലക്കിയ കാര്യങ്ങൾ അനുവദനീയമാക്കുന്നതും മതപരിത്യാഗത്തിൽ വരുമത്രെ. മുസ്ലീംലീഗ് നേതാക്കൾ ഉൾപ്പടെ എണ്ണമറ്റ മുഹമ്മദീയർക്ക് ഖൊമേനി വധശിക്ഷ വിധിക്കാത്തത് ഭാഗ്യം. ഖൊമേനിയുടെ നാട്ടിൽ തന്നെ വളരെ ശക്തമായ ഒരു പ്രതിപക്ഷം പരിഷ്കരണവാദികൾ ഉണ്ട്. അതുകൊണ്ടാണല്ലോ ഇപ്പോഴത്തെ ഇറാൻ ഭരണകൂടത്തിന് ഇരുപത്തിനാലു പത്രങ്ങൾ നിരോധിക്കേണ്ടിവന്നത്. ഇതെല്ലാം ഇസ്ലാമിന്റെയും ഖുറാന്റെയും പേരിൽ നീതികരിക്കാനാണ് ഷിബിൻ മുഹമ്മദിന്റെ മറ്റു ലക്ഷണമുള്ള ഒരൊറ്റ മതത്യാഗിക്കും ഖൊമേനി വധശിക്ഷ വിധിക്കാത്തതെന്ത്?

ലോകമെമ്പാടുമുള്ള മുസ്ലീങ്ങൾ സ്വയം ഒരു പരമാധികാര രാഷ്ട്രമാണെന്നും അതിന്റെ ഭരണത്തലവനാണ് ഖൊമേനിയെന്നും വരുത്തിത്തീർക്കാൻ ഷിബിൻമുഹമ്മദ് പാടുപെടുന്നു. ഖൊമേനി ശിക്ഷവിധിക്കുന്നത്, രാജ്യദ്രോഹ കുറ്റത്തിനു പരമാധികാര രാഷ്ട്രങ്ങൾ ശിക്ഷ വിധിക്കുന്നതും ക്രിസ്തീയ പള്ളികൾ മുഹറോൻ ചൊല്ലുന്നതും പോലെ ആണെന്നാണ് അദ്ദേഹത്തിന്റെ വാദം. മനുഷ്യാവകാശത്തിനു നിരക്കാത്ത മതാവകാശം ആർക്കും വകവെച്ചു കൊടുക്കാനാവില്ലെന്ന് അദ്ദേഹത്തിനു മനസിലാകാതെ പോകുന്നു. 'ആക്രമണോത്സുകരായ ശത്രുക്കളെ നേരിടുന്നതിനുള്ള മുസ്ലീങ്ങളുടെ അവകാശം സമകാലിക മനുഷ്യാവകാശ പ്രശ്നങ്ങളിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നു'വെന്ന് ഷിബിൻ മുഹമ്മദ് പറയുന്നു. ഐക്യരാഷ്ട്രസഭ അംഗീകരിച്ചിട്ടുള്ള മനുഷ്യാവകാശങ്ങളെപ്പറ്റിയാണോ ഷിബിൻ മുഹമ്മദ് പറയുന്നത് എന്നു വ്യക്തമല്ല. മത പരിത്യാഗിയാണെന്ന പേരിൽ റുഷ്ദിയെ കൊല്ലാനുള്ള അവകാശം മനുഷ്യാവകാശത്തിന്റെ ഭാഗമാണെന്നു വാദിക്കുന്നത്, മതഭ്രാന്തല്ലാതെ മറ്റൊന്നുമല്ല. അതിനാൽ സ്വന്തം വാദത്തിലെ വൈരുദ്ധ്യങ്ങൾ അദ്ദേഹം കാണുന്നുമില്ല.

മുസ്ലീങ്ങളുടെ മതസഹിഷ്ണുതക്ക് തെളിവായി പാശ്ചാത്യ സാഹിത്യക്കാരൻ റോബർട്ട്സന്റെ വാക്കുകൾ ഷിബിൻ മുഹമ്മദ് ഉദ്ധരിക്കുന്നു. 'മതാവേശവും ഇതര മതസ്ഥരോടുള്ള സഹിഷ്ണുതയുടെ

ചൈതന്യവും ഒരുപോലെ നിലനിർത്തിയവർ മുസ്ലീങ്ങൾ മാത്രമാകുന്ന അവർ വാളെടുത്തതോടൊപ്പം ഇസ്ലാമിൽ താല്പര്യമില്ലാത്തവരെ അവരുടെ മതം മുറുകെ പിടിക്കാൻ അനുവദിക്കുകയുമുണ്ടായി'യത്രെ. ജനനം കൊണ്ട് മുസ്ലിമായവർ, ഈ സഹിഷ്ണുതയുടെ പരിധിയിൽ വരില്ലെന്നു തോന്നുന്ന, അവർക്കു ഇസ്ലാമിൽ താല്പര്യമില്ലെങ്കിൽ കൊല്ലാമെന്നു വിധിക്കുന്ന സഹിഷ്ണുത വിചിത്രം തന്നെ. മുഹമ്മദീയരുടെ സഹിഷ്ണുതക്ക് ഇത്തരത്തിൽ പരിധിനിശ്ചയിക്കുന്നതിൻെറ പിന്നിൽ ഒരു മനഃശാസ്ത്രമുണ്ട്. ലോകമെമ്പാടുമുള്ള മുഹമ്മദീയരെ ഒരു പട്ടാളമായി വാർത്തെടുത്ത് മുഹമ്മദീയരല്ലാത്തവരെയൊക്കെ തങ്ങളുടെ ശത്രുക്കളായി കാണാൻ പഠിപ്പിക്കുന്ന ചിന്താഗതിയാണിത്. ഇതിൻെറ പേർ സഹിഷ്ണുതയെന്നല്ലാ; അത് സഹവർത്തിത്വം പോലുമല്ല. അത് തന്ത്രപരമായി വെടിനിർത്താനുള്ള സന്ധിമാത്രമാണ്. ഈ ചിന്താഗതിയാണ് പാകിസ്ഥാനിലെ ഏഴായിരത്തിലേറെയുള്ള മദ്രസകളിലെ പിഞ്ചുകുട്ടികളിൽ മതമൗലികവാദികൾ കുത്തിവെക്കുന്നത്. അതിനാൽ ഖുർആൻ വ്യാഖ്യാനം ലോകസമാധാന പ്രശ്നം കൂടിയാണ്.

ഷിബിൻ മുഹമ്മദ് വെളിച്ചത്ത് കൊണ്ടുവന്നിരിക്കുന്നത് മനുഷ്യാവകാശത്തിൻെറ മുഖംമൂടിയിട്ട ഭീകരവാദമാണ്. അതിനു കളമൊരുക്കിയതാകട്ടെ ഡോ. കെ. എസ്.രാധാകൃഷ്ണൻെറ ഖുർആൻ വിമർശനവുമാകുന്നു. അറബിഭാഷയിൽ അഗാധ പാണ്ഡിത്യം നേടിവർക്കല്ലാതെ ഖുർആൻ വിമർശനം നടത്താൻ അധികാരമില്ലെന്ന ധ്വനിയും ഷിബിൻ മുഹമ്മദിൻെറ ലേഖനത്തിലുണ്ട്. ദൈവദൂതനായ ജിബ്രലിനു അറബിയല്ലാതെ മറ്റൊരു ഭാഷയും അറിയാതെ പോയത് കഷ്ടമായി. അള്ളാഹു അറബികളോട് പക്ഷഭേദം കാണിച്ചതെന്താണാവോ? വേദം പഠിക്കാൻ ബ്രാഹ്മണർക്കു മാത്രമേ അധികാരമുള്ളൂവെന്ന വാദത്തിൽ നിന്നു വ്യത്യസ്തമല്ല. വേദം അറബിയിൽ മാത്രമേ അവതീർണമായിട്ടുള്ളൂവെന്നും അത് വ്യാഖ്യാനിക്കാൻ മുസ്ലീങ്ങളല്ലാത്തവർക്ക് അവകാശമില്ലെന്നുമുള്ള വാദം മുസ്ലീങ്ങളായി ജനിച്ചിട്ടില്ലാത്ത ആ ഇസ്ലാംമത വിമർശകരെ ഉൻമൂലനം ചെയ്യാനും ഖുർആൻ, ഖൊമേനിക്ക് അധികാരം നൽകുന്നുണ്ടോയെന്നു ഷിബിൻ മുഹമ്മദിൻെറ ലേഖനത്തിൽ നിന്നു വ്യക്തമല്ല. എന്തായാലും ഡോ. കെ.എസ്.രാധാകൃഷ്ണൻ സൂക്ഷിക്കുന്നത് നന്നായിരിക്കും. അമുസ്ലീങ്ങളെ കൊല്ലാൻ ഖൊമേനി മുതൽ ഷിബിൻ മുഹമ്മദ്വരെയുള്ളവർ ചേർന്നു ഗൂഢാലോചന നടത്തുന്നതായി ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ച് കുറ്റം ചുമത്തി കേസെടുക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ പൊതുതാല്പര്യ ഹരജി കൊടുത്താൽ കുറ്റപ്പെടുത്താനാവില്ല.

എന്തായാലും മതാധിഷ്ഠിത ഭീകരവാദം ചർച്ച ചെയ്യപ്പെടേണ്ടതാണ്. മുസ്ലീങ്ങളുടെ പേരിൽ ആണിയിടുന്ന ഭീകരവാദം കണ്ടില്ലെന്നു നടിച്ചതുകൊണ്ട് കാര്യമില്ല. അതിനാൽ ഡോ. രാധാകൃഷ്ണൻെറ ലേഖനം 'സമീക്ഷ' പ്രസിദ്ധീകരിച്ചതും തുടർന്ന് ഒരു സംവാദത്തിനു വേദിയൊരുക്കിയതും തികച്ചും സ്വാഗതാർഹമാകുന്നു. സൽമാൻ റുഷ്ദിയുടെ 'പിശാചിൻെറ പാട്ടുകൾ' ഇന്ത്യയിൽ നിരോധിച്ചപ്പോൾ പുസ്തക നിരോധത്തെകുറിച്ച് ചർച്ച നടത്തുമെന്ന് അന്ന് 'മാതൃഭൂമി' പത്രം അറിയിപ്പ് പ്രസിദ്ധീകരിച്ചതും പിന്നീട് വായനക്കാരോട് ഒന്നും പറയാതെ തന്നെ പത്രാധിപർ ആ ചർച്ച വേണ്ടെന്നു വെച്ചതും ഓർമ്മ വരുന്നു. ഇത്തരം 'മതവികാര' ഭീഷണി നോക്കാതെ ഇന്ത്യയിൽ ദുർലഭമായ ഒരു സംവാദം സാധ്യമാക്കിയതിൽ സമീക്ഷക്ക് അഭിമാനിക്കാം.

ഒരു സന്തോഷ വാർത്ത!

ഈ പവ്വർ ടില്ലറും പവ്വർ റീപ്പറും ഉടൻ സ്വന്തമാക്കാം

കേരള കർഷകരുടെ ഉററമിത്രം -- കാംകോ പവ്വർ ടില്ലറും പവ്വർ റിപ്പറും. കാംകോയുടെ അത്താണി, കളമശ്ശേരി, പാലക്കാട് ഫാക്ടറികളിൽ ഉല്പാദനം ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. ഇപ്പോൾ മുമ്പത്തേക്കാളും കൂടുതൽ ടില്ലറുകളും, റിപ്പറുകളും ലഭ്യമാണ്. സബ്സിഡി ആനുകൂല്യം ലഭിക്കുവാൻ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക. ബുക്കു ചെയ്തു കാത്തിരിക്കേണ്ട ആവശ്യമേയില്ല. കാംകോ പവ്വർ ടില്ലറും പവ്വർ റിപ്പറും ഉടനടി നിങ്ങൾക്ക് ലഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻെറ ജില്ലാ ഓഫീസുകളുമായോ കാംകോ മാർക്കററിങ്ങ് ഓഫീസുമായോ ബന്ധപ്പെടുക.

KAMCO

AN ISO 9002 COMPANY

Kerala agro machinery corporation ltd.,

(A Government of Kerala Undertaking)

Regd. Office: Athani - 683 585, Ernakulam Dist., Kerala State.

Tel : 0484 - 474301(5 Lines) Fax : 0484 - 474589.

Visit us at: http://www.kamcoindia.com

ENGINEERING GREEN REVOLUTION KAMCO OVER TWO DECADES OF SERVICE

A BOON FOR THE FARMER. A GAIN FOR THE NATION

Trishna/Kamco/102/98/A

വീഗാ ലാന്റ് അമ്യൂസ്മെന്റ് പാർക്ക്.
ഉല്ലാസം തേടുന്നവരുടെ സ്വപ്നലോകം!

വീഗാ ലാന്റ് അമ്യൂസ്മെന്റ് പാർക്ക്. മനംമയക്കുന്ന വിനോദവിസ്മയങ്ങളും പ്രകൃതിയുടെ നിതാന്തസൗന്ദര്യവും അതിമനോഹരമായി സമന്വയിപ്പിച്ചെടുത്ത അത്ഭുതലോകം! മുത്തശ്ശി കഥകളിലെ മാന്ത്രികക്കോട്ടയുണ്ടിവിടെ. മുകളിൽ വെള്ളിമേഘങ്ങളെ പുൽകുന്ന സ്കൈ വീൽ... പിന്നെ... കുത്തിയൊലിച്ചൊഴുകാൻ റാപ്പിഡ് റിവർ, വെള്ളം തെറിപ്പിച്ച് പറന്നൊഴുകാൻ വണ്ടർ സ്പ്ലാഷ്, തെന്നിയൊഴുകി രസിക്കാൻ 21 തരം വാട്ടർ സ്ലൈഡുകൾ, കടലിന്റെ സൗന്ദര്യവും ആവേശവും ആസ്വദിക്കാൻ തിരമാലകളിളകുന്ന വേവ്പൂൾ... ഇൻഡ്യയിലെ ഏറ്റവും നയനമനോഹരമായ, നൃത്തം ചെയ്യുന്ന ജലധാര (Musical Fountain), കൊച്ചു കൂട്ടുകാർക്ക് രസിക്കാൻ കിഡ്സ് ഫൺ... സന്ദർശകരുടെ കണ്ണിലുണ്ണിയായ അമ്മു എന്ന കുസൃതികുട്ടിയാന... അങ്ങനെ വീഗാ ലാന്റിൽ ചിലവഴിക്കുന്ന ഓരോ നിമിഷത്തിലും കൺനിറയെ കാണാനും മനം തുറന്ന് ഉല്ലസിക്കാനും വിനോദവിസ്മയങ്ങൾ എത്രയെത്ര!

എറ്റവും മികച്ച ഉല്ലാസത്തിന് വരൂ... വീഗാ ലാന്റിലേക്ക് !

...Top of Hill Full of Thrill...

• ലഹരിപദാർത്ഥങ്ങൾ പാർക്കിനകത്ത് കർശനമായും നിരോധിച്ചിരിക്കുന്നു. • പുറത്തുനിന്നുള്ള ഭക്ഷണ സാധനങ്ങൾ പാർക്കിനുള്ളിൽ കൊണ്ടുവരാൻ അനുവദിക്കുന്നതല്ല. • പൂളുകളിൽ ഉപയോഗിക്കാനുള്ള വസ്ത്രങ്ങൾ സന്ദർശകർക്ക് കൊണ്ടുവരികയോ പാർക്കിൽ നിന്ന് വാങ്ങുകയോ ചെയ്യാം (വാടകയ്ക്ക് ലഭിക്കുന്നതല്ല)

Veega Land

The amusement park where nature, art and technology merge

Pallikkara, Near Kakkanad, Kochi, Ph: 0484-684001, 684002

e-mail: Veega @md4. vsnl.net.in Visit us at: www.veegaland.com

The land of amusement from V-GUARD

ശ്രദ്ധിക്കുക:

• ബുധനാഴ്ച്ചകളിൽ പാർക്ക് പ്രവർത്തിക്കുന്നതല്ല

• പാർക്കിനുള്ളിൽ വിവിധ വിനോദങ്ങൾക്ക് പ്രത്യേക ടിക്കറ്റ് ആവശ്യമില്ല

പാർക്ക് സമയവും നിരക്കും

ദിവസം	സമയം	നിരക്ക് രൂപയിൽ	
		മുതിർന്നവർ	കുട്ടികൾ (ഉയരം 137cm-ൽ താഴെ)
സാധാരണ ദിവസങ്ങൾ	11 am - 6.30 pm	200/-	150/-
ശനിയാഴ്ച/ പൊതു അവധികൾ	11 am - 8 pm 4 pm - 8 pm	240/- 140/-	180/- 110/-
ഞായറാഴ്ചകൾ	11 am - 8 pm 4 pm - 8 pm	300/- 180/-	220/- 140/-

100% Ayurvedic 100% safe

നിത്യവും പ്രഭാതത്തിൽ ഈ 'ഫ്രൂട്ട്' ജ്യൂസ് കുടിക്കുവാൻ നിങ്ങളുടെ ഭാര്യ നിർബന്ധിക്കാറുണ്ടോ?

ദൈവത്തിനു നന്ദി! നിങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിൽ തികഞ്ഞ ശ്രദ്ധ പുലർത്തുന്ന ഒരു ഭാര്യയെ കിട്ടിയതിന്. പക്ഷേ, പ്രഭാതങ്ങളിൽ പതിവുണ്ടായിരുന്ന ആ ഒരു കപ്പു ചായയ്ക്കു പകരം ഈ കയ്പുള്ള പാവയ്ക്കാ നീര് കുടിക്കാൻ അവർ സ്നേഹപൂർവ്വം നിർബന്ധിക്കുമ്പോൾ അല്പം നീരസം തോന്നാറില്ലേ? (ഒരു പക്ഷെ എത്ര സ്നേഹസമ്പന്നനാണ് നിങ്ങളെങ്കിലും) ഇനി നിങ്ങളുടെ ഭാര്യയോട് ഇതേ ചൊല്ലി ശണ്ഠവേണ്ട.

ഇപ്പോഴിതാ, അമിത ദാഹം, അമിത വിശപ്പ്, ഇടവിട്ടുള്ള മൂത്രശങ്ക, ക്ഷീണം, ശരീര ശോഷിക്കൽ ഇവയിൽ നിന്നൊക്കെ സ്വാഭാവികമായിത്തന്നെ വിമുക്തിയേകാൻ സഹായിക്കുന്ന 100% ആയുർവേദ ഉൽപന്നമായ ഐലോജൻ എക്സൽ ലഭ്യമാണ്. കൂടാതെ കരളിന്റെയും വൃക്കയുടെയും പ്രവർത്തനം ശരിയായ നിലയിൽ ആകാനും സഹായിക്കുന്നു. പങ്കജകസ്തൂരിയുടെ നിർമ്മാതാക്കൾ ഒരു ദശാബ്ദക്കാലത്തെ നിരന്തര പരീക്ഷനിരീക്ഷണങ്ങളിലൂടെ വികസിപ്പിച്ചെടുത്ത ഐലോജൻ എക്സൽ **Pharmacology**, **Toxicologhy test** കളിൽ ഗുണമേന്മ ഉറപ്പുവരുത്തിയ ഔഷധക്കൂട്ടാണ്. ഐലോജൻ എക്സൽ തികച്ചും സുരക്ഷിതവും യാതൊരുവിധ പാർശ്വഫലങ്ങളും ഇല്ലാത്തത്.

അതുകൊണ്ട്, അടുത്ത പ്രഭാതത്തിൽ അവർ നിങ്ങളെ ഈ പാവയ്ക്കാ നിര് കുടിക്കാൻ ഓർമ്മിപ്പിക്കുമ്പോൾ, തീർച്ചയായും നിങ്ങൾ വാങ്ങിയ ഐലോജൻ എക്സൽ പായ്ക്ക് അവരെ കാണിക്കൂ. ഒരു ചെറിയ 'യുദ്ധം' ജയിച്ച സംതൃപ്തിയോടെ.

ഐലോജൻ
എക്സൽ

നിർമ്മാതാക്കൾ

പങ്കജകസ്തൂരി ഹെർബൽസ് ഇന്ത്യാ ലിമിറ്റഡ്.
പൂവച്ചൽ, തിരുവനന്തപുരം, Ph:290301, 290940, 292301
ഫാക്സ്: 0471 - 290059, www.pankajakasthuri.com

വിതരണക്കാർ: **TRICHUR:** Ragam Distributors, Ph: 424834; Presto Pharma, Ph:423397; Link Line Ph:338435; Bluebell Ayurvedics, Ph: 426171, 427796; Medico Links, Ph:443032; **CHALAKUDY:** X Remedies (Distributors Private Limited, Ph:843558;) **KODUNGALLORE:** Vazheparampil Enterprise Ph:802047; **PALAKKAD:** Palakkad Ayurvedic Agencies, Ph:539406; Yemmarkay Associates, Ph: 5326